# ഗതകാല തലശ്ശേരി

പ്രൊഫ.എ.പി.സുബൈർ

*Gathakaala Thalassery*
Malayalam
(Legends, history and Personalities)

Author :
**Prof.A.P.Zubair**

Publisher :
**Mythri Forum, Kozhikode**


Cover Design :
**V.Vajra**

Printed at :
**Printingpark, Thalassery**

Copyright © Author
No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the author.

Price : ₹ 300

Copies 1000 March.2019



## പ്രൊഫ.എ.പി.സുബൈർ

സി.കെ.അബൂബക്കറിന്റെയും, എ.പി.സൈനബയുടെയും മകനായി 1945 ജൂലായ് 1ന് തലശ്ശേരിയിൽ ജനനം. ടൗൺമാപ്പിള സ്കൂൾ, മദ്രസത്തുൽ മുബാറക്ക ഹൈസ്ക്കൂൾ, കണ്ണൂർ എസ്.എൻ.കോളേജ്, ഗവ.ബ്രണ്ണൻകോളേജ്, ഫാറൂഖ് കോളജ്, മദ്രാസ് കൃസ്ത്യൻ കോളജ് എന്നിവിടങ്ങളിൽ പഠനം. എം.എ, എം.ഫിൽ ബിരുദധാരി. 33 വർഷത്തെ അദ്ധ്യാപനസേവനാനന്തരം വാണിയമ്പാടി ഇസ്ലാമിയ കോളജിൽ ഇംഗ്ലീഷ് വകുപ്പ് മേധാവിയായി വിരമിച്ചു. പ്രൂഡൻസ് കോളജ്, അൽഫലാഹ് വിമൻസ് കോളജ് എന്നിവിടങ്ങളിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. തുടർന്ന് തലശ്ശേരി കോളജ് ഓഫ് എഞ്ചിനിയറിംഗ്, സെന്റ് തോമസ് കോളജ് ഓഫ് എഞ്ചിനിയറിംഗ് എന്നിവിടങ്ങളിൽ ഗസ്റ്റ് പ്രഫസറായി. മൊത്തം അമ്പത് വർഷം അദ്ധ്യാപന സേവന ചരിത്രം.

ആനുകാലികങ്ങളിൽ മലയാളത്തിലും ഇംഗ്ലീഷിലും ലേഖനങ്ങളും നിരൂപണങ്ങളും എഴുതുന്നു. വർത്തമാനം, പടയണി പത്രങ്ങളിൽ കോളമിസ്റ്റായിരുന്നു. സാമൂഹിക കലാരംഗങ്ങളിൽ സജീവമായുണ്ട്. ബൈത്തുൽമാൽ, മുസ്ലിം സർവ്വീസ് സൊസൈറ്റി, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി, കേരളമാപ്പിള കലാ അക്കാഡമി, മാപ്പിള കലാകേന്ദ്ര, സഞ്ജയൻ സ്മാരകസമിതി, മദ്യവർജ്ജന സമിതി തുടങ്ങിയവ ഒട്ടേറെ കൂട്ടായ്മകളിൽ പ്രവർത്തനനിരതനാണ്.

**പുസ്തകങ്ങൾ :** പ്രവാചകവൈദ്യം, യുനാനിവൈദ്യം, പുണ്യമാസങ്ങളിലൂടെ, വിളിക്കുത്തരം, ആതുരശുശ്രൂഷയുടെ വയനാടൻഗാഥ, സാദത്ത് ഹസൻ മൻടുവിന്റെ കഥകൾ (അച്ചടിയിൽ)നിരവധി സുവനീറുകളുടെ എഡിറ്റർ.

**അവാർഡുകൾ :**
സിറാജ് മില്ലത്ത് അവാർഡ് (ചെന്നൈ) – 1994
സർദാർ ചന്ത്രോത്ത് സ്മാരകട്രസ്റ്റ്, ടി.കെ.ബാലൻ
മൊകേരി അവാർഡ് (2016)
കേരള മാപ്പിള കലാ അക്കാഡമി കെ.ജി.സത്താർ അവാർഡ് (2017)

ഭാര്യ: കെ.കെ.അഫ്സത്ത് ബീവി, മക്കൾ : മുഹമ്മദ് ഷാഹിർ, മുഹമ്മദ് റിയാസ്, മുഹമ്മദ് നൗഫൽ, ഷഹബാസ്.
മരുമക്കൾ : അഫ്സത്ത്, തൻസീറ, നദിയ, രസ്നഹുസൈൻ.

# കടപ്പാട്

'ഗതകാല തലശ്ശേരി' പുസ്തകമായി പുറത്തിറങ്ങുമ്പോൾ ഒരുപാട് പേരോടുള്ള കടപ്പാട് രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. തമിഴ്നാട് പ്രവാസകാലത്ത് പഴയ തലശ്ശേരിയെക്കുറിച്ചുള്ള കാര്യങ്ങൾ എഴുതി തുടങ്ങി. അവ ഖണ്ഡ:ശ്ശയായി പ്രസിദ്ധീകരിച്ചത് തലശ്ശേരിയിലെ സായാഹ്ന പത്രം 'പടയണി' ആയിരുന്നു. അതിന്റെ പ്രസാധകൻ കെ.പി.മോഹനൻ, പത്രാധിപന്മാരായ ഒ.കെ.തൂണേരി, ജയചന്ദ്രൻ കരിയാട്, ഗഫൂർ മനയത്ത്, അഷ്റഫ് ചമ്പാട്, മാനേജർ മോഹനൻ, ലേ ഔട്ട് ആർട്ടിസ്റ്റ് ജിതേഷ് എന്നിവരോട് അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

പ്രസ്തുത ലേഖനങ്ങളെ പുസ്തകരൂപത്തിലാക്കാൻ ആദ്യമായി പ്രേരിപ്പിച്ചത് പ്രഗത്ഭ പത്രപ്രവർത്തകൻ കെ.മുജീബ് റഹ്മാനായിരുന്നു. അദ്ദേഹമത് ബലപൂർവ്വം എടുത്തുകൊണ്ടുപോയി ഡി.ടി.പി ചെയ്ത പെൻഡ്രൈവ് കൊണ്ടുതന്നിട്ടും വളരെക്കാലം പൂപ്പദശയിൽ തന്നെ കിടന്നു. സ്വാഭാവിക മടിയായിരുന്നു കാരണം. മുജീബ് റഹ്മാന്റെ തുടർച്ചയായ പ്രേരണക്ക് എത്രതന്നെ നന്ദിപറഞ്ഞാലും മതിയാവില്ല. നിരന്തരമായി ഇക്കാര്യത്തെക്കുറിച്ച് ഓർമ്മപ്പെടുത്തികൊണ്ടിരുന്ന സ്നേഹിതരായ കെ.പി.കുഞ്ഞിമൂസ അഡ്വ.പി.വി.സൈനുദ്ദീൻ എന്നിവരെയും, എ.എസ്.മുബാറക്ക്, വാണിയമ്പലം അലി എന്നിവരെയും നന്ദിപൂർവ്വം ഓർക്കുന്നു.

പുസ്തകത്തിന്റെ പുറംചട്ട കലാചാതുരിയോടെ മനോഹരമായി രൂപകൽപന ചെയ്ത വി.വജ്രയുടെ സ്നേഹവും താൽപര്യവും ഓർക്കാതിരിക്കാൻ വയ്യ. പുസ്തകത്തിന്റെ പ്രാഥമിക പ്രൂഫ് വായന നിർവ്വഹിച്ച് നിർദ്ദേശങ്ങൾ നൽകിയതും അദ്ദേഹമായിരുന്നു എന്ന് സ്നേഹപൂർവ്വം ഓർമ്മയിൽ സൂക്ഷിക്കുന്നു. എന്റെ പുസ്തകങ്ങളുടെ പ്രസാധനങ്ങൾക്കും പ്രകാശനങ്ങൾക്കും ഊർജ്ജമായി നിന്ന ഉസ്മാൻ.പി.വടക്കുമ്പാടിനോട് പറഞ്ഞാൽ തീരാത്ത കടപ്പാടുണ്ട്. പ്രൂഫ് വായനയിലും അദ്ദേഹത്തിന്റെ പങ്ക് വലുതായിരുന്നു. ക്ഷമാപൂർവ്വം പുസ്തകത്തിന്റെ ബാക്കിഭാഗം ഡി.ടി.പി ചെയ്യുകയും പുസ്തകഡിസൈൻനിർവ്വഹിക്കുകയും ചെയ്ത പ്രിന്റിങ്ങ് പാർക്കിലെ കവിതയെയും, ഉടമസ്ഥൻ രജിത് നല്ലക്കണ്ടിയെയും നന്ദിപൂർവ്വം സ്മരിക്കുന്നു. പുസ്തകപ്രസാധനത്തിന് ഊക്കായിനിന്ന ഫാദിൽ ഗ്രൂപ്പിന്റെ അബ്ദുൽലത്തീഫിനോടുള്ള കടപ്പാടും രേഖപ്പെടുത്തുന്നു.

-പ്രൊഫ. എ.പി.സുബൈർ

# ഉൾക്കാഴ്ചകൾ .....


1. അന്യദേശ സംസ്കാരം തലശ്ശേരിയിൽ — 15
2. തലശ്ശേരിയുടെ മുസ്ലിം പെരുമ — 24
3. തലശ്ശേരിയുടെ പാചക മജ — 31
4. തലശ്ശേരിയിലെ ചന്ദ്രോദയം ! — 36
5. തലശ്ശേരി കോടതികളുടെ ആരംഭം — 41
6. ഗുരുസ്മരണ — 44
7. മുഹറ മാസത്തിലെ കൂടാരം — 49
8. ശാന്തനായി വിപ്ലവം നടത്തിയ ഒരാൾ — 53
9. തലശ്ശേരിയിൽ തീവണ്ടി — 57
10. മായിൻകുട്ടിമാസ്റ്റർ — 60
11. കെ.വേൽ തലശ്ശേരിയിലെ പ്രഥമ ഇംഗ്ലീഷ്മരുന്ന് കട — 62
12. അധ്യാപക ശ്രേഷ്ഠൻ — 65
13. കാത്താണ്ടി തറവാട് — 68
14. കേയി, ദ കിംഗ് മേക്കർ — 71
15. തലശ്ശേരിയുടെ ഭക്ഷണ പെരുമ ! — 76
16. മുഹമ്മദ് റാഫിയുടെ തലശ്ശേരിക്കാരനായ ആത്മസുഹൃത്ത് ; മമ്മു — 81
17. സി.ഒ.ടി കുഞ്ഞിപ്പക്കി : പ്രബുദ്ധനായ വിദ്യാഭ്യാസ പ്രചാരകൻ — 84
18. മുങ്ങിയ കപ്പലും, പൊങ്ങിയ പള്ളിയും — 88
19. ആദ്യകാല മുസ്ലിം കുടുംബം — 91
20. ടൗൺ മാപ്പിള സ്കൂൾ — 94
21. അനാഥാലയത്തിന്റെ ആരംഭം — 97
22. തലശ്ശേരിയുടെ കുരുമുളകും, പട്ടയും പിന്നെ ആടും — 101
23. കുന്നത്തുകാർ തലശ്ശേരിയുടെ ജന്മികൾ — 104
24. തറവാടും താവഴിയും — 107
25. കേയിമാർ, തലശ്ശേരിയുടെ മുസ്ലിം സവിശേഷത — 110
26. തലശ്ശേരിയിലെ കൊങ്കിണികൾ — 113
27. തലശ്ശേരിയിലെ ബട്ക്കൽ സാന്നിധ്യം — 116
28. തിരുവങ്ങാടിലെ തങ്ങൾ — 120
29. തലശ്ശേരിയിലെ മേമൻ സേട്ടുമാർ — 123
30. ടി.പി. കുട്ടിയമ്മു സാഹിബ് : മഹത്വമാർന്ന വ്യക്തിത്വം — 127
31. ആയിരം കോണി — 134
32. “തുൾസിയന്റെ മാടം” — 136
33. പിക്താൾ തലശ്ശേരിയിൽ — 138
34. ദർസർ മമ്മുവും, ദർസറവിടയും — 141
35. സമാധാന ദൂതുമായി വന്ന ഇടയൻ — 144
36. ശ്രീ ജ്ഞാനോദയ യോഗം — 147
37. ബാസൽ മിഷനും ഗുണ്ടർട്ടും തലശ്ശേരിയിൽ — 150
38. മിഷൻ സ്കൂൾ — 153
39. തലശ്ശേരിയുടെ തലോടലേറ്റ്, എഡ്വേഡ്... — 156

40. തലശ്ശേരിയിലെ മൺമറഞ്ഞ മാപ്പിള പ്രതിഭകൾ —— 161
41. അപൂർവ്വ സതീർഥ്യ സംഗമം —— 169
42. സിന്ധിൽ നിന്നൊരു സിദ്ധൻ —— 173
43. തലശ്ശേരിയിലെ 'തെക്യാവുകൾ' —— 176
44. 'കഠോര കുഠാര'വും 'രാമബാണ'വും —— 179
45. തലശ്ശേരിയിലെ പ്രഥമ സ്വാതന്ത്ര്യദിനം —— 182
46. തലശ്ശേരി സിവിൽ ആശുപത്രി —— 184
47. അമ്മു- ആമിന കേസും ഭാഗ്യലക്ഷ്മിയും —— 188
48. തലശ്ശേരിയുടെ ആയുർവ്വേദ പാരമ്പര്യം —— 190
49. തലശ്ശേരിയുടെ യൂനാനി പാരമ്പര്യം —— 193
50. തലശ്ശേരിയുടെ മുസ്‌ലിം വൈദ്യ പാരമ്പര്യം —— 196
51. തലശ്ശേരിയുടെ ഉർദു പാരമ്പര്യം —— 200
52. 'ഖന്തൂരി' നേർച്ച —— 205
53. കബ്ജുവിന്റെ കല്ലുമ്മക്കായയും ബജിയ സൈനീത്തയും —— 208
54. വീനസ് ടാക്കീസ് —— 210
55. തലച്ചേരിയിൽ നിന്ന് തലശ്ശേരി വരെ —— 213
56. വേർഡ്സ്‌വർത്തും പി കെ ജിയും —— 216
57. തലശ്ശേരി മുസ്‌ലിംകളുടെ ബറാത്ത് —— 218
58. 'തായലപ്പള്ളി': കേയി പ്രാമാണിക പ്രതീകം —— 222
59. തലശ്ശേരി 'ഓടത്തിലപ്പള്ളി' ചരിത്രപശ്ചാത്തലം —— 224
60. തലശ്ശേരിയിലെ ഇന്തോ സാരസൻ നിർമിതി —— 229
61. സ്വാതന്ത്ര്യാനന്തര പ്രഥമ മുൻസിപ്പൽ ചെയർമാൻ
- ടി അബ്ദുൽ ശുക്കൂർ —— 233
62. തലശ്ശേരിയുടെ വി സി 'ചന്ദ്രിക'യുടേയും —— 237
63. ജെന്റിൽമാൻ ചെയർമാൻ —— 242
64. മുഹമ്മദ് മാസ്റ്റർ- ഒരനുസ്മരണം —— 246
65. ' 'കുമ്പളം" വിജയരാഘവൻ —— 248
66. ഗുരോ പ്രണാമം! —— 252
67. ഉപ്പോട്ട് കണാരി വൈദ്യർ —— 256
68. കുഞ്ഞിക്കണ്ണൻ ടീച്ചറും പഞ്ചാബി ഫയൽവാനും —— 259
69. ബാബർ തലശ്ശേരിയിൽ —— 262
70. "പടച്ചോനില്ലാ ചെട്ടി" —— 265
71. സിറ്റി പ്രസ്സും സി പി ബ്രദേഴ്സും —— 268
72. സ്നേഹനിധിയായ സുഹൃത്ത് —— 271
73. എന്നും ഹെഡ്മാസ്റ്ററായ അധ്യാപകശ്രേഷ്ഠൻ —— 274
74. മാപ്പിളമാരുടെ ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും —— 277
75. കുഞ്ഞിക്കൃഷ്ണൻ മാസ്റ്ററുടെ ഹോണസ്റ്റിഷാപ്പ് —— 288
76. മധുക്കർ റാവു: അദ്ധ്യാപകശ്രേഷ്ഠൻ —— 292
77. വലിയ മൊയിലാർക്കയും വലിയ മദ്രസ്സയും —— 294
78. പാവങ്ങളുടെ പി.കെ —— 298
79. ഓർമകളിൽ പ്രകാശമായ് പൂക്ക —— 300
80. "ഞാള് തലശ്ശേരിയാ" —— 302

# പ്രസാധകക്കുറിപ്പ്

തലശ്ശേരിയുടെ സുഗന്ധം വീണ്ടെടുക്കുന്ന ഒരുകൃതിയാണ് പ്രൊഫസർ എ.പി. സുബൈറിന്റെ തലശ്ശേരി ചരിത്രം. കഥപറച്ചിലിന്റെ നിയമങ്ങളെല്ലാം പാലിച്ച് തയ്യാറാക്കിയതാണ് ഈ പുസ്തകത്തിലെ പല അദ്ധ്യായങ്ങളും. മരണമില്ലാത്ത എത്രയോ വ്യക്തിത്വങ്ങൾ പുസ്തകത്തിൽ നിറഞ്ഞുനിൽക്കുന്നു. കേരളംകണ്ട മികച്ച ഉദ്യോഗസ്ഥന്മാരും ഉറച്ചകാൽവെപ്പുകളോടെ നമുക്കിടയിൽ ഉണ്ടായിരുന്ന ഭിഷഗ്വരന്മാരും നിർഭയത്വവും താൻപോരിമയുമുള്ള രാഷ്ട്രീയക്കാരും തലശ്ശേരി ചരിത്രത്തെ അവിസ്മരണീയമാക്കുന്നുണ്ട്. ഗുരുഭൂതർ കത്തിച്ചുവെച്ച വിളക്കിന്റെ വെളിച്ചം ഇപ്പോഴും ഗ്രന്ഥകാരന്റെ കൂടെയുണ്ടെന്ന് പുസ്തകം തെളിയിക്കുന്നു.

വാർദ്ധക്യത്തിലും സൂക്ഷ്മമായ ഓർമ്മശക്തിയുണ്ടായിരുന്നവരുടെ അനുഭവങ്ങൾ ഗ്രന്ഥകർത്താവ് അരിച്ചുപെറുക്കിയിട്ടുണ്ട്.

പ്രൊഫസർ സുബൈർ ചൂണ്ടിക്കാട്ടുന്ന നഷ്ടസ്വപ്നങ്ങളെക്കുറിച്ച് വായിക്കുമ്പോൾ ഓർമ്മയുടെ തിരകളിൽ നിന്ന് റെക്കാർഡുകളുടെ രാജകുമാരന്മാർ നീന്തിക്കടന്നുവരും. സാമൂഹ്യജീവിത വ്യവസ്ഥിതിയിലെ അനിവാര്യതകളിൽ പറിച്ചുനടപ്പെടുന്ന കുട്ടിത്തത്തെപ്പറ്റി പുതിയതലമുറക്ക് പഠിക്കുവാനും സാമൂഹികവും സാംസ്കാരികവുമായ തിരിച്ചറിവുകൾക്കും ഇടപെടലുകൾക്കും മൗലികചിന്തയുടെ തലശ്ശേരി ടച്ചിലൂടെ പുസ്തകം രുചിസാദ്ധ്യമാക്കുന്നു.

അക്ഷരങ്ങൾ എടുത്ത്‌വേവിച്ച് വിളമ്പി ഹൃദയത്തെ സുഭിക്ഷമാക്കിയ പ്രതീതിയാണ് പുസ്തക വായനയിലൂടെ ലഭിക്കുക. ഗൃഹാതുരത്വം പേറുന്ന മനസ്സിലെ കണ്ണാടിയിലേക്കാണ് അദ്ധ്യായങ്ങൾകൊണ്ടുപോകുന്നത്. തലശ്ശേരിയുടെ സ്നേഹസ്പർശം കൊണ്ടുള്ള അറിവടയാളങ്ങൾ മൈത്രീഫോ

റത്തിന് ഗ്രന്ഥകാരൻ മുമ്പും സംഭാവന നൽകിയിട്ടുണ്ട്. തലശ്ശേരിയുടെ ഇഷ്ടവിഭവങ്ങളെപ്പറ്റിയുള്ള പ്രൊഫസറുടെ ലേഖനങ്ങൾ എളുപ്പത്തിൽ ദഹിക്കുന്നവയുമാണ്.

പ്രൊഫസറുടെ ഉപരിപ്ലവതയും കൃത്രിമത്വവും ഇല്ലാത്ത പ്രതിപാദന രീതിയും സ്പെഷ്യൽ മീൻബിരിയാണി ചൂടോടെ തിന്നുന്നതിന് തുല്യമാണെന്ന് കോഴിക്കോട്ടെ കോയമാർപോലും പ്രശംസിച്ചതാണ്. വാണിയമ്പാടി ഇസ്ലാമിയാകോളജിലെ ഇംഗ്ലീഷ് അദ്ധ്യാപകനായിരിക്കെ മൈത്രിഫോറത്തിനായി വിശിഷ്ട ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു നൽകിയ ഗ്രന്ഥകർത്താവിന്റെ ഈ കൃതി ആദരപൂർവ്വം ഞങ്ങൾ സമർപ്പിക്കുന്നു. പ്രവാചക വൈദ്യത്തിന്റെയും യൂനാനി വൈദ്യത്തിന്റെയും വിവർത്തനങ്ങളും അർശസിന് ലേസർ ശസ്ത്രക്രിയ വിവർത്തനവും മൈത്രിയുടെ പ്രതാപഭൂതകാലത്തിന്റെ കഥയാക്കിയ പ്രൊഫസർ പുണ്യമാസത്തിലൂടെയും വിളിക്കുത്തരം വഴിയും "ആതുരസേവനത്തിന്റെ വയനാടൻ ഗാഥ" മുഖേനയും മൈത്രിയെ ഏറ്റവും സുന്ദരമായ പ്രസിദ്ധീകരണാലയമാക്കി. മൈത്രീഫോറത്തിന്റെ പേരിലുള്ള പുസ്തകങ്ങൾ ആ കരങ്ങളിലൂടെ അവരുടെ കരങ്ങളിലെത്തി. 101 പവന്റെ തിളക്കമുള്ള ആ തൂലികയിൽ നിന്ന് നിർഗ്ഗളിച്ച അക്ഷരമുത്തുകൾ ഗതകാല തലശ്ശേരിയിലൂടെ ഒരിക്കൽ കൂടി മൈത്രിഫോറത്തിൽ തിളങ്ങുകയാണ്.

കോഴിക്കോട്
1-03-19

മൈത്രീഫോറത്തിന് വേണ്ടി
**കെ.പി. കുഞ്ഞിമ്മൂസ്സ**

# അവതാരിക

## തലശ്ശേരിയുടെ പഴമയിലേക്ക്

### ശ്രീധരൻ ചമ്പാട്

പറഞ്ഞാലൊടുങ്ങാത്ത പഴമയുടെയും പെരുമയുടെയും ചരിത്രപശ്ചാത്തലമുണ്ട് നമ്മുടെ തലശ്ശേരിക്ക്. തലശ്ശേരിയുടെ മണ്ണിൽ ജീവിക്കുകയും സാമൂഹിക നന്മയെ പ്രതിപ്രവർത്തിക്കുകയും കാലത്തിന് മായ്ക്കാൻ കഴിയാത്ത അടയാളങ്ങൾ ശേഷിപ്പിച്ച് വിടപറഞ്ഞുപോകുകയും ചെയ്ത മഹാരഥന്മാരെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകളാണ് തലശ്ശേരിയുടെ ചരിത്രം. അത്തരം കുറിപ്പുകളാണ് എഴുത്തിൽ കൃതഹസ്തനായ പ്രൊഫ: എ.പി.സുബൈർ വായനക്കാർക്ക് മുൻപിൽ ഗ്രന്ഥരൂപത്തിൽ അവതരിപ്പിക്കുന്നത്.

ഹെർമൻഗുണ്ടർട്ടും വില്യംലോഗനും പിന്നെ തലശ്ശേരിക്കാരായ തിരുവങ്ങാട് സി.കൃഷ്ണക്കുറുപ്പും മൂർക്കോത്ത് കുമാരൻ മാസ്റ്ററും സി.എച്ച്.കുഞ്ഞപ്പയും മൂർക്കോത്ത് കുഞ്ഞപ്പയും മറ്റും എഴുതിയ 'തലശ്ശേരിയുടെ ഇന്നലെകൾ' ലേഖനങ്ങളായും ഗ്രന്ഥങ്ങളായും നമുക്ക് മുൻപിലുണ്ട്. എന്നാൽ, ഈ മഹാശയന്മാരുടെയെല്ലാം രചനാരീതിയിൽ നിന്നും വ്യത്യസ്തമായ നൂതനശൈലിയെയാണ് പ്രൊഫസർ ഈ ഗ്രന്ഥരചനയിൽ അവലംബിച്ചിരിക്കുന്നത്.

നൂറ്റാണ്ടുകൾക്ക് മുൻപുതന്നെ സവിശേഷത വിളിച്ചോതുന്ന ഒരു സാർവ്വലൗകീക മുഖഛായ സ്വായത്തമായ നഗരമാണ് തലശ്ശേരി. വിവിധ മതവിശ്വാസികളും വിഭിന്നഭാഷക്കാരും വിദൂര

ദേശങ്ങളിൽ  നിന്നും കടൽകടന്നും വന്നുചേർന്നവരുമായ മനുഷ്യർ സ്നേഹത്തോടെ, സൗഹാർദ്ദത്തോടെ ഏകോദരസഹോദരങ്ങളായി കഴിഞ്ഞുപോന്ന നഗരം. സായ്പന്മാരും ഗുജറാത്തികളും മേമന്മാരും കൊങ്ങിണികളും പട്ടാണികളും വട്ടക്കോളികളും തലശ്ശേരിക്ക് അന്യരായിരുന്നില്ല !

ഗുണ്ടർട്ടും സത്താർസേട്ടുവും ഓവർബറിയും മറ്റും കാലാന്തരത്തിൽ തലശ്ശേരി വിട്ടുപോയെങ്കിലും ആ മഹദ്വ്യക്തിത്വങ്ങളുടെ പാദമുദ്രകൾ തലശ്ശേരിയുടെ മണ്ണിൽ മായാതെ കിടപ്പുണ്ട്. ഗുജറാത്തികളും മഹാരാഷ്ട്രരും പൂർണ്ണമായും ഈ മണ്ണിനോട് വിട ചൊല്ലിയെങ്കിലും തലശ്ശേരിയെ ജന്മദേശമായി അംഗീകരിച്ച ഒരു വിഭാഗം ഇവിടെ ജീവിക്കുന്നു. മാതൃഭാഷയും സംസ്കാരവും ജീവിതരീതികളും കൈവിടാത്ത കൊങ്കൺ ദേശവാസികൾ. തലമുറകളായി അവർ തലശ്ശേരിക്കാരാണ്. ശേഷ ഗിരിപ്രഭുവും മുകുന്ദമല്ലറും കെ.എൽ.കിണിയും, എസ്.സദാനന്ദപൈയും എൻ.വി.ഷേണായിയും ആനന്ദതീർത്ഥരും ശ്രീനിവാസപ്രഭുവും കൃഷ്ണപൈയുമെല്ലാം കർമ്മംകൊണ്ട് തലശ്ശേരിക്കാ രായി തീർന്നവരാണ്.

സ്വന്തം ഗുരുനാഥന്മാരെയും പ്രൊഫസർ അനുസ്മരിക്കുന്നു. ടൗൺ മാപ്പിളസ്കൂളിൽ അദ്ധ്യാപകനായിരുന്ന നാരായണൻ മാസ്റ്ററെയും രോഗികളെ തേടി അവരുടെ വീടുകളിലെത്താറുള്ള ആയുർവ്വേദചികിത്സകൻ ഉപ്പോട്ട് കണാരിവൈദ്യർ, യുനാനി ചികിത്സകൻ ഹക്കീം ഹുസൈൻ സാഹിബ്, ശ്രീ ജഗന്നാഥക്ഷേത്രനിർമ്മിതിക്ക് ഹേതുഭൂതനായ വരതൂർ കാണിയിൽ കുഞ്ഞിക്കണ്ണൻ തുടങ്ങിയവരെയും ഈ അപൂർവ്വഗ്രന്ഥത്തിലൂടെ പുതുതലമുറ അറിയാൻ പോകുന്നു. തലശ്ശേരിയുടെ നവഭൂമികയിൽ അവർക്കൊരു പുനർജ്ജനി ഈ ഗ്രന്ഥത്തിലൂടെ സാധ്യമാവും തീർച്ച.

ഈ ഗ്രന്ഥം ഒരു ചരിത്രസൂചികയല്ലെന്ന് പ്രൊഫസർ സുബൈർ സൗഹൃദസംസാരത്തിന്നിടെ പറഞ്ഞത് ശരിയായിരിക്കാം. കാലഗതാനുക്രമമായി ചിട്ടപ്പെടുത്തി എഴുതിയ ചരിത്രമല്ല എന്ന് സമ്മതിക്കുന്നു. എങ്കിലും വായിച്ചുതീരുമ്പോൾ വായനക്കാരന് ബോധ്യപ്പെടും, ഇത് തലശ്ശേരിയുടെ ചരിത്രം തന്നെയാണെന്ന്!

എല്ലാകോട്ടകൊത്തളങ്ങളുടെയും  സാമ്രാജ്യശക്തികളുടെയും നിർമ്മിതിയും ഉയർച്ചയും താഴ്ചയും എല്ലാമെല്ലാം വ്യക്തികളിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യുന്നു. പ്രകൃതിയുടെ ലീലാവിലാസങ്ങളൊഴികെ ഈ പ്രപഞ്ചത്തിൽ സംഭവിക്കുന്നതെല്ലാം വ്യക്തികളുടെ കർമ്മധർമ്മങ്ങളിൽ അധിഷ്ഠിതമാണ്.

അതാണല്ലോ നാം ഉദ്ഘോഷിക്കുന്ന ചരിത്രം.

മഹത്ഗ്രന്ഥങ്ങളായാലും ചരിത്രസ്മാരകങ്ങളായാലും തകർന്നുപോയ സാമ്രാജ്യങ്ങളായാലും എല്ലാം തന്നെ വ്യക്തിയുടെ അല്ലെങ്കിൽ വ്യക്തികളുടെ ആശയാഭിലാഷങ്ങളുടെയും പോരാട്ടങ്ങളുടെയും വിജയപരാജയങ്ങളുടെയും കഥകളാണ് പറഞ്ഞുതരുന്നത്. തലശ്ശേരിയുടെ എന്നത്തെയും മഹത്വം, എണ്ണിയാലൊടുങ്ങാത്ത മഹത്തുക്കളുടെ ത്യാഗപൂർണ്ണമായ കർമ്മഫലമാണെന്ന് പറയാതെ പറഞ്ഞുതരികയാണ് അനുഗ്രഹീത എഴുത്തുകാരൻ കൂടിയായ പ്രൊഫസർ സുബൈർ.

പ്രൊഫസർ ഒരുക്കിയ ഈ വിശിഷ്ടരചനയെ മലയാള വായനക്കാർ സസന്തോഷം സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ!!

# ആമുഖം

# എഴുതിയാലും തീരാത്ത തലശ്ശേരി വിശേഷങ്ങൾ

തലശ്ശേരിയുടെ പ്രധാന അടയാളങ്ങളിലൊന്നാണ് സേക്രഡ് ഹാർട്ട്സ് കോൺവെന്റും, കോൺവെന്റ് സ്കൂളും. എന്നാൽ അവിടെ കോൺവെന്റും സ്കൂളും വരുന്നതിന് മുമ്പ് എന്താണുണ്ടായിരുന്നതെന്ന് ചോദിച്ചാൽ തലശ്ശേരിയിലെ എത്ര പേർക്കു ഉത്തരം നലകാൻ കഴിയും ? എന്നാൽ ഇതിന്റെ ഉത്തരം 2006 ആഗസ്ത് 11, വെള്ളിയാഴ്ചയുടെ പടയണി ദിനപത്രത്തിലുണ്ടായിരുന്നു. ചമ്പാടൻ വിജയൻ സി.കെ രേവതി അമ്മയെക്കുറിച്ചെഴുതിയ ലേഖനത്തിലായിരുന്നു പരമാർശം. ഗതകാലതലശ്ശേരിയിലെ വ്യാപാരപ്രമുഖനായ കാരായി ബാപ്പുവിന്റെ പാണ്ടികശാലയായിരുന്നവിടെ ഉണ്ടായിരുന്നത്. ബാപ്പുവിന്റെ മകളായിരുന്ന ദമയന്തിയുടെ പുത്രിയായിരുന്നു സി.കെ രേവതിഅമ്മ. ബാപ്പുവിന്റെ മകൻ സംസ്കൃത പണ്ഡിതനായിരുന്നു. ഈ വിവരങ്ങൾ മാത്രമായിരുന്നില്ല ചമ്പാടൻ വിജയൻ പടയണിയുടെ താളുകളിൽ അതിന്റെ അനുവാചകർക്ക് നൽകിയത്. ആദ്യകാല കഥാകാരനായ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ , മലയാളത്തിന്റെ വ്യാകരണപടു ശേഷഗിരിപ്രഭു, കാഥികനും ശ്രീനാരായണീയനുമായിരുന്ന എൻ.മൂർക്കോത്ത് കുമാരൻ, മറ്റൊരു ശ്രീ നാരായണീയനും സാമൂഹിക മണ്ഡലത്തിൽ പ്രശസ്തനുമായിരുന്ന ചൂര്യായി കണാരൻ, വാസ്തു വിദഗ്ദനും, സംസ്കൃത പണ്ഡിതനുമായ വിദ്വാൻ കോയിത്തട്ട, അങ്ങനെ നിരവധി തലശ്ശേരി

ക്കാരായ സാഹിത്യ പ്രതിഭകളുടെയും ജീവചരിത്രങ്ങളായിരുന്നു ചമ്പാടൻ വിജയൻ പടയണിയിൽ ഖണ്ഡശ്ശയായി എഴുതിവന്നത്. ചമ്പാടൻ വിജയൻ പടയണിയിൽ എഴുതിയ എല്ലാ ലേഖനങ്ങളും സമാഹരിച്ച് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചാൽ അത് തലശ്ശേരിയുടെ സാഹിത്യ- സാമൂഹിക ചരിത്രമായിരിക്കും !

തലശ്ശേരിയിലെ പാട്ടുകാരെ പരിചയപ്പെടുത്തിയതും പടയണി ദിനപത്രം തന്നെയായിരുന്നു. പീർ മുഹമ്മദ്, മൂസ എരഞ്ഞോളി, വൈ.എം.എ. ഖാലിദ്, എ.ടി. ഉമ്മർ, തലശ്ശേരി. കെ. റഫീഖ്, പാലയാട് യശോദ, ഹാർമോണിസ്റ്റ് മുകുന്ദ ദാസ്, തബലിസ്റ്റ് മനോഹരൻ, സലാം പുഷ്പഗിരി, എം.പി ഉമ്മർകുട്ടി സുബൈർ പാറാൽ, തലശ്ശേരി എ.ഉമ്മർ, ബക്കർ തോട്ടുമ്മൽ, മുഹമ്മദ് സുബൈർ, അനീസ് പിണറായി തുടങ്ങിയ ഗായകന്മാരെയും, സംഗീതോപകരണ വിദഗ്ദരെയും പൊതുസമക്ഷം അവതരിപ്പിച്ചത് ഉസ്മാൻ പി. വടക്കുമ്പാട് പടയണി പത്രത്തിൽ എഴുതിയ ലേഖനങ്ങളിലൂടെയാണ്.

തലശ്ശേരിയിലെ മുസ്ലീം സ്ത്രീകളിൽ, ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയെടുത്ത് പ്രസിദ്ധമായ മാളിയേക്കൽ മറിയുമ്മയെ ആദ്യം അവതരിപ്പിച്ചതും ഉസ്മാന്റെ ലേഖനത്തിലൂടെയായിരുന്നു. പടയണിയിലെ ലേഖനമാണ് അവർക്ക് പിന്നീട് പ്രസിദ്ധിയൊക്കെ ലഭ്യമാകാൻ കാരണമായത്.

ഈ ലേഖകന്റെ 'ഗതകാല തലശ്ശേരി' അറുപത് ലക്കങ്ങളിലായി പടയണി പ്രസിദ്ധീകരിച്ചിരുന്നു. തലശ്ശേരിയുടെ വിസ്മരിക്കപ്പെട്ടു പോയ വൈവിധ്യമാർന്ന വിശേഷ വിവരങ്ങളായിരുന്നു ഈ ലേഖന പരമ്പരയുടെ ഉള്ളടക്കം. തലശ്ശേരിക്ക് മാത്രം സ്വന്തമായെന്നവകാശപ്പെടുന്ന പലഹാരമാണ് കല്ലുമക്കായ. അരി പ്രത്യേക രീതിയിൽ വേവിച്ച് അമ്മിയിൽ അരച്ച് മാവു കല്ലുമ്മക്കായയിൽ നിറച്ച് ആവിയിൽ വേവിച്ചെടുത്തതിനുശേഷം, മുളകരച്ചതിൽ മറിച്ചെടുത്ത് എണ്ണയിൽ പൊരിച്ചെടുത്ത് കറുമുറെ തിന്നാൻ പാകത്തിലുള്ള പലഹാരം ഗതകാല തലശ്ശേരിയിൽ തന്നെ അപൂർവമായുണ്ടാക്കുന്ന ഒന്നായിരുന്നു. ഇന്നത്തെപോലെ എല്ലാവർക്കും പാചകം ചെയ്യാൻ കഴിയുന്ന ഒന്നായിരുന്നില്ല അത് ഗതകാലത്ത് ഏതാനും സ്ത്രീകൾ മാത്രമായിരുന്നു ഈ പലഹാരം പാചകം ചെയ്യുന്നതിൽ വിദഗ്ദർ. ഖബ്ജുവിന്റെ കല്ലുമക്കായയാ യിരുന്നു പ്രശസ്തമായത്. ഗതകാല തലശ്ശേരിയുടെ അദ്ധ്യായങ്ങളിലൊന്ന് ഇതേക്കുറിച്ചാണ്. മുഹറ മാസത്തിലെ കൂടാരം, തലശ്ശേരിയിലെ കൊങ്കിണികൾ. തലശ്ശേരിയിലെ മേമൻ സേട്ടുമാർ, ഇവാഞ്ചലിക്കൽ മിഷന്റെ ആഗമനം, തലശ്ശേരി കോടതികളുടെ ആരംഭം, തലശ്ശേരിയിലെ അറബി മലയാള സാഹി

ത്യ പ്രതിഭകൾ, തുടങ്ങി തലശ്ശേരിയുടെ ചരിത്രപരവും ഐതീഹ്യപരവുമായ ഒട്ടനവധി സംഭവങ്ങളിലേക്കും, വ്യക്തികളിലേക്കും, വിശേഷങ്ങളിലേക്കും വാതായനങ്ങൾ തുറക്കുന്ന ലേഖനങ്ങളായിരുന്നു അവ.

മൂന്ന് ദശാബ്ദത്തിലധികം പ്രവാസ ജീവിതം കഴിഞ്ഞ് തിരിച്ചെത്തിയ ലേഖകന് തലശ്ശേരിയിൽ വീണ്ടും അംഗീകാരം ലഭിക്കാൻ പടയണിയിലെ തലശ്ശേരിയെക്കുറിച്ചുള്ള ലേഖനങ്ങൾ സഹായകരമായിരുന്നു. ലേഖനത്തിനുള്ള പ്രതികരണങ്ങളിലൂടെയാണ്, പടയണിയുടെ വൈവിധ്യമാർന്ന വായനക്കാരെക്കുറിച്ച് ബോധ്യമായത്. ഡോക്ടർമാർ, വക്കീൽമാർ, അദ്ധ്യാപകർ, വ്യാപാരികൾ, ഓട്ടോറിക്ഷ ഡ്രൈവർമാർ തുടങ്ങി അനേകം പേർ എന്നെക്കുറിച്ചറിയുന്നതും എന്നെ തിരിച്ചറിയുന്നതും പടയണിയിലെ ലേഖനങ്ങളിലൂടെയാണ്.

എഴുതിയാലും, എഴുതിയാലും തീരാത്ത വിശേഷങ്ങളുണ്ട് തലശ്ശേരിക്ക്. എന്റെ ഗതകാല തലശ്ശേരി പുസ്തകമായി വരുമ്പോൾ, അതിൽ ചേർക്കാൻ ഇനിയും വിശേഷങ്ങൾ ബാക്കിയുണ്ടെന്ന തിരിച്ചറിവിലാണ് പ്രസിദ്ധീകരണം വൈകിയത്.

തലശ്ശേരിയുടെ ചരിത്രം പരിമിതമാണ്. അതുകൊണ്ട് അക്കാദമിക തലത്തിലുള്ള പഠനങ്ങളും പരിമിതമാണ്. അക്കാദമിക എഴുത്തുകാർക്ക് കഴിയാത്ത ഒരു പുസ്തക രചനയാണ് തലശ്ശേരിയെക്കുറിച്ച് വി.കെ കുട്ടു നിർവഹിച്ചത്.

ഇവയൊക്കെ ഇവിടെ പരമാർശിക്കാനിടയാക്കിയത്, ബ്രണ്ണൻ കോളേജിന്റെ ശതോത്തര ആഘോഷത്തോടനുബന്ധിച്ച സാഹിത്യ സദസ്സുകളിലൊന്നിലെ സംവാദ വിഷയം 'എഴുതി തീരാത്ത തലശ്ശേരി' ആയതുകൊണ്ടാണ്. അതിൽ പങ്കെടുക്കുന്നവർക്ക് തലശ്ശേരിയുടെ എഴുത്തുമായി എത്രത്തോളം ബന്ധമുണ്ടെന്നറിയില്ല. 'പടയണി' യെയും, അതിൽ തലശ്ശേരി വിശേഷങ്ങൾ എഴുതിയവരെയും, തലശ്ശേരിയെക്കുറിച്ച് സവിശേഷ രചന നടത്തിയ കൂട്ടുവിനെയും അതിൽ ഉൾപ്പെടുത്താതിരുന്നത് ഉചിതമായില്ല. സംഘാടകരുടെ വിവരക്കുറവായിരിക്കാം. അവരോട് നമുക്ക് ക്ഷമിക്കാം. നമുക്ക് തലശ്ശേരിയെക്കുറിച്ചുള്ള എഴുത്തു തുടരാം...!

# 1

# അന്യദേശ സംസ്കാരം തലശ്ശേരിയിൽ

വിഭിന്ന സംസ്കാരങ്ങൾ സമന്വയിക്കുമ്പോൾ വ്യതിരിക്തമായ സംസ്കാരമായി പരിണമിക്കുന്നു. അങ്ങനെയൊരു വ്യതിരിക്ത തയാണ് തലശ്ശേരിയുടെ സാംസ്കാരിക തനിമയെ കുറിച്ച് വിശ കലനം ചെയ്യുമ്പോൾ ദർശിക്കാനാവുന്നത്. തദ്ദേശിയർ ആര് അന്യ ദേശീയർ ആര് എന്ന് തിരിച്ചറിയാൻ കഴിയാത്ത വിധത്തിലുള്ള സാംസ്കാരിക സമന്വയമാണിവിടെ സംഭവിച്ചിരിക്കുന്നത്. ചരി ത്രത്തിലെ ചുരുങ്ങിയ കാലഘട്ടമാണെങ്കിലും വേർതിരിച്ചു കാണാനാവാത്ത വിധത്തിലുള്ള സ്വാംശീകരണം സംസ്കാര ങ്ങൾക്കിടയിൽ ഇവിടെ സംഭവിച്ചിരിക്കുന്നു.

## ചരിത്രബോധം

ഇന്ത്യാ ചരിത്ര ഗവേഷണ പരിമിതികളെക്കുറിച്ച് പരാമർശി ക്കുമ്പോൾ ഗുസ്താവ് ഒപ്പർട്ട് നിരീക്ഷിച്ച ഒരു സംഗതി ഇവിടെ പ്രസക്തമാണ്. ഇന്ത്യക്കാർക്ക് പൊതുവെ അവരുടെ പിതാക്ക ന്മാരെ മാത്രമേ അറിയുകയുള്ളൂ. പിതാക്കന്മാരുടെ പിതാക്കന്മാ രേയും ഒരുപക്ഷെ അറിയും. അതിനുമപ്പുറം പ്രാപിതാമഹന്മാരെ കുറിച്ചോ തങ്ങളുടെ കുടുംബ ചരിത്രത്തെക്കുറിച്ചോ അറിയുന്ന വർ അപൂർവ്വം. ഇതുതന്നെയാണ് തലശ്ശേരിയുടെ ചരിത്രത്തെ ക്കുറിച്ച് ആരായുന്നവർക്കുമുള്ള അനുഭവവും. ദേശങ്ങളുടെയും ജനങ്ങളുടെയും വൈവിധ്യങ്ങൾ നൽകിയ ചരിത്രപഠന സാധ്യ തയാണ് വില്യം ലോഗനെ മലബാർ മാന്വൽ തയ്യാറാക്കാൻ പ്രേരി പ്പിച്ചത്. മലബാറിലെ ജനങ്ങൾ ചരിത്രബോധമുള്ളവരല്ലെന്നും അവർ ചരിത്രം എഴുതി സൂക്ഷിക്കാത്തവരാണെന്നും ലോഗൻ

സാന്ദർഭികമായി പ്രസ്താവിച്ചത് നമ്മുടെ ചരിത്രപഠന പരിമിതികളെ ബോധ്യപ്പെടുത്തുന്നതാണ്. 1683ൽ ഈസ്റ്റ് ഇന്ത്യാകമ്പനി തലശ്ശേരിയിൽ കച്ചവടം ആരംഭിക്കുന്നതോടെയാണ് തലശ്ശേരി ആധുനിക ചരിത്രത്തിൽ പ്രസക്തമാകുന്നത്. മുന്നൂറോളം വർഷങ്ങൾ നീണ്ടുനിന്ന ബ്രിട്ടീഷ് ആധിപത്യമായിരുന്നു തലശ്ശേരിക്ക് പെരുമ നല്കിയത്. ചെന്നൈയിലുള്ള ആർകൈവ്സിൽ സൂക്ഷിച്ചിരിക്കുന്ന 20 വാള്യങ്ങളുള്ള 'ടെലിച്ചറി കൺസൾട്ടേഷൻസ്' എന്ന സുപ്രധാന രേഖകൾ ബ്രിട്ടീഷ് കാലത്തെ കേരള ചരിത്രത്തിന്റെ താളുകളാണ്. തലശ്ശേരിയെ ആധുനിക ചരിത്രത്തിന്റെ അനിവാര്യ ഘടകമാക്കുന്നതും ഈ രേഖകളാണ്. ഇങ്ങനെയൊക്കെയാണെങ്കിലും ബ്രിട്ടീഷ് കാലത്തിന് മുമ്പുള്ള ഗതകാല തലശ്ശേരിയിലെ ജനങ്ങളെക്കുറിച്ചും അവരുടെ സംസ്കാരത്തെക്കുറിച്ചും രേഖകളില്ല. അതിനാൽ യുക്തമായ ചില ഊഹങ്ങളിലെത്തിച്ചേരാനേ നിവൃത്തിയുള്ളൂ.

## കുടിയേറ്റം

ഒരു ദേശത്തിന്റെ ജനങ്ങളുടെയും സംസ്കാരത്തിന്റെയും ചരിത്രം അവിടെ നടന്ന കുടിയേറ്റങ്ങളുടെയും ആധിപത്യത്തിന്റെയും വിവരങ്ങളാണ്. ഇന്ത്യയിലെ ആദിവാസികളും ദ്രാവിഡരുമൊക്കെ മെഡിറ്ററേനിയനിൽനിന്നും കുടിയേറിയവരാണല്ലോ. അതിൽ പിന്നീടുണ്ടായ ചരിത്ര ദശാസന്ധിയിലാണ് ആര്യ അധിനിവേശമുണ്ടായത്. ഇന്ന് ഭാരതീയ സംസ്കാരമെന്ന് വിവക്ഷിക്കുന്നത് ഈ കുടിയേറ്റങ്ങൾ പതിപ്പിച്ച സംസ്കാര സമന്വയമാണല്ലോ.

## ടെലിച്ചെറി രൂപംകൊള്ളുന്നു

തലശ്ശേരിയുടെ അന്യദേശ സംസ്കാരത്തെക്കുറിച്ച് പഠിക്കുമ്പോൾ ഇവിടുത്തെ പൂർവ്വ ദേശക്കാർ ആരായിരുന്നുവെന്ന് ആരായേണ്ടിയിരിക്കുന്നു. ഇതറിയാനുള്ള പരിമിതികളെയാണ് നേരത്തെ സൂചിപ്പിച്ചത്. തലശ്ശേരിയുടെ ഇന്നത്തെ ഭൂമിശാസ്ത്ര പരിധികൾ ബ്രിട്ടീഷ് ആധിപത്യത്തിന്റെ ഫലമായുണ്ടായതാണ്. ഇന്ന് വ്യാപാര കേന്ദ്രമായറിയപ്പെടുന്ന തെക്കൻ ഭൂവിഭാഗം തുലോം ജനവാസം കുറഞ്ഞ പ്രദേശമായിരുന്നു. ശ്രീരാമക്ഷേത്ര സ്ഥാനമായതിനാൽ തിരുവങ്ങാടിനായിരുന്നു പ്രാധാന്യം. തലശ്ശേരിയുടെ പ്രാന്ത പ്രദേശങ്ങളായ ധർമ്മടവും കോട്ടയവുമൊക്കെ അന്ന് ചരിത്രപ്രധാന പ്രദേശങ്ങളായിരുന്നു. തിരുവങ്ങാടിന് തെക്കുപടിഞ്ഞാറുള്ള പ്രദേശത്തിന് ശ്വേതാരണ്യപുരി എന്നൊരു പൂർവനാമമുണ്ടായിരുന്നു. പേര് സൂചിപ്പിക്കുന്നതുപോലെ വനപ്രദേശമാകാനാണ് സാധ്യത. തലശ്ശേരിയുടെ തെക്ക് ഭാഗത്താണ്

കടൽ. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ വരവോടെ ഈ തെക്കൻ കട ലോര പ്രദേശം വ്യാപാര കേന്ദ്രപട്ടണമായി വികസിച്ചപ്പോൾ അത് തലശ്ശേരിയായി. ഇംഗ്ലീഷുകാർക്ക് അത് ടെലിച്ചറിയായി രൂപാ ന്തരപ്പെടുകയായിരുന്നു.

## പഴയ തലശ്ശേരി പാലിശ്ശേരി

അതിനുമുമ്പ് പടിഞ്ഞാറ് ഭാഗത്തുള്ള പാലിശ്ശേരിയായിരുന്നു തലശ്ശേരി. പുതിയ തലശ്ശേരി പട്ടണം രൂപപ്പെട്ടപ്പോൾ അത് പഴയ തലശ്ശേരിയായി. പഴയ തലശ്ശേരി ലോപിച്ചാണ് പാലിശ്ശേരിയാ യത്. ഈ പഴയ തലശ്ശേരി ഭാഗത്തായിരുന്നു താരതമ്യേന ജന വാസം കൂടുതലുണ്ടായിരുന്നത്. തിരുവങ്ങാടും പാലിശ്ശേരിയും ഒഴിച്ചുള്ള തെക്ക് ഭാഗത്തെ കടലോരത്തോടനുബന്ധിച്ചുള്ള പാലി ശ്ശേരി മുതൽ കുറിച്ചിയിൽ വരെയുള്ള പ്രദേശം കുറുങ്ങോട്ട് ഉട മസ്ഥതയിലുള്ളതായിരുന്നു. കോലത്തിരിയുടെ സഹായത്തോടെ തലശ്ശേരിയിൽ കോട്ട കെട്ടാൻ ആരംഭിച്ച ഈസ്റ്റ് ഇന്ത്യാ കമ്പനി കുറുങ്ങോട്ട് നായന്മാരിൽനിന്ന് വിലക്ക് വാങ്ങിയും ശക്തി ഉപ യോഗിച്ചും സ്വന്തമാക്കിയതായിരുന്നു തലശ്ശേരി. ഇതിന് വടക്കു ഭാഗത്ത് പരന്ന് കിടന്നിരുന്ന പ്രദേശം മുസ്‌ലിംകളായ കുന്നത്ത് തറവാട്ടുകാരുടേതുമായിരുന്നു.

## ബർബോസയുടെ നിരീക്ഷണങ്ങൾ – പൂർവ്വദേശക്കാർ

15 മുതൽ 17 നൂറ്റാണ്ടുകൾ വരെയുള്ള മലബാറിലെ, വിശിഷ്യാ വടക്കെ മലബാറിലെ, സാമൂഹിക ജീവിതത്തെക്കുറിച്ച് പഠനം നടത്തിയത് മലബാറിലെ പോർച്ചുഗീസ് ഉദ്യോഗസ്ഥനായിരുന്ന ദ്യുറത്ത് ബർബോസയാണ്. പതിനഞ്ചോളം വിഭാഗങ്ങളിൽ പെടുന്ന മനുഷ്യർ ഈ പ്രദേശത്ത് അധിവശിച്ചിരുന്നതായി ബർബോസ രേഖപ്പെടുത്തുന്നു. വിദേശീയരും തദ്ദേശീയരുമട ങ്ങിയ മതജാതി വിഭാഗങ്ങളെയാണ് ബർബോസ സൂചിപ്പിക്കു ന്നത്. തലശ്ശേരിയെക്കുറിച്ച് പ്രത്യേക പരാമർശമോ സൂചനകളോ ഇതിൽ ഇല്ല. കാരണം തലശ്ശേരി അന്ന് ചരിത്രത്തിൽ ഇടം പിടി ച്ചിരുന്നില്ല. ഈ രേഖയുടെ അടിസ്ഥാനത്തിലുള്ള ചില ഊഹ ങ്ങൾ തലശ്ശേരിയുടെ പൂർവ്വദേശക്കാരെക്കുറിച്ചറിയാൻ ഉപകരി ക്കും.

## തിരുവങ്ങാടും പാലിശ്ശേരിയും

ശ്രീരാമ ക്ഷേത്രമുള്ള തിരുവങ്ങാട് പ്രദേശത്ത് ബ്രാഹ്മണരും സവർണ്ണരുമാണ് താമസിച്ചിരുന്നതെന്ന് അനുമാനിക്കാവുന്നതാ ണ്. ബ്രാഹ്മണരിൽ തമിഴ് സംസാരിക്കുന്ന പരദേശി ബ്രാഹ്മണരും മലയാളം സംസാരിക്കുന്ന നമ്പൂതിരിമാരും ഉൾപ്പെടുന്നു. നായ

ന്മാരും അവരുടെ ഉപജാതികളുമടങ്ങിയ സവർണ്ണ വിഭാഗങ്ങളുമായിരുന്നു ശേഷിക്കുന്ന ജനത. ബ്രാഹ്മണ മഠങ്ങളും നമ്പൂതിരി ഇല്ലങ്ങളും നായർ തറവാടുകളും നിറഞ്ഞുനിന്ന ഈ പ്രദേശത്തിന് ബ്രിട്ടീഷ് കാലംവരെ സവർണ്ണ മേധാവിത്വമുണ്ടായിരുന്നു. തലശ്ശേരിയുടെ പേര് തളിയിൽച്ചേരിയിൽ നിന്നാണ് ഉത്ഭവിച്ചത് എന്ന് പുരാണത്തിൽ പറയുന്നതിന്റെ ആധാരം ഈ ബ്രാഹ്മണ അധിവാസമായിരിക്കാം. പാലിശ്ശേരിയിൽ മുസ്‌ലിംകളായ മാപ്പിളമാരുടെ അധിവാസമായിരുന്നു കൂടുതലുണ്ടായിരുന്നത്. പെരുമാൾ– അറക്കൽ രാജകുടുംബങ്ങളുമായി ബന്ധപ്പെട്ടവരും വ്യാപാരികളുമായിരുന്നു മാപ്പിളമാർ. സവർണ്ണ വിഭാഗത്തിൽനിന്ന് പല കാരണങ്ങളാൽ മതംമാറി മുസ്‌ലിംകളായവരും മാപ്പിളമാരിൽ പെടുന്നു. ധർമ്മട (അന്നത്തെ ധർമ്മപട്ടണം)ത്തായിരുന്നു ഇവരുടെ വ്യാപാര കേന്ദ്രങ്ങൾ. വീടുവെച്ചു താമസിച്ചത് പിന്നീട് പാലിശ്ശേരിയെന്നറിയപ്പെട്ട തലശ്ശേരിയിലും.

## തീയരും മുക്കുവരും മുസ്‌ലിംകളും

ഈ രണ്ടു പ്രദേശങ്ങളുമൊഴിച്ച് കടലോര പ്രദേശം – ഇന്ന് തലശ്ശേരിയുടെ ഹൃദയ ഭാഗമായി തീർന്ന ദേശത്തിലെ ജനവിഭാഗങ്ങൾ ആരായിരുന്നിരിക്കണം? ജാതിയാടിസ്ഥാനത്തിൽ അസ്പൃശ്യതകൾ ഉണ്ടായിരുന്ന തീയരും മുക്കുവരും ആയിരുന്നു ഇവിടുത്തെ നിവാസികൾ എന്ന് അനുമാനിക്കാം.

തിരുവങ്ങാട് ക്ഷേത്രത്തിലും പരിസരത്തും ഇവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. അതുകൊണ്ട് അവർ തെക്കൻ പ്രദേശത്ത് ഒതുങ്ങി. തീയരുടെ കുലത്തൊഴിൽ കള്ളുചെത്തലും കൃഷിപ്പണിയുമായിരുന്നു. എന്നാൽ അവരുടെ ഇടയിൽ വൈദ്യവൃത്തി അറിയുന്നവരും ഉണ്ടായിരുന്നു. 'യോഗാമൃതം' എന്ന പ്രശസ്തമായ വൈദ്യഗ്രന്ഥത്തിന്റെ കർത്താവും ആയുർവ്വേദ രംഗത്തെ പ്രഗത്ഭനുമായ ഉപ്പോട്ട് കണ്ണൻ തലശ്ശേരിയിലെ ഈ പ്രദേശത്ത് ജനിച്ചുവളർന്ന വ്യക്തിയായിരുന്നു. മുക്കുവർ അരയന്മാരായിരുന്നു. കടലിൽ മുങ്ങി മുത്തെടുക്കുന്നവരെ മുക്കുവന്മാരെന്നും മത്സ്യബന്ധനത്തിന് മാത്രം പോകുന്നവരെ അമുക്കുവന്മാരെന്നും വിശേഷിപ്പിച്ചതുകൊണ്ടാണ് ഈ പേരിൽ അറിയപ്പെട്ടത്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കരയിൽ എത്തിച്ചേർന്ന വിദേശ മുസ്‌ലിംകളുമായി അരയ സ്ത്രീകൾ വിവാഹത്തിലേർപ്പെടുക മൂലവും മറ്റ് സാമൂഹിക കാരണങ്ങളാലും ഇസ്‌ലാമിലേക്ക് മതപരിവർത്തനം ചെയ്തവരായ മുസ്‌ലിംങ്ങളായ മുക്കുവരെ പുയിസിലാന്മാർ എന്ന് വിശേഷിപ്പിക്കപ്പെട്ടു. പുതിയ ഇസ്‌ലാം എന്നത് ലോപിച്ചാണ് ഈ പ്രയോഗം ഉണ്ടായത്. ആഢ്യന്മാരും വ്യാപാരികളുമായ മാപ്പിളമാർ അക്കാലങ്ങളിൽ പുയിസിലാന്മാർക്ക് ഭ്രഷ്ട്

കൽപ്പിച്ചിരുന്നു. ഇവർക്കൊക്കെ പുറമെ ക്ഷുരകന്മാരും വണ്ണാന്മാരും (ദോബികൾ) ഈ പ്രദേശത്തുണ്ടായിരുന്നു. നെയ്ത്ത് തൊഴിലിൽ ഏർപ്പെട്ട ചാലിയന്മാർ പിന്നീട് വന്നെത്തിയവരായിരുന്നു. അവർ താമസിച്ചിരുന്ന സ്ഥലം പിന്നീട് ചാലിയത്തെരുവായി അറിയപ്പെട്ടു. പോർച്ചുഗീസുകാരുടെ പീഡനങ്ങൾ സഹിക്കവയ്യാതെ സ്വദേശം വിട്ടോടിപ്പോകേണ്ടിവന്ന കൊങ്കിണികൾക്ക് തലശ്ശേരിയിൽ കുന്നത്ത് തറവാട്ടുകാർ അഭയസ്ഥലം നൽകി. അങ്ങനെ അവരും തലശ്ശേരിയുടെ ഭാഗമായി.

## വന്നവരെയൊക്കെ സ്വീകരിച്ച തലശ്ശേരി

പൂർവ്വകുടിയേറ്റക്കാരായ മുക്കുവർക്കും തീയർക്കും ശേഷം പല കാലഘട്ടങ്ങളിലായി പല വിഭാഗങ്ങളും അന്യദേശങ്ങളിൽനിന്ന് വന്ന് കുടിയേറിപ്പാർത്ത ചരിത്രമാണ് തലശ്ശേരിയുടേത്. അതുകൊണ്ട് തന്നെ അന്യദേശക്കാരുടെയും അവരുടെ സംസ്കാരത്തിന്റെയും സുന്ദരമായ സമന്വയമാണ് തലശ്ശേരി. അതുകൊണ്ടു തന്നെ ചരിത്രപരമായി ഇതൊരു കേവലദേശമല്ല. സാംസ്കാരിക സമന്വയത്തിന്റെ പ്രതീകമാണ്. കുടിയേറ്റ ചരിത്രങ്ങളിൽ സംഭവിക്കുന്നത് പൂർവ്വ കുടിയേറ്റക്കാർ പിന്നാലെ വരുന്ന കുടിയേറ്റക്കാരെ ചെറുക്കുക എന്നതാണ്. പുതിയവർ വന്നാൽ തങ്ങളുടെ താത്പര്യങ്ങൾക്കും സൗകര്യങ്ങൾക്കും ഹാനിയുണ്ടാകുമെന്ന് ഒരുതരം കുടിയേറ്റ മനോഭാവത്തിന്റെ പ്രകടനമാണത്. എന്നാൽ തലശ്ശേരി ഇതിനൊരപവാദമായി കാണാം. വന്നവരെയൊക്കെ സ്വീകരിക്കാനുള്ള ഹൃദയവിശാലത തലശ്ശേരിയുടെ മണ്ണ്, അവിടെ വസിക്കുന്നവർക്ക് നൽകിയിട്ടുണ്ട്. ഈ പാരമ്പര്യം ഇന്നും നിലനിൽക്കുകയും ചെയ്യുന്നു എന്നതാണ് തലശ്ശേരിയുടെ സവിശേഷമായ സാംസ്കാരിക തനിമയായി വിശേഷിപ്പിക്കാനുള്ളത്. വിദേശ അന്യദേശസംസ്കാരങ്ങളുടെ നിരാകരണമല്ല ആഗിരണമാണിവിടെ സംഭവിച്ചത്. അതുകൊണ്ട് തന്നെയാണ് തലശ്ശേരി സംസ്കാരം ആതിഥ്യമര്യാദയുടേയും ക്രിക്കറ്റിന്റെയും ബെയ്ക്കറിയുടെയും ബിരിയാണിയുടെയുമൊക്കെ സംഗമമായത്.

അന്യദേശക്കാർ ആരെന്ന് തിരിച്ചറിയാനാവാത്ത രീതിയിൽ അവർ തലശ്ശേരിയുടെ ഭാഗമായി തീർന്നവരാണ്. വേർതിരിച്ച് പഠനം നടത്തുമ്പോൾ വിഭാഗീയത സൃഷ്ടിക്കപ്പെടുമോ എന്ന ഭയവുമുണ്ട്. ഈ പഠനം തലശ്ശേരിയുടെ സാംസ്കാരിക തനിമയെ മനസ്സിലാക്കാൻ വേണ്ടി മാത്രമാണ് താനും. അന്യദേശങ്ങളിൽനിന്ന് വന്നുചേർന്ന് ഇവിടെ പെറ്റുവളർന്ന പുതിയ തലമുറകളിൽപ്പെട്ടവരാണ് ഇന്ന് തലശ്ശേരിയിലുള്ളവരെല്ലാം എന്ന തിരിച്ചറിവാണ് ഈ വിശകലനത്തിന് ആധാരം.

തലശ്ശേരിയിലെ കുടുംബങ്ങളുടെ പേരുകളെക്കുറിച്ച് വിശകലനപഠനം നടത്തുമ്പോൾ രണ്ടുതരം പേരുകൾ കാണാം. ഒന്ന് അവർ താമസിക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതയനുസരിച്ച്. ഉദാഹരണം തോട്ടത്തിൽ, കുന്നുമ്മൽ, വേലിക്കകത്ത്, കരിമ്പിൽ അല്ലെങ്കിൽ മുമ്പ് ഉണ്ടായിരുന്ന തറവാട് വീടുകളുടെ പേര് നിലനിർത്തിക്കൊണ്ട്. ഇവിടെ പിന്നീട് വന്ന അന്യർക്ക് ആ തറവാടുമായി യാതൊരു ബന്ധവുമില്ലെങ്കിലും, ഉദാഹരണം ചന്ദ്രോത്ത്, മങ്ങാടൻ, അച്ചാരത്ത് തുടങ്ങിയവ. രണ്ടാമത് അവർ വന്ന സ്ഥലവുമായി ബന്ധപ്പെട്ടത്. ഉദാഹരണം ചൊവ്വക്കാരൻ, ചീക്കിലോടൻ, ചെറുവക്കര തുടങ്ങിയവ. വളരെ വിശദമായ പഠനം അർഹിക്കുന്ന വിഷയമാണിത്. സ്ഥലപരിമിതി ഭയന്ന് സൂചനകളിൽ ഒതുക്കുന്നു.

## ചൊവ്വക്കാൻ കേയിമാർ

അങ്ങനെ അന്യദേശത്തിന്റെ പേര് കുടുംബത്തിന്റെയും അതിന്റെ അവാന്തര വിഭാഗങ്ങളുടെ പേരിന്റെയും അനുബന്ധമായും പരമ്പരാഗത കുടുംബമാണ് ചൊവ്വക്കാരൻ കേയിമാർ. ചൊവ്വയിൽനിന്ന് തലശ്ശേരിയിൽ കുടിയേറി വന്ന ആലിപ്പിക്കാക്ക ആരംഭിച്ച ഈ കുടുംബം തലശ്ശേരിയിലെ വ്യാപാര പ്രമുഖരും ജന്മികളുമായിത്തീരുകയുണ്ടായി. ആലുപ്പിക്കാക്കയുടെ മരുമകൻ മൂസക്കാക്ക 1707ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി തലശ്ശേരിയിൽവെച്ച് കരാറുണ്ടാക്കി. ഡച്ചുകാരും ബ്രിട്ടീഷുകാരുമായി ചേർന്ന് പശ്ചിമ തീരത്ത് മുസ്‌ലിം വ്യാപാര കേന്ദ്രങ്ങൾ സ്ഥാപിച്ചത് പിന്നീട് കേയിമാർ എന്നറിയപ്പെട്ടവരുടെ ഈ മുൻ തലമുറക്കാരാണ്. തലശ്ശേരിയുടെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ തങ്ങളുടേതായ മുദ്രപതിപ്പിച്ച ഈ ചൊവ്വക്കാർ തലശ്ശേരിയുടെ കേയിമാർ ആയിത്തീരുകയാണുണ്ടായത്. വസതികളെ സൗധങ്ങളാക്കിയതും വിവാഹാഘോഷങ്ങളെ ആർഭാട പൂർണ്ണമാക്കിയതും വൈവിധ്യമാർന്ന ഭക്ഷണ പദാർഥങ്ങൾ വിളമ്പിയുള്ള സദ്യകളൊരുക്കിയതും ഈ വ്യാപാരി സമൂഹം തലശ്ശേരിയുടെ സാമൂഹിക രംഗത്ത് കൊണ്ടുവന്ന വിപ്ലവമായിരുന്നു. ലാളിത്യത്തിന് പകരം ആഢംബരവും ആർഭാടവും സുഖലോലുപതയും കൊണ്ട് സാമൂഹികാചാരങ്ങൾക്ക് കൊഴുപ്പ് കൂട്ടാനുള്ള സമ്പത്തും അവർക്കുണ്ടായിരുന്നു. ഈസ്റ്റ് ഇന്ത്യാ കമ്പനിക്കുപോലും ധനസഹായത്തിനായി മൂസക്കാക്കയെ സമീപിക്കേണ്ടി വന്നിരുന്നു. മക്കയിൽ മലബാറിൽനിന്നും പോകുന്ന തീർഥാടകർക്ക് കേയി റുബാത്ത് എന്ന പേരിൽ താമസ സൗകര്യം ഏർപ്പെടുത്തപ്പെട്ടിരുന്നു. ദായക ക്രമത്തിൽ ഇവർ ഇസ്‌ലാമിക രീതിയായിരുന്നില്ല. മറിച്ച് നായന്മാരുടെ മരുമക്കത്തായ സമ്പ്രദായമായിരുന്നു സ്വീകരിച്ചിരുന്നത്. മക്കയിലുള്ള കേയി റുബാത്ത് പൊളിച്ചു

കളഞ്ഞപ്പോൾ മരുമക്കത്തായവകാശ വാദം സഊദി അറേബ്യ യുടെ ഔഖാഫ് അംഗീകരിച്ചില്ല. കേയിമാരുടെ പ്രതാപമെല്ലാം അസ്തമിച്ചെങ്കിലും ഇന്നും തലശ്ശേരിയിൽ കേയി പ്രാതിനിധ്യം ഇല്ലാത്ത സാമൂഹിക ആഘോഷങ്ങൾ അരങ്ങേറാറില്ല.

## കൊങ്കിണികൾ

അന്യദേശത്തുനിന്ന് തലശ്ശേരിയിൽ കുടിയേറി പാർത്ത മറ്റൊരു സമൂഹമാണ് കൊങ്കിണികൾ. 14–ാം ശതകത്തിന്റെ ആദ്യ ത്തിൽ തന്നെ അവർ ഇവിടെ എത്തിയിരുന്നുവത്രെ. കുന്നത്ത് തറവാട്ടുകാരാണ് അവർക്ക് അഭയം നൽകിയതെന്നും വാസത്തി ന്നായി സ്ഥലം ചാർത്തി കൊടുത്തതെന്നും പറയപ്പെടുന്നു. കുന്നത്ത് തറവാട്ടുകാരുടെ അധീനതയിലുള്ള കുന്നത്ത് ഇടവഴി, മല്ലർ റോഡ് ഭാഗം എന്നിവിടങ്ങളിലായിരുന്നു കൊങ്കിണികൾ തിങ്ങി താമസിച്ചിരുന്നത് എന്ന വസ്തുത തെളിയിക്കുന്നതും അതുതന്നെയാണ്. ഗൗഡ സാരസ്വത ബ്രാഹ്മണരും അവ രുടെകൂടെ വന്ന ശൂദ്രരായ കുഡുംബികളും അടങ്ങിയവരെയാണ് കൊങ്കിണികൾ എന്ന് വിശേഷിപ്പിക്കുന്നത്. അവരിവിടെ വ്യാപാര രംഗത്ത് ഉയർന്നുവന്നുവെങ്കിലും സാമൂഹികമായ സ്വാംശീകരണം ഉണ്ടായില്ല. തങ്ങളുടെ ഭാഷയും സംസ്കാരവും കൈവിടാതെ തനതു വ്യക്തിത്വം നിലനിർത്തിയ അടച്ച സമൂഹമായിരുന്നു. എന്നിരുന്നാലും സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ അവർ വ്യക്തി മുദ്ര പതിപ്പിച്ചിരുന്നു. മുകുന്ദ മല്ലർ തലശ്ശേരി മുൻസിപ്പാലിറ്റി ചെയർമാനായി ഇരുന്നിട്ടുണ്ട്. മലയാളഭാഷയുടെ വ്യാകരണം രചിച്ച രങ്കനാഥ ശേഷഗിരി പ്രഭു തലശ്ശേരിക്കാരനായ കൊങ്കി ണിയായിരുന്നു. തലശ്ശേരിയിലെ ഗൗഡ സാരസ്വത ബ്രാഹ്മണ നായ ആനന്ദ ഷേണായി ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായ ആന്ദതീർഥനായത് ശ്രദ്ധേയമായൊരു സംഭവമായിരുന്നു. വാധ്യാർ ബീഡിയും മുകുന്ദ് ടാക്കീസും എൻ വി ഷേണായി കമ്പനിയും സദാനന്ദ പൈ കമ്പനിയും വാസുദേവ കമ്മത്ത് കമ്പനിയുമൊക്കെ തലശ്ശേരിയുടെ കൊങ്കിണി മുദ്രകളാണ്. ആരാധനയ്ക്ക് അവരു ടേതായ ക്ഷേത്രവും അവരുടേതായ സാമൂഹികാചാരങ്ങളും ഭാഷ യുമൊക്കെയായി വ്യതിരിക്തത പുലർത്തി തദ്ദേശിയരോട് സ്വാംശീകരണം നടക്കാതെ ഇരുന്നവരാണെങ്കിലും മറ്റു സമുദാ യങ്ങളോട് ഉറ്റസൗഹൃദം പാലിക്കാനവർക്ക് കഴിഞ്ഞു. അവരുടെ വ്യതിരിക്തതയോട് വിദ്വേഷം തദ്ദേശിയർക്കുമുണ്ടായിരുന്നില്ല. ആരും ഇവിടെ അന്യരല്ല എന്ന തലശ്ശേരി സംസ്കാരത്തിന്റെ പ്രതിഫലനമാണിത്. കൊങ്കിണി പലഹാരങ്ങൾക്കും അച്ചാറിനും പപ്പടത്തിനും മറ്റുള്ളവർ അവരെ തേടിയെത്തുന്നതും കൊങ്കിണി വ്യാപാരികളുടെ സത്യസന്ധതയെ പുകഴ്ത്തുന്നതും തലശ്ശേരി ഈ അന്യദേശക്കാരെ സ്വന്തമായി കരുതുന്നു എന്നതിന്റെ തെളി

വാണ്.

## ചാലിയരും നെയ്ത്തും

തലശ്ശേരിയുടെ അന്യദേശ സംസ്കാരത്തിന്റെ മറ്റൊരു മുഖ മാണ് ചാലിയർ. കിഴക്കൻ ഭാഗങ്ങളിൽനിന്ന് വന്ന് തലശ്ശേരിയിൽ കുടിയേറിയവരായിരുന്നു അവർ. അവരുടേതായ തെരുവ് സ്ഥാപിച്ച് ഒന്നിച്ച് നെയ്ത്ത് ജോലി ചെയ്യുന്നതുകൊണ്ട് തെരുവ ന്മാർ എന്ന ഒരു വിശേഷണവും അവർക്കുണ്ട്. ബ്രാഹ്മണരെ പോലെ പൂണൂൽ ധരിക്കുന്നവരാണിവർ. എന്നാൽ നേരെ വിപ രീത ദിശയിൽ. തിരുവങ്ങാടുള്ള ചാലിയ തെരുവ് ഒരു കാലത്ത് തറികളുടെ നിരന്തര സംഗീതം പൊഴിച്ചിരുന്നു. ഇന്ന് തറികളുടെ നാദപെയ്ത്ത് നിലച്ചു. നെയ്ത്ത് ആദായകരമല്ലാത്ത ജോലിയാ യി. ദാരിദ്ര്യം അവരുടെ ഇടയിൽ നടമായി. നെയ്ത്ത് ഉപേക്ഷിച്ച് പലരും മറ്റ് ജോലികൾ തേടി.

## മേമൻ സേട്ടുമാർ

വ്യാപാരവശ്യത്തിനായി തലശ്ശേരിയിൽ വന്ന് താമസിച്ച അന്യ ദേശക്കാർ ഏറെയാണ്. ഗുജറാത്തിൽനിന്നുവന്ന ബനിയന്മാർ തല ശ്ശേരിയിലെ വ്യാപാര രംഗത്തുണ്ടായിരുന്നു. എന്നാൽ കോഴി ക്കോടും കൊച്ചിയിലും ഗുജറാത്തികൾ ജീവിക്കുന്നതുപോലെ തലശ്ശേരിയിൽ അവർ സമൂഹമായി ജീവിച്ചില്ല. മെയിൻ റോഡിൽ വാധ്യാർപീടിക അടക്കമുള്ള ഉയർന്ന മാളികക്കെട്ടിടം ഗുജറാത്തി യായ തുളസിദാസ് സേട്ട് നിർമ്മിച്ചതായിരുന്നു. ഗുജറാ ത്തിൽനിന്നും കച്ചിൽനിന്നും വന്ന സിന്ധി പാരമ്പര്യമുള്ള മേമൻ അലായി സേട്ടുമാരാണ് തലശ്ശേരിയുടെ സാമൂഹിക ജീവിതത്തിൽ ഏറെ ചലനങ്ങൾ ഉണ്ടാക്കിയവർ. മുസ്ലിം വ്യാപാരികളായിരുന്ന അവർ, തലശ്ശേരിയിൽ അരി ഇറക്കുമതി ചെയ്യുകയും കുരുമു ളകും സുഗന്ധവ്യഞ്ജനങ്ങളും കയറ്റുമതി ചെയ്യുകയും ചെയ്തു. സ്രാവിന്റെ ചിറകും കോരമത്സ്യത്തിന്റെ വയറ്റിനകത്തെ വെള്ള സഞ്ചിയും ഉണക്കിയത് അവർ ഇവിടെനിന്നും കയറ്റുമതി ചെയ്തി രുന്നു. 19-ാം ശതകത്തിന്റെ ആദ്യ ദശകങ്ങളിലാണ് മേമൻ സേട്ടു മാർ തലശ്ശേരിയിൽ എത്തിയത്. വ്യാപാരത്തിൽ മാത്രം ശ്രദ്ധ ചെലുത്തിയിരുന്ന അവർ മത സാമൂഹിക സേവനങ്ങൾക്ക് ഉദാര മായ ധനസഹായങ്ങൾ നൽകിയിരുന്നു. തലശ്ശേരിയിൽമൂന്ന് പള്ളികൾ അവർ സ്ഥാപിച്ചു. ആലിഹാജി പള്ളി, പിലാക്കൂലുള്ള മഖാം, തലായിയിലെ സേട്ടുവിന്റെ പള്ളി. ഈ പള്ളികൾക്ക് വരു മാനം ലഭിക്കാനായി മെയിൻ റോഡിൽ ധാരാളം പീടികമുറികൾ അവർ സ്ഥാപിച്ചു. ഇന്നും ഈ പള്ളികളുടെ നടത്തിപ്പ് പീടിക മുറികളിലെ വരുമാനം കൊണ്ടാണ്. തലശ്ശേരിയിലെ മേമൻ സേട്ടു

മാരുടെ മായാത്ത മുദ്രയാണിത്. വ്യാപാരത്തിൽനിന്ന് രാഷ്ട്രീയ ത്തിലേക്ക് ശ്രദ്ധ മാറിയ മഹാവ്യക്തിത്വമായിരുന്നു അബ്ദുൽ സത്താർ സേട്ടു. തന്റെ സമ്പത്തിന്റെ വലിയൊരു ഭാഗം മുസ്‌ലിം ലീഗ് സംസ്ഥാപനത്തിനായി അദ്ദേഹം ചെലവഴിച്ചിരുന്നു. പാകി സ്ഥാൻ രൂപീകൃതമായപ്പോൾ അദ്ദേഹം പാക്കിസ്ഥാനിലേക്ക് കുടി യേറി. പാക്കിസ്ഥാന്റെ ഹൈക്കമ്മീഷണറായി അദ്ദേഹം സേവന മനുഷ്ഠിക്കുകയും ചെയ്തു.

## ബിരിയാണി മേമൻ സംഭാവന

തലശ്ശേരിക്കാരുടെ ഭക്ഷണ സ്വാദിന് പാർസി മുഗൾ സ്പർശം നൽകിയത് മേമൻ സേട്ടുമാരായിരുന്നു. ബിരിയാണി വിരുന്നിന്റെ വിഭവമാക്കിയത് മേമൻ സേട്ടുമാരുടെ സംഭാവനയാണ്. സത്താർ സേട്ടു കുടുംബത്തിലെ പ്രധാന പാചകക്കാനായിരുന്ന മൂലമ്പത്ത് അബുഹാജിയെ കച്ചിലേക്കയച്ച് ബിരിയാണി പാകം ചെയ്യുന്നത് പഠിപ്പിക്കുകയായിരുന്നു. കേരളത്തിൽ ബിരിയാണി തലശ്ശേരി വിശേഷതയായത് അങ്ങനെയാണ്. അബുഹാജിയുടെ ശിഷ്യന്മാ രാണ് പിന്നീട് ബിരിയാണിക്ക് പ്രചാരം നൽകിയത്. കേയിമാ രുടെ പലഹാര വൈവിധ്യങ്ങളോടൊപ്പം ബിരിയാണിയും തല ശ്ശേരിയെ ഭക്ഷണ സ്വാദിന്റെ തലസ്ഥാനമാക്കിത്തീർത്തുവെന്ന് പറയാം.

തലശ്ശേരിയുടെ ഇന്നത്തെ ജനസംഖ്യയിൽ ബഹുഭൂരിഭാഗവും അന്യദേശങ്ങളിൽനിന്ന് വന്ന് ഇവിടെ താമസമാരംഭിച്ചവരാണ്. ഗതകാലത്തെ ചില അന്യദേശ സംസ്കാരങ്ങളെ കുറിച്ചു മാത്രം ഈ ലേഖനത്തിൽ പരാമർശിച്ചുവെന്നേയുള്ളൂ. വ്യാപാരാവ ശ്യാർത്ഥവും ഉദ്യോഗ സംബന്ധമായും തലശ്ശേരിയിലെത്തുന്ന അന്യദേശക്കാർ തലശ്ശേരിയിൽ ആകൃഷ്ടരാവുകയും ഇവിട ത്തന്നെ സ്ഥിര താമസമാക്കുന്നതും വർത്തമാനകാല സംഭവമാ ണ്. ആതിഥ്യ മര്യാദയ്ക്കും ശുചിത്വത്തിനും പേരുകേട്ട തലശ്ശേരി ഇന്നത് പൂർണ്ണമായും കാത്തുസൂക്ഷിക്കുന്നുണ്ടോ എന്ന് സന്ദേ ഹിക്കപ്പെടേണ്ടിയിരിക്കുന്നു. തെരുവുകളിലേക്ക് മാലിന്യം വലി ച്ചെറിഞ്ഞ് തലശ്ശേരിയുടെ സൗന്ദര്യത്തെ വികൃതമാക്കുന്നത് അതിന്റെ പരമ്പരാഗത സംസ്കാരത്തിന് വിരുദ്ധമാണ്. രാഷ്ട്രീയ വൈരങ്ങളുടെയും കൊലപാതകങ്ങളുടെയും ഭൂമിയെന്ന ദുഷ്പേരും തലശ്ശേരിയുടെ ഗതകാല പ്രൗഢിക്ക് മങ്ങലേൽപ്പി ക്കുന്നു. എല്ലാ വ്യതിരിക്തതകൾക്കിടയിലും പരസ്പര സൗഹൃദം കാത്തുസൂക്ഷിക്കുകയും വിശാല ഹൃദയത്വ നിലപാടെടുക്കുകയും ചെയ്യുന്ന തലശ്ശേരിയുടെ പാരമ്പര്യത്തെ ഇത്തരം കാർമേഘ ങ്ങൾക്ക് എന്നന്നേക്കുമായി നിഗ്രഹം ചെയ്യാനാവില്ല. തലശ്ശേരി യുടെ വിഹായസ്സിൽ അതിശോഭയോടെ ഈ സാംസ്കാരിക ചൈതന്യം പ്രത്യക്ഷപ്പെട്ടുകൊണ്ടേയിരിക്കും ●

2

# തലശ്ശേരിയുടെ മുസ്‌ലിം പെരുമ

തലശ്ശേരിയിൽ എന്നു മുതലാണ് മുസ്ലീം അധിവാസം ആരംഭിച്ചതെന്നതിനു ചരിത്രപരമായ തെളിവുകളില്ല. എന്നാൽ തലശ്ശേരിയുടെ ലിഖിത ചരിത്രം ആരംഭിക്കുന്നത് തന്നെ 1683 ൽ ഈസ്റ്റിന്ത്യാ കമ്പനി തലശ്ശേരിയിൽ അവരുടെ കച്ചവടകേന്ദ്രം ആരംഭിക്കുന്നതോടെയാണ്. മൂന്നൂറോളം വർഷം നീണ്ടുനിന്ന ബ്രിട്ടീഷ് ബന്ധമാണ് തലശ്ശേരിയെ ചരിത്രപ്രസക്തമാക്കിയത്. ചെന്നൈയിലെ ആർക്കിവീസിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന "ടെലിച്ചറി കൺസൾട്ടേഷൻസ്" - എന്ന സുപ്രധാന രേഖകൾ, അക്കാലത്തെ തലശ്ശേരിയുടെ ചരിത്രത്തിന്റെ താളുകളാണ്. എന്നാൽ തലശ്ശേരിയിൽ മുസ്ലീങ്ങൾ ബ്രിട്ടീഷാഗമനത്തിനു മുമ്പ് തന്നെ അധിവസിച്ചിരുന്നു എന്നനുമാനിക്കാൻ കാരണങ്ങളുണ്ട്. 1342 ൽ മലബാർ തീരങ്ങൾ സന്ദർശിച്ച ഇബ്നു ബത്തൂത്ത എന്ന ലോക സഞ്ചാരി, മലബാറിന്റെ തീരപ്രദേശങ്ങളിലെല്ലാം മുസ്ലീങ്ങളുടെ സാന്നിദ്ധ്യമുണ്ടെന്ന് വിവരിച്ചിട്ടുണ്ട്. പോർച്ചുഗീസ് ദ്വിഭാഷിയും, വ്യാപാര പ്രതിനിധിയുമായി 1500 മുതൽ 1515 വരെ കണ്ണൂരിനും കോഴിക്കോടിനുമിടയിൽ സഞ്ചരിച്ച പോർച്ചുഗീസു കാരനായ ദൂരത്ത് ബർബോസ തലശ്ശേരിയുടെ ഉൾഭാഗങ്ങളിൽ മുസ്ലീം വ്യാപാരികളുടെ സാന്നിദ്ധ്യത്തെ സൂചിപ്പിച്ചിരുന്നു. ഈ ഉൾഭാഗം തിരുവങ്ങാടാകാനാണ് സാദ്ധ്യത. കോട്ടയമാണെന്നഭിപ്രായപ്പെടുന്നവരുമുണ്ട്. എന്നാൽ തലശ്ശേരിയിലെ പഴയ മുസ്ലീം തറവാടുകളെല്ലാം തിരുവങ്ങാട് ദേശത്താണ് സ്ഥിതിചെയ്തിരുന്നത് എന്ന വസ്തുത തെളിയിക്കുന്നത്, നൂറ്റാണ്ടുകൾക്ക് മുമ്പ്

തലശ്ശേരിയിലെ  മുസ്ലീം അധിവാസം അവിടെ ആയിരുന്നു എന്നതാണ്. ഭൂസർവ്വേയിൽ ഇന്നും തലശ്ശേരി, തിരുവങ്ങാട്, തലശ്ശേരി ദേശങ്ങളായി വിഭജിക്കപ്പെട്ടാണ് കിടക്കുന്നത്. തല ശ്ശേരി ദേശത്ത് പിന്നീട്, ബ്രിട്ടീഷ് ആധിപത്യാനന്തരമാണ് മുസ്ലീം വാസം  ആരംഭിച്ചത്.

## സമൂഹക്രമം

ദുരോത്ത് ബർബോസ മലബാർ തീരത്തെ മുസ്ലീങ്ങളെ പലജാതികളായാണ് വിവരിച്ചിരിക്കുന്നത്. വ്യാപാരികളായ മുസ്ലീങ്ങളിൽ അറബികളും മാപ്പിളമാരും ഉൾപ്പെടുന്നു. മാപ്പിളമാർ ചേരമാൻ പെരുമാളിന്റെ മത പരിവർത്തനാനന്തരം ഇസ്ലാമിലേക്ക് വന്ന അദ്ദേഹത്തിന്റെ  ബന്ധുജനങ്ങളായ ക്ഷത്രിയരായിരുന്നു. പിന്നീടവർ വ്യാപാരികളായിത്തീരുകയും എന്നും, വ്യാപാരത്തിനു പുറത്തുപോകുന്നതിനാൽ കുട്ടികൾ ഉമ്മമാരുടെ പരിരക്ഷണ ത്തിൽ കഴിഞ്ഞ ഉമ്മ മാപ്പിളമാരായി തീർന്നുവെന്നുമള്ള അനു മാനം ഇതു സംബന്ധമായുണ്ട്. വ്യാപാരികളല്ലാത്തവർ, പൂയിസി ലാന്മാർ (നവ മുസ്ലീങ്ങൾ), ഒസാൻമാർ (ക്ഷുരകർ),  മീൻ പിടുത്ത ക്കാർ, ഖസായികൾ(ഇറച്ചിവെട്ടുകാർ) എന്നിങ്ങനെ വിഭജിക്ക പ്പെട്ടിരിക്കുന്നു. ഈ വിഭജനക്രമത്തിൽ തന്നെയായിരുന്ന മുസ്ലീ ങ്ങൾ തലശ്ശേരിയിൽ ജീവിച്ചിരുന്നത്. നായർ തറവാടുകളിൽ നിന്ന് ഇസ്ലാം ആശ്ലേഷിച്ച മാപ്പിള വ്യാപാരി സമൂഹമായിരുന്നു പ്രബല മായ സമൂഹം. അവർ തിരുവങ്ങാട് കേന്ദ്രീകരിച്ചു താമസിച്ചതിന്റെ കാരണവും അതുതന്നെയായിരുന്നു. തിരുവങ്ങാടിന്റെ ചരിത്ര ത്തിന്റെ ഭാഗമാണ് തലശ്ശേരിയിലെ പ്രാചീന മുസ്ലീങ്ങൾ.

## കേയിമാർ

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി തലശ്ശേരിയിൽ അവരുടെ കച്ചവട കേന്ദ്രം ആരംഭിച്ചതോടെ, തിരുവങ്ങാടിനേക്കാൾ, തലശ്ശേരി ദേശത്തിന് വ്യാപാര പ്രാധാന്യം കൈവന്നു. തുടക്ക ത്തിൽ തലശ്ശേരിയിലെ തീയ്യൻമാരുമായിട്ടായിരുന്നു ബ്രിട്ടീഷു കാരുടെ വ്യാപാര സൗഹൃദം. ഇന്ന് സേക്രഡ് ഹാർട്ട് കോൺവെന്റ് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം സി. കെ രേവതിയമ്മയുടെ അച്ഛൻ കാരായി ബാപ്പുവിന്റെ ഗോഡൗണായിരുന്നു. ക്രമേണ മുസ്ലീം വ്യാപാരികൾ തലശ്ശേരി വ്യാപാരസാദ്ധ്യതയുള്ള സ്ഥലമാണെന്ന് മനസ്സിലാക്കി തലശ്ശേരിയിൽ വ്യാപാരകേന്ദ്രങ്ങൾ ആരംഭിച്ചു. പെരിങ്ങത്തൂരിൽ നിന്നും മറ്റും വന്നവർ അവരുടെ കച്ചവട പീടികക്കുമുകളിൽ തന്നെ കുടുംബസമേതം താമസി ക്കുകയും ചെയ്തു. അതുകൊണ്ട് മുസ്ലീങ്ങളുടെ വാസസ്ഥലം

പീടിക എന്ന പേരിൽ അറിയപ്പെട്ടു. ഇതേപോലെ കണ്ണൂരിലെ ചൊവ്വയിൽ നിന്ന് തലശ്ശേരിയിലെ വ്യാപാര സാദ്ധ്യത കണ്ടെത്തി ഇവിടേക്ക് വന്ന ആലുപ്പിക്കാക്കയുടെ കുടുംബമാണ് പിന്നീട് കേയിമാർ എന്ന നിലയിൽ തലശ്ശേരിയിൽ പ്രശസ്തരായ മുസ്ലീങ്ങൾ. തലശ്ശേരിയിൽ നേരത്തെ ഉണ്ടായിരുന്ന വ്യാപാര പ്രമുഖരായ കുടുംബങ്ങൾ ഇവരെ അംഗീകരിക്കാനൊരുക്കമുണ്ടായിരുന്നില്ല. ചില കുടുംബങ്ങൾ ആലുപ്പിക്കാക്കയുടെ കല്ല്യാണലോചന വരെ തിരസ്കരിച്ചു. അതുകൊണ്ട് തന്നെ അവർക്കുവേണ്ടി പ്രത്യേകപള്ളി പണിയേണ്ടി വന്നിരുന്നു. എന്നാൽ ഈ പ്രാന്തവൽക്കരണം അവരെ ശക്തരാക്കുകയാണുണ്ടായത്. ബ്രിട്ടീഷ് ഈസ്റ്റിന്ത്യകമ്പനിയുമായി അടുത്ത വ്യാപാരബന്ധങ്ങളുള്ള ആലുപ്പിക്കാക്കക്കും, അദ്ദേഹത്തിന്റെ അനന്തരവൻ മൂസ്സക്കാക്കക്കും പ്രത്യേക സ്ഥാനങ്ങളുണ്ടായതുകൊണ്ട് അവർ തലശ്ശേരിയുടെ അനിവാര്യ സാന്നിദ്ധ്യമാവുകയായിരുന്നു. പിന്നീട് തലശ്ശേരിയുടെ മുസ്ലീം ചരിത്രം കേയി ചരിത്രമായി പരിണമിക്കുന്നതും അങ്ങനെയാണ്. നേരത്തെ തലശ്ശേരിയിലുണ്ടായിരുന്ന മുസ്ലിം സംസ്കാരത്തെയും, ആചാരങ്ങളെയും ആഹാരവിഭവങ്ങളെയും സ്വാംശീകരിച്ച് അത് അവരുടേതാക്കുകയും, കേയിമാർ തലശ്ശേരിയുടെ പെരുമയാവുകയും ചെയ്തതിന്റെ ചരിത്രമാണ് പിന്നീടുണ്ടായ തലശ്ശേരി മുസ്ലീം ചരിത്രം.

## വ്യാപാര പെരുമ

തലശ്ശേരിയുടെ ചരിത്രാതീതകാല മുസ്ലീങ്ങളും, പിന്നീട് വന്ന മുസ്ലീങ്ങളും തലശ്ശേരിയുടെ വ്യപാരാഭിവൃദ്ധിക്ക് കാരണക്കാരായിരുന്നു. നേരത്തെ ഉണ്ടായിരുന്ന മുസ്ലീം വ്യാപാരികൾ തിരുവങ്ങാട് ദേശത്ത് താമസിച്ച് കോട്ടയത്തും ധർമ്മടത്തും കച്ചവടം നടത്തി. പിന്നീട് വന്ന കേയിമാർ തലശ്ശേരിയിലെ വ്യാപാരകുത്തകക്കാരായി. ഗുജറാത്തിലെ കച്ചിൽ നിന്നു വന്ന മേമൻ സേട്ടുമാരും തലശ്ശേരിയിലെ മുസ്ലീം വ്യാപാര പെരുമയുടെ ഭാഗമായി. ഇവരെല്ലാം പൊതുവെ ചെയ്ത വ്യാപാരം സുഗന്ധ ദ്രവ്യങ്ങളായിരുന്നു. വിശേഷിച്ചും കുരുമുളക്. കുരുമുളക് വ്യാപാരത്തിന്റെ രാഷ്ട്രീയമായിരുന്നു ബ്രിട്ടീഷുകാരെ പഴശ്ശി രാജാവിനെതിരെ യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ച ഘടകം. മൈസൂർ സുൽത്താൻമാർ തലശ്ശേരി പിടിച്ചടക്കാൻ ശ്രമിച്ചതും ഇക്കാരണത്താലായിരുന്നു. പഴശ്ശിക്കനുകൂലമായും, ടിപ്പുവിനെതിരായും പരസ്പര വിരുദ്ധമായ നിലപാടുകൾ മൂസക്കാക്ക എടുത്തതും വ്യാപാര രാഷ്ട്രീയത്തിന്റെ ഭാഗമായിരുന്നു. കുരുമുളക്, ചുക്ക്,

കറപ്പ, കറാമ്പ് എന്നിവ തലശ്ശേരിയിൽ നിന്ന് കയറ്റുമതി ചെയ്യപ്പെട്ട പ്പോൾ പ്രധാന ഇറക്കുമതി അരിയായിരുന്നു. ഇന്നും ലോക ത്തിലെ മികച്ച കുരുമുളക് അറിയപ്പെടുന്നത് ടെലിച്ചറി പെപ്പർ എന്ന് ആണ്. ഈ പ്രശസ്തിയും തലശ്ശേരി മുസ്ലീം (വിശിഷ്യാ കേയി) പെരുമയുടെ ഭാഗമാണ്.

## ആഹാര പെരുമ

തലശ്ശേരി ബിരിയാണിക്കും വൈവിധ്യമാർന്ന അപ്പത്തര ങ്ങൾക്കും പ്രസിദ്ധമാണ്. തലശ്ശേരിയുടെ ഈ ഭക്ഷണപ്രശസ്തി മുസ്ലീം സംഭാവനയാണ്. പുതിയാപ്ലിള സൽക്കാരങ്ങളുടെ ഭാഗമാ യിട്ടാണ് അപ്പത്തരങ്ങളുടെ വൈവിധ്യമുണ്ടായത്. വളരെ നേരത്തെ തന്നെ നെയ്ച്ചോർ തലശ്ശേരിയിലെ മുസ്ലീം കുടുംബങ്ങളിൽ പതിവായിരുന്നു. അതിനുള്ള സുഗന്ധ അരി വന്നത് വയനാട്ടിൽ നിന്നാണ്. പേട്ട അരിയെന്നായിരുന്നു അറിയപ്പെട്ടത്. ബിരിയാണി ഒരു വിദേശവിശിഷ്യ പേർഷ്യൻ ഭക്ഷണമാണ്. ഗുജറാത്തിലും മറ്റും നേരത്തെതന്നെ പേർഷ്യൻ ബിരിയാണിയുണ്ടായിരുന്നു. തലശ്ശേരിയിൽ സത്താർ സേട്ടുവിന്റെ പിതാവ് ഹാജി ഇസ്ഹാഖ് സേട്ടു ആയിരുന്നു. അദ്ദേഹത്തിനു പരിചിതമായ ബിരിയാണി തലശ്ശേരിയിൽ പാചകം ചെയ്യാനാവുമോ എന്ന് പരീക്ഷിച്ചത് തന്റെ പാചകക്കാരൻ മൂലാമ്പത്ത് അബ്ദുവിനെ കച്ചിൽ പറഞ്ഞയച്ച് ബിരിയാണി പാചകം പഠിച്ചുവരാൻ ഏർപ്പാട് ചെയ്തു. അബ്ദു വാണ് ആദ്യമായി തലശ്ശേരിയിൽ പേട്ട അരി ഉപയോഗിച്ച് ബിരി യാണി പാചകം ചെയ്തത്. പിന്നീട് കുറേക്കാലം അബ്ദുവിന്റെ ശിഷ്യൻമാരായിരുന്നു തലശ്ശേരിയിലെ ബിരിയാണിയിലെ പാചക ക്കാർ. സമ്പന്ന കുടുംബങ്ങളിൽ മാത്രമായിരുന്നു അന്ന് ബിരി യാണി വിളമ്പിയിരുന്നത്. ചൊവ്വക്കാരൻ കേയിമാർ തലശ്ശേരി യുടെ സംസ്കാരം സ്വാംശീകരിച്ചതുപോലെ തലശ്ശേരിയുടെ എല്ലാ ഭക്ഷണരീതികളും അവരുടേതാക്കി. ബിരിയാണി മാത്രമല്ല അറബി ഭക്ഷണമായ അലിസയും വിരുന്നിലെ പ്രധാന ആഹാര വിഭവമായിരുന്നു. മുട്ടമാല എന്ന മധുര പലഹാരം, തലശ്ശേരിയുടെ തനത് വിഭവമാണ്. ഒരു സമ്പന്നവിരുന്നിന്റെ അനിവാര്യഘടക ങ്ങളായിരുന്നു മുട്ടമാലയും, അലിസയും ബിരിയാണിയും. അതിനു പുറമെ ഇറച്ചിപ്പത്തൽ, കോഴിയട, ഉന്നക്കായ, പുളിവാരൽ, കൈവീശൽ, മുട്ടസിർക്ക, അരി ഒറോട്ടി, തുടങ്ങി ഒരുപാട് വിഭ വങ്ങൾ സുപ്രയെ അലങ്കരിച്ചിരുന്നു. (സുപ്ര എന്നായിരുന്നു പായയിൽ തുണിവിരിച്ച് ആഹാരമൊരുക്കുന്നതിനെ വിശേ ഷിപ്പിച്ചിരുന്നത്). സുപ്രയിടാൻ മുസ്ലീം സമ്പന്ന വീടുകളുടെ പുറ ത്ത് കനാത്തറകൾ ഉണ്ടായിരുന്നു. നോമ്പുതുറകളും

സമൃദ്ധവിരുന്നുകളൊരുക്കി ആഘോഷിച്ചിരുന്നു. കല്ലുമ്മക്കായ അരി നിറച്ച് ആവിയിൽ പുഴുങ്ങി പിന്നീട് പൊരി ച്ചെടുക്കുന്ന രീതിയും മുസ്ലീം സംഭാവനയാണ്.

## ആചാരപെരുമ

ഇസ്ലാം മത വിശ്വാസികളാണെങ്കിലും തദ്ദേശീയ ആചാരാനുഷ്ഠാനങ്ങൾ, മതവിരുദ്ധമല്ലാത്ത വിധത്തിലോ, അല്ലെങ്കിൽ മതാംശം കലർത്തിയോ മുസ്ലീംങ്ങൾ ആചരിച്ചിരുന്നു. കോൽക്കളി ഒരു ഹിന്ദു അനുഷ്ഠാനകലയായിരുന്നു. എന്നാൽ കളിയിലെ ഗുരുക്കൻമാർ ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്തുവന്നപ്പോൾ കളിയിലെ പാട്ടുകൾ പ്രവാചക മഹിമകളെക്കുറിച്ചായി. ചില മതകാര്യങ്ങളെ തദ്ദേശീയമായ ആഘോഷങ്ങളാക്കി മാറ്റുകയും ചെയ്തിരുന്നു. കേരളത്തിൽ പൊതുവെ കണ്ടുവരുന്ന ഈ പ്രവണത തലശ്ശേരിയിലെ മുസ്ലീംങ്ങളുടെ ഇടയിലും കണ്ടുവരുന്നു. കുടുംബം, വിവാഹം, ഗർഭം, പ്രസവം, മരണം, മതം എന്നിവയെ അടിസ്ഥാനമാക്കിയാണ് ആചാരങ്ങൾ നിലവിലുള്ളത്. കുടുംബം മരുമക്കത്തായ രീതിയിലായിരുന്നു. സ്ത്രീകളായിരുന്നു പിന്തുടർച്ചക്കാർ. സ്ത്രീകളുടെ സഹോദരൻമാരായിരുന്നു കാരണവൻമാർ. ഇത് ഇസ്ലാമിക രീതിയല്ല. പിന്നീട് ശരീഅത്ത് നിയമം മലബാറിലും ബാധകമാക്കപ്പെട്ടതോടെയാണ് തലശ്ശേരിയിലും മരുമക്കത്തായം അല്ലാതായത്. എന്നിരുന്നാലും പ്രാചീന താവഴി കുടുംബങ്ങളിലെ സ്വത്തുവിഭജനം പഴയ രീതിയിൽ തുടർന്നു. കൂട്ടുകുടുംബം എന്നത് പെൺമക്കളും അവരുടെ ഭർത്താക്കൻമാരും ചേർന്നുള്ള കുടുംബമായിരുന്നു. വർത്തമാനകാലത്ത് ബഹുഭൂരിഭാഗവും അണുകുടുംബങ്ങളായി. എന്നിരുന്നാലും വിവാഹം കഴിഞ്ഞാൽ വരൻ വധുവിന്റെ വീട്ടിൽപോകുന്ന പതിവ് തുടരുന്നു. വിവാഹവുമായി ബന്ധപ്പെട്ട് ഒരു പാട് ആചാരങ്ങൾ നിലവിലുണ്ടായിരുന്നു. പരിഷ്കാരശ്രമങ്ങളുടെ ഫലമായി പലതും നിർത്തലാക്കപ്പെട്ടു.

ഗർഭവും പ്രസവവുമായി ബന്ധപ്പെട്ട് പല ആചാരങ്ങളും ആഘോഷങ്ങളും നിലവിലുണ്ടായിരുന്നു. പലതും ഒഴിവായെങ്കിലും ചിലത് വലിയ ആർഭാടങ്ങളൊന്നുമില്ലാതെ തുടരുന്നുണ്ട്. ഗർഭകാലത്തെ ഗർഭത്തക്കാരം, പ്രസവം കഴിഞ്ഞുള്ള നാൽപ്പത്കുളി(നാപ്പോളി) എന്നിവ ഇപ്പോഴും തുടരുന്നുമുണ്ട്. ഗർഭകാലത്ത് ഗർഭിണിയുടെ വീട്ടിലേക്ക് കൊടുത്തയക്കുന്ന പലഹാരമാണ് കുഞ്ഞിക്കലത്തപ്പം. പലഹാരത്തിൽ നടുവിൽ എങ്ങനെയാണ് വെന്തിരിക്കുന്നത് എന്ന് നിരീക്ഷിച്ച് കുട്ടി ആണോ പെണ്ണോ എന്ന് പ്രവചിക്കുന്നവർവരെയുണ്ടായിരുന്നു..!

പെൺകുട്ടികളുടെ കാത്കുത്ത് ഒരു കല്ല്യാണമായും ആൺകുട്ടികളുടെ ചേലാ കർമ്മം സുന്നത്ത് കല്ല്യാണമായും ആഘോഷിച്ചിരുന്നു. മരണം കഴിഞ്ഞുള്ള ചാവടിയന്തരങ്ങൾക്കും കുറവുണ്ടായിരുന്നില്ല. മൂന്നാംദിവസം ദുആ ഇരക്കൽ നടത്തുന്നു. 40–ാം ദിവസവും ആചരിക്കുന്നു. ചരമവാർഷികവും (ആണ്ട്) ഈ ചടങ്ങുകൾക്ക് ബന്ധുക്കളെ ക്ഷണിച്ചുവരുത്തി മൗലീദ് പാരായണാനന്തരം ഇറച്ചിച്ചോർ വിരുന്നായി നൽകിയിരുന്നു.

ശഅബാൻ മാസത്തിലെ 15–ാം ദിവസം ബറാത്ത് എന്ന പേരിൽ ആഘോഷിച്ചിരുന്നു. മുഹർറ മാസം പത്തുദിവസങ്ങൾ തലശ്ശേരിയിൽ ഉർദു സംസാരിക്കുന്ന ദഖനി മുസ്ലീങ്ങളിൽ നിന്നായിരുന്നു ഈ ആചാരം പകർന്നു കിട്ടിയത്. ദഖ്നികൾ 7–ാം ദിവസം പഞ്ചയും 10–ാം ദിവസം താസിയ (കൂടാരം) ഘോഷയാത്രകൾ നടത്തിയിരുന്നു. നോമ്പ് പെരുന്നാളുകൾ ഇസ്ലാമിക ആചാരങ്ങൾ തന്നെയായിരുന്നു. എന്നാൽ നോമ്പ് തുറ, അത്താഴം എന്നിവയ്ക്ക് തലശ്ശേരിയുടെ തനിമ ഉണ്ടായിരുന്നു. തലശ്ശേരിയിലെ നോമ്പുതറ വിഭവങ്ങൾ ഏറെ പ്രസിദ്ധമാണ്. മട്ടാമ്പുറം പള്ളിയിലെ നേർച്ചകളും ആചാര പ്രധാനമായിരുന്നു; ശഅബാസ് കലന്തർ എന്ന പുണ്യവാളന്റെ ആണ്ട് നേർച്ചയാണ് പ്രധാനം. ചാലിൽ തെക്ക്യാവിലെ റിഫാഇ ആണ്ടുനേർച്ചയും പ്രസിദ്ധമാണ്. ദഖ്നി മുസ്ലീംകൾ കന്തൂരിനേർച്ചയും നടത്തിയിരുന്നു.

## സാഹിത്യപെരുമ

വ്യാപാര സംസ്കാരത്തിനതീതമായി തലശ്ശേരിയിൽ മുസ്ലീംങ്ങൾ മത–സാഹിത്യ സംസ്കാരത്തിന്റെ പാരമ്പര്യം സ്ഥാപിച്ചിരുന്നു. ഖാദിരിയ തരീഖത്ത് എന്ന് വിശേഷിപ്പിക്കപ്പെടുന്ന സൂഫി വഴി തലശ്ശേരിയിലെ തീരപ്രദേശങ്ങളിൽ ആഴമായ സ്വാധീനം ചെലുത്തിയിരുന്നു. സൂഫി ചിന്ത പ്രതിഫലിക്കുന്ന ശബീന പാട്ടുകൾ രചിക്കുകയും, അവ ആലപിക്കുകയും ചെയ്യുക എന്നത് തീരപ്രദേശത്തിലെ സാധാരണ കാഴ്ചയായിരുന്നു. പി. കുട്ട്യാലി രചിച്ച 'സ്വലാത്ത് മാല' ഒരു സൂഫി കാവ്യമായിരുന്നു.

മുസ്ലീം പ്രസിദ്ധീകരണങ്ങൾക്ക് വഴിതെളിയിച്ച് മുൻഗാമിയായതും തലശ്ശേരി ആയിരുന്നു. 1868 ൽ തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ ഒരു അച്ചടിയന്ത്രം സ്ഥാപിച്ചപ്പോൾ തലശ്ശേരിയിലെ തീക്കൂക്കിൽ കുഞ്ഞഹമ്മദ് അവിടെ ചെന്ന് അച്ചടി പഠിക്കുകയും തന്റെ വീട്ടിൽ ഒരു പ്രസ് ആരംഭിക്കുകയും ചെയ്തു. ഖുർആൻ കോപ്പിക ളായിരുന്നു ആദ്യമായി അച്ചടിച്ചത്. പിന്നീട് പൊന്നാനിയിൽ പ്രസ്സ് സ്ഥാപിച്ചത് തലശ്ശേരിയിലെ തന്നെ അണിയാപുരത്ത് അമ്മുവായിരുന്നു.

അരയാലിപ്പുറത്ത് കുഞ്ഞഹമ്മദ്, നീരാറ്റിപീടിക കുഞ്ഞമ്മഹമ്മദ്, പാലിക്കണ്ടി കുഞ്ഞാമു, അരയാലിപ്പുറത്ത് തുടങ്ങി നിരവധിപേർ തലശ്ശേരിയിൽ പ്രസിദ്ധീകരണ രംഗത്തുണ്ടായിരുന്നു. അറബി–മലയാള സാഹിത്യകൃതികളുടെ മുദ്രണം ഒട്ടുമിക്കവാറും തല ശ്ശേരിയിൽ നിന്നായിരുന്നു.

ആദ്യകാല മാപ്പിള സാഹിത്യപ്രതിഭകൾ തങ്ങളുടെ പേരുകൾ വെയ്ക്കാതെയായിരുന്നു കൃതികൾ പ്രസിദ്ധീകരിച്ചത്. മുഅജ്ജീസാത്ത് മാല, തൃക്കല്ല്യാണപാട്ട്, ഖിസ്സപ്പാട്ട് തുടങ്ങിയ നിരവധി പ്രസിദ്ധകാവ്യങ്ങൾ തലശ്ശേരിക്കാരാൽ എഴുതപ്പെട്ട് തലശ്ശേരിയിൽ പ്രസിദ്ധീകരിച്ചവയായിരുന്നു.

അറബിമലയാള സാഹിത്യത്തിലെ പ്രഥമ പരിഗണ നാർഹമായ കപ്പപ്പാട്ടിന്റെ രചയിതാവ്, തലശ്ശേരിയിലെ കുഞ്ഞാ യൻമുസ്ല്യാരായിരുന്നു. കേയീവംശജനായ മായൻകുട്ടി എളയ കവിയും ഗ്രന്ഥകാരനുമായിരുന്നു. ലിഖാമാല, ദബിഹ്മാല. തർഖീബത്ത് മാല തുടങ്ങിയ കാവ്യകൃതികൾ അദ്ദേഹത്തിന്റേ തായിരുന്നു. വിശുദ്ധ ഖുർ ആൻ വ്യാഖ്യാനകൃതിയുടെ പരിഭാഷയായിരുന്നു അദ്ദേഹത്തിന്റെ മഹത്തരമായ സംഭാവന. മൊയ്തു ബിൻ അബ്ദുറഹ്മാൻ, പൊറാടത്തിൽ കുഞ്ഞിമൂസ മുസല്യാർ, മുഹയദ്ദീൻവൈദ്യർ, മേലെക്കണ്ടി അബ്ദു, മൂലാ മ്പത്ത് കുഞ്ഞാമു, പുത്തൻപുരയിൽ കുട്ട്യാലി തുടങ്ങിയവർ അറ ബി–മലയാള ഗദ്യകാവ്യ രചനകൾ രചിച്ചവരായിരുന്നു. ഡോ . പി മമ്മ മാഹിനലി, ഒ. അബു, ടി.പി കുട്ട്യാമു സാഹബ് തുടങ്ങി യവർ വിവിധതലങ്ങളിൽ കൃതികൾ രചിച്ച് പ്രസിദ്ധരായ തലശ്ശേ രിക്കാരായിരുന്നു. മാപ്പിള സാഹിത്യോപാസകരും, സർഗപ്രതിഭ കളും ഉയർത്തിപ്പിടിച്ച സാംസ്കാരിക ദീപശിഖ പിന്നീട് ദുർബല ഹസ്തങ്ങളിലേക്കായിരുന്നു കൈമാറപ്പെട്ടത് ●

# 3

# തലശ്ശേരിയുടെ പാചക മജ

## തലശ്ശേരി ബിരിയാണി

ബിരിയാണിയുടെ വകഭേദങ്ങൾ സംസ്ക്കാരവും സ്ഥലവുമായി ബന്ധപ്പെട്ടാണ് അറിയപ്പെടുന്നത്. മുഗൾ ബിരിയാണി മുഗളവംശത്തിന്റെ ഭക്ഷണ സംസ്കാരവുമായി ബന്ധപ്പെട്ടതാണ്. സ്ഥലനാമവുമായി ബന്ധപ്പെട്ട് പ്രസിദ്ധമായത് ഹൈദരബാദ് ബിരിയാണിയാണ്. തമിഴ്നാട്ടിലും ബാംഗ്ലൂരിലും പ്രസിദ്ധമായ ബിരിയാണി വാണിയമ്പാടി ബിരിയാണിയാണ്. കേരളത്തിലാകട്ടെ തലശ്ശേരി ബിരിയാണിയും. ഇവയിലെല്ലാം നിറഞ്ഞു നിൽക്കുന്ന പൊതുഘടകം, ബിരിയാണി മുസ്‌ലിം സംസ്കാരവുമായി ബന്ധപ്പെട്ടതാണ് എന്നതാണ്. ബിരിയാണിക്ക് പകരമായോ പര്യായമായോ ഉപയോഗിക്കുന്ന മറ്റൊരു പദമുണ്ട്. പുലാവ്. ബിരിയാണിയും പുലാവും ഒന്നുതന്നെയാണോ? പേർഷ്യ പുലാവിനൊപ്പം ഇന്ത്യൻ മസാല ചേർത്തപ്പോഴാണ് ബിരിയാണി ഉണ്ടായതെന്ന് ചിലർ വിശദീകരിക്കാറുണ്ട്.

എന്നാൽ ബിരിയാണിയും പുലാവും രണ്ടു വിഭിന്ന ഭാഷകളിൽനിന്നും സംസ്കാരങ്ങളിൽനിന്നും വന്നതാണ്. അവിടെ അവയെ ഏകീകരിക്കുന്നത് മുസ്ലിം സംസ്കാരമാണ്. ബിരിയാണി പേർഷ്യനും പുലാവ് തുർക്കിയുമാണ്. മുഗളരുടെ ആഗമനത്തോടെയാണ് ഇവ രണ്ടും ഇന്ത്യയിലെത്തിയത്. ബിരിയൻ എന്ന മൂലപദത്തിൽ നിന്നാണ് ബിരിയാണിയുടെ ഉത്ഭവം. പ്രസ്തുത പേർഷ്യൻ പദത്തിന് നെയ്യിൽ വറുക്കുക എന്നാണർത്ഥം. പാചകവേളയിൽ അരി നെയ്യിൽ വറുത്തെടുത്ത് ഉപയോഗിക്കുന്നതുകൊണ്ടാണ് അങ്ങനെ പേരുവന്നത്. യഥാർത്ഥത്തിൽ ഇത് ഫ്രൈഡ് റൈസാണ്. അതിൽ പ്രത്യേക മസാലയിൽ വേവിച്ച ഇറച്ചി

ചേർക്കുമ്പോഴാണ് ബിരിയാണിയാകുന്നത്. പുലാവിൽ അരി പകുതി വേവിച്ച് മസാലക്കൂട്ട് ചേർത്ത്, 'ദമ്മിൽ'വെച്ച് പാചകം ചെയ്തെടുക്കുകയാണ് ചെയ്യുന്നത്. ഹൈദരബാദി, വാണിയമ്പാടി ബിരിയാണികൾ യഥാർത്ഥത്തിൽ പുലാവുകളാണ്. അരി വേവിക്കുന്നതിൽ മാത്രമല്ല മസാലക്കൂട്ടിലും വ്യത്യാസം കാണാം. മുഗളരുടെ കാലത്തുണ്ടായ വേർതിരിവ് ക്രമേണ ഇല്ലാതായി പുലാവ് ബിരിയാണിയായി മാറിയതാണ്. അത് മാത്രമല്ല പുലാവിന്റെ രുചിയാണ് ഇന്ത്യക്കാർക്ക് പൊതുവെ ഇഷ്ടമായത്. യഥാർത്ഥ പേർഷ്യൻ ബിരിയാണിക്ക് ഒരൽപം മധുര രസമാണ്. അസ്സൽ ബിരിയാണിയിൽ ധാരാളം സവാള (വലിയ ഉള്ളി)യും പച്ചമുളകും ഇഞ്ചിയും, വെള്ളുള്ളിയും, തൈരും ഉപയോഗിച്ചാണ് ഇറച്ചി മസാല ഉണ്ടാക്കുന്നത്. ഇതിൽ ഗരം മസാലയും ചേർക്കുന്നു. നെയ്യിൽ വറുത്ത് മുക്കാൽഭാഗം വെന്ത അരി മസാലയിൽ ചേർത്ത് ദം പാചകം ചെയ്താണ് പേർഷ്യൻ ബിരിയാണി ഉണ്ടാക്കുന്നത്. തലശ്ശേരി ബിരിയാണി പാചകത്തിൽ യഥാർത്ഥ പേർഷ്യൻ രീതിയാണ് പിന്തുടരുന്നത്.

പുലാവിൽ വെള്ളുള്ളി, ഇഞ്ചി, സവാള, തൈര്, പച്ചമുളക്, കൊത്തമല്ലി, പൊതീന, ചെറുനാരങ്ങനീര്, മുളകുപൊടി എന്നിവ എണ്ണയിൽ വഴറ്റി ഇറച്ചിയും വെള്ളവും ചേർത്ത് വേവിച്ചെടുക്കുന്ന അക്നിയിൽ പാതിവെന്ത അരി ചേർത്ത് 'ദം' പാചകം ചെയ്തെടുക്കുന്നു. ഹൈദരബാദി, വാണിയമ്പാടി ബിരിയാണികളിൽ അൽപം മസാല ചേരുവകളിൽ വിത്യാസമുണ്ടെങ്കിലും ഈ രീതിയാണ് പിൻപറ്റുന്നത്. ചുവന്ന മുളകും മഞ്ഞളും ബിരിയാണി മസാലയിൽ ചേർന്നത് ഇന്ത്യൻ സ്വാധീനമാണ്. മസാലയിൽ തക്കാളി ഒരു ചേരുവയാകുന്നത് പിൽക്കാലത്താണ്.

ധാരാളം ഇഞ്ചിയും വെള്ളുള്ളിയും ഉപയോഗിക്കുന്നതുകൊണ്ട് ബിരിയാണി ആരോഗ്യദായകമാണ്. ഇറച്ചിയുടെ പാർശ്വഫലങ്ങൾ ഒഴിവാകുന്നു. തലശ്ശേരി ബിരിയാണിക്ക് സാഹിത്യമാനം നൽകിയത് ആനന്ദാണ്. അദ്ദേഹത്തിന്റെ നോവലിൽ പാരീസ് ഹോട്ടലിലെ ബിരിയാണിയാണ് പരാമർശവിധേയമാക്കുന്നത്. തലശ്ശേരി ബിരയാണിയുടെ ചേരുവകൾ അദ്ദേഹം നോവലിൽ നൽകുന്നുണ്ട്. നോവലിസ്റ്റ് പുനത്തിൽ കുഞ്ഞബ്ദുള്ളയും പാരീസ് ഹോട്ടലിലെ പുഴുങ്ങിയ മുട്ട പൂഴ്ത്തിയ ബിരിയാണി തിന്ന മജ അനുസ്മരിച്ചിട്ടുണ്ട്.

കേരളത്തിൽ മറ്റെവിടെയും ഇല്ലാതെ തലശ്ശേരിയിൽ മാത്രം ബിരിയാണി എങ്ങനെയെത്തി എന്നന്വേഷിക്കുന്നത് ഉചിതമായിരിക്കും. തിരുവിതാംകൂർ, കൊച്ചി, മലബാർ ഉൾപ്പെടുന്ന ദക്ഷിണേന്ത്യയുടെ പ്രദേശത്ത് മുഗൾ സ്വാധീനമില്ലായിരുന്നു. അതുകൊണ്ട് മുഗൾ വിഭവങ്ങൾ ഈ പ്രദേശത്ത് അന്യമായിരുന്നു. തലശ്ശേരിയിൽ വ്യാപാരത്തിനെത്തിയ കച്ച് മേമൻ സാന്നിധ്യമാണ്

തലശ്ശേരിയിൽ ബിരിയാണിയെത്തിച്ചത്. തലശ്ശേരിയുടെ കച്ച് ബിരിയാണിയാണ് യഥാർത്ഥ പേർഷ്യൻ ബിരിയാണി. പഴയ മുസ്ലിം ലീഗ് നേതാവും പിന്നീട് പാകിസ്ഥാനിലേക്ക് പോയി, പാകിസ്ഥാന്റെ ശ്രീലങ്കയിലെ ഹൈക്കമ്മീഷണറുമായ സത്താർ സേട്ട് സാഹിബിന്റെ പിതാവിന്റെ കാലത്താണ് തലശ്ശേരിയിൽ ബിരിയാണി ആദ്യം രംഗപ്രവേശനം നടത്തുന്നത്. അദ്ദേഹത്തിന്റെ മുഖ്യ പാചകക്കാരനായ അബ്ദുഹാജിയെ ഗുജറാത്തിലെ കച്ചിലേക്കയച്ച് ബിരിയാണിയുടെ ചേരുവകളും പാചക രീതിയും പഠിച്ച് പരിശീലനം നേടിയതിനുശേഷമാണ് അദ്ദേഹം തലശ്ശേരിയിൽ സേട്ടു കുടുംബത്തിന് വേണ്ടി ബിരിയാണി വെച്ചത്. അബ്ദു ഹാജിയുടെ ശിഷ്യന്മാരാണ് പിന്നീട് തലശ്ശേരിയിലും പരിസരത്തും ബിരിയാണി പാചകക്കാരായി വിലസിയത്. തലശ്ശേരിയിലെ മുലാമ്പത്ത് തറവാട്ടംഗമായിരുന്നു അബ്ദുഹാജി. മതപണ്ഡിതന്മാരുണ്ടായിരുന്ന പ്രസ്തുത തറവാട്ടിൽ നല്ല പാചകക്കാരുമുണ്ടായിരുന്നു. അവരുടെ പാചക പാരമ്പര്യം ചെറിയ തോതിലെങ്കിലും ഇപ്പോഴുമുണ്ട്. മുലാമ്പത്ത് സുബൈർ നല്ലൊരു ബിരിയാണി പാചകക്കാരനാണ്.

തലശ്ശേരിയിലെ മുസ്ലിം അധിവാസം തുടങ്ങിയ കാലംതൊട്ടുതന്നെ പാചകത്തിൽ പല കുടുംബങ്ങളും പ്രശസ്തി നേടിയിരുന്നു. പിൽകാലത്ത് വ്യാപാരത്തിനെത്തിയ കേയിമാർ തലശ്ശേരിയിൽ ആഢ്യന്മാരായും ജന്മികളായും പരിവർത്തിക്കപ്പെട്ടപ്പോൾ അവരുടെ അടുക്കളകളെ ആഹാരസമ്പന്നമാക്കിയത് ചാലിൽ പ്രദേശത്തുണ്ടായിരുന്ന മുസ്ലിം കുടുംബങ്ങളിലെ സ്ത്രീകളായിരുന്നു. മാറിയ സാമ്പത്തിക വ്യവസ്ഥയിൽ പഴയ പല കുടുംബങ്ങളും ദരിദ്രരായി തീർന്നിരുന്നു. പക്ഷെ, അവരുടെ പാചക വൈദഗ്ധ്യം അവർക്ക് പുതിയ സമ്പന്നരുടെ അടുക്കളകളിൽ ജോലി നേടിക്കൊടുത്തു.

അരി കറപ്പയും കറാമ്പും ചേർത്ത് നെയ്യിൽ വറുത്തെടുത്ത് മസാല ചേർത്ത് വേവിച്ച ഇറച്ചിയിൽ 'ദം' പാകം ചെയ്യുന്നതാണ് അബ്ദുഹാജി കൊണ്ടുവന്ന തലശ്ശേരി ബിരിയാണിയുടെ പാചകരീതി. അല്ലാതെ ഇറച്ചി മസാലയിൽതന്നെ വേവിച്ചെടുക്കുന്ന ഇറച്ചിച്ചോറും തലശ്ശേരിക്കാരുടെ മറ്റൊരു വിഭവമാണ്. മസാലയിൽ ചുവന്ന മുളകും മല്ലിയും മഞ്ഞളുമൊക്കെ ചേരുവകളായിരിക്കും. മുസ്ലിം വീടുകളിൽ ചാവടിയന്തരങ്ങൾക്ക് (മരണം കഴിഞ്ഞ് മൂന്നാം ദിവസം ദുആഇരക്കൽ, നാൽപ്പത് ദിവസം കഴിഞ്ഞുള്ള നാപ്പോളി ചടങ്ങ്, വർഷംതോറുമുള്ള ആണ്ട് ചടങ്ങ്) മുഖ്യവിഭവം ഇറച്ചിച്ചോറാണ്.

പേർഷ്യൻ ബിരിയാണിയിൽ ബസ്മതി അരിയായിരുന്നു ഉപയോഗിച്ചതെങ്കിൽ തലശ്ശേരിയിൽ വീരാജ്പേട്ടയിൽനിന്ന് കുരിച്ചലിൽ വന്നിരുന്ന നല്ല മണമുള്ള ജീരക ചമ്പയായിരുന്നു ഉപയോ

ഗിച്ചിരുന്നത്. ഈ അരി നെയ്യിൽ വറുക്കുമ്പോഴുണ്ടാകുന്ന നറുമണം വളരെ ദൂരെ വ്യാപിക്കുമായിരുന്നു. ബിരിയാണിയെപ്പോലെതന്നെ ആസ്വാദ്യമായിരുന്നു ഈ നറുമണവും. തലശ്ശേരി ബിരിയാണിയുടെ ഗതകാല രുചി ഇന്ന് നഷ്ടപ്പെട്ടുപോയിരിക്കുന്നു.

അബ്ദു ഹാജിയുടെ ശിഷ്യന്മാർ ബിരിയാണി പാചകം തുടങ്ങുന്നതിനുമുമ്പ് ഗുരുവിനെ ഓർത്ത് ബിസ്മിയും ദുആയും നടത്തിയായിരുന്നു തങ്ങളുടെ ചട്ടുകങ്ങൾ എടുത്തിരുന്നത്. അബ്ദു ഹാജിയുടെ കുടുംബത്തിൽനിന്നും ശിഷ്യന്മാരിൽനിന്നും വ്യത്യസ്തരായി ഒരുപാട് ബിരിയാണി പാചകക്കാർ ഉണ്ടായി തുടങ്ങിയപ്പോൾ തലശ്ശേരി ബിരിയാണിയുടെ മജ നഷ്ടപ്പെടാനും തുടങ്ങി. ഒരുപക്ഷെ, പഴയ തലമുറയ്ക്ക് മാത്രമേ ഈ രുചിഭേദം മനസ്സിലാക്കാനാവുകയുള്ളൂ.

## മുസ്‌ലിം കേക്ക്

മൂന്ന് സികളുടെ നഗരമാണ് തലശ്ശേരി എന്നത് പറഞ്ഞു പഴകിയ ഒരു വിശേഷണമാണ്. മൂന്ന് സികളിൽ ഒന്നിനേ തലശ്ശേരിയുടെ തനിമയുള്ളൂ– സർക്കസ്. മറ്റു രണ്ടും ക്രിക്കറ്റും കേക്കും. ബ്രിട്ടീഷാധിപത്യത്തിന്റെ ബാക്കിപത്രമാണ്. ഈ ദുരഭിമാനത്തെ പരിഹസിച്ച് എം വി ദേവൻ തലശ്ശേരിക്ക് നാലാമതൊരു സി കൂടിയുണ്ടെന്നും അത് അഭിമാനിക്കാവുന്നതുമല്ല എന്ന് പറയുകയുണ്ടായി ക്രിമിനൽസ്. രാഷ്ട്രീയക്കാരും അല്ലാത്തവരുമായ ക്രിമിനലുകളും അധികമുള്ളത് തലശ്ശേരിയിലാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഈ പ്രസ്താവന അദ്ദേഹത്തിന്റെ പതിവ് പരിഹാസ രീതി മാത്രമാണെന്ന് കരുതി സമാധാനിക്കാം.

കേക്ക് തലശ്ശേരിയിൽ ഏറെ ആഘോഷിക്കപ്പെട്ട വിഭവമാണ്. മമ്പള്ളി ബാപ്പുവായിരുന്നു ഇന്ത്യയിലെ ആദ്യത്തെ കേക്കുണ്ടാക്കിയതെന്ന് ഉദ്ഘോഷിക്കപ്പെടുന്നു. മമ്പള്ളി കുടുംബം തലശ്ശേരിയിലെ തീയ്യ തറവാടുകളിലൊന്നാണ്. അവരാണ് ഇവിടെ ആദ്യമായി ബേക്കറി തുടങ്ങിയത്. മമ്പള്ളി ബാപ്പുവിനേക്കാൾ ഓർക്കേണ്ടത് അദ്ദേഹത്തിന്റെ അമ്മാവൻ പൊന്നമ്പത്ത് കണാരൻ (പി കുഞ്ഞിരാമൻ വക്കീലിന്റെ അച്ഛൻ) ആണ്. തലശ്ശേരിയിലെ ആദ്യത്തെ ബേക്കറിയായ പിലാക്കൂലിലെ രമാ ബേക്കറി അദ്ദേഹമാണ് ആരംഭിച്ചത്. ബാപ്പു അന്നവിടെ ജീവനക്കാരൻ മാത്രമായിരുന്നു. രമാ ബേക്കറിയുടെ ഗോതമ്പപ്പവും 'പല ബിസ്ക്കറ്റും' തലശ്ശേരിക്കാർക്ക് പ്രിയങ്കരമായിരുന്നു. അത് കൂടയിൽ തലയിൽവെച്ച് വീടുകളിൽ എത്തിച്ചിരുന്നത് ബാപ്പുവായിരുന്നു. ഗോതമ്പുപൊടിയും (പിന്നീട് മൈദ) മുട്ടയും പഞ്ചസാരയും വെണ്ണയും ചേർത്ത് ചൂള (അവൻ)യിൽ ചുട്ട് (ബേക്ക്) എടുക്കുന്ന വിഭവമാണ് കേക്ക്. വിവിധ തരത്തിലുള്ള കേക്കുകളുണ്ട്. ക്രീംകൊണ്ട് അലങ്കരിക്കുന്ന വിധവും (ഐസിംഗ്) മറ്റും പിന്നീടുണ്ടായതാണ്.

അഞ്ചരക്കണ്ടി കറപ്പത്തോട്ടത്തിന്റെ അധിപൻ ബ്രൗൺ സായ്വിന്റെ നിർദ്ദേശമനുസരിച്ച് മമ്പള്ളി ബാപ്പു ഉണ്ടാക്കിയ കേക്കായിരുന്നു വിദേശ ശൈലിയിലുള്ള ആദ്യത്തെ കേക്ക് എന്നതിനെ ഖണ്ഡിക്കുന്നില്ല.

എന്നാൽ അതിനും ഏറെ മുമ്പ് തലശ്ശേരിയിലെ മുസ്ലിം വീടുകളിൽ ഒരുതരം കേക്ക് ഉണ്ടക്കിയിരുന്നു. ആ പദമല്ല ഈ വിഭവത്തിന് ഉപയോഗിച്ചത് തരിപ്പോള എന്നറിയപ്പെടുന്ന പലഹാരത്തിന്റെ പാചകവിധിയും പാചക രീതിയും കേക്കിന്റെ പോലെ തന്നെയാണ്. ഗോതമ്പുപ്പൊടിക്ക് പകരം റവ (തരി) ഉപയോഗിച്ചിരുന്നു എന്നുമാത്രം. അന്ന് റവ ബോംബെയിൽ നിന്നാണ് വന്നിരുന്നത്. അതുകൊണ്ട് ബോംബെ റവ എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. വീടുകളിലെ അവൻ പാചകം പ്രത്യേക തരത്തിലായിരുന്നു. റവയും മുട്ടയും പഞ്ചസാരയും ചേർന്ന കൂട്ട് കട്ടിയുള്ള പാത്രത്തിൽ നെയ്യ് പുരട്ടിയതിനുശേഷം ഒഴിച്ച് പാത്രത്തിന്റെ മൂടിയിലും കത്തിച്ച ചിരട്ട കനലുകൾ വെച്ചായിരുന്നു വേവിച്ചെടുക്കുക. മമ്പള്ളി ബാപ്പു കേക്കുണ്ടാക്കുന്നതിന്റെ ഏറെ മുമ്പുതന്നെ തലശ്ശേരിയിലെ വീടുകളിൽ തരിപ്പോള കേക്ക്, ആഘോഷ വേളകളിലും അതിഥികളെ സത്ക്കരിക്കുന്നതിലും പ്രചാരത്തിലുണ്ടായിരുന്നു. ബോംബെ റവ കൊണ്ടുതന്നെ ഉണ്ടാക്കിയിരുന്ന രണ്ട് മുസ്ലിം പലഹാരങ്ങളാണ് തരി വറ്റിച്ചതും (ബർഫി) തരിയുണ്ടയും. പഞ്ചസാര പാവിൽ തരി (റവ) ചേർത്തുണ്ടാക്കുന്നവയായിരുന്നു ഇവ. പിന്നീട് മമ്പള്ളി ബേക്കറിയാണ് തരിയുണ്ടയുടെ വ്യാപാര സാധ്യത കണ്ടെത്തിയത്.

തലശ്ശേരിയിലെ ബേക്കറി രംഗം തീയ്യ പാരമ്പര്യത്തിന്റേതാണെങ്കിലും മുസ്ലിങ്ങളും ബേക്കറികളുമായി രംഗപ്രവേശനം ചെയ്തിരുന്നു. അത്തരത്തിലെ ആദ്യത്തെ ബേക്കറി ആയിരുന്നു മുസ്ലിം ബേക്കറി. എ കെ അബൂബക്കർ ആയിരുന്നു അതിന്റെ സ്ഥാപകൻ. പിലാക്കൂലിലെ പാരമൗണ്ട് ബേക്കറിയായിരുന്നു മറ്റൊരു ബേക്കറി. തച്ചങ്കണ്ടി അബ്ദുറഹ്മാൻ (അന്ത്രു) ആയിരുന്നു അതിന്റെ ഉടമസ്ഥൻ. ഈ ലേഖകന്റെ വായനാതാത്പര്യം പ്രോത്സാഹിപ്പിച്ച ബേക്കറിയായിരുന്നു അത്. ഉച്ചക്കുശേഷം തയ്യാറാവുന്ന ഗോതമ്പപ്പം പൊതിഞ്ഞു തരുന്ന കടലാസുകളിൽ കണ്ട കഥകളും മറ്റു വിവരണങ്ങളും ആർത്തിയോടെ വായിക്കുക പതിവായിരുന്നു. അപ്പം തയ്യാറാവുന്ന ഉച്ചക്കുശേഷമാണ് മദിരാശിയിൽനിന്നുള്ള ദ ഹിന്ദു പത്രം പാരമൗണ്ട് ബേക്കറിയിലെത്തിയിരുന്നത്. അത് മുഴുവൻ മറിച്ച് നോക്കാൻ ബേക്കറി ഉടമ ബാലനായ എന്നെ അനുവദിച്ചിരുന്നു. എന്റെ ഇംഗ്ലീഷ് വായനയുടെ ആരംഭം പാരമൗണ്ട് ബേക്കറിയുമായി ബന്ധപ്പെട്ടതായിരുന്നു ●

## 4

# തലശ്ശേരിയിലെ ചന്ദ്രോദയം !

അന്നത്തെ തലശ്ശേരി ഇന്നത്തെ പോലെയായിരുന്നില്ല. അന്ന് എന്ന് പറയുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയെക്കുറിച്ചാണ്. തലശ്ശേരിയിലെ മുസ്‌ലിം ജീവിതം സമ്പന്നമായിരുന്നു. മുസ്‌ലിം സംസ്കാരത്തിന്റെയും, മത, സാമൂഹിക, രാഷ്ട്രീയ പ്രബുദ്ധതയുടെയും പുഷ്ക്കലഭൂമിയായിരുന്നതുകൊണ്ട് 'ചന്ദ്രിക' എന്നൊരു പ്രതിവാരപത്രം അവിടെ മൊട്ടിടുകയും തഴച്ചുവളരുകയും ചെയ്തത് അത്ഭുതമായിരുന്നില്ല. എന്നാൽ ചന്ദ്രികക്ക് മാത്രം  പ്രത്യേകതയുണ്ട്. തലശ്ശേരിയുടെ അക്ഷരപുഷ്ക്കല ഭൂവിൽ അനേകം മുസ്‌ലിം പ്രസിദ്ധീകരണങ്ങളുടെ വിത്തുപാകപ്പെട്ടിരുന്നു. അവ മൊട്ടിട്ടുനാമ്പുകളുണ്ടായെങ്കിലും, അവയുടെയൊക്കെ ശവപറമ്പായിരിക്കാനും തലശ്ശേരിക്ക് നിയോഗമുണ്ടായി. എന്നാൽ ചന്ദ്രികക്ക് മാത്രമാണ് വേരുപിടിച്ചു നിൽക്കാൻ കഴിഞ്ഞത്. പിന്നീടത് തലശ്ശേ രിയുടെ ഭൂവിൽ നിന്നും മാറ്റി നടപ്പെടുകയും തഴച്ചുവളരുകയും ചെയ്തത് തലശ്ശേരിയുടെ നഷ്ടമായിരുന്നു. എങ്കിലും ഒരു പൊതുസമുദായ പത്രത്തിന് ബിജാവാപം നടത്തിയതിൽ തലശ്ശേരിക്കും, തലശ്ശേരിയുടെ വളക്കൂറിൽ പിറന്ന് പിന്നീട് കോഴിക്കോടിന്റെ മണ്ണിൽ വളർന്ന് പന്തലിച്ചതിൽ 'ചന്ദ്രിക'ക്കും അഭിമാനം കൊള്ളാം.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിലെ തലശ്ശേരിയുടെ മുസ്‌ലിം ചരിത്രം വ്യാപാരാഭിവൃദ്ധിയുടെതായിരുന്നു. തലശ്ശേരിയിൽ കയറ്റിറക്കുമതികളുടെ കുത്തക വിവിധങ്ങളായ മുസ്ലിം വിഭാഗങ്ങൾക്കായിരുന്നു ഉണ്ടായിരുന്നത്. ഗുജറാത്തിലെ

കച്ചിൽ നിന്ന് വന്നെത്തിയ മേമൻ മുസ്ലിങ്ങൾ അവരിൽ പ്രധാനികളായിരുന്നു. വ്യാപാരാർത്ഥം ചൊവ്വയിൽ നിന്ന് തലശ്ശേരിയിൽ കുടിയേറി പാർത്തവർ കേയിമാർ എന്ന പേരിൽ, അതിന് മുമ്പ് തന്നെ തലശ്ശേരിയിലെ വ്യാപാരപ്രമുഖരും, ജന്മികളുമായി തീർന്നവരായിരുന്നു. അവരുടെയെല്ലാം മുൻപ് കോട്ടയവും, തലശ്ശേരിയും ആസ്ഥാന മാക്കി വ്യാപാരം നടത്തിയിരുന്ന മാപ്പിളമാരും തലശ്ശേരിയുടെ ജന്മികളും സമ്പന്നരുമായിരുന്നു. വ്യാപാരരംഗത്ത് ഇവർക്ക് തമ്മിൽ മത്സരങ്ങൾ ഉണ്ടായിരുന്നെങ്കിലും സമുദായിക രംഗത്ത് അവർക്കൊന്നായി കർമ്മോത്സുകരാവാൻ കഴിഞ്ഞു എന്നത് മാതൃകയാകേണ്ട ഒരു സംഭവമാണ്.

1906ൽ ധാക്കയിൽ സർവ്വേന്ത്യാ മുസ്ലിംലീഗ് സ്ഥാപിക്കപ്പെട്ടപ്പോൾ അതിന്റെ അനുരണനങ്ങൾ തലശ്ശേരിയിലുമുണ്ടായിരുന്നു. മുസ്ലിംകളുടെ താൽപര്യങ്ങൾ സരംക്ഷിക്കാനും, അവകാശങ്ങൾക്കുവേണ്ടി വാദിക്കാനും മറ്റു മതസ്ഥരുമായി സൗഹാർദ്ദത്തിൽ വർത്തിക്കാനും ലക്ഷ്യം വെച്ചുകൊണ്ട് സ്ഥാപിച്ച സർവ്വേന്ത്യാ മുസ്ലിംലീഗ് യഥാർത്ഥത്തിൽ ജന്മി-സമ്പന്നവർഗത്തിന്റെ സംഘടനയായിരുന്നു. വളരെക്കഴിഞ്ഞതിനു ശേഷമാണ് അത് സാധാരണ മുസ്ലിംകളുടെ ഒരു സംഘടനയായി പരിണമിച്ചത്. അതുകൊണ്ടായിരിക്കാം തലശ്ശേരിയിലെ മുസ്ലിം സമ്പന്നവർഗ്ഗങ്ങൾക്ക് പുതിയ രാഷ്ട്രീയ പ്രസ്ഥാനം മാനസികമായി സ്വീകാര്യമായത്. എന്നാൽ 1930കളിൽ മാത്രമെ ഈ പുതിയ മുസ്ലിം രാഷ്ട്രീയ പ്രസ്ഥാനം മലബാറിൽ പ്രവർത്തനമാരംഭിച്ചുള്ളൂ. അതിന്റെ ചുക്കാൻപിടിച്ചത് തലശ്ശേരിയിൽ നിന്നായിരുന്നുവെന്നതും തലശ്ശേരിയുടെ പ്രധാന്യത്തെ വിളിച്ചറിയിക്കുന്നു.

1934ലായിരുന്നു മലബാറിൽ മുസ്ലിം ലീഗ് കെട്ടിപ്പെടുക്കേണ്ടുന്നതിന്റെ ചുമതല മുഹമ്മദ്‌ലി ജിന്ന തലശ്ശേരിയിലെ കച്ച് മേമൻ വ്യാപാരിയായ സത്താർ സേട്ടിനെ ഏൽപിച്ചത്. പിന്നീട് 1937ലെ ലക്നൗ സമ്മേളനവും സത്താർ സേട്ടുവിനെ മലബാർ മുസ്ലിം ലീഗിന്റെ ചുമതല ഔദ്യോഗികമായി ഏൽപ്പിക്കുകയുണ്ടായി. 1937ലെ പ്രൊവിൻഷ്യൽ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പും സുപ്രധാനമേറിയതായിരുന്നു. മലബാറിലെ മൂന്ന് മുസ്ലിം നിയോജകമണ്ഡലങ്ങളിൽ, മുസ്ലിം ലീഗ് സഹായമുള്ള അറക്കൽ അബ്ദുറഹ്മാൻ ആദിരാജ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. മറ്റ് രണ്ട് നിയോജകമണ്ഡലങ്ങളിൽ കനത്ത മത്സരമായിരുന്നു. തലശ്ശേരി ഉൾപ്പെടുന്ന കോട്ടയം മണ്ഡലത്തിൽ മുസ്ലിം ലീഗ് സ്ഥാനാർത്ഥി എ.കെ. കാദർകുട്ടി വിജയശ്രീലാളിതനായപ്പോൾ കോഴിക്കോട് കുറുമ്പ്രനാട് മണ്ഡലത്തിൽ ലീഗ്സ്ഥാനാർത്ഥി ബി.പോക്കറിന്റെ എതിർ സ്ഥാനാർത്ഥി, ബാഫഖി തങ്ങളുടെ ബന്ധു പി.എം.ആറ്റക്കോയ തങ്ങളായിരുന്നു

വിജയിച്ചത്. കോട്ടയത്ത് സത്താർ സേട്ടുവിന്നായിരുന്നു, തെരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്വം. കോഴിക്കോട് സീതിസാഹിബിനും. സീതിസാഹിബ് മുസ്‌ലിം ലീഗിലേക്ക് ആകർഷിതനായത് സത്താർ സേട്ടു മൂലമായിരുന്നു. കോഴിക്കോട് പരാജയമായിരുന്നെങ്കിലും, അത് വലിയൊരു കണ്ടുപിടുത്തവും, മുസ്‌ലിം ലീഗിന്റെ ശക്തിയാർജ്ജവവുമായി തീർന്നുവെന്നത് ചരിത്രത്തിന്റെ ഒരു നിയോഗമായിരുന്നു. ബാഫഖി തങ്ങളും, ആറ്റക്കോയ തങ്ങളുമൊക്കെ മുസ്‌ലിം ലീഗിലേക്ക് വന്നു. അതിന്റെയൊക്കെ നിയന്ത്രണം സത്താർ സേട്ടുവിന്റെ 'തുൾസിയമാട' ത്തിൽ വെച്ചായിരുന്നു. പിന്നീടത് 'പാക്കിസ്ഥാൻമാട'മെന്ന് അറിയപ്പെട്ടു.

1937 ഡിസംബർ 20–ന് തലശ്ശേരി മുൻസിപ്പൽ ടൗൺ ഹാളിൽ നടന്ന മുസ്‌ലിം ലീഗ് സമ്മേളനത്തിന് ഒരു സംസ്ഥാന സമ്മേളനത്തിന്റെ പ്രതീതി ഉണ്ടായിരുന്നു. മലബാർ ജില്ലാലീഗ് കമ്മറ്റിയുടെ രൂപീകരണം ഈ യോഗത്തിൽ വെച്ചായിരുന്നു നടന്നത്. ജില്ലാ ലീഗിന്റെ ആസ്ഥാനം തലശ്ശേരിയായിരുന്നു. നേരത്തെ പ്രസ്താവിച്ച തെരഞ്ഞെടുപ്പ് പ്രചരണത്തിന് മൗലാന ഷൗക്കത്തലി മലബാറിൽ വന്നപ്പോൾ തലശ്ശേരിയിൽ സത്താർ സേട്ടുവിന്റെ അതിഥിയായിട്ടായിരുന്നു താമസിച്ചത്.

തലശ്ശേരിയിലെ മുസ്‌ലിംലീഗ് സമ്മേളനത്തോടനുബന്ധിച്ച് രൂപീകരിച്ച വളണ്ടിയർ സംഘം പിന്നീട് നാഷണൽ ഗാഡായി രൂപാന്തരപ്പെട്ടു. ഇ.കെ.മൊയ്തു ക്യാപ്റ്റനും, ടാറ്റ മൂസവൈസ് ക്യാപ്റ്റനുമായിരുന്നു. വെള്ളതൊപ്പിയും, വെള്ളവസ്ത്രവും പച്ചക്രോസ് ബെൽറ്റുമായിരുന്നു നാഷണൽ ഗാഡിന്റെ യൂണിഫോം. ഈ രാഷ്ട്രീയ ചരിത്രത്തിന് പുറമെ മതസാമൂഹിക മുന്നേറ്റത്തിന്റെ ചരിത്രം കൂടി തലശ്ശേരിക്ക് അയവിറക്കാനുണ്ട്. 1922ൽ സ്ഥാപിക്കപ്പെട്ട നിഷ്പക്ഷസംഘം പിന്നീട് വക്കം അബ്ദുൽ ഖാദർ മൗലവിയുടെ നിർദ്ദേശപ്രകാരം കേരളമുസ്‌ലിം ഐക്യസംഘം എന്ന പേരിൽ വിശാലാടിസ്ഥാനത്തിൽ പ്രവർത്തിക്കാനാരംഭിച്ചപ്പോൾ അതിനോട് സഹകരിച്ചു പ്രവർത്തിക്കാൻ ഒരുപാട് പ്രബുദ്ധരായ ആളുകൾ തലശ്ശേരിയിൽ നിന്നുണ്ടായിരുന്നു. 1926ൽ ഐക്യസംഘത്തിന്റെ 4–ാം വാർഷികം തലശ്ശേരിയിൽ വെച്ചായിരുന്നു നടന്നത്. പ്രശസ്ത ഖുർആൻ പരിഭാഷകനും വ്യാഖ്യാതാവുമായിരുന്ന മർമഡ്യൂക്ക്പിക്താളായിരുന്നു വാർഷിക യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചത്. തലശ്ശേരിയുടെ സാമുദായിക പ്രബുദ്ധത മനസ്സിലാക്കിയ പിക്താൾ, തലശ്ശേരിയെ വിദ്യാപുരിയെന്ന് വിശേഷിപ്പിക്കുകയുണ്ടായിരുന്നു !

തലശ്ശേരിക്ക് അച്ചടിയുടെയും പ്രസിദ്ധീകരണത്തിന്റെയും ചരിത്രം കൂടി അയവിറക്കാനുണ്ട്. ഹെർമൻ ഗുണ്ടർട്ട് തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ അച്ചടിയന്ത്രം സ്ഥാപിച്ച് 'പശ്ചിമതാരകം'

പ്രസിദ്ധീകരിക്കാനാരംഭിച്ചത് കേരളത്തിലെ തന്നെ ആദ്യത്തെ അച്ചടിയും പ്രസിദ്ധീകരണവുമായിരുന്നു. ഗുണ്ടർട്ടിന്റെ പ്രസ്സിൽ പോയി അച്ചടിയുടെ സാങ്കേതികത പഠിച്ച് സ്വന്തം വീട്ടിൽ പ്രസ് ആരംഭിച്ച വ്യക്തിയായിരുന്നു തീക്കൂക്കിൽ കുഞ്ഞഹമ്മദ്. തലശ്ശേരിയിലെ മറ്റൊരു പ്രശസ്തകുടുംബമായ നായ്യംവീട് അച്ചുപുര എന്നപേരിൽ അറിയപ്പെട്ടിരുന്നു. ആദ്യകാല അറബി മലയാള പുസ്തകങ്ങളെല്ലാം അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നത് തലശ്ശേരിയിലെ പ്രസ്തുത അച്ചുകൂടങ്ങളിലായിരുന്നു.

ഈയൊരു പാശ്ചാത്തലത്തിലാണ് തലശ്ശേരിയിലെ 'ചന്ദ്രിക'യുടെ ആവിർഭാവത്തെ വിശകലനം ചെയ്യേണ്ടത്. 1931ൽ തലശ്ശേരിയിൽ മുസ്‌ലിം മജ്‌ലിസ് രൂപീകരിക്കപ്പെട്ടപ്പോൾ കേരളഐക്യസംഘം പിരിച്ചുവിടപ്പെട്ടത്, ഈ രംഗങ്ങളിൽ തലശ്ശേരിയിലെ പ്രബുദ്ധസംഘത്തിന്റെ സ്വാധീനത്തെയാണ് കാണിക്കുന്നത്. അതുപോലെയായിരുന്നു മുസ്‌ലിം ക്ലബ്ബിന്റെ രൂപീകരണവും. ഇവയിലെല്ലാം പ്രവർത്തിച്ചവർ ഒരേ ആൾക്കാർ തന്നെയായിരുന്നു. അവർ അവരുടെ ആശയവിനിയമത്തിന് സംഗമിച്ചിരുന്നത് തലശ്ശേരി മെയിൻ റോഡിലെ ആലിഹാജി പള്ളിയിലായിരുന്നു. റംസാൻ മാസത്തിൽ തറാവിഹ് നിസ്‌ക്കാരാനന്തരം കെ.എം.മൗലവി, എൻ.വി.അബ്ദുസലാം മൗലവി എന്നിവരുടെ ഉദ്ബോധനങ്ങളുണ്ടായിരുന്നു. സത്താർസേട്ടു, സീതിസാഹബ്, സി.പി.മമ്മുക്കേയി, ജില്ലാജഡ്ജ് ആയിരുന്ന മീർസൈനുദ്ദീൻ, പിന്നെ പയ്യമ്പള്ളി സഹോദരന്മാർ – കാദർ, ഉമ്മർകുട്ടി തുടങ്ങിയവരെല്ലാം ഈ സംഗമത്തിലുണ്ടായിരുന്നു. അത്തരമൊരു യോഗത്തിൽവെച്ചാണ് ഒരു മുസ്‌ലിം പ്രസിദ്ധീകരണത്തിന്റെ ആശയമുദിച്ചതും 'ചന്ദ്രിക'യുടെ ആരംഭം കുറിച്ചതും.

1934ലായിരുന്നു 'ചന്ദ്രിക' ഒരു പ്രതിവാരപത്രമായി തലശ്ശേരിയിൽ നിന്ന് പ്രസിദ്ധീകരണമാരംഭിച്ചത്. സി.പി.മമ്മുക്കേയി ആയിരുന്നു മാനേജിങ്ങ് ഡയറക്ടർ. ഇന്ന് പരീസ് ഹോട്ടൽ നടന്നുവരുന്ന കെട്ടിടത്തിലായിരുന്നു പ്രസ്സും ആപ്പീസും തുടങ്ങിയത്. മുൻപ് ഇംഗ്ലീഷുകാരോ, ആംഗ്ലോ ഇന്ത്യക്കാരോ താമസിച്ചുവന്നിരുന്ന ഒരു വീട് സി.പി.മമ്മുക്കേയി വിലക്കുവാങ്ങിയതായിരുന്നു. ഇംഗ്ലീഷ് ശിൽപശൈലിയുള്ള ഒരു ബംഗ്ലാവ് വീടായിരുന്നു അത്. തയ്യിലക്കണ്ടി സി.മുഹമ്മദായിരുന്നു പത്രത്തിന്റെ പ്രഥമ പ്രിന്ററും പബ്ലിഷറും. പത്രാധിപരായി പ്രത്യേകിച്ചാരുമുണ്ടായിരുന്നില്ലെങ്കിലും, പത്രത്തിന്റെ ചുമതലക്കാരനായി യുവാവായ വി.സി.അബൂബക്കറുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. തുടക്കം മുതലെ ചന്ദ്രികയുടെ പത്രാധിപസമിതിയിലുണ്ടായി, പിന്നീട് മുഖ്യപത്രാധിപരായിതീർന്ന വ്യക്തിയായിരുന്നു, വി.സി. അബൂബക്കർ. 1935ൽ പെരിന്തൽമണ്ണ സ്വദേശിയായ കെ.കെ. മുഹമ്മദ് ഷാഫി പത്രാധിപരായി ചുമതലയേറ്റെടുത്തു. പ്രതിവാര

പത്രമിറക്കുന്നത് തന്നെ വലിയ സാമ്പത്തിക ബാധ്യതയായിരുന്നു. അന്നത്തെ ഡയറക്ടർമാരായി സി.പി.മമ്മു ക്കേയി, മുക്കാട്ടിൽ മൂസ, കിടാരൻ അബ്ദുറഹ്മാൻ എന്നിവർ നൽകിയ സാമ്പത്തിക സഹായങ്ങൾ ശ്ലാഘനീയമായിരുന്നു. 1945ലായിരുന്നു കുഞ്ഞിമായൻ ഹാജി 'ചന്ദ്രിക'യുടെ മാനേജിങ്ങ് ഡയറക്ടറായി തീർന്നത്. തൊട്ടടുത്ത വർഷം തന്നെ ചന്ദ്രികയുടെ പ്രസിദ്ധീകരണം, കോഴിക്കോടുള്ള നടക്കാവിലെ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. പിന്നീട് ഫാറൂഖ് കോളേജ് പ്രൊഫസറായി തീർന്ന പൊന്നാനി സ്വദേശി കെ.പി.അബ്ദുറഹ്മാൻ പത്രാധിപരാവുകയും ചെയ്തു.

ഒരു ദശകം തലശ്ശേരിയിൽ വളർന്ന് പുഷ്പിച്ച ചന്ദ്രികയെ തലശ്ശേരിക്ക് അങ്ങനെ നഷ്ടമാവുകയായിരുന്നു. ദീർഘവീക്ഷണത്തോടെയുള്ള മാറ്റമായിരുന്നതെങ്കിലും, തലശ്ശേരിയുടെ മുസ്‌ലിം പ്രബുദ്ധതയുടെ പ്രതീകമായിരുന്നു ചന്ദ്രിക'. ചന്ദ്രികയുടെ നഷ്ടത്തോടെ തലശ്ശേരിയുടെ മുസ്‌ലിം പ്രബുദ്ധതക്കും അപചയങ്ങളുണ്ടായി തുടങ്ങിയിരുന്നു. ഒരു പക്ഷെ ചന്ദ്രിക തലശ്ശേരിയിൽ തുടർന്നിരുന്നെങ്കിൽ, തലശ്ശേരിയിൽ മറ്റു പത്രങ്ങൾക്കും തുടക്കമായിരുന്നേനെ. ഏറ്റവും കുറഞ്ഞത് ജില്ലയുടെ മാധ്യമ ആ സ്ഥാനമെങ്കിലും തലശ്ശേരി ആയേനെ.

തലശ്ശേരിയിൽ ആരംഭിച്ച 'ചന്ദ്രിക'യെക്കുറിച്ചോർക്കുമ്പോൾ ചില വ്യക്തികൾ കൂടി സ്മരണീയരാണ്. താരതമ്യേന അവർ അപ്രധാനികളാണെങ്കിലും 'ചന്ദ്രിക'യെ ജീവനായി കരുതി അതിനെ സേവിച്ച ജീവനക്കാരായിരുന്നവർ. കേവല വേതനത്തിനായി ജോലി ചെയ്തവരായിരുന്നില്ല. ആപ്പീസ് കാര്യങ്ങൾ നോക്കിനടത്തിയിരുന്ന ശങ്കുണ്ണി, ഒരിക്കൽ കടലാസ് വാങ്ങാൻ പണമില്ലാതെ വന്നപ്പോൾ തന്റെ ഭാര്യയുടെ താലിമാല പണയം വെച്ച് സഹായിയായതിന്റെ കഥ കെ.പി.കുഞ്ഞിമ്മൂസ പലവട്ടം അനുസ്മരിക്കാറുള്ളത് ഓർക്കുന്നു. തലശ്ശേരിയിൽ പ്രസ് ആരംഭിച്ചത് മുതൽ വിരമിക്കുന്നതുവരെ ചന്ദ്രികയിൽ സേവനം നടത്തിയ പ്രസ് ജീവനക്കാരായിരുന്നു പ്രസ്മേനായിരുന്ന ഉമ്മൂക്ക, ഫോർമാനായി തീർന്ന പി.ഉമ്മർ, കമ്പോസിറ്ററായിരുന്ന ഉസ്മാൻ തുടങ്ങിയവർ. തലശ്ശേരിയിൽ 'ചന്ദ്രിക' ഉപേക്ഷിച്ചു പോയ പ്രസ് പിന്നീട് തുടർന്നുപയോഗിച്ചത് അന്ന് പ്രസ് മാനേജറായിരുന്ന എ.പി.മമ്മു (അവാലിൽ)ആയിരുന്നു. യൂണൈറ്റഡ് പ്രസ് എന്ന പേരിലായിരുന്നു നർമരസികനായ മമ്മുസാഹബ് പ്രസ് നടത്തി വന്നത്. അന്ന് ചന്ദ്രിക അച്ചടിച്ച പ്രസിന്റെ ശേഷിപ്പുകൾ ഇന്നും മമ്മുസാഹബിന്റെ പുത്രൻ നൗഫൽ നടത്തുന്ന പ്രസ്സിന്റെ പിന്നാമ്പുറത്തുണ്ട് ●

5

# തലശ്ശേരി കോടതികളുടെ ആരംഭം

ദ്വിതീയ ശതാബ്ദി ആഘോഷിക്കുന്ന തലശ്ശേരിക്കോടതികൾ ഗതകാല തലശ്ശേരിയുടെ പ്രതാപചരിത്രത്തിന്റെ ചിഹ്നങ്ങളായി നിലകൊള്ളുന്നു. ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുണ്ടായിരുന്ന മലബാറിന്റെ നെടുകായകത്വം തലശ്ശേരി വഹിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. മലബാറിൽ നിന്നുള്ള വിവരങ്ങൾ മാത്രമല്ല തിരുകൊച്ചിയിലെ വിവരങ്ങൾ പോലും തലശ്ശേരി കോട്ടയിലെ തലവന് എത്തിക്കണമെന്ന നിലയിലായിരുന്നു. അങ്ങനെയാണ് ടെലിച്ചറി ലെറ്റേസും ടെലിച്ചറി കൺസൾട്ടേഷനും ചരിത്ര രേഖകളായി തീർന്നത്. സുപ്രധാനങ്ങളായ നിരവധി കേസുകളുടെ വിചാരണകൾ രണ്ട് നൂറ്റാണ്ടുകൾക്കുള്ളിൽ തലശ്ശേരിക്കോടതികളിൽ നടന്നിരുന്നു. തലശ്ശേരി ബാറിൽ അഭിഭാഷകരായിരുന്നവരിൽ നീതിന്യായ രംഗത്ത് അഖിലേന്ത്യാ പ്രശസ്തി നേടിയവരുമുണ്ടായിരുന്നു. അന്നും ഇന്നും തലശ്ശേരി ബാറിലെ അഭിഭാഷകർ തലശ്ശേരിയുടെ രാഷ്ട്രീയ- സാമൂഹ്യ രംഗങ്ങളിലെ അനിവാര്യ സ്പന്ദനങ്ങളായിരുന്നിട്ടുണ്ട്.

മൈസൂറിൽ ടിപ്പുവിന്റെ പതനത്തോടെ മലബാറിന്റെ പൂർണ്ണമായ അധീശത്വം ബ്രിട്ടീഷുകാർക്കായിരുന്ന സാഹചര്യത്തിലായിരുന്നു ഗവർണർ ജനറൽ വാല്ലീസ് മലബാർ പ്രവിശ്യയിലെ സ്ഥിതിഗതികളെക്കുറിച്ചന്വേഷിക്കാനുള്ള ഒരു ജോയന്റ് കമ്മീഷനെ നിയമിച്ചത്. അബർക്രോമ്പിയും മേജർ ഡങ്കനും ബൊഡ്സാനും അംഗങ്ങളായിരുന്ന ബോംബെ കമ്മീഷൻ തന്നെയായിരുന്നു മലബാർ കമ്മീഷൻ. 1793 ഒക്ടോബർ 14 ന് കമ്മീ

ഷൻ ഒരു പൊതു റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ അതിന് മുമ്പ് 1793 ജൂൺ 15 ന് സിവിൽ–ക്രിമിനൽ നീതിന്യായങ്ങളെ സംബ ന്ധിച്ച് മലബാർ കമ്മീഷൻ ഒരു ഭരണക്രമം അംഗീകരിച്ചിരുന്നു. മലബാർ ഒന്നടങ്കം ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണത്തിലായി രുന്നപ്പോൾ മലബാറിനെ വടക്കും തെക്കുമായി രണ്ട് ഭാഗങ്ങ ളായി തരംതിരിച്ച് അവിടങ്ങളിൽ ഓരോ സൂപ്പർവൈസർമാരെ നിയമിച്ചിരുന്നു. ഈ ഭാഗങ്ങളെ ജില്ലകളായും ജില്ലകളെ താലൂ ക്കുകളായും താലൂക്കുകളെ ഹോബിലൂസുകളായും ദേശങ്ങളാ യും ഭാഗിക്കുകയുണ്ടായി. മലബാർ കമ്മീഷന്റെ പുതിയ ക്രമ പ്രകാരം സിവിൽ– ക്രിമിനൽ നീതിന്യായഭരണം തെക്കും വടക്കു മുള്ള സൂപ്രണ്ടുമാരുടെ ചുമതലയായിത്തീർന്നു.

1800 മെയ് 21 ന് മലബാർ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിത്തീർന്നു. ഒരു കലക്ടറും അദ്ദേഹത്തിന്റെ കീഴിൽ ഒമ്പത് കലക്ടർമാരുമായിരുന്നു മലബാറിന്റെ ഭരണാധികാരികൾ. കല ക്ടറുടെ ആസ്ഥാനം മലബാറിന്റെ മധ്യത്തിലുള്ള കോഴിക്കോടു മായി. 1801 ഒക്ടോബർ 1 ന് ചാർജ്ജെടുത്ത മേജർ മക്ലോയിഡ് ആയിരുന്നു മലബാറിന്റെ ആദ്യത്തെ കലക്ടർ . അതിൽ പിന്നീട് മദ്രാസ് പ്രസിഡൻസിയിൽ നടപ്പാക്കപ്പെടുന്ന ഭരണപരിഷ്കാര ങ്ങൾ അതേപടി മലബാറിലും നടപ്പാക്കപ്പെടുകയായിരുന്നു.

1802 ലെ കോൺവീലിസ് കോഡ് പ്രകാരം നീതി നിർവ്വ ഹണം പ്രവിശ്യാ സൂപ്രണ്ടുമാരിൽ നിന്ന് വേർപെടുത്തി . ഇതേ തുടർന്ന് തലശ്ശേരിയിൽ കീഴ്ക്കോടതികളുടെ അപ്പീലുകൾ സ്വീ കരിക്കാൻ അധികാരമുള്ള ഉയർന്ന പ്രൊവിൻഷ്യൽ കോടതിസ്ഥാ പിക്കപ്പെട്ടു. അതോടൊപ്പം തന്നെ തലശ്ശേരിയിലും കോഴിക്കോടും ജില്ലാ കോടതികളും ആരംഭിച്ചു.

മലബാർ കമ്മീഷന്റെ ഭരണക്രമമനുസരിച്ച് 1793 ൽ തന്നെ തലശ്ശേരിയിൽ കോടതി സ്ഥാപിക്കപ്പെട്ടിരുന്നു. മലബാറിന്റെ വട ക്കൻ ഭാഗത്തെ സൂപ്രണ്ടിന്റെ ആസ്ഥാനം തലശ്ശേരിയായിരുന്നു. നികുതിപ്പിരിവ് നീതിന്യായ അധികാരങ്ങളോടെ ഗാലി അന്ന് തല ശ്ശേരിയിൽ സൂപ്രണ്ടായിരുന്നു. പിന്നീട് 1802 ലെ കോൺവാലിസ് കോഡ് പ്രകാരം തലശ്ശേരിയിൽ പ്രൊവിൻഷ്യൽ കോടതിയും ജില്ലാകോടതിയും സ്ഥാപിതമായി. പശ്ചിമതീരത്ത് അപ്പീൽ അധി കാരമുള്ളവെസ്റ്റേൺ പ്രൊവിൻഷ്യൽ കോടതിയായിരുന്നു തല ശ്ശേരിയിൽ സ്ഥാപിതമായത്. കൊങ്കൺ പ്രദേശങ്ങൾ, കാനറ, കുട ക്, കോയമ്പത്തൂർ, കൊച്ചി മേഖലകളിലെ കീഴ്ക്കോടതികളുടെ കേന്ദ്രകാര്യാലയം തലശ്ശേരിയിലെ പ്രൊവിൻഷ്യൽ കോടതി യായിരുന്നു.

സിവിൽ കോടതികൾ അദാലത്ത് കോടതികൾ എന്നാ യിരുന്നു അറിയപ്പെട്ടിരുന്നത്. ഏറ്റവും ഉയർന്ന സിവിൽ കോടതി

സദർ അദാലത്തും ക്രിമിനൽ കോടതി ഫൗജിദാരി അദാലത്തു മായിരുന്നു. മുഗൾ ഭരണകാലത്ത് നടപ്പിലുണ്ടായിരുന്ന പേർഷ്യൻ പദങ്ങൾ തന്നെയായിരുന്നു കോടതികൾക്ക് നൽകപ്പെട്ടത്. പ്രൊവിൻഷ്യൽ കോടതികളിൽ സിവിൽ വ്യവഹാരങ്ങളും സർക്യൂട്ട് കോടതികളിൽ ക്രിമിനൽ വ്യവഹാരങ്ങളും തീരുമാനിക്കപ്പെട്ടിരുന്നു.. 1843 ൽ സർക്യൂട്ട് കോടതികൾ നിർത്തലാക്കി പകരം ജില്ലാ കോടതികൾ ഏർപ്പെടുത്തി.

മുസ്ലീങ്ങളെ സംബന്ധിക്കുന്ന വ്യവഹാരങ്ങളിൽ ഖാസിമാരുടെ സഹായം തേടിയിരുന്നു. ഹിന്ദുക്കളുടെ വ്യവഹാരങ്ങളിൽ ബ്രാഹ്മണ പണ്ഡിതന്മാരെയും. പിന്നീട് ക്രിമിനൽ വ്യവഹാരങ്ങളിൽ പൊതുക്രിമിനൽ ശിക്ഷാരീതി നടപ്പിലാക്കുകയുണ്ടായി. തദ്ദേശീയരായ മജിസ്ട്രേട്ടുമാരുടെ അധികാരത്തിന് ചില പരിധികളുണ്ടായിരുന്നു. ചെറിയതരം കുറ്റകൃത്യങ്ങൾ മാത്രമെ അവർക്ക് കൈകാര്യം ചെയ്യാനധികാരമുണ്ടായിരുന്നുള്ളൂ. നാൽപ്പത് അടിയിൽ കൂടുതലോ ഒരു മാസത്തിൽ കൂടുതൽ തടവുശിക്ഷയോ, ഇരുനൂറ് രൂപയിലധികം പിഴ ശിക്ഷയോ വിധിക്കാൻ ഇംഗ്ലീഷുകാരായ ചീഫ് മജിസ്ട്രേറ്റുമാർക്കേ അധികാരമുണ്ടായിരുന്നുള്ളൂ. കഠിനമായ കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യാൻ തലശ്ശേരി, കോഴിക്കോട്, ചെർപ്പുളശ്ശേരി എന്നിവിടങ്ങളിൽ പ്രൊവിൻഷ്യൽ ഫൗജിദാരി കോടതികളുണ്ടായിരുന്നു. സാധാരണ ഉദ്യോഗസ്ഥൻമാർക്ക് പുറമേ ഈ കോടതികളിൽ ഒരു ഖാസിയെയും ബ്രാഹ്മണ പണ്ഡിതനെയും നിയമിച്ചിരുന്നു. ഈ മൂന്ന് പ്രൊവിൻഷ്യനൽ മജിസ്ട്രേട്ടുമാരുടെ ഏക കണ്ഠമായ അഭിപ്രായത്തോടെ മാത്രമെ വധശിക്ഷ നടപ്പാക്കാൻ സാധ്യമായിരുന്നുള്ളൂ. അങ്ങനെ ഏകകണ്ഠമായ തീരുമാനമില്ലാതെ വരുമ്പോൾ കേസ് ബോംബെ ഗവർമെന്റിലേക്ക് മാറ്റുകയായിരുന്നു പതിവ്.

വിവിധ കാലഘട്ടങ്ങളിലായി പല കോടതികളും തലശ്ശേരിയിൽ സ്ഥാപിതമായി. കോടതികളുടെയും ന്യായാധിപൻമാരുടെ സ്ഥാനങ്ങളുടെയും നാമങ്ങൾ കാലാന്തരേണ മാറ്റുകയുണ്ടായി. ഇപ്പോൾ പ്രിൻസിപ്പാൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി തുടങ്ങി പത്തോളം കോടതികളാണ് തലശ്ശേരിയിലുള്ളത്.●

(**ആധാരം :** 1. മലബാർ കമ്മീഷൻ റിപ്പോർട്ടുകളുടെ മേൽ ഗവർ ണർ ജനറലൂടെ മിനിട്ട്സ് **2.** കേരള ഹിസ്റ്ററി അസോസിയേഷൻ പ്രസിദ്ധികരിച്ച കേരള ചരിത്രം)

6

# ഗുരുസ്മരണ

ഒ. അബു സാഹബിന്റെ സംഭാവനകളെക്കുറിച്ച് പലകുറി ഞാൻ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അദ്ദേഹവുമായി നാല് ദശാബ്ദങ്ങളോളമുള്ള വ്യക്തിപരമായ പരിചയത്തിന്റെ ഓർമ്മകളിലേക്ക് ഒന്നെത്തിനോക്കുക എന്നതാണ് ഈ അനുസ്മരണ ലേഖനത്തിന്റെ ഉദ്ദേശ്യം. എന്നും അന്തർമുഖനായിരുന്ന അബു സാഹബിന്റെ ചില വ്യക്തി വിശേഷങ്ങളിലേക്ക് വെളിച്ചം പകരാൻ ഒരു പക്ഷേ, ഈ ഉദ്യമം ഉതകിയേക്കും.

എന്നെ ഒരു ക്ലാസ്സിലും പഠിപ്പിച്ചില്ലെങ്കിലും മറ്റു പല കാരണങ്ങൾ കൊണ്ടും ഞാൻ ഗുരുതുല്യരായി കരുതിയിരുന്ന രണ്ടു മഹൽവ്യക്തികളായിരുന്നു. മലബാറിലെ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ നെടുംതൂണുകളിലൊന്നായിരുന്ന ഇ.കെ. മൗലവി സാഹബും, എഴുത്തുകാരനായ ഒ. അബുസാഹബും രണ്ടുപേരും ഞാൻ ജനിക്കുന്നതിനു മുമ്പുതന്നെ എന്റെ കുടുംബവുമായി അടുത്ത സുഹൃത്ബന്ധമുള്ളവരായിരുന്നു എന്നത് യാദൃശ്ചികം മാത്രമാണ്. എന്റെ കുടുംബ ചരിത്രത്തെപ്പറ്റി എന്നെ ബോധ്യപ്പെടുത്തിയവരും ഇവർ രണ്ടുപേർ തന്നെയായിരുന്നു.

ഒ. അബു സാഹബ് ഞങ്ങൾക്കെല്ലാം "അബു മാഷ്" ആയിരുന്നു. അദ്ദേഹം എവിടെയെങ്കിലും അദ്ധ്യാപകനായിരുന്നോ എന്നൊന്നും ഞങ്ങൾക്കറിവുണ്ടായിരുന്നില്ല. ഞാനറിയുന്ന കാലത്ത് അദ്ദേഹം മാഷ് തന്നെ. പക്ഷേ ഒരു സ്കൂളിലും പഠിപ്പിക്കാനൊന്നും പോയിരുന്നില്ല. അബു സാഹിബിന്റെ ഉമ്മ ഒളിലക്കണ്ടി പാത്തുവും എന്റെ ഉമ്മാമ ദറസറവിട കുഞ്ഞി പാത്തുമ്മയും (കുഞ്ഞിപാത്തുമ്മയുടെ സഹോദരൻ ഡോ: മേജർ മമ്മു ഡോക്ടറായതിനു ശേഷമായിരുന്നു ഞങ്ങളുടെ കുടുംബത്തിന്

ദറസറവിട എന്ന പേര് ലഭിച്ചത്) ഏറ്റവും അടുത്ത സുഹൃത്തുക്കളായിരുന്നു. അവർ പരസ്പര സന്ദർശനം നടത്തിയിരുന്നു. അരക്കാൽ ട്രൗസറിട്ട ബാലനായ ഞാൻ ഉമ്മാമയുടെ കയ്യും പിടിച്ച് മല്ലർ റോഡിലുള്ള ഞങ്ങളുടെ വസതിയിൽനിന്ന് ജൂബിലി റോഡിൽ നിന്ന് നാരങ്ങാപ്പുറം വയലിലേക്ക് പോകുന്ന ഇടവഴിയിലുള്ള ഒളീലക്കണ്ടി പാത്തു വിന്റെ കൊച്ചുവീട്ടിലേക്ക് അനുഗമിക്കുക പതിവായിരുന്നു. അന്നൊക്കെ ആ കൊച്ചുവീട്ടിന്റെ ഉമ്മറത്തിരുന്ന് എഴുതി ക്കൊണ്ടിരുന്ന ആളെക്കുറിച്ച് ഒരിക്കൽ ഉമ്മാമ തന്നെയാണ് പരിചയപ്പെടുത്തിയത്. “അത് അബുവാ. ഓന് എപ്പോളും എയ്ത്താ. ഇവരെല്ലാം കുമാരൻ മാഷിന്റെ വലയിൽപെട്ടുപോയതാ!” ഇവരെല്ലാം എന്ന് ഉമ്മാമ പറഞ്ഞപ്പോൾ ബർമ്മയിലേക്ക് തിരിച്ചു പോയ തന്റെ സഹോദരൻ ഡോക്ടറെയുമാണ് ഉദ്ദേശിച്ചിരുന്നത്. (ഡോ.മേജർ മമ്മു, ‘ഭദ്രമുനി’, ‘കൊടുവള്ളിയിലെ കൊലപാതകം’ തുടങ്ങി മൂന്ന് നോവലുകൾ രചിച്ചിരുന്നു എന്ന കാര്യം പിന്നീട് ഒ. അബുസാഹബാണ് എന്നെ ധരിപ്പിച്ചത്). കുമാരൻ മാഷ് മറ്റാരുമായിരുന്നില്ല. മഹാനായ മൂർക്കോത്ത് കുമാരൻ മാസ്റ്റർ തന്നെ.

ഞങ്ങളുടെ കണ്ടുമുട്ടലുകൾക്കിടയിൽ ദീർഘകാലത്തെ വിടവുകളുണ്ടായിരുന്നു. ഞാനൊരു കോളജ് വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് വീണ്ടും അബു മാഷുമായി കൂടുതൽ അടുക്കാനിടയായത്. ലോഗൻസ് റോഡിലുള്ള മാളിക മുകളിലായിരുന്നു അപ്പോൾ അബു സാഹബ്. ഈ പരിചയം പുതുക്കലിന്റെ തൊട്ടുമുമ്പിലുണ്ടായ കണ്ടുമുട്ടൽ അവിചാരിതമായിരുന്നു. ബന്ധുക്കളായ രണ്ടു വൈദ്യശാലക്കാർ പരസ്യങ്ങളിലൂടെ പരസ്പരം ഒളിയമ്പുകൾ എയ്തുകൊണ്ടിരുന്നു. ഒരുഭാഗത്തുള്ള വൈദ്യശാലക്കാരുടെ എല്ലാ സാഹിത്യവും പരസ്യങ്ങളും കൈകാര്യം ചെയ്തിരുന്നത് അബുസാഹബായിരുന്നു. കയ്യെഴുത്ത് മാസികകളിലും ബാലപംക്തികളിലുമൊക്കെ എഴുതിക്കൊണ്ടിരുന്ന ഞാൻ ഒരെഴുത്തുകാരനെന്ന അഹംഭാവത്തോടെ നടന്നിരുന്ന കാലം. മറ്റേ ഭാഗത്തെ വൈദ്യശാലക്കാർ ക്കുവേണ്ടി ആവേശപൂർവ്വം എഴുതാൻ ഞാൻ സഹായിച്ചു. അബുമാഷ് രണ്ടുഭാഗക്കാരുടെയും പൊതു സുഹൃത്തുകൂടിയായിരുന്നു. ഒരു വൈകുന്നേരം ഞാൻ കോളജ് കഴിഞ്ഞ് വൈദ്യശാലയിലെ കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നപ്പോൾ അബുമാഷ് വൈദ്യശാലയിലേക്ക് വൈദ്യരെയും അന്വേഷിച്ചുവന്നു. എന്നെ കണ്ട ഭാവം പോലും കാണിച്ചില്ല. സംസാരമദ്ധ്യേ വൈദ്യരോട് “ നിങ്ങളുടെ സാഹിത്യമൊക്കെ ആരാണ് കൈകാര്യം ചെയ്യുന്ന”തെന്ന് അന്വേഷിച്ചു. “ഇതാ ഈ ഇരിക്കുന്ന ആൾ തന്നെ”. വൈദ്യർ പറഞ്ഞു. “ഓ, നീ അത്രക്കായോ?” എന്ന് അബുമാഷ് ചോദിച്ചപ്പോൾ ഞാൻ ചൂളിപ്പോയി. സംസാരിച്ച് കഴിഞ്ഞ് പോകു മ്പോൾ അബുമാസ്റ്റർ എന്റെ മുതുകിൽ തട്ടി. “നിന്റെ എഴുത്ത് നന്നായിട്ടുണ്ട് കുട്ടീ”

എന്നു പറഞ്ഞുപോയപ്പോൾ ഞാൻ പുളകിതഗാത്രനായി.

തുടർന്നാണ് മാളികമുകളിലെ അബുമാഷിനെ സന്ദർശിക്കൽ പതിവായത്. ഒഴിവുദിവസങ്ങളിൽ ദീർഘനേരം അവിടെ ചെലവഴിച്ചു. മാഷ് എഴുത്തിലാണെങ്കിൽ എനിക്ക് ഒന്നും ചെയ്യാനുണ്ടാവില്ല. നിശ്ശബ്ദനായി അദ്ദേഹം എഴുതുന്നത് നോക്കിയിരിക്കും. അല്ലെങ്കിൽ അദ്ദേഹം ഏതെങ്കിലും പുസ്തകം എടുത്തുതരും, അത് വായിച്ചിരിക്കും. എഴുതാത്ത സമയങ്ങളിൽ അദ്ദേഹം വാചാലനായിരിക്കും. സൂര്യന്ന് താഴെയുള്ള ഏതുകാര്യങ്ങളെക്കുറിച്ചും അദ്ദേഹത്തിന്റേതായ അഭിപ്രായത്തോടെ സംസാരിക്കും. ഞാൻ ഒരിക്കലും കാണാത്ത അദ്ദേഹത്തിന്റെ സുഹൃത്തുക്കളെക്കുറിച്ച് വാതോരാതെ സംസാരിക്കും. ആർ.എസ്.പ്രഭു, മാഹിനലി പി.ഒ, സി.കെ.കരീം എന്നിവരെയൊക്കെകുറിച്ചുള്ള വിശദവിവരങ്ങൾ നൽകിയിരുന്നു. ബ്രിട്ടീഷ് കൗൺസിലിലെ ഇംഗ്ലീഷ് ഭാഷാവിഭാഗത്തിൽ ഉദ്യോഗസ്ഥനായിരുന്ന പ്രഭുവിനോട് ഞാൻ ആർ.എസ്,പ്രഭുവിനെക്കുറിച്ച് വിശദമായി സംസാരിച്ചപ്പോൾ അദ്ദേഹം ആശ്ചര്യപ്പെടുകയുണ്ടായി. അതും ഞാനൊരിക്കലും കാണാത്ത ഒരു വ്യക്തിയെക്കുറിച്ചുള്ള വർണ്ണന. പ്രസ്തുത വിവരങ്ങൾ ഒ.അബുസാഹബിൽ നിന്ന് ലഭിച്ചതാണെന്ന് ഞാൻ വിശദീകരിച്ചു.

എഴുത്തുകാരന്റെ ദാരിദ്ര്യത്തിന്റെ മുഖവും ഈ വേളയിൽ ആണ് എനിക്ക് മനസ്സിലായത്. മാളികയുടെ വാടകകൊടുക്കാനും, കുടിച്ചതും കുടിപ്പിച്ചതുമായ ചായകളുടെ പൈസ കൊടുക്കാനും അദ്ദേഹം വളരെ വിഷമിച്ചിരുന്നു. വാടകക്കുടിശ്ശിക കാരണം മാളിക വിടേണ്ടതായും വന്നിരുന്നു. ഞങ്ങളിരിക്കുമ്പോൾ മാഷിന്റെ ഇളയമകൻ വന്നു നിൽക്കും. അതിന്റെ അർത്ഥം അന്നത്തെ വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങാൻ പണം വേണമെന്നാണ്. അബുമാഷ് കുറേനേരം വിദൂരതയിൽ കണ്ണുംനട്ടുകൊണ്ടിരിക്കും. പിന്നെ ചായയ്ക്ക് പറയും. ചായ കുടിച്ചു കഴിഞ്ഞാൽ കുറിപ്പെഴുതാൻ വെച്ച കടലാസ്സിൽ സ്വതസിദ്ധമായ ശൈലിയിൽ ഒരു ചെറിയ എഴുത്ത്. എഴുത്ത് മകന്റെ വശം കൊടുത്തയക്കും. എഴുത്തു ലഭിച്ച ആൾ മിക്കവാറും ഔദാര്യം കാണിക്കുകയും ചെയ്യും. ഗാന്ധിജിയാണ് പറഞ്ഞതെന്ന് തോന്നുന്നു, എല്ലാം ത്യജിക്കുന്നവന്ന് അവന്റെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുക തന്നെ ചെയ്യും. ഒരു സൂഫിയുടെ നിസ്സംഗത പലപ്പോഴും ഈ അവസരങ്ങളിൽ ഞാൻ അബു സാഹബിൽ കണ്ടിരുന്നു.

ഈ കാലഘട്ടത്തിലെ മറ്റൊരു സംഭവം കൂടി ഓർമ്മയിൽ തങ്ങി നിൽക്കുന്നു. തലശ്ശേരിയിൽ നടന്ന ഇസ്ലാമിക് സെമിനാർ. അബു സാഹബ് പ്രൗഢമായ ഒരു പ്രബന്ധം തയ്യാറാക്കിവെച്ചു. പ്രബന്ധം ഞാൻ വായിച്ചു. അദ്ദേഹം കേട്ടു. എഴുതിയതിൽ ഒരിക്കലും തെറ്റുതിരുത്തേണ്ടിവരാറില്ല. സുഹൃത്തുക്കളുടെ ഇടയിൽ വാചാലനാവുന്ന അബുസാഹബ് വലിയ സഭാകമ്പമുള്ള

ആളായിരുന്നു. സ്റ്റേജിൽ അദ്ദേഹത്തിന് പ്രസംഗിക്കാനോ, പ്രബന്ധം വായിക്കാനോ, ഭയമായിരുന്നു. പ്രസംഗം വായിച്ചുതീർന്നപ്പോൾ എന്നോട് ചോദിച്ചു: “സെമിനാറിൽ നിനക്കീ പ്രബന്ധം വായിക്കാമോ?” ഒരു വലിയ സദസ്സിൽവെച്ച് വായിക്കേണ്ട കാര്യമോർത്ത് ഞാൻ ഭയചകിതനായി. എന്നെക്കൊണ്ടാവില്ല എന്ന് ഞാൻ തറപ്പിച്ചു പറഞ്ഞു: “കുറച്ച് ധൈര്യമൊക്കെ വേണം കുട്ടീ.” എനിക്ക് ചിരിവന്നുപോയി. “വായിക്കുന്നില്ലെങ്കിൽ വേണ്ട എന്റെ കൂടെ സെമിനാറിന് വരണം”. എന്ന് അദ്ദേഹം നിർബന്ധിച്ചു. അവസാന നിമിഷംവരെ എനിക്ക് ഭയമായിരുന്നു. എന്നെക്കൊണ്ട് പ്രബന്ധം വായിപ്പിച്ചുകളയുമോ എന്ന്. ആരാണ് പ്രബന്ധം വായിക്കുക എന്ന് ഞാൻ കുത്തി ചോദിച്ചപ്പോഴൊക്കെ അതിനൊക്കെ ഏർപ്പാട് ചെയ്തിട്ടുണ്ട് കുട്ടീ, നീ പേടിക്കേണ്ട എന്ന് എന്നെ ആശ്വസിപ്പിക്കുകയായിരുന്നു. സെമിനാറിന്ന് അദ്ദേഹത്തിന്റെ പിന്നിൽ ഞാനിരുന്നു. കുറേ കഴിഞ്ഞപ്പോൾ “ചായ കുടിക്കണ്ടേ?” എന്നൊരു ചോദ്യം. “പോകാം”. തുടർന്ന് സെമിനാർ ഹാളിൽ നിന്ന് ഞങ്ങളിറങ്ങി. ചായ കുടിച്ചു സെമിനാർ ഹാളിന്റെ വിപരീതദിശയിലേക്ക് നടന്നു. “പ്രബന്ധം” ? ഞാൻ ആശ്ചര്യത്തോടെ അബുസാഹബിന്റെ മുഖത്തേക്ക് നോക്കി. “അതൊക്കെ അവിടെ വായിച്ചുകൊള്ളും”. എനിക്കൊന്നും മനസ്സിലാവാതെ അബു സാഹിബിന്റെ കൂടെ നടന്നകന്നു. അന്ന് ഒ.അബു സാഹബിന്റെ പ്രബന്ധം എൻ.സി.മമ്മൂട്ടിയായിരുന്നു സെമിനാറിൽ അവതരിപ്പിച്ചതെന്നു തോന്നുന്നു.

ഞാൻ ജോലിയാവശ്യാർത്ഥം തമിഴ്നാട്ടിലേക്ക് വന്നതിനു ശേഷം കുറേ കാലം ഞങ്ങൾ കണ്ടുമുട്ടിയിരുന്നില്ല. വീണ്ടുമൊരു സംഗമത്തിന് കാരണമായത് ജ:എൻ.എം. അൻവർ സാഹിബിന്റെ സൂഫിസത്തെക്കുറിച്ചുള്ള പ്രബന്ധത്തിന്റെ മലയാളമൊഴിമാറ്റം നടത്തേണ്ടിവന്നപ്പോഴാണ്. എനിക്ക് ദുർഗ്രാഹ്യമായ ഭാഷാപ്രയോഗങ്ങൾ മൊഴിമാറ്റം ചെയ്യാൻ വിഷമിച്ചപ്പോഴാണ് ഒ.അബുസാഹിബിനെ സമീപിച്ചത്. കുറേക്കാലം കാണാതിരുന്നാൽ ഇത്രയും കാലം കണ്ടില്ലല്ലോ എന്ന ഔപചാരികതയൊന്നും അബു സാഹബ് പ്രകടിപ്പാക്കാറില്ല. ഇന്നലെ കണ്ടുപോയ ഭാവത്തിലാണ് സംസാരിക്കുക. അൻവർ സാഹബിന്റെ പ്രബന്ധം ഒറ്റയിരിപ്പിന് അബു സാഹബ് വായിച്ചു. നല്ല ഗഹനമായ പഠനം എന്നഭിപ്രായപ്പെട്ടു. അത് പരിഭാഷപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എനിക്ക് പറഞ്ഞുതന്നു. “പ്രബന്ധം ഇവിടെ ഇരിക്കട്ടെ നാളെ വരൂ....” എന്ന് പറഞ്ഞ് എന്നെ യാത്രയയച്ചു. പിറ്റേന്ന് പോയപ്പോൾ ആദ്യത്തെ അഞ്ചുപേജുകൾ അദ്ദേഹം തന്നെ വിവർത്തനം ചെയ്തു വെച്ചിരുന്നു. ഏറ്റവും ദുഷ്ക്കരമായ ഭാഗമായിരുന്നു അത്. ഇത് വായിച്ചുനോക്കി ഈ ശൈലിയിൽ തന്നെ തുടർന്നു ചെയ്താൽ മതിയെന്ന് ഉപദേശിച്ചു. ആശയങ്ങളെ ഗ്രഹിച്ച് ലളിതമായ ശൈലിയിൽ വിവർത്തനമെന്ന് തോന്നാത്ത

വിധത്തിലുള്ള അദ്ദേഹത്തിന്റെ മൊഴിമാറ്റരീതിയും പാടവും അനുകരണീയമാണ്.

വീണ്ടും ഏതാനും വർഷങ്ങളുടെ വിടവിന്നുശേഷമാണ് അബുസാഹബുമായി അടുക്കുന്നത്. അദ്ദേഹം രോഗം കൊണ്ട് അവശനായ അവസരം. മലയാള ഗാനകാവ്യലക്ഷണങ്ങളെക്കുറിച്ച് ഒരു ശാസ്ത്രീയ ഗ്രന്ഥം അദ്ദേഹത്തിന്റെ അഭിലാഷമായിരുന്നു. ഇടയിൽ വയറ്റുപിഴപ്പിന് മറ്റു ചിലരചനകളിൽ ഏർപ്പെടേണ്ടി വന്നിരുന്നതുകൊണ്ട് ഈ രചനക്ക് കാലതാമസം നേരിടുകയും ചെയ്തു. ഈ പുസ്തക രചനയുമായി ബന്ധപ്പെട്ട് അറബിത്ത മിഴിലുള്ള സാഹിത്യഗ്രന്ഥങ്ങൾ ശേഖരിക്കുകയും, അവയെ ക്കുറിച്ചുള്ള വിവരങ്ങൾ അറിയിച്ചു കൊടുക്കുകയുമായിരുന്നു എന്നെ ഏൽപ്പിച്ച ദൗത്യം. ഈ വിഷയവുമായി ഞങ്ങൾ നിരന്തരം കത്തിടപാട് നടത്തിക്കൊണ്ടിരുന്നു. അബു സാഹബിന്റെ ഗവേഷണവുമായി ബന്ധപ്പെടാൻ എനിക്ക് അതീവ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. അതുമായി ബന്ധപ്പെട്ടപ്പോൾ അറിവിന്റെ പുതിയ ജാലകങ്ങൾ തുറന്നുകൊണ്ടേയിരിക്കുന്ന അനുഭവവു മുണ്ടായി. ഈ രംഗത്ത് എന്റെ ശ്രദ്ധപിടിച്ചു നിർത്താൻ അബു സാഹബ് ശ്രമിച്ചിരുന്നു. അദ്ദേഹത്തിന്റെ ഒരെഴുത്തിൽ ഇക്കാര്യം അദ്ദേഹം പ്രകാശിപ്പിക്കുകയും ചെയ്തിരുന്നു. "എന്നെ തുണ ക്കാൻ മാത്രമല്ല ഞാൻ കഴിഞ്ഞുപോയാൽ ഈ മാർഗ്ഗത്തിൽ പ്രവർത്തനം നടത്തുവാൻ വാസനയുള്ള ഒരാളെ കണ്ടെത്തിയത്. അതും തന്റെ "സ്വന്തം കുട്ടി"യാണെന്നു വന്നത് എന്നെ തികച്ചും ചാരിതാർത്ഥ്യനാക്കിയിരിക്കുന്നു."

അവശനായി ഇരിക്കുമ്പോഴും ഞാൻ പോകുമ്പോഴെല്ലാം ദീർഘനേരം സംസാരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. എന്നോട് പ്രത്യേക സ്നേഹവാത്സല്യങ്ങൾ കാട്ടാൻ ഒരിക്കലും പിശുക്ക് കാണിച്ചിരുന്നില്ല. എന്റെ പാരമ്പര്യം എഴുത്തുകാരന്റെ പാരമ്പര്യമാണെന്ന് പരോക്ഷമായി അദ്ദേഹം സൂചിപ്പിക്കു മായിരുന്നു.

ഒരൊഴിവുകാലം അദ്ദേഹത്തിന്റെ വസതിയിൽ വെച്ചുള്ള സംസാരമദ്ധ്യേ എന്നോടൊരു ചോദ്യം. "പുത്തൻപുരയിൽ കുട്ട്യാ ലിയെ അറിയുമോ?" ഞാനദ്ദേഹത്തിന്റെ മുഖത്തുനോക്കി. "കുട്ടീ, നിന്റെ ഉമ്മാമയുടെ ബാപ്പയാണ് മഹാനായ പുത്തൻ പുരയിൽ കുട്ട്യാലി, 'സ്വലാത്ത് മാല'യുടെ കർത്താവ്. 'സ്വലാത്ത്മാല' വായി ച്ചിട്ടുണ്ടോ? ഞാൻ കണ്ടിട്ടുപോലുമുണ്ടായിരു ന്നില്ല. "സ്വലാത്ത് മാലയുടെ ആത്മാവിലൂടെ ഒരു സാഹിത്യയാത്ര ചെയ്യണം" എന്നൊരു ഉപദേശവും. 'സ്വലാത്ത് മാല' പിന്നീട് നാസിഅ് മൂസ്സ ക്കയുടെ ഗ്രന്ഥശേഖരത്തിൽ നിന്ന് സമ്പാദിച്ചുവെങ്കിലും അതേ ക്കുറിച്ചുള്ള പഠനം നടത്താൻ ഈ 'കുഴിമടിയൻ കുട്ടി'ക്ക് ഇന്നും കഴിഞ്ഞിട്ടില്ല ●

7

# മുഹററ മാസത്തിലെ കൂടാരം

മൂന്ന് ദശാബ്ദങ്ങൾക്ക് മുമ്പ് വരെ തലശ്ശേരിയുടെ ജന പ്രിയമായിരുന്നു മുഹററ മാസത്തിലെ കൂടാരഘോഷയാത്ര. മുസ്ലീം കലണ്ടറിലെ ആദ്യമാസമായ മുഹററത്തിലെ പത്താം ദിവസമാണീ ഘോഷയാത്ര നടത്തപ്പെട്ടിരുന്നത്. വൈകുന്നേരം ആരംഭിക്കുന്ന ഘോഷയാത്ര കാണാൻ ഉച്ച മുതൽ തന്നെ മെയിൻ റോഡിൽ കൂടാരപ്പുര മുതൽ ഗോപാലപ്പേട്ട വരെ ജനങ്ങൾ റോഡിന്റെ ഇരു ഭാഗങ്ങളിലും പ്രതീക്ഷയോടെ കൂടുമായിരുന്നു. ഘോഷയാത്ര കാണാൻ ഉൾപ്രദേശങ്ങളിൽ നിന്നുപോലും ആളുകളെത്തിയിരുന്നു. ആഘോഷത്തോടനുബന്ധിച്ച് മധുരപലഹാരങ്ങൾ വിൽക്കുന്ന പ്രത്യേക കടകൾ പിലാക്കൂലിൽ ഉണ്ടായിരുന്നു. ഘോഷയാത്ര കണ്ട് പോകുന്നവർ മധുരപലഹാരങ്ങൾ വാങ്ങിയാണ് വീടുകളിലേക്ക് മടങ്ങുക.

മുഹററ മാസത്തിലെ ഈ ആഘോഷങ്ങൾക്ക് ഇസ്ലാം മത വിശ്വാസവുമായി ബന്ധമില്ല. ഈ ആഘോഷം തന്നെ ഒരു ദുഃഖാചരണമാണ് എന്നതായിരുന്നു വിരോധാഭാസം. മുഹററ മാസം പത്ത് ദിവസവും ദുഖാചരണദിവസമായി കൊണ്ടാടാറുള്ളത് മുസ്ലീങ്ങളിലെ ഷിയാ വിഭാഗമാണ്. പ്രവാചകന്റെ പൗത്രനും, ഫാത്തിമയുടെയും അലിയുടെയും മകനുമായ ഹുസൈൻ കർബലയിൽ വെച്ച് ദാരുണമായി കൊല്ലപ്പെട്ടതിനെ അനുസ്മരിച്ചാണീ ദുഃഖാചരണം. എന്നാൽ സുന്നി വിഭാഗത്തിൽ പെട്ടവർ ഇത് പിൻപറ്റുന്നവരല്ല. ഇവരെ സംബന്ധിച്ചിടത്തോളം മുഹററം പത്ത്- ഈ ദിവസത്തെ ആശുറ എന്നാണ് വിശേഷിപ്പിക്കാറുള്ളത്. വ്രതം അനുഷ്ഠിക്കാനുള്ള ദിവസമാണ്. പ്രവാചകനാൽ അങ്ങനെ

കൽപ്പിക്കപ്പെട്ടത് കൊണ്ടാണത്, അല്ലാതെ ഹുസൈന്റെ രക്ത സാക്ഷിത്വവുമായ ഈ വ്രതത്തിന് ബന്ധമില്ല. അതു മാത്രമല്ല മറ്റ് പല കാരണങ്ങൾ കൊണ്ടും മുഹറം പത്ത് സവിശേഷ ദിവ സമായി കരുതപ്പെട്ടു വരികയും ചെയ്യുന്നു. ആദിമ പിതാവായ ആദവും മാതാവായ ഹവ്വയും ഭൂമിയിലേക്കിറക്കപ്പെട്ടത്. ഒമ്പതാം ആകാശത്തിലെ അർശ് എന്ന ദൈവ സിംഹാസനം നിർമ്മിക്ക പ്പെട്ടത് ആദ്യമായി മഴ വർഷിക്കപ്പെട്ടത്, വേദഗ്രന്ഥം സംരക്ഷി ക്കപ്പെട്ട ഫലകമായ ലൗഹുൽ മഹ്ഫൂള് സൃഷ്ടിക്കപ്പെട്ടത്, സ്വർഗ്ഗ വും നരകവും സൃഷ്ടിക്കപ്പെട്ടത്, ജീവിതവും മരണവും നിർണ്ണയി ക്കപ്പെട്ടത് – ഇവയെല്ലാം ഈ ദിവസവുമായി ബന്ധപ്പെട്ടതാണെ ന്നായിരുന്നു വിശ്വാസം. ഈ ദിവസം വ്രതമനുഷ്ടിക്കുന്നത് കൂടു തൽ പുണ്യമാണെന്ന് കരുതപ്പെടുകയും ചെയ്യുന്നു.

ഹുസൈന്റെ രക്തസാക്ഷിത്വം ആചരിക്കുന്ന സമ്പ്രദായം ഷിയാക്കളുടെ ഇടയിലാണെന്ന് പ്രസ്താവിച്ചുവല്ലോ. എന്നാൽ ഉർദു മാതൃഭാഷയായ ദഖ്നി മുസ്ലീങ്ങളുടെ ഇടയിൽ ഷിയാക്ക ളുടെ പല ആചാരങ്ങളും നുഴഞ്ഞുകയറിയിരുന്നു. അവയിലൊ ന്നാണ് അവരുടെ ഇടയിലുള്ള മുഹറമാസാഘോഷങ്ങൾ. തല ശ്ശേരിയിലെ മുസ്ലീങ്ങളുടെ ഇടയിൽ ന്യൂനപക്ഷം ദഖ്നി മുസ്ലീ ങ്ങളുണ്ടായിരുന്നു. അവരിൽ പ്രമുഖ വ്യക്തിയായിരുന്നു ഗഫൂർ സാഹിബ്. അദ്ദേഹം തലശ്ശേരി പോസ്റ്റോഫീസിലെ പോസ്റ്റ് മാസ്റ്റ റായി ഉദ്യോഗം വഹിച്ചിരുന്നു. താമസം മെയിൻ റോഡിലെ പുതിയ നിരത്തിന്റെ എതിർവശത്തുള്ള ഇടവഴിയിലായിരുന്നു. അദ്ദേഹമായിരുന്നു മുഹർമാസത്തിലെ കൂടാരത്തിന്റെ തലശ്ശേ രിയിലെ ഉപജ്ഞേതാവ്. ഇന്ന് കൂടാരപ്പുര റോഡ് എന്നറിയപ്പെ ടുന്ന സ്ഥലത്ത് കൂടാരപ്പുര സ്ഥാപിച്ചതും കൂടാര നിർമ്മാണത്തിന് സാമ്പത്തികസഹായം നൽകിയതും അദ്ദേഹമായിരുന്നു.

കൂടാരപ്പുര റോഡ് മുമ്പ് താബൂത്ത് സ്ട്രീറ്റ് എന്ന പേരി ലായിരുന്നു അറിയപ്പെട്ടിരുന്നത്. താബൂത്ത് എന്നത് അറബിപദ മാണ്. പെട്ടകം, ശവപെട്ടകം എന്നൊക്കൊണ് ആപദത്തിന്റെ അർത്ഥം. താസിയ എന്ന പേർഷ്യൻ പദവും ഉപയോഗിച്ചിരുന്നു. ഈ പദത്തിന്റെ അർത്ഥം സമാശ്വാസനം എന്നാണ്. കർബല യിലെ ഹുസൈന്റെ ശവകുടീരത്തെ അനുസ്മരിപ്പിക്കുന്ന കടലാസ് കൊണ്ടുണ്ടാക്കുന്ന മാതൃകയെയാണ് ഈ പദങ്ങൾ കൊണ്ട് ഉദ്ദേ ശിച്ചിരുന്നത്. മൂഹറ മാസത്തിൽ ഇത്തരം കടലാസ് പെട്ടകങ്ങൾ ഉണ്ടാക്കി വിലപിച്ച് സമാശ്വാസനം കാണുക എന്നത് ഷിയാ ആചാരമാണ്. ഈ കടലാസ്പെട്ടകത്തിന്റെ തലശ്ശേരി ഭാഷ്യമാ യിരുന്നു കൂടാരം.

മുഹറമാസപ്പിറവി കണ്ടു എന്നറിഞ്ഞ ഉടനെ താസിയ ഖാന– കൂടാരപ്പുരയുടെ മുമ്പിൽ കുഴികുത്തി അഗ്നിയിടുന്നു. പത്ത്

ദിവസം മുഴുവൻ പ്രതീകാത്മകമായി ഈ അഗ്നി ജ്വലിച്ചുകൊണ്ടി രിക്കും. ഒമ്പതാം ദിവസമാകുമ്പോഴേക്കും താബൂത്ത് അല്ലെങ്കിൽ താസിയയുടെ നിർമ്മാണം പൂർത്തിയാകും. മരത്തിന്റെയോ മുള യുടേയോ ഫ്രെയിമിൽ വർണ്ണ കടലാസുകളും സ്വർണ്ണ നൂലുകളും മറ്റുമുപയോഗിച്ചാണ് താസിയ നിർമ്മിക്കപ്പെട്ടിരുന്നത്. തലശ്ശേ രിയിൽ താസിയ നിർമ്മാണത്തിന് അതിവിദഗ്ദനായിരുന്നത് ചട്ടേൻ ഹസ്സനായിരുന്നു. ആശുറയുടെ തലേദിവസം രാത്രി താ സിയ വിളക്കുകൾ കൊണ്ടലങ്കരിക്കപ്പെട്ട് ഒരു ലഘു ഘോഷയാ ത്രയ്ക്കായി പുറത്തെടുക്കപ്പെട്ടിരുന്നു. പിന്നീട് പിറ്റേദിവസം വൈ കുന്നേരം നാല് മണിയോടെയാണ് പൂർണ്ണ ഘോഷയാത്ര ആരം ഭിക്കുന്നത്.

മുഹറം ഒന്നാം തീയ്യതി മുതൽ തന്നെ ആഘോഷത്തോ ടനുബന്ധമായി നരി(പുലി) കളിനടക്കുമായിരുന്നു. പുലി വേഷ മിട്ടവർ വീടുകൾ തോറും കയറിയിറങ്ങി പ്രകടനം നടത്തിയിരു ന്നു. വീട്ടുകാർ പുലി കളിക്കാർക്ക് സംഭാവന നൽകുകയും ചെയ്യും. ആശുറ ദിവസത്തിലെ താസിയ ഘോഷയാത്രയുടെ മുമ്പിലും പുലി കളിക്കാർ പ്രദർശന പ്രകടനം നടത്തിയിരുന്നു. ഘോഷ യാത്രാനന്തരം താസിയ നീലോത്ത് കടലിൽ മുക്കികളഞ്ഞതിന് ശേഷം ഘോഷയാത്രക്കാർ ദുഃഖമൗനവുമായിതിരിക്കുന്നു.

താസിയ ഘോഷയാത്രക്ക് മുമ്പായി മുഹറം ഏഴാം ദിവസം മറ്റൊരു ഘോഷയാത്ര കൂടി നടത്തപ്പെട്ടിട്ടുണ്ട്. ഇതിന് പഞ്ചഘോഷയാത്ര എന്നായിരുന്നു പേര്. ലോഹത്തിൽ പണി ചെയ്ത ഒരു കൈപ്പത്തിക്ക് ചുറ്റും പച്ചയും ചുകപ്പും പട്ടു തുണി കൾ തൂകിയിട്ട് കുതിരപ്പുറത്ത് എഴുന്നെള്ളിക്കുന്ന ചടങ്ങാണിത്. ഈ കൈപ്പത്തി രക്തസാക്ഷിയായ ഹുസൈന്റെ കരത്തെ പ്രതി നിധീകരിക്കുന്നു എന്നായിരുന്നു വിശ്വാസം. ഗഫൂർ സാഹബിന്റെ നിര്യാണാന്തരവും മുഹർറ മാസത്തിലെ താസിയ ഘോഷയാത്ര നിർവിഘ്നം നടന്നു വന്നിരുന്നു. എന്നാൽ സുന്നി വിശ്വാസവു മായി ബന്ധമില്ലാത്ത താസിയയോടും പഞ്ചയോടും ഒരു തരം അസഹിഷ്ണുതാ മനോഭാവം ചിലരിൽ വളർന്നുകൊണ്ടിരുന്നു. വിശ്വാസത്തിന്റെ ഭാഗമല്ലെങ്കിൽ കുടിയും ഈ ആഘോഷം ജന പ്രിയമായിരുന്നു. മുഹറം ഏഴാം ദിവസം മുസ്ലീം വീടുകളിലെ സ്ത്രീകൾ ചുറ്റുമുള്ള കുട്ടികൾക്ക് സർബത്തും, പാലും, പഴവു മൊക്കെ നൽകുന്ന പതിവ് കൂടിയുണ്ടായിരുന്നു.

എന്നാൽ താസിയാഘോഷം പെട്ടെന്നൊരു വർഷം അല ങ്കോലപ്പെടുകയും അവസാനിക്കുകയും ചെയ്തു. താസിയ ഖാന യുടെ മുമ്പിലുള്ള അഗ്നികുണ്ഡത്തിൽ കുട്ടികൾ അങ്ങോട്ടുമി ങ്ങോട്ടും ചാടിക്കളിക്കുന്ന പതിവുണ്ടായിരുന്നു. പ്രസ്തുത വർഷം അങ്ങനെ ചാടിക്കളിക്കുമ്പോൾ ഒരു കുട്ടി അഗ്നികുണ്ഡത്തിൽ

വീണ് ഗുരുതരമായി പൊള്ളലേറ്റു. ഇതേ തുടർന്ന് തദ്ദേശീയ രായ ചിലർ താസിയാഖാന ആക്രമിക്കുകയും അവിടെ ഉണ്ടാക്കിവെച്ച താസിയെ തകർക്കുകയും ചെയ്തു. ഇതോടെ താസിയാഘോഷത്തിന് തിരശ്ശീല വീഴുകയും ചെയ്തു.

മറ്റ് കാലങ്ങളിൽ താസിയാഖാനയിൽ (കൂടാരപ്പുരയിൽ) കുട്ടികൾക്കുള്ള മദ്രസ്സയായിരുന്നു നടന്നു വന്നിരുന്നത്. കൂടാരപ്പുര പിന്നീട് പുതുക്കി പണിതെങ്കിലും ഈ മദ്രസ്സ ക്രമേണ നിന്നുപോയി. കോടതി ആമീനായി ജോലിയിൽ നിന്നു വിരമിച്ച ഫക്കീർ സാഹബിന്റെ നിയന്ത്രണത്തിൽ കൂടാരപ്പുരയിൽ ഒരു ഉറുദ് കോളേജ് ആരംഭിച്ചുവെങ്കിലും അതും അധികകാലം നടന്നില്ല. കൂടാരവും, മുഹർറം പത്തിലെ ഘോഷയാത്രയും പഴയ തലമുറയുടെ ഓർമ്മയിൽ മാത്രം ഇന്ന് നിലനിൽക്കുന്നു ●

# 8

# ശാന്തനായി വിപ്ലവം നടത്തിയ ഒരാൾ

അപ്പുമാസ്റ്ററുടേത് ഒരു ഹിന്ദി കുടുംബമെന്ന് വിശേഷിപ്പിക്കാവുന്നതാണ്. മൂത്തമകൻ ഹിന്ദി പ്രചാരസഭയുടെ സെക്രട്ടറിയാണ്. മറ്റ് മക്കളും ഹിന്ദിയും അല്ലാത്തതുമായ വിഷയങ്ങളിൽ അവഗാഹമുള്ള അധ്യാപകരാണ്. 1950 മുതൽ 1999 വരെ അപ്പുമാസ്റ്റർ സെൻട്രൽ ഹിന്ദി പ്രചാരസഭയുടെ ഗവേണിംഗ് ബോഡി, അക്കാഡമിക് കൗൺസിൽ, പരീക്ഷബോർഡ്, എക്സിക്യൂട്ടീവ് എന്നിവയിൽ അംഗമായിരുന്നു.

ഖാദി വസ്ത്രധാരണവും ഹിന്ദി ഭാഷാപ്രചാരണവും ഗാന്ധിയൻ ആദർശത്തിലധിഷ്ഠിതമായ വിപ്ലവ പ്രതീകങ്ങളായിരുന്നു. ഇവ രണ്ടും ജീവിതവ്രതമാക്കിയിരുന്ന പുണ്യദേഹമായിരുന്നു അപ്പുമാസ്റ്റർ. ശാന്തചിത്തനായ അപ്പു മാസ്റ്ററുടെ ജീവിതം വിപ്ലവത്തിന്റെ വഴിത്താരകളിലൂടെയാണ് കടന്നുപോയത്. ഖാദി വസ്ത്രധാരണം വിദേശ വസ്ത്ര ബഹിഷ്കരണ വിപ്ലവത്തിന്റെ ബഹിർസ്ഫുരണമായിരുന്നു. വിദേശിയുടെ അധിനിവേശത്തിനോടുള്ള എതിർപ്പായി അത്. ഗാന്ധിജി ആഗ്രഹിച്ച സ്വരാജും സ്വാശ്രയശീലവും നടപ്പിൽ വരാനുള്ള പ്രായോഗിക പരീക്ഷണമായിരുന്നു അത്. കേവല വസ്ത്ര ബഹിഷ്കരണത്തിനും വസ്ത്രധാരണത്തിനുമുപരിയായി ഒരു മാനമുണ്ടായിരുന്നു അതിന്. യുവാവായിരുന്ന അപ്പുമാസ്റ്റർ ആകർഷിതനായത് ഇത്തരം വിപ്ലവാശയങ്ങളോടാണ്. എ.കെ. ഗോപാലന്റെ നേതൃത്വത്തിൽ നടന്ന വിദേശ വസ്ത്ര ബഹിഷ്കരണ സമരത്തിൽ പങ്കെടുക്കാൻ അപ്പുമാസ്റ്ററുണ്ടായിരുന്നു. എങ്കിലും സ്വാതന്ത്ര്യ സമരത്തിന്റെ എല്ലാ സമരങ്ങളിലും പങ്കെടുക്കാതിരുന്നതും ഗാന്ധിജിയുടെ ആഹ്വാ

നമനുസരിച്ച് തന്നെയായിരുന്നു. ക്രിയാത്മകമായ പ്രവർത്തന ങ്ങൾക്ക് കുറെപേർ സമരരംഗത്തിന്റെ പുറത്തുണ്ടായിരിക്കണ മെന്ന ആഹ്വാനമായിരുന്നത്. സ്വാതന്ത്ര്യസമരസേനാനിയെന്ന പേരിലുള്ള പെൻഷൻ അപ്പുമാസ്റ്റർക്ക് ഏറെക്കാലം ലഭിച്ചിരുന്നു. പിന്നീടെന്തോ കാരണങ്ങൾകൊണ്ട് അത് നിന്നുപോയി.

സമരത്തിന്റെ സജീവരംഗത്തുണ്ടായില്ലെങ്കിലും സമരഭാ ഗമായി ഹിന്ദിഭാഷാപ്രചാരകനായി അപ്പുമാസ്റ്ററുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. പഴയകോട്ടയം താലൂക്ക് കോൺഗ്രസ്സിന്റെ തലശ്ശേരി ശാഖ നടത്തിവന്ന ഹിന്ദി വിദ്യാലയമായിരുന്നു, തല ശ്ശേരിയിലെ പ്രഥമ ഹിന്ദി പഠനകേന്ദ്രം. പി.കെ. കേശവൻ നായ രായിരുന്നു ഹിന്ദി പ്രചാരകൻ. പി. കുഞ്ഞിരാമൻ വക്കീൽ, എൻ. എസ് പ്രഭു, കൃഷ്ണകിണി, സ്വാമി ആനന്ദതീർത്ഥൻ തുടങ്ങി നിര വധി പേർ ഈ വിദ്യാലയപ്രവർത്തനങ്ങളുടെ പിന്നിലുണ്ടായിരു ന്നു. കേശവൻനായർ പോയതിനുശേഷം വന്ന പി.വി. നാരായ ണൻ നായരുടെ കീഴിലായിരുന്നു 1940 ൽ അപ്പുമാസ്റ്റർ ഹിന്ദിപഠ നമാരംഭിച്ചത്. ശാരദാകൃഷ്ണയ്യർ അക്കാലത്ത് അപ്പുമാസ്റ്റ റോടൊപ്പം ഹിന്ദി പഠിച്ച വ്യക്തികളിലൊരാളായിരുന്നു. വിദേശ ബഹിഷ്കരണ സമരത്തിൽ പങ്കെടുത്തവേളയിൽ അപ്പുമാസ്റ്ററുടെ ഹിന്ദി സർട്ടിഫിക്കറ്റുകൾ പോലീസ് കത്തിച്ചു കളഞ്ഞിരുന്നു. 1946 ൽ അപ്പുമാസ്റ്റർ ഒറ്റപ്പാലത്ത് ഹിന്ദി കോളേജിൽ അധ്യാപകനായി. 1947 ൽ കോഴിക്കോട് വെസ്റ്റ്ഹില്ലിൽ ഹിന്ദി അധ്യാപകനായി. 1949 മുതൽ 1978വരെ തലശ്ശേരി സെന്റ് ജോസഫ്സ് ഹൈസ്കൂ ളിൽ ഹിന്ദി അധ്യാപകനായി. അവിടെ നിന്നായിരുന്നു ഔദ്യോ ഗിക ജീവിതത്തിൽ നിന്ന് വിരമിച്ചത്.

1948 ൽ അപ്പുമാസ്റ്റർ സ്ഥാപിച്ച ജഗന്നാഥ ഹിന്ദി മഹാവി ദ്യാലയം അനേകായിരം വിദ്യാർത്ഥികളെ ഹിന്ദി പഠിപ്പിച്ച സ്ഥാപ നമാണ്. രാവിലെയും വൈകുന്നേരവും നടന്നുവന്ന ക്ലാസ്സുകളിൽ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ കോഴ്സുകൾ നടത്തിവ ന്നിരുന്നു. ടെമ്പിൾഗേറ്റിനടുത്ത് ഒരു മാളികപ്പുറത്ത് നടത്തിവന്ന വിദ്യാലയം പലപ്പോഴും സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നു. ആദ്യകാലത്ത് കെ. ആർ രാമനാ (കെ.ആർ ബിസ്ക്കറ്റ് കമ്പനി ഉടമ) യിരുന്നു സാമ്പത്തിക സഹായങ്ങൾ നൽകിയത്. പ്രാഥ മിക് മുതൽ പ്രവീൺ വരെ ശിക്ഷണം നൽകുന്ന ഈ സ്ഥാപന ത്തിന് മാനവവിഭവശേഷി വകുപ്പിന്റെ പ്രചാരകഗ്രാന്റും ലൈബ്ര റിഗ്രാന്റും ലഭിച്ചുവരുന്നുണ്ട്. സുവർണ്ണ ജൂബിലി ആഘോഷിച്ച ഈ വിദ്യാലയത്തിൽ ഹിന്ദി ഗവേഷണ ലൈബ്രറിയും പ്രവർത്തി ച്ചുവരുന്നു. ഹിന്ദിയിൽ ബി.എ..എം.എ. ക്ലാസ്സുകളും ഇവിടെ നട ന്നുവന്നു. ഹിന്ദിടൈപ്പ് റൈറ്റിംഗ് മലബാറിൽ ആദ്യമായി ഏർപ്പെ

ടുത്തിയതും ഇവിടെയായിരുന്നു.

തമിഴ്നാട്ടിൽ വേരുള്ള അപ്പുമാസ്റ്ററുടെ കുടുംബം തലശ്ശേരിയിൽ എത്തിയത് അപ്പുമാസ്റ്ററുടെമുത്തച്ഛന്റെ കാലത്തായിരുന്നു. പഴയ മദിരാശി സംസ്ഥാനത്തിൽ പോലീസുകാരനായ അദ്ദേഹം തലശ്ശേരിയിൽ സ്ഥലമാറ്റമായി വന്നതായിരുന്നു. ഉദ്യോഗാനന്തരവും അദ്ദേഹം തലശ്ശേരിയിൽ സ്ഥിരതാമസമാക്കി. പോലീസുകാരന്റെ മകനായ അപ്പുമാസ്റ്ററുടെ അച്ഛന് വലിയ വിദ്യാഭ്യാസമൊന്നുമുണ്ടായിരുന്നില്ല. ഉമി വിറ്റ് ജീവിതമാർഗ്ഗം തേടിയ അദ്ദേഹത്തിന്റെ മകന് പഴയ ഇ.എസ്.എൽ.സി (എട്ടാംതരം) വരെ മാത്രമെ സ്കൂളിൽ പോയി പഠിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. പഠനം കഴിഞ്ഞതിനുശേഷം പ്രൈമറി അധ്യാപക പരിശീലനം നേടി അധ്യാപകനായി. അദ്ദേഹത്തിന് സഹപ്രവർത്തകനായി ലഭിച്ചത് പിന്നീട് അധ്യാപക ശ്രേഷ്ഠനെന്ന് പുകഴ്പെറ്റ പി. അബൂബക്കർ മാസ്റ്ററായിരുന്നു. ഇവർ രണ്ടുപേരും ഒന്നിച്ചായിരുന്നു പ്രൈവറ്റായി എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായത്.അപ്പുമാസ്റ്ററും അബൂബക്കർമാസ്റ്ററും ഗാഢമായ സുഹൃദ്ബന്ധം സൂക്ഷിച്ചിരുന്നു.

ഗാന്ധിജി തലശ്ശേരി സന്ദർശിച്ചപ്പോഴാണ് മാരിയമ്മൻ കോവിലിന്റെ രാക്ഷാധികാരം അപ്പുമാസ്റ്റർ ഏറ്റെടുത്തത്. 1968 ലായിരുന്നു കോവിലിനടുത്ത് അപ്പുമാസ്റ്റർ താമസമാരംഭിച്ചത്. ചിങ്ങാരൻ കേളോത്ത് കുടുംബം നൽകിയ സ്ഥലത്തായിരുന്നു കോവിൽ. കുടുംബാംഗത്തെ വസൂരിയിൽ നിന്നു രക്ഷിച്ച തമിഴ്സ്ത്രീയെക്കുറിച്ച് പ്രശ്നം വെച്ചുനോക്കിയപ്പോൾ മാരിയമ്മയായിരുന്നുവെന്ന് തെളിഞ്ഞപ്പോഴായിരുന്നു കുടുംബകാരണവർ തമിഴ്നാട്ടിൽ നിന്ന് പൂജാരികളെ വരുത്തിച്ച് ശൂലം കുത്തി കോവിൽ ആരംഭിച്ചത്. എന്നാൽ കാലക്രമത്തിൽ കോവിൽ സംരക്ഷിക്കപ്പെടാതെയിരുന്നു. വർഷന്തോറുമുള്ള കലശ എഴുന്നെള്ളത്ത് മാത്രമായി പരിമിതപ്പെട്ടു. കോഴിബലിയും മദ്യസേവയും വാർഷികപരിപാടിയുടെ ഭാഗവുമായിരുന്നു. ഗാന്ധിയനായ അപ്പുമാസ്റ്റർക്ക് ഈ തരത്തിലുള്ള ആരാധനയോട് അനുകൂലിച്ചു പോകാൻ കഴിയുമായിരുന്നില്ല. കോവിൽ രക്ഷാധികാരം അദ്ദേഹത്തിൽ നിർബന്ധപൂർവ്വം ഏൽപ്പിക്കപ്പെട്ടപ്പോൾ അദ്ദേഹം ഈ സമ്പ്രദായങ്ങളൊക്കെ നിർത്തലാക്കി. ആരാധനാ സമ്പ്രദായങ്ങളെ സംസ്കരിക്കുകയും പരിഷ്കരിക്കുകയും ചെയ്തു. ഈ രംഗത്ത് ധൈര്യപൂർവ്വമായ ഇടപെടലായിരുന്നു അത്. മീനമാസത്തിൽ നടക്കുന്ന കലശോത്സവവേളയിൽ കലാ, സാംസ്കാരിക പരിപാടികൾ ഉൾപ്പെടുത്തി ഉത്സവത്തിന് പുതിയൊരു മാനം നൽകി . സാംസ്കാരികപരിപാടിയിൽ മറ്റ് മതനേതാക്കളുടെ പ്രസംഗപരിപാടിയും സംഘടിപ്പിക്കാനാരംഭിച്ചു. മാരിയമ്മക്കൊപ്പം

ഗണപതി, സുബ്രഹ്മണ്യസ്വാമി ദേവൻമാരെയും പ്രതിഷ്ഠിച്ചു. 1973 ൽ കോവിൽ പുനർനിർമിച്ച് സ്വർണംപൂശിയ ധ്വജസ്തംഭം സ്ഥാപിച്ചു. നിത്യപൂജകൾ നിർബാധം നടന്നുവന്നു. നാനാദിക്കുകളിൽ നിന്ന് ഭക്തർ കോവിലിലേക്ക് ആരാധനക്കായി വന്നു. ഗുരുശ്രേഷ്ഠനായ അപ്പുമാസ്റ്റർ ഇവിടെ പൂജാരിയും ഉപദേശകനുമായി ത്തീർന്നു. രോഗശാന്തിക്കും മനശാന്തിക്കും അദ്ദേഹത്തെ പ്രാപിക്കുന്ന നിത്യസന്ദർശകരുടെ എണ്ണം കൂടിവന്നു.

വയോധിക ജീവിതവും അങ്ങനെ ധന്യമായിരുന്നു. ശ്രേഷ്ഠരായ സന്താനങ്ങൾ കൊണ്ടും വിശിഷ്ഠരായ ശിഷ്യന്മാരെകൊണ്ടും ശാന്തിതേടിയെത്തുന്ന ഭക്തജനങ്ങളെ കൊണ്ടും ആ ജീവിതം സമ്പന്നവും ധന്യവുമായിരുന്നു.

ശീതികരണപ്പെട്ടിയിൽ സൂക്ഷിച്ച മൃതദേഹത്തിന് മുമ്പിൽ തൊഴുകൈയ്യോടെ നിന്ന് പുറത്തുവന്നപ്പോൾ വീടിന്റെ മൂലയിൽ അപ്പുമാസ്റ്ററിരുന്നിരുന്ന വലിയ മരക്കസേല ശൂന്യമായിരുന്നു. ഇനിയിവിടെയിരുന്നു ഭക്തരെയും സന്ദർശകരെയും സ്വകരിക്കാൻ അപ്പുമാസ്റ്ററുണ്ടാവില്ലായെന്ന തിരിച്ചറിവ് ഹൃദയത്തിൽ ഒരു തേങ്ങൽ സൃഷ്ടിച്ചു●

# 9

# തലശ്ശേരിയിൽ തീവണ്ടി

ലോകത്തിലാദ്യമായി തീവണ്ടി ഓടിയത് ഇംഗ്ലണ്ടിലെ സ്റ്റോക്ടണിലായിരുന്നു. ഒരു എഞ്ചിനീയറായ ജോർജ്ജ് സ്റ്റീഫൻസൺ രൂപകൽപ്പന ചെയ്ത തീവണ്ടി 1825 സെപ്തംബർ 27 നാണ് ഓടിത്തുടങ്ങിയത്. അതുകഴിഞ്ഞ് 28 വർഷങ്ങൾ പിന്നിട്ടപ്പോൾ ഇന്ത്യയിലും ആദ്യത്തെ തീവണ്ടി ഓടിത്തുടങ്ങി. ബോംബെയിൽ നിന്ന് താനെയിലേക്കുള്ള ചരിത്ര പ്രസിദ്ധമായ ഈ തീവണ്ടിയുടെ ഉടമസ്ഥൻ തീവണ്ടി കണ്ടുപിടിച്ച ജോർജ്ജ് സ്റ്റീഫൻസണിന്റെ മകൻ റോബർട്ട് സ്റ്റീഫൻസണായിരുന്നു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ തീവണ്ടി റോയപ്പുരത്ത് നിന്ന് ആർക്കാട്ടേക്ക് 1856 മേയ് 28 ന് തുടങ്ങി. മദ്രാസ് റെയിൽവെ കമ്പനി എന്ന സ്വകാര്യ സ്ഥാപനമായിരുന്നു ഈ തീവണ്ടി സർവ്വീസ് നടത്തിയത്. ഈ കമ്പനി തന്നെ 1861 ആകുമ്പോഴേക്കും മലബാറിലെ കടലുണ്ടി വരെ തീവണ്ടി പാളങ്ങളുണ്ടാക്കി തീവണ്ടി ഓടിക്കാൻ തുടങ്ങി. മലബാറിൽ ബേപ്പൂർ മദ്രാസ് റെയിൽവെ കമ്പനിയുടെ ടെർമിനസ് (തീവണ്ടി ലൈൻ അവസാനിക്കുന്ന സ്ഥലം) ആയി. ബേപ്പൂരിൽ നിന്ന് കോഴിക്കോട്ടേക്ക് തീവണ്ടിപ്പാത എത്താൻ ഇരുപതോളം വർഷങ്ങളെടുത്തു. നിരവധി നിവേദനങ്ങൾക്കൊടുവിലാണ് നേരത്തെ സാദ്ധ്യമല്ലെന്ന് കരുതിയ പദ്ധതി , പുതുതായി രൂപം കൊണ്ട് സൗത്തിന്ത്യൻ റെയിൽവെ കമ്പനി ( SIR )നടപ്പിൽ വരുത്തിയത്. തുടർന്ന് സൗത്തിന്ത്യൻ റെയിൽവെ കമ്പനി കോഴിക്കോടിന് വടക്കോട്ടും റെയിൽപാളങ്ങളുടെ പണി ആരംഭിച്ചു. റെയിൽവേ സ്റ്റേഷനിലെ പഴയ ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും മേൽ എസ്.ഐ.ആർ എന്ന് മുദ്രവെച്ചത് ഇന്നും

കാണാവുന്നതാണ്.

ജോർജ്ജ് സ്റ്റീഫൻസൺ രൂപകൽപ്പന ചെയ്ത തീവണ്ടിക്ക് അന്ന് എട്ട് ടൺ ഭാരമാണത്രെ ഉണ്ടായിരുന്നത്. ആവി യന്ത്രത്തിന്റെ ആകൃതിക്ക് ഏറെക്കുറെ മാറ്റമില്ലാതെ വളരെക്കാലം തുടർന്നു. വലിക്കേണ്ട ഭാരം വർദ്ധിക്കുന്നതോടെ ആവി എഞ്ചിനിന്റെ വലുപ്പത്തിലും മാറ്റങ്ങൾ വന്നുക്കൊണ്ടിരുന്നു. ആവി എഞ്ചിനും അതിനു പിന്നാലെ ഘടിപ്പിച്ച ബോഗികളും ജനങ്ങൾക്ക് അക്കാലത്തത് വിസ്മയമായ കാഴ്ചയായിരുന്നു. അതുകൊണ്ട് തന്നെ തലശ്ശേരിയിൽ തീവണ്ടി എത്തുന്നതിനെ മുമ്പ് ജനങ്ങൾ അത്ഭുതപരതന്ത്രരായി കാത്തിരിക്കുകയായിരുന്നു. റെയിൽപാളങ്ങൾ ഇടുന്ന ജോലി നടക്കുമ്പോൾ അതിന്റെ പാർശ്വങ്ങളിലുള്ള പലരും തങ്ങളുടെ താമസം ദൂരെയാക്കാൻ ശ്രമിക്കുകയായിരുന്നത്രെ. ഭീമാകാരമായൊരപകടം വരാൻ പോകുന്നുവെന്ന ഭീതിയായിരുന്നു അതിനവരെ പ്രേരിപ്പിച്ചത്.

ഒരു ശതാബ്ദത്തിന് മുമ്പാണ് തലശ്ശേരിയിൽ ആദ്യത്തെ തീവണ്ടി വരുന്നത്. 1902 ഫിബ്രവരിയിൽ. കണ്ണൂരിലേക്കും പിന്നീട് മംഗലാപുരത്തേക്കും നീണ്ട റെയിൽപാളങ്ങളിൽ അവക്കിടയിലുള്ള സ്ഥലങ്ങളെയെല്ലാം ബന്ധിപ്പിച്ച് തീവണ്ടി ഓടിത്തുടങ്ങി. പുകവണ്ടിയെന്ന് ഓമനപ്പേര് ലഭിച്ച തീവണ്ടി ഒരു പ്രധാന ഗതാഗതസംവിധാനമായിത്തീർന്നു. തലശ്ശേരിയിൽ ജ്ഞാനോദയോഗം സ്ഥാപിക്കാനും ജഗന്നാഥ ക്ഷേത്രനിർമ്മാണലോചനയുമായി ആദ്യമായി ശ്രീനാരായണഗുരു തലശ്ശേരിയിൽ എത്തിയത് തീവണ്ടിയിലായിരുന്നു.

ആദ്യകാലത്ത് മദിരാശിയിലേക്ക് നേരിട്ട് തീവണ്ടി സർവ്വീസുണ്ടായിരുന്നില്ല. ഷൊർണ്ണൂരിൽ പോയി അവിടെ നിന്ന് ജോലാർപേട്ടയിലേക്ക് പോകുന്ന ലോക്കൽ വണ്ടിയിൽ കയറി പോകണമായിരുന്നു. ജോലാർപേട്ടയിൽ നിന്നാണ് മദിരാശിയിലേക്കുള്ള വണ്ടി കയറേണ്ടിരുന്നത്. അതിൽ പിന്നീട് മദിരാശിയിൽ നിന്ന് മംഗലാപുരത്തേക്ക് നേരിട്ടുള്ള മെയിൽ സർവ്വീസ് ആരംഭിച്ചു. സ്വാതന്ത്ര്യാനന്തരം എസ്.ഐ.ആർ.കമ്പനി സതേൺ റെയിവെ ആയിത്തീർന്നു. 1951 ഏപ്രിൽ 14 നായിരുന്നു സതേൺ റെയിൽവേയുടെ ആരംഭം. മദിരാശി- മംഗലാപുരം മെയിൽ സതേൺ റെയിൽവേയുടെ ഒന്നാം നമ്പർ വണ്ടിയായിരുന്നു. രണ്ടാം നമ്പർ മംഗലാപുരത്ത് നിന്ന് മദിരാശിയിലേക്ക് പോകുന്ന വണ്ടിയും. ഇന്നും സതേൺ റെയിൽവേയിൽ ജനപ്രീതിയാർജ്ജിച്ച വണ്ടികളാണിവ.

ഇന്ന് രണ്ടാം നമ്പർ പ്ലാറ്റ്ഫോം നിൽക്കുന്ന സ്ഥലത്തായിരുന്നു തലശ്ശേരി റെയിൽവേ സ്റ്റേഷൻ നിലനിന്നിരുന്നത്. മര

പ്പലകൾ കൊണ്ട് നിർമ്മിച്ച് പച്ചപ്പെയിന്റടിച്ച റെയിൽവെ സ്റ്റേഷൻ കെട്ടിടം ചെറുതായിരുന്നെങ്കിലും മനോഹരമായിരുന്നു. ഇന്നത്തെ രണ്ടാം പ്ലാറ്റ്ഫോമിന്റെ ഏകദേശം മധ്യത്തിലായിരുന്നു റെയിൽവെ സ്റ്റേഷൻ. ടിക്കറ്റ് കൊടുക്കുന്ന സ്ഥലവും യാത്രികർക്കിരിക്കാനുള്ള സൗകര്യവും ചായക്കടയും ഇതിനകത്തുണ്ടായിരുന്നു.

കമ്പാർട്ടുമെന്റുകൾ കുറവായിരുന്ന അക്കാലത്ത് തീവണ്ടിയാത്ര അതിസാഹസക്മായിരുന്നു. ആളുകളെ നിറച്ചുവരുന്ന കമ്പാർട്ടമെന്റുകളിൽ പെട്ടിയും സാധനങ്ങളുമായി അകത്തേക്ക് കയറിക്കൂടുക എന്നത് അങ്ങേയറ്റം പ്രയാസമായിരുന്നു. മദിരാശിയിലേക്ക് ജോലിക്ക് പോകുന്നവർക്കും ബർമ്മയിലേക്കോ സിലോണിലേക്കോ സിങ്കപ്പൂരിലേക്കോ മദിരാശിയിൽ നിന്നും കപ്പൽ കയറുന്നവർക്കും മദിരാശി വരെയുള്ള യാത്രക്ക് ഏക അവലംബം മദിരാശി മെയിലായിരുന്നു. മദിരാശിയിൽ നിന്ന് തലശ്ശേരിയിൽ വണ്ടിയിറങ്ങി വരുന്ന കരിപിടിച്ച കോലങ്ങൾ ഇന്നൊരുഗതകാല സ്മരണമാത്രമാണ്●

# 10

# മായിൻകുട്ടിമാസ്റ്റർ

ഡോക്ടർ ജോൺസൺ തന്റെ വ്യാകരണാധ്യാപകനെ കുറിച്ച് പരാമർശിക്കുമ്പോൾ അദ്ദേഹം എന്റെ തലയിൽ വ്യാകരണം അടിച്ചുകയറ്റി എന്നാണെഴുതിയത്. അധ്യാപകന്റെ ചൂരൽ പ്രയോഗത്തിന്റെ കാഠിന്യത്താലാണ് തന്റെ വ്യാകരണ പഠനം നിർവ്വഹിക്കപ്പെട്ടതെന്ന് സൂചിപ്പിക്കുകയായിരുന്നു, ഇംഗ്ലീഷ് നിഘണ്ടുവിന്റെ പിതാവെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഡോ. ജോൺസൺ. എന്നാൽ ഗണിതം അങ്ങനെ അടിച്ചു തലയിൽ കയറ്റാൻ കഴിയുന്ന വിഷയമാണെന്ന് തോന്നുന്നില്ല. വീട്ടുകണക്ക് ചെയ്യുന്നത്, അത് ചെയ്യാതെ പോയാലുള്ള ശിക്ഷ ലഭിക്കുന്നതിനെക്കാൾ ദുഷ്കരമെന്നു കരുതിയിരുന്ന ഒരു വിദ്യാർത്ഥിയായിരുന്നു ഈയുള്ളവൻ. അതുകൊണ്ട് ആറാം ക്ലാസ്സിൽ വീട്ടുകണക്കിനെ പറ്റി ചോദിക്കുമ്പോൾ തന്നെ ഗംഗാധരൻ മാസ്റ്റർക്ക് അടിക്കാൻ പാകത്തിൽ കൈ നീട്ടിക്കൊടുക്കുകയായിരുന്നു പതിവ്.

ഹൈസ്കൂൾ പഠനത്തിന് മുബാറക്ക് ഹൈസ്കൂളിൽ പ്രവേശിച്ചപ്പോൾ അവിടെ ഗണിതം പഠിപ്പിച്ചിരുന്നത് സുന്ദരനും സൗമ്യനുമായ കെ.മായൻകുട്ടിമാസ്റ്ററായിരുന്നു. കണക്ക് ചെയ്യാതിരുന്നാൽ അദ്ദേഹം തല്ലുകയില്ല. കണക്ക് ചെയ്യിപ്പിച്ചേ അടങ്ങൂ. അത് ചൂരൽ പ്രയോഗത്തിലൂടെയല്ല. സ്നേഹപൂർവ്വമായ നിർബന്ധത്തിലൂടെ മാത്രം. ഒരു ക്ലാസ്സിന്റെ ഓർമ്മ മനസ്സിൽ തങ്ങിനിൽക്കുന്നു. മായിൻകുട്ടി മാസ്റ്റർ വിദ്യാർത്ഥികൾക്കായി ഒരു വഴിക്കണക്ക് തന്നു. പതിവുപോലെ ഞാൻ കണക്ക് ചെയ്യാ

തെ മുകളിൽ ഇടക്കിടെ ചിറകിട്ട് പറക്കുന്ന പ്രാവിനെ നോക്കിയിരുന്നു. മായിൻകുട്ടി മാസ്റ്റർ അരികിൽ വന്ന് കണക്ക് ചെയ്യാത്തതെന്തുകൊണ്ടെന്നന്വേഷിച്ചു. എനിക്ക് മനസ്സിലായില്ല എന്ന പതിവ് കാരണം പറഞ്ഞു തീരുന്നതിന് മുമ്പ് എന്നെ സീറ്റിൽ നിന്നെഴുന്നേൽപ്പിച്ച് ബോർഡിന്റടുത്തേക്കാനയിച്ചു. അതിനുശേഷം വഴിക്കണക്ക് വായിച്ച് ഓരോ വഴിയും എങ്ങനെയെന്ന് വിശദീകരിച്ച് എന്നെ കൊണ്ട് ബോർഡിൽ എഴുതിപ്പിച്ചു. ഒടുവിൽ എല്ലാം കഴിഞ്ഞപ്പോൾ കണക്കിന്റെ ഉത്തരം കിട്ടി.

എനിക്ക് തന്നെ അത്ഭുതമായി . സുബൈർ ചെയ്ത രീതിയിലാണോ എല്ലാവരും ചെയ്തതെന്ന് ക്ലാസ്സിനോടൊരാഞ്ഞ് അതിന്റെ ക്രെഡിറ്റ് എനിക്ക് നൽകാനും അദ്ദേഹം മടിച്ചില്ല. തുടർന്ന് അതുപോലെയൊരു കണക്ക് കൂടി ചെയ്യിച്ച് എനിക്ക് കണക്ക് മനസ്സിലാവും എന്ന് ബോധ്യപ്പെടുത്തി. സാധാരണ പാസ്മാർക്ക് പോലും വാങ്ങാൻ പ്രയാസപ്പെട്ടിരുന്ന എനിക്ക് ആ വർഷത്തെ കണക്ക് പരീക്ഷകളിൽ 90 നടുത്ത് മാർക്കുകൾ വാങ്ങാൻ കഴിഞ്ഞു. താൽപര്യമില്ലാത്ത വിഷയത്തിൽ വിദ്യാർത്ഥിയെ തൽപരനാക്കാൻ കഴിയുന്ന വ്യതിരിക്തമായ നൈപുണ്യത്തിന്റെ ഉടമയായിരുന്നു മായിൻകുട്ടി മാസ്റ്റർ. വിദ്യാർത്ഥിയുടെ കഴിവിനെ പ്രോത്സാഹിപ്പിക്കാൻ അവന്റെ നേരെ സ്നേഹവാത്സല്യത്തോടെയുള്ള താൽപര്യം പ്രകടിപ്പിക്കേണ്ടതാണെന്ന പാഠമുൾക്കൊണ്ടതും അദ്ദേഹത്തിൽ നിന്നാണ്.

ഏതാനും ചില വർഷങ്ങൾ മാത്രമായിരുന്നു മായിൻകുട്ടിമാഷ് മുബാറക്ക് ഹൈസ്കൂളിൽ ഉണ്ടായിരുന്നത്. പിന്നീട് മുക്കം ഹൈസ്കൂളിൽ പ്രധാനാധ്യാപകനായി സ്ഥലം മാറിപ്പോയി. ഏറ്റവും നല്ല അധ്യാപകനുള്ള സംസ്ഥാന അവാർഡ് അദ്ദേഹത്തിന് ലഭിച്ചതറിഞ്ഞപ്പോൾ അതൊരു അതിശയമായി തോന്നിയില്ല. അത്തരമൊരു അവാർഡിന് അതിയോഗ്യനായി അദ്ദേഹമല്ലാതെ വേറെയാരുണ്ട്! അധ്യാപന ജീവിതകാലത്തും ഉദ്യോഗ വിരാമാനന്തരവും അദ്ദേഹം നിരന്തരം സാമൂഹിക സേവന രംഗത്ത് പ്രവർത്തിച്ചിരുന്നു. തന്റെ എഴുപത്തിയാറാം വയസ്സിൽ മായിൻകുട്ടിമാഷ് സ്വദേശമായ മുക്കത്ത് വെച്ച് നവംബർ 14 ന് നിര്യാതനായി.

എന്റെ സഹപാഠിയും ഇപ്പോൾ മുക്കത്തെ മാധ്യമം ലേഖകനുമായ എൻ.ടി. അലി മാസ്റ്റർ രാവിലെ മായിൻകുട്ടിമാഷുടെ നിര്യാണവാർത്തയറിയിച്ചപ്പോൾ ഞങ്ങൾക്ക് അദ്ദേഹത്തെ കുറിച്ചുള്ള ഗതകാല സ്മരണകൾ അയവിറക്കാൻ ഏറെയുണ്ടായിരുന്നു. പ്രഗത്ഭനായ ഗണിതഗുരുവിന്റെ സ്മരണയിൽ ബാഷ്പാഞ്ജലികൾ അർപ്പിച്ചുകൊള്ളട്ടെ ●

11

# കെ.വേൽ തലശ്ശേരിയിലെ പ്രഥമ ഇംഗ്ലീഷ്മരുന്ന് കട

ബ്രിട്ടീഷുകാരുടെ ആഗമനത്തോടനുബന്ധിച്ച് അലോപ്പതി ചികിത്സയും തലശ്ശേരിയിൽ ലഭ്യമായിരുന്നു. ആദ്യത്തെ അലോപ്പതി ആശുപത്രി 1793 ൽ തന്നെ സ്ഥാപിതമായിരുന്നു. ഇംഗ്ലീഷുകാരായ ഡോക്ടർമാരും നാട്ടുകാരായ ദർസർമാരും അക്കാലം തൊട്ട് തന്നെ അലോപ്പതി ചികിത്സാരംഗത്ത് ശോഭിച്ചു നിന്നു. എന്നാൽ ഒരു ഇംഗ്ലീഷ് മരുന്ന് കട തുടങ്ങാൻ താമസമുണ്ടായി. കോഴിക്കോട് നിന്ന് തലശ്ശേരിയിൽ വന്ന് താമസമാരംഭിച്ച ഒരാൾ വേണ്ടി വന്നു അതിന്. ഇംഗ്ലീഷ് മരുന്നുകടയുടെ അഭാവത്തിനു കാരണം അന്നത്തെ ചികിത്സാ രീതിയായിരുന്നു. മരുന്നുകളധികവും മിക്സ്ചർ രൂപത്തിലായിരുന്നു നൽകപ്പെട്ടിരുന്നത്. ആശുപത്രിയിലും, ഡോക്ടർമാരുടെ ക്ലിനിക്കുകളിലും ഫാർമസികളും, മിക്സ്ചർ തയ്യാറാക്കുന്ന കമ്പൗണ്ടർമാരുമുണ്ടായിരുന്നു. രോഗികൾക്ക് പുറത്ത് നിന്നു മരുന്നു വാങ്ങേണ്ടി വന്നിരുന്നില്ല. ഡോക്ടറെ കാണാൻ കുപ്പിയുമെടുത്തു ചെല്ലുന്ന സമ്പ്രദായമായിരുന്നു. ആദ്യകാലത്ത് അതുകൊണ്ട് വേറിട്ടൊരു മരുന്നുകട തുടങ്ങുന്നതും ലാഭകരമായ ഏർപ്പാടായിരുന്നില്ല.

1898 ലാണ് തലശ്ശേരിയിലെ ആദ്യത്തെ ഇംഗ്ലീഷ് മരുന്ന് ഷാപ്പ് ആരംഭിക്കപ്പെടുന്നത്. വേൽ ആന്റ് കമ്പനി എന്ന ഇംഗ്ലീഷ് സ്പെല്ലിംഗ് കണ്ട് അതൊരു ഇംഗ്ലീഷ് കാരന്റെ മരുന്ന് കടയാണൊ എന്നു സംശയിച്ചവരുമുണ്ടായിരുന്നു. തുടക്കത്തിൽ ഇംഗ്ലീഷ്കാർ മാത്രമായിരുന്നു അലോപ്പതി മരുന്ന് കടകൾ നടത്തി വന്നിരുന്ന

ത്. മലബാർ പ്രദേശത്ത് ഒരുപക്ഷെ ഈ രംഗത്തുള്ള ആദ്യ മല യാളി സാന്നിദ്ധ്യമായിരുന്നു കെ.വേൽ ആന്റ് കമ്പനി.

തലശ്ശേരിയിലെ സാമൂഹ്യ രംഗത്ത് ഏറെ പ്രശസ്തനാ യിത്തീർന്ന ശ്രീ. വരുതൂർ കാണിയിൽ കുഞ്ഞിക്കണ്ണനായിരുന്നു തലശ്ശേരിയിലെ ആദ്യത്തെ ഇംഗ്ലീഷ് മരുന്നു കടയുടെ ഉടമസ്ഥൻ, ഒന്നര വയസ്സിൽ അന്തരിച്ചുപോയ ഏക മകൻ വേലായുധന്റെ ചുരുക്കപ്പേരായിരുന്നു ശ്രീ കുഞ്ഞിക്കണ്ണൻ തന്റെ സ്ഥാപനത്തിനു നൽകിയത്.

ശ്രീ കുഞ്ഞിക്കണ്ണൻ കോഴിക്കോട്ടെ പടിഞ്ഞാറ്റുമുറി അംശ ക്കാരനായിരുന്നു. ഏഴാം വയസ്സിൽ തന്നെ അനാഥത്വം പേറേണ്ടി വന്ന കുഞ്ഞിക്കണ്ണൻ കോഴിക്കോട്ടുള്ള പ്രശസ്ത മെക്ഡോണാൾ മരുന്ന് കടയിൽ പോയി ചേർന്നു. മെക് ഡോണാൾ സായിപ്പും ഭാര്യയും കുഞ്ഞിക്കണ്ണനെ പുത്രനിർവ്വിശേഷം വളർത്തി. ഇംഗ്ലീഷ് ഭാഷയും, ഔഷധചേരുവകളും കുഞ്ഞിക്കണ്ണൻ അവിടെ നിന്നു സ്വായത്തമാക്കി. ഒടുവിൽ മെക്ഡൊണാൾ മരുന്ന് കമ്പനി വിട്ടു പോയപ്പോൾ സായ്പ് കുഞ്ഞിക്കണ്ണന് സഹായങ്ങൾ നൽകി. അങ്ങനെയാണ് കുഞ്ഞിക്കണ്ണൻ തലശ്ശേരിയിലെത്തുന്നത്. പിലാ ക്കൂലിൽ ഭംഗിയുള്ള ഇരുനിലകെട്ടിട വീടെടുത്ത് താമസമാക്കി. ഈ വീട് ഇന്നും മാരിയമ്മ റോഡിൽ സ്ഥിതി ചെയ്യുന്നുണ്ട്.

ശ്രീ കുഞ്ഞിക്കണ്ണന് മൂന്ന് ഭാര്യമാരുണ്ടായിരുന്നു. മൂന്നാ മത്തെ ഭാര്യയിൽ സന്താനങ്ങളുണ്ടായിരുന്നില്ല. ആദ്യഭാര്യയിലെ സന്താനങ്ങളിൽപെട്ട വേലായുധനായിരുന്നു ഏക മകൻ. മറ്റുള്ള വർ സ്ത്രീസന്താനങ്ങളായിരുന്നു. രണ്ടാമത്തെ ഭാര്യയിൽ ഒരു മകളുമുണ്ടായിരുന്നു. തന്റെ പെൺമക്കളെയെല്ലാം തന്റെ സഹോ ദരിമാരുടെ മക്കൾക്കാണ് വിവാഹം ചെയ്തുകൊടുത്തിരുന്നത്. തന്റെ ആദ്യസഹോദരിയുടെ മകൻ പി.ശേഖരനായിരുന്നു ആദ്യ ഭാര്യയിലെ മകൾ നാരായണിയെ വിവാഹം ചെയ്തുകൊടുത്തി രുന്നത്. ഈ മരുമകനാണ് പിന്നീട് കെ. വേൽ കമ്പനിയെ അതി പ്രശസ്തമായ രീതിയിൽ നടത്തിക്കൊണ്ടുവന്നത്. നാട്ടുകാരുടെ ഇടയിൽ ശേഖു കമ്പൗണ്ടർ എന്ന പേരിൽ ജനപ്രീതി യാർജ്ജിച്ചയാളായിരുന്നു അദ്ദേഹം. കെ.വേൽ കമ്പനിക്ക്, കണ്ണൂ രിലും വടകരയിലും ബ്രാഞ്ചുണ്ടായി. വടകരയിലെ ബ്രാഞ്ചിന്റെ ഉത്തരവാദിത്വം ശേഖരൻ കമ്പൗണ്ടർക്കായിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത ബ്രാഞ്ച് നിർത്തി ശേഖരൻ തലശ്ശേരിയിലെ സ്ഥാപന നിർവ്വഹണം ഏറ്റെടുത്തു. പിലാക്കൂലിലെ വസതിയിൽ കുഞ്ഞിക്കണ്ണനോടൊപ്പം മകൾ നാരായണിയും അവരുടെ ഭർത്താവും കുഞ്ഞിക്കണ്ണന്റെ മരുമകനുമായ ശേഖരനുമായിരുന്നു താമസിച്ചുവന്നത്.

ഇംഗീഷ്മരുന്ന് ഷാപ്പ് ആരംഭിച്ചതു കൊണ്ടുമാത്രമല്ല

കുഞ്ഞിക്കണ്ണൻ പ്രശസ്തനും സമ്പന്നനുമായത്. മെക് ഡോണാളിൽ നിന്നുൾക്കൊണ്ട് വൈദ്യജ്ഞാനം ഉപയോഗിച്ച് കുഞ്ഞിക്കണ്ണൻ ക്ഷയരോഗ നിവാരണത്തിന് പുതിയൊരു മരുന്നു കണ്ടുപിടിക്കുകയുണ്ടായി. അക്കാലത്ത് ക്ഷയരോഗം മാരകമായിരുന്നു. ചികിത്സിച്ച് ഭേദപ്പെടുത്താൻ മരുന്നുകളൊന്നില്ലാത്ത അവസ്ഥയായിരുന്നു. ഈ കാലത്തിലായിരുന്നു കുഞ്ഞിക്കണ്ണന്റെ പൾമോന്യൂറോയൽ എന്ന മരുന്നുകണ്ടുപിടുത്തം ശ്രദ്ധേയമായത് . വിദേശങ്ങളിൽ പോലും ആവശ്യക്കാരുണ്ടായിരുന്ന ഈ മരുന്ന് കുഞ്ഞിക്കണ്ണനെ സമ്പന്നനാക്കി. കുഞ്ഞിക്കണ്ണന്റെ ബന്ധുക്കളിൽ പലരും ക്ഷയരോഗ ബാധിതരായി കാലയവനികക്കുള്ളിൽ മറഞ്ഞത് അദ്ദേഹത്തെ ചിന്താകുലനാക്കിയിരുന്നു. അങ്ങനെയുള്ള അവസരത്തിൽ അദ്ദേഹത്തിന് സ്വപ്ന ദർശനത്തിലൂടെയായിരുന്നുവത്രെ പുതിയ മരുന്നിനെക്കുറിച്ചുള്ള ജ്ഞാനം ലഭിച്ചത്. ആടിന്റെ രക്തം, ശ്വാസകോശം, നെഞ്ച് എന്നിവയൊടൊപ്പം കൂവളവേര്, ആടലോടകം അമൂക്കരം, കോലരക്ക് എന്നിവ ഉണക്കി പൊടിച്ചെടുത്തത് ചേർത്ത് സ്പിരിട്ടിൽ പ്രയോഗിക്കാമെന്നായിരുന്നു സ്വപ്നത്തിൽ ദർശിച്ചത്.

സാമൂഹികരംഗത്ത് ശ്രീ കുഞ്ഞിക്കണ്ണനെ ഏറെ പ്രശസ്തനാക്കിയത്, അദ്ദേഹത്തിന്റെ ശ്രമം മൂലം ശ്രീനാരായണ ഗുരു തലശ്ശേരിയിൽ വന്നതും അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ച് പിലാക്കൂലിലെ വീട്ടിൽ താമസിച്ചതുമായിരുന്നു. ശ്രീ നാരായണ ഗുരുസ്വാമിയുടെ നിർദ്ദേശപ്രകാരം വീട്ടുവളപ്പിൽ നിർമ്മിച്ച ചെറു ക്ഷേത്രം ഇന്നും നിലനിൽക്കുന്നുണ്ട്. ശ്രീ. കുഞ്ഞിക്കണ്ണൻ നാലു തവണ തലശ്ശേരി നഗരസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഒരു തവണ അദ്ദേഹത്തിന്റെ എതിരാളി തീയ്യ സമുദായ നേതാവായിരുന്ന കൊറ്റ്യത്ത് രാമൂണ്ണി ആയിരുന്നുവെന്നതും ശ്രദ്ധേയമാണ്.

ശ്രീ കുഞ്ഞിക്കണ്ണൻ അന്ത്യകാലത്ത് സന്യാസമാന ജീവിതമായിരുന്നു നയിച്ചിരുന്നത്. സന്യാസരീതിയിലുള്ള സമാധി സംസ്ക്കാരം ലഭിക്കുമെന്ന ആശീർവാദം അദ്ദേഹത്തിന് ശ്രീനാരായണ ഗുരു സ്വാമിയിൽ നിന്നും ലഭിച്ചിരുന്നു. അതനുസരിച്ച് അന്ത്യസമയത്ത് ചൈതന്യ സ്വാമികൾ കുഞ്ഞിക്കണ്ണനെ സമാധിയിരുത്താൻ എത്തിച്ചേർന്നിരുന്നു. വീട്ട് വളപ്പിലെ ക്ഷേത്രത്തിനെതിരെ നിർമ്മിച്ച സമാധിക്കുഴിയിലായിരുന്നു ചൈതന്യ സ്വാമികളുടെ നേതൃത്വത്തിൽ സംസ്കാരം നടന്നത്.

(വിവരങ്ങൾ കെ.വി.എൻ ഗുരുക്കൾ രചിച്ച്, പി. ശേഖരൻ പ്രസിദ്ധീകരിച്ച ശ്രീ വരുതൂർ കാണിയിൽ കുഞ്ഞിക്കണ്ണൻ എന്ന പുസ്തകത്തോട് കടപ്പാട്) ●

## 12

# അധ്യാപക ശ്രേഷ്ഠൻ

പി. അബൂബക്കർ മാസ്റ്റർ അന്തരിച്ചു. ഉത്തമനായ ഒരു മാതൃക അധ്യാപകനായിരുന്നു അദ്ദേഹം. ഒരു അധ്യാപകന് സ്വാഭാവികമായും നിരവധി ശിഷ്യഗണങ്ങളുണ്ടാവും. എന്നാൽ ഒരൽപ കാലം പോലും അദ്ദേഹത്തിന്റെ കീഴിൽ പഠിച്ച ഓരോ വിദ്യാർത്ഥിയിലും ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത വിധത്തിൽ വ്യക്തി മുദ്ര പതിപ്പിക്കാൻ കഴിഞ്ഞിരുന്ന ഒരധ്യാപക ശ്രേഷ്ഠനായിരുന്നു അദ്ദേഹം.

കേവലം പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നതിൽ മാത്രമൊതുങ്ങിയിരുന്നില്ല അദ്ദേഹത്തിന്റെ അധ്യാപനം. ഓരോ വിദ്യാർത്ഥിയെയും ഉത്തേജിപ്പിക്കുകയും കർമനിരതനാക്കുകയും ചെയ്തുകൊണ്ട് സഫലമായ കർമ്മമായിരുന്നു അദ്ദേഹം അധ്യാപകവൃത്തിയിലൂടെ നിർവ്വഹിച്ചത്. സംസ്ഥാന ദേശീയ അവാർഡുകൾ നൽകി സർക്കാർ അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു.

അധ്യാപനജീവിതത്തിൽ നിന്ന് വിരമിച്ച ശേഷവും അദ്ദേഹം സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമായി രംഗത്തുണ്ടായിരുന്നു. 89ാ മത്തെ വയസ്സിലാണ് അദ്ദേഹം അന്തരിക്കുന്നത്. അതിനുമുമ്പ് ഒരു വർഷക്കാലം പക്ഷാഘാതം നിമിത്തം ശയ്യാവലംബനാകുന്നതുവരെ കർമനിരതനായിരുന്നു. 1921 ലാണ് തന്റെ ജനനം എന്നദ്ദേഹം പറയുമായിരുന്നു. അതൊരു വെള്ളപ്പൊക്കത്തിന്റെ വർഷമായിരുന്നു. തന്റെ മാതാവ് പ്രസവിച്ച കുഞ്ഞിനെയുമെടുത്ത് വേവലാതി പൂണ്ട് വീടിന്റെ ഉമ്മറത്ത് നിന്ന കഥ പറയുമായിരുന്നു എന്നദ്ദേഹം ഈ ലേഖകനോട് പറഞ്ഞിട്ടുണ്ട്. ടൗൺ മാപ്പിള സ്കൂളിലായിരുന്നു അബൂബക്കർ മാസ്റ്ററുടെ വിദ്യാഭ്യാസം ഇ.എസ്.എൽ.സി. (എട്ടാം ക്ലാസ്സ്) പൊതു പരീക്ഷ

പാസായതിനുശേഷം ബി.ഇ.എം.പി സ്കൂളിനോടനുബന്ധമായി നടത്തുന്ന ട്രെയിനിംഗ് സ്കൂളിൽ നിന്ന് അധ്യാപക പരിശീലനം നിർവ്വഹിച്ചു. തലായിയിലെ എൽ.പി. സ്കൂളിൽ അധ്യാപകനായി. തന്റെ കൂടെ പരിശീലനം ചെയ്ത മറ്റൊരു ഉത്തമ അധ്യാപകനായിരുന്നു പി. അപ്പുമാസ്റ്റർ. ഇവർ രണ്ടുപേരും ഒന്നിച്ചാണ് പിന്നീട് പ്രൈവറ്റായി എസ്.എസ്.എൽ.സി പാസായത്. തിരുവങ്ങാട്ടെ ഒരു നമ്പൂതിരി മാസ്റ്ററായിരുന്നു അവർ രണ്ട് പേർക്കും ട്യൂഷൻ നൽകിയത്. രണ്ടുപേരും നല്ല മാർക്കുകളോടെ വിജയം കണ്ടു. അബൂബക്കർ മാസ്റ്റർ ഗണിതത്തിൽ മുഴുവൻ മാർക്ക് വാങ്ങിയിരുന്നു.

അബൂബക്കർ മാസ്റ്റർ പിന്നീട് സ്വന്തം സ്കൂളായ ടൗൺ മാപ്പിള സ്കൂളിൽ തന്നെ അധ്യാപകനായി ചേർന്നു. അവിടെ അധ്യാപകനായിരിക്കുമ്പോഴാണ് ഈ ലേഖകൻ അദ്ദേഹത്തിന്റെ ശിഷ്യനാവുന്നത്. ഏഴാം ക്ലാസ്സിൽ ഞങ്ങൾക്ക് ഇംഗ്ലീഷ് എടുത്തത് അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ വായിലെ മുൻപല്ല് കൃത്രിമമായിരുന്നു. അതദ്ദേഹം ഇടക്കിടെ ഇളക്കിക്കൊണ്ടിരുന്നത് ഞങ്ങൾ വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ സവിശേഷതയായി കരുതി. കുറേക്കഴിഞ്ഞപ്പോൾ ഈ ശിഷ്യനും മുൻപല്ല് നഷ്ടപ്പെട്ട് കൃത്രിമ ദന്തം ഇടേണ്ടിവന്നു.

ടൗൺ മാപ്പിള സ്കൂളിൽ ആറാം ക്ലാസ്സിൽ പഠിക്കവെയുണ്ടായ ഒരനുഭവം അബൂബക്കർ മാസ്റ്റർ എനിക്ക് നൽകിയ ഒരു ജീവിതപാഠമായി ഓർക്കുന്നു. ഏതോ സാഹചര്യത്തിൽ പരീക്ഷ നടക്കുന്ന ദിവസം കോപ്പി അടിക്കണമെന്ന ഉദ്ദേശത്തോടെ ഞാൻ ഒരു തുണ്ട് കടലാസ് കരുതിയിരുന്നു. പരീക്ഷ തുടങ്ങും മുമ്പേ അത് കളയാൻ കരുതിയിരുന്നെങ്കിലും അബൂബക്കർ മാസ്റ്റർ കയ്യോടെ പിടിച്ചു. ഞാൻ കോപ്പിയടിച്ചില്ലല്ലോ എന്ന വാദത്തിനൊന്നും പ്രസക്തിയുണ്ടായില്ല. കോപ്പി അടിക്കാനുള്ള ഉദ്ദേശ്യം തന്നെ തെറ്റാണ്. അതുകൊണ്ട് പരീക്ഷ എഴുതേണ്ട എന്ന് പറഞ്ഞ് എന്നെ പുറത്തയച്ചു. ഇതൊരു പാഠമായിരിക്കണമെന്നും ഉപദേശിച്ചു. ജീവിതത്തിൽ തെറ്റായ മാർഗങ്ങൾ അവലംബിക്കരുത് എന്ന് എനിക്കെന്നും പാഠമായത് ആ ശിക്ഷയായിരുന്നു. നന്ദി ഗുരോ.

അധ്യാപകവൃത്തിയിൽ മാത്രമല്ല അദ്ദേഹം കേമനായിരുന്നത്. ഇന്ത്യയിലെ ആദ്യത്തെ കാനേഷുമാരി കണക്കെടുപ്പിലെ ഏറ്റവും നല്ല എന്യൂമറേറ്റർ എന്നതിനുള്ള ദേശീയഅവാർഡും അദ്ദേഹത്തിന് ലഭിച്ചിരുന്നു.

ഉത്തമവിശ്വാസമുള്ള കാര്യങ്ങളിൽ അദ്ദേഹത്തിന്റെ ശാഠ്യം സുപ്രസിദ്ധമായിരുന്നു. അത്തരം കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറായിരുന്നില്ല. കേരള നദ്‌വത്തുൽ മുജാഹിദിന്റെ തലശ്ശേരിയിലെ സഹകാരിയും ഏറ്റവും സജീവ

പ്രവർത്തകനുമായിരുന്നു അദ്ദേഹം. വടി വിഴുങ്ങികൾ എന്ന് യാഥാസ്ഥിതികർ മുജാഹിദുകളെ അഥവാ വഹാബികളെ പരിഹസിച്ച് നടന്ന കാലം, ഏറെ ത്യാഗം സഹിച്ച് ആ പ്രസ്ഥാനത്തിന് വേണ്ടി തലശ്ശേരിയിൽ ഉന്നതമായ അംഗീകാരം നേടിക്കൊടുത്തത് അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ പയ്യമ്പള്ളി ഉമർകുട്ടി. അഹമ്മദ് മാസ്റ്റർ, അബ്ദുറഹ്മാൻ രജിസ്ട്രാർ ആബു തുടങ്ങിയവരുടേയും നിരന്തര പ്രവർത്തനങ്ങൾ മൂലമായിരുന്നു.

മുജാഹിദ് പ്രസ്ഥാനത്തിന് നാരങ്ങാപ്പുറത്ത് ആസ്ഥാനവും പള്ളിയും സ്ഥാപിക്കാനായത് അബൂബക്കർ മാസ്റ്ററുടെ ശാഠ്യപൂർവ്വമായ പ്രവർത്തനം കൊണ്ടായിരുന്നു. എല്ലാ എതിർപ്പുകളെയും സാമ്പത്തിക പരാധീനതകളെയും അവഗണിച്ച് കൊണ്ടായിരുന്നു. അദ്ദേഹം പ്രവർത്തനത്തിന് നേതൃത്വം നൽകിയത്. പിൽക്കാലത്ത് പ്രസ്തുത പ്രസ്ഥാനം അദ്ദേഹത്തെ അവഗണിച്ചുവെന്ന പരാതിയുണ്ടായത് വേദനാജനകമായിരുന്നു. അദ്ദേഹത്തിന്റെ ശാഠ്യങ്ങൾ പിന്നീട് പുതുതായി വന്നവർക്ക് ഉൾക്കൊള്ളാനാവാത്തത് കൊണ്ടായിരുന്നു അത് സംഭവിച്ചത്. പുതിയ പണക്കാരെ പോലെ, ത്യാഗങ്ങളൊന്നുമനുഭവിക്കാതെ പുതുതായി പ്രസ്ഥാനത്തിലെത്തുന്നവർക്കും പൂർവ്വ സംസ്കൃതികളെ കുറിച്ച് ബോധമുണ്ടാവില്ലല്ലോ.

തലശ്ശേരിയിലെ ഈദ്ഗാഹിന്റെ പ്രവർത്തനത്തിലും അദ്ദേഹം മുമ്പന്തിയിലുണ്ടായിരുന്നു. കേരളത്തിലെ ആദ്യ ഈദ്ഗാഹ് തലശ്ശേരിയിൽ സ്ഥാപിച്ചത് സത്താർസേട്ടുവും , മീർ സൈനുദ്ദീൻ ജഡ്ജിയുമൊക്കെ ആയിരുന്നെങ്കിലും ഇടക്കാലത്ത് ഈദ്ഗാഹ് നിന്നുപോയിരുന്നു. അതിനെ പുനരുദ്ധരിച്ചത് അബൂബക്കർ വക്കീലും അബൂബക്കർ മാസ്റ്ററും മറ്റും ചേർന്ന തലശ്ശേരിയിലെ ഉൽപതിഷ്ണുക്കളായ വ്യക്തികളായിരുന്നു. യാഥാസ്ഥിതികരെപോലും മലയാളത്തിലുള്ള കുതുബയും , സ്ത്രീ സാന്നിധ്യവും സ്വീകരിപ്പിച്ച വിപ്ലവകരമായ പ്രവർത്തിയായിരുന്നു അത്. പിന്നീട് തലശ്ശേരിയിൽ ഒന്നിലധികം ഈദ്ഗാഹുകൾ സംഘടിപ്പിക്കണമെന്ന് ഈ ലേഖകൻ എഴുതിയപ്പോൾ അതും ശരിയായ അഭിപ്രായമാണെന്ന് അബൂബക്കർ മാസ്റ്റർ എന്നെ വിളിച്ചു പറയുകയുണ്ടായി.

ചുരുക്കത്തിൽ തലശ്ശേരിയിലെ മുസ്ലീം സമൂഹത്തിൽ ചിന്താവിപ്ലവം സൃഷ്ടിക്കുകയും സാമൂഹികരംഗത്ത് മാതൃകാപുരുഷനാവുകയും ചെയ്ത മഹത് വ്യക്തിത്വമായിരുന്നു അബൂബക്കർ മാസ്റ്റർ. അധ്യാപനരംഗത്തെ കർമനിരതമായ സേവനങ്ങൾ അദ്ദേഹത്തെ ശ്രേഷ്ഠാധ്യാപകനായി ശിഷ്യഗണങ്ങളുടെ മനസ്സിൽ കുടിയിരുത്തപ്പെട്ടു ●

# 13

# കാത്താണ്ടി തറവാട്

കാത്താണ്ടി കുടുംബസംഗമത്തിന്റെയും നോമ്പുതുറയുടെയും വാർത്ത എസിവിയിൽ കണ്ടപ്പോഴാണ് കാത്താണ്ടി തറവാടിനെക്കുറിച്ചുള്ള ഗതകാലസ്മരണകൾ ഉണർന്നത്. അഞ്ച് പതിറ്റാണ്ടിലധികം ആ തറവാടുമായി ബന്ധമുള്ള ഈ ലേഖകൻ, മൂന്ന് പതിറ്റാണ്ടോളം മറുനാട്ടിൽ ജോലിയുണ്ടായിരുന്നത് കാരണം, കാത്താണ്ടിയിലെ യുവതലമുറക്ക് അന്യനായിരിക്കാം. നഗരപിതാവായിരുന്ന മുഹമ്മദ് സലീമിന്റെ ഉമ്മറത്തറവാടാണ് കാത്താണ്ടി എന്നത് കൊണ്ട് ഈ ഗതകാല സ്മരണക്ക് പ്രസക്തിയുണ്ട്. കടലൂരിൽ പോർട്ട് ഓഫീസറായും പിന്നീട് മലബാറിലെ ഡെപ്യൂട്ടി കളക്ടറുമായി ഉദ്യോഗത്തിൽ നിന്ന് വിരമിച്ച ഖാൻ ബഹദൂർ കെ.ഹാഷിം സാഹിബാണ് ഗതകാലത്ത് പ്രശസ്തനായ കാത്താണ്ടിക്കാരൻ. തിരുവങ്ങാട് മങ്ങാടൻ വീട്ടിൽ താമസമാരംഭിച്ച കാത്താണ്ടി ശാഖയിലെ അംഗങ്ങളാണ് പിന്നീട് ശ്രദ്ധേയരായവർ. തലശ്ശേരി മുനിസിപ്പാൽ ചെയർമാൻ ആയിരുന്ന എം.വി മുഹമ്മദ് സലീം ഈ ശാഖയിൽ പെട്ട വ്യക്തിയാണ്. സലീമിന്റെ മൂത്ത അമ്മാവൻ എം.ആബൂട്ടി ഇടതുപക്ഷരാഷ്ട്രീയത്തിൽ സജീവമായുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അനുജൻ കാത്താണ്ടി റസാഖാണ് പിന്നീട് ശ്രദ്ധേയമായി തീർന്ന കാത്താണ്ടിക്കാരൻ. ഇവരൊക്കെ ഇടതുപക്ഷ ചായ്‌വുള്ളവരായിരുന്നു എന്നതും ശ്രദ്ധേയമാണ്.

കാത്താണ്ടിയുമായി ലേഖകനുള്ള ദ്വിമുഖ ബന്ധമാണ്

കാത്താണ്ടിയുടെ ചരിത്രത്തെക്കുറിച്ചറിയാനിടയാക്കിയത്. കാത്താണ്ടി തറവാട്ടിലെ കാരണവർ ഉമ്മർ എന്റെ ഉമ്മയുടെ ജ്യേഷ്ഠത്തി ദസറവിടെ കുഞ്ഞാഞ്ഞുവിനെയായിരുന്നു വിവാഹം ചെയ്തിരുന്നത്. പിലാക്കൂലിൽ തുന്നൽ കടയും ഉന്നം, മൊത്ത പായ കച്ചവടങ്ങളും ഉണ്ടായിരുന്ന പ്രസ്തുത കാരണവർ മല്ലർ റോഡിലെ ഭാര്യ വീട്ടിലായിരുന്നു താമസം. തറവാട് പ്രശ്നങ്ങൾക്ക് പരിഹാരത്തിന് കാരണവരെ തേടി അംഗങ്ങൾ അവിടെ എത്തുമായിരുന്നു. മരുമകൻ ഖാൻ ബഹദൂർ ഹാഷിം സാബ് പോലും! ഉദ്യോഗവിരാമനാളുകളിൽ ഏകാന്തത അനുഭവപ്പെട്ട ഹാഷിം സാഹബ് ഞായറാഴ്ചകളിൽ അമ്മാവനുമായിരുന്നു കാർഡ് കളിക്കുക പതിവായിരുന്നു. കോളേജ് വിദ്യാർത്ഥിയായിരിക്കുമ്പോഴേ ഇംഗ്ലീഷ് നോവലുകളോട് കമ്പമുണ്ടായിരുന്ന ഈ ലേഖകനായിരുന്നു ഖാൻ ബഹദൂറിന് വായിക്കാനുള്ള ഇംഗ്ലീഷ് പുസ്തകങ്ങൾ എത്തിച്ചുകൊടുത്തിരുന്നത്. അതുകൊണ്ട് ഞായറാഴ്ച അല്ലാത്ത ദിവസങ്ങളിലും കോസ്മോ പൊളിറ്റൻ ക്ലബ്ബിലേക്ക് പോകുന്ന വഴിക്ക് മല്ലർ റോഡിൽ വണ്ടി നിർത്തി പുസ്തകം തിരിച്ചേൽപ്പിക്കാനും പുതിയ പുസ്തകം കൊണ്ടുപോവാനും അദ്ദേഹം വരുമായിരുന്നു.

കാരണവർ ഉമ്മറിന്റെ ഭാര്യയുടെ ഉപ്പ കുടുംബാംഗമായ ഉസ്മാൻ ഹാജിയാണ് കാത്താണ്ടിയിലെ ബീവിയെ വിവാഹം ചെയ്തതും തിരുവങ്ങാട്ടുള്ള മങ്ങാടൻ വീട്ടിൽ താമസമാരംഭിച്ചതും . മുസ്ലീങ്ങൾ മരുമക്കത്തായ സമ്പ്രദായം സ്വീകരിച്ചിരുന്നത് മൂലം ഈ ശാഖ കാത്താണ്ടിയുടേത് തന്നെയായി. ഉസ്മാൻ ഹാജിയും, ജ്യേഷ്ഠൻ മമ്മുവും തോൽ കച്ചവടക്കാരായിരുന്നു. തൻമൂലം ഈ വിഭാഗം ധനികരും പ്രശസ്തരുമായി.

കാത്താണ്ടിയുടെ പ്രഭവസ്ഥാനം സൈദാർപള്ളിക്കടുത്ത് ജഗന്നാഥക്ഷേത്രം റോഡിലായിരുന്നു. ഇന്ന് മദ്രസത്തുൽ മുബാറക് എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം. ഉമ്മർ തറവാട്ട് കാരണവരാകുമ്പോഴേക്കും തറവാട് വൃദ്ധിക്ഷയത്തിലായിരുന്നു. അവശരായ ചിലരെ തറവാട്ടിൽ അവശേഷിച്ചിരുന്നുള്ളൂ. വിശാലമായ പറമ്പിൽ സ്ഥിതിചെയ്യുന്ന തറവാട് വീട് ഓലമേയാൻ പോലും ആവാതെ ജീർണ്ണിക്കാൻ തുടങ്ങിയിരുന്നു. ഒടുവിൽ തറവാട് വീടും സ്ഥലവും വിൽക്കാനും അവകാശപ്പെട്ടവർക്ക് ഓഹരി നൽകാനും തീരുമാനിക്കപ്പെട്ടു. വിൽക്കുന്നതുവരെ അതിന്റെ റിസീവർ ഭരണം കാരണവർക്കായിരുന്നു. പറമ്പിലുള്ള തെങ്ങുകളിൽ നിന്നുള്ള തേങ്ങകളും മറ്റ് വിഭവങ്ങളും അപ്പപ്പോൾ ശേഖരിച്ച് ഓഹരിക്കാർക്ക് വിതരണം ചെയ്യേണ്ടതുണ്ടായിരുന്നു. കുട്ടിയായിരിക്കെ എനിക്കും ടെയിലർ കടയിലെ ഏതെങ്കിലും ജോലി

ക്കാരനുമായിരുന്നു അതിന്റെ ചുമതല. തേങ്ങയിടാനുള്ളവരെയും കൂട്ടി ഞങ്ങൾ തറവാട്ടു പറമ്പിൽ പോകുമ്പോഴേക്കും ചാക്കുമായി കൈവണ്ടിക്കാരൻ എറമൂവും അവിടെ എത്തിയിരിക്കും. അങ്ങിനെയിട്ട തേങ്ങകളും സീസണുകളിലുണ്ടാവുന്ന ചക്കകളും മാങ്ങകളുമൊക്കെ വിതരണം ചെയ്യപ്പെട്ടിരുന്നു. കാരണവരുടെ ഓഹരി ഞങ്ങളുടെ വീട്ടിലുമെത്തിയിരുന്നു. മുബാറക് സ്കൂൾ മാനേജ്മെന്റ് പ്രസ്തുത സ്ഥലം വാങ്ങുന്നവരെ രണ്ട് വർഷത്തോളം ഈ റിസീവർ ഭരണവും അതിന്റെ ചുമതലക്കാരനായി ഞാനും തുടർന്നു.

തിരുവങ്ങാടുള്ള കാത്താണ്ടി മങ്ങാടൻ വീട് അന്നും അംഗസംഖ്യ അധികമുള്ള കുടുംബമായിരുന്നു. അവരുടെ അടുക്കളയുടെ വലുപ്പം പോലെ തന്നെ ഹൃദയങ്ങളും വിശാലങ്ങളായിരുന്നു. സ്നേഹോഷ്മളമായ കൂട്ടുകുടുംബ ജീവിതത്തിന്റെ ഒരു പരിച്ഛേദമായിരുന്നത്. ബാല്യകാലത്തിലെ ഒട്ടനവധി ദിവസങ്ങൾ അവിടുത്തെ ആതിഥ്യം അനുഭവിച്ച ഈ ലേഖകന് അവ ആഹ്ലാദകരമായ ഗതകാല സ്മരണകളാണ്. കാരണവർക്ക് പ്രസക്തി നഷ്ടപ്പെട്ടു പോയിരുന്നുവെങ്കിലും ജീവിച്ചിരുന്നത് വരെ ഉമ്മർക്ക് തന്നെയായിരുന്നു അവിടെയും കാരണവസ്ഥാനം. മരണാനന്തരം കാരണവർസ്ഥാനം അദ്ദേഹത്തിന്റെ മരുമകനും മർച്ചന്റ് നേവി ഉദ്യോഗസ്ഥനുമായിരുന്ന കാത്താണ്ടി അബൂബക്കർക്കായിരുന്നു. അബൂബക്കറിന്റെ മകൻ ഫസൽ എന്റെ മരുമകൾ ജസീലയെ വിവാഹം ചെയ്തതതോടെ ഞങ്ങളുടെ കാത്താണ്ടി ബന്ധം പുതുതലമുറയിലേക്കും പകരുകയുണ്ടായി.

കാത്താണ്ടി മങ്ങാടൻ വീട്ടിൽ നടന്നിരുന്ന വിവാഹാഘോഷങ്ങളും മൗലീദുകളും, കുത്ത് റാത്തീബുകളും നോമ്പ് തുറക്കൽ സൽക്കാരങ്ങളും അവിസ്മരണീയമായ അനുഭവങ്ങളായിരുന്നു. ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ഒരുപാട് കാത്താണ്ടി വ്യക്തിത്വങ്ങൾ സ്മരണാപഥത്തിലൂടെ സഞ്ചരിക്കുന്നു. സരസന്മാരും, വാചാലന്മാരും, സുന്ദരികളും സുന്ദരന്മാരുമായവർ. ചെയർമാന്റെ മാതാവ് റാബിയയുടേത് തൊട്ട് അവരുടെ സഹോദരീ സഹോദരൻമാരുടെ വിവാഹാഘോഷങ്ങളിൽ പങ്കെടുത്തത് ഓർക്കുന്നു. അവരുടെ കൂട്ടത്തിൽ എന്റെ കൂടെ കളിക്കൂട്ടുകാരനായി ഉണ്ടായിരുന്നത് ഉമ്പായി എന്ന ഇബ്രാഹിമായിരുന്നു. ആസിയ ചെറിയ കളിക്കൂട്ടുകാരിയും. രണ്ടുപേരും ഇപ്പോൾ ജീവിച്ചിരിപ്പില്ല. ആസിയ നേരത്തെ അർബുദബാധയെ തുടർന്ന് അന്തരിച്ചു. ഉമ്പായി പിന്നീടും. ഈ ദുഃഖസ്മരണകളോടൊപ്പം കാത്താണ്ടി സഹോദരന്മാരിൽ ഒരാൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ ലോറി തട്ടി മരിച്ചതിന്റെ ഓർമ്മയും മനസ്സിൽ തളംകെട്ടി നിൽക്കുന്നു●

# 14

# കേയി,
# ദ കിംഗ് മേക്കർ

"മനുഷ്യരുടെ തിന്മകൾ  അവർക്ക് ശേഷം അതിജീവിക്കുന്നു. അവരുടെ നന്മകളാകട്ടെ അവരുടെ അസ്ഥികളോടൊപ്പം അടക്കം ചെയ്യപ്പെടുന്നു.  സീസറുടെ കാര്യത്തിലും അങ്ങനെയാവട്ടെ"

ഷെയ്ക്സ്പിയറുടെ നാടകത്തിൽ സീസറുടെ ജഡത്തിന് മുമ്പിൽ അന്ത്യ പ്രണാമമർപ്പിച്ചുകൊണ്ട് മാർക്ക് ആന്റണി നടത്തിയ പ്രഭാഷണത്തിന്റെ ആദ്യഭാഗത്തിൽ നിന്നാണ് മേൽ ഉദ്ധരണി. ഈയ്യടുത്തകാലത്ത് ഇതോർത്തുപോയ ഒരു സന്ദർഭമുണ്ടായി. തലശ്ശേരി ടൗൺ മുസ്ലീം ലീഗിന്റെ സമ്മേളനത്തോടനുബന്ധിച്ച് നിരവധി നേതാക്കൻമാരുടെ ചിത്രങ്ങൾ പോസ്റ്ററുകളിൽ തൂങ്ങി കിടന്നത് കണ്ടപ്പോൾ എന്റെ രാഷ്ട്രീയ അജ്ഞതമൂലം, എന്തുകൊണ്ട് കേയി സാഹിബിന്റെ ചിത്രം അതിലുണ്ടായില്ല എന്നന്വേഷിക്കുകയുണ്ടായി. അതിന് കിട്ടിയ മറുപടി അദ്ദേഹം അവസാനം മറ്റേ പാർട്ടിയിലായിരുന്നല്ലോയെന്നായിരുന്നു! ഞാനോർത്തത് മറ്റൊരു തരത്തിലായിരുന്നു. കേരള മുസ്ലീം ലീഗിന്റെ ഹൃദയം കൊയിലാണ്ടിയിലും പിന്നെ കൊടപ്പനക്കമൊക്കെയായിരുന്നപ്പോൾ അതിന്റെ തലച്ചോറ് (brain) തലശ്ശേരിയിലെ, കേയി സാഹിബായിരുന്നു. ആന്റണിയുടെ വചനങ്ങൾ ഓർത്തു പിന്നെ മനസ്സിൽ പറഞ്ഞു:  കേയി സാഹബിന്റെ കാര്യത്തിലും അങ്ങനെയാവട്ടെ.

കേയിമാരുടെ പ്രതാപകഥകൾ ഏറെ പറയാനുണ്ട് തലശ്ശേരിക്ക്. എന്നാൽ കഴിഞ്ഞ ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ

തലശ്ശേരിയിൽ എന്നല്ല കേരളത്തിലെവിടെയായാലും കേയി സാഹബ് എന്നു പറഞ്ഞാൽ തലശ്ശേരിയിലെ സി.കെ.പി ചെറിയ മമ്മുകേയി മാത്രം. ലീഗിന്റെ രാഷ്ട്രീയ തീരുമാനങ്ങൾ നിർണ്ണയിക്കുന്ന സുപ്രധാന വ്യക്തിയായി അദ്ദേഹം വിളങ്ങിയിരുന്നു. ഒരു കിംഗ് മെയ്ക്കർ തന്നെയായിരുന്നു. എന്നാൽ അതിന്റെ ജാടയോ പ്രകടനാത്മകതയോ ഒട്ടുമില്ലാതിരുന്ന ആൾ. കേയി സാഹിബിന്റെ കൈ പിടിച്ച് രാഷ്ട്രീയത്തിന്റെ പടവുകൾ കയറിപ്പോയവർ നിരവധി. പഴയകാല രാഷ്ട്രീയ ജീവിതം കൊണ്ട് ദാരിദ്രമനുഭവിച്ചവരെ കര കയറ്റാൻ കേയിസാഹിബിന്റെ ഹസ്തങ്ങളുണ്ടായിരുന്നു. തന്റെ ആശ്രിതരായിരുന്നവരെയൊക്കെ സാമ്പത്തികോന്നമനത്തിനും സാമൂഹിക സ്ഥാനങ്ങൾ ആർജ്ജിക്കാനും സഹായിച്ച സന്മനസ്സുള്ള വ്യക്തിത്വം. ഇവയൊന്നും ഒരിക്കലും എടുത്തു പറയാനിഷ്ടപ്പെടാത്ത മനസ്സിന്റെ ലാളിത്യമായിരുന്നു കേയി സാഹിബിനുണ്ടായിരുന്നത്.

സീതിസാഹബ് കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടാൻ കോൺഗ്രസ്സ് അന്നൊരു നിബന്ധന വെച്ചു. സീതിസാഹബ് മുസ്ലീം ലീഗിൽ നിന്ന് രാജിവെക്കണമെന്ന്. സ്പീക്കർ രാഷ്ട്രീയത്തിനതീതനായി പ്രവർത്തിക്കേണ്ട വ്യക്തിയായിരുന്നെങ്കിലും, സ്വന്തം പാർട്ടിയിൽ നിന്ന് രാജിവെക്കുകയെന്ന വഴക്കം അതിന് മുമ്പും പിമ്പും ഉണ്ടായിരുന്നില്ല. ഇത് അപമാനകരമായിരുന്നു. ഈ അപമാനം സഹിച്ചുകൊണ്ടും സീതി സാഹബ് ആ സ്ഥാനമലങ്കരിക്കണമെന്ന തീരുമാനത്തിന് പിറകിൽ കേയി സാഹബിന്റെ പ്രേരണയുണ്ടായിരുന്നുവെന്നാണറിഞ്ഞത്. തലശ്ശേരിയിൽ ദീർഘകാലം സഹപ്രവർത്തകനായ സീതി സാഹബ് സ്പീക്കർ പദവിക്ക് ഏറ്റവും അനുയോജ്യനായ വ്യക്തിയാണെന്ന് കേയി സാഹബ് മനസ്സിലാക്കിയിരുന്നു. ഏറ്റവും ബഹുമാനമാർജ്ജിച്ച സ്പീക്കർ എന്ന പ്രശസ്തി സീതിസാഹബിന് ലഭിച്ചത് മുസ്ലീം ലീഗിനൊരു മുതൽക്കൂട്ടായി. പിന്നീട് രാഷ്ട്രീയ വിലപേശലിന്റെ ശക്തി ലീഗ് ആർജ്ജിക്കുകയും ചെയ്തു. കേയി സാഹബിന്റെ രാഷ്ട്രീയ ദീർഘദൃഷ്ടിക്കൊരു ദാഹരണമായിരുന്നു അങ്ങനെ പലതും.

തലമുതിർന്ന നേതാവിനെ തഴഞ്ഞായിരുന്നു ഒരു യുവ അഭിഭാഷകനെ നിയമസഭയിലേക്കുള്ള സ്ഥാനാർത്ഥിയാക്കിയത്. ഏറെ വിമർശനങ്ങൾ വകവെക്കാതെയായിരുന്നു കേയി സാഹബിന്റെ തീരുമാനം. കഴിവുറ്റ നിയമസഭാ സാമാജികനും മന്ത്രിയും രാഷ്ട്രീയ നേതാവും കേന്ദ്രമന്ത്രിയുമൊക്കെ ആയിത്തീരാനുള്ള കഴിവ് ആ യുവ അഭിഭാഷകനുണ്ടായിരുന്നുവെന്ന് കണ്ടുപിടിച്ചത് കേയി സാഹബ് ആയിരുന്നു.

മറ്റൊരു യുവനേതാവിന്റെ വീട് നിർമ്മാണം വഴി മുട്ടിയപ്പോൾ കേയി സാഹബിന്റെ വീട്ടിലെ കല്യാണാവസരത്തിൽ അതിനൊരു പോംവഴിയുണ്ടാക്കിയത് കേയി സാഹബുമായി വളരെ അടുപ്പമുള്ള ചിലർ മാത്രമറിയുന്ന രഹസ്യമായിരുന്നു. മറ്റൊരു നേതാവിന് തന്റെ ഉമ്മയുടെ സ്വത്തിന്റെ ഭാഗം ദാനം ചെയ്തതും അതിരഹസ്യ സ്വഭാവത്തോടെയായിരുന്നു. ഇവയൊന്നും എടുത്തുപറയുന്നത് കേയി സാഹബ് ഇഷ്ടപ്പെട്ടിരുന്നില്ല. അങ്ങനെ പറയുന്നത് തന്റെ കുലമഹിമയ്ക്ക് യോജിച്ചതല്ല എന്ന് വിശ്വസിച്ച ആളായിരുന്നു. ആന്റണിയുടെ പ്രഭാഷണധാരയിലൂടെ ചിന്തിച്ചപ്പോൾ ഇവയൊക്കെ എടുത്തു പറഞ്ഞുപോയെന്ന് മാത്രം.

സത്താർ സേട്ടു സാഹബ് വീണ്ടും തലശ്ശേരിയിൽ വന്ന സന്ദർഭം ഓർക്കുന്നു. പാക്കിസ്ഥാനിലെ വീട് അക്രമിക്കപ്പെടുകയും മകൾ മരണപ്പെടുകയും ചെയ്തശേഷം പേരമകളുമായി ബാംഗ്ലൂരിൽ ബന്ധുക്കളുടെ അടുക്കൽ ആശ്വാസം തേടി വന്നതായിരുന്നു അദ്ദേഹം. തന്റെ പഴയ തട്ടകം തലശ്ശേരി അദ്ദേഹത്തിന് സന്ദർശിക്കാതെ കഴിയുമായിരുന്നില്ല. സേട്ടുസാഹബിന്റെ ബന്ധുക്കളിൽ നിന്ന് അദ്ദേഹത്തിന്റെ തലശ്ശേരി സന്ദർശനമറിഞ്ഞ് ആദ്യമെത്തിയവരിൽ ഞാനുമൊരാളായിരുന്നു. സേട്ടു സാഹീബുമായി സംസാരിച്ച കൊണ്ടിരിക്കവെയായിരുന്നു കേയി സാഹബിന്റെ ആഗമനം. ഞാൻ ദൂരെ മാറിയിരുന്നു അവരുടെ സ്നേഹപ്രകടനങ്ങൾ വീക്ഷിച്ചു. അന്നത്തെ വിദേശകാര്യമന്ത്രി വാജ്പേയിയിൽ സ്വാധീനം ചെലുത്തി സേട്ടു സാഹബിന് ബാഗ്ലൂരിൽ സ്ഥിരതാമസത്തിനുള്ള സൗകര്യമുണ്ടാക്കാമെന്ന കേയി സാഹബിന്റെ നിർദ്ദേശം, സൗമനസ്സിന് നന്ദി പറഞ്ഞുകൊണ്ട് സേട്ടുസാഹബ് നിരാകരിച്ചു. സേട്ടു സാഹബിന് മറിച്ച് മറ്റൊരു കാര്യമായിരുന്നു ഉണർത്താനുണ്ടായിരുന്നത്. നമ്മൾ പടുത്തുയർത്തിയ മുസ്ലീം ലീഗിനെ ഇങ്ങനെ പിളർത്തി കളഞ്ഞല്ലോയെന്നായിരുന്നു സേട്ടു സാഹബിന്റെ വിലാപം. കേയി സാഹബ് മുൻകയ്യെടുത്ത് യോജിപ്പിലെത്തണമെന്നായിരുന്നു സേട്ടു സാഹബിന്റെ അഭ്യർത്ഥന. തുല്യശക്തിയായി നിലനിന്നുപോന്നിരുന്ന അഖിലേന്ത്യാ ലീഗിന് മാതൃസംഘടനയോട് ലയിക്കേണ്ടുന്ന രാഷ്ട്രീയ സാഹചര്യമൊന്നും നിലവിലില്ലാതെ തന്നെ അതിന് വേണ്ടി കേയി സാഹബ് ശ്രമിച്ചത് ഒരു പക്ഷെ തന്റെ രാഷ്ട്രീയ ഗുരുതുല്യനായ സേട്ടുസാഹബിന്റെ അഭ്യർത്ഥന മാനിച്ചായിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ലയനം ഒരു രാഷ്ട്രീയ ഹരാകിരിയായിരുന്നു. ലയിച്ച അഖിലേന്ത്യാക്കാർക്ക് പിന്നീട് പല അപമാനങ്ങളും സഹിക്കേണ്ടിവന്നിരുന്നു. വീണ്ടുമൊരു പിളർപ്പുണ്ടായപ്പോൾ ഔദ്യോഗിക പക്ഷത്തായിരുന്നില്ല കേയി സാഹബുണ്ടായിരുന്നതെന്നും ശ്രദ്ധേ

യമാണ്. പഴയ ശക്തിയൊന്നും ആർജ്ജിക്കാനാവാതെ വന്നതു കൊണ്ടായിരിക്കാം എതിരാളികൾക്ക് അദ്ദേഹം പേടു തേങ്ങയാണെന്ന് തോന്നാൻ കാരണം. ആരോഗ്യം ക്ഷയിച്ച അദ്ദേഹം താൻ വളർത്തിയെടുത്തവരുടെ വിമർശനങ്ങൾ സുസ്മേരവദനനായാണ് ശ്രവിച്ചത്. അതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം.

തലശ്ശേരിയിൽ കേയി സാഹബ് മുസ്ലീം ലീഗ് നേതാവ് മാത്രമായിരുന്നില്ല. കക്ഷിഭേദമന്യേ എല്ലാ മുസ്ലീങ്ങളും കേയി സാഹബിനെ നേതാവായി അംഗീകരിച്ചിരുന്നു. കേയി സാഹബിന്റെ മാധ്യസ്ഥം അവർക്ക് സ്വീകാര്യമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തോടെ സംജാതമായ ആ വിടവ് ഇന്നും പരിഹരിക്കപ്പെടാതിരിക്കുകയാണ്. സർവ്വസമ്മതനായ ഒരു നേതാവിന്റെ അഭാവം തലശ്ശേരിയിൽ മുസ്ലീം സമൂഹത്തിനുണ്ട്.

ശക്തനും ധീരനുമായ നേതാവായിരുന്നെങ്കിലും കേയി സാഹബ് ലോലഹൃദയനായിരുന്നു. മാതാവിനോടുള്ള അദ്ദേഹത്തിന്റെ ആദരവും സ്നേഹവും അഗാധമായിരുന്നു. ഏത് തിരക്കിനിടയിലും മാതാവിനെ സന്ദർശിക്കാനും അവരോട് സംസാരിച്ചിരിക്കാനും അദ്ദേഹം നിഷ്കർഷത പുലർത്തിയിരുന്നു. അടിയന്തിരാവസ്ഥയിൽ ജയിലിലടച്ച നേതാക്കൻമാരിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. ജയിൽ വാസം നേരത്തെ പരിചയമില്ലാത്ത രാഷ്ട്രീയനേതാവായിരുന്നെങ്കിലും അത് അദ്ദേഹത്തെ വിഷമിപ്പിച്ചിരുന്നില്ല. എന്നാൽ തന്റെ മാതാവിന്റെ അടുത്തേക്കുള്ള പതിവ് സന്ദർശനം മുടങ്ങുമല്ലോയെന്നോർത്ത് സങ്കടപ്പെട്ട് അദ്ദേഹം കരഞ്ഞുപോയിരുന്നത്രെ. കേയി സാഹബിന്റെ പരോളിന് വേണ്ടി ശ്രമിച്ച വ്യക്തിയും, അതുമായി ബന്ധപ്പെട്ട കുറ്റാന്വേഷണ ഉദ്യോഗസ്ഥനും വളരെക്കാലത്തിന് ശേഷം പ്രസ്തുത കാര്യം അയവിറക്കിയതിൽ നിന്നാണീ വിവരം എനിക്ക് ലഭിച്ചത്. കേയി സാഹബിനെ പോലൊരു മാന്യവ്യക്തിയെ ദേശരക്ഷയുടെ പേരിൽ ജയിലിലടച്ചത് എന്തൊരു മണ്ടത്തരമായിരുന്നുവെന്നായിരുന്നു അതിനു മുമ്പ് കേയി സാഹബിനെ പരിചയമില്ലാതിരുന്ന പ്രസ്തുത കറ്റാന്വേഷണ ഉദ്യോഗസ്ഥൻ പ്രസ്താവിച്ചത്. ഐസ്ക്രീം കേയി സാഹിബിന്റെ ഒരു ദുർബലതയായിരുന്നുവെന്ന് തോന്നുന്നു. കടുത്ത പ്രമേഹരോഗബാധിതനായതു കൊണ്ട് മധുരം തീരെ നിഷിദ്ധമായിരുന്നു. എന്നാലും തരം കിട്ടുമ്പോഴൊക്കെ ഐസ്ക്രീം തിന്നുകയും ചെയ്യുമായിരുന്നു. മല്ലർറോഡിലെ ഒരു ഹോട്ടലിന്റെ മൂലയിൽ ഐസ്ക്രീം തിന്നിരിക്കുന്ന കേയി സാഹിബിനെ കണ്ടപ്പോൾ ആശ്ചര്യം തോന്നിയിരുന്നു. കുറ്റം കണ്ടുപിടിക്കപ്പെട്ട കുട്ടിയുടെ മുഖത്തുണ്ടാവുന്ന ജാള്യം പിന്നെയൊരു ചിരി അതിൽ പിന്നീടൊരു താക്കീതും – കുട്ടികളൊടൊന്നും പറയേണ്ട എന്ന്. മകൻ സയ്തലവിയും (എസ്.എ)

മകളുടെ ഭർത്താവും ഫാറൂഖ് കോളേജിൽ എന്റെ ഹോസ്റ്റൽമേറ്റു കളായിരുന്നു.

കേയി സാഹബിനെ കുറിച്ച് തെറ്റിദ്ധരിപ്പിക്കുന്ന വിവര ങ്ങൾ പ്രചരിപ്പിക്കപ്പെട്ടിരുന്നു. മുസ്ലീം ലീഗിന്റെ രാഷ്ട്രീയ ആസൂ ത്രകനെന്ന നിലയിൽ അദ്ദേഹത്തിന് പലതും നേടിയെടുക്കാൻ കഴിയുമായിരുന്നു. അത് അദ്ദേഹത്തിന്റെ സ്വഭാവത്തിന് യോജി ച്ചതല്ലായിരുന്നു. അനേകം പേർക്ക് ശുപാർശകൾ നടത്തിയ കേയി സാഹബ് സ്വന്തത്തിന് വേണ്ടി അതിന് തയ്യാറായിരുന്നില്ല. മക്കൾ രാഷ്ട്രീയ യുഗത്തിൽ സ്വന്തം മക്കളെ രാഷ്ട്രീയ പ്രവർത്തന ത്തിന് പ്രേരിപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തി രുന്നില്ല. സ്വന്തം മക്കൾ അവരുടെ കാര്യത്തിൽ പ്രാപ്തി നേടി ക്കൊള്ളുമെന്ന ആത്മവിശ്വാസമായിരുന്നു അദ്ദേഹത്തിന് , കേയി സാഹബിന്റെ മക്കൾ ഇന്ന് രാഷ്ട്രീയത്തിൽ ഉണ്ടെങ്കിൽ അത് സ്വാഭാവിക പരിണാമമമാണ്. കേയി സാഹബിന്റെ ആതിഥ്യ മര്യാദപ്രശസ്തമാണ്. അദ്ദേഹത്തിന്റേത് കൊടുക്കുന്ന കയ്യായിരുന്നു, വാങ്ങുന്നതല്ല. നിര്യാതനായപ്പോൾ അദ്ദേഹം ഋണബാധിതനാ യിരുന്നുവെന്ന വസ്തുത തെളിയിക്കുന്നതും അത് തന്നെ ●

15

# തലശ്ശേരിയുടെ ഭക്ഷണ പെരുമ !

സാധാരണഗതിയിൽ തലശ്ശേരിയുടെ പെരുമ അറിയപ്പെടുന്നത് ക്രിക്കറ്റ്, കേക്ക്, സർക്കസ് എന്നിവയുടെ ആദ്യാക്ഷരമായ 3 സികളിലൂടെയാണ്. അവ മൂന്നും വിദേശബന്ധമുള്ളതാണ്. ചരിത്രപരമായ കാരണങ്ങളാൽ ഇവ മൂന്നിനും തലശ്ശേരിബന്ധമുണ്ടായെന്ന് മാത്രം. എന്നാൽ തലശ്ശേരിയുടെ യഥാർത്ഥ പെരുമ അതിന്റെ വൈവിധ്യങ്ങളായ ഭക്ഷണങ്ങളാണ്. ബിരിയാണിയും അലിസയുമൊഴികെ മറ്റെല്ലാ വിഭവങ്ങളും തലശ്ശേരിത്തനിമയാർന്നതാണ്. തലശ്ശേരിയുടെ ഭക്ഷണ വൈവിധ്യം മുസ്ലിം സംഭാവനയാണ്, അതിനൊരു സാമൂഹിക പശ്ചാത്തലവുമുണ്ട്.

തലശ്ശേരിയിൽ ബ്രിട്ടീഷുകാർ അവരുടെ കച്ചവടകേന്ദ്രം ആരംഭിക്കുന്നതോടെയാണ് തലശ്ശേരി ചരിത്രത്തിൽ ഇടംപിടിക്കുന്നത്. എന്നാൽ അതിനേറെ മുൻപ് തന്നെ തലശ്ശേരിയിൽ മുസ്ലിം വ്യാപാരികൾ അധിവസിച്ചിരുന്നു. താരതമ്യേന അവരെക്കുറിച്ചുള്ള രേഖകൾ ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. ബ്രിട്ടീഷുകാരുമായി നല്ല വ്യാപാരബന്ധം പുലർത്തിയ ആലുപ്പികാക്കയും മൂസകാക്കയും ആരംഭിച്ച കേയിവംശജരാണ് പിന്നീട്, തലശ്ശേരിയുടെ മുസ്ലിം ചരിത്രത്തിൽ പ്രമുഖരായത്. അതുകൊണ്ട് തലശ്ശേരിയുടെ ഭക്ഷണവൈവിധ്യം തുടങ്ങിയുള്ള മുസ്ലിം സാമൂഹിക ക്രമങ്ങൾ അവരുടെ കുത്തകയാവുകയാണുണ്ടായത്. തലശ്ശേരിയിലെ മുസ്ലിം വ്യാപാരികളിൽ ഗുജറാത്തിലെ കച്ചിൽ നിന്നുവന്ന മേമൻ, അലായ് സേട്ടുമാരുമുണ്ടായിരുന്നു. അവരുടെ ഭക്ഷണരീതികളുടെ സ്വാധീനം നിമിത്തമായിരുന്നു തലശ്ശേരി ബിരിയാണിക്ക് പ്രസിദ്ധമായത്.

കച്ച് മേമന്മാരിൽ പ്രധാനിയായിരുന്നു അബ്ദുൽ സത്താർ ഇസ്ഹാഖ് സേട്ടു. അദ്ദേഹത്തിന്റെ കുടുംബം പിതാമഹന്റെ കാലം മുതൽ തലശ്ശേരി മെയിൻ റോഡ് വാദ്ധ്യാർപീടിക എന്ന് പിന്നീട് അറിയപ്പെടുന്ന സ്ഥലത്തുള്ള മാളികക്കെട്ടിടത്തി("തുളസിയന്റെ മാടം")ലായിരുന്നു താമസിച്ചത്. പ്രസ്തുത മേമൻ കുടുംബത്തിലെ പാചകക്കാരൻ മൂലാമ്പത്ത് അബ്ദുഹാജിയായിരുന്നു. സത്താർ സേട്ടു അബ്ദുഹാജിയെ കച്ചിലേക്ക് അവിടത്തെ കച്ച് ബിരിയാണി പാചകം പഠിക്കാനയച്ചു. അബ്ദുവിന് മനസ്സിലായതുപോലെ തലശ്ശേരിയിൽ അത് പാചകം ചെയ്തപ്പോഴായിരുന്നു, തലശ്ശേരി ബിരിയാണിയുടെ തുടക്കം. ബിരിയൻ എന്ന പേർഷ്യൻ പദത്തിൽ നിന്നാണ് ബിരിയാണിയുടെ ഉദ്ഭവം. പശുവിൻ നെയ്യിൽ അരി വറുക്കുന്നതിനാണ് ബിരിയൻ എന്നുപറയുന്നത്. അങ്ങനെ വറുത്ത അരി തയ്യാറാക്കിയ ഇറച്ചി മസാലയുടെ മേലെ പരത്തി 'ദമ്മി'ൽ കുറഞ്ഞ ചൂടിൽ വേവിച്ചെടുക്കുന്നതായിരുന്നു ബിരിയാണിയുടെ പാചകരീതി. എന്നാൽ വേവിച്ചെടുത്ത ഇറച്ചിക്കറിയിൽ ചോറ് ചേർത്ത് പാചകം ചെയ്യുന്ന പൂർവരീതി തലശ്ശേരിയിൽ നേരത്തെ ഉണ്ടായിരുന്നു. ഇറച്ചിച്ചോർ എന്നായിരുന്നു ആ പാചകത്തെ വിശേഷിപ്പിച്ചത്. മരണാടിയന്തരവുമായി ബന്ധപ്പെട്ട സദ്യയിലാ യിരുന്നു ഇറച്ചിച്ചോർ പാചകം ചെയ്തത്.

അലിസ എന്ന വിഭവം, മുന്തിയതരം ഗോതമ്പ് തൊലി കളഞ്ഞ് ഇറച്ചി ചേർത്ത് പ്രത്യേക തരത്തിൽ വേവിച്ചെടുക്കു ന്നതാണ്. ഇത് അറബികളിൽനിന്നാണ് തലശ്ശേരിയിലെത്തിയത്. കേയി കുടുംബങ്ങളിൽ നിന്ന് ചില അറബി വിവാഹങ്ങളുണ്ടാ യിരുന്നു. അവയുമായി ബന്ധപ്പെട്ടാണ് അലിസ തലശ്ശേരിയുടെ ഭക്ഷണമേശയിലെത്തിയതെന്ന് പറയപ്പെടുന്നു. 'അരീസ്' എന്നാ ണ് അറബിയിൽ അറിയപ്പെടുന്നത്. അലിസയിൽ പഞ്ചസാര ചേർത്ത് കഴിക്കുന്നത് തലശ്ശേരി പ്രത്യേകതയാണ്.

തലശ്ശേരിയുടെ പരമ്പരാഗത മുസ്‌ലിം വിരുന്ന് മുട്ടമാല, അലിസ, ബിരിയാണി ആണ്. ബിരിയാണിക്കും അലിസക്കും മറുനാടനോ വൈദേശികനോ ആയ ബന്ധമുണ്ടെ ങ്കിൽ, മുട്ടമാല തലശ്ശേരിയുടെ തനത് വിഭവമാണ്. മറ്റൊരു സ്ഥലത്തിനും അവകാശപ്പെടാനില്ലാത്തവിധം തനി തലശ്ശേരി ഭക്ഷണം. മുട്ടയുടെ മഞ്ഞ പിരിച്ചെടുത്ത് അതിൽ പഞ്ചസാര ചേർത്ത് ഇളക്കി നേരിയ തുളയുള്ള ചിരട്ടയിലൂടെ, തിളയ്ക്കുന്ന പഞ്ചസാര പാവിൽ പാചകം ചെയ്തെടുക്കുന്ന വിഭവമാണിത്. ബാക്കിവരുന്ന വെള്ളയിൽ മൈദ ചേർത്ത് ആവിയിൽ വേവി ച്ചെടുത്ത അപ്പം(പുഡിങ്ങ്) മുട്ടമാലയോട് ചേർത്ത് ഭക്ഷണ തളിക യിൽ നിരത്തുന്നു.

ഭക്ഷണ രീതികളുടെ എല്ലാ രൂപങ്ങളെയും പരീക്ഷിച്ച്

തീൻമേശയിൽ എത്തിക്കുക എന്നതിന്റെ സാമൂഹിക പശ്ചാത്തലം തലശ്ശേരിയിലെ മുസ്ലിംകളുടെ മരുമക്കത്തായ സമ്പ്രദായവും പുതിയാപ്ല സമ്പ്രദായവുമായിരുന്നു. വിവാഹം കഴിഞ്ഞാൽ വരൻ വധുവിന്റെ വീട്ടിലെ നിത്യ അതിഥിയായി തീരുന്നു. വരനെ തൃപ്തിപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടായിരുന്നു തലശ്ശേരിയിൽ മുസ്ലിം ഭക്ഷണത്തിന്റെ വൈവിധ്യമുണ്ടായത്. അപ്പത്തരങ്ങളുണ്ടാക്കി മരുമകനെ തീറ്റിക്കുന്ന മാപ്പിളപ്പാട്ട് ഈ സമ്പ്രദായത്തിന്റെ ഒരു പ്രത്യക്ഷീകരണമാണ്. ഏറെക്കുറെ പൊന്നാനിയിലും ഇത്തരം അപ്പത്തരവൈവിധ്യമുണ്ടായിരുന്നു.

തലശ്ശേരിയുടെ മാത്രം സവിശേഷരുചിഭേദമാണ് കല്ലുമ്മക്കായ പൊരിച്ചത്. എല്ലാ കടലുകളിലും ഇംഗ്ലീഷിൽ 'മസ്ൽ' എന്നറിയപ്പെടുന്ന കല്ലുമ്മക്കായ (കടുക്ക) ഉണ്ട്. ചിലയിടങ്ങളിൽ ആഹരിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ തലശ്ശേരിയിൽ കല്ലുമ്മക്കായയ്ക്ക് ലഭിച്ച പ്രാധാന്യം വേറെയൊരിടത്തുമില്ല. കല്ലുമ്മക്കായ ഇറച്ചികൊണ്ട് കറിവെക്കുന്നു, പൊരിക്കുന്നു, പുഴുങ്ങിപ്പൊരിച്ചത് തേങ്ങാച്ചോറ് പാചകത്തിനുപയോഗിക്കുന്നു. എന്നാൽ കല്ലുമ്മക്കായ തോട് നിവർത്തി അരി, ഉള്ളി, ജീരകം എന്നിവ ചേർത്തരച്ച മാവ് നിറച്ച് ആവിയിൽ വേവിച്ചെടുത്തതിനെ, തോട് കളഞ്ഞ് എണ്ണയിൽ പൊരിച്ചെടുക്കുന്ന പാചക ശൈലി തലശ്ശേരിയുടെ മാത്രം സംഭാവനയാണ്. തലശ്ശേരി യിൽ തന്നെ പഴയകാലത്ത് ഈ പാചകം സാർവ്വത്രികമാ യിരുന്നില്ല. കുറഞ്ഞ ഇടങ്ങളിൽ മാത്രമാണ് പാചകം ചെയ്യപ്പെ ട്ടിരുന്നത്. രാവിലെകളിൽ മാത്രം ലഭിച്ചിരുന്ന കല്ലുമ്മക്കായ പൊരിച്ചതിന് അത്തരം വീടുകളിൽ ആളുകളെത്തുമായിരുന്നു. തലശ്ശേരി മട്ടാമ്പ്രത്തിന്നടുത്ത കബ്ജൂത്തയുടെ കല്ലുമ്മക്കായ പൊരിച്ചത് അങ്ങനെ പ്രശസ്തമായതായിരുന്നു.

കല്യാണം, സൽക്കാരങ്ങൾ എന്നുമാത്രമല്ല മരണം വരെ അവയ്ക്കനുബന്ധമായ പാചകത്തിന് പ്രശസ്തമായിരുന്നു തല ശ്ശേരി. ലളിതമാകേണ്ടുന്ന നോമ്പ്തുറയെ വിഭവസമൃദ്ധമാക്കിയത് തലശ്ശേരിയായിരുന്നു. ഉന്നക്കായ, ഇറച്ചിപണ്ടം നിറച്ച ഇറച്ചി പ്പത്തിരി, പെട്ടിപ്പത്തിൽ, ലക്കോട്ടപ്പം, അപ്പം നിറച്ചത് എന്നീ വിഭവങ്ങൾ ചെറിയ നോമ്പുതുറക്ക് അനിവാര്യഘടകങ്ങളാണ്. കൂടെ തരി വറ്റിച്ചതും, തരിക്കഞ്ഞിയുമൊക്കെയുണ്ടാവും. വലിയ നോമ്പുതുറക്ക് അരി ഒറോട്ടിയും ഇറച്ചിക്കറിയും നിർബന്ധം. കൂടെ ചീരോ (ജീരക)കഞ്ഞിയും. ചപ്പാത്തിയും പത്തിരിയും നെയ്ചോറുമൊക്കെ ഇടവിട്ട നാളുകളിൽ ഭക്ഷണമേശയിലു ണ്ടായിരിക്കും. ഇടിയൂന്നിയത് (നൂൽപുട്ട്) സവിശേഷരീതിയിൽ ആഹരിച്ചിരുന്നത് തേങ്ങാപ്പാലിൽ ചെറുപഴവും പഞ്ചസാരയും ചേർത്ത കറി ചേർത്തായിരുന്നു. പെരുന്നാളിന്റെ തലേ ദിവസം

പുളിവാരൽ, പഴം പൊരിച്ചത്, നെയ്പത്തിരി, നെയ്യപ്പം എന്നിവ യൊടൊപ്പം നെയ്ചോറും കോഴിക്കറിയും നിർബന്ധം, അതോ ടൊപ്പം മുട്ടസിർക്കയുമുണ്ടായിരിക്കും. വിവിധ തരത്തിലുള്ള ഇറച്ചിക്കറികൾ എല്ലാ അവസരങ്ങളിലുമുണ്ടായിരുന്നു.

പഴയകാലങ്ങളിൽ പുതിയാപ്പിളമാർക്ക് ഭാര്യവീട്ടിൽ നിന്ന് മീൻ പാചകം ചെയ്തത് ലഭിക്കണമെങ്കിൽ പുതിയാപ്പിള തന്നെ മീൻ വാങ്ങിക്കൊണ്ടുവരണമായിരുന്നു. അക്കാലത്ത് മത്സ്യം വിലകുറഞ്ഞ സാധാരണ സാധനമായിരുന്നതുകൊണ്ടായിരുന്നു അത്, മീൻ ബിരിയാണി പിന്നീട് വികസിച്ചതാണ്.

വിസ്താരഭയത്താൽ, തലശ്ശേരിയിലെ മറ്റ് ആഹാര, പലഹാരവിഭവങ്ങളിലൂടെ ഒന്ന് കണ്ണോടിച്ചുപോവുകയാണ്. കക്കറോട്ടി (അരിമാവ് ചെറിയ വട്ടങ്ങളായി ഉരുട്ടി ആവിയിൽ വേവിച്ചെടുത്തത് ഇറച്ചിക്കറിയിൽ പാചകം ചെയ്യുന്നത്). പുഴുങ്ങ ലറോട്ടി (മീൻ പൊരിച്ച മസാല നിറച്ച് ആവിയിൽ വേവിച്ചത്), തേങ്ങപ്പത്തിരി (പച്ചരിമാവ് ദോശയാക്കി അതിൽ തേങ്ങാപ്പീര വെച്ച് മേൽഭാഗം വീണ്ടും മാവ് കൊണ്ട് മൂടി ദോശപോലെ ചുട്ടെടുക്കുന്നത്), ഓട്ടിപ്പൊളിച്ചത് (ഗോതമ്പ് ദോശ), കിണ്ണ ത്തഅപ്പം (പച്ചരിമാവ് ഏലക്കായയും മറ്റും ചേർത്ത് കിണ്ണത്തിൽ പാളികളായി ആവിയിൽ വേവിച്ചെടുക്കുന്നത്) തുടങ്ങിയവ. പിന്നെ ബജിയ എന്ന പേരിലുള്ള പരിപ്പുവട. ചെറു പയർ പുഴുങ്ങി മധുരം ചേർത്ത് ഗോതമ്പ്/മൈദ മാവിൽ മുക്കിപ്പൊരിച്ചെടുക്കുന്ന സുകീൻ, ഉരുളക്കിഴങ്ങ് മാവിൽ മുക്കി പൊരിച്ചെടുക്കുന്ന ബോണ്ട, ഗോതമ്പ് മാവ് കൊണ്ടുണ്ടാക്കുന്ന കില്സ, ചെറുപയർ പരിപ്പും ബിരിയാണി അരിയും ചേർത്ത് പാചകം ചെയ്യുന്ന കിച്ചടി എന്നി വയും. വിശേഷ ദിവസങ്ങളിൽ ഗോതമ്പ്കൊണ്ടുണ്ടാക്കുന്ന ചക്കരച്ചോറ്, പ്രത്യേകിച്ചും മുഹറം പത്തിന്.

കറികളുടെ കൂട്ടത്തിൽ മീൻ കൂട്ടാന് പുറമെ, മുളകിട്ട തുമുണ്ടായിരിക്കും. മീൻ ഇഷ്ടു (സ്റ്റ്യൂ)സവിശേഷ കറിയാണ്. ദ്വീപിൽനിന്ന് വരുന്ന മാസ് (ടൂണ മത്സ്യം പുഴുങ്ങി ഉണക്കിയത്) ഉപയോഗിച്ച് വിശേഷ കറി പാചകം ചെയ്യാറുണ്ട്. അരി ഒറോട്ടി യോടൊപ്പം കഴിക്കാനാണത്.

കഞ്ഞികൾ പലതരമുണ്ട് : റവക്കഞ്ഞി, പരിപ്പ് കഞ്ഞി, ചെറുപയർ കഞ്ഞി, നുറുക്കരിക്കഞ്ഞി, ജീരക(ചീരോ) കഞ്ഞി. കഞ്ഞിയോടൊപ്പം നുണയാൻ ഉണക്ക ചെമ്മീനും തേങ്ങയും ചേർത്തരച്ച ചമ്മന്തി ഉണ്ടായിരിക്കും.

നാലുമണി പലഹാരങ്ങളിൽ പഴം നിറച്ചത്, അപ്പം വാട്ടി യത് (ബ്രെഡ്), കൈവീശൽ, പഴംപൊരിച്ചത്, കിഴങ്ങ്പൊരിച്ചത് തുടങ്ങിയവ ഉണ്ടായിരിക്കും. മുസ്ലിം വീടുകളിൽ പ്രഭാതത്തിലെ ആദ്യഭക്ഷണത്തിൽ ചായയോടൊപ്പം പഴം വാട്ടിയത്, മുട്ടപുഴു

ങ്ങിയത്, മുട്ടയട എന്നിവ കാണും.

വിശേഷാവസരങ്ങളിൽ ഉണ്ടാക്കുന്ന അപ്പങ്ങളാണ് മുസാറ, കലത്തപ്പം, കവാബപ്പം, മുടച്ചിലപ്പം തുടങ്ങിയവ. യാത്രാവേളകളിൽ കൊണ്ടുപോകാനും വീട്ടിൽതന്നെ ഇടയ്ക്കിടെ കൊറിച്ചുകൊണ്ടിരിക്കാനും ഉണ്ടാക്കുന്ന അപ്പങ്ങളാണ് അച്ചപ്പം, കൊഴലപ്പം, ചീപ്പപ്പം, ചുക്കപ്പം, പെട്ടിയപ്പം, മണിയപ്പം എന്നിവ.

നോമ്പുമാസം മാത്രം കാണുന്നതാണ് വെള്ളപ്പോള. അത് ചെറുപഴവും തേങ്ങാപ്പാലും പഞ്ചസാരയും ചേർന്ന മിശ്രിതത്തോടൊപ്പമാണ് ഭക്ഷിക്കുക.

അങ്ങനെ പറഞ്ഞാൽ തീരാത്ത ഭക്ഷണവിഭവങ്ങളായിരുന്നു പഴയ തലശ്ശേരി മുസ്‌ലിം കുടുംബങ്ങളുടെ 'നീറായി'യിൽ പാചകം ചെയ്യപ്പെട്ടിരുന്നത്! ●

# 16

# മുഹമ്മദ് റാഫിയുടെ തലശ്ശേരിക്കാരനായ ആത്മസുഹൃത്ത് ; മമ്മു

ഹിന്ദി സിനിമയിലെ ഗാനസമ്രാട്ടായി വിളങ്ങിയിരുന്ന മുഹമ്മദ് റഫിക്ക് തലശ്ശേരിയുമായുള്ള ബന്ധം അദ്ദേഹം തലശ്ശേരിയിൽ വന്ന് ഗാനമേള നടത്തിയെന്നത് മാത്രമായിരുന്നില്ല. പരിമിതമായ സുഹൃദ്വലയം മാത്രമുണ്ടായിരുന്ന റഫിയുടെ ആത്മസുഹൃത്തുക്കളിൽ ഒരാൾ തലശ്ശേരിക്കാരനായിരുന്നു. കോട്ടക്കുന്നുമ്മൽ മമ്മു. ഇദ്ദേഹമായിരുന്നു റഫിയുടെ കേരള പര്യടനങ്ങൾക്ക് ആസൂത്രകൻ. മുഹമ്മദ് റഫി അന്തരിച്ചപ്പോൾ മമ്മു എഴുതിയ അനുസ്മരണക്കുറിപ്പിൽ, അവർ തമ്മിലുണ്ടായിരുന്ന ഗാഢബന്ധത്തെക്കുറിച്ച് പരാമർശിക്കുന്നത് ഇങ്ങനെയാണ്. “റഫിയുമായുള്ള സ്നേഹബന്ധം മൂന്ന് ദശകത്തിലധികം പഴക്കമുള്ളതായിരുന്നു. 1940കളുടെ ആദ്യപകുതിയിൽ റഫി ബോംബെയിൽ വന്ന് ഹിന്ദി ഗാനലോകത്തെ കീഴടക്കിക്കൊണ്ടിരിക്കുന്ന കാലത്താണ് ഞാൻ അദ്ദേഹത്തെ ആദ്യമായി പരിചയപ്പെടുന്നത്. വ്യക്തമായി പറഞ്ഞാൽ 1944ൽ  അദ്ദേഹത്തിന്റെ ബേണ്ടി ബസാറിലുള്ള വസതിയിൽ വെച്ച്. ഞാനന്ന് കൽക്കത്തയിൽ നിന്ന് ബോംബയിലേക്ക് ബിസിനസ്സിന്റെ വേരുകൾ തേടി വന്ന കാലം; സംഗീതത്തോടുള്ള എന്റെ അഭിനിവേശമാണ് എന്നെ റഫിയുടെ സന്നിധാനത്തിലെത്തിച്ചത്. അതിന് ശേഷം ഞങ്ങളുടെ ബന്ധം ഗുരുശിഷ്യന്റേതോ, ജ്യേഷ്ഠാനുജന്റേയോ അല്ലെങ്കിൽ രണ്ടാത്മമിത്രങ്ങളുടേതോയെന്ന് വ്യക്തമായി പറയാൻ കഴിയാത്തവിധം വൈവിധ്യമാർന്നതായിരുന്നു. പിന്നീട് നഫീസ് ചമ്പത്തിലും, അവസാനമായി ബാന്ദ്രയിലും റഫി മാറിത്താമസിച്ചപ്പോഴൊക്കെ ഞാനദ്ദേഹത്തിന്റെ നിത്യസന്ദർശകനാ

യിരുന്നു. കേരളീയനായ എന്റെ മേൽ അദ്ദേഹം ചൊരിഞ്ഞ സ്നേഹം ഞാൻ കൃതജ്ഞാതാപൂർവ്വം സ്മരിക്കുന്നു..... നാസിക്കിലേക്കും പൂനയിലേക്കുമുള്ള പിക്ക്നിക്കുകളിൽ ഞാനും അനുഗമിക്കാറുണ്ടായിരുന്നു".

റഫിയെക്കുറിച്ച് മമ്മു വിലയിരുത്തുന്നത് ഇങ്ങനെയാണ്. "ബോംബെയിലെ ഫിലിം ലോകം എല്ലാതരം പ്രലോഭനങ്ങളുടെയും വിഹാരരംഗമാണ്. ഭൂരിഭാഗം കലാകാരന്മാരും ഈ പ്രലോഭനങ്ങൾക്കടിമകളുമായിരുന്നു. ഇതിനൊരപവാദം മുഹമ്മദ് റഫി മാത്രമായിരുന്നു. എവിടെയും അദ്ദേഹത്തിന് ധാർമ്മിക നിലവാരം ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞിരുന്നു. തന്റെ സൽസ്വഭാവത്തോട് വിട്ടുവീഴ്ച ചെയ്ത് ഒന്നിനും അദ്ദേഹം തയ്യാറായിരുന്നില്ല" (ഉദ്ധരണികൾ മമ്മുവിന്റെ – മുഹമ്മദ് റഫി-ഒരനുസ്മരണം – എന്ന ലേഖനത്തിൽ നിന്ന് ലീഗ് ടൈംസ് 7.8.1980).

മമ്മു സ്വയപ്രയത്നത്താൽ ജീവിതവിജയം നേടിയ വ്യക്തിയായിരുന്നു. ദാരിദ്ര്യത്തിൽ നിന്ന് രക്ഷപ്പെടാൻ തലശ്ശേരിയിൽ വന്ന് കൽക്കത്തയിലേക്ക് വണ്ടി കയറിയ മമ്മു അവിടെ വെച്ചാണ് സംഗീതമഭ്യസിച്ചതും പാട്ടുകാരനായി തീർന്നതും നാട്ടിൽ തിരിച്ചെത്തിയപ്പോൾ സൈദാർപള്ളിക്കടുത്ത ചൊക്രാൻ സ്മാരക സംഗീത ക്ലബ്ബിൽ അംഗമാവുകയും തലശ്ശേരിയിൽ അറിയപ്പെട്ട ഹിന്ദി ഗായകനാവുകയും ചെയ്തു. വീണ്ടും ജോലി തേടി മമ്മു ബോംബയിലേക്കാണ് തിരിച്ചത്. കപ്പൽ ജോലിയിൽ നിന്നാരംഭിച്ച മമ്മു ബോംബെയിൽ പ്രശസ്തമായ റെഡിമെയ്ഡ് വസ്ത്രസ്ഥാപനമായ ക്വാ വാഡീസിന്റെ ഉടമയായി. ബോംബെയിൽ സുഹൃദ് വലയത്തിൽ മമ്മുവിന് ലഭിച്ച മുത്തായിരുന്നു റഫി. നല്ല ഹാർമോണിസ്റ്റുമായിരുന്നു മമ്മു. റഫിയുടെ വസതിയിൽ വെച്ച് ഹാർമോണിയം വായിച്ച് റഫിയോടൊപ്പം പാടുമായിരുന്നു.

മുഹമ്മദ് റഫിയുടെ പ്രഥമ കേരള സന്ദർശനത്തിന് കാരണമായത് മമ്മുവിന്റെ വാശിയായിരുന്നു. ബോംബയിൽ നിന്ന് തലശ്ശേരിയിൽ വന്നാൽ തന്റെ സുഹൃത്തുക്കളോട് റഫിയുമായി തന്റെ ബന്ധത്തെ കുറിച്ച് പറയുമായിരുന്നു. സുഹൃത്തുക്കൾക്ക് മമ്മുവിന്റെ വാക്കുകൾ വിശ്വസിക്കാൻ പ്രയാസമായിരുന്നു. 'മമ്മുവിന്റെ ബഡായ് പറച്ചിൽ' എന്നായിരുന്നു അവർ കരുതിയിരുന്നത്. അതുകൊണ്ടവർ മമ്മുവിനെ വെല്ലുവിളിച്ചു. "നിനക്കത്രത്തോളം ബന്ധമുണ്ടെങ്കിൽ മുഹമ്മദ് റഫിയെ കേരളത്തിലേക്ക് കൂട്ടിക്കൊണ്ടുവരിക". മമ്മുവിന് ഈ വെല്ലുവിളി സ്വീകരിക്കാൻ ഒട്ടും സംശയിക്കേണ്ടി വന്നില്ല. ഒ.അബു എഴുതിയ മമ്മുവിന്റെ കഥയിൽ ഈ സംഭവം വിവരിക്കുന്നുണ്ട്.

വെല്ലുവിളി സ്വീകരിച്ച മമ്മു നേരെ കൊച്ചിയിലേക്ക് പുറപ്പെട്ടു. ടി.കെ.പരീക്കുട്ടിയുമായി ബന്ധപ്പെട്ട് കൊച്ചിയിൽ മുഹമ്മദ് റഫിയുടെ സംഗീതകച്ചേരി നടത്താനുള്ള പരിപാടികൾ ആസൂത്രണം ചെയ്തു. ഈ വിവരം അറിഞ്ഞ എസ്.എൻ.ഡി. പിയുടെ പ്രസിഡണ്ടായിരുന്ന ആർ.ശങ്കർ മുഹമ്മദ് റഫിയെ കൊല്ലത്ത് നടക്കുന്ന എസ്.എൻ.ഡി.പിയുടെ കനകജൂബിലി ആഘോഷ

ത്തിനും ലഭ്യമാക്കണമെന്ന് മമ്മുവിനെ കണ്ട് അഭ്യർത്ഥിച്ചു. കൊച്ചിയിൽ പട്ടേൽ ടാക്കീസിലായിരുന്നു പരിപാടി അരങ്ങേറിയത്. അന്ന് റഫിയോടൊപ്പം സ്റ്റെല്ല എന്നൊരു പുതിയ ഗായിക അരങ്ങേറ്റം നടത്തി. കൊച്ചിയിലും കൊല്ലത്തും നടന്ന ഗാനമേളകളിൽ മമ്മുവും പാട്ട് പാടിയിരുന്നു. കൊച്ചിയിലെ പരിപാടിക്ക് മമ്മുവിന്റെ തലശ്ശേരി സുഹൃത്തുക്കളും ടിക്കറ്റെടുത്ത് എത്തിയിരുന്നു. മമ്മുവിന്റെ പറച്ചിൽ 'ബഡായി' ആയിരുന്നില്ലായെന്നവർക്ക് ബോധ്യമായി. 1954ലായിരുന്നു ഈ സംഭവം. റഫിയുടെ തലശ്ശേരി പരിപാടിയുടെ ചുക്കാൻ പിടിച്ചതും മമ്മു തന്നെയായിരുന്നു. സി.കെ.പി.ചെറിയ മമ്മുക്കേയിയുടെ നിർദ്ദേശാനുസരണമായിരുന്നു മമ്മു 1959ൽ റഫിയെ തലശ്ശേരിയിലേക്ക് കൊണ്ടുവന്നത്. അതിന് മുമ്പ് തന്നെ റഫി തലശ്ശേരിയിൽ വരാമെന്നേറ്റിരുന്നു. മമ്മുവിന്റെ സീമന്ത പുത്രിയുടെ കല്യാണ ക്ഷണം സ്വീകരിച്ച് തലശ്ശേരിയിൽ വരാമെന്ന് സമ്മതിച്ചത് അടിയന്തരമായ റിക്കാർഡിംഗ് പരിപാടി കാരണം റദ്ദായിപ്പോവുകയായിരുന്നു. തലശ്ശേരി മുബാറക്ക് സ്കൂൾ മാനേജ്മെന്റിന്റെ ധനസഹായാർത്ഥമായിരുന്നു മുഹമ്മദ് റഫിയുടെ സംഗീത പരിപാടി തലശ്ശേരിയിൽ സംഘടിപ്പിച്ചത്.

തലശ്ശേരിയിൽ മമ്മു അറിയപ്പെട്ടിരുന്നത് ബ്ലേക്ക് മമ്മു എന്ന പേരിലായിരുന്നു. ഇതിന്റെ കാരണവും ഒ.അബുവിന്റെ 'മമ്മുവിന്റെ കഥയിൽ' കാണാം. രണ്ടാം മഹായുദ്ധകാലത്ത് ബോംബെയിൽ തുണികൾക്ക് കൺട്രോൾ വിൽപ്പനയായിരുന്നു. വസ്ത്രവ്യാപാരി കൂടിയായ മമ്മുവിന് തന്റെ സ്വാധീനം ഉപയോഗിച്ച് കൺട്രോൾ വിലയിലുള്ള തുണികൾ ലഭിച്ചിരുന്നു. കപ്പൽ തൊഴിലാളികൾക്ക് മമ്മു ചെറിയൊരു ലാഭം വെച്ച് അവ വിറ്റു. തൊഴിലാളികളെ സംബന്ധിച്ചെടുത്തോളം അതൊരു സഹായമായിരുന്നു. എന്നാൽ ഈ വ്യാപാരം കണ്ട മമ്മുവിന്റെ സുഹൃത്ത് കൂടിയായ കൊയിലാണ്ടിക്കാരൻ ബാവ സ്രാങ്ക് തമാശയായി വിളിച്ച പേരായിരുന്നു ബ്ലേക്ക് മമ്മു എന്നത്. പിന്നീട് ജീവിതാവസാനം വരെ മമ്മു ബ്ലേക്ക് എന്ന പേരിൽ അറിയപ്പെട്ടു.

മമ്മുവിന് നാല് പെൺകുട്ടികളടക്കം ആറ് സന്താനങ്ങളാണുള്ളത്. പുത്രന്മാരിൽ വഹാബ് തന്റെ പഠനകാലത്ത് അറിയപ്പെടുന്ന ഗായകനായിരുന്നു. ഇപ്പോൾ ഒരു അന്താരാഷ്ട്ര പഞ്ചനക്ഷത്ര ഹോട്ടൽ സമുച്ചയത്തിന്റെ മേഖലാ ഫിനാൻഷ്യൽ കൺട്രോളറാണ്. സീമന്ത പുത്രൻ റസാഖ് ബഹ്റൈനിൽ വ്യാപാരി ആയിരുന്നു. റാബി, അഫ്സത്ത് ബീവി, സഫിയ, സക്കീന എന്നിവരാണ് പെൺമക്കൾ. മുഹമ്മദ്റാഫി പാടിയ ഈരടി ഉദ്ധരിച്ചായിരുന്നു മമ്മു തന്റെ അനുസ്മരണ ലേഖനം അവസാനിപ്പിച്ചത്.

"തക് ഗയാഹും മുജേ സോലേനെ ദോ
രോതേ ക്യും ഹോ?"

(ഞാൻ തളർന്നിരിക്കുകയാണ് എന്നെ ഉറങ്ങാനനുവദിക്കു. നീയെന്തിനാണ് കേഴുന്നത്?) ●

## 17

# സി.ഒ.ടി കുഞ്ഞിപ്പക്കി : പ്രബുദ്ധനായ വിദ്യാഭ്യാസ പ്രചാരകൻ

കേരളത്തിൽ, വിശേഷിച്ച് മലബാറിൽ മുസ്ലീം വിദ്യാഭ്യാസവികസന പ്രകരണത്തിൽ ഒഴിച്ച് നിർത്താൻ പറ്റാത്ത വ്യക്തി വൈഭവമാണ് സി.ഒടി കുഞ്ഞിപ്പക്കി. തലശ്ശേരിയിലെ കേയിമാർ പരമ്പരാഗതമായി വ്യാപാരികളാണ്. കേയിമാരിൽ തന്നെ അതി പ്രാമുഖ്യം കരുതപ്പെടുന്ന വ്യാപാര കുടുംബത്തിൽ നിന്ന് ഒരു വിദ്യാഭ്യാസ വിചക്ഷണനുണ്ടായിത്തീരുക എന്നത് അത്ഭുതമാണ്. എന്നാൽ വിദ്യാഭ്യാസ കാര്യത്തിൽ കുഞ്ഞിപ്പക്കിയുടെ പിതാവിന്നുണ്ടായിരുന്ന അഭിവാഞ്ചയായിരുന്നു അദ്ദേഹത്തിന് അനന്തരമായി ലഭിച്ചത്. തലശ്ശേരിയിൽ ഒരു മാപ്പിള സ്കൂൾ സ്ഥാപിക്കാൻ സ്ഥലം നൽകിയത് കുഞ്ഞിപ്പക്കിയുടെ പിതാവായിരുന്നു.

മലപ്പുറം ഹൈസ്കൂളിനെ മലബാറിലെ അലീഗറായി വിശേഷിപ്പിക്കാറുണ്ട്. അങ്ങനെയാണെങ്കിൽ സ്കൂളിന്റെ സ്ഥാപനത്തിൽ മുൻകൈയ്യെടുക്കുകയും അതിന്റെ ഹെഡ്മാസ്റ്ററായി ഏറെക്കാലം സ്കൂളിനെ പ്രശസ്തമായ രീതിയിൽ കൊണ്ടു നടക്കുകയും ചെയ്ത സി.ഒ.ടി കുഞ്ഞിപ്പക്കിയെ മലബാറിന്റെ സർസയ്യിദ് എന്ന് വിശേഷിപ്പിക്കാവുന്നതാണ്.

1928ലായിരുന്നു അദ്ദേഹം സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചത്. സ്കൂൾ ഇൻസ്പെക്ടർ, ഹെഡ്മാസ്റ്റർ, ഡി.ഇ.ഒ, ഡെപ്യൂട്ടി ഡയരക്ടർ എന്നീ തസ്തികകളിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനു ശേഷം ഉദ്യോഗവിരാമാനന്തരം 6 വർഷത്തോളം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമാ യിരുന്നു.

1920 കളിൽ തന്നെ കുഞ്ഞിപ്പക്കി സാഹബ് മുസ്ലീം വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. മുസ്ലീം വിദ്യാഭ്യാസം അതിശോചനീയമായ ഒരവസ്ഥയിലായിരുന്നു. സ്കൂളുകളിൽപോയി വിദ്യാഭ്യാസം നിർവഹിക്കുന്നതിനുള്ള അലംഭാവം പൊതുവെ പ്രത്യക്ഷമായിരുന്നു. ഇംഗ്ലീഷുകാരോട് മാപ്പിളമാർക്കുള്ള വിരോധം കൊണ്ടായിരിക്കാം സ്കൂൾ വിദ്യാഭ്യാസത്തിനു നേരെ അവർ പിൻതിരിഞ്ഞുനിന്നത്. പോകുന്നവർ തന്നെ കുറേ വർഷങ്ങൾ മദ്രസയിൽ ഓത്തു പഠിച്ചതിനുശേഷം മാത്രമായിരുന്നു സ്കൂളിൽ ചേർന്നിരുന്നത്. അവരുടെ അംഗ സംഖ്യ വളരെ കുറവായിരുന്നു. ഈ ദുഃസ്ഥിതി തരണം ചെയ്യാൻ സമുദായത്തിലെ ബുദ്ധിജീവികളിൽ ചിലർ ആലോചിച്ചു തീരുമാനിച്ച ഒരു പരിഹാര മാർഗമായിരുന്നു മദ്രസകളെ അംഗീകൃത സ്കൂളുകളാക്കുക. മദ്രസയിൽ സ്കൂളുണ്ടാകുമ്പോൾ അവിടെ പോകാൻ മടി കാണിക്കില്ല എന്ന പ്രായോഗികതയിൽ നിന്നാണീ ആശയമുണ്ടായത്. മദ്രസയിലെ തന്നെ മുല്ലമാരെ പരിശീലനം നൽകി സ്കൂളിലെ അദ്ധ്യാപകരാക്കുക. ഈ പരിപാടി നടപ്പിലാക്കുവാൻ മുൻകൈയ്യെടുത്ത് പ്രവർത്തിച്ച ഒരാളായിരുന്നു സി.ഒ.ടി കുഞ്ഞിപ്പക്കി. പുതിയ മദ്രസ സ്കൂളുകൾക്ക് സർക്കാരിന്റെ അംഗീകാരം നേടിയെടുക്കാൻ തന്റെ സ്കൂൾ ഇൻസ്പെക്ടർ പദവി അദ്ദേഹം ഉപയോഗിക്കുകയും ചെയ്തു. അങ്ങനെയാണ് മലബാറിലെ മദ്രസകൾ സ്കൂളുകളായത്. പഴയ സ്കൂളുകളുടെ പേരിന്റെ മുമ്പിൽ മദ്രസ എന്ന വിശേഷം ഈ വിദ്യാഭ്യാസ പരിഷ്ക്കാരത്തിന്റെ ബാക്കിപത്രമാണ്.

മദ്രസകളിൽ എലിമെന്ററി ക്ലാസുകൾ മാത്രമെ നടത്താനാവുകയുള്ളൂ. ഇവിടെ നിന്ന് പഠനം പൂർത്തിയാക്കുന്നവർക്ക് തുടർ പഠനത്തിന് സൗകര്യമൊരുക്കേണ്ടതുണ്ടായിരുന്നു. ഒരു മുസ്ലീം ഹൈസ്കൂളിന്റെ ആവശ്യകത മനസ്സിലാക്കി അതിന്നായി അക്ഷീണമായി പ്രവർത്തിച്ചതിന്റെ ഫലമായിരുന്നു മലപ്പുറത്തെ മാപ്പിള ഹൈസ്കൂൾ. സി.ഒ.ടി. കുഞ്ഞിപ്പക്കിയായിരുന്നു അതിന്റെ സ്ഥാപകനെന്നു പറയാം. അദ്ദേഹം തന്നെ അതിന്റെ ഹെഡ്മാസ്റ്ററായി. സ്കൂളിന്റെ ബാലാരിഷ്ടതകൾ മാറ്റി അതിനെ മലബാറിലെ ഏറ്റവും പ്രശസ്തമായ സ്കൂളാക്കാൻ അദ്ദേഹത്തിന്റെ പ്രതിബദ്ധതയോടെയുള്ള പ്രവർത്തനങ്ങൾ കൊണ്ട് സാദ്ധ്യമായി. അപാരമായ വിജ്ഞാന ദാഹവും കളങ്കരഹിതമായ സമുദായ സ്നേഹവുമായിരുന്നു അദ്ദേഹത്തിന്റെ പ്രേരകശക്തികൾ. അനേകം ശിഷ്യസമ്പത്തുണ്ടായിരുന്ന അദ്ദേഹം അവർക്ക് മാർഗദർശിയും പിതൃതുല്യനുമായിരുന്നു. അദ്ദേഹത്തിന്റെ അച്ചടക്കപാലനം പ്രശസ്തമായിരുന്നു. അച്ചടക്കംലംഘിക്കുന്നവർ, അവർ തന്റെ ബന്ധുക്കളായിരുന്നാലും ശിക്ഷാർഹരായിരുന്നു.

അദ്ദേഹത്തിന്റെ ശിക്ഷണവും ശിക്ഷയുമൊക്കെയാണ് തങ്ങളെ നേർമാർഗ്ഗത്തിലും മതബോധത്തിലും നയിച്ചതെന്ന് സാക്ഷ്യം വഹിച്ചിരുന്ന അനേകം ശിഷ്യന്മാർ ജീവിതത്തിന്റെ പലതുറ കളുലും വിരാജിച്ചിരുന്നിട്ടുണ്ട്. സ്വാഭാവ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു വിദ്യാഭ്യാസരീതിയാണ് അദ്ദേഹം നടപ്പിലാക്കിയത്. സത്യസന്ധതയും, ലാളിത്യവും പുരോഗമന വാഞ്ചനയും അദ്ദേഹത്തിന്റെ മുഖമുദ്രകളായിരുന്നു.

മുസ്ലീം സമുദായത്തിന്നവകാശപ്പെട്ട തസ്തികകൾ അവ ർക്ക് ലഭിക്കാനുള്ള ശ്രമം, പബ്ലിക്ക് സർവ്വീസ് കമ്മീഷനിലെ മുസ്ലീം പ്രതിനിധിയെന്ന നിലയിൽ സി.ഒ.ടി കുഞ്ഞിപ്പക്കി ചെയ്തിരുന്നു. എന്നാൽ എല്ലാ തീരുമാനങ്ങളിലും നീതിയും ന്യായവും നിലനിർത്താൻ അദ്ദേഹം ശ്രമിച്ചിരുന്നു. മുസ്ലീംകൾ അവരുടെ സംവരണ തസ്തികകൾ മാത്രം ഉന്നം വെച്ചാൽ പോരെ ന്നും, മെരിറ്റടിസ്ഥാനത്തിൽ നീക്കിവെച്ച അമ്പത് ശതമാനം തസ്തികകൾക്ക് വേണ്ടിയാണ് മത്സരിക്കേണ്ടതെന്നും അദ്ദേഹം മുസ്ലീം ഉദ്യോഗാർത്ഥികളെ ഉദ്ബോധിപ്പിച്ചിരുന്നു. അതിനുള്ള പഠിപ്പും പരിശീലനവും നേടാനുള്ള ശ്രമങ്ങൾക്ക് മാർഗനിർദ്ദേ ശങ്ങൾ അദ്ദേഹം നൽകികൊണ്ടെയിരുന്നു. ഇന്ന് മുസ്ലീം വിദ്യാർത്ഥികളും, ഉദ്യോഗാർത്ഥികളും മെരിറ്റ് സീറ്റുകളിലും, മെരിറ്റ് തസ്തികകളിലും അധികമായി വന്നുകൊണ്ടിരിക്കുന്ന സ്ഥിതി സി.ഒ.ടി കുഞ്ഞിപ്പക്കി സാഹിബിന്റെ ദൂരക്കാഴ്ചയുടെ പ്രത്യ ക്ഷീകരണമാണ്.

പഠനയോഗ്യതയില്ലാത്തതിന്റെ കാരണത്താൽ മുസ്ലീക ൾക്ക് സംവരണം ചെയ്യപ്പെട്ട നിരവധി തസ്തികകൾ നികത്ത പ്പെടാതെ മറ്റുള്ള സമുദായംഗങ്ങളെ അവിടങ്ങളിൽ നിയമിക്ക പ്പെടുന്ന ദുരവസ്ഥക്ക് മൂകസാക്ഷിയായി നിൽക്കേണ്ടി വന്നിരുന്നു അദ്ദേഹത്തിന്. ഇതായിരുന്നു തൊഴിൽ സാദ്ധ്യതകളെ കുറിച്ചും തൊഴിൽ തുറകളെക്കുറിച്ചുമുള്ള പ്രബന്ധങ്ങൾ ഇസ്ലാമിക് സെമി നാറുകളിൽ അവതരിപ്പിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അദ്ദേഹം നൽകിയ സ്ഥിതി വിവരകണക്കുകൾ കൃത്യവും ലക്ഷ്യ ബോധത്താടെയുള്ളതുമായിരുന്നു. ഇസ്ലാമിക് സെമിനാറുകൾ തൊഴിൽ സാദ്ധ്യതകളെക്കുറിച്ചുള്ള അവബോധം മുസ്ലിം സമൂഹ ത്തിനു നൽകണമെന്ന നിഷ്കർഷത അദ്ദേഹത്തിനുണ്ടായിരുന്നു.

ഉദ്യോഗ വിരാമാനന്തരമുള്ള അദ്ദേഹത്തിന്റെ വിശ്രമ ജീവിത കാലത്തും അദ്ദേഹത്തിന്റെ വിജ്ഞാന കൗതുകത്തിന് അതിരുകളുണ്ടായിരുന്നില്ല. കോഴിക്കോട് താമസം മാറ്റിയ അദ്ദേഹം അവിടെയുള്ള കുറേ പണ്ഡിതന്മാരെ സംഘടിപ്പിച്ച് ഒരു ഖുർ ആൻ അക്കാദമിക്ക് രൂപം നൽകി. വളരെ ഗഹനമായ ചർച്ചകളായിരുന്നു ഈ അക്കാദമി നടത്തി വന്നിരുന്നത്. സി.ഒ.ടി.

കുഞ്ഞിപ്പക്കി സാഹിബിന്റെ പാണ്ഡിത്യവും വിനയന്വിതമായ പെരുമാറ്റവും ചർച്ചകളുടെ നേതൃത്വം വഹിച്ച അദ്ദേഹത്തിന് മകുടം ചാർത്തുന്നവയായിരുന്നു.

മുസ്ലീം സമുദായത്തിന്റെ ചിന്താ–കർമ്മ മണ്ഡലങ്ങളിലുള്ള പുരോഗമനത്തിന് ഒരു കാലത്ത് ചുക്കാൻ പിടിച്ച സി.ഒ. ടി കുഞ്ഞിപ്പക്കി സാഹിബിന്റെ ജീവിതം സമുദായ സേവന പ്രവർത്തനങ്ങൾക്കുള്ള ഒരു മാതൃകയാണ്. സമുദായത്തിന് ഒരിക്കലും മറക്കാൻ കഴിയാത്ത, മറക്കാൻ പാടില്ലാത്ത മഹൽ വ്യക്തിത്വമാണ് സി.ഒ.ടി. കുഞ്ഞിപ്പക്കി സാഹബ് ●

# 18

# മുങ്ങിയ കപ്പലും, പൊങ്ങിയ പള്ളിയും

ഗതകാലതലശ്ശേരിക്ക് പ്രൗഢിയും പ്രതാപവും സംഭാവന ചെയ്തവരായിരുന്നു തലശ്ശേരിയിലെ കേയിമാർ. ചൊവ്വയിൽ നിന്ന് തലശ്ശേരിയിലെത്തിയ അവർ തുടക്കത്തിൽ വ്യാപാര പ്രമുഖരും പിന്നീട് ജന്മി പ്രഭുക്കളുമായി മാറുകയായിരുന്നു. തലശ്ശേരിയുടെ മത, സാംസ്കാരിക, സാമൂഹിക കായിക രംഗങ്ങളിൽ അവരുടെ സംഭാവന ഏറെയാണ്. ആരാധനയ്ക്ക് വേണ്ടി അവർ പള്ളികൾ പണിതിരുന്നു. ആലുപ്പിക്കാക്കയായിരുന്നു തലശ്ശേരിയിൽ പിന്നീട് കേയി വംശമെന്നറിയപ്പെടുന്ന കുടുംബത്തിന്റെ ആരംഭംകുറിച്ചത്. അദ്ദേഹം നിർമിച്ച 'താഴ ലെപള്ളി' മുതൽ, അദ്ദേഹത്തിന്റെ അനന്തരവൻ മൂസ്സക്കാക്ക പണിത ഓടത്തിൽ പള്ളി തൊട്ട് ഒട്ടനവധി പള്ളികൾ കേയിമാർ തലശ്ശേരിയിൽ പണിതിരുന്നു. പള്ളി പണിയുന്നതിൽ കേയിമാരുടെ പ്രതിബദ്ധതയും പാരമ്പര്യവും നിലനിന്നിരുന്നതിന്റെ ഉദാഹരണമാണ് അടുത്തകാലത്ത് ചിറക്കരയിൽ പണിത ജുമാ മസ്ജിദ്. ഉമ്മയുടെ പേരിലുള്ള ഭൂമി മകൻ സി.കെ.പി ചെറിയ മമ്മുക്കേയി പള്ളിക്കുവേണ്ടി ദാനം ചെയ്തതായിരുന്നു.

ഓടത്തിൽ പള്ളി പണിത് ഏറെ വർഷം കഴിയുന്നതിന് മുൻപ് തന്നെ നിർമ്മിക്കപ്പെട്ട പള്ളിയായിരുന്നു, കോടതിയുടെ സമീപത്ത് നിന്നാരംഭിക്കുന്ന ഹോളോവെ റോഡിൽ സ്ഥിതി ചെയ്യുന്ന മുഗളാർ അഥവാ മുഖദാർ പള്ളി. വിചിത്രമായൊരു ഐതീഹ്യമാണ് ഈ പള്ളി നിർമ്മാണത്തിന്റെ പിന്നിലുള്ളത്. കേയിമാരുടെ പ്രഭാത സൂര്യൻ എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന

മൂസ്സക്കാക്കയുടെ നിര്യാണാനന്തരം അദ്ദേഹത്തിന്റെ അനന്തരവനും പുത്രി ഭർത്താവുമായ വലിയ മക്കിക്കാക്ക കാരണവസ്ഥാനിയനായിരുന്ന കാലം. മൂസ്സക്കാക്ക നേടിയ സമ്പാദ്യങ്ങളെ സൂക്ഷിക്കാനും, അവ വർദ്ധിപ്പിക്കാനും ഹൃസ്വകാലത്തിനിടയിൽ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. മൂസ്സക്കാക്കയുടെ കപ്പലുകളിൽ ഒന്നായിരുന്നു 'മുഗളാർ'. കച്ചവട സാധനങ്ങളുമായി വിദേശത്തേക്കു പോയിരുന്ന കപ്പൽ വളരെ കാലം കഴിഞ്ഞും തിരിച്ചു വരാതെയിരുന്നു. വലിയ മക്കിക്കാക്ക കപ്പലിന്റെ വരവ് പ്രതീക്ഷിച്ച് ദിവസവും തലശ്ശേരി കടപ്പുറത്ത് കാത്ത് നിൽക്കുമായിരുന്നു. അങ്ങിനെ കാത്തിരുന്ന ഒരു ദിവസം കടലിൽ കുറെ അകലത്ത് ഒരു കപ്പലിന്റെ ദൃശ്യം മക്കിക്കാക്കയുടെ ദൃഷ്ടിയിൽപെട്ടു. തന്റെ ദൂരദർശിനിയിലൂടെ വീക്ഷിച്ചപ്പോൾ പായയും കൊമ്പും നഷ്ടപ്പെട്ട ഒരു കപ്പലാണ് കണ്ടത്. തന്റെ മുഗളാർ കപ്പൽ കടൽക്ഷോഭത്തിൽ പെട്ട് തകർന്ന് തിരിച്ചെത്തിയതായിരിക്കുമെന്നദ്ദേഹം നിനച്ചു. ഉടനെ തന്നെ തന്റെ ജോലിക്കാരെ കപ്പലിനെ കരക്കടുപ്പിക്കാൻ നിയോഗിച്ചു. പക്ഷേ അതു വേണ്ടി വന്നില്ല. കപ്പൽ കരയെ നോക്കി ഒഴുകിവരികയായിരുന്നു. ഒടുവിൽ കോടതിക്കടുത്തുള്ള ഈന്തൻകാട് കരയിൽ വന്നടുത്തു. തോണിയിൽ ആളുകളെ അയച്ച് കപ്പൽ പരിശോധിപ്പിച്ചു. അവരെ അത്ഭുതപരതന്ത്രരാക്കിയ കാഴ്ചയായിരുന്നു അതിലുണ്ടായിരുന്നത്. കപ്പൽ ജോലിക്ക് ആരുമില്ലാത്ത വിജനമായ കപ്പലിൽ സ്വർണമടക്കമുള്ള അനേകം ദ്രവ്യങ്ങൾ.

ഇതെങ്ങിനെ വന്നു ? 'കപ്പൽ മുഗളാർ' തന്നെയായിരുന്നുവോ? അതിന്റെ സാമ്യം ഉണ്ടായിരുന്നെങ്കിലും ഉറപ്പിച്ചു പറയാൻ കഴിയുമായിരുന്നില്ല. കപ്പലിൽ അങ്ങനെ ദ്രവ്യങ്ങൾ വരാൻ സാധ്യതയില്ല എന്ന തിരിച്ചറിവ് മക്കിക്കാക്ക് ഉണ്ടായിരുന്നു. വ്യാപാരം ചെയ്ത പണംകൊണ്ട് ഇറക്കുമതി സാധനങ്ങൾ നിറച്ചായിരുന്നു സാധാരണ കപ്പൽ തിരിച്ചു വന്നിരുന്നത്. ഒരു പക്ഷെ കടൽക്കൊള്ളക്കാർ കപ്പൽ പിടിച്ചെടുത്ത് അവരുടെ കൊള്ള മുതലുകൾ സൂക്ഷിച്ചതായിരിക്കാം. കടൽക്ഷോഭത്തിൽ കടൽക്കൊള്ളക്കാർക്ക് ജീവനാശം സംഭവിച്ചിരിക്കാം. എന്നാൽ മക്കിക്കാക്കയുടെ ചിന്ത ഇങ്ങനെയായിരുന്നു: മുങ്ങിപ്പോയെന്നു ഭയന്ന തന്റെ കപ്പൽ ഇതാ, അനേകം ദ്രവ്യങ്ങളുമായി തിരിച്ചു വന്നിരിക്കുന്നു. ഇതൊരു ദൈവ നിശ്ചയമായിരിക്കാം.

കേയി കുടുംബത്തിന്റെ സമ്പദ് സമൃദ്ധിക്ക് ഉതകുന്ന വിധത്തിൽ പുതുതായി ലഭിച്ച നിധി ഉപയോഗിക്കുന്നതിനുമുമ്പ് ദൈവത്തോട് കൃതജ്ഞതകാണിക്കാൻ കപ്പൽ കണ്ടെടുത്ത ഈന്തൻകാട്ടിൽ ഒരു പള്ളിപണിയാൻ മക്കിക്കാക്ക തീരുമാനിച്ചു. ഈ ആശയം മക്കിക്കാക്കയുടെ അനുജൻ വലിയകുഞ്ഞിപ്പക്കി കേയി

യുടേതായിരുന്നു. കേയി എന്ന സ്ഥാനപേരു ആദ്യമായി വഹി ച്ചതും കുഞ്ഞിപ്പക്കികേയി ആയിരുന്നു. കേയി സ്ഥാനപ്പേരു കപ്പ ലുമായി ബന്ധപ്പെട്ടതുമായിരുന്നു. കപ്പലുടമകളെ ലക്ഷദ്വീപ് കപ്പൽ ജീവനക്കാർ അങ്ങനെയായിരുന്നു സംബോധന ചെയ്തത്. പള്ളി യുടെ പേര് കപ്പലിന്റെ പേര് തന്നെയാക്കി. കപ്പൽ പൊളിച്ച സാമഗ്രികൾ ഉപയോഗിച്ചായിരുന്നു മുഗളാർ പള്ളി പണിതത്. ഓടത്തിൽ പള്ളിയുടെ കാര്യ നിർവഹണം നടത്തുന്ന ഓർക്കാ ട്ടേരി താവഴി കുടുംബങ്ങൾ തന്നെയാണ് മുഗളാർ പള്ളിയുടെ കാര്യ നിർവഹണം നടത്തി വന്നത്. പഴയ മുഗളാർ പള്ളി മുഴു വൻ പൊളിച്ചു നീക്കി പുതു പള്ളി പണിതത് ഈയ്യിടുത്താണ്●

## 19

# ആദ്യകാല മുസ്‌ലിം കുടുംബം

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തലശ്ശേരിയിൽ പാണ്ടികശാലകൾ സ്ഥാപിച്ചതോടെയാണ് തലശ്ശേരി ചരിത്രത്തിൽ അറിയപ്പെടാൻ തുടങ്ങുന്നത്. ശ്രീരാമ ക്ഷേത്ര സ്ഥാനമായ തിരുവങ്ങാടാണ് ജനവാസ കേന്ദ്രമായിരുന്നത്. തിരുവങ്ങാടിന്റെ വടക്കു പടിഞ്ഞാറേ ഭാഗത്തെ കടൽതീര ഭാഗങ്ങളിൽ പഴയ കാലത്തിൽ ജനവാസം തന്നെ ഉണ്ടായിരുന്നുവോ എന്ന് സന്ദേഹമുണ്ട്. തിരുവങ്ങാടിനെ തന്നെ ശ്വേതകാരണ്യപുരിയെന്ന് വിശേഷിപ്പിച്ചിരുന്നത് ഈ തീരപ്രദേശം കാടുപിടിച്ചു കിടന്നതുകൊണ്ടാണെന്ന് അനുമാനിക്കുന്നവരുണ്ട്. ബ്രിട്ടീഷുകാർ വരുന്നതിനു മുമ്പും തീരപ്രദേശത്ത് മത്സ്യം പിടിക്കുന്ന ഈഴവ മുക്കുവ കുടുംബങ്ങളും മന്ത്രവാദി-വൈദ്യ കുടുംബങ്ങളും പറയരുമൊക്കെ താമസമുണ്ടായിരിക്കാനാണ് സാധ്യതയെന്ന് മലബാർ തീരപ്രദേശത്തെ കുറിച്ച് പോർത്തുഗീസ് യാത്രികനായിരുന്ന ബർബോസയുടെ വിവരണങ്ങളിൽ നിന്ന് അനുമാനിക്കാവുന്നതാണ്.

തലശ്ശേരിയുടെ ജനസംഖ്യയിൽ നല്ലൊരു ശതമാനം മുസ്‌ലിംകളാണുള്ളത്. അവരിവിടെ ജന്മിമാരുമായും കച്ചവടക്കാരുമായും കച്ചവട പ്രധാനികളുമായി ആധിപത്യവും സ്ഥാപിച്ചിരുന്നു. എന്നാൽ തലശ്ശേരിയിൽ മുസ്‌ലിംകൾ ഏതുകാലത്ത് എത്തിച്ചേർന്നു എന്നതിനെ കുറിച്ച് വ്യക്തമായ രേഖകളൊന്നുമില്ല. ബ്രിട്ടീഷുകാരുടെ തലശ്ശേരി രേഖകളിലോ ലോഗന്റെ മാന്വലിലോ പഴയ മദിരാശി പ്രസിഡൻസിയുടെ ഗസറ്റിയറുക

ളിലോ ഇതിനെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ചരിത്ര വസ്തുതകളുടെ അഭാവത്തിൽ ഐതിഹ്യങ്ങളെ അവലംബിക്കുകയേ തരമുള്ളൂ.

തലശ്ശേരിയിലെ ആദ്യകാല മുസ്ലിംകൾ ചാലിലും മട്ടാമ്പ്രം പ്രദേശങ്ങളിലുമായിരുന്നു വസിച്ചിരുന്നതെന്ന് കരുതപ്പെടുന്നു. ധർമ്മടം- ധർമ്മപട്ടണം, പെരിങ്ങത്തൂർ, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം നേരത്തെതന്നെ മാപ്പിള മുസ്ലിം അധിവാസമുണ്ടായിരുന്നു. ബ്രിട്ടീഷുകാരുടെ പാണ്ടികശാലകൾ ആരംഭിച്ചതോടെയാണ് മുസ്ലിം വ്യാപാരികൾ തലശ്ശേരിയിലേക്ക് കുടിയേറ്റം ആരംഭിച്ചതെന്ന് കരുതാവുന്നതാണ്. എന്നാൽ അതിനു മുമ്പായി മട്ടാമ്പ്രം പ്രദേശത്ത്, ഇന്ന് അൻവാറുൽ ഇസ്ലാം സഭ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പാർശ്വത്തിൽ ഒരു മുസ്ലിം കുടുംബം താമസം തുടങ്ങിയിരുന്നു. വാണിയമ്പലം എന്നായി രുന്നു ആ കുടുംബത്തിന്റെ പേര്. അഷ്ടവൈദ്യന്മാരിൽപ്പെട്ട തിരുന്നാവായ മൂസ്സിന്റെ രണ്ടു സഹോദരന്മാർ കൊടുങ്ങല്ലൂരിൽ ചെന്ന് മുസ്ലിംകളായി പരിവർത്തനം ചെയ്തതിന് ശേഷം അവരുടെ ഭാര്യമാരുമായി തലശ്ശേരിയിൽ വന്നു താമസിച്ചു. ഇതാണ് വാണിയമ്പലമെന്ന തലശ്ശേരിയിലെ ആദ്യത്തെ മുസ്ലിം കുടുംബം. വാണിയമ്പലത്തെ അടുത്ത തലമുറയിലെ പ്രസിദ്ധ വ്യക്തിയായിരുന്നു മമ്മാലിക്ക. അദ്ദേഹം തലശ്ശേരിയിലെ വ്യാപാരി കുടുംബമായ കടാങ്കണ്ടി കണ്ണോത്തായിരുന്നു വിവാഹം ചെയ്തിരുന്നത്. അദ്ദേഹമായിരുന്നുവത്രെ മട്ടാമ്പ്രത്ത് ഒരു പള്ളി സ്ഥാപിക്കാൻ മുൻകൈ എടുത്തത്. വാണിയമ്പലത്തുകാർ തലശ്ശേരിയിൽ വന്ന ഉടനെ അവർക്കുവേണ്ടി ചാലിലെ പള്ളി എന്നറിയപ്പെടുന്ന കസ്റ്റംസ് ആപ്പീസിന്നടുത്തുള്ള പള്ളി സ്ഥാപിച്ചു. തലശ്ശേരിയിലെ ആദ്യത്തെ മുസ്ലിം പള്ളിയും ഇതുതന്നെ. ഹൈന്ദവവാസ്തുശിൽപ മാതൃകയിലായിരുന്നു പള്ളി പണിതിരുന്നത്. ക്ഷേത്രങ്ങളിലെന്നതുപോലെ പള്ളിക്ക് സമീപം ഒരു കുളവുമുണ്ട്. വാണിയമ്പലം കുടുംബം ശാഖകളായി പിരിഞ്ഞ് വാണിയമ്പലം പുതുവാച്ചേരി എന്ന പേരിൽ കായ്യത്ത് റോഡിലും കോടതിയുടെ സമീപത്തും താമസമാരംഭിച്ചിരുന്നു. പുതുവാച്ചേരിക്കാർ തലശ്ശേരിയിൽ പിന്നീട് പ്രശസ്തരായിത്തീരുകയുണ്ടായി. വാണിയമ്പലം പുതുവാച്ചേരി തറവാടുകളുടെ ആഢ്യസ്മരണകളുമായി തലമുറയിലെ കാരണവസ്ഥാനിയനായിരുന്നു പുതുവാച്ചേരി മൂസ്സ (ടാറ്റാ മൂസ്സ എന്ന പേരിലാണ് അദ്ദേഹം പ്രസിദ്ധൻ) ഇന്നും ജീവിച്ചിരിപ്പുണ്ട്. കേയിമാരുടെ മുൻ തലമുറക്കാരിലൊരാൾ വാണിയമ്പലത്ത് വിവാഹാലോചനയുമായി വന്നപ്പോൾ അയാളെ തിരസ്ക്കരിച്ച ആഢ്യ പാരമ്പര്യമാണ് വാണിയമ്പല തറവാടിനുണ്ടായിരുന്നത്.

മട്ടാമ്പ്രം പരിസരത്ത് ഇന്നും ഇടിഞ്ഞു പൊളിയാറായ വാണിയമ്പലം എന്ന വീട് സ്ഥിതി ചെയ്യുന്നുണ്ട്. അവിടെ ഇപ്പോൾ താമസിക്കുന്നവർ വാണിയമ്പലം തറവാടുമായി ബന്ധപ്പെട്ടവർ അല്ല. വാണിയമ്പലക്കാർ വിറ്റ സ്ഥലത്തായിരുന്നു ആ പ്രദേശത്തെ ഒരു സ്കൂൾ സ്ഥാപിച്ചത്.

ചാലിൽ പള്ളിക്കടുത്ത അറയിലകത്ത്, വേലിക്കകത്ത്, പുതിയാണ്ടി, ചാലിക്കണ്ടി മൂലാമ്പ്രത്ത്, നീരാറ്റിൽ പീടിക, പിലാക്കൂലിലെ നൊച്ചിലകത്ത്, കുറുക്കൻകണ്ടി ഇവയൊക്കെ തലശ്ശേരിയിലെ ആദ്യകാല മുസ്ലിം കുടുംബങ്ങളായിരുന്നു ●

# 20

# ടൗൺ മാപ്പിള സ്കൂൾ

ഒന്നര ശതാബ്ദത്തോളം പഴക്കമുള്ള തലശ്ശേരിയിലെ ഒരു അപ്പർ പ്രൈമറി വിദ്യാലയമായിരുന്നു മുൻസിപ്പൽ ടൗൺ മാപ്പിള ഹയർ എലിമെന്ററി സ്കൂൾ. പിന്നീടത് ഗവൺമെന്റ് ടൗൺ യു പി സ്കൂൾ എന്നപേരിൽ അറിയപ്പെട്ടു. തീരപ്രദേശത്തുള്ള മത്സ്യപ്രവർത്തകരുടെ കുട്ടികളുടെ വിദ്യാഭ്യാസം ഉദ്ദേശിച്ച്കൊണ്ട് സ്ഥാപിക്കപ്പെട്ടതായിരുന്നുവെങ്കിലും തലശ്ശേരിയിലെയും പ്രാന്ത പ്രദേശങ്ങളിലേയും അനേകം വിദ്യാർഥികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യാൻ പ്രസ്തുത സ്ഥാപനത്തിന് കഴിഞ്ഞിരുന്നു. വിദ്യാർഥികളെല്ലാം ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകൾ തേടിപ്പോയപ്പോൾ സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർഥികൾ ഇല്ലാത്ത നില പ്രസ്തുത സ്കൂളിനേയും ബാധിച്ചു. ലാഭകരമല്ല എന്ന സർക്കാർ വിശേഷണത്തിന് ഈ വിദ്യാലയവും അർഹമായി. സ്കൂൾ അടച്ചുപൂട്ടപ്പെട്ടു.

സ്കൂൾ നിൽക്കുന്ന സ്ഥലം തലശ്ശേരിയിലെ പ്രഥമ മുസ്‌ലിം ആഢ്യകുടുംബമായ, മട്ടാമ്പ്രത്തെ വാണിയമ്പലം കുടുംബക്കാരുടേതായിരുന്നു. സ്കൂളിന് വേണ്ടി രണ്ടേക്കറോളം സ്ഥലം അവരിൽ നിന്ന് വാങ്ങിയാണ് മുൻസിപ്പാലിറ്റി അവിടെ വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചത്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ചെയർമാനായിരുന്ന സി ഒ ടികുഞ്ഞിപ്പക്കി സാഹിബിന്റെ പിതാവ് കാദർകുട്ടി സാഹിബിന്റെ ശ്രമഫലമായിട്ടായിരുന്നു മട്ടാമ്പ്രത്ത് ഈ സ്കൂൾ സ്ഥാപിതമായത്. കാദർകുട്ടി സാഹിബ് അന്നത്തെ വിദ്യാഭ്യാസ ആപ്പീസറുമായിരുന്നു. സ്കൂളിലേക്കുള്ള വഴിക്ക് വേണ്ടിയാണ് മെയിൻ റോഡിൽ നിന്ന് കടപ്പുറത്തേക്ക് ഒരു പുതിയ നിരത്ത്

വെട്ടപ്പെട്ടത്.

പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിലെ ഈ സ്കൂളിൽ മദ്രാസ് സർക്കാർ നടത്തിവന്നിരുന്ന ഈ എസ്.എൽ സി പരീക്ഷക്ക് വിദ്യാർഥികളെ ഇരുത്താനുള്ള സൗകര്യമുണ്ടായിരുന്നു. എട്ടാം ക്ലാസ് പഠനം പൂർത്തിയാക്കുന്ന പൊതുപരീക്ഷയായിരുന്നു ഇ എസ് എൽ സി. അന്ന് ചെറിയ ഉദ്യോഗങ്ങൾ ലഭിക്കാൻ ഈ യോഗ്യത മതിയായിരുന്നു. ഈ പരീക്ഷയിൽ പാസ്സായവർക്ക് ബാംഗ്ലൂരിൽ പോയി മെഡിക്കൽ ഡിപ്ലോമ പഠിക്കാനും സൗകര്യമുണ്ടായിരുന്നു. അങ്ങനെ മെഡിക്കൽ ഡിപ്ലോമ പാസ്സായവർ ബ്രിട്ടീഷ് പട്ടാളത്തിൽ വൈദ്യസേവനത്തിനായി നിയമിക്കപ്പെട്ടിരുന്നു. പ്രസ്തുത സ്കൂളിൽ നിന്ന് പഠിച്ച് ഡോക്ടറായിരുന്ന മട്ടാമ്പ്രം ദേശവാസിയായിരുന്നു ഡോ. മേജർ പി മമ്മു.

വളരെ പ്രഗത്ഭരായ അധ്യാപകർ ഈ വിദ്യാഭ്യാസസ്ഥാപനത്തിൽ സേവനം നടത്തിയിരുന്നു. 1950കളിൽ ഈ ലേഖകൻ പ്രസ്തുത വിദ്യാഭ്യാസസ്ഥാപനത്തിൽ പഠിക്കുമ്പോൾ പ്രശസ്തനായ അധ്യാപകനായിരുന്നു നാരായണൻ മാസ്റ്റർ. (ഇദ്ദേഹം ഇവിടെ പ്രധാനാധ്യാപകനായിരുന്നു). എട്ടാം ക്ലാസിൽ തന്നെ ഇംഗ്ലീഷിന്റെ എല്ലാ വ്യാകരണ നിയമങ്ങളും പഠിപ്പിച്ചുതന്ന ആ വന്ദ്യ അധ്യാപകനോട് തീർത്താൽ തീരാത്ത കടപ്പാടുണ്ട്. പി അബൂബക്കർ മാസ്റ്റർ, പ്രഗത്ഭഅധ്യാപകനുള്ള അവാർഡ് വാങ്ങിയിരുന്നു. പിന്നീട് ചിറക്കരയിലെ സ്കൂളിലേക്ക് മാറ്റം പോയി. ഗംഗാധരൻ മാസ്റ്റർ പ്രസിദ്ധനായ ഗണിതാധ്യാപകനായിരുന്നു. വീട്ടുകണക്ക് ചെയ്തുകൊണ്ടുവരാത്തതിന് അദ്ദേഹം നൽകുന്ന ചൂരൽ കഷായം അനുഭവിക്കാത്ത കുട്ടികൾ കുറവായിരുന്നു. ഇദ്ദേഹം പിന്നീട് കൊടുവള്ളി സ്കൂളിലേക്ക് മാറ്റം പോയി. കുട്ടികളിൽ ചരിത്രാവബോധം സൃഷ്ടിച്ചിരുന്ന കുഞ്ഞിക്കണ്ണൻ മാസ്റ്ററായിരുന്നു മറ്റൊരു അധ്യാപക പ്രതിഭ. എന്നും സ്നേഹം ചൊരിഞ്ഞിരുന്ന കുഞ്ഞിരാമൻമാസ്റ്ററും അനുസ്മരണീയ വ്യക്തിത്വമായിരുന്നു. മലയാള അധ്യാപകനായിരുന്ന പണിക്കർ മാസ്റ്റർ, പഴയങ്ങാടിയിൽ നിന്ന് വന്ന കലന്തൻ മാസ്റ്റർ, തലശ്ശേരിക്കാരൻ തന്നെയായിരുന്ന മൂസ്സമാസ്റ്റർ എന്നിവർ നല്ല അധ്യാപകരല്ലായിരുന്നുവെങ്കിലും മറ്റ് പല കാരണങ്ങളാലും ഓർക്കത്തക്ക വ്യക്തികളായിരുന്നു. തീരപ്രദേശത്തെ കുട്ടികൾ ഭൂരിപക്ഷമുണ്ടായിരുന്ന പ്രസ്തുത സ്കൂളിൽ അക്കാലത്ത് മേൽനോട്ടത്തിനാളില്ലാത്ത ഒരു 'ഹോണസ്റ്റിഷാപ്പ്' വിജയകരമായി നടന്നുവന്നിരുന്നു. ആവശ്യമുള്ള പെൻസിൽ, റബ്ബർ, നോട്ടുപുസ്തകങ്ങൾ എന്നിവ അതിൽ കുറിച്ചുവെച്ചിരിക്കുന്ന വില നിക്ഷേപിച്ച് എടുത്തുകൊണ്ടു പോവുമ്പോൾ കുട്ടികളിൽ സത്യസന്ധതയുടെ മൂല്യാവബോധം

ഉണ്ടാക്കിയിരുന്നു പ്രസ്തുത ഹോണസ്റ്റിഷാപ്പ്. വിദ്യാർഥികൾക്കിടയിൽ സാഹിത്യ രചന പ്രോത്സാഹിപ്പിക്കാനുദ്ദേശിച്ച് കയ്യെഴുത്ത് മാസികകൾ പ്രസിദ്ധീകരിച്ചിരുന്നു.

സ്കൂളിനോടനുബന്ധിച്ച് വിദ്യാർഥികൾക്ക് തൊഴിൽ പരിശീലനം നൽകാനുള്ള ഒരു നെയ്ത്തുശാലയും ഉണ്ടായിരുന്നു. തക്ലിയിലും ചർക്കയിലും നൂൽനൂൽക്കാനും തറിയിൽ തുണി നെയ്യാനുമുള്ള പരിശീലനം അവിടെ നിന്ന് നൽകപ്പെട്ടിരുന്നു. തറിയിൽ നെയ്തെടുത്ത തുണികൾ നോക്കിയിരിക്കുക എന്നത് അന്നത്തെ വിദ്യാർഥികൾക്ക് ഏറ്റവും അഭിമാനകരമായ അനുഭവമായിരുന്നു. ഏറ്റവുമധികം വിദ്യാർഥികൾ കൊഴിഞ്ഞുപോയിരുന്ന വിദ്യാലയവും കൂടിയായിരുന്നു ഇത്. മത്സ്യബന്ധന കുടുംബങ്ങളിൽ നിന്നും വന്നിരുന്ന മുസ്‌ലിം വിദ്യാർഥികളാണ് പഠിപ്പിൽ അശ്രദ്ധരായിരുന്നവരും തുടർന്ന് തോറ്റുകൊണ്ടിരുന്നവരും. പിന്നീടവർ സ്കൂളിൽ വരാതാവുന്നു. കടപ്പുറത്ത് മീൻ പെറുക്കാൻ എത്തിച്ചേരുന്ന അവർ മീൻപിടുത്തക്കാരായി മാറുകയായിരുന്നു പതിവ്. ഇവരിൽ ചുരുക്കം ചിലർ ഓടങ്ങളും വലകളും ബോട്ടുകളുമൊക്കെ സ്വന്തമായ ധനാഢ്യന്മാരുമായി തീർന്നിരുന്നു. ഈ സ്കൂളിന്റെ പൂർവ്വ വിദ്യാർഥി ശൃംഖലയിൽ ഉയർന്ന ഉദ്യോഗസ്ഥർ, അധ്യാപകർ, ഡോക്ടർമാർ, എൻജിനിയർമാർ എന്നിവരൊക്കെ ഉൾപ്പെടുന്നു. ലേഖകന്റെ മാതാവ് സൈനബ അവരുടെ സ്കൂൾ പഠനകാലത്ത് ഈ സ്കൂളിലെ ഏക മുസ്‌ലിം വിദ്യാർഥിനിയായിരുന്നു●

# 21

# അനാഥാലയത്തിന്റെ ആരംഭം

തലശ്ശേരിയിലെ ഏക അനാഥാലയമാണ് ദാറുസ്സലാം യതീം ഖാന. അനാഥർക്കും അശരണർക്കും ആശ്വാസമേകാൻ സ്ഥാപിക്കപ്പെട്ട അനാഥായത്തിന്റെ ആരംഭം ഗതകാല തലശ്ശേരിയുടെ അവിസ്മരണീയ മുഹൂർത്തങ്ങളിലൊന്നാണ്.

ഇന്ത്യയിലെ ക്രൈസ്തവ അനാഥായങ്ങളുടെ ചുമതലയുള്ള ഫ്രഞ്ചുകാരനായ കൃസ്ത്യൻ മിഷണറി പ്രവർത്തകൻ ഈ ലേഖകനോട് പറഞ്ഞ കാര്യം ഇത്തരുണത്തിൽ അനുസ്മരിക്കട്ടെ. അനാഥകളെ സംരക്ഷിക്കാനുള്ള പ്രവർത്തനത്തിന് കൃസ്ത്യൻ മിഷണറിമാരെ പ്രേരിപ്പിച്ചത് പ്രവാചകനായ മുഹമ്മദിന്റെ ആശയമായിരുന്നുവത്രെ. എന്നാൽ ഇസ്ലാമിൽ അനാഥ സംരക്ഷണത്തിന്റെ യഥാർഥ അവകാശി അനാഥയുടെ ബന്ധുക്കളാണ്. ബന്ധുക്കളില്ലാത്ത സാഹചര്യത്തിൽ മാത്രമാണ് അത് സമുദായത്തിന്റെ കടമയാകുന്നത്.

1921ലെ മലബാർ കലാപാനന്തരം ഏറനാട്ടിൽ ഏറെ അനാഥകളുണ്ടായപ്പോഴാണ് കേരളത്തിൽ ആദ്യമായി ഒരനാഥാലയം ഉണ്ടാവുന്നത്. കോഴിക്കോട് സ്ഥാപിക്കപ്പെട്ട ജെ ഡി റ്റി യതീം ഖാന. 1943ലെ കോളറ മരണങ്ങളെ തുടർന്ന് അനാഥരായവരെ സംരക്ഷിക്കാൻ ഉദ്ദേശിച്ചായിരുന്നു തിരൂരങ്ങാടി യതീംഖാന സ്ഥാപിക്കപ്പെട്ടത്. ഈ രണ്ട് അനാഥാലയങ്ങളും മുസ്ലിംകളാണ് നടത്തിവന്നതെങ്കിലും അമുസ്ലിംകളായവരും ഇവിടങ്ങളിൽ അന്തേവാസികളായിരുന്നിട്ടുണ്ട്. കേരള നിയമസ ഭയിൽ എം എൽ എയായിരുന്ന യു സി രാമൻ തിരൂരങ്ങാടി യതീംഖാനയിലെ അന്തേവാസിയായിരുന്നു.

പ്രസ്തുത അനാഥാലയങ്ങൾ, സാമൂഹിക പ്രവർത്ത നങ്ങളിൽ ഉൽബുദ്ധരായിരുന്ന തലശ്ശേരിയിലെ അന്നത്തെ മുസ്ലിംകൾക്ക് ഉത്തേജനം നല്കുകയുണ്ടായി. ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിന്റെ ഒരു വർഷം മുമ്പാണ്, അതായത് 1946 ഫെബ്രുവരി 22ന് തല ശ്ശേരിയിൽ ദാറുസ്സലാം യതീംഖാന സ്ഥാപിക്കപ്പെട്ടത്.

തലശ്ശേരി മട്ടാമ്പ്രം പള്ളിയിൽ നടന്നുവന്നിരുന്ന ഒരു മതപഠന ക്ലാസ് (ദർസ്) വിപുലീകരിക്കാനും കാര്യക്ഷമമാക്കാനും ഉദ്ദേശിച്ച് സ്ഥാപിക്കപ്പെട്ട ഒരു സമിതിയാണ് അനാഥശാല ആശയത്തെ കുറിച്ച് ചിന്തിച്ചത്. പുതിയോട്ടി അബൂബക്കർ മുസ്ല്യാരായിരുന്നു അവിടെ പ്രധാനാധ്യാപകൻ. അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് അന്നത്തെ തലശ്ശേരി ഖാസി കയനാ ടത്ത് മമ്മു ഹാജി പ്രസിഡന്റായും നെല്ലിയിൽ അബൂബക്കർ ഹാജി സെക്രട്ടറിയായുമുള്ള സമിതി നിലവിൽ വന്നത്. 1942ലാ യിരുന്നു അത്. പ്രസ്തുത സമിതിയിൽ പ്രശസ്ത പണ്ഡിതരായ ബംഗ്ലയിൽ കുട്ടിയത്ത് മുസ്ല്യാരും പി ഉസ്മാൻ സീതിയുമു ണ്ടായിരുന്നു. പുനരാരംഭിക്കപ്പെട്ട ക്ലാസ്സിന്റെ പ്രധാനാധ്യാപ കനായി അബൂബക്കർ മുസ്ല്യാർ തുടർന്നു. അദ്ദേഹത്തിന്റെ നിര്യാണാനന്തരം ബൈത്തല അഹമ്മദ് കുട്ടി മുസ്ല്യാർ പ്രധാനാ ധ്യാപകനായി നിയമിതനായി.

പ്രസ്തുത പ്രവർത്തനങ്ങൾക്കിടയിലാണ് തലശ്ശേരിയിലും പരിസരത്തുമുള്ള അനാഥരായ അഗതികളെ സംരക്ഷിക്കാനുള്ള പ്രവർത്തനത്തിന് സമിതി മുന്നോട്ടിറങ്ങിയത്. അന്ന് ഊർജ്ജ സ്വലനായ സാമൂഹ്യ പ്രവർത്തകനായിരുന്ന പയ്യമ്പള്ളി ഉമ്മർകു ട്ടിയായിരുന്നു അനാഥാലയത്തിന്റെ ആശയം അവതരിപ്പിച്ചത്. ഈ ആശയത്തിന് അംഗീകാരം ലഭിക്കുകയും പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുകയും ചെയ്തു. അനാഥാലയത്തിനുള്ള കെട്ടിടം കൽക്കത്തയിലെ തലശ്ശേരിക്കാരനായ വർത്തക പ്രമുഖൻ എ സി മമ്മു ഹാജിയായിരുന്നു വിലക്ക് വാങ്ങി നല്കിയത്. ഇതിന് അദ്ദേഹത്തെ സ്നേഹപൂർവ്വം പ്രേരിപ്പിച്ചത് പി ഉസ്മാൻ സീതി യായിരുന്നു. മാരക രോഗത്താൽ രണ്ട് സന്താനങ്ങളെ നഷ്ടപ്പെട്ട പ്രസ്തുത വർത്തക പ്രമാണിയോട് കുഞ്ഞുങ്ങളുടെ പേരിൽ അനാഥാലയത്തിനായി ഒരു കെട്ടിടം വാങ്ങിക്കൊടുക്കുന്നത് ഉചിതമായിരിക്കുമെന്ന് ബോധിപ്പിച്ച ഉസ്മാൻ സീതിക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെട്ടതിലൂടെയാണ് തലശ്ശേരിയുടെ അഭിമാ നമായി മുകുന്ദ് മല്ലർ റോഡിൽ മുഹമ്മദ് ആന്റ് സൈനബ മെമ്മോറിയൽ ബിൽഡിംഗ് ദാറുസ്സലാം അനാഥാലയത്തിന്റെ ആസ്ഥാനമായത്. ഉസ്മാൻ സീതിയുടെ അക്ഷീണമായ പരിശ്ര മങ്ങളുടെ ഫലമായിരുന്നു പ്രാരംഭ പ്രയാസങ്ങളെ അതിജീവിച്ച് അനാഥാലയം നിലനിന്നത്.

ദർസ് സമിതി തന്നെയായിരുന്നു ദാറുസ്സലാം യതീംഖാനയുടെ

ഭരണ സമിതിയായി പ്രവർത്തിച്ചത്. മട്ടാമ്പ്രത്തുള്ള മതപഠന ക്ലാസ് ദാറുസ്സലാമിലേക്ക് മാറ്റി. 1957 വരെ ബൈത്തല അഹമ്മദ് കുട്ടി മുസ്ല്യാർ പ്രധാനാധ്യാപകനായി തുടർന്നു. 22 അന്തേവാസികളുമായി ആരംഭിച്ച അനാഥാലയത്തിൽ (അവരിൽ ചില രൊക്കെ ഓടിപ്പോയിക്കളഞ്ഞിരുന്നു) 1950 ആകുമ്പോഴേക്കും എണ്ണം 40 ആയി ഉയർന്നു. 1951ൽ ദാറുസ്സലാം യതീംഖാനയ്ക്ക് മദിരാശി സർക്കാറിന്റെ അംഗീകാരവും തുടർന്ന് അനാഥ ഗ്രാന്റും ലഭിച്ചു. അനാഥാലയ നടത്തിപ്പ് ശ്രമകരമായിരുന്ന അവസര ത്തിലെല്ലാം അതിന്റെ ആദ്യകാല സെക്രട്ടറിയും പിന്നീട് കറസ് പോണ്ടന്റും ഖജാൻജിയുമായിരുന്ന നെല്ലിയിൽ അബൂബക്കർ ഹാജിയായിരുന്നു അതിന്റെ രക്ഷകനായി നിലകൊണ്ടിരുന്നത്. അനാഥക്കുട്ടികൾക്ക് ഭക്ഷണവും വസ്ത്രവും എത്തിച്ചു കൊടു ക്കാൻ പാട്ടപ്പിരിവും അരി പിരിവുമൊക്കെ നടത്തിയിരുന്നു. ധനാഢ്യരുടെ ആഘോഷവേളകളിൽ അനാഥാലയത്തിലെ അന്തേ വാസികളേയും ക്ഷണിതാക്കളാക്കി ആദരിച്ചിരുന്ന മാതൃക യുമുണ്ടായി.

1952ലാണ് എൻ കുഞ്ഞാലി ഹാജി പ്രസിഡന്റായും സി കെ അബ്ദുല്ല സെക്രട്ടറിയായും നെല്ലിയിൽ അബൂബക്കർ ഹാജി കറ സ്പോണ്ടന്റും ഖജാൻജിയുമായി പുതിയ ഭരണസമിതിയുണ്ടാ യത്. പ്രസിഡന്റായ കുഞ്ഞാലി ഹാജി പിയർ റോഡിലുള്ള മുപ്പത് സെന്റ് സ്ഥലം യതീംഖാനയ്ക്ക് സംഭാവന നല്കിയത് അനാഥാ ലയത്തിന് മുതൽക്കൂട്ടായി. തുടർന്നങ്ങോട്ട് യതീംഖാന വികസ നത്തിന്റെ പടവുകൾ കടക്കുകയായിരുന്നു. ഷഷ്ഠിപൂർത്തിയി ലെത്തുന്ന അനാഥാലയത്തിന്റെ പ്രവർത്തനരംഗത്ത് പല ഘട്ടങ്ങ ളിലായി അഡ്വ. ടി അബ്ദുഷുക്കൂർ, അഡ്വ. ടി എം സാവാൻകുട്ടി, ഒ മായനാലി, സി കെ പി ചെറിയ മമ്മുക്കേയി, പി കെ ഉമ്മർകുട്ടി തുടങ്ങിയവരുമുണ്ടായിരുന്നു.

പ്രഗത്ഭരായ പണ്ഡിതന്മാരായിരുന്നു യതീംഖാനയിലെ മതപഠനക്ലാസുകൾ കൈകാര്യം ചെയ്തിരുന്നത്. അതുകാരണം അന്തേവാസികൾക്ക് പുറമേ മുസ്ലിം കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർഥികളും അവിടെ മതപഠനത്തിന് എത്തിയിരുന്നു. അഹമ്മദ്കുട്ടി മുസ്ല്യാർക്ക് ശേഷം മദിരാശിയിലെ ജമാലിയ അറബിക്ക് കോളേജിൽ പ്രൊഫസറായിരുന്ന കെ എം ടി സൈത ലവി തങ്ങളായിരുന്നു പ്രധാനാധ്യാപകനായി നിയമിതനായത് (1955ൽ). എൻ കെ അഹമ്മദ് മൗലവി (കടവത്തൂർ), ഇ അബ്ദുൽ ഖാദർ മൗലവി, വി പക്രു മൗലവി (പാനൂർ), കെ ഇബ്രാഹിം കുട്ടി മുസ്ല്യാർ (ചിറക്കര), കെ മമ്മു സീതി (ഇടയിൽ പീടിക), അബ്ദുൽ ഖാദർ ഖാരി, അബ്ദുറഹ്മാൻ ഫലഖി തുടങ്ങിയവർ അധ്യാപകരായിരുന്നിട്ടുണ്ട്. ഇടക്കാലത്ത് മുജാഹിദ് ആശയ ങ്ങളുൾക്കൊണ്ട മതപഠനമായിരുന്നു നടന്നിരുന്നത്. പിന്നീടത്

മാറി. പെരിങ്ങത്തൂർ സ്വദേശിയായ എൻ അന്ത്രു മുസ്ല്യാർ ഏറെ ക്കാലം യതീംഖാന വാർഡനായിരുന്നു.

കെ പി അബ്ദുൽ ഖാദറായിരുന്നു ആദ്യത്തെ മാനേജർ. 1954ലാണ് അദ്ദേഹം നിയമിതനായത്. പ്രൊഫ. ടി പി മുഹമ്മദ് കുഞ്ഞിയുടെ പിതാവായിരുന്നു. 1956ൽ അദ്ദേഹത്തിന്റെ നിര്യാണാനന്തരം സ്കൂൾ ഇൻസ്പെക്ടറായി വിരമിച്ച ബി പി കുട്ട്യാമു യതീംഖാന മാനേജരായി. കടുത്ത അച്ചടക്കം പാലിക്കുന്ന ആളായിരുന്നു അദ്ദേഹം. 1958 മുതൽ 1965 വരെ ബഹുമാന്യനായ ഇസ്ലാഹി പ്രവർത്തകൻ ഇ കെ മൗലവിയായിരുന്നു മാനേജരുടെ പദവിയിലുണ്ടായിരുന്നത്. അദ്ദേഹം മാനേജരായിരിക്കെ യതീം ഖാന ഭരണസമിതി അംഗമായ പി കെ ഉമ്മർകുട്ടിയെ 1961ൽ മാനേജരായി നിയമിച്ചത് അസ്വാരസ്യം സൃഷ്ടിച്ചിരുന്നു. യതീം ഖാനയുടെ ആരംഭകാലം മുതൽ അക്കൗണ്ടന്റായി പ്രവർത്തി ച്ചിരുന്ന പാനൂർക്കാരനായ പി. ഉമ്മറും സ്മരണീയ വ്യക്തിയാ യിരുന്നു.

യതീംഖാനയിലെ പൂർവ്വ അന്തേവാസികൾ അഭിമാനകരമായ ഉദ്യോഗങ്ങളിൽ എത്തിച്ചേർന്നിരുന്നുവന്ന വസ്തുത പ്രസ്തുത സ്ഥാപനത്തിന്റെ പ്രസക്തി വിളിച്ചോതുന്നു. ലക്ഷദ്വീപിൽ സർക്കാർ ഉദ്യോഗസ്ഥനായ പി. സാബ്ജാൻ, ഡോക്ടറായ ലത്തീഫ്, എൻജിനീയർമാരായ ഖാസിം (കുറ്റ്യാടി), മുഹമ്മദ് (തിക്കോടി), കാലിക്കറ്റ് യൂണിവേഴ്സിറ്റി അറബി വിഭാഗം മേധാവി ഡോ. ഇ കെ അഹമ്മദ് കുട്ടി, അധ്യാപകരായ എൻ ടി അലി, സി കെ മുഹമ്മദ്, കെ തറുവായി എന്ന ഉസ്മാൻ (ബ്രണ്ണൻ കോളെജിലെ അറബി പ്രൊഫസറായിരുന്നു), മെഡിക്കൽ കോളെജിലെ ഡോ. സി മൊയ്തീൻ കുട്ടി. ഡോ. ഉബൈദുല്ല, സാമൂഹിക- രാഷ്ട്രീയ പ്രവർത്തകനായ പി പി മൊയ്തീൻ എന്നിവർ ഇവരിൽ ചിലർ മാത്രമാണ്.

1975 ആകുമ്പോഴേക്കും അന്തേവാസികളുടെ എണ്ണം മുന്നൂറായി ഉയർന്നിരുന്നു. പ്രസ്തുത വർഷമാണ് കൂടുതൽ സൗകര്യമുള്ള അനാഥാലയ കെട്ടിട നിർമ്മാണത്തിനായി ജൂബിലി റോഡിലുള്ള കരിമ്പിൻ താഴെ പറമ്പ് വാങ്ങിയത്. സെൻട്രൽ വഖഫ് ബോർഡിൽ നിന്ന് ലഭിച്ച കടവും ജനങ്ങളിൽ നിന്നുള്ള സംഭാവനയും ഉപയോഗിച്ചാണ് ഇപ്പോഴുള്ള കെട്ടിട സമുച്ചയവും പള്ളിയും നിർമ്മിച്ചത്. എൻജിനിയർ ടി പി കുട്ട്യാമു സാഹിബായിരുന്നു കെട്ടിട സമുച്ചയത്തിന്റെ പ്ലാൻ തയ്യാറാക്കിയത്. 1978 ജനുവരി നാലിന് ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ട കെട്ടിടസമുച്ചയം പണി പൂർത്തിയായി 1986 ഫെബ്രുവരി മൂന്നിന് ഉദ്ഘാടനം ചെയ്യ പ്പെട്ടപ്പോൾ നാല് പതിറ്റാണ്ട് പൂർത്തിയാക്കിയ യതീംഖാനയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ചുവടുവെപ്പായിരുന്നു അത് ●

## 22

# തലശ്ശേരിയുടെ കുരുമുളകും, പട്ടയും പിന്നെ ആടും

തലശ്ശേരിക്ക് 'ടെലിച്ചറി' എന്ന ഓമനപ്പേരു നൽകിയത് ബ്രിട്ടീഷുകാരായിരുന്നു. തലശ്ശേരി അവരുടെ സുപ്രധാന വ്യാപാര കേന്ദ്രമായിരുന്നതിനാലായിരുന്നു ടെലിച്ചറി എന്ന നാമം ചരിത്ര രേഖകളുമായി ബന്ധപ്പെട്ട് പ്രശസ്തിയാർജിച്ചത്. നിരവധി വോള്യങ്ങളിലുള്ള "ടെലിച്ചറി ഫാക്ടറി റിക്കാർഡ്സ്", "ടെലിച്ചറി ലറ്റേർസ്" തുടങ്ങിയവ തലശ്ശേരിയുടെ പേരു വഹിക്കുന്ന ചരിത്രരേഖകളാണ്. ഗതകാല പ്രതാപങ്ങളെല്ലാം നഷ്ടപ്പെട്ടുപോയ തലശ്ശേരിക്ക് ചരിത്രത്തിൽ സ്ഥിര പ്രതിഷ്ഠ നൽകുന്നത് ബ്രിട്ടീഷുകാരുടെ ഈ രേഖകളാണ്. തലശ്ശേരിയുമായി ബന്ധപ്പെട്ട മറ്റുചിലതിനുപോലും ബ്രിട്ടീഷുകാർ ടെലിച്ചറിയുടെ നാമം നൽകി ആദരിച്ചിരുന്നു. അങ്ങനെ ഉള്ളവയാണ് ടെലിച്ചറി ഗാർബൾഡ് പെപ്പറും, ടെലിച്ചറി ബാർക്കും, ടെലിച്ചറി ഗോട്ടും.

തലശ്ശേരി മൂന്ന് 'സീ' പ്രസിദ്ധിയാർജ്ജിച്ചിരുന്നത് ഇംഗ്ലീഷ് അക്ഷരമാലയിലെ 'സി' കൊണ്ടാരംഭിക്കുന്ന കേക്കും, ക്രിക്കറ്റും സർക്കസും കൊണ്ടാണ്. പക്ഷെ അവക്കൊന്നും അവയുടെ കൂടെ തലശ്ശേരി ബ്രാൻഡ് ചാർത്തപ്പെട്ടിട്ടില്ല. അഞ്ചരക്കണ്ടിയിലെ കറപ്പ തോട്ടത്തിന്റെ ഉടമ ബ്രൗൺ സായ്പിന് മമ്പള്ളി ബാപ്പു കെയ്ക്ക് ഉണ്ടാക്കി കൊടുത്തെങ്കിലും, അടുത്തകാലം വരെ മമ്പള്ളിയുടെ പ്രശസ്തി അവരുടെ അപ്പത്തി (ബ്രഡ്) ന്നായിരുന്നു. ടെലിച്ചറി കെയ്ക്ക് എന്ന് ഒന്നുണ്ടായിരുന്നില്ല. കോളിൻ കൗഡ്രിയെ പോലുള്ളവർ ക്രിക്കറ്റ് കളിച്ച തലശ്ശേരി മൈതാനത്തിന് ഏറെ അഭിമാനിക്കാൻ വകയുണ്ട്. തലശ്ശേരി ഒരുപാട് നല്ല

ക്രിക്കറ്റ് കളിക്കാരെയും സംഭാവന ചെയ്തിട്ടുണ്ട്. എന്നാൽ ക്രിക്കറ്റിൽ ടെലിച്ചറി ബ്രാൻഡുണ്ടായിരുന്നില്ല. സർക്കസ് കളരി ആരംഭിച്ച കുഞ്ഞിക്കണ്ണൻ മുഖേന അനേകം സർക്കസ് കലാകാരികൾ ഉണ്ടായിട്ടുണ്ട്. തലശ്ശേരിക്കാർ ആരംഭിച്ച സർക്കസുകളും അനവധി പക്ഷെ ഒരു സർക്കസിനുപോലും ടെലിച്ചറി സർക്കസെന്നോ, ടെലിച്ചറി ഐറ്റമെന്നോ പേരുണ്ടായില്ല.

പക്ഷെ അങ്ങനെയല്ല മലബാറിന്റെ സുഗന്ധദ്രവ്യങ്ങളായ കുരുമുളകും പട്ടയും. തലശ്ശേരിയുടെ പ്രാന്തങ്ങളിലുണ്ടായിരുന്ന കുരുമുളക് വ്യാപാരത്തിന്റെ കുത്തകക്ക് വേണ്ടിയായിരുന്നു പഴശ്ശി മൈസൂർ യുദ്ധങ്ങൾ വരെ നടന്നത്. തലശ്ശേരിയിലെ ബ്രിട്ടീഷ് ഈസ്റ്റിന്ത്യ കമ്പനിയുടെ തലശ്ശേരി താൽപര്യം തന്നെ കുരുമുളക് ആയിരുന്നു. ആദ്യകാലത്ത് തലശ്ശേരിയിൽ, പിന്നീട് കേയിമാർ എന്നറിയപ്പെട്ട ഒരു കുടുംബത്തിന്റെ അമരക്കാരനായിരുന്ന ചൊവ്വക്കാരൻ മൂസക്കാക്കയായിരുന്നു കമ്പനിക്ക് കുരുമുളക് പ്രധാനമായും എത്തിച്ചു കൊടുത്തിരുന്നത്. കയറ്റുമതി ചെയ്യുന്ന കുരുമുളകിന്റെ ഗുണ നിലവാരം മെച്ചപ്പെട്ടതുകൊണ്ടായിരുന്നു തലശ്ശേരിയുടെ പേരു കുരുമുളകുമായി അഭേദ്യമായി ബന്ധപ്പെട്ടത്. ഏറ്റവും ഗുണനിലവാരമുള്ള കുരുമുളക് ടെലിച്ചറി ഗാർബ്ള്ഡ് പെപ്പർ, എന്നും ടി.ജി.പി. എന്ന് ചുരുക്ക പേരിലും അറിയപ്പെട്ടു. ഈ ബ്രാൻഡിന്റെ ഉടമ ചൊവ്വക്കാരൻ പയാറമ്പത്ത് ആലുപ്പിക്കേയി ആയിരുന്നു. തലശ്ശേരിയിലെ പ്രമുഖ കുരുമുളക് വ്യാപാരിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ടി.ജി.പി അഥവാ ടെലിച്ചറി ഗാർബ്ള്ഡ് പെപ്പർ ഇന്നും ലോകോത്തര കുരുമുളകിന്റെ സാർവദേശീയ ബ്രാൻഡ് ആയി വിളങ്ങുന്നു. അങ്ങനെ തലശ്ശേരിയുടെ പേരും ലോക പ്രശസ്തമായി നിലനിൽക്കുന്നു.

പച്ചമരുന്ന് വിഭാഗത്തിൽപെട്ട ഒരു മരപ്പട്ടക്കാണ് ടെലിച്ചറി ബാർക് എന്ന നാമം നലകപ്പെട്ടത്. സംസ്കൃതത്തിൽ കുടജ എന്നും പേർഷ്യൻ ഭാഷയിൽ ഇന്ദർജൗ എന്നും തമിഴിൽ വെപ്പാലൈ എന്നും അറിയപ്പെടുന്ന മരം മലയാളത്തിൽ കുടകപ്പാല, കരിവല്ല എന്ന പേരുകളിൽ അറിയപ്പെടുന്നു. ആയുർവേദത്തിലും, യുനാനിവൈദ്യത്തിലും ജ്വരത്തിനും, വയറിളക്ക നിവാരണത്തിനും, വിരശല്യത്തിനും ഔഷധമായി നൽകപ്പെടുന്ന ഈ മൂലിക മരം മലമ്പ്രദേശങ്ങളിലാണ് വളരുന്നത്. ഇതിനെങ്ങിനെ ടെലിച്ചറി ബാർക് എന്ന പേരു വരാൻ കാരണമന്വേഷിക്കാൻ അതിന്റെ മലയാള പേരിന്റെ ഉത്ഭവത്തിലേക്ക് പോകേണ്ടിവരും. കുടകിൽ വളരുന്ന മരമായതു കൊണ്ടാണ് അതിന് കുടകപ്പാല എന്ന പേരു വന്നത്. കുടകിലെ മരത്തിന്റെ പട്ട ഔഷധമായി കിട്ടുന്നതും കയറ്റി അയക്കുന്നതും തലശ്ശേരിയിൽ വെച്ചായിരുന്നു. സ്വാഭാവികമായും ഇംഗ്ലീഷുകാർക്ക് അത് ടെലിച്ചറി ബാർക്കാ

യി. ലോകമെമ്പാടും ഈ ഔഷധമൂലിക ഈ പേരിലാണ് അറിയപ്പെടുന്നത്.

പാലിനും മാംസത്തിനും തോലിനുമായി വളർത്തപ്പെടുന്ന സവിശേഷ ആടുകളെയാണ് ടെലിച്ചറി ഗോട്ട്സ് അഥവാ തലശ്ശേരി ആടുകൾ എന്ന് പറയുന്നത്. ഇന്ത്യയിലെ വളർത്തു മൃഗങ്ങളെക്കുറിച്ച് പഠനം നടത്തിയ ഒരു ബ്രിട്ടീഷ് മൃഗഡോക്ടറായിരുന്നു ഇത്തരം ആടുകൾക്ക് ടെലിച്ചറി ഗോട്ട് എന്ന പേരു നൽകിയത്. കാരണം തലശ്ശേരിയിലും പരിസരത്തുമായിരുന്നു അദ്ദേഹം ഇത്തരം സവിശേഷ ആടുകളെ ആദ്യമായി കണ്ടെത്തിയത്. ഇന്ത്യയിൽ പലതരം ആടുകൾ ഉണ്ടെങ്കിലും സമൃദ്ധമായി പാൽ നൽകുന്ന വിഭാഗം ആട് തലശ്ശേരിയിലായിരുന്നു ഉണ്ടായിരുന്നത്. ഇവയെ മലബാർ ആടുകളെന്നും വിശേഷിപ്പിക്കപ്പെടുന്നുണ്ട്. ആന്ധ്രയിലും രാജസ്ഥാനിലും ഇത്തരം ആടുകളുണ്ട്. എന്നാൽ അവയുടെ പേരും ടെലിച്ചറി ഗോട്ട്സ് തന്നെ. ഇവയെക്കുറിച്ച് രചിച്ച അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ വിശദ വിവരങ്ങൾ നൽകുന്നുണ്ട്. പ്ലാവിലയും പിണ്ണാക്കും നൽകി വളർത്തപ്പെടുന്ന തലശ്ശേരി ആട് ഒരു കാലത്ത് മധ്യവർഗത്തിലെ കുടുംബങ്ങൾക്ക് ഒരു വരുമാനമാർഗമായിരുന്നു, എന്നും അദ്ദേഹം ചൂണ്ടികാട്ടുന്നു. പൊതുവെ ഇവ വെളുത്ത ആടുകളാണ്. അറേബിയയിൽ നിന്ന് മലബാറിലേക്ക് വന്ന വ്യാപാരികളായിരുന്നു ഇത്തരം ആടുകളെ ഇവിടെ ഇറക്കുമതി ചെയ്തതെന്ന് വിശ്വസിക്കപ്പെടുന്നു. അവരുടെ കടൽ യാത്രയിൽ ആവശ്യമായ പാലിനായിരുന്നുവത്രെ ആടുകളെ കൂടെ കൊണ്ടുവന്നത്. ഇത്തരത്തിൽ കൊണ്ടുവന്ന ആടുകളുടെ സങ്കര വർഗമാണ് ടെലിച്ചറി ഗോട്ട്, അഥവാ തലശ്ശേരി ആട്. ഗതകാല തലശ്ശേരിയിൽ മുസ്ലീം വീടുകളിൽ ആടു വളർത്തൽ ഒരു വരുമാനമാർഗം മാത്രമായിരുന്നില്ല ഒരു പുണ്യകർമമായും കരുതപ്പെട്ടിരുന്നു. അടുകൾ 'ബർക്കത്താ' (ഗുണദായകം) ണെന്നു വിശ്വസിക്കുകയും ചെയ്തിരുന്നു ●

23

# കുന്നത്തുകാർ തലശ്ശേരിയുടെ ജന്മികൾ

'കുന്നത്ത് കത്തുന്ന വിളക്കുപോലെ' എന്ന ഉപമാലങ്കാരം പഴയകാല തലശ്ശേരിയിൽ പ്രശസ്തമായിരുന്നു. ചെത്തുകല്ലുകൾ കൊണ്ട് നിർമിക്കപ്പെട്ട എട്ടുകെട്ട് വീടും തുറസ്സായ നടുമുറ്റവും ചുറ്റും വിശാലമായ വരാന്തകളും അകത്തളങ്ങളും മേൽ നിലയിലേക്ക് കയറാൻ ഏഴ് കോണികളും ഉപയോഗത്തിനായി അഞ്ച് കിണറുകളുമുള്ള, കൊട്ടാര സമാനമായ കുന്നത്ത് വീട്ടിന് ദീപ്ത ശോഭ നൽകിയിരുന്ന അതിവിശേഷ വിളക്കുകളെയായിരുന്നു പ്രസ്തുത ഉപമാലങ്കാരം സൂചിപ്പിച്ചിരുന്നത്. കുന്നത്ത് വീടും കത്തുന്ന വിളക്കും ഇന്നെവിടെ? മെയിൻ റോഡിൽ നിന്ന് മല്ലർ റോഡിലേക്ക് പോകുന്ന ഇടവഴിയും അതിനോടനുബന്ധമായ പടിഞ്ഞാറ് ഭാഗത്തുള്ള പറമ്പും ഇന്ന് കുന്നത്തിടവഴി, കുന്നത്ത് പറമ്പ് എന്നീ പേരുകളിൽ യഥാക്രമം അറിയപ്പെട്ടുവരുന്നു. കുന്നത്ത് പറമ്പിൽ ചിതറിക്കിടക്കുന്ന കുറേ ചെറുവീടുകൾ മാത്രം. കുന്നത്തുകാരുടെ പഴയ പ്രതാപത്തിന്റെ ഒരേയൊരു ബാക്കി പത്രം മെയിൻ റോഡിൽ ഇന്നൊരു നഴ്സറി സ്കൂൾ നടന്നുവരുന്ന മാളിക മാത്രമാണ്.

മെയിൻ റോഡ് തൊട്ട് പടിഞ്ഞാറ് പാലിശ്ശേരി വരേയും വടക്ക് കിഴക്ക് ചിറക്കര വരേയും കുന്നത്ത് കുടുംബത്തിന്റെ അധീനതയിലുള്ള ഭൂമിയായിരുന്നു. സതേൺ ഇന്ത്യാ റെയിൽവേയ്ക്ക് തലശ്ശേരിയിൽ റയിൽവേ സ്റ്റേഷൻ പണിയാനും റയിൽ പാളമിടാനും 99 വർഷത്തെ പാട്ടത്തിന് കുന്നത്ത് കുടുംബമായിരുന്നു ഭൂമി നല്കിയത്.

ചിറക്കൽ താലൂക്കിലെ മാങ്ങാട്ട് നമ്പീശൻ കുടുംബമായിരു

ന്നുവത്രെ കുന്നത്തുകാർ. മതപരിവർത്തനം ചെയ്ത് മുസ്‌ലിം കളായി അവർ തലശ്ശേരിയിൽ എട്ടുകെട്ട് വീടെടുത്ത് താമസിക്കാ നാരംഭിച്ചുവെന്നാണ് ഐതിഹ്യം. മറ്റൊരു ഐതിഹ്യം നേരത്തെ തലശ്ശേരിയിൽ താമസമായിരുന്ന നമ്പീശൻ കുടുംബം മുസ്‌ലിംക ളായി പരിവർത്തനം ചെയ്തുവെന്നായിരുന്നു. കുന്നത്ത് കുടുംബത്തിന് അതിന്റെ പ്രതാപകാലത്ത് പാപ്പിനിശ്ശേരി, കല്ല്യാശ്ശേരി, ഇരിണാവ്, മാങ്ങാട് എന്നിവിടങ്ങളിൽ നിന്ന് ഒരു ലക്ഷം സേർ അരി വരാറുണ്ടായിരുന്നു. ഈ വരുമാനത്തിന് പുറമേ തലശ്ശേരിയിൽ കുടുംബത്തിന് വൈവിധ്യമാർന്ന വ്യാപാര ശൃംഖല യുമുണ്ടായിരുന്നു. ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി കുരുമുളക് വ്യാപാരം, തദ്ദേശീയ മാർക്കറ്റിൽ അരി വ്യാപാരം, മനോഹരമായ വിളക്കുകൾ ഇറക്കുമതി ചെയ്യൽ- ഇവയൊക്കെ കുന്നത്ത് കുടുംബത്തിന്റെ വ്യാപാര മേഖലകളായിരുന്നു.

കൊങ്കൺ പ്രദേശത്ത് നിന്ന് പോർത്തുഗീസുകാരുടെ പീഡന ങ്ങൾ മൂലം പലായനം ചെയ്ത ഗൗഡ സാരസ്വതബ്രാഹ്മണർക്ക് വടക്കെ മലബാറിൽ അഭയം നൽകപ്പെട്ടത് തലശ്ശേരിയിലാ യിരുന്നു. തലശ്ശേരിയിൽ അവർക്ക് ക്ഷേത്രം നിർമിക്കാനും വ്യാപാരത്തിനും സ്ഥലവും സൗകര്യങ്ങളും നല്കിയിരുന്നത് കുന്നത്ത് കുടുംബമായിരുന്നു. കുന്നത്ത് ഇടവഴിയിൽ ഇന്ന് സ്ഥിതി ചെയ്യുന്ന നരസിംഹ ക്ഷേത്രത്തിന് വളരെക്കാലം വരെ കുന്നത്ത് കുടുംബം കാഴ്ചദ്രവ്യം നൽകി വന്നിരുന്നു. തലശ്ശേരിയിലെ ഗൗഡ സാരസ്വത സാന്നിധ്യത്തിന് ഒരുകാരണം കുന്നത്ത് കുടും ബമാണെന്ന് കരുതുന്നതിൽ തെറ്റില്ല.

കുന്നത്ത് കുടുംബത്തിൽ ഏറെ പ്രശസ്തനായ വ്യക്തി കുന്നത്ത് ബാബുഹാജിയായിരുന്നു. വ്യാപാര തകർച്ചയെ തുടർന്ന് അദ്ദേഹം നാടുവിട്ട് പത്തുവർഷക്കാലം അറേബ്യയിലെ മക്കയി ലായിരുന്നു താമസിച്ചിരുന്നത്. ബ്രിട്ടീഷുകാരുടെ എതിരാളിയായ പൂക്കോയ തങ്ങൾക്ക് ധനസഹായം നല്കിയത് മൂലം ബ്രിട്ടീ ഷുകാർ ബാബുവിനെതിരെ നടപടികളെടുക്കാൻ തുനിഞ്ഞത റിഞ്ഞായിരുന്നു ബാബു രാജ്യം വിട്ടതെന്നൊരു ഊഹാപോഹ വുമുണ്ട്. 1875ലായിരുന്നു ഈ സംഭവമുണ്ടായത്. അറേബ്യയിലെ വാസത്തിനിടയ്ക്ക് അദ്ദേഹം ഒരു അറബി സ്ത്രീയെ വിവാഹം ചെയ്യുകയുണ്ടായി. പിന്നീടവരെ അദ്ദേഹം തലശ്ശേരിയിലേക്ക് കൊണ്ടുവന്നു. കുന്നത്ത് കുടുംബാംഗങ്ങൾക്ക് അവർ അറബിച്ചി അമ്മായിയായി. അവരുടെ മകൻ അറബി മമ്മുവും. ബാബുഹാജി നേരത്തെ മുക്കാട്ട്പുറത്തുള്ള ഒരു സ്ത്രീയേയും കല്ല്യാണം കഴിച്ചിരുന്നു. ഭാര്യ വീടായ മുക്കാട്ടുപുറത്തുവെച്ച് ബാബു ഹാജിയുടെ സുഹൃത്തായ ഒരു അറബി അലിസ എന്ന പലഹാരം എങ്ങനെ ആഹരിക്കുമെന്നറിയാതെ വിഷമിച്ചതിനെ പരിഹസി

ച്ചതായിരുന്നു, പിന്നീട് തലശ്ശേരിയിലെ മുസ്ലിംകൾ ക്കിടയിൽ പ്രചാരത്തിലായ 'അറബി അലിസ വാരിയത് മാതിരി' എന്ന പ്രയോഗം.

കുന്നത്ത് തറവാട്ടിലെ ഒരംഗം വേഷഭൂഷാദികളോടെ പരിമളം വീശി, കുതിര വണ്ടിയിൽ ബി ഇ എം പി സ്കൂളിൽ പഠിക്കാൻ വന്നിറങ്ങിയ കാഴ്ച സി എച്ച് കുഞ്ഞപ്പ തന്റെ പുസ്തകത്തിൽ അനുസ്മരിക്കുന്നത് കാണാം. പിന്നീട് തലശ്ശേരിയിലെ മുസ്ലിം കൾക്കിടയിൽ 'കാഫർ കുഞ്ഞിമ്മായൻ' എന്നറിയപ്പെട്ടിരുന്ന ആളായിരുന്നത്.

കുന്നത്ത് കുടുംബം പല ശാഖകളായി പിരിഞ്ഞു. പഴയതും പുതിയതുമായി. ബംഗ്ലയിൽ, ചെറിയ കുന്നത്ത്, വയ്യപ്രത്ത് കുന്നത്ത് എന്നിവയൊക്കെ കുന്നത്തിന്റെ ശാഖകളാണ്. ഇവക ളെല്ലാം വീണ്ടും ഉപശാഖകളായി പിരിയുകയും ചെയ്തിരുന്നു. ബംഗ്ലയിലെ കുട്ടിയത്ത് മുസ്ല്യാർ, ഫത്വകൾ നൽകാൻ അധികാ രമുണ്ടായിരുന്ന പ്രഗത്ഭപണ്ഡിതനായിരുന്നു. ചന്ദ്രികയുടെ മുൻ പത്രാധിപർ വി സി അബൂബക്കർ വയ്യപ്രത്ത് കുന്നത്ത് കുടും ബാംഗമാണ്.

ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് മുമ്പ് തന്നെ, 1944ൽ കുന്നത്ത് തറവാട് ഭാഗം പിരിയുകയുണ്ടായി. അതോടെ കുന്ന ത്തിന്റെ പ്രതാപവും നഷ്ടപ്പെട്ടു. എട്ടുകെട്ട് വീട് നാമാവശേ ഷമാവുകയും ഭാഗം ലഭിച്ച കുടുംബാംഗങ്ങൾ തങ്ങളുടെ ഭാഗങ്ങൾ കുടുംബത്തിന് പുറത്തുള്ളവർക്ക് വിൽക്കുകയും ചെയ്തു. മല്ലർ റോഡ് പരിസരത്തുള്ള ചില കടകൾ ഇന്നും കുന്ന ത്ത് കുടുംബ പരമ്പരക്കാരുടെ ജന്മമായി നിലനിൽക്കുന്നുണ്ടെന്ന് മാത്രം ●

## 24

# തറവാടും താവഴിയും

ആഢ്യത്വത്തിന്റെ അടിസ്ഥാനം തറവാട് മഹിമയാണെന്ന് കരുതിപ്പോന്നവരായിരുന്നു ഗതകാല തലശ്ശേരിക്കാർ. തറവാട് മഹിമയുടെ അഭിമാനംകൊണ്ട് വിജ്രംഭിക്കുന്നവരുമായിരുന്നു. പല ആഢ്യത്തറവാടുകളുടേയും അടിത്തറകൾ ഇളകിയെങ്കിലും ഇന്നും തറവാട് മഹിമ നോക്കുന്നവരുണ്ട്. ഗൾഫ് പണം ആഢ്യത്വത്തിന്റെ അളവുകോലുകൾ മാറ്റി മറിച്ചപ്പോൾ പുതുപ്പണക്കാർ പലരും പഴയ തറവാട്ടുകാരെക്കാൾ ആഢ്യത്വം ഭാവിച്ചു നടക്കുന്നത് വർത്തമാനകാല ചിത്രമാണ്.

തലശ്ശേരിയിലെ മുസ്‌ലിം തറവാടുകളെ കുറിച്ചുള്ള പഠനം നടത്താൻ തുടങ്ങിയപ്പോഴാണ് തറവാട് സങ്കൽപ്പങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കാനായത്. തലശ്ശേരി നഗരത്തിൽ പിന്നീട് തറവാട്ടുകാരെന്ന് അഭിമാനിച്ചവരൊക്കെ തലശ്ശേരിയിൽ പരദേശികളായി വന്നവരാണെന്നതായിരുന്നു യാഥാർഥ്യം.

തറവാട് എന്ന പദത്തിന് വന്നുഭവിച്ച അർഥ വ്യതിയാനങ്ങളെ കുറിച്ചറിയുക എന്നത് താത്പര്യജനകമാണ്. തറ, പാടി എന്നീ രണ്ട് പഴയ മലയാള പദങ്ങളുടെ സംയുക്തമാണ് തറവാട്. തറ എന്നാൽ ഗ്രാമം എന്നർഥം. പാടി എന്നാൽ സ്ഥലം. നഗര പ്രാന്തത്തിൽ നിന്നുവരുന്ന ഗ്രാമീണരെ ഇപ്പോഴും 'തറക്കാർ' എന്ന് വിശേഷിപ്പിക്കാറുണ്ടല്ലോ. ഇതൊരു അപമാനകര പ്രയോഗമാണ്. നാഗരിക സംസ്ക്കാരമില്ലാത്തവർ എന്നുകൂടിയുള്ള അർഥത്തിലാണ് പദം ഉപയോഗിക്കാറുള്ളത്. ഗ്രാമസ്ഥലം

എന്നർഥമുള്ള തറവാട് ആദ്യത്തിൽ ഗ്രാമത്തലവന്റെ വീടെന്ന അർഥത്തിലായിരുന്നു ഉപയോഗിച്ചിരുന്നത്.

രാജസ്വരൂപങ്ങൾക്ക് കീഴിൽ കൊച്ചുരാജ്യങ്ങളിൽ നാടുവാഴികൾ അല്ലെങ്കിൽ വാഴുന്നോർ വാണിരുന്നു. അവരുടെ ആശ്രിതരായിരുന്നു ദേശവാഴികൾ- ദേശഭരണം നടത്തിയവർ. ദേശത്തിനും താഴെയായിരുന്നു തറ. ഇത്തരം ഗ്രാമത്തലവന്മാരായിരുന്നു തറവാഴികൾ. അവരുടെ വീട് തറവാടും. പിന്നീട് ഈ പദം കൂട്ടുകുടുംബത്തിന്റെ പര്യായമായിത്തീർന്നു. എന്നാൽ ഇത്തരം കൂട്ടുകുടുംബത്തിന്റെ സവിശേഷത അവ മരുമക്കത്തായ കുടുംബങ്ങൾ ആയിരുന്നു എന്നതാണ്. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും കുടുംബ സ്വത്തിൽ അവകാശമുണ്ടായിരിക്കെ അവ ആർക്കും പകുത്തുനൽകാനാവുമായിരുന്നില്ല. ഇത്തരത്തിലുള്ള കുടുംബത്തിന്റെ തലമ അവിടുത്തെ മൂത്ത സ്ത്രീക്കായിരുന്നു. എന്നാൽ കാര്യങ്ങൾ നോക്കിനടത്തുന്നത് മൂത്ത സഹോദരന്മാരായിരുന്നു. അവരായിരുന്നു കാരണവർ. അവരുടെ മക്കൾക്ക് സ്വന്തം കുടുംബത്തിലെ സ്വത്തിന് അവകാശമുണ്ടായിരുന്നില്ല. ഇത്തരമൊരു കുടുംബ സംവിധാനത്തിനായിരുന്നു തറവാട് എന്ന് വിശേഷിപ്പിച്ചിരുന്നത്. തറവാട്ടിലെ അംഗസംഖ്യ അധികരിക്കുമ്പോൾ ഒരുവിഭാഗം മറ്റൊരു വലിയ വീട്ടിൽ മാറിത്താമസിക്കുന്നു. ഇവരെയാണ് താവഴികൾ എന്ന് വിശേഷിപ്പിച്ചിരുന്നത്. വീടുകൾ വേറെയാണെങ്കിലും പഴയ തറവാട് പേര് തന്നെയാണ് ഇവരും ഉപയോഗിച്ചിരുന്നത്. അധികം താവഴികളുള്ള തറവാടുകൾ കൂടുതൽ മഹിമയും ആഢ്യത്വവും അവകാശപ്പെട്ടിരുന്നു.

മേൽ പ്രസ്താവിച്ചതുപോലെ മരുമക്കത്തായ കൂട്ടുകുടുംബ സംവിധാനത്തെയാണ് തറവാട് എന്ന പദംകൊണ്ട് അർഥമാക്കിയിരുന്നത്. ജാതിയടിസ്ഥാനത്തിൽ കുടുംബ താമസ സ്ഥലത്തിന് പല പേരുകളുമായിരുന്നു ഗതകാല മലബാറിൽ നിലവിലുണ്ടായിരുന്നത്. നമ്പൂതിരിപ്പാട് മനയിലും നമ്പൂതിരികൾ ഇല്ലത്തും രാജാക്കന്മാർ കൊട്ടാരത്തിൽ അല്ലെങ്കിൽ കോവിലകത്ത്, നാടുവാഴികൾ ഇടത്തിലും നായന്മാർ വീട്ടിലും അമ്പലവാസികൾ പിഷാരത്തിലോ വാര്യത്തിലോ പുഷ്പകത്തിലോ പട്ടർ മഠത്തിലും തീയ്യർ പുരയിലും മാപ്പിളമാർ പീടികയിലും ചാല്യർ കുടിലിലും ചെറുമർ ചാളയിലുമൊക്കെയായിരുന്നു താമസിച്ചുവന്നത്. തറവാടുകളുടെ പേരുകൾ അവ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേരുമായിട്ടായിരുന്നു ബന്ധപ്പെട്ടിരുന്നത്. തറവാടുകൾ അതിന്റെ ഉടമസ്ഥന്മാർക്ക് കൈമോശം വന്നപ്പോൾ പുതിയ ഉടമസ്ഥർ പഴയ തറവാടിന്റെ പേര് നിലനിർത്തുകയാണുണ്ടായത്. അതുകൊണ്ട് പഴയ തറവാടിന്റെ പേരുകൾ ഇന്നും

നിലനിൽക്കുന്നുണ്ടെങ്കിലും പ്രസ്തുത തറവാട്ടു പേരുകളിൽ താമസിക്കുന്നവർ ജാതിയിലും മതത്തിലുമൊക്കെ വ്യത്യസ്ഥരായിരിക്കുന്ന വിരോധാഭാസം മേൽപ്പറഞ്ഞ കാരണംകൊണ്ടാണ്. അതുകൊണ്ട് തറവാട്ട് പേരിന്റെ മേന്മയിൽ അഭിമാനിക്കാൻ ഇന്നാർക്കെങ്കിലും അവകാശമുണ്ടോ എന്നറിയില്ല. അത്തരം ദുരഭിമാനങ്ങൾ പരിഹാസ്യവുമാണ്. 1893ൽ സി ഡി മക്ലീൻ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച മദ്രാസ് പ്രസിഡൻസിയുടെ 'ഗ്ലോസറി' യിൽ മലബാറിലെ തറവാടുകളുടെ പേരുകൾ നൽകിയതായി കാണാം. ചിറക്കൽ മുതൽ പാലക്കാട് വരെയുള്ള മലബാർ പ്രദേശത്തിൽ അക്കാലത്തിലെ തറവാടുകളെല്ലാം നമ്പ്യാന്മാരുടേയും നായന്മാരുടേയും കുറുപ്പന്മാരുടേയും കിടാവുമാരുടേയും വാരിയന്മാരുടേയും മന്നാടിയന്മാരുടേതുമായിരുന്നു എന്നത് പ്രസ്താവ്യമാണ്.

തറവാടുകൾ ഭിന്നിച്ച് അണുകുടംബങ്ങളായി ചിതറിക്കിടക്കുമ്പോഴും താവഴിക്കാർ തറവാട് പേരിന്റെ ഇനീഷ്യൽ തന്നെ നിലനിർത്തുന്നത്, തറവാട് സങ്കൽപം ആധുനിക പ്രകരണത്തിലും തീർത്തും നശിച്ചു പോയില്ല എന്ന വസ്തുതയാണ് തെളിയിക്കുന്നത്. തറവാട്ട് ചരിത്രത്തിന്റെ ഭാഗമാകാൻ ഈ ഇനീഷ്യലുകൾ സഹായകമാകുന്നുണ്ടെങ്കിലും, പലർക്കും ഒരു തലമുറമുമ്പുള്ള തങ്ങളുടെ പൂർവ്വികരുടെ ചരിത്രം അജ്ഞാതമാണെന്നത് വിരോധാഭാമാണ് ●

## 25

# കേയിമാർ, തലശ്ശേരിയുടെ മുസ്‌ലിം സവിശേഷത

തലശ്ശേരിയുടെ മാത്രം മുസ്‌ലിം സവിശേഷതയാണ് കേയിമാർ. അങ്ങനെ പേരുള്ള ഒരു മുസ്‌ലിം വിഭാഗത്തെ വേറെ എവിടേയും കണ്ടെത്താനാവില്ല. ജന്മിമാരും, ആഢ്യപാരമ്പര്യവും അവകാശപ്പെടുന്നവരുമായ കേയിമാർ വളരെ കാലം തലശ്ശേരിയിലെ നിർണ്ണായക ശക്തിവിഭാഗമായിരുന്നു. കേയി എന്ന പദത്തിന് ഇതുവരെ ശരിയായ അർഥം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇതൊരു പേർഷ്യൻ പദമാണെന്ന് കേയിമാരെ കുറിച്ച് പഠനം നടത്തിയ സി വാസുദേവൻ എഴുതിയതായി കണ്ടിട്ടുണ്ട്. (കേയീസ് ഓഫ് മലബാർ). എന്നാൽ പേർഷ്യൻ ഭാഷയിൽ അങ്ങനെയൊരു പദം വാസുദേവൻ പറയുന്ന അർഥത്തിൽ (കപ്പലുടമ) കാണാൻ കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ കേയിമാർക്ക് ലക്ഷദ്വീപിലെ പാട്ട അധികാരം കിട്ടിയപ്പോൾ ദ്വീപുകാർ അവരെ വിളിച്ച പേരായിരുന്നു.

കേയിമാർ ചൊവ്വക്കാരാണ്. അതായത് അവർ തലശ്ശേരിയിൽ വന്നെത്തിയത് കണ്ണൂരിനടുത്ത ചൊവ്വയിൽ നിന്നാണ്. ചൊവ്വയിലെ കാക്കാകോവിലൻ തറവാട്ടിലെ ഒരു യുവതിയെ ചേരമാൻ പെരുമാൾ കല്ല്യാണം കഴിച്ചുവെന്നൊരൈതിഹ്യം ഒ ആബൂ മാസ്റ്റർ പറയാറുണ്ടായിരുന്നു. ഈ ബന്ധത്തിലെ മകൻ ആലുപ്പിയാണ് തലശ്ശേരിയിൽ കച്ചവടത്തിനെത്തിയത്. എന്നാൽ തലശ്ശേരിയിൽ മുൻകാലത്ത് പ്രചാരമുള്ള ഒരൈതിഹ്യപ്രകാരം ആലുപ്പിക്ക് ആഢ്യത്വമുണ്ടായിരുന്നില്ല. തലശ്ശേരിയിൽ കച്ചവടം

ആരംഭിച്ച ആലുപ്പി തലശ്ശേരിയിൽ അന്നത്തെ മുസ്‌ലിം ആഢ്യ തറവാടായിരുന്ന വാണിയമ്പലത്തെ പെൺകുട്ടിയെ വിവാഹം ചെയ്ത് ആഢ്യത്വം ഉറപ്പിക്കാൻ ശ്രമിച്ചുവത്രെ. പക്ഷേ വാണിയ മ്പലത്തെ കാരണവർ 'നിന്റെ മുതുകത്തെ കാവ് കെട്ടിയ തഴമ്പ് പോയതിന് ശേഷം പെണ്ണു ചോദിച്ചു വാ' എന്നുപറഞ്ഞ് അപമാ നിച്ച് തിരിച്ചയച്ചുവത്രെ. അങ്ങനെ പറയാൻ കാരണം ആലുപ്പി ക്കാക്ക കാവിൽ സാധനങ്ങൾ ചുമന്നുകൊണ്ടായിരുന്നുവത്രെ തലശ്ശേരിയിൽ വ്യാപാരത്തിന് എത്തിയിരുന്നത്. വാണിയമ്പല ത്തുകാരുടെ പള്ളിയായ ചാലിൽ പള്ളിയിലും ആലുപ്പിക്ക് സ്ഥാനം നല്കിയില്ല. എന്നാൽ വ്യാപാരത്തിൽ അടിവെച്ചുയർന്ന ആലുപ്പി താഴലങ്ങാടിയിൽ സ്വന്തമായി പള്ളി നിർമ്മിച്ചു.

ആലുപ്പിയുടെ മകനായിരുന്നു മൂസ്സ. ഇദ്ദേഹമാണ് തലശ്ശേരി യിൽ മുസ്‌ലിംകളുടെ വ്യാപാര പ്രഭാവത്തിന് ആരംഭം കുറിച്ചത്. വ്യാപാരത്തിലൂടെ ധനാഢ്യനായ ഇദ്ദേഹം കോട്ടയിലെ സേനയ് ക്ക് ശമ്പളം നൽകാൻ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ വശം പണമില്ലാ തിരുന്നപ്പോൾ അന്ന് കമ്പനിക്ക് പതിനായിരം രൂപ കടം നല്കിയ ചരിത്രമുണ്ടായിരുന്നു. മൂസക്കാക്കയെ കുറിച്ച് ചെന്നൈയിലുള്ള ആർക്കിവ്സിലെ രേഖകളിലും ഫ്രാൻസിസ് ബുക്കാനന്റെ യാത്രാ ഗ്രന്ഥത്തിലും പരാമർശങ്ങളുണ്ട്. ആലുപ്പിയും മൂസ്സയും അവരുടെ പേരിന്റെ പിന്നിൽ കാക്കയാണുപയോഗിച്ചിരുന്നത്. അതവരുടെ പഴയ ഹിന്ദു തറവാട്ടിന്റെ പേര് ദ്യോതിപ്പിക്കുന്നതുമായിരുന്നു. മൂസക്കയുടെ കാലശേഷം രണ്ടോ മൂന്നോ കാരണവ പരമ്പര കഴിഞ്ഞതിനു ശേഷം വലിയ മക്കിയുടെ കാലത്താണ് കേയി എന്ന പദം ഇവരുടെ പേരിന്റെ പിന്നിൽ പ്രചാരത്തിൽ വന്നത്. ഇതിനകം അവർ കപ്പലുടമകളായിരുന്നു. അതുകൊണ്ട് കപ്പലുട മയുമായി ബന്ധപ്പെട്ട വിളിപ്പേരാകാനാണ് കൂടുതൽ സാധ്യത.

ചൊവ്വക്കാർ പിന്നീട് പല താവഴികളിലായി (തായ് വഴി– അമ്മ വഴി– കാരണം മരുമക്കത്തായം) പിരിഞ്ഞെങ്കിലും എല്ലാ തായ് വഴിയുടെ പേരിലും തങ്ങളുടെ പൂർവ്വികതയുടെ ചൊവ്വക്കാരൻ എന്ന പദം നിലനിർത്തും. ഓർക്കാട്ടേരി, കേളോത്ത്, പുതിയ പുരയിൽ, വലിയപുരയിൽ എന്നിവയായിരുന്നു പ്രധാന താവ ഴികൾ. വാണിയമ്പലത്തുകാർ ആലുപ്പിക്കാക്കാക്ക് പെണ്ണിനെ നൽകിയില്ലെങ്കിലും പിന്നീട് തലശ്ശേരിയിലെ ആഢ്യജന്മിമാരാ യിത്തീർന്ന കേയിമാർക്ക് തലശ്ശേരിയിലെ മുസ്‌ലിം വ്യാപാരി കുടുംബങ്ങളുമായി വിവാഹബന്ധങ്ങളുണ്ടായി. ആദ്യകാല ങ്ങളിൽ ചില നിശ്ചിത ആഢ്യത്തറവാടുകളുമായി മാത്രമേ കേയിമാർ വിവാഹ ബന്ധം നടത്തിയിരുന്നുള്ളു. പൊൻമാണിച്ചി, അച്ചാറത്ത്, കാടാങ്കണ്ടി, മുക്കാട്പ്പുറം, തയ്‌ലക്കണ്ടി എന്നിവ അത്തരത്തിലുള്ള ചില കുടുംബങ്ങളായിരുന്നു.

കേയിമാരുടെ പ്രധാന പള്ളിയാണ് ഓടത്തിൽ പള്ളി. ഇത് മൂസ്സക്ക നിർമിച്ച പള്ളിയാണ്. തിരുവനന്തപുരത്തെ രാജകുടുംബമായിരുന്നത്രെ മൂസ്സക്കാക്ക് പള്ളിക്കാവശ്യമായ മരം നൽകിയത്. മേൽക്കൂര ചെമ്പ് തകിടുകൾകൊണ്ട് മേഞ്ഞതാണ്. തിരുവങ്ങാട് ശ്രീരാമ ക്ഷേത്രത്തിന്റെ ശിൽപ രീതി മാതൃകയാക്കിയായിരുന്നു പള്ളി പണിതത്.

തലശ്ശേരിയിലെ സാമൂഹിക- രാഷ്ട്രീയ- കായിക രംഗങ്ങളിൽ കേയിമാർ പ്രഭാവം ചെലുത്തിയിരുന്നു. തലശ്ശേരിയിലെ അറിയപ്പെടുന്ന പല ക്രിക്കറ്റ് കളിക്കാരും കേയിമാരായിരുന്നു. കേരള രാഷ്ട്രീയത്തിലെ മസ്തിഷ്കമെന്ന് വിശേഷിപ്പിക്കപ്പെട്ട സി കെ പി ചെറിയ മമ്മുക്കേയിയും തലശ്ശേരി കേയ് തായ്‌വഴിയുടെ സംഭാവനയാണ്. മറ്റൊരു കേയിയായ സി ഒ ടി കുഞ്ഞിപ്പക്കി വിദ്യാഭ്യാസ വിചക്ഷണനായിരുന്നു. വർത്തമാന കാലത്തും സാമൂഹിക രാഷ്ട്രീയ കായിക രംഗങ്ങളിലുമെല്ലാം കേയി താവഴിയുമായി ബന്ധപ്പെട്ടവരുടെ സാന്നിധ്യമുണ്ട് എന്നത് തലശ്ശേരിയുടെ സാമൂഹിക ജീവിതത്തിൽ അവരുടെ അനിവാര്യതയെ വ്യക്തമാക്കുന്നു ●

# 26

# തലശ്ശേരിയിലെ കൊങ്കിണികൾ

മഹാരാഷ്ട്രയുടെ പശ്ചിമ തീരത്തിന്റെ, ബോംബെ മുതൽ തെക്ക് ഗോവയടക്കമുള്ള ഭാഗത്തെയാണ് കൊങ്കൺ തീരമെന്ന് വിശേഷിപ്പിക്കുന്നത്. പോർത്തുഗീസുകാരുടെ അധിനിവേശ കാലത്ത് അവരുടെ പീഡനങ്ങളും നിർബന്ധ മതപരിവർത്തനവും സഹിക്കാനാവാതെ നിരവധി ബ്രാഹ്മണ കുടുംബങ്ങൾ കൊങ്കൺ പ്രദേശംവിട്ട് തെക്ക് ഭാഗത്തേക്ക് പലായനം ചെയ്യുകയുണ്ടായി. അങ്ങനെ പലായനം ചെയ്തവരിൽ ഒരു വിഭാഗം മുന്ന് ശതാബ്ദങ്ങൾക്ക് മുമ്പ് തലശ്ശേരിയിലും അധിവസിക്കാനാരംഭിച്ചു. അഭയാർഥികളായി വന്നവർക്ക് തിരുവങ്ങാട്ടുള്ള ബ്രാഹ്മണരിൽ നിന്നും ക്ഷത്രിയരിൽ നിന്നും യാതൊരു പ്രോത്സാഹനവും ലഭ്യമായില്ലെന്നും അവർക്ക് അഭയം നല്കിയത് അന്നത്തെ തലശ്ശേരിയിലെ ഏറ്റവും വലിയ ജന്മി കുടുംബമായിരുന്ന വയ്യപ്രത്ത് കുന്നത്ത് എന്ന മുസ്‌ലിം തറവാടായിരുന്നുവെന്നും ഐതിഹ്യമുണ്ട്. പ്രസ്തുത കുടുംബത്തിന്റെ പാർശ്വത്തിലുള്ള സ്ഥലങ്ങളിലാണ് ഇന്നും കൊങ്കിണികളായ ഗൗഡസാരസ്വത ബ്രാഹ്മണർ താമസിക്കുന്നതും, അവരുടെ സുപ്രധാന ആരാധനാ സ്ഥലമായ നരസിംഹക്ഷേത്രം സ്ഥിതി ചെയ്യുന്നതെന്നും ഈ ഐതിഹ്യത്തെ സ്ഥിരീകരിക്കുന്ന വസ്തുതകളാണ്. കണ്ണൂരിൽ അറക്കൽ രാജകുടുംബമാണ് കൊങ്കിണി ബ്രാഹ്മണർക്ക് അഭയം നല്കിയിരുന്നത്. ഗതകാലത്തിൽ ഗൗഡസാരസ്വത ബ്രാഹ്മണരും തലശ്ശേരിയിലെ മുസ്‌ലിംകളും വളരെ നല്ല സൗഹൃദമുണ്ടാ

യിരുന്നു എന്നതും ഒരു വസ്തുതയാണ്.

തലശ്ശേരിയുടെ ജനസംഖ്യയിൽ ചെറിയൊരു ന്യൂനപക്ഷമാണെങ്കിലും തലശ്ശേരിയുടെ വ്യാപാര- സാമൂഹിക- സാംസ്ക്കാരിക രംഗങ്ങളിലെല്ലാം വ്യക്തിമുദ്രകൾ പതിപ്പിച്ച നിരവധി കൊങ്കിണിമാരെ തലശ്ശേരി സാഭിമാനത്തോടെ സ്മരിക്കുന്നു. കൊങ്കിണിഭാഷ ലിപിയില്ലാത്ത ഭാഷയാണ്. കൊങ്കിണി ഭാഷ സംസാരിക്കുന്ന ബ്രാഹ്മണരും അല്ലാത്തവരുമൊക്കെ തലശ്ശേരി നിവാസികളായിട്ടുണ്ട്. മംഗലാപുരം ഭാഗങ്ങളിൽനിന്നു വന്ന കൊങ്കിണി സംസാരിക്കുന്ന ചെട്ടികളും തലശ്ശേരിയിലെ കൊങ്കിണി സമൂഹത്തിന്റെ ഭാഗമായിരുന്നു. മല്ലർ റോഡിൽ കുന്നത്ത് ഇടവഴിയടക്കമുള്ള ഭാഗത്തിന് 'ചെട്ടികുടി' എന്ന പേരുതന്നെയുണ്ടായിരുന്നു. ഇവർക്കു പുറമേ കൃസ്ത്യാനികളായ കൊങ്കിണിമാരും തലശ്ശേരി ജനസംഖ്യയുടെ ഭാഗമായിട്ടുണ്ട്. ഇവരധികവും, ഇന്നത്തെ ഗാർഡൻസ് റോഡിന്റെ പാർശ്വത്തിലുള്ള തോട്ടത്തിൽ ആയിരുന്നു താമസിച്ചു വന്നിരുന്നത്.

വാദ്ധ്യാന്മാർ വ്യാപാരികളായിത്തീർന്ന കഥയാണ് തലശ്ശേരിയിലേയും മറുപ്രദേശങ്ങളിലേയും കൊങ്കിണി ഗൗഡസാരസ്വത ബ്രാഹ്മണരുടേത്. മത ധർമ്മമനുസരിച്ച് അവർ പൂജാരി (വാദ്ധ്യാന്മാർ)കളായിരുന്നു. അഭയാർഥികളായി തീർന്നവർക്ക് കുലധർമ്മത്തിനുപരി മറ്റു വ്യാപാരരംഗങ്ങളിലേക്കും പ്രവേശിക്കാനുള്ള നിർബന്ധിതാവസ്ഥയുണ്ടായി. തലശ്ശേരിയിലെ ഏറെ പ്രശസ്തമായ സ്ഥാപനമാണല്ലോ വാദ്ധ്യാർ ബീഡി. ഗൗഡ സാരസ്വത ബ്രാഹ്മണ പുരോഹിതനായ എസ് വാസുദേവഭട്ട് ബീഡി വ്യവസായത്തിലേക്ക് തിരിഞ്ഞപ്പോൾ പ്രസ്തുത ബീഡിക്ക് ട്രേഡ് നാമം നൽകിയതുതന്നെ തന്റെ കുലധർമ്മത്തെ സൂചിപ്പിക്കുന്ന 'വാദ്ധ്യാർ' എന്ന പേരായിരുന്നു.

തലശ്ശേരിയിലെ ഒരു പ്രധാന റോഡായ മുകുന്ദ മല്ലർ റോഡ്, അധ്യാപക പ്രതിഭയും പിന്നീട് മുൻസിപ്പൽ ചെയർമാനുമായ മുകുന്ദ മല്ലർ എന്ന ഗൗഡസാരസ്വത ബ്രാഹ്മണന്റെ സ്മരണ നിലനിർത്തുന്ന ഒന്നാണ്. തലശ്ശേരി മുൻസിപ്പാലിറ്റിയിലെ വൈസ് ചെയർമാനായിരുന്ന മറ്റൊരാൾ കൊങ്കിണി സംസാരിച്ചിരുന്ന കൃസ്ത്യാനിയായ ലൂയി വീഗോ ആയിരുന്നു.

വ്യാപാര രംഗത്ത് സത്യസന്ധത എന്നും പുലർത്തിവരാറുള്ള ഗൗഡസാരസ്വത ബ്രാഹ്മണർക്ക് ഹാർഡ്വെയർ, സിമന്റ്, പെയിന്റുകൾ, സ്റ്റീൽ, പെട്രോളിയം തുടങ്ങിയ വ്യാപാര മേഖലകളിൽ തലശ്ശേരിയിൽ ആധിപത്യം സ്ഥാപിക്കാൻ പെട്ടെന്ന് കഴിഞ്ഞിരുന്നു. എൻ വി ഷേണായി ആന്റ് കമ്പനി തലശ്ശേരിയിലെ പ്രമുഖമായൊരു വ്യാപാരസ്ഥാപനമായിരുന്നു. ഈ കമ്പനിയുടെ ഓഹരിയുടമയും കൂടിയായിരുന്ന മുകുന്ദമല്ലറുടെ സ്മരണ

നിലനിർത്താനായിരുന്നു കമ്പനി മല്ലർ റോഡിൽ മുകുന്ദ ടാക്കീസ് ആരംഭിച്ചത്. ഗുരുദത്ത കമ്മത്ത്, വാസുദേവ കമ്മത്ത്, രവീന്ദ്രനാഥ് പൈ തുടങ്ങിയവരുടെ വ്യാപാരസ്ഥാപനങ്ങൾ ഇന്നും നിലവിലുണ്ട്. വിശ്വാസ്യത സാധനങ്ങൾ വാങ്ങിക്കാൻ തലശ്ശേരിക്കാർ ഇന്നും സമീപിക്കുന്നത് ഇവരുടെ സ്ഥാപനങ്ങളെയാണ്.

സാഹിത്യ രംഗത്ത് പ്രശസ്തനായ തലശ്ശേരി സ്വദേശിയായ ഗൗഡസാരസ്വത ബ്രാഹ്മണനായിരുന്നു ശേഷഗിരി പ്രഭു. ബ്രണ്ണൻ സ്കൂളിൽ അധ്യാപകനായിരുന്ന അദ്ദേഹം പിന്നീട് സ്കൂൾ ഇൻസ്പെക്ടറാവുകയും അതിൽ പിന്നീട് മംഗലാപുരം കോളേജിൽ അധ്യാപകനായിത്തീരുകയും ചെയ്തു. വ്യാകരണ പടുവായിരുന്ന അദ്ദേഹത്തിന്റെ 'വ്യാകരണ ദർശം', 'വ്യാകരണ മിത്രം' എന്നീ കൃതികൾ ഏറെ ശ്രദ്ധേയമായിരുന്നു. കൊച്ചി രാജാവിൽ നിന്ന് 'സാഹിത്യകുശലൻ' എന്ന സ്ഥാനപ്പേരും നേടിയിരുന്നു.

സാമൂഹിക രംഗത്ത് വിപ്ലവം സൃഷ്ടിച്ച കമലാബായി തലശ്ശേരിയിലെ ഗൗഡസാരസ്വത ബ്രാഹ്മണസമൂഹത്തിൽപെട്ടവരായിരുന്നു. താലിക്കേസിലൂടെ പ്രസിദ്ധിയാർജ്ജിച്ച അവർ ശേഷഗിരി പ്രഭുവിന്റെ പുത്രിയായിരുന്നു.

പ്രസിദ്ധനായ മറ്റൊരു ഗൗഡസാരസ്വത ബ്രാഹ്മണൻ ആനന്ദ ഷേണായി ആയിരുന്നു. അയിത്തോച്ചാടന പ്രവർത്തനത്തിൽ മുഴുകിയ ആനന്ദഷേണായി പിന്നീട് ശ്രീനാരായണഗുരുവിന്റെ ശിഷ്യത്വം നേടി സന്യാസജീവിതം നയിച്ച് സ്വാമി ആനന്ദതീർഥ നായിത്തീർന്നു.

തലശ്ശേരി ഹെഡ് പോസ്റ്റ് ഓഫിസിന് സ്ഥലം അക്വയർ ചെയ്ത് പുതിയ കെട്ടിടം സ്ഥാപിക്കാൻ പ്രയത്നിച്ചത് തലശ്ശേരിയിൽ വളരെക്കാലം പോസ്റ്റ് മാസ്റ്ററായിരുന്ന സുന്ദരഷേണായി എന്ന ഗൗഡസാരസ്വത ബ്രാഹ്മണനായിരുന്നു. രാഷ്ട്രീയ രംഗത്ത് സജീവമായി നിലകൊള്ളുന്ന വ്യക്തിത്വമാണ് ശ്രീനിവാസ പ്രഭു. തലശ്ശേരിയിലെ കോൺഗ്രസിന്റെ വളർച്ചയിലും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിലും ശ്രീനിവാസ പ്രഭു വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്.

കൊങ്കിണികളായ കൃസ്ത്യാനികൾ അധികപേരും പുഷ്പ വ്യാപാര രംഗത്താണുണ്ടായിരുന്നത്. ഇന്നും മാലകളും ബൊക്കകളും റീത്തുകളും അവർ ഉണ്ടാക്കി വിൽക്കുന്നുണ്ട്. മറ്റു ചിലർ ചെമ്പ് പാത്രങ്ങൾ ഉണ്ടാക്കുന്നവരും അവ റിപ്പയർ ചെയ്യുന്നവരുമായിരുന്നു. അത്തരം ചെമ്പൂട്ടിമാരുടെ കടകൾ പിലാക്കൂൽ പ്രദേശത്ത് കാണാമായിരുന്നു ●

27

# തലശ്ശേരിയിലെ ബട്ക്കൽ സാന്നിധ്യം

ശുഷ്ക്കമായ ന്യൂനപക്ഷമാണെങ്കിലും തലശ്ശേരിയിലെ വ്യാപാരമേഖലയിൽ ശ്രദ്ധേയരായവരാണ് കർണാടകയിലെ ബട്ക്കലിൽ നിന്നുവന്ന മുസ്ലിം വ്യാപാരികൾ. പൊതുവെ വെളുത്ത ചർമ്മമുള്ളവരും കൊങ്കിണി ഭാഷയോട് സാമ്യമുള്ള ഭാഷ ഉപയോഗിക്കുന്നവരും മലയാളം വ്യതിരിക്തശൈലിയിൽ സംസാരിക്കുന്നവരുമായ ഇവരെ പ്രാദേശികർ 'വട്ടക്കോളി'കൾ എന്നാണ് വിളിച്ചുവരുന്നത്. ജൗളി, ഹോട്ടൽ, സ്റ്റേഷനറി, സ്റ്റീൽ എന്നീ വ്യാപാര മേഖലകളിൽ വിരാജിക്കുന്നവരാണിവർ.

ബട്ക്കലിൽ നിന്ന് വരുന്നവരായത് കൊണ്ടാണ് ഇവർ ബട്ക്കലികൾ അല്ലെങ്കിൽ വട്ടക്കോളികൾ എന്നറിയപ്പെടുന്നത്. ഈ സമൂഹം നീവായത്തുകൾ എന്നാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. നിയാന്തി എന്ന പേർഷ്യൻ പദത്തിൽ നിന്നാണ് ഈ പേരിന്റെ ഉത്ഭവം. കൊങ്കൺ തീരത്ത് പുതുതായി എത്തിച്ചേർന്നതിന്റെ നാമമായി പുതിയവർ എന്നർഥമുള്ള പേർഷ്യൻ പദം ഈ സമൂഹത്തിന്റെ നാമമായി എന്നൊരഭിപ്രായമുണ്ട്. എന്നാൽ അറേബ്യയിലെ നൈത്ത് എന്നൊരു ഗോത്രവർഗ്ഗരായിരുന്നിവരെന്നും അവിടത്തെ പ്രാദേശിക ഭരണാധികാരികളിൽ നിന്ന് പീഡനം സഹിക്കാതെ വന്നപ്പോൾ പലായനം ചെയ്തവരാണെന്നുമുള്ള മറ്റൊരഭിപ്രായം നിലവിലുണ്ട്. അറേബ്യയിൽ നിന്നല്ല ഇറാഖിൽ നിന്നാണ് അത്തരത്തിൽ എത്തിച്ചേർന്നതെന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. അങ്ങനെ പലായനം ചെയ്ത

വരിൽ ഒരു സംഘം കൊങ്കൺ തീരത്തെ ബട്ക്കലിലും പിന്നീട് കുന്താപുരത്തിലും മറ്റൊരു സംഘം തമിഴ്നാട്ടിലെ കീഴക്കരയിലും ആവാസമുറപ്പിച്ചു. അറേബ്യയിൽ നിന്ന് പലായനം ചെയ്ത മറ്റൊരു ഗോത്രവർഗ്ഗക്കാരായിരുന്നു പിന്നീട് കുടകന്മാരായി അറിയപ്പെടുന്നവരെന്നും അഭിപ്രായമുണ്ട്.

ബട്ക്കലിൽ ആവാസമുറപ്പിച്ചവർ അചിരേണ വ്യാപാര രംഗത്ത് ആധിപത്യമുറപ്പിക്കാനാരംഭിച്ചു. വ്യാപാരവുമായി ബന്ധപ്പെട്ട് ഇവർ ദക്ഷിണേന്ത്യയിലെ നിരവധി പട്ടണങ്ങളിൽ സാന്നിധ്യം ഉറപ്പിച്ചു. രുചികരമായ നോൺ വെജിറ്റേറിയൻ ആഹാരങ്ങൾ ലഭ്യമായിരുന്ന ബട്ക്കൽക്കാരുടെ ഹോട്ടലുകൾ എല്ലായിടങ്ങളിലും പെട്ടെന്ന് ജനപ്രീതി നേടി. വസ്ത്രാലയരംഗത്തും ബട്ക്കൽക്കാർ അവരുടെ ആധിപത്യമുറപ്പിച്ചു. മിതമായ നിരക്ക്, സത്യസന്ധമായ വ്യാപാര രീതി എന്നിവയാണ് ഇവരെ എല്ലായിടങ്ങളിലും സ്വീകാര്യരാക്കിയത്. പിന്നീടാണ് സ്റ്റേഷനറി രംഗത്തും സ്റ്റീൽ വ്യാപാര രംഗത്തും ഇവർ പ്രവേശിച്ചത്. ദാനധർമ്മങ്ങൾ നൽകുന്നതിൽ മുൻപന്തിയിൽ നിന്നിരുന്ന ഈ വ്യാപാരികൾ സാമൂഹിക രംഗത്തും അംഗീകാരം നേടിയെടുത്തു. ബട്ക്കലിൽ ഈ വ്യാപാരി സമൂഹത്തിന്റെ സംഘടനകൾ സ്കൂളുകളും കോളേജുകളും പ്രൊഫഷണൽ കോളേജുകളും അറബി കോളേജുകളും നടത്തി വരുന്നു. പുതിയ തലമുറകളെ വിദ്യാസമ്പന്നരാക്കാൻ ഈ സ്ഥാപനങ്ങൾ സഹായകമായി.

കോഴിക്കോടുള്ള കുറ്റിച്ചിറ ജുമാഅത്ത് പള്ളിയുടെ പ്രസംഗ പീഠം (മിമ്പർ) നിർമിച്ചത് ബട്ക്കൽകാരനായ ഒരു നഹൂദയാണെന്ന് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. ഇത് പതിനേഴാം നൂറ്റാണ്ടിലായിരുന്നു. ഏകദേശം അതേകാല ഘട്ടത്തിൽ തന്നെ ബട്ക്കലുകാർ തലശ്ശേരിയിലും ഉണ്ടായിരുന്നു എന്ന് ഊഹിക്കാവുന്നതാണ്.

കഴിഞ്ഞ തലമുറ ഓർക്കുന്ന രണ്ട് ബട്ക്കൽ സഹോദരന്മാർ തലശ്ശേരിയിലുണ്ടായിരുന്നു. കെ അഹമ്മദ് ത്വാഹിർ സാഹിബും അനുജൻ കെ ഷംസുദ്ദീൻ സാഹിബുമായിരുന്നു അവർ. മതപണ്ഡിതന്മാർ കൂടിയായിരുന്ന അവർ തലശ്ശേരിയിലെ മുസ്ലിംകളുടെ ഇടയിൽ വലിയ മുസ്ല്യാർ, ചെറിയ മുസ്ല്യാർ എന്നീ പേരുകളിലായിരുന്നു അറിയപ്പെട്ടിരുന്നത്. വലിയ മുസ്ല്യാരെന്ന് അറിയപ്പെട്ട അഹമ്മദ് ത്വാഹിർ സ്വന്തം കൈപ്പടയിൽ എഴുതിയ വിശുദ്ധ ഖുർആൻ വളരെക്കാലം ആലിഹാജിപ്പള്ളിയിൽ സൂക്ഷിക്കപ്പെട്ടിരുന്നു. (മനോഹരമായ അറബി കൈപ്പടയിൽ എഴുതപ്പെട്ട പ്രസ്തുത ഗ്രന്ഥം ഈ ലേഖകൻ നേരിൽ കണ്ടിട്ടുണ്ട്.) ഈ സഹോദരന്മാരുടെ കുടുംബ പേര് ഖാസിയ എന്നായിരുന്നു. ഇത് അവർ ഖാസി പരമ്പരയിൽപ്പെട്ടവരായിരുന്നുവെന്ന് സൂചിപ്പി

ക്കുന്നു. ത്വാഹിർ സാഹിബിന്റെ പുത്രനായ കെ മുഹമ്മദ് സാഹിബ് ആണ് പിന്നീട് തലശ്ശേരിയിലെ പ്രശസ്തമായ മൊത്ത വസ്ത്ര വ്യാപാര സ്ഥാപനം നടത്തിവന്നിരുന്നത്. ത്വാഹിർ സാഹിബിന്റെ പൗത്രനായ അബ്ദുൽ ഖയ്യൂം സാഹിബ് ആണ് ഇപ്പോൾ ഈ സ്ഥാപനത്തിന്റെ ഉടമസ്ഥർ.

തലശ്ശേരിയിൽ ബട്ക്കലുകാരുടെ ഹോട്ടലുകൾ പ്രസിദ്ധമായില്ലെങ്കിലും ലോഗൻസ് റോഡിൽ താജ് ലോഡ്ജ് ആരംഭിച്ചപ്പോൾ അവിടെ താജ് ഹോട്ടൽ നടത്തിയത് ബട്ക്കൽകാരനായ സിദ്ദീഖ് ഹസ്സൻ സാഹിബായിരുന്നു. എന്നാൽ ഈ ഹോട്ടൽ അധികകാലം നിലനിന്നില്ല. സിദ്ദീഖ് ഹസൻ സാഹിബ് ബാംഗ്ലൂരിലേക്ക് പോയി. അദ്ദേഹത്തിന്റെ മകൻ എസ് എം ജിഫ്രി പ്രശസ്തനായ വിദ്യാഭ്യാസ പ്രവർത്തകനാണ്.

1960കളുടെ മധ്യത്തിൽ കോഴിക്കോട് വെസ്റ്റേൺ ഇന്ത്യ സ്റ്റീൽ കമ്പനി (വെസ്കോ) ആരംഭിച്ചപ്പോൾ അതിന്റെ മാനേജരായി നിയമിക്കപ്പെട്ടത് അമേരിക്കയിൽ നിന്ന് എം ബി എ ബിരുദം നേടിയ ബട്ക്കൽക്കാരൻ എസ് മുഹസിൻ ആയിരുന്നു. ഇദ്ദേഹമാണ് ബട്ക്കൽ സമൂഹത്തെ സ്റ്റീൽ വിപണിയിലേക്കിറങ്ങാൻ പ്രേരിപ്പിച്ചത്. ഇപ്പോഴും തലശ്ശേരിയിൽ ബട്ക്കൽകാരുടെ അയേൺ ആന്റ് സ്റ്റീൽ എന്ന സ്ഥാപനവും ഹാഡ്വേർ വ്യാപാര സ്ഥാപനങ്ങളും നിലവിലുണ്ട്.

സ്റ്റേഷനറി രംഗത്ത് ഈയ്യടുത്ത കാലം വരെ പ്രസിദ്ധമായിരുന്ന പാരഡൈസ് സ്റ്റോഴ്സ് ബട്ക്കൽ സ്വദേശിയുടേത് ആയിരുന്നു. സ്റ്റേഷനറി വിഭാഗത്തിൽപ്പെട്ട എല്ലാ സാധനങ്ങളും അവിടെ മിതമായ വിലയിൽ ലഭ്യമായിരുന്നു. തുണി വ്യാപാര രംഗത്തുണ്ടായിരുന്ന എസ് എം ജാഫർ ആന്റ് കമ്പനിയും സ്റ്റേഷനറിരംഗത്ത് വരികയുണ്ടായി. വസ്ത്രവ്യാപാര രംഗത്ത് മറ്റൊരു ശ്രദ്ധേയമായ ബട്ക്കൽ നാമം അബ്ദുറസാഖ് സാഹിബായിരുന്നു. അദ്ദേഹത്തിന്റെ സിൽക്ക് പാലസ് ഇന്നും മെയിൻ റോഡിൽ സ്ഥിതി ചെയ്യുന്നു. തികച്ചും തലശ്ശേരിക്കാരായി മാറിയവരായിരുന്നു അബ്ദുൽ റസാഖ് സാഹിബും കുടുംബവും.

1974ൽ തലശ്ശേരിയിൽ നടന്ന കേരള ഉർദു കോൺഫറൻസിന്റെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ചവർ ബട്ക്കൽ സമൂഹമായിരുന്നു. കൊങ്കിണി ഭാഷയോട് സാമ്യമുള്ള നിവായത്തി ഭാഷ ഉർദു ലിപിയാണുപയോഗിക്കുന്നത്. ഈ ഭാഷയിൽ നഖ്ശെ നിവായത്തി എന്നൊരു മാസിക ബട്ക്കലിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. തലശ്ശേരിയിൽ അഞ്ചുമൻ ഇസ്ലാഹുൽ ലിസ്സാൻ ഒരു ഉർദു കോളേജ് ആരംഭിച്ചപ്പോൾ അതിന്റെ പ്രിൻസിപ്പളായിരുന്നത് ബട്ക്കൽ സ്വദേശിയായ ബാദ്ഷാ സാഹിബായിരുന്നു. അദ്ദേഹം കെ മുഹമ്മദ് സാഹബ് വ്യാപാര സ്ഥാപന

ത്തിലെ മാനേജിംഗ് പാർട്ണറായിരുന്നു.

ഗൾഫ് സ്വാധീനം ബട്ക്കൽക്കാരുടെ തലശ്ശേരിയടക്കമുള്ള കേരളത്തിലെ സാന്നിധ്യത്തെ ബാധിച്ചിട്ടുണ്ട്. അവരുടെ വ്യാപാരം ഇപ്പോഴധികവും ഗൾഫ് മേഖലയിലാണ്.

ബട്ക്കലുകാർ എന്നും ഗൃഹാതുരത്വത്തോടെ ജീവിക്കുന്ന വരാണ്. പലരും കുടുംബങ്ങളെ ബട്ക്കലിൽ തന്നെയാണ് താമസിപ്പിക്കുന്നത്. ബട്ക്കലിലേക്ക് തിരിച്ചു പോകണമെന്ന ത്വരയാണ് അവർ തലശ്ശേരിയിലെ സാമൂഹികരംഗത്ത് അന്യരായി ത്തീരാൻ കാരണം. അബ്ദുൽ റസാഖ് സാഹിബിനെ പോലുള്ള ചില അപവാദങ്ങളും കാണാം. മരിച്ചാൽ പോലും ബട്ക്കലിലേക്ക് മൃതദേഹം സംസ്ക്കരിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവരാ ണെങ്കിലും ഗതകാലത്തിൽ ഏതാനും ചില ബട്ക്കലുകാരുടെ മൃതദേഹങ്ങൾ തലശ്ശേരി ജുമുഅത്ത് പള്ളിയിൽ അടക്കം ചെയ്യ പ്പെട്ടിരുന്നു ●

28

# തിരുവങ്ങാടിലെ തങ്ങൾ

കാലം ആശ്ചര്യകരമായ പരിണാമങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. തിരിച്ചറിയാനാവാത്ത രീതിയിൽ ഭൂപ്രകൃതിക്ക് മാറ്റം വരുന്നു. പഴയ ആഢ്യത്വങ്ങളും പ്രമാണിത്വങ്ങളും മൺമറഞ്ഞ് പുതുപ്രമാണിമാർ പ്രത്യക്ഷപ്പെടുന്നു. കാലഗതിയുടെ അനിവാര്യതയാണിവയൊക്കെ. തലശ്ശേരി ഒരു പട്ടണമായി പ്രസിദ്ധി യാർജ്ജിക്കുന്നതിന് മുമ്പ് തന്നെ തിരുവങ്ങാട് പ്രശസ്തമായ സ്ഥലമായിരുന്നു. പഴയ കോട്ടയം താലൂക്കിലെ (തലശ്ശേരി താലൂക്ക് പിന്നീടുണ്ടായതാണ്) സുപ്രധാനഗ്രാമമായിരുന്നു തിരുവങ്ങാട്. വിഖ്യാതമായ ശ്രീരാമക്ഷേത്രസ്ഥാനം കൊണ്ട് ധന്യമായ സ്ഥലം. ക്ഷേത്രവും ചിറയും ബ്രാഹ്മണമഠങ്ങളും ഏതാനും നായർ കുടുംബങ്ങളും പിന്നെ ക്ഷേത്രത്തിനടുത്ത വിശാലമായ വയലും (വയലളം) ഇതായിരുന്നു പഴയ തിരുവങ്ങാടിന്റെ ഭൂപടം. ബ്രാഹ്മണ മഠങ്ങളിൽ ഏറെ പ്രസിദ്ധിയാർ ജ്ജിച്ചതായിരുന്നു ചാത്തോത്ത് മഠം- മട്ടന്നൂർ മധുസൂദനൻ തങ്ങളുടെ ആവാസ കേന്ദ്രം.

ചില ബ്രാഹ്മണവിഭാഗങ്ങളിലെ ആഢ്യസ്ഥാനത്തെ കുറിച്ചുള്ള ബഹുമാന പേരായിരുന്നു തങ്ങൾ എന്നത്. മുസ്ലിം സയ്യിദ് വിഭാഗത്തിലുള്ളവരും അവരുടെ ആഢ്യത്വം കുറിക്കാൻ തങ്ങൾ എന്ന് അവരുടെ പേരിന് പിന്നിൽ ചേർക്കാൻ തുടങ്ങിയതു കൊണ്ടായിരുന്നു മുസ്ലിംകളുടെ ഇടയിലും തങ്ങൾമാരുണ്ടായത്.

പണ്ഡിതനും വാഗ്മിയുമായിരുന്നു മധുസൂദനൻ തങ്ങൾ. അദ്ദേഹവും അദ്ദേഹത്തിന്റെ അന്തർജനവും അദ്ദേഹത്തിന്റെ അനുജൻ മധുസൂദനൻ തങ്ങളുമായിരുന്നു ചാത്തോത്ത് മഠത്തിൽ താമസിച്ചു വന്നിരുന്നത്. അളവില്ലാത്ത സ്വത്തിന്റെ അവകാശിയായ തങ്ങൾ വലിയ ധർമ്മിഷ്ഠനും പരോപകാരിയുമായിരുന്നു. തങ്ങളുടെ മഠത്തിൽ എന്നും വിരുന്നുകാരുണ്ടായിരിക്കും. സ്ഥിരം താമസിക്കുന്ന ഏതാനും ആശ്രിതരും. ബുദ്ധിശാലിയായ മധുസൂദനൻ തങ്ങൾ ഒരു സാഹിത്യ രസികനായിരുന്നു. സ്വന്തമായി കവിതകൾ രചിച്ചിരുന്നു. കവികളും സാഹിത്യകാരന്മാരും ചാത്തോത്ത് മഠത്തിലെ നിത്യസന്ദർശകരായിരുന്നു. മഠത്തിൽ നല്ലൊരു ഗ്രന്ഥശാല കൂടിയുണ്ടായിരുന്നു. സാഹിത്യത്തെ പോലെതന്നെ രാഷ്ട്രീയവും തങ്ങളുടെ ഇഷ്ട താത്പര്യങ്ങളിൽ പെട്ടതായിരുന്നു. സ്വതസിദ്ധമായ വാഗ്മിത്വം ഈ രംഗത്ത് ശോഭിക്കാൻ അദ്ദേഹത്തെ സഹായിക്കുകയും നിയമസഭാമെമ്പറാവുകയും ചെയ്തിരുന്നു.

എന്നാൽ അപ്പൂപ്പൻ കാലത്ത് സമ്പാദിച്ചുവെച്ച സ്വത്തുക്കൾ ചിലവഴിച്ചു തീർക്കുക എന്ന വിധിയായിരുന്നു തങ്ങളുടേത്. അപ്പൂപ്പന്റെ മിതവ്യയ ശീലമായിരുന്നില്ല അപ്പൂപ്പന്റെ ഈ 'തമ്പാച്ചി'ക്ക് (അപ്പൂപ്പൻ തങ്ങളെ അങ്ങനെയായിരുന്നു വിളിച്ചിരുന്നത്) ഉണ്ടായിരുന്നത്. അപ്പൂപ്പൻ ഒരിക്കൽ ഒരു കേസാവശ്യാർഥം തമ്പാച്ചിയെ അഞ്ചുരൂപ കൊടുത്ത് തലശ്ശേരിക്ക് വിട്ടു. തിരിച്ചു വന്നപ്പോൾ അപ്പൂപ്പൻ കണക്കു ചോദിച്ചു. രണ്ടുരൂപയുടെ കണക്ക് പറഞ്ഞൊപ്പിച്ചു. ബാക്കി ചായ കുടിച്ചെന്നു പറഞ്ഞു. അപ്പൂപ്പൻ ആശ്ചര്യത്തോടെ പറഞ്ഞു: 'നോക്കൂ തമ്പാച്ചീ, എന്റെ കൈയ്യിന്റെ ചൂണ്ടൻ വിരൽ കണ്ടോ? ചോറിന് കൂട്ടാൻ കാന്താരി ഉടച്ച തഴമ്പാ. നീ ഒരു അഞ്ചുരൂപേന്റെ ചായ കുടിച്ചുവല്ലേ?'

പണം ചിലവഴിക്കാൻ ഒരു മടിയുമില്ലാത്ത വ്യക്തിയായിരുന്നു മധുസൂദനൻ തങ്ങൾ. വരുന്നവർക്കും വിശേഷ ദിവസങ്ങളിലും സദ്യയുടെ പൊടിപൂരം. ആശ്രിതരേയും കൂട്ടിയുള്ള തീർഥാടനങ്ങൾ. എഴുപത് വയസ്സ് പിന്നിട്ട് മരിക്കുന്നതുവരെ ഇവയ്ക്കൊന്നും യാതൊരു മുടക്കവും ഉണ്ടായിരുന്നില്ല. അനുജൻ മധുസൂദനൻ നേരത്തെ നിര്യാതനായിരുന്നു. തങ്ങൾക്ക് ആൺ സന്താനങ്ങൾ ഉണ്ടായിരുന്നില്ല. ഭൂസ്വത്തുക്കൾ ഓരോന്നായി വിറ്റു ചെലവഴിക്കുക എന്നത് തങ്ങളുടെ ആർഭാടമായിത്തീരുകയാണുണ്ടായത്. മിഷൻ സ്കൂളിലെ പ്രശസ്ത ഹെഡ്മാസ്റ്റർ അപ്പുക്കുട്ടി അടിയോടി ഒരിക്കൽ തങ്ങളോട് ചോദിച്ചുവത്രെ 'ഇങ്ങനെ എല്ലാം വിറ്റുകളഞ്ഞാൽ പറ്റുമോ?'. സരസമായൊരു ഉത്തരമായിരുന്നു തങ്ങൾ അതിന് നല്കിയത്. 'ഞാൻ എന്തിനിനി കൂട്ടിവെയ്ക്കണം?

അതു തിന്നാൻ ആരുണ്ട്? കൂട്ടിവെച്ച കൂട്ടരുടെയൊക്കെ സ്വത്ത് ഇപ്പോൾ ആർ അനുഭവിക്കുന്നു.' എത്ര പ്രസക്തമായിരുന്നു ആ ഉത്തരം. തന്ത്രമന്ത്രാദികളും യോഗവിദ്യകളും വശമുള്ള തങ്ങൾക്ക് വരും കാലത്തെ കുറിച്ച് മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നുവെന്ന് ഗണിക്കാവുന്നതാണ്. അർഥികൾക്ക് ധാരാളം കൊടുത്തതു കൊണ്ട് ഭർതൃഹരി വിശേഷിപ്പിക്കുന്ന തരത്തിൽ 'ലളിത വിഭവ നാ'യ വ്യക്തിയായിരുന്നു മധുസൂദനൻ തങ്ങൾ എന്ന് സി എച്ച് കുഞ്ഞപ്പ തന്റെ 'സ്മരണകൾ മാത്രം' എന്ന കൃതിയിൽ അനുസ്മ രിക്കുന്നുണ്ട് ●

# 29

# തലശ്ശേരിയിലെ മേമൻ സേട്ടുമാർ

ഗതകാല തലശ്ശേരിയുടെ വ്യാപാര പ്രതാപത്തിന്റെ അവിഭാജ്യ കണ്ണിയായിരുന്നു മേമൻ സേട്ടുമാർ. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി പതിനേഴാം ശതകത്തിൽ തലശ്ശേരിയിൽ പാണ്ടികശാലകൾ ആരംഭിച്ചത് ഒരു ചരിത്രരേഖയാണെങ്കിലും യഥാർഥത്തിൽ തലശ്ശേരിയിലെ പാണ്ടികശാലകൾ മുസ്‌ലിം, വ്യാപാരികളുടേ തായിരുന്നു. തലശ്ശേരിയിലെ കേയി കുടുംബങ്ങൾ, കുന്നത്ത് കുടുംബം, കോട്ടയ (മലബാർ)ത്തുള്ള കോട്ടാൽ, പൊന്നമ്പലത്ത്, രണ്ടുപുര കുടുംബങ്ങൾ എന്നിവരുടെ പാണ്ടികശാലകളായി രുന്നു തലശ്ശേരിയിൽ ഭൂരിപക്ഷമുണ്ടായിരുന്നത്. ഈസ്റ്റിന്ത്യാ കമ്പനിയുമായി ഇവർ വ്യാപാരം നടത്തി. തങ്ങളുടെ കുരുമുളകും വിവിധ സ്ഥലങ്ങളിൽ നിന്ന് ശേഖരിച്ചു വന്നിരുന്ന കുരുമുളക്, ചുക്ക്, പുൽത്തൈലം തുടങ്ങിയ സുഗന്ധദ്രവ്യങ്ങൾ ഈ പാണ്ടി കശാലകളിൽ സൂക്ഷിക്കപ്പെട്ടിരുന്നു. ഇവരോടൊപ്പം തന്നെ മറുനാട്ടിൽ നിന്ന് വന്ന പ്രമുഖ മുസ്‌ലിം വ്യാപാരികളായിരുന്നു മേമൻ സേട്ടുമാർ. ചരിത്രപരമായി സേട്ടുമാരുടെ പൂർവ്വികം സിന്ധായിരുന്നു. സിന്ധിലെ ലൊഹാന സമൂഹം ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടപ്പോൾ അവർക്ക് നൽകപ്പെട്ട പേരാ യിരുന്നു മുഅമിൻ എന്നത്. അത് ലോപിച്ചാണ് മേമൻ ആയത്. ഇവരുടെ പൂർവ്വികനായ ആദമിന് ഇവരുടെ ആത്മീയ ഗുരുവായ പീർ യൂസുഫുദ്ദീൻ നൽകിയ സേത്താ എന്ന സ്ഥാനപ്പേരാണ് പിന്നീട് ഈ വിഭാഗത്തിന്റെ പേരുകളുടെ അന്ത്യപ്രത്യയമായ

സേട്ടുവിന്റെ ഉത്ഭവം. മാർഗദർശകൻ എന്ന മൂലാർത്ഥമുണ്ടായിരുന്ന ഈ പദത്തിന് പിന്നീട് അർഥവ്യതിയാനങ്ങളുണ്ടായി.

സിന്ധിൽ പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നപ്പോൾ കാനാ സേട്ടുവിന്റെ നേതൃത്വത്തിൽ ഗുജറാത്തിലെ കച്ചിലെ ഭുജിൽ നൂറ്റമ്പതോളം കുടുംബങ്ങൾ കുടിയേറി. ഇവരാണ് കച്ച് മേമൻ സേട്ടുമാരായി പിന്നീട് ഇന്ത്യയിലെ വ്യാപാര പ്രമുഖരായി തീർന്നത്. കത്തിയവാറിലെ ഹലാറിൽ മറ്റൊരു വിഭാഗം കുടിയേറിയിരുന്നു. ഇവർ ഹലായ് മേമന്മാർ എന്നറിയപ്പെട്ടു. കച്ച് മേമ്മാരും ഹലായ് മേമ്മാരും തലശ്ശേരിയിൽ വ്യാപാര രംഗത്തുണ്ടായിരുന്നു.

തലശ്ശേരിയിൽ വ്യാപാര രംഗത്ത് ഏറ്റവുമധികം പ്രാമുഖ്യം നേടിയത് ഹാജി അലി മുഹമ്മദ് നൂറാനി സേട്ടുവിന്റെ പൂർവികരായിരുന്നു. തലശ്ശേരിയിലെ സുഗന്ധദ്രവ്യങ്ങൾ കയറ്റുമതി ചെയ്യുകയും പകരം അരി തുടങ്ങിയ വ്യഞ്ജനങ്ങൾ ഇറക്കുമതി ചെയ്യുകയുമായിരുന്നു നൂറാനി സേട്ടു കുടുംബത്തിന്റെ വ്യാപാരം. തലശ്ശേരി മെയിൻ റോഡിൽ സ്ഥിതി ചെയ്യുന്ന ആലിഹാജി പള്ളി നിർമ്മിച്ചത് ഹാജി അലി മുഹമ്മദ് നൂറാണി സേട്ടുവായിരുന്നു-ഏകദേശം ഇരുന്നൂറ് വർഷങ്ങൾക്ക് മുമ്പ്. ഈ പള്ളി നിർമ്മാണത്തിന് പിന്നിൽ ഒരൈതീഹ്യമുണ്ട്. നൂറാനി സേട്ടുവിന് എത്തിച്ചേരേണ്ടുന്ന കപ്പൽ ചരക്കുകൾ സമയം വൈകിയും തലശ്ശേരിയിൽ എത്താതായപ്പോൾ അവ നഷ്ടപ്പെട്ടു പോയോ എന്ന് ഭയന്ന നൂറാനി സേട്ടു ഒരു നേർച്ച നേർന്നത്രെ. തന്റെ കപ്പലുകൾ സുരക്ഷിതമായി എത്തിയാൽ തലശ്ശേരിയിൽ ഒരു പള്ളി പണിയുമെന്നും പള്ളിക്കാവശ്യമുള്ള ചെലവുകൾക്ക് സ്ഥിരവരുമാനമുണ്ടാവുന്ന സ്ഥാനത്തുണ്ടാക്കുമെന്നുമായിരുന്നു പ്രസ്തുത നേർച്ച. നേർച്ച ഫലിച്ചു. കപ്പലുകൾ സുരക്ഷിതമായി തലശ്ശേരി തുറമുഖത്തെത്തി. സേട്ടു വാക്കുപാലിക്കുകയും ചെയ്തു. ഇന്നും ആലി ഹാജി പള്ളിക്കും അതിനനുബന്ധമായ പിലാക്കൂലിലെ മഖാമിനും നിർവാഹ ചെലവുകൾക്ക് ആരേയും ആശ്രയിക്കേണ്ടി വന്നിട്ടില്ല. കച്ച് മേമ്മമാരുടെ ആത്മീയ ഗുരുവായി മുഹമ്മദ് ഷാജിലാനി ഭുജ് കച്ച് വാലിയുടെ മകൻ പീർ അലിഷാ തലശ്ശേരിയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശവക്കല്ലറ പിലാക്കൂലിലുള്ള മഖാമിലാണ് സ്ഥിതി ചെയ്യുന്നത്. കച്ച് സേട്ടുമാർ തലശ്ശേരിയിൽ ഉണ്ടായിരുന്ന കാലം വരെ അവരുടെ ആത്മീയ ഗുരുവിന്റെ ചരമദിനാഘോഷം നടത്തിവന്നിരുന്നു. പ്രസ്തുത ദിവസം നേർച്ചച്ചോറ് വിതരണവും നടത്തിയിരുന്നു. ഈ മഖാമിന്റെ പറമ്പായിരുന്നു മേമൻ സേട്ടുമാരുടെ തലശ്ശേരിയിലെ ഖബർസ്ഥാൻ. ഹനഫി വിഭാഗത്തിലുള്ളവർക്കുള്ള ഖബർസ്ഥാനും ഇതുതന്നെ.

വ്യാപാരത്തിൽ നിന്ന് രാഷ്ട്രീയരംഗത്തേക്ക് വന്ന ചരിത്രമാണ് സത്താർസേട്ടുവിന്റെ കുടുംബത്തിന്റേത്. പാക്കിസ്ഥാൻ രൂപീകര

ണത്തോടെ പാക്കിസ്ഥാനിലേക്ക് കുടിയേറുകയും പാക്കിസ്ഥാന്റെ ഹൈക്കമ്മീഷണറായി വിവിധ രാജ്യങ്ങളിൽ സേവനമനുഷ്ഠിക്കുകയും ചെയ്ത അബ്ദുൽ സത്താർ സേട്ടുവിന്റെ പൂർവ്വികർ തലശ്ശേരിയിൽ വ്യാപാരികളായിരുന്നു. സത്താർ സേട്ടുവിന്റെ പിതാവ് ഇസ്ഹാഖ് സേട്ടു തലശ്ശേരിയിലെ പ്രമുഖ വ്യാപാരിയായിരുന്നു. അദ്ദേഹം വിലയ്ക്ക് വാങ്ങിയ കെട്ടിടമാണ് ഇന്ന് വാദ്ധ്യാർ പീടികയ്ക്ക് മുകളിലുള്ള മൂന്ന് നിലക്കെട്ടിടം. എന്നാൽ മകൻ സത്താർ സേട്ടുവിന്റെ താത്പര്യം വ്യാപാരത്തിൽ നിന്ന് രാഷ്ട്രീയത്തിലേക്ക് തിരിഞ്ഞു. മലബാറിൽ മുസ്ലിം ലീഗിന്റെ വളർച്ചയ്ക്ക് എല്ലാവിധ സഹായങ്ങളും നൽകിവന്നിരുന്നത് സത്താർ സേട്ടുവായിരുന്നു. അതോടെ അദ്ദേഹത്തിന്റെ കുടുംബ വ്യാപാരം മന്ദഗതിയിലായി. കുടുംബ സ്വത്തുക്കൾ ഓരോന്നായി പാർട്ടി പ്രവർത്തനങ്ങൾക്കായി വിൽക്കപ്പെടുകയും ചെയ്തു. സത്താർ സേട്ടുവിന്റെ അതിഥികളായാണ് ഭോപ്പാൽ രാജാവായിരുന്ന നവാബ് ഹാമീദലി ഖാൻ, നവാബ് ബഹദൂർ യാർ ജംഗ്, മഹമ്മൂദ് ബാദ് രാജാ ഫസലുൽ ഹഖ്, ലിയാഖത്തലിഖാൻ, ഷൗഖത്തലി, മുഹമ്മദലി തുടങ്ങിയവർ തലശ്ശേരി സന്ദർശിച്ചത്. ജിന്നാ സാഹിബ് ക്ഷണം സ്വീകരിച്ചുവെങ്കിലും കോഴിക്കോട്ടെത്തിയ അദ്ദേഹം അനാരോഗ്യം കാരണം തലശ്ശേരിയിൽ വരാതെ തിരിച്ചുപോവുകയായിരുന്നു.

സത്താർ സേട്ടു കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലി അംഗമായത് മലബാറിൽ മുസ്ലിം ലീഗിന്റെ വളർച്ചയ്ക്ക് ഏറെ സഹായകരമായിരുന്നു. വളരെ ദീനാനുകമ്പയുള്ള ദേഹമായിരുന്നു ഹാജി അബ്ദുൽ സത്താർ സേട്ടു. അദ്ദേഹം പണികഴിപ്പിച്ചതായിരുന്നു തലായിയിൽ ഇന്നും സ്ഥിതി ചെയ്യുന്ന സേട്ടുവിന്റെ പള്ളി. തണ്ണീർപന്തലുകൾക്കായി അദ്ദേഹം തലശ്ശേരിയിൽ ഏഴ് കിണറുകൾ കുഴിപ്പിച്ചിരുന്നു. അത്തരം കിണറുകളിൽ ഒന്ന് ഇന്നും കസ്റ്റംസ് റോഡിൽ കാണാവുന്നതാണ്. വിഭജനാനന്തരം പാക്കിസ്ഥാനിലേക്ക് കുടിയേറിയ സത്താർ സേട്ടുവിന്റെ സ്വത്തുക്കൾ ഇന്ത്യാ ഗവൺമെന്റ് കണ്ടെടുത്തു. പിന്നീട് വ്യവഹാരങ്ങൾക്ക് ശേഷം സേട്ടുവിന്റെ ആലപ്പുഴയിലെ ബന്ധുക്കൾക്ക് മെയിൻ റോഡിലെ കെട്ടിടങ്ങളും മറ്റും ഗവൺമെന്റ് തിരിച്ചു നൽകി. തലശ്ശേരിയിലെ ഈദ്ഗാഹ് സ്ഥാപനത്തിന് മുൻകൈയ്യെടുത്തവരിൽ ഒരാൾ കൂടിയായിരുന്നു സത്താർ സേട്ട്.

മേമൻ സേട്ടുമാരുടെ വ്യാപാര പാരമ്പര്യത്തിൽ നിന്ന് വ്യതിചലിച്ച് രാഷ്ട്രീയ രംഗത്തേക്ക് വന്ന് പ്രശസ്തനായ മറ്റൊരു വ്യക്തി ഇബ്രാഹിം സുലൈമാൻ സേട്ടുവാണ്. അദ്ദേഹത്തിന്റെ ബാല്യകാല ജീവിതം തലശ്ശേരിയിലായിരുന്നു. വിദ്യാഭ്യാസം അന്ന് മിഡിൽ സ്കൂൾ മാത്രമായിരുന്ന സെന്റ് ജോസഫ്സ്

സ്കൂളിൽ വെച്ചായിരുന്നു.

തലശ്ശേരിയിൽ വ്യാപാര പ്രമുഖനായ ഹലായ് മേമൻ സേട്ടുവായിരുന്നു ഹുസ്സൻ കാസിം ദാദാ. തലശ്ശേരിയിലെ നിർധനരായ മുസ്‌ലിം വിദ്യാർഥി- വിദ്യാർഥിനികൾക്ക് ധനസഹായം നൽകാൻ അദ്ദേഹം ആവിഷ്ക്കരിച്ച സ്കോളർഷിപ്പ് പദ്ധതി ഇന്നും അദ്ദേഹത്തിന്റെ സ്മാരമായി നടത്തിവരുന്നു. മേമൻ സേട്ടുമാർ സ്ഥാപിച്ച യൂസുഫിയ്യ മദ്രസയും ട്രസ്റ്റും അവരുടെ അഭാവത്തിൽ ഇന്നും നിലനിൽക്കുന്നു. ശൈഖ് അബ്ദുൽ ഖാദർ ജീലാനിയുടെ പരമ്പരയിലെ സയ്യിദ് പീർ യൂസഫുദ്ദീൻ അബു സഖറിയായിരുന്നു സിന്ധിലെ ലൊഹാന സമൂഹത്തെ മേമൻ മുസ്‌ലിംകളായി പരിവർത്തിക്കാൻ കാരണ ഭൂതനായത്. ഈ ആത്മീയ നേതാവിന്റെ സ്മരണ നിലനിർത്താനായിരുന്നു മദ്രസയ്ക്ക് യൂസുഫിയ്യ എന്ന് നാമകരണം ചെയ്തത്. മേമമൻ സേട്ടുമാർക്ക് ഖാദരിയ്യ ത്വരീഖത്തുമായാണ് ആത്മബന്ധമുണ്ടായിരുന്നത്. മുസ്‌ലിം കലണ്ടറിലെ റബീഉൽ ആഖിർ മാസം പതിനൊന്നാം തിയ്യതിക്ക് ശൈഖ് അബ്ദുൽ ഖാദർ ജീലാനിയുടെ മുഹിയുദ്ദീൻ മൗലീദ് കഴിക്കുക പതിവുമുണ്ടായിരുന്നു

തലശ്ശേരിയുടെ വൃദ്ധിക്ഷയത്തോടെ മേമൻ സേട്ടുമാരുടെ തലശ്ശേരിയിലെ വ്യാപാര പ്രതാപവും അസ്തമിച്ചു. സേട്ടു പരമ്പരയിലെ തലശ്ശേരിയിലെ അവസാനത്തെ വ്യാപാരി മുഹമ്മദ് ദാവൂദ് സേട്ടുവായിരുന്നു.

മേമൻ സേട്ടുമാർ, തലശ്ശേരിയിലും പ്രാന്തപ്രദേശങ്ങളായ മാഹി, പാറാൽ എന്നിവിടങ്ങളിലുമുള്ള മുസ്‌ലിം കുടുംബങ്ങളുമായി വിവാഹ ബന്ധം പുലർത്തിയിരുന്നു. അങ്ങനെ പ്രാദേശിക മുസ്‌ലിം കുടുംബങ്ങളുമായുള്ള ബന്ധവും അവർക്കുണ്ടായിരുന്നു. സേട്ടുമാരും അവരുമായുള്ള ബന്ധങ്ങൾ സ്മരണയായി നിലനിർത്തിയും ഗതകാലത്തിന്റെ ഭാഗമായിത്തീർന്നിരിക്കുകയാണ്. ആലിഹാജി പള്ളിയും മഖാമും സേട്ടുവിന്റെ പള്ളിയും ഹുസ്സൻ കാസിം ദാദാ സ്കോളർഷിപ്പും യൂസുഫിയ്യ മദ്രസയുമാണ് മേമൻ സേട്ടുമാർ തലശ്ശേരിയിൽ വിട്ടേച്ചുപോയ പാദമുദ്രകൾ ●

## 30

# ടി.പി. കുട്ടിയമ്മു സാഹിബ് : മഹത്വമാർന്ന വ്യക്തിത്വം

മഹത്വം ചിലരിൽ ഒരുതരം ആത്മീയഗുണമാണ്. താൻ ഇടപെടുന്നവരെ താനിഷ്ടപ്പെടുന്ന കാര്യങ്ങളിലേക്ക് ഉത്തേജിപ്പിച്ച് നയിക്കുവാൻ കഴിയുക എന്നതാണ് അവരുടെ മഹത്വം. ടി.പി കുട്ടിയമ്മു സാഹിബിന്റെ മഹത്വം ഏറെക്കുറെ അത്തരത്തിലുള്ള ഒന്നായിരുന്നു. താനിഷ്ടപ്പെട്ടവരിലൊക്കെ, സ്നേഹവും, സേവനതൽപരതയും ഉദ്ദീപിപ്പിച്ച് അവരെ പ്രവർത്തനോത്സുകരാക്കാൻ കഴിഞ്ഞ ഒരു മഹത് വ്യക്തിയായിരുന്നു അദ്ദേഹം. മഹാൻമാരുടെ പ്രവർത്തനങ്ങൾ ഒരിക്കലും വ്യർത്ഥമാവുന്നില്ല. അദ്ദേഹം മുൻകയ്യെടുത്ത് ആരംഭിച്ച സംഘടനകളും സ്ഥാപനങ്ങളും അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലത്തിന്റെ വിപുലത തെളിയിക്കുന്നു; അവയുടെ വിജയം അദ്ദേഹത്തിന്റെ മഹത്വവും. തന്റെ കഴിവുകൾ രാഷ്ട്രത്തിന്റെ പുനർനിർമ്മാണത്തിനും, സമുദായോദ്ധാരണത്തിനുമായി അദ്ദേഹം അർപ്പിച്ചു. ആ ജീവിതത്തിലേക്കുള്ള ഒരെത്തിനോട്ടമാണ് ഈ ലേഖനം. ലോകചരിത്രം മഹത്തുക്കളുടെ ജീവചരിത്രമാണെന്ന് പറയാറുണ്ട്. കേരള സംസ്ഥാനത്തിന്റെ വികസന ചരിത്രവും, കേരളത്തിലെ മുസ്ലീം നവോത്ഥാനത്തിന്റെ ചരിത്രവും ടി.പി കുട്ടിയമ്മു സാഹിബിനെ ഒഴിച്ചുനിർത്തിക്കൊണ്ട് എഴുതാനാവില്ലെന്ന് അസന്ദിഗ്ദ്ധമായി പറയാം.

ക്രാന്തബുദ്ധികൾ ചെറുപ്പത്തിലേ അനിതര സാധാരണമായ കഴിവുകൾ പ്രകടിപ്പിക്കുമെന്നതിന് ടി.പി.കുട്ടിയമ്മു സാഹിബിന്റെ ബാല്യകാലം തെളിവാണ്. പഠനകാര്യങ്ങളിൽ

തികച്ചും ഏകാഗ്രത ചെലുത്തിയിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ലക്ഷ്യബോധവും, തനിക്കൊരു ദൗത്യം നിർവ്വഹിക്കേണ്ടിയിരുന്നുവെന്ന ബോധവും അദ്ദേഹത്തിന് ചെറുപ്പത്തിലേ ഉണ്ടായിരുന്നു. മിക്കവാറും വ്യാപാരികൾ മാത്രമായിരുന്ന ഒരു കുടുംബത്തിൽ പിറന്നു വളർന്ന ഒരു ബാലനിലായിരുന്നു ഈ ഗുണവിശേഷങ്ങളുണ്ടായിരുന്നതെന്നോർക്കണം. സമചിത്തതയും പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള മനസ്സാന്നിദ്ധ്യവും അദ്ദേഹം ചെറുപ്പത്തിലെ നേടിയെടുത്തിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് മലബാർ ജില്ലയിലെ ഡെപ്യൂട്ടി കലക്ടറായിരുന്ന ഖാൻ ബഹദൂർ പി.എ. അമ്മുസാഹിബിന്റെ മകനായിരുന്നു കുട്ടിയമ്മു സാഹിബ്. അമ്മു സാഹിബ് ഡെപ്യൂട്ടി കലക്ടറായിരുന്നെങ്കിലും അദ്ദേഹത്തിന്റെ കുടുംബം (തലശ്ശേരി പൂവത്താങ്കണ്ടി അച്ചാരത്ത്) ഒരു വ്യാപാരി- കുടുംബമായിരുന്നു. ജന്മികളുമായിരുന്നു. മെട്രിക്കുലേഷൻ പാസ്സായ അമ്മു സാഹിബ് വ്യാപാരമിഷ്ടപ്പെടാതെ സർക്കാർ ഉദ്യോഗത്തിന് പോവുകയാണുണ്ടായത്. തന്റെ ഉദ്യോഗത്തിൽ കഴിവും പ്രാപ്തിയും പ്രകടിപ്പിച്ച് അമ്മുസാഹിബ് പടിപടിയായി ഉയർന്ന് ഡെപ്യൂട്ടി കലക്ടറാവുകയായിരുന്നു. മലബാർ കലാപ കാലത്ത് തന്റെ ഉദ്യോഗനിർവഹണത്തിന്റെ ഫലമായി ലഹളക്കാരുടെ ശത്രുവായിത്തീരുകയും ചെയ്തിരുന്നു. അമ്മു സാഹിബിന്റെ മൂന്നാം വിവാഹത്തിലെ സന്താനങ്ങളിലൊരാളായിരുന്നു ടി.പി. കുട്ടിയമ്മു സാഹിബ്. മാതൃഗൃഹം, തലശ്ശേരിയിലെ പ്രസിദ്ധമായ തൈത്തോട്ടത്ത് പറമ്പത്ത്കണ്ടിയുമായിരുന്നു.

പിതാവിന്റെ ഔദ്യോഗിക കേന്ദ്രമായ കോഴിക്കോട്ടും, പിന്നീട് തലശ്ശേരിയിലുമായിരുന്നു കുട്ടിയമ്മു സാഹിബിന്റെ ആദ്യകാല വിദ്യാഭ്യാസം. ഇക്കാലത്ത് അദ്ദേഹത്തിൽ പ്രഭാവം ചെലുത്തിയ ഒരദ്ധ്യാപകനുണ്ടായിരുന്നു. കുട്ടിയമ്മുവിന്റെ മതവിദ്യാഭ്യാസം, അന്ന് നടപ്പിലുണ്ടായിരുന്ന രാത്രി മദ്രസ്സയിലായിരുന്നു. മദ്രസ്സ അദ്ധ്യാപകനായിരുന്ന അലി സീതി ആയിരുന്നു കുട്ടിയമ്മു സാഹിബിനെ സ്വാധീനിച്ച അദ്ധ്യാപകൻ. രൂഢമായ മതബോധം ഉൾക്കൊള്ളാൻ അദ്ധ്യാപകൻ സഹായിച്ചു. അലി സീതി, അന്ന് ബ്രണ്ണൻ കോളേജിൽ ഉറുദു അദ്ധ്യാപകൻ കൂടി ആയിരുന്നു. അലി സീതിയിലൂടെ കുട്ടിയമ്മു ഉറുദു പഠിക്കുകയും, ഉറുദു സാഹിത്യത്തെക്കുറിച്ച് ഗഹനമായി അറിയുകയും ചെയ്തു. എന്നാൽ ശിഷ്യൻ തന്റെ അദ്ധ്യാപകന് ഗുരുവായ കഥ കൂടിയായിരുന്നു അവരുടെ ബന്ധം. അലി സീതിക്ക് ഇംഗ്ലീഷ് പഠിപ്പിച്ചു കൊടുത്തത് കുട്ടിയമ്മു ആയിരുന്നു. തന്റെ ഏകാന്തതയിൽ, ഇഖ്ബാലിന്റെ ഈരടികൾ ഉൺമായി ചൊല്ലുമ്പോൾ ഒരുപക്ഷേ, കുട്ടിയമ്മു സാഹിബ് തന്റെ മൺമറഞ്ഞ അദ്ധ്യാപകന്റെ ഓർമ്മ

യ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയായിരുന്നിരിക്കണം.

മറ്റുള്ളവർ സംഭ്രമിച്ചിരിക്കുമ്പോൾ ഉറച്ച മനഃസാന്നിദ്ധ്യം പ്രകടിപ്പിച്ച ഒരു സംഭവം ഇത്തരുണത്തിൽ ഇവിടെ പരാമർ ശിക്കാം. മാപ്പിള ലഹളക്കാലത്ത് ഡെപ്യൂട്ടി കലക്ടറായിരുന്ന കുട്ടിയമ്മു സാഹിബിന്റെ പിതാവ് ലഹളക്കാരുടെ ശത്രുവാ യിരുന്നു എന്ന് നേരത്തെ പരാമർശിച്ചിരുന്നു. ഖാൻ ബഹദൂർ അമ്മു സാഹിബിന്റെ തലക്കുവേണ്ടി ദാഹിച്ച കലാപകാരികളു ണ്ടായിരുന്നു. ഏതുനേരവും അപകടം പ്രതീക്ഷിച്ചു കഴിയുകയാ യിരുന്നു അദ്ദേഹം. അങ്ങനെയിരിക്കുമ്പോഴാണ് തലശ്ശേരിയിലെ അദ്ദേഹത്തിന്റെ വസതിയിൽ ഒരു കമ്പിസന്ദേശം വന്നത്. അമ്മു സാഹിബ് വെടിവെച്ചു കൊല്ലപ്പെട്ടു എന്നായിരുന്നു ഇംഗ്ലീഷിൽ വന്ന ആ കമ്പി സന്ദേശം. വിവരമറിഞ്ഞ ഉടനെ ബന്ധുക്കളെ ല്ലാവരും നെഞ്ചുപൊട്ടി വിലപിച്ചു. കുട്ടിയമ്മു സ്കൂളിലായിരുന്നു. വിവരമറിഞ്ഞു ഓടിവന്ന അദ്ദേഹം കമ്പി വായിച്ചു ചിരിക്കുകയാ ണുണ്ടായത്. ആ കമ്പി സന്ദേശം കള്ളമാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായിരുന്നു. കാരണം പിതാവ് നേരത്തെ തന്നെ കമ്പി സന്ദേശത്തിൽ തന്നെക്കുറിക്കുന്ന ഒരു "കോഡ്" ഉണ്ടായിരി ക്കുമെന്ന് അദ്ദേഹം മകനെ ഓർമ്മിപ്പിച്ചിരുന്നു. എല്ലാവരും സംഭ്രാന്തകരായപ്പോൾ, കോഡ് നോക്കി, അതില്ലാത്തപ്പോൾ അത് കള്ളകമ്പിയാണെന്ന് മനസ്സിലാക്കാനുള്ള മനസ്സാന്നിദ്ധ്യം പ്രക ടിപ്പിച്ചു ബാലനായ കുട്ടിയമ്മു. അതിബുദ്ധിമാനാണെന്ന് പ്രസിദ്ധ നായിരുന്ന തന്റെ അമ്മാവൻ പോലും, കോഴിക്കോട്ട് പോയി വാർത്ത സ്ഥിരീകരിക്കുന്നതുവരെ, കമ്പി സന്ദേശം വിശ്വസിച്ച് വിഭ്രാന്തി കാട്ടിയിരുന്ന ഒരവസരത്തിലായിരുന്നു കുട്ടിയമ്മുവിന്റെ ഈ മനസ്സാന്നിദ്ധ്യവും ധൈര്യവുമെന്നോർക്കുക.

1929ൽ ഇൻർമീഡിയറ്റ് പാസ്സായ വർഷം കുട്ടിയമ്മു സാഹിബിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. താൻ തുടർന്ന് എന്തു പഠിക്കണമെന്നതിനെക്കുറിച്ച് ലക്ഷ്യബോധ വുമുണ്ടായിരുന്നു അദ്ദേഹത്തിന്. അതുകൊണ്ടുതന്നെ തന്റെ പിതാവിന്റെ ആഗ്രഹത്തിന് വിരുദ്ധമായി അദ്ദേഹം എഞ്ചിനീ യറിംഗ് പഠനത്തിന് പോവുകയാണുണ്ടായത്. തന്റെ മകൻ ബി.എൽ.പാസ്സായി വക്കീലാവുകയും, പിന്നീട് മുൻസിഫ് ആവു കയും ചെയ്യണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. സത്യ ത്തിനും മനഃസാക്ഷിക്കുമെതിരെ പ്രവർത്തിക്കേണ്ടിവരുന്ന ഒരു ജോലിക്കുവേണ്ടി പഠിക്കാൻ കുട്ടിയമ്മു ഇഷ്ടപ്പെട്ടില്ല. തന്നെ സേവനത്തിനായി അർപ്പണം ചെയ്യണമെന്ന ബോധം അന്നേ അദ്ദേഹത്തിലുണ്ടായിരുന്നു. പിന്നീടുള്ള അര നൂറ്റാണ്ടു കാലത്തെ അദ്ദേഹത്തിന്റെ ജീവിതം ആ ലക്ഷ്യബോധത്തിൽ ഉറച്ചു നിന്നുകൊണ്ടുള്ളതായിരുന്നു. ഇരുളടഞ്ഞ കോടതി മുറികളിൽ

സത്യം മരിക്കുന്നതിന്, മാപ്പുസാക്ഷിയാവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. അതിനു പകരം രാഷ്ട്രപുരോഗതിയെ ത്വരിതപ്പെടുത്തുന്ന, ജലസേചന പദ്ധതികളുടെയും , റോഡുകളുടെയും പള്ളികളുടെയും നിർമ്മാണപ്രവർത്തങ്ങളിലേക്ക് തന്റെ ജീവിതവും, പ്രവൃത്തിയും അർപ്പിക്കാനുതകുന്ന ഒരു പ്രവർത്തനമണ്ഡലമായിരുന്നു അദ്ദേഹം തെരഞ്ഞെടുത്തത്. ഒരു മഹാന്റെ മനസ്സ് അവിടെ തുറന്നുകാട്ടപ്പെടുകയായിരുന്നു. അങ്ങനെ ആയിരുന്നു 1930ൽ മദിരാശിയിലെ ഗിണ്ടി എഞ്ചിനീയറിംഗ് കോളേജ് കാമ്പസിൽ അദ്ദേഹം എത്തിച്ചേർന്നത്.

1935ൽ മദിരാശി കോർപ്പറേഷനിൽ 60 രൂപ ശമ്പളത്തിൽ ഓവർസിയറായി ഔദ്യോഗിക ജീവിതം ആരംഭിച്ച് 1967ൽ കേരള സംസ്ഥാനപൊതുമരാമത്ത് ചീഫ് എഞ്ചിനീയറായി വിരമിക്കുന്നതുവരെയുള്ള ടി.പി കുട്ടിയമ്മു സാഹിബിന്റെ ഔദ്യോഗിക ജീവിതം സംഭവബഹുലമായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം സ്വന്തം കാലിൽ പിച്ചവെച്ചു നടക്കുന്ന ഒരു രാഷ്ട്രത്തിനു അർപ്പണബോധമുള്ള എഞ്ചിനീയർമാരുടെ സേവനം അത്യന്താപേക്ഷിതമായിരുന്നു. കെ.എൽ. റാവുവിനെയും, ടി.പി കുട്ടിയമ്മു സാഹിബിനെയും പോലുള്ള എഞ്ചിനീയർമാർ രാഷ്ട്രത്തെ സ്വയംപര്യാപത്തയുടെ പാതയിലേക്കു നയിക്കാനുള്ള പ്രക്രിയയിൽ തങ്ങളെതന്നെ അർപ്പണം ചെയ്യുകയായിരുന്നു. അവിഭക്ത മദിരാശി സംസ്ഥാനത്തിലെയും, കേരള സംസ്ഥാനത്തിലെയും നിരവധി ജലസേചന പദ്ധതികളുടെ അസൂത്രണത്തിന്റെ പിന്നിൽ ടി.പി കുട്ടിയമ്മു സാഹിബുണ്ടായിരുന്നു. കേരള സംസ്ഥാനം പിറന്നപ്പോൾ പുതിയ സംസ്ഥാനത്തിന്റെ സർവ്വോന്മുഖമായ പുരോഗമനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും യോഗ്യനായ ഒരാൾ പൊതുമരാമത്തിന്റെ ചുമതല വഹിക്കേണ്ടിയിരിക്കുന്നുവെന്ന് ബോദ്ധ്യമുള്ള അന്നത്തെ കേന്ദ്രമന്ത്രിയായിരുന്ന വി.കെ.ആർ.വി റാവു ആണ് ടി.പി കുട്ടിയമ്മു സാഹിബിനെ ഇവിടത്തെ ചീഫ് എഞ്ചിനീയറായി നിയമിക്കാൻ ഉപദേശിച്ചത്. അത് കേരളത്തിന്റെ നേട്ടങ്ങൾക്ക് കാരണമാവുകയും ചെയ്തു. കേരളത്തിലെ അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം, കേരള മുസ്ലീംകളെ ബോധവൽക്കരിക്കാനുള്ള ഒരവസരം കൂടിയാക്കി മാറ്റി അദ്ദേഹം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഭാഗങ്ങളിൽ മുസ്ലീംകൾ വിദ്യാസമ്പന്നരാവേണ്ട ആവശ്യകത മുൻനിർത്തി അതിനായി പ്രവർത്തിക്കുന്ന സംഘടനകൾ സ്ഥാപിക്കാനുള്ള പ്രേരണ നൽകി അദ്ദേഹം. വിദ്യയിലൂടെ മാത്രമെ സമുദായോന്നമനം സാദ്ധ്യമാവൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. കേരളത്തിൽ പലയിടങ്ങളിൽ നടന്ന ഇസ്ലാമിക് സെമിനാറുകളുടെ പിന്നിലും അദ്ദേഹത്തിന്റെ ഹസ്തങ്ങളുണ്ടായിരുന്നു.

ബുദ്ധിപരമായ തലത്തിലുള്ള മുസ്ലിം നവോത്ഥാന പ്രസ്ഥാനമായിരുന്നു ഈ സെമിനാറുകൾ.

ചീഫ് എഞ്ചിനീയർ ഉദ്യോഗത്തിൽ നിന്നു വിരമിച്ചശേഷം അദ്ദേഹം പ്ലാനിങ്ങ് ബോർഡ് മെമ്പറാവുകയുണ്ടായി. തദവസരത്തിലും മറ്റവസരങ്ങളിലും അദ്ദേഹം ഭാരതം മുഴുവനും, മറ്റു പല വിദേശരാജ്യങ്ങളും സന്ദർശിച്ചു. ഈ സന്ദർശനങ്ങൾ അദ്ദേഹത്തിന്റെ വീക്ഷണങ്ങളെ വിശാലപ്പെടുത്തി.

സാഹിത്യരംഗത്തും അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. ഇസ്ലാമിക സാഹിത്യമായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടപ്പെട്ട രംഗം. വിദ്യാർത്ഥി ആയിരിക്കുമ്പോഴെ "സുബ്ലുസ്സലാം" എന്നൊരു കയ്യെഴുത്തു മാസിക നടത്തിയിരുന്നു. ഉദ്യോഗത്തിൽ നിന്നു വിരമിച്ച ശേഷം കുറച്ചുകാലം 'ചന്ദ്രിക' യുടെ മാനേജിങ്ങ് എഡിറ്ററുമായിരുന്നിട്ടുണ്ട്. മർഹും ബാഫക്കി തങ്ങളുടെ നിർദ്ദേശപ്രകാരമായിരുന്നു അത്. രണ്ടു മൂന്നു ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെതായുണ്ട്. ഇസ്ലാമിനെക്കുറിച്ചുള്ള ഒരു ബൃഹത്തായ ഗ്രന്ഥം അദ്ദേഹം മരണത്തിനു മുമ്പ് പൂർത്തിയാക്കിയിരുന്നു. ശാസ്ത്രീയ വിഷയങ്ങൾ ലളിതമായ രീതിയിൽ പ്രതിപാദിക്കുന്നതും, യുക്തിവാദികളുടെ വീക്ഷണത്തിൽ നിന്നു വിഭിന്നമായി ശാസ്ത്ര സത്യങ്ങളെ വിലയിരുത്തുന്നതിനുമായി ആരംഭിച്ച "ശാസ്ത്ര വിചാരം" മാസികയുടെ പിന്നിലും അദ്ദേഹത്തിന്റെ കരങ്ങൾ പ്രവർത്തിച്ചിരുന്നു. എ.എസ്.എന്ന തൂലികാനാമത്തിന്റെ പിറകിൽ രസകരമായൊരു കഥയുണ്ട്. എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുമ്പോൾ അദ്ദേഹത്തിന്റെ കുട്ടിയമ്മു എന്ന പേര്, സഹപാഠികൾക്ക് വിചിത്രമായി തോന്നി. അഹമ്മദ് സഗീർ എന്നതിന്റെ ഹൃസ്വരൂപമാണ് കുട്ടിയമ്മു എന്നു വിശദീകരി ക്കുകയും മുസ്ലീം കുട്ടികളോട് "അഹമ്മദ് സഗീർ" എന്താണെന്ന് വിശദീകരിക്കുകയും ചെയ്തിരുന്നുവത്രേ. അങ്ങിനെ സഹപാഠികൾക്കിടയിൽ അദ്ദേഹം അഹമ്മദ് സഗീറും, എ.എസ്സുമായി. അതുതന്നെ പിന്നെ തൂലികാനാമവുമായി.

വ്യക്തിജീവിതത്തിലും, ഔദ്യോഗിക ജീവിതത്തിലും, ടി.പി. കുട്ടിയമ്മു സാഹിബ് സത്യസന്ധത പുലർത്തുന്നതിൽ ജാഗരുകനായിരുന്നു. അഴിമതിക്ക് സാദ്ധ്യതയുള്ള ഒരു രംഗത്ത് അദ്ദേഹം അഴിമതിക്കു കൂട്ടുനിൽക്കുന്നവരെ തന്റെ പേഴ്സണൽ സ്റ്റാഫിൽ കൂടി ഇല്ലാതാക്കാൻ ശ്രദ്ധിച്ചിരുന്നു. അദ്ദേഹം മദിരാശി, പൂണ്ടിയിലെ ഔദ്യോഗിക കാലത്ത് തന്റെ പേരിൽ കൈക്കൂലി വാങ്ങാൻ ശ്രമിച്ച ഒരു ശിപായിയുടെ പേരിൽ ദയാദാക്ഷിണ്യം കൂടാതെ നടപടിയെടുക്കുകയുണ്ടായി. തന്റെ ഔദ്യോഗികപദവി ചൂഷണം ചെയ്ത് സ്വജനപക്ഷപാതത്തിന് വഴിവെക്കുന്ന മാർഗ്ഗങ്ങളെല്ലാം അദ്ദേഹം ശ്രദ്ധാപൂർവ്വം ഒഴിവാക്കിയിരുന്നു.

അതുകൊണ്ടുതന്നെ സ്വന്തം ബന്ധുക്കളുടെയും, സുഹൃത്തുക്കളുടെയും വിരോധവും ശത്രുതയും അദ്ദേഹത്തിനു സമ്പാദിക്കേണ്ടിവന്നു. സ്വന്തക്കാർ വിദ്യാസമ്പന്നരായി ഉയർന്നു വരാൻ അദ്ദേഹം വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്നു. അതിനുള്ള സാമ്പത്തിക സഹായം നൽകാൻ അദ്ദേഹം തയ്യാറായിരുന്നു. എന്നാൽ അവർക്കുവേണ്ടി പിൻവാതിലിലൂടെയുള്ള ശുപാർശക്ക് അദ്ദേഹം തയ്യാറായിരുന്നില്ല. ഉദ്യോഗത്തിൽ നിന്ന് വിരമിച്ചപ്പോൾ അദ്ദേഹത്തിന് വലിയ സമ്പാദ്യങ്ങളൊന്നു മുണ്ടായിരുന്നില്ല. തിരുവനന്തപുരത്തെ സ്വന്തംവീടും, ഭാര്യക്കവകാശപ്പെട്ട ചില സ്വത്തുക്കളും വിറ്റുമാറിയാണ് കോഴിക്കോട്ട് അദ്ദേഹം ഒരു വസതി നിർമ്മിച്ചത്.

തന്റെ ഔദ്യോഗിക കാലം ഏതാനും വർഷങ്ങൾ കൂടി നീട്ടികിട്ടാനുള്ള ഒരവസരം അദ്ദേഹം വേണ്ടെന്നു വെക്കുകയുണ്ടായി. ചീഫ് എഞ്ചിനീയറായിരിക്കുമ്പോൾ തന്നെ പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പർ സ്ഥാനം അദ്ദേഹത്തിന് ഓഫർ ചെയ്യപ്പെട്ടു. അത് സ്വീകരിക്കുകയാണങ്കിൽ മൂന്നുവർഷം കൂടി ഉദ്യോഗത്തിലിരിക്കാമായിരുന്നു. തന്റെ ദൗത്യം പൂർത്തീകരിക്കണമെന്നല്ലാതെ ഉദ്യോഗത്തിന്റെ അപ്പക്കഷ്ണത്തിൽ തൂങ്ങിക്കിടക്കുന്ന വികൃതാഭാസങ്ങൾക്ക് അദ്ദേഹം തയ്യാറായിരുന്നില്ല എന്നതിനുള്ള തെളിവാണിത്.

മതകാര്യങ്ങളിൽ വളരെയധികം നിഷ്ക്കർഷതയും സൂക്ഷ്മതയും പാലിച്ചിരുന്നു അദ്ദേഹം. ഏകദൈവവിശ്വാസത്തിൽ അടിയുറച്ചു നിൽക്കുകയും, അനുഷ്ഠാനങ്ങളിൽ നിന്ന് വ്യതിചലിക്കാതിരിക്കുകയും ചെയ്തു. മത നിഷിദ്ധകാര്യങ്ങളിൽ യാതൊരു നീക്കുപോക്കിനും അദ്ദേഹം തയ്യാറായിരുന്നില്ല. തലശ്ശേരിയിലെ സ്വന്തം തറവാടിന്റെ മരാമത്താവശ്യാർത്ഥം അവർക്കവകാശപ്പെട്ട സ്വത്തു വിറ്റുകിട്ടിയ സംഖ്യ ബാങ്കിലിട്ടു പലിശ ഉപയോഗിക്കാമെന്ന ബന്ധുക്കളുടെ നിർദ്ദേശം അദ്ദേഹം നഖശിഖാന്തം എതിർത്തു. നിഷിദ്ധമായ പലിശ അതിനായി ഉപയൊഗിച്ചുകൂടാ എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

വ്യക്തിപരമായി അദ്ദേഹം പല ദുഃഖങ്ങളും അനുഭവിച്ചിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ മരണം, മൂത്ത മകളുടെ വിവാഹാലോചന എന്നിവയൊക്കെ അദ്ദേഹത്തെ അത്യന്തം ദുഃഖാകുലനാക്കിയ സംഭവങ്ങളായിരുന്നു. എന്നാൽ അതിലുപരി അദ്ദേഹത്തെ ദുഃഖിതനാക്കിയത് സമുദായത്തിലെ അന്തഃഛിദ്രങ്ങളായിരുന്നു. വിയോജിപ്പിന്റെ മേഖലകൾ മാത്രം കണ്ടുപിടിച്ച് പോരാട്ടത്തിനു തയ്യാറാവുന്ന ഭിന്നശക്തികൾ സമുദായത്തിന്റെ ഐക്യവും ഭദ്രതയും നശിപ്പിക്കുന്നതുകണ്ട് അദ്ദേഹത്തിന്റെ മനസ്സ് നൊന്തിരുന്നു. ഈ ഭിന്നതകൾ അകറ്റാനും,

സമുദായത്തിൽ ഐക്യത്തിന്റെ കാഹളമുയർത്താനും അദ്ദേഹം പരിശ്രമിച്ചിരുന്നു. അതുകൊണ്ടുതന്നെ എല്ലാ മുസ്ലീം വേദികളിലും അദ്ദേഹത്തെ കാണാമായിരുന്നു; അവർക്ക് അദ്ദേഹം സ്വീകാര്യനുമായിരുന്നു. അവരവരുടെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിച്ചുകൊണ്ട് സമുദായത്തെ ശക്തമാക്കാൻ അവർക്ക് കഴിയണമെന്ന് അദ്ദേഹം ഹൃദയപൂർവ്വം ആശിച്ചു. അന്തഃഛിദ്ര ത്തിന്റെ നാമ്പുകൾ നശിക്കണമെന്ന ഈ ഉദ്ദേശ്യം മുൻനിർത്തി നാട്ടിന്റെ നാനാമൂലകളിലുമുള്ള മുസ്ലീം സംഘടനകളെ പ്രവർത്ത നോത്സുകരാക്കാൻ അദ്ദേഹം ഉത്തേജനം നൽകുകയുണ്ടായി. തന്റെ പ്രവർത്തനങ്ങൾക്ക് അദ്ദേഹംവിളംബരം ഇഷ്ടപ്പെട്ടിരു ന്നില്ല. അറിയപ്പെടാത്ത നിശബ്ദസേവകനായിരിക്കാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. അത് അദ്ദേഹത്തിന്റെ മഹത്വം വിളിച്ചോ തുന്നു ●

31

# ആയിരം കോണി

തലശ്ശേരിയുടെ പഴയകാല സ്ഥല ചിഹ്നങ്ങളിലൊന്നായിരുന്നു ആയിരം കോണി. തലശ്ശേരിക്കാർക്ക് മുഴുവൻ ഈ ചിഹ്നം പരിചിതമായെന്ന് വരില്ല. എന്നാൽ തിരുവങ്ങാട് ദേശത്തുള്ളവർക്ക് ഇത് ചിരപരിചിതമായിരുന്നു. മേലൂട്ട് റെയിൽപാലത്തിൽ നിന്ന് തെക്കോട്ട് ഏതാനും മീറ്ററുകൾ കഴിഞ്ഞായിരുന്നു ആയിരം കോണി സ്ഥിതിചെയ്തിരുന്നത്. മോറക്കുന്നിൽ താമസിക്കുന്ന തുക്കിടിസായിപ്പിന് തലശ്ശേരിയിലെത്താനായിരുന്നു മേലൂട്ട് റെയിൽവെപാലം പണിതതെന്ന് പറയപ്പെടാറുണ്ട്. കുതിരവണ്ടിപോകാൻ മാത്രം ശക്തിയുള്ള മേൽപാലത്തിലൂടെ ബസ്സുകളും ലോറികളും കയറിയിറങ്ങി. റെയിൽവേയുടെ ഇരട്ടപ്പാത വന്നപ്പോഴായിരുന്നു മേലൂട്ട്പാലം പുതുക്കിപ്പണിതത്. റെയിൽവെ ലൈൻ വന്നപ്പോൾ വിഭജിക്കപ്പെട്ട പറമ്പിലുള്ളവർക്ക് വഴി പോകാനായിരുന്നു റെയിൽവെ ഇരുവശത്തും ചെങ്കല്ല് കൊണ്ട് കോവണികൾ കെട്ടി കൊടുത്തത്. ഇതിൽ ഒരു വശത്തെ കോണിയായിരുന്നു ആയിരം കോണിയെന്ന പേരിൽ അറിയപ്പെട്ടിരുന്നത്. റെയിൽവെ വിഭജിച്ച പറമ്പിന്റെ കിഴക്കുഭാഗത്ത് മേലേക്കണ്ടി തറവാട്ടുകാരുടെ വീടായിരുന്നു. മറുഭാഗത്ത് സി.കെ.ഗോവിന്ദൻ നായരുടെ വീടും. സി.കെ.ജിയുടെ ഭാഗത്തുള്ള കോവണിപ്പടികൾ എണ്ണത്തിൽ കുറവായിരുന്നു. 10 ഓ 12 ഓ മാത്രം. എന്നാൽ മേലേക്കണ്ടി ഭാഗത്തുള്ള പടികൾ 28 എണ്ണമുണ്ടായിരുന്നു. ഇതിനെയായിരുന്നു ആയിരം കോണി എന്ന് വിളിച്ചിരുന്നത് കുറെ കോണിപ്പടികൾ ഉള്ളതുകൊണ്ട് വെറുതെ

ആയിരം കോണിയെന്ന് വിളിച്ചതല്ല. പഴയ ഒരു രസികൻ അബ്ജദ് കണക്ക് പ്രകാരം കോണിപ്പടികളുടെ എണ്ണം ആയിരമാക്കിയതായിരുന്നു. ആ എണ്ണം 1,2,3,4,5,6,7,8,9,10,20, 30,40,50,60,70,80,90 ,100,200,300,400,500, 600,700,800,900,1000 അങ്ങനെ ആകെ 28 കോണിപ്പടികൾ. പിന്നീടുള്ളവർക്ക് എന്തുകൊണ്ടാണ് ഇതിന് ആയിരം കോണിയെന്ന് പേര് ചൂടപ്പെട്ടതെന്നതിന്റെ കാരണം അജ്ഞാതമായി.

ആയിരം കോണി തിരുവങ്ങാടിന്റെ പ്രധാനസ്ഥല ചിഹ്നമായി. മേലേക്കണ്ടി തറവാടിന്റെ മുൻഭാഗത്ത് ഒഴിഞ്ഞു കിടക്കുന്ന റെയിൽവെ സ്ഥലത്ത് കുട്ടികളും യുവാക്കളും ക്രിക്കറ്റും ബാഡ്മിന്റണും കളിച്ച് നടന്ന ഒരു കാലമുണ്ടായിരുന്നു. വൈകുന്നേരങ്ങളിൽ പരിസരത്തുള്ള കൊങ്ങിണിയുവാക്കളായിരുന്നു ബേഡ്മിന്റൺ കളിച്ചിരുന്നത്. മേലേക്കണ്ടിയിലും മറ്റുമുള്ള മുസ്ലീങ്ങൾ കാന്തലാട്ട് പള്ളിയിലേക്ക് നിസ്കാരത്തിനായി വന്നുപോയും കൊണ്ടിരുന്നത് ആയിരം കോണി കയറിയിറങ്ങിയായിരുന്നു. മേലേക്കണ്ടിക്കടുത്ത് തന്നെ പ്രസിദ്ധനായ തരിത്തങ്ങളുണ്ടായിരുന്നു. ടൗൺഹാൾ റോഡിൽ നിന്ന് ജൂബിലിറോഡിലേക്കുള്ള എളുപ്പവഴിയും ഇതിലൂടെയായിരുന്നു. പിന്നീട് ആയിരം കോണിയുടെ പ്രാധാന്യം കുറഞ്ഞു. റെയിൽവെ നിലങ്ങളിൽ കുട്ടികൾ കളിക്കാതായി. ബസ്സ്റ്റാന്റ് വന്നതോടെ നാരങ്ങാപ്പുറത്തെ റയിൽവെ കുളങ്ങളും സത്രവും തലശ്ശേരിയുടെ ചിഹ്നങ്ങളല്ലാതായതുപോലെ റെയിൽപ്പാത ഇരട്ടിപ്പിക്കലോടെ ആയിരം കോണിയും അപ്രത്യക്ഷമായി. തലശ്ശേരി- കൂർഗ് (ടി.സി) റോഡിലെ ഒന്നാം റെയിൽവെ ഗേറ്റ് അവിടെ മേൽപ്പാലം വന്നതോടെ അടച്ചുപൂട്ടപ്പെട്ടു. എന്നിരുന്നാലും ടി.സി മുക്കിലുള്ളവർക്ക് എളുപ്പം ബസ്റ്റാന്റിൽ എത്താനുള്ള വഴി റെയിൽ കടന്നു തന്നെയായിരുന്നു. ബസ് സ്റ്റാന്റിൽ നിന്ന് ടൗൺഹാൾ ഭാഗത്തേക്ക് നടന്ന് പോകുന്നവർക്കും ഇത് എളുപ്പവഴിയായിരുന്നു. റെയിൽവെ അതിന് നേരെ കണ്ണടച്ചിരുന്നു. അവിടെ നടമേൽപ്പാലം വേണമെന്ന ആവശ്യം അംഗീകരിക്കപ്പെട്ട് യാഥാർത്ഥ്യമായിരിക്കുകയാണ്. ഈ പാലത്തിന്റെ ഉയരം കണ്ടപ്പോഴാണ് പഴയ ആയിരം കോണിയുടെ കാര്യം ഓർമ്മ വന്നത്. നൂറിലധികം പടികൾ കയറിയിറങ്ങിയാലെ ഇനി ഈ വഴി സഞ്ചാരം നടക്കുകയുള്ളൂ. താഴെ റെയിൽ കടക്കാനുള്ള സൗകര്യം മതിൽകെട്ടി തടയപ്പെട്ടു. പക്ഷെ ഇപ്പോൾ വീണ്ടും മതിൽ പൊളിച്ച് റെയിൽ കടന്ന് യാത്രക്കാർ എളുപ്പവഴി തുടരുകയാണ് ●

# 32
# "തുൾസിയന്റെ മാടം"

തലശ്ശേരിയിൽ 'തുൾസിയന്റെ മാടം'- അതെവിടെയെന്ന് വർത്തമാന തലശ്ശേരിക്കാർ ആശ്ചര്യപ്പെടുന്നുണ്ടായിരിക്കാം. എന്നാൽ പഴയ തലമുറയ്ക്ക് വിശിഷ്യാതാഴലങ്ങാടിയിലും കസ്റ്റംസ് റോഡ് പരിസരത്തുമുള്ളവർക്ക് ഈ പേര് സുപരിചിത മായിരുന്നു. മെയിൻ റോഡിൽ വാധ്യാർ പീടികയ്ക്ക് മുകളിൽ തലയുയർത്തി നിൽക്കുന്ന മാളികയായിരുന്നു അന്ന് 'തുൾസി യന്റെ മാട'മെന്ന് അറിയപ്പെട്ടിരുന്നത്. താഴെയുള്ള പീടിക മുറി കൾ അടക്കമുള്ള ബഹുനില കെട്ടിടമാണത്. ഒരുകാലത്ത് തലശ്ശേരിയിൽ ഏറ്റവും വലിയ കെട്ടിടങ്ങളിലൊന്നായിരുന്നു അത്.

17-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാർ പാണ്ടികശാലകൾ തുടങ്ങു ന്നതോടെയായിരുന്നുവല്ലോ തലശ്ശേരി വ്യാപാര രംഗത്ത് ശ്രദ്ധേ യമാവുന്നത്. പിന്നീട് തലശ്ശേരിയിലെ വ്യാപാരത്തിന്റെ അധി പത്യം ഗുജറാത്തിൽ നിന്നുള്ള ബനിയന്മാർക്കും, മഹാരാഷ്ട്ര, കച്ച് മേഖലകളിൽ നിന്നുവന്ന മുസ്ലിം വ്യാപാരികളായ കച്ച് മേമൻ അലായ് സേട്ടുമാർക്കുമായിരുന്നു. കസ്റ്റംസ് റോഡ് അടങ്ങിയ താഴലങ്ങാടി അന്ന് മലഞ്ചരക്ക് വ്യാപാരത്തിന്റെ പ്രമുഖ കേന്ദ്രവുമായിരുന്നു. താഴലങ്ങാടിയിൽ നിന്ന് മെയിൻ റോഡി ലേക്ക് പ്രവേശിക്കുന്ന കോണിലാണ് പ്രസ്തുത മണിമാളിക സ്ഥിതി ചെയ്തിരുന്നത്. സത്താർ സേട്ടുവിന്റെ കുടുംബ മായിരുന്നു അവിടെ താമസിച്ചിരുന്നത്. എന്നാൽ അവരാ യിരുന്നില്ല കെട്ടിടം സ്ഥാപിച്ചത്. അതു സ്ഥാപിച്ച ആളുമായി ബന്ധപ്പെട്ടാണ് അതിന് 'തുൾസിയന്റെ മാടം' എന്ന നാമ മുണ്ടായത് ●

തലശ്ശേരിയിൽ വ്യാപാരത്തിനെത്തിയ ഗുജറാത്തി ബനിയനായിരുന്നു തുളസിദാസ്. സാധാരണ ബനിയന്മാരിൽ നിന്നും വ്യത്യസ്തമായി അദ്ദേഹം തന്റെ പണം ഒരു വമ്പൻ മാളിക പണിയാനാണ് ചെലവഴിച്ചത്. തൊട്ടെതിരെയുള്ള കുന്നത്ത് തറവാട്ടിലെ കാരണവന്മാരെ അസൂയപ്പെടുത്തിക്കൊണ്ടായിരുന്നു തുളസീദാസ് മണിമാളിക പണിതത്. കെട്ടിടം പണി കഴിഞ്ഞ് താമസം ആരംഭിച്ചപ്പോഴേക്കും തുളസി ദാസ് കച്ചവടത്തിൽ പൊളിയുകയും കടക്കാരനായി തീരുകയും ചെയ്തിരുന്നു. വേറെ നിവൃത്തിയില്ലാതെ തുളസീദാസ് തന്റെ മാളിക അന്നത്തെ പ്രമുഖ കച്ച്മേമൻ വ്യാപാരിക്ക് വിൽക്കുകയാണുണ്ടായത്. തന്റെ കടങ്ങൾ തീർത്ത്, സേട്ടുവിന് കെട്ടിടം കൈമാറുന്നതിന് മുമ്പ് തന്റെ ആശാമാളികയിൽ വെച്ച് തന്നെ തുളസീദാസ് ആത്മാഹുതി ചെയ്തു. സത്താർ സേട്ടുവിന്റെ പിതാവ് തന്റെ കുടുംബത്തോടൊപ്പം ആ മാളികയിലേക്ക് താമസം മാറ്റിയ ശേഷവും മാളിക ജനങ്ങൾക്കിടയിൽ അവരുടെ പ്രാദേശിക ഭാഷയിൽ 'തുൾസിയാന്റെ മാട'മായി അറിയപ്പെട്ടു വന്നു.

സാധാരണ കച്ച് മേമൻ സേട്ടുമാരിൽ നിന്ന് വ്യത്യസ്തനായിരുന്നു സത്താർ സേട്ടു. ആ വ്യാപാരി സമൂഹത്തിൽ നിന്ന് രാഷ്ട്രീയാവേശം കൊള്ളുന്നവർ അപൂർവ്വമായിരുന്നു. സത്താർ സേട്ടു തന്റെ പിതാവിൽ നിന്ന് ലഭിച്ച സ്വത്തുക്കളും ഭാര്യയുടെ ആഭരണങ്ങളും വിറ്റ് മുസ്ലിം ലീഗിനെ വളർത്തിയെടുത്തു. ഒടുവിൽ വിഭജനാനന്തരം അദ്ദേഹം പാക്കിസ്ഥാനിലേക്ക് പോയി. പാക്കിസ്ഥാന്റെ സിലോൺ ഹൈക്കമ്മീഷണറൊക്കെ ആയി. സത്താർ സേട്ടുവിന്റെ വസതി എന്ന നിഗമനത്തിൽ ഇന്ത്യാ ഗവൺമെന്റ് സത്താർ സേട്ടുവിന്റെ പലായനാനന്തരം പ്രസ്തുത മാളിക കണ്ടുകെട്ടി. യഥാർഥത്തിൽ മാളിക സത്താർ സേട്ടുവിന്റേത് അല്ലായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ റംസാൻ സേട്ടുവിന്റേതായിരുന്നു. അവരുടെ പിതാവ് സ്വത്തുക്കൾ ഭാഗം ചെയ്തപ്പോൾ റംസാൻ സേട്ടുവിനായിരുന്നു മാളിക ലഭിച്ചിരുന്നത്. എന്നാൽ സഹോദരന്മാർ രണ്ടുപേരും അവിടെ ഒന്നിച്ചായിരുന്നു താമസം. റംസാൻ സേട്ടുവിന്റെ മകൾ പിന്നീട് കണ്ടുകെട്ടലിനെതിരായി കേസ് നടത്തി. 16 വർഷത്തെ നിയമയുദ്ധത്തിന് ശേഷമാണ് അവർക്ക് മാളിക ഗവൺമെന്റിൽ നിന്നും തിരിച്ചു കിട്ടിയത്. 'ബച്ചീമ' എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന അവർ പിന്നീട് ആലപ്പുഴയിൽ നിന്ന് തലശ്ശേരിയിലെ ഈ മാളികയിലേക്ക് താമസം മാറ്റി. അവർ താമസം മാറ്റുന്നതിന് മുമ്പ് കുറച്ചുകാലം പാട്യംസ് ട്യൂട്ടോറിയൽ കോളെജ് ഈ കെട്ടിടത്തിൽ നടന്നുപോന്നിരുന്നു. ബച്ചീമയുടെ മക്കളാണ് ഇപ്പോൾ ഈ മാളികയുടെ അവകാശികൾ. അവരുടെ പുത്രന്മാരിൽ ഒരാൾ, ഉസ്മാൻ കേരള ഗവൺമെന്റ് കോളെജ് അധ്യാപകനാണ് ●

## 33

# പിക്താൾ തലശ്ശേരിയിൽ

ഇംഗ്ലീഷ് ഭാഷയിൽ വിശ്വവിശ്രുതമായ ഖുർ ആൻ പരിഭാഷയാണ്, ദ മീനിംഗ് ഓഫ് ഗ്ലോറിയസ് ഖുർആൻ. ദശലക്ഷക്കണക്കിന് വിറ്റുപോയ പ്രസ്തുത കൃതി ഇന്നും വളരെ ജനപ്രിയമായ ഖുർആൻ പരിഭാഷയാണ്. ലോകമെമ്പാടുമുള്ള പുസ്തകകടകളിൽ എപ്പോഴും ലഭ്യമായിക്കൊണ്ടിരിക്കുന്ന ഖുർആൻ കൃതി ഒരു പക്ഷെ ഇതൊന്നുമാത്രമായിരിക്കും. ഈ കൃതിയുടെ കർത്താവാണ് മുഹമ്മദ് മർമഡ്യൂക്ക് പിക്താൾ. ഇംഗ്ലീഷിലെ വിശ്രുതനായ ഈ സാഹിത്യകാരന്റെ സന്ദർശനം കൊണ്ട് തലശ്ശേരി ധന്യമായിരുന്നു.

മർമഡ്യൂക്ക് പിക്താൾ 1856 ൽ ഇംഗ്ലണ്ടിലായിരുന്നു ജനിച്ചത്. ഹാരോ സ്കൂളിലെ പഠനാന്തരം ഉന്നത വിദ്യാഭ്യാസത്തിന് പോകാതെ അദ്ദേഹം മധ്യപൗരസ്ത്യരാജ്യത്തിലേക്ക് മാറി താമസിക്കുകയായിരുന്നു ചെയ്തത്. ഏറെക്കാലം പാലസ്തീനിൽ താമസിച്ച പിക്താൾ അറബിഭാഷയിൽ അവഗാഹം നേടി. അറബിജീവിതവും സംസ്കാരവും അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു. ഈ സ്വാധീനത്തിന്റെ ഫലമായി അദ്ദേഹം രചിച്ച രണ്ട് പുസ്തകങ്ങളായിരുന്നു “സഈദ് ദ ഫിഷർമേൻ”, “നൈറ്റ്സ് ഓഫ് അറബി”. ഇവ രണ്ടും പിക്താളിനെ ഇംഗ്ലീഷ് ഭാഷയിലെ പ്രമുഖ ആഖ്യാകാരനായി അവരോധിച്ചു. ഇരുപതാം നൂറ്റാണ്ടിലെ ഇംഗ്ലീഷിലെ ആഖ്യാകാരന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിന് ഗണനീയ സ്ഥാനം നൽകപ്പെട്ടു.

ക്രൈസ്തവ കുടുംബത്തിൽ ജനിച്ച അദ്ദേഹം 1914 ൽ

ഇസ്ലാം മതം സ്വീകരിച്ചു. 1918 ൽ അദ്ദേഹത്തിന്റെ സഹധർമ്മിണിയും ഇസ്ലാമിലേക്ക് വന്നു. 1919 ൽ അദ്ദേഹം ഇംഗ്ലണ്ടിലെ വോക്കിംഗ് പള്ളിയിൽ ഇമാമായി തീർന്നു. എല്ലാ പ്രാർത്ഥനകൾക്കും അദ്ദേഹമായിരുന്നു നേതൃത്വം നൽകിയത്. ഇംഗ്ലണ്ടിൽ ഇസ്ലാമിക് റിവ്യൂവിന്റെ പ്രസാധകനും അദ്ദേഹമായിരുന്നു. പിന്നീടദ്ദേഹം ഇന്ത്യയിൽ വന്നു. ഏറെക്കാലം ബോംബെ ക്രോണിക്കിളിന്റെ പത്രാധിപത്യം സ്വീകരിച്ച് ബോംബെയിൽ താമസിച്ചു. തദനന്തരം ഹൈദരാബാദ് നൈസാം അദ്ദേഹത്തെ ഉസ്മാനിയ യൂനിവേഴ്സിറ്റിയുടെ പ്രിൻസിപ്പാളായിരിക്കാൻ ക്ഷണിച്ചു. അദ്ദേഹത്തിന്റെ കീഴിൽ ഉസ്മാനിയ യൂനിവേഴ്സിറ്റി നാനാതരത്തിൽ വികസിച്ചു.

ഇസ്ലാം വിഷയകമായി അദ്ദേഹം എഴുതിയ കൃതികളും ഉത്തമസാഹിത്യസൃഷ്ടികളായിരുന്നു. ഖുർആൻ പരിഭാഷ്യം അദ്ദേഹത്തിന്റെ ഉൽകൃഷ്ട പാണ്ഡിത്യത്തിന് നിത്യസ്മാരകമാണ്. “ഇസ്ലാം ആന്റ് പ്രോഗ്രസ്സ്,” “ഇസ്ലാം ആന്റ് വാർ” എന്നിവയും അദ്ദേഹത്തിന്റെ പ്രശസ്ത ഗ്രന്ഥങ്ങളാണ്. അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന “ഇസ്ലാമിക് കൾച്ചർ” എന്ന ജേണൽ ലോകത്തിലെ ബുദ്ധിജീവികളുടെ പ്രശംസ നേടിയ ഒന്നായിരുന്നു. സാമൂഹിക, രാഷ്ട്രീയ, ചരിത്ര, സാഹിത്യസംബന്ധമായി അതിൽ വന്നിരുന്ന ശ്രേഷ്ഠലേഖനങ്ങൾ ലോകമെമ്പാടും ചർച്ചാ വിഷയങ്ങളായിരുന്നു.

ഇസ്ലാം മതം സ്വീകരിച്ച സന്ദർഭത്തിൽ പിക്താൾ ചെയ്ത പ്രഖ്യാപനത്തിൽ മതത്തെ വിശകലനം ചെയ്തത് ശ്രദ്ധേയമായിരുന്നു. “ലോകത്തുള്ള സർവമനുഷ്യരും സമന്മാരും അവർക്ക് ഭൂമുഖത്ത് സ്വതന്ത്രമായി ജീവിക്കാനുള്ള അവകാശം പ്രാഥമിക ജന്മാവകാശമാണെന്നുമുള്ള വാദം ലോകാന്തരീക്ഷത്തെ സർവോപരി മുഖരിതമാക്കിയിരിക്കുന്നു. മാനവലോകത്തിലാകമാനം സംജാതമായി കാണപ്പെടുന്ന ഈ ഉൽബുദ്ധമായ ഉന്മേഷവും ഉൽക്കർഷേഛയും അന്ധവിശ്വാസങ്ങളെയും അനാചരങ്ങളെയും പാടെ ഉന്മൂലനം ചെയ്യാനുതകുന്ന ഒരു നവീനസംരഭത്തിന്റെ നാന്ദിയായി അഭിജ്ഞന്മാർ കരുതുന്നു. ഹൃദയമുള്ള ഏതൊരു ജനതയും മനുഷ്യസമത്വം പാലിക്കാത്ത സകലതിനെയും അവജ്ഞയോടെ വീക്ഷിക്കുന്നു. അതേ തുടർന്ന് മതമെന്ന പേരിലറിയപ്പെടുന്നത് കുറേ യുക്തിവിഹീനങ്ങളായ തത്വങ്ങളാണെന്ന ഒരു ബോധം വളർന്നുവരുന്നു. സർവമതങ്ങളും പരീക്ഷണഘട്ടത്തെ തരണം ചെയ്തു കൊണ്ടിരിക്കുകയാണ്.” മനുഷ്യനും മനുഷ്യനും അന്തരമില്ലെന്ന ഇസ്ലാമിന്റെ അനശ്വരആശയവും മനുഷ്യന്റെ കൈകടത്തലില്ലാത്ത നിർവ്യാജഗ്രന്ഥം ഖുർആൻ മാത്രമാണെന്ന ബോധ്യപ്പെടുത്തലുമാണ് തന്നെ ഇസ്ലാമിലേക്ക് ആകർഷി

ച്ചതെന്ന് അദ്ദേഹം തുടർന്ന് പ്രഖ്യാപിച്ചു.

മുഹമ്മദ് മർമഡ്യൂക്ക് പിക്താൾ 1926 ലാണ് തലശ്ശേരി സന്ദർശിച്ചത്. കേരളമുസ്ലീം ഐക്യസംഘത്തിന്റെ നാലാം വാർഷികയോഗത്തിൽ അധ്യക്ഷത വഹിക്കാനായിരുന്നു അദ്ദേഹം തലശ്ശേരിയിൽ എത്തിച്ചേർന്നത്. ഐക്യസംഘം ഒരു ഉൽപതിഷ്ണു പ്രസ്ഥാനമായിരുന്നു. 1922 ൽ നിഷ്പക്ഷ സംഘം എന്ന പേരിൽ സീതിസാഹബും അദ്ദേഹത്തിന്റെ പിതാവ് സീതിമുഹമ്മദും മണപ്പാട് കുഞ്ഞമ്മദ് ഹാജിയും മറ്റും ചേർന്നാരംഭിച്ച സംഘത്തിന്റെ പേര് കേരള മുസ്ലീം ഐക്യസംഘം എന്നാക്കി മാറ്റിയത് വക്കം അബ്ദുൽഖാദർ മൗലവിയായിരുന്നു. സമുദായത്തിലെ വഴക്കുകൾ, ചേരിപ്പോരുകൾ, കുടുംബഭിന്നതകൾ തുടങ്ങിയവ പറഞ്ഞൊതുക്കി ഐക്യം സ്ഥാപിക്കുകയെന്നതായിരുന്നു സംഘത്തിന്റെ പ്രാഥമിക ലക്ഷ്യം. ഈ സംഘം പരിണമിച്ചാണ് പിന്നീട് കേരളത്തിൽ മുജാഹിദ് പ്രസ്ഥാനമുണ്ടായത്. അന്ന് തലശ്ശേരിയിലെ മുസ്ലീം സമൂഹം ഇന്നത്തെക്കാൾ പ്രബുദ്ധമായിരുന്നു. പുതിയ പ്രസ്ഥാനങ്ങളെ ഉൾക്കൊള്ളാനും അവയെ പ്രോത്സാഹിക്കാനും അഭിജ്ഞരും ഊർജ്ജസ്വലരുമായ ഒരുപാട് യുവാക്കളുണ്ടായിരുന്നു. അതുകൊണ്ട് മുസ്ലീം ഐക്യസംഘത്തിന്റെ നാലാം വാർഷികയോഗം തലശ്ശേരിയിൽ സാഘോഷം നടത്തപ്പെട്ടു. യോഗത്തിന് അധ്യക്ഷനായി വിശ്വപ്രശസ്തനായ പിക്താൾ തന്നെ വന്നത് പ്രാധാന്യമേറിയതുമായി. നീണ്ട കറുത്ത തൊപ്പിയും തവിട്ടുനിറത്തിലുള്ള സ്യൂട്ടും ധരിച്ചആജാനുബാഹുവായ യുറോപ്യന്റെ അസ്സലാമു അലൈക്കും എന്ന അഭിസംബോധന നൂറുകണക്കിനുള്ള സദസ്യരെ കോൾമയിർ കൊള്ളിച്ചിരുന്നു. തലശ്ശേരിയുടെ ജനങ്ങളും തലശ്ശേരിയുടെ വിദ്യാഭ്യാസപാരമ്പര്യവും പിക്താളിനെ ഹഠാദാകർഷിച്ചു. വിദ്യയുടെയും സംസ്കാരത്തിന്റേയും പട്ടണമായ തലശ്ശേരിയെ വിദ്യാപുരിയെന്നാണ് വിശേഷിക്കപ്പെടണ്ടതെന്നദ്ദേഹം പ്രസ്താവിച്ചു. അന്ന് അദ്ദേഹത്തിന്റെ പ്രസംഗം ശ്രവിച്ച ആളുകൾ അതൊരു അപൂർവ്വ ഭാഗ്യമായിരുന്നെന്ന് കരുതിയിരുന്നു. വിജ്ഞാനപ്രദവും ഭക്തിനിർഭരവുമായിരുന്നു അദ്ദേഹത്തിന്റെ ഇംഗ്ലീഷിലെ പ്രഭാഷണം. അത് മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തത് മറ്റാരുമായിരുന്നില്ല. ഐക്യസംഘത്തിന്റെ സ്ഥാപകൻമാരിൽ ഒരാളായിരുന്ന കെ.എം. സീതിസാഹിബായിരുന്നു. പിക്താളിന്റെ പ്രസംഗം അതേ ശൈലിയിൽ മലയാളത്തിലവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഗാന്ധിജി കേരളത്തിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ വിവർത്തകനും സീതിസാഹിബ് തന്നെയായിരുന്നു ●

34

# ദർസർ മമ്മുവും, ദർസറവിടയും

പത്തൊമ്പതാം ശതകത്തിന്റെ അവസാന ദശകത്തിൽ തലശ്ശേരിയിലെ അലോപ്പതി ഡോക്ടരായിരുന്നു പി. മഹമ്മൂദ് എന്ന മമ്മു ദർസർ. തലശ്ശേരിയിലെ ആദ്യകാല ഡോക്ടർ, ഒരു പക്ഷെ മലബാറിലെ തന്നെ മുസ്ലീംകളുടെ ഇടയിൽ നിന്നുള്ള പ്രഥമ ഡോക്ടറായി അദ്ദേഹത്തെ കണക്കാക്കാവുന്നതാണ്. അക്കാലത്ത് ഡോക്ടർമാരെ ദർസർ എന്ന പേരിലാണ് അഭിസം ബോധന ചെയ്യപ്പെട്ടിരുന്നത്. ഡോക്ടറുടെ നാടൻ പേര് അങ്ങനെ ആയതു കൊണ്ടായിരുന്നുവോ എന്നറിയില്ല ഡോക്ടർ ലോപിച്ച് ദർസറായത്. അല്ലെങ്കിൽ ദർസർക്ക് തത്തുല്യമായ വല്ല ഇംഗ്ലീഷ് പദത്തിന്റെ വികല നാടൻ പ്രയോഗമായിരിക്കും. തലശ്ശേരിയുടെ പുത്തൻ പുരയിൽ കുട്ട്യാലിയുടെയും, ആലാൻ ബിച്ചുമ്മയുടെയും മകനായ മഹമൂദ് തലശ്ശേരിയിലെ പ്രാഥമിക പഠനാനന്തരം ബാങ്കളൂരിലും കൽക്കത്തയിലും വെച്ചായിരുന്നു ഉപരിപഠനം നടത്തിയത്. ബ്രിട്ടീഷ് ആർമി മെഡിക്കൽ കോറിൽ കമ്മീഷ നായിട്ടായിരുന്നു മെഡിക്കൽ പഠനം നിർവ്വഹിച്ചത്. അന്ന് ഇന്ത്യ യിൽ നിന്നുള്ള വൈദ്യ വിദ്യാർത്ഥികൾക്ക് ഡിപ്ലോമയായിരുന്നു നൽകിയത്. ഡിഎംഎസ്, ഡിപ്ലോമ ഇൻ മെഡിസിൻ ആന്റ് സർജറി. പഠനാന്തരം ഡോ : മഹമ്മൂദ് ബ്രിട്ടീഷ് ആർമി മെഡി ക്കൽ സർവ്വീസിൽ കേപ്റ്റനായി ഉദ്യോഗത്തിൽ പ്രവേശിച്ചു. അദ്ദേത്തിന്റെ സേവനരംഗം മിക്കവാറും ഇന്നത്തെ മ്യാൻമറായ ബർമയിലായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ അദ്ദേഹം ബർമയിൽ തന്നെയായിരുന്നു സേവനം നടത്തിയത്. അപ്പോ ഴേക്കും അദ്ദേഹത്തിന് 'മേജർ' പദവി ലഭിച്ചിരുന്നു. മേജർ ഡോ

: മഹമൂദ് എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. യുദ്ധകാ ലത്തും അല്ലാതെയും പ്രതിബദ്ധതയോടെ സേവനം ചെയ്ത ഡോക്ടർ മഹമൂദിന് ബ്രിട്ടീഷ് ഗവർമെന്റിന്റെ വിശിഷ്ട പ്രമാണം ലഭിച്ചിരുന്നു.

സേവനം ബർമയിലായിരുന്നുവെങ്കിലും ഇടയ്ക്കിടെ ലീവിൽ അദ്ദേഹം തലശ്ശേരിയിൽ വന്നിരുന്നു. തലശ്ശേരിയിൽ അപ്പോൾ മെഡിക്കൽ പ്രാക്ടീസ് നടത്തിയിരുന്നു. തന്റെ രോഗി കളുടെ വീട്ടിൽ കുതിരവണ്ടിയിൽ പോയി സന്ദർശനം നടത്തി. തീരപ്രദേശത്തുള്ളവർക്ക് അദ്ദേഹത്തിന്റെ സൗജന്യ ചികിത്സ വളരെ ആശ്വാസപ്രദമായിരുന്നു. അവർക്കദ്ദേഹം പ്രിയങ്കരനായ മമ്മുദർസറായി.

ഡോക്ടറുടെ പിതാവ് പുത്തൻപുരയിൽ കുട്ട്യാലി തല ശ്ശേരി തീരപ്രദേശത്തെ പ്രമുഖനായിരുന്നു. ഓടങ്ങളുടെയും, മഞ്ചു വിന്റെയും ഉടമയായിരുന്നു. അദ്ദേഹം സൂഫിതത്വശാസ്ത്രത്തിൽ ആകൃഷ്ടനായി സൂഫി ചിന്തകളിൽ അഭിരമിച്ചിരുന്നു. അക്കാ ലത്തെ സൂഫി തർക്കമായ വഹദത്തുൽ വുജൂദ്, ലാമൗജൂദ് ഇല്ലല്ലാഹ് എന്നീ രണ്ടു സരണികളിൽ, അദ്ദേഹം ആദ്യത്തെ സരണിയിൽ സഞ്ചരിക്കുകയും സ്വലാത്ത് മാല എന്നൊരു സൂഫി കാവ്യം രചിക്കുകയും ചെയ്തിരുന്നു. 1899 ലായിരുന്നു രചന. പിറ്റേവർഷം പെടുന്നനവെ അദ്ദേഹം ഇഹലോകവാസം വെടി ഞ്ഞു. മകൻ അപ്പോൾ ബർമയിലായിരുന്നു. ബർമയിൽ നിന്ന് തിരിച്ചു വന്ന ഡോക്ടർ മഹമൂദ് 1903 ൽ പിതാവിന്റെ സ്വലാത്ത് മാല സ്വന്തം ചിലവിൽ പ്രസിദ്ധീകരിച്ചു. ഡോക്ടരിൽ ജന്മനാ ലഭിച്ച സാഹിത്യ വാസന ഉണ്ടായിരുന്നു. "ബദറുൽ മുനീറിർ", നൂർജഹാൻ എന്നീ നോവലുകൾ അദ്ദേഹമെഴുതിയിരുന്നു. 'ഗുലാം ഖാദറിന്റെ ചരിത്രവും അദ്ദേഹത്തിന്റെ രചനയായിരുന്നു.

ഡോക്ടർ മഹമൂദ് വിവാഹം ചെയ്തത് തലശ്ശേരിയിലെ കുറുക്കൻ കണ്ടി കുടുംബത്തിൽ നിന്നായിരുന്നു. സാറ എന്നാ യിരുന്നു ഭാര്യയുടെ പേര്. പ്രസ്തുത വിവാഹത്തിൽ കുഞ്ഞലു എന്നൊരു മകളുണ്ടായിരുന്നു. അവരുടെ മകനായിരുന്നു സർ സയ്യിദ് കോളേജിൽ നിന്ന് വിരമിച്ച പരേതനായ പ്രൊഫ. കെ.കെ അബ്ദുൾ മജീദ്. ഡോക്ടർ ബർമയിൽ സേവനത്തിലിരിക്കെ മറ്റൊരു വിവാഹം കൂടി കഴിച്ചിരുന്നു. ഡ്യൂട്ടിക്കിടയിൽ പറ്റിയ ഒരപകടത്തിൽ ഡോക്ടറെ നിരന്തരം ശുശ്രൂഷിച്ച മേരി എന്ന നഴ്സ് പിന്നീട് അദ്ദേഹത്തിന്റെ ഭാര്യ ആവുകയായിരുന്നു. ആർമി സർവീ സിൽ നിന്ന് വിരമിച്ച ശേഷം രണ്ടാമത്തെ ഭാര്യയെയും, അവരി ലുണ്ടായ രണ്ട് ആൺമക്കളെയും കൂട്ടി തലശ്ശേരിയിൽ സ്ഥിര താമസമാക്കാൻ 1918ൽ തന്റെ വീട്ടിനടുത്ത് ക്ലിനിക്ക് പണിത് പ്രാക്ടീസ് തുടങ്ങി. ഏതാനും വർഷങ്ങൾ മാത്രമെ പ്രസ്തുത

പ്രാക്ടീസ് തുടർന്നുള്ളൂ. രണ്ടാമത്തെ ഭാര്യക്ക് തലശ്ശേരിയിലെ താമസം തൃപ്തമല്ലാത്തതുകൊണ്ട്, ഡോക്ടർ കുടുംബ സമേതം ബർമയിലേക്ക് താമസം മാറുകയാണുണ്ടായത്. വീട്ടിനടുത്ത് പണിത ക്ലിനിക്ക് തന്റെ തലശ്ശേരിയിലുള്ള ഭാര്യക്ക് ദാനം ചെയ്തു. 1933 ൽ ബർമയിലെ മൊൾമീൻ എന്ന സ്ഥലത്ത് വെച്ച് ഡോക്ടർ നിര്യാതനായി. നിര്യാണാനന്തരം ഡോക്ടറുടെ ബർമയിലുള്ള മരുമകനുമായി മാത്രമെ ഡോക്ടറുടെ ബർമയിലെ കുടുംബവുമായി ബന്ധമുണ്ടായിരുന്നുള്ളൂ. പിന്നീടാ ബന്ധം അശേഷം അറ്റുപോയി.

മമ്മു ഡോക്ടറുടെ കുടുംബം മല്ലർ റോഡിൽ വന്നു താമസിക്കാൻ തുടങ്ങിയപ്പോൾ ആ വീട് ദർസറവിട എന്ന പേരിൽ പ്രസിദ്ധമായി. ഡോക്ടറുടെ ഉമ്മ ബിച്ചുമ്മ, അവ രുടെ ഉമ്മയായ കച്ചുമ്മയുടെ വീട്ടിൽ ഇപ്പോൾ ആസാദ് ബിച്ചിനടുത്തുള്ള വീട്ടിലായിരുന്നു താമസം. ഡോക്ടരുടെ പിതാവും, ഡോക്ടറും ഉപയോഗിച്ച പഠന മുറി, അവർ താമസം മാറ്റിയതിനു ശേഷവും ഏറെക്കാലം എഴുത്ത്മുറി എന്നറിയപ്പെട്ടിരുന്നു. 1909 ലാണ് ആലാൻ ബിച്ചുമ്മ മല്ലർ റോഡിലുള്ള വീട്ടിലേക്ക് താമസം മാറ്റിയത്. നങ്ങത്താൻ മമ്മത്, ആമ്മത്, പുമ എന്നിവരിൽ നിന്നാണ് നേരത്തെ ഉണ്ടായിരുന്ന വീട് വാങ്ങിയത്. അതിലും നേരത്തെ അടിയേരി രാഘവന്റെ കുടുംബം താമസിച്ചിരുന്ന വീടായിരുന്നു. നങ്ങത്താൻ കുടുംബം പ്രസ്തുത വീട് ബിച്ചുമ്മക്ക് വിറ്റതിനു ശേഷം പടിഞ്ഞാറ് ഭാഗത്തുള്ള പറമ്പിൽ പുതിയ വീട് വെച്ചു. അങ്ങനെ വാങ്ങിയ വീട് ഡോക്ടർ ബർമയിൽ നിന്ന് വന്ന അവസരത്തിൽ തന്റെയും കുടുംബത്തിന്റെയും താമസ സൗകര്യത്തിനുവേണ്ടി മേൽ ഭാഗം വിശാലമായ ഹാളോട് കൂടി മാളിക പണിതു. അതോടൊപ്പം തെക്ക് ഭാഗത്ത് തനിക്ക് വേണ്ടി ഒരു ക്ലിനിക്കിനുള്ള കെട്ടിടവും പണിതു. എന്നാൽ ഡോക്ടർ ബർമയിലെക്ക് തന്നെ തിരിച്ചു പോകാൻ തീരുമാനിച്ചതിനാൽ 1932 ൽ ഡോക്ടർ തന്റെ ക്ലിനിക്ക് കെട്ടിടം തലശ്ശേരിയിലുള്ള ഭാര്യക്ക് ദാനം നൽകി. 1936 മുതൽ ദർസറവിടയുടെ അവകാശം ഡോക്ടറുടെ സഹോദരിയായ ആലാൻ കുഞ്ഞിപ്പാത്തുമ്മയിൽ നിക്ഷിപ്തമായി. അവരുടെ സന്താന പരമ്പരയാണ് ഇന്ന് ദർസറവിട താമസിച്ചു വരുന്നത്. വീടിന്റെ ഔദ്യോഗിക പേര് ആലാൻ പുതിയപുരയിൽ എന്നാണെങ്കിലും വളരെ കാലം അത് ദർസറവിടയായി തന്നെ അറിഞ്ഞു വരുന്നു. പുതിയ തലമുറക്കു ദർസറും, മമ്മു ദർസറും, ദർസറവിടയും അപരിചിതമായിരിക്കാം●

# 35

# സമാധാന ദൂതുമായി വന്ന ഇടയൻ

അനിതര സാധാരണമായ വ്യക്തി പ്രഭാവംകൊണ്ട് സർവ രേയും ആകർഷിച്ച ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തലശ്ശേരിയുടെ വർത്തമാന ചരിത്രത്തിലെ അനിവാര്യവ്യക്തിത്വങ്ങളിലൊരാളാണ്. ലാറ്റിൻ കത്തോലിക്ക മതവിശ്വാസികളുടെ തലശ്ശേരി ഇടവകയുടെ പ്രഥമ ബിഷപ്പായിരുന്നു അദ്ദേഹം. ഖദർ ളോഹ ധരിച്ച പുരോഹിതൻ തലശ്ശേരിക്കാർക്കൊരു പുതുമയായിരുന്നു. മദ്യവർജ്ജന സമരങ്ങളിൽ മുന്നണിപ്പോരാളിയായി നിൽക്കുന്ന ബിഷപ്പിനെ അതിശയത്തോടെ കണ്ടു. ഇടവകയിലെ കത്തോലിക്കരുടെ ക്ഷേമപ്രവർത്തനങ്ങളിൽ മാത്രമല്ല അദ്ദേഹം മുഴുകിയത്. ഇടവകയിലെ സർവ്വ സാമൂഹിക പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ പങ്ക് അദ്വിതീയമായിരുന്നു. പ്രായത്തിന്റെ അവശതകളൊന്നും വകവെക്കാതെ ഏത് പ്രവർത്തനത്തിന്റേയും മുൻനിരയിൽ സമാധാനത്തിന്റേയും നന്മയുടേയും സന്ദേശങ്ങളുമായി വള്ളോപ്പിള്ളിയുടെ സാന്നിധ്യമുണ്ടായിരുന്നു.

പഴയ തിരുവിതാംകൂർ- കൊച്ചി രാജ്യങ്ങളിൽ നിന്ന് തലശ്ശേരിയുടെ കിഴക്കൻ മേഖലകളിൽ കുടിയേറിപ്പാർത്ത ലാറ്റിൻ കത്തോലിക്ക വിശ്വാസികളുടെ നിരന്തരമായ നിവേദനങ്ങളുടെ ഫലമായിട്ടായിരുന്നു തലശ്ശേരി ആസ്ഥാനമാക്കി ഒരു പ്രത്യേക ഇടവകയുടെ രൂപീകരണം നടന്നത്. 1953ലെ ക്രിസ്തുമസ് കഴിഞ്ഞായിരുന്നു ഇടവക സ്ഥാപിക്കപ്പെട്ടത്. കൃത്യമായി പറഞ്ഞാൽ ഡിസംബർ 31ന്. കടനാട്ടിൽ സ്കൂൾ അധ്യാപകനായി ജോലി നോക്കിക്കൊണ്ടിരുന്ന സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയായിരുന്നു പുതിയ ഇടവകയെ നയിക്കാനുള്ള ഇടയനായി നിയമി

ക്കപ്പെട്ടത്. ഒരൽപം സംശയത്തോടെയായിരുന്നു സെബാസ്റ്റ്യൻ പുതിയ ദൗത്യമേറ്റെടുത്തത്. പൗരോഹിത്യം സ്വീകരിച്ച് കേവലം പത്ത് വർഷം മാത്രം തികഞ്ഞിട്ടുള്ള വേളയിൽ ലഭിക്കുന്ന ഒരു സുപ്രധാന ദൗത്യമായിരുന്നത്. പാലായിലെ ബിഷപ്പ് പ്രോത്സാഹന വചനങ്ങൾ ഉരുവിട്ടു. ഏതാനും പുരോഹിതന്മാരും പാലാ ബിഷപ്പ് നല്കിയ ഇരുപതിനായിരം രൂപയുമായി തലശ്ശേരിയിലെത്തിയ സെബാസ്റ്റ്യന് ഒരുപാട് കൃത്യങ്ങൾ ചെയ്യാനുണ്ടായിരുന്നു. ഹോളി റോസറി ചർച്ചിന്റെ ഒരു മൂല ആസ്ഥാനമാക്കിയാണ് സെബാസ്റ്റ്യൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. പിന്നെ അടിവെച്ചടിവെച്ച മുന്നേറ്റങ്ങളായിരുന്നു. കോഴിക്കോട് ബിഷപ്പിന്റെ കീഴിലുണ്ടായിരുന്ന എഴുപത്തിനാലായിരത്തോളം വരുന്ന ലാറ്റിൻ കത്തോലിക്ക മതവിശ്വാസികളായിരുന്നു പുതിയ തലശ്ശേരി ഇടവകയിൽ അന്നുണ്ടായിരുന്നത്. ഇന്നത് ആറ് ലക്ഷത്തിലധികം പേരായി വർധിച്ചു. കിഴക്കൻ മേഖലകളിലെ വിശ്വാസികളെ സന്ദർശിക്കലായിരുന്നു പുതിയ ബിഷപ്പിന്റെ പ്രഥമ പ്രവർത്തനം. പള്ളിക്കും പള്ളിക്കൂടത്തിനുമുള്ള ആവശ്യമായിരുന്നു ഏറെ. അവയ്ക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിവെച്ചു. തുടക്കത്തിൽ പലയിടത്തും പള്ളിക്കും പള്ളിക്കൂടത്തിനും ഒരേ കെട്ടിടം മാത്രമായിരുന്നു. അരശതാബ്ദത്തിനുള്ളിൽ കിഴക്കൻ മേഖലയിലെ ഉയർന്ന നിലവാരമുള്ള കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്നുവന്നതിൽ ബിഷപ്പ് വള്ളോപ്പിള്ളിയുടെ പങ്ക് നിസ്സീമമായിരുന്നു. 1964-ൽ കൂത്തുപറമ്പിനപ്പുറമുള്ള മൊട്ടക്കുന്നിൽ നിർമ്മലഗിരി കോളെജ് സ്ഥാപിക്കപ്പെട്ടു. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഉന്നത നിലവാരമുള്ള കലാലയമായി ഇന്നതുയർന്ന് നിൽക്കുന്നു. തരിശായി കിടക്കുന്ന സ്ഥലത്തെ വിദ്യാകേന്ദ്രമായി പരിണമിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചതും ബിഷപ്പ് വള്ളോപ്പിള്ളി തന്നെയായിരുന്നു. നിർമ്മലഗിരിയിലെ റാണി ജയ് ഹയർ സെക്കൻഡറി സ്കൂളും പ്രവേശനത്തിന് ഏറെ ആഗ്രഹിക്കപ്പെടുന്ന സ്ഥാപനങ്ങളിലൊന്നാണ്. മലയോര മേഖലകളിലെ വികസനം കണ്ണൂർ ജില്ലയുടെ സാമ്പത്തിക വികസനത്തെ ത്വരിതപ്പെടുത്തി.

സംഘർഷഭരിതമായ ജില്ലയെന്ന് എന്നും തെറ്റിദ്ധരിക്കപ്പെടുന്ന കണ്ണൂരിലാണ് സമാധാന ദൂതുമായി ഈ ഇടയൻ വികസനോന്മുഖമായ പ്രവർത്തനങ്ങളിലൂടെ മാതൃകാപുരുഷനായത്. 1911 ആഗസ്ത് നാലിന് ജനിച്ച സെബാസ്റ്റ്യൻ മാതാപിതാക്കളുടെ ഏറ്റവും ഇളയ സന്താനമായിരുന്നു. അവനെ വൈദികവൃത്തിക്ക് അയക്കാനായിരുന്നു അവർ തീരുമാനിച്ചിരുന്നത്. ബിരുദപഠനാന്തരം സിലോണിലുള്ള വൈദിക സെമിനാരിയിലേക്കായിരുന്നു സെബാസ്റ്റ്യന് പോകേണ്ടി വന്നിരുന്നത്. ദൂരസ്ഥലത്ത്

പോകേണ്ടി വരുന്നതിനാൽ സെബാസ്റ്റ്യൻ മാതാപിതാ ക്കൾ ഖിന്നരായിരുന്നു. 1945ലായിരുന്നു സെബാസ്റ്റ്യന്റെ പുരോഹിതപ്പട്ടം ലഭിച്ചത്. തുടർന്ന് വൈദികനും സ്കൂൾ അധ്യാപകനുമായി കഴിഞ്ഞു. 1954ലാണ് തലശ്ശേരിയിലേക്ക് അദ്ദേഹം നിയോഗിതനാവുന്നത്. കുടിയേറ്റക്കാരായ ലാറ്റിൻ കത്തോലിക്ക കർഷകരുടെ ആത്മീയ ജീവിതത്തിന് മാർഗദർശനം നൽകാനെത്തിയ പുതിയ ഇടയൻ തലശ്ശേരിക്കാരുടെ മുഴുവൻ സ്നേഹാദരങ്ങൾ ഏറ്റുവാങ്ങുന്നതാണ് പിന്നീട് കണ്ടത്. ആത്യന്തികമായി അദ്ദേഹം ലാറ്റിൻ കത്തോലിക്ക വിശ്വാസിയും മതപ്രചാരകനുമായിരുന്നു. എന്നാൽ അതിലുപരി അദ്ദേഹത്തിന്റെ ആത്മാർഥതയും പ്രവർത്തിയിലുള്ള പ്രതിബദ്ധതയുംകൊണ്ട് ലഭ്യമായ വ്യക്തി പ്രഭാവം സർവരേയും അദ്ദേഹത്തിലേക്ക് ആകർഷിപ്പിക്കുകയായിരുന്നു. മതത്തിലന്തർലീനമായ മാനവികത ഉൾക്കൊണ്ടു കൊണ്ടുള്ള പ്രവർത്തന ശൈലിയായിരുന്നു ഈ ആകർഷണത്തിനുള്ള നിദാനം. ഗാന്ധിയൻ ആദർശങ്ങളെ ജീവിതത്തിൽ ഉൾക്കൊണ്ട് ഗാന്ധിയനായി ജീവിച്ച കൃസ്ത്യൻ പുരോഹിതൻ എന്നൊരു പ്രത്യേകത കൂടി അദ്ദേഹത്തിനുണ്ടായിരുന്നു. വറ്റാത്ത മനുഷ്യസ്നേഹത്തിന്റെ മഹനീയ മാതൃകയായി അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തിയും ഇനിയുള്ള കാലങ്ങളിലും അനുസ്മരിക്കപ്പെടും ●

# 36

# ശ്രീ ജ്ഞാനോദയ യോഗം

തലശ്ശേരിയിലെ തീയ്യരുടെ ആത്മാഭിമാനത്തിന്റെ പ്രതീക മാണ് തലശ്ശേരിയിലെ ശ്രീ ജ്ഞാനോദയയോഗവും യോഗം സ്ഥാപിച്ച ശ്രീ ജഗന്നാഥ ക്ഷേത്രവും. സവർണ്ണക്ഷേത്രങ്ങളിൽ അവർണ്ണർക്ക് ക്ഷേത്രപ്രവേശനവും ആരാധനയും നിഷേധി ക്കപ്പെട്ട ഒരു കാലഘട്ടത്തിൽ അവർണരുടെ ആരാധനയ്ക്കും ആത്മാഭിമാനം കാത്തുരക്ഷിക്കാനും പാത വെട്ടിത്തെളിയിച്ചത്, ഇരുപതാം ശതകത്തിലെ അവതാര പുരുഷനായ ശ്രീനാരായണ ഗുരുവായിരുന്നു. ആരാധനക്ക് പോലും അർഹത ലഭിക്കാതെ അപകർഷതാബോധം ബാധിച്ച ഒരു സമൂഹത്തെ ഉദ്ധരിക്കുകയും ഉത്ക്കർഷരാക്കുകയും ചെയ്യുക എന്ന മഹത്തായ ധർമ്മമാ യിരുന്നു ശ്രീ നാരായണഗുരു നിർവഹിച്ചത്. ജഗന്നാഥക്ഷേത്രം സ്ഥാപിക്കുന്നതിനും നൂറ് പതിറ്റാണ്ട് മുമ്പ് തന്നെ തലശ്ശേരിയിൽ തീയ്യർക്ക് ഒരു ആരാധനാകേന്ദ്രം സ്ഥാപിക്കാനുള്ള ശ്രമം അന്ന് ബ്രിട്ടീഷ് സർക്കാറിൽ ഡപ്യൂട്ടി കലക്ടറായിരുന്ന ചൂര്യായി കണാരൻ നടത്തിയിരുന്നുവെങ്കിലും ബ്രാഹ്മണർ പ്രതിഷ്ഠ നട ത്താൻ വിസമ്മതിച്ചതിനാൽ പ്രസ്തുത ശ്രമം വിഫലമാവുക യാണുണ്ടായത്. ഈ പ്രകരണത്തിലാണ് ജ്ഞാനോദയയോഗ ത്തിന്റെ തുടക്കവും തുടർന്നുള്ള ക്ഷേത്രം പണിയും ഏറെ പ്രസ ക്തമാകുന്നത്.

തീയ്യർക്ക് ആരാധനക്ക് സ്വന്തമായൊരു ക്ഷേത്രം എന്ന ആശ യം ഏറെക്കാലം പല തീയ്യപ്രമുഖരും മനസ്സിൽ കൊണ്ടു നടന്നുവെങ്കിലും അത് സാദ്ധ്യമായിരുന്ന പരിസ്ഥിതിയാണു ണ്ടായത്. ശ്രീനാരായണ ഗുരുവിന്റെ ആവിർഭാവവും വർക്ക

ലയിൽ അദ്ദേഹം സ്ഥാപിച്ച ശിവഗിരി മഠവുമൊക്കെ ഒരു പുതിയ സാമൂഹ്യ പരിഷ്ക്കരണത്തിന്റെ പാനഥാവ് തുറക്കുന്ന സംഭവങ്ങളായിരുന്നു. തെക്കൻ കേരളത്തിലെ ഈഴവർക്കിടയിലുണ്ടായ നവോത്ഥാനം വടക്കൻ കേരളത്തിലെ തീയ്യന്മാർക്കിടയിൽ പുത്തനാവേശം സൃഷ്ടിക്കുകയുണ്ടായി.

സ്വന്തമൊരു ആരാധനാലയമെന്ന ആശയത്തിന് പുതുനാമ്പുകൾ ഉണ്ടായി തുടങ്ങി. അങ്ങനെയാണ് ശ്രീനാരായണ ഗുരുവിന്റെ സിദ്ധികളെ കുറിച്ച് കേട്ടറിവും അനുഭവവുമുണ്ടായിരുന്ന, കോഴിക്കോട് നിന്ന് വന്ന് തലശ്ശേരിക്കാരനായി തീർന്ന വരുതൂർ കാണിയിൽ കുഞ്ഞിക്കണ്ണൻ, ശ്രീനാരായണ ഗുരുവിനെ ഈ ആവശ്യവുമായി സമീപിക്കുന്നത്. ഏറെ ക്ലേശങ്ങൾ അനുഭവിച്ച് വർക്കലയിൽ എത്തിയ കുഞ്ഞിക്കണ്ണന്റെ തീവ്രപ്രയത്നം പിന്നീട് തലശ്ശേരിയുടെ അഭിമാനത്തിന് കാരണമായി. വടക്കൻ കേരളത്തിൽ തീയ്യർക്കായി വ്യതിരിക്തമായി സ്ഥാപിക്കപ്പെട്ട ആദ്യത്തെ ക്ഷേത്രമെന്ന് ചരിത്രം രേഖപ്പെടുത്താനിടയാക്കിയ സംഭവമായി ഇത് ഭവിച്ചു.

ബ്രിട്ടീഷുകാരുടെ ആസ്ഥാനവും സ്വാധീനവും നിലനിന്നുവന്ന തലശ്ശേരിയിൽ ഒരു ക്ഷേത്രം വേണോ എന്ന സംശയത്തോടെയാണ് ഗുരു സ്വാമികൾ കുഞ്ഞിക്കണ്ണനോട് പ്രതികരിച്ചത്. ബ്രഹ്മസമാജക്കാരും ആര്യസമാജക്കാരും തമ്മിലടിക്കുകയും ആരാധനകളിൽ ഏറെ അനാചാരങ്ങൾ നിലവിലിരിക്കുകയും ചെയ്യുന്ന ഒരു സ്ഥലത്ത് നേരാം വിധത്തിലുള്ള ഈശ്വരാരാധനയ്ക്ക് സൗകര്യമുണ്ടാകേണ്ടതാണെന്ന് ശ്രീനാരായണ ഗുരുസ്വാമികൾ തന്നെ പിന്നീട് തീരുമാനിക്കുകയാണുണ്ടായത്.

ചിന്നസ്വാമി എന്ന ഓമനപ്പേരിലറിയപ്പെട്ടിരുന്ന മഹാകവി കുമാരനാശാനായിരുന്നു ക്ഷേത്ര നിർമ്മാണത്തിന്റെ വിവിധ വശങ്ങൾ പഠിക്കാനായി നിയോഗിക്കപ്പെട്ടത്. ആശാന്റെ ആഗമനാനന്തരം തലശ്ശേരിയിലെ തീയ്യ പ്രമുഖരെയെല്ലാം ആശാനും കുഞ്ഞിക്കണ്ണനും കണ്ടു. 1905 ജൂലായ് അഞ്ചിന് ചെറുവാരി ഗോവിന്ദൻ ശിരസ്തദാറുടെ തിരുവങ്ങാട്ടുള്ള പറമ്പത്ത് വീട്ടിലായിരുന്നു ഇതു സംബന്ധമായ ആദ്യ യോഗം ചേർന്നത്. ഒണ്ടേൻ രാമുണ്ണിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊറ്റ്യത്ത് രാമുണ്ണി വക്കീൽ, ഡോ. പി കെ ചാത്തൻ, ചക്യത്ത് ബാപ്പു വക്കീൽ, അടിയേരി കണാരൻ, മുത്തേടത്ത് കുഞ്ഞിരാമൻ വൈദ്യർ, അരയാക്കണ്ടി അച്യുതൻ തുടങ്ങി നിരവധിയാളുകൾ പങ്കെടുത്തിരുന്നു. യോഗത്തിൽ കാര്യനിർവ്വഹണ സെക്രട്ടറിയായി അച്യുതൻ കാഷിയറും ഖജാൻജിയായി വരുതൂർ കുഞ്ഞിക്കണ്ണനും നിയമിക്കപ്പെട്ടു. അന്ന് വിശദീകരണ പ്രസംഗം നിർവ്വഹിച്ചത് മറ്റാരുമായിരുന്നില്ല- മഹാകവി കുമാരനാശാൻ

തന്നെയായിരുന്നു. ആശാന്റെ പ്രസംഗം ശ്രോതാക്കളിൽ പുതിയൊരാവേശം അലതല്ലിച്ചു. ക്ഷേത്ര നിർമ്മാണത്തിനുള്ള സംഭാവനകൾ നല്കാമെന്ന് അനേകം പേർ വാഗ്ദാനം നൽകി. തുടർന്ന് 1905 ജൂലായ് മാസം 16ന് പറമ്പത്ത് വീട്ടിൽവെച്ച് തന്നെ വീണ്ടുമൊരു യോഗം ചേർന്നു. ആശാന്റെ ഉൽബോധനം സൃഷ്ടിച്ച പുത്തനുണർവ്വ് ഈ യോഗത്തിൽ സംബന്ധിക്കാനെത്തിയവരുടെ സംഖ്യാബലം തെളിയിക്കുകയായിരുന്നു. ഈ യോഗത്തിൽ വെച്ചാണ് സംഘത്തിന് ശ്രീ ജ്ഞാനോദയയോഗം എന്ന് നാമകരണം ചെയ്യപ്പെട്ടത്. ആശാന്റെ തന്നെ നിർദ്ദേശമനുസരിച്ചാണ് ഈ നാമം നൽകപ്പെട്ടതത്രെ.

ശ്രീ ജ്ഞാനോദയയോഗം തലശ്ശേരിയിൽ ക്ഷേത്രം നിർമ്മിക്കാൻ തീരുമാനിച്ചുവെങ്കിലും അത് പ്രായോഗികമായിത്തീരുവാൻ ഏറെ കടമ്പകൾ കടക്കേണ്ടി വന്നു. കുഞ്ഞിക്കണ്ണന്റെ അക്ഷീണമായ പ്രവർത്തനങ്ങളായിരുന്നു ക്ഷേത്ര സ്ഥാപനത്തെ സഫലമാക്കിയത്. ക്ഷേത്ര നിർമാണത്തിന് ഉദ്ദേശിക്കപ്പെട്ട സ്ഥലത്തിന് ഗുരുവിന്റെ അംഗീകാരവും തുടർന്ന് ക്ഷേത്രത്തിനുള്ള കുറ്റിയടിക്കൽ കർമ്മ നിർവ്വഹണവും നടക്കേണ്ടതുണ്ടായിരുന്നു. പ്രസ്തുത ആവശ്യാർഥമാണ് ശ്രീനാരായണഗുരുസ്വാമികൾ ആദ്യമായി തലശ്ശേരിയിൽ എത്തുന്നത്. 1906 മാർച്ച് 17ന് രാത്രി എട്ടര മണിക്ക് തലശ്ശേരിയിൽ വന്നെത്തിയ സ്വാമികൾ കുഞ്ഞിക്കണ്ണന്റെ പിലാക്കൂലിലുള്ള വസതിയിലായിരുന്നു തങ്ങിയത്.

ക്ഷേത്ര നിർമ്മാണത്തിനുദ്ദേശിക്കപ്പെട്ട മഠത്തിൽ പറമ്പിൽ നേരത്തെ തന്നെ ബുദ്ധക്ഷേത്രമുണ്ടായിരുന്നുവെന്നൊരു ഐതിഹ്യമുണ്ട്. മഠത്തിൽപറമ്പ് ദർശിച്ച ഗുരു സ്ഥലം ക്ഷേത്ര ത്തിന് കൊള്ളാമെന്ന് അഭിപ്രായപ്പെടുകയും 1906 മാർച്ച് 23ന് രാവിലെയുള്ള ശുഭ മുഹൂർത്തത്തിൽ ഗുരുവിന്റെ തൃക്കൈയ്യാൽ തന്നെ ക്ഷേത്രത്തിന്റെ കുറ്റിയടിക്കപ്പെടുകയും ചെയ്തു.

ക്ഷേത്രകാര്യനിർവ്വഹണത്തിലും നിർമ്മാണത്തിലുമൊക്കെ പിന്നീട് കമ്മിറ്റി മെമ്പർമാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായെങ്കിലും രണ്ട് വർഷത്തിനകം ക്ഷേത്രനിർമ്മാണം പൂർത്തിയാവുകയും 1908 ഫെബ്രുവരി 13ന് വ്യാഴാഴ്ചയിലെ ശുഭ മുഹൂർത്തത്തിൽ ശ്രീ നാരായണഗുരു തന്നെ ക്ഷേത്ര പ്രതിഷ്ഠ നിർവ്വഹിക്കുകയും ചെയ്തു. ശ്രീ ജഗന്നാഥക്ഷേത്രം ജനങ്ങളുടെ ക്ഷേത്രമെന്ന നിലയിൽ ശ്രീ ജ്ഞാനോദയയോഗത്തിന്റെ പേരിലാണ് റജിസ്റ്റർ ചെയ്യപ്പെട്ടത്. എന്നാൽ അതിന്റെ താന്ത്രികാവകാശം വർക്കല ശിവഗിരിമഠത്തിനാണ് ●

## 37

# ബാസൽ മിഷനും ഗുണ്ടർട്ടും തലശ്ശേരിയിൽ

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ഏറെ സംഭാവനകൾ അർപ്പിക്കാൻ തലശ്ശേരിക്ക് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ ആധുനിക വിദ്യാഭ്യാസരംഗത്തും ഇവയ്ക്ക് കാരണഭൂതരായവർ ബാസൽമിഷനും ഗുണ്ടർട്ടുമായിരുന്നു. സങ്കുചിതമായ പ്രേഷിത പ്രവർത്തനങ്ങൾക്കുപരിയായി മലയാള ഭാഷയ്ക്ക് അവർ നല്കിയ സംഭാവനകൾ മഹത്തരമായി. യേശു സ്വർഗ്ഗാരോഹണത്തിന് മുമ്പ് അനുയായികൾക്ക് നല്കിയ ദൗത്യമായിരുന്നുവത്രെ പ്രേഷിത പ്രവർത്തനങ്ങൾക്കുള്ള പ്രേരണ. മത്തായി സുവിശേഷത്തിൽ ഇങ്ങനെ കാണാം: 'നിങ്ങൾ പോയി സർവ ജനങ്ങളേയും ശിഷ്യപ്പെടുത്തി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ. ഞാൻ നിങ്ങളോട് കൽപ്പിച്ചതെല്ലാം അവരെ പഠിപ്പിക്കുവിൻ (28:12, 20).'

ബാസൽ മിഷന് ഒരു സവിശേഷ ചരിത്രമുണ്ട്. നെപ്പോളിയനെതിരായ യുദ്ധത്തിൽ റഷ്യ, പ്രഷ്യ, ഓസ്ട്രിയ, ബ്രിട്ടൻ എന്നീ രാഷ്ട്രങ്ങൾ ഐക്യസേന രൂപീകരിച്ച് സ്വിറ്റ്സർലാണ്ടിലെ ബാസൽ പട്ടണത്തിൽ താവളമുറപ്പിച്ചു. 1814ലായിരുന്നു അത്. ഈ സൈന്യത്തെ ഉടൻ പുറത്താക്കിയില്ലെങ്കിൽ ബാസൽ നഗരത്തെ നശിപ്പിക്കുമെന്ന് നെപ്പോളിയൻ ഭീഷണിപ്പെടുത്തി. ഐക്യസേനയിലെ ഭക്തരായ പട്ടാള മേധാവികൾ ഒരു പള്ളിയിൽ ചേർന്നിരുന്ന് ഒരു നേർച്ച അർപ്പിച്ചു. യുദ്ധത്തിൽ ഐക്യശക്തി ജയിക്കുകയാണെങ്കിൽ അതിന് നന്ദി സൂചകമായി ഒരു മിഷനറി സംഘം രൂപീകരിക്കുമെന്നായിരുന്നു അത്. 1815ൽ വാട്ടർലൂവിൽ

നെപ്പോളിയൻ പരാജതിനായി. പ്രതിജ്ഞയെടുത്ത വിശ്വാസികൾ 1815 സെപ്തംബർ 15ന് ബാസൽ മിഷനറി സംഘം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. ഇതൊരു പ്രൊട്ടസ്റ്റന്റ് മിഷനറി സംഘ മായിരുന്നു.

1839ൽ തലശ്ശേരിയിൽ ഇല്ലിക്കുന്നിലാണ് ബാസൽ മിഷൻ കേന്ദ്രം സ്ഥാപിച്ചത്. റവ. സാമുവൽ ഹെബിൽ ആയിരുന്നു തല ശ്ശേരിയിലെ കേന്ദ്രം ആരംഭിച്ചത്. ബാസലിൽ നിന്നുള്ള സാമ്പ ത്തിക സഹായത്തോടെയാണ് ഈ കേന്ദ്രത്തിൽ നിന്നുള്ള പ്രേഷിത പ്രവർത്തനങ്ങൾ നടന്നത്. പ്രതീക്ഷിച്ചത്ര വിജയം പ്രവർത്തനങ്ങൾക്ക് ഉണ്ടായിരുന്നില്ല. വിരലിലെണ്ണാവുന്നവർ മാത്ര മായിരുന്നു അവരുടെ പ്രവർത്തനങ്ങൾ മൂലം ക്രിസ്തുമതത്തി ലേക്ക് പരിവർത്തനം ചെയ്തിരുന്നത്. പ്രാദേശികരുമായി ഇട പെട്ട് പ്രവർത്തിക്കാൻ മലയാള ഭാഷാ പരിജ്ഞാനം നേടുവാനും സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് യോഗ്യനായ ഒരു പ്രവർത്ത കനെ തേടുന്നതിനിടയിലാണ് ഹെർമൻ ഗുണ്ടർട്ട് പ്രേഷിത പ്രവർത്തനങ്ങൾക്ക് തലശ്ശേരിയിലെത്തുന്നത്.

1836 ജൂലായ് മാസം ഇന്ത്യയിലെ മദിരാശിയിൽ എത്തിയ ഗുണ്ടർട്ട് മദിരാശി, തിരുനെൽവേലി, ചിറ്റൂർ എന്നിവിടങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്തി. തമിഴ് ഭാഷ വശത്താക്കി തമിഴിൽ പുസ്തകങ്ങൾ രചിച്ചു. 1839 ഏപ്രിൽ 12 മുതലായിരുന്നു ഗുണ്ടർട്ട് ഇല്ലിക്കുന്നിൽ താമസമാരംഭിച്ചത്. തലശ്ശേരിയിൽ വെച്ചു തന്നെയായിരുന്നു അദ്ദേഹത്തിന്റെ പ്രഥമ പുത്രനായ ഹെസ്സെ ജനിച്ചത്. 1839 മെയ് ആറിന് തലശ്ശേരിയിൽ ആരംഭിച്ച ഇംഗ്ലീഷ് ഫ്രീ സ്കൂളിന്റെ മേൽനോട്ടം അദ്ദേഹം വഹിച്ചു.

ഇതാണ് പ്രശസ്തമായ ബി ഇ എം പി സ്കൂളായി തീർന്നത്. ഇടക്കാലത്ത് അദ്ദേഹം മംഗലാപുരത്ത് പോയെങ്കിലും വീണ്ടും തലശ്ശേരിയിലേക്ക് തിരിച്ചുവന്നു. മലയാള ഭാഷാപഠനത്തിൽ മുഴു കിയതിന്റെ ഫലമായിരുന്നു അദ്ദേഹത്തിന്റെ മലയാള വ്യാകരണ പുസ്തകം പുറത്തുവന്നത്. പ്രേഷിത പ്രവർത്തനത്തിൽ മലബാ റിൽ മുസ്ലിംകളെ നേരിടേണ്ടി വന്ന പ്രകരണത്തിലായിരുന്നു ഗുണ്ടർട്ട് മുഹമ്മദ് ചരിത്രം എഴുതി പ്രസിദ്ധീകരിച്ചത്.

തലശ്ശേരിയിൽ ആദ്യമായി കല്ലച്ച് സ്ഥാപിക്കുന്നതിന് ഗുണ്ടർട്ട് മുൻകൈയ്യെടുത്തിരുന്നു. 1844 ഒക്ടോബർ 24ന് ആണ് മംഗലാപു രത്ത് നിന്ന് ക്രിസ്ത്യൻ മുള്ളർ കൊണ്ടുവന്ന കല്ലച്ച് തലശ്ശേരി യിൽ ഇല്ലിക്കുന്നിലെ ബാസൽ മിഷൻ കെട്ടിടത്തിൽ സ്ഥാപിച്ച ത്. ഇത് തലശ്ശേരിക്കാർക്ക് ഒരു അനുഗ്രഹമായിത്തീർന്നു. മല യാളത്തിലെ ആദ്യത്തെ ആനുകാലിക പ്രസിദ്ധീകരണമായ രാജ്യ സമാചാരം തലശ്ശേരിയുടെ അഭിമാനമായിത്തീരാൻ കല്ലച്ച് കാര ണമായി. ഗുണ്ടർട്ടിന്റെ മലയാള പുസ്തകങ്ങളിൽ ബഹുഭൂരിഭാ

ഗവും തലശ്ശേരിയിൽ നിന്ന് തന്നെയായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്. ഗുണ്ടർട്ട് തന്നെ മുൻകൈയ്യെടുത്ത് 1847 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച പശ്ചിമോദയം ആദ്യത്തെ വൈജ്ഞാനിക പ്രസിദ്ധീകരണമായിരുന്നു. രാജ്യസമാചാരം പ്രേഷിത പ്രവർത്തനം ലക്ഷ്യമാക്കി പ്രസിദ്ധീകരിച്ചതായിരുന്നു. ജ്യോതിഷവിദ്യ, സാങ്കേതിക ശാസ്ത്രം, ഭാഷാ ശാസ്ത്രം, ജന്തുശാസ്ത്രം, വ്യോമസഞ്ചാര ശാസ്ത്രം, ഭൂമി ശാസ്ത്രം, കേരളപ്പഴമ, ദൈവശാസ്ത്രം എന്നിവയായിരുന്നു പശ്ചിമോദയം പ്രഥമ ലക്കത്തിലെ പ്രതിപാദ്യവിഷയങ്ങൾ. പശ്ചിമോദയത്തിന്റെ പ്രഥമ ലക്കത്തിന് റോയൽ സൈസിൽ എട്ട് പേജുകളുണ്ടായിരുന്നു. പിന്നീടിറങ്ങിയ ലക്കങ്ങൾക്ക് ആറ് പേജേ ഉണ്ടായിരുന്നുള്ളു. രണ്ട് പൈസയായിരുന്നു വില. വാർഷിക വരിസംഖ്യ 50 പൈസ. 1847 ഒക്ടോബർ മുതൽ 1851 മെയ് വരെ 45 ലക്കങ്ങളായിരുന്നു പുറത്തുവന്നിരുന്നത്.

1845 നവംബറിൽ ജർമ്മനിയിലേക്ക് തിരിച്ചുപോയ ഗുണ്ടർട്ട് വീണ്ടും ഇന്ത്യയിലേക്ക് തിരിച്ചെത്തുന്നത് തലശ്ശേരിയിലാണ്. 1847 ഫെബ്രുവരി 28ന് അദ്ദേഹം തലശ്ശേരിയിൽ വീണ്ടും പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രേഷിത പ്രവർത്തനമായിരുന്നു മുഖ്യലക്ഷ്യമെങ്കിലും തലശ്ശേരിയുമായി അദ്ദേഹം അതിലുപരിയായ ഒരാത്മബന്ധം പുലർത്തി. അദ്ദേഹത്തിന്റെ ആദ്യരണ്ട് പുത്രന്മാരുടെ (ഹെർമനും സാമുവലും) ജനനം തലശ്ശേരിയിലായിരുന്നുവെന്നത് തലശ്ശേരിയുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തെ ഭദ്രപ്പെടുത്തി. സ്കൂൾ ഇൻസ്പെക്ടർ ഉദ്യോഗം രാജിവെച്ച് ഒടുവിൽ അദ്ദേഹം 1859 ഏപ്രിൽ 11ന് ജർമ്മനിയിലേക്ക് പോയത് കോഴിക്കോട് നിന്നായിരുന്നു.

ഗുണ്ടർട്ടിനെ തലശ്ശേരിയുടെ സ്വന്തമായി കരുതി, തലശ്ശേരിക്കാർ ആദരപൂർവ്വം അനുസ്മരിക്കുന്നു. ഗുണ്ടർട്ടിന്റെ സ്മാരകമായി പ്രവർത്തിച്ച മറ്റെവിടെയും ഇല്ലാത്ത രീതിയിൽ ഗുണ്ടർട്ട് പ്രതിമയും ഗുണ്ടർട്ട് റോഡും തലശ്ശേരിയിൽ മാത്രമാണുള്ളത്. ഇത് തലശ്ശേരിയുടെ സാംസ്ക്കാരിക പാരമ്പര്യത്തിന്റെ ഭാഗമാണ് ●

## 38

# മിഷൻ സ്കൂൾ

തലശ്ശേരിയുടെ വിദ്യാഭ്യാസ പാരമ്പര്യത്തിന് മകുടം ചാർത്തി നഗരമധ്യത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനമാണ് മിഷൻ സ്കൂൾ എന്ന് ജനസമ്മതി നേടിയ ബി ഇ എം പി ഹൈസ്കൂൾ. തലശ്ശേരി യുടെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂളാണിത്. ബാസൽ ഇവാഞ്ച ലിക്കൽ മിഷൻകാരാണ് 1857 മാർച്ച് 1ന് തലശ്ശേരിയിൽ ഈ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചത്. ബാസൽ ഇവാഞ്ചലിക്കൽ മിഷന് ഉത്തര കേരളത്തിൽ പലയിടങ്ങളിലും പിന്നീട് വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായി. എന്നാൽ തലശ്ശേരിയിലെ അവരുടെ വിദ്യാ ലയത്തിന് മാത്രം അതിന്റെ പേരിൽ ഒരു സവിശേഷതയുണ്ട്. മറ്റെല്ലായിടങ്ങളിലും ബി ഇ എം സ്കൂളുകളായിരിക്കുമ്പോൾ തലശ്ശേരിയിലേത് ബി ഇ എം പി സ്കൂളാണ്. ഈ പി പേരിൽ വന്നു ചേർന്നതിന് ഒരു ചരിത്ര പശ്ചാതലമുണ്ട്. സ്കൂൾ ആരംഭിച്ച തൊട്ടടുത്ത വർഷം കൈക്കോസ് രു ധാർഷാ എന്നൊരു പാർസി വ്യാപാരി സ്കൂൾ കെട്ടിട നിർമാണത്തിനായി 1500 ക സംഭാവന നല്കി. അതിന്റെ കൃതജ്ഞത രേഖപ്പെടുത്താൻ സ്കൂളിന്റെ പേര്‍ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ പാർസി സ്കൂൾ എന്നാക്കാൻ സ്കൂൾ അധികൃതർ തീരുമാനിച്ചു. ഔദ്യോഗികമായ പേര് അങ്ങനെ തുടർന്നെങ്കിലും ജനങ്ങൾക്ക് ഇത് മിഷൻ സ്കൂളാ യിരുന്നു.

ഒന്നര ശതാബ്ദമായി തലശ്ശേരിയിലേയും പരിസര പ്രദേശ ങ്ങളിലേയും ലക്ഷക്കണക്കിനുള്ള വിദ്യാർഥികൾക്ക് വിദ്യാദാനം നിർവ്വഹിച്ച ഈ മഹത്സ്ഥാപനം അഭിമാനത്തോടെ തലയു യർത്തി നിൽക്കുന്നു. ജീവിതത്തിന്റെ എല്ലാ നിലകളിലും പ്രശ

സ്തരായ നിരവധി പേരെ ഈ മഹത് സ്ഥാപനം സംഭാവന ചെയ്തിട്ടുണ്ട്. ലോകപ്രശസ്ത പ്രഭാഷകനെന്ന പേര് കേട്ടയാളും നെഹ്റു മന്ത്രിസഭകളിൽ രാജ്യരക്ഷാമന്ത്രിയുമായിരുന്ന വി കെ കൃഷ്ണമേനോൻ മിഷൻ സ്കൂളിലെ പൂർവ്വ വിദ്യാർഥിയായിരുന്നു. വിദേശത്തും ഇന്ത്യയിലുമായി നിരവധി ഉയർന്ന ഉദ്യോഗങ്ങളിലും മറ്റു പ്രഫഷനുകളിലുമായി മിഷൻ സ്കൂളിന്റെ പൂർവ്വ വിദ്യാർഥികൾ അന്നുമിന്നുമായി നിറഞ്ഞു നിൽക്കുന്നു. നിരവധി അധ്യാപക പ്രതിഭകൾ ഈ സ്കൂളിന്റെ വിദ്യാഭ്യാസാന്തരീക്ഷത്തെ ധന്യമാക്കിയിരുന്നു.

സ്കൂൾ ആരംഭിച്ച് 14 വർഷം കഴിഞ്ഞ് 1871ൽ ബാസൽ മിഷന്റെ ചുമതല വഹിച്ചിരുന്ന റവറന്റ് മുള്ളർ ബി ഇ എം പി സ്കൂളിനെ ഒരു ഹൈസ്കൂളായി ഉയർത്തി. പനങ്ങോടൻ രാമനായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. ആരംഭകാലത്ത് സ്കൂളിൽ പഠിക്കാൻ വരുന്നവരുടെ എണ്ണം തുലോം കുറവായിരുന്നു. എന്നും തങ്ങളുടെ ദൗത്യത്തിൽ പ്രതിബദ്ധത പുലർത്തിവന്ന ബാസൽ ഇവാഞ്ചലിക്കൽ മിഷൻ എന്ത് ത്യാഗം സഹിച്ചും സ്ഥാപനത്തെ നിലനിർത്തിക്കൊണ്ടുവന്നു.

തെക്ക് വടക്ക് വശത്തുള്ള ചെറിയൊരു കെട്ടിടത്തിലായിരുന്നു സ്കൂൾ കെട്ടിടം ഉണ്ടാക്കിയിരുന്നത്. റവറന്റ് മൗവ്വ ചുമതല ഏറ്റെടുത്തപ്പോഴാണ് സ്കൂളിന്റെ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിച്ചത്. നേരത്തെയുള്ള കെട്ടിടത്തിന്റെ വടക്കുവശത്തായി അന്നൊരു സത്രമുണ്ടായിരുന്നു. പ്രസ്തുത സത്രത്തിൽ ചൈനയിൽ നിന്നും മറ്റുമെത്തുന്ന വ്യാപാരികൾ കൊണ്ടു വന്നിരുന്ന വർണ്ണശബളമായ വിശറികളും കളിക്കോപ്പുകളും അന്ന് ജനങ്ങളേയും വിദ്യാർഥികളേയും ആകർഷിച്ചിരുന്ന വസ്തുക്കളായിരുന്നുവത്രെ. ഇപ്പോൾ നിലവിലുള്ള സ്കൂളിന്റെ ഇരുനില കെട്ടിടം നിർമ്മിച്ചത് 1903ലാണ്. ഈ കെട്ടിടം ഒരു ശതാബ്ദം തികയ്ക്കുകയാണെന്ന കാര്യം ഒരുപക്ഷേ സ്കൂൾ അധികൃതർ പോലും മറന്നിരിക്കുമെന്ന് തോന്നുന്നു.

1908ൽ സ്കൂൾ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോഴേക്കും അത് ജനസമ്മതി നേടിയ വിദ്യാഭ്യാസസ്ഥാപനമായി വളർന്നു കഴിഞ്ഞിരുന്നു. തലശ്ശേരിയുടെ ഉൾപ്രദേശങ്ങളിൽ നിന്ന് മാത്രമല്ല മലബാറിന്റെ പല ഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടെ വന്ന് വിദ്യാഭ്യാസം നിർവ്വഹിച്ചു വന്നിരുന്നുവെന്ന വസ്തുത ഈ സ്ഥാപനത്തിന്റെ പ്രശസ്തിക്ക് തെളിവായിരുന്നു.

കായിക രംഗങ്ങളിൽ ഏറെ പ്രശസ്തി നേടാനും ഗതകാല ബി ഇ എം പിക്ക് കഴിഞ്ഞിരുന്നു. ഇന്ത്യൻ സർക്കസിന്റെ കുലഗുരുവെന്ന് കരുതപ്പെട്ടുവന്നിരുന്ന കുഞ്ഞിക്കണ്ണൻ ടീച്ചറായിരുന്നു ഒരു കാലത്ത് ബി ഇ എം പിയുടെ കായിക അധ്യാപകനായിരുന്നത്.

തലശ്ശേരി മൈതാനത്ത് നടന്നിരുന്ന അതിവാശിയേറിയ ഫുട്ബാൾ മത്സരങ്ങളിൽ ശ്രദ്ധേയമായ ടീം മിഷൻ സ്കൂളിന്റേതായിരുന്നു. ആധുനിക നിയമങ്ങളൊന്നും പ്രാബല്യത്തിലില്ലാതിരുന്ന ഗതകാല ഫുട്ബാൾ കളിയിൽ റാഷ് കളിക്കായിരുന്നു പ്രാധാന്യം. കളിയിൽ പങ്കെടുക്കുന്ന രണ്ട് ടീമുകളുടേയും ലക്ഷ്യം മറ്റേ ടീമിലെ പ്രധാന കളിക്കാരുടെ കാലടിച്ച് 'പസർത്തി' അവരെ കളിക്കാൻ കൊള്ളാതാക്കുകയായിരുന്നുവെന്ന് സി എച്ച് കുഞ്ഞപ്പ അന്നത്തെ കളിയെക്കുറിച്ച് വിവരിച്ചത് കാണാം. അദ്ദേഹവും മിഷൻ സ്കൂളിലെ പൂർവ്വ വിദ്യാർഥിയായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് സ്കൂൾ ടീമിന്റെ അതിപ്രശസ്തരായ കളിക്കാരായിരുന്നു അച്ചൂട്ടി, ബാലൻ, രാമനുണ്ണി, ശങ്കു എന്നിവർ. ഇവരുള്ള മിഷൻ സ്കൂൾ ടീമിനെ തോൽപ്പിക്കാൻ പ്രയാസമായിരുന്നുവത്രെ. സാധാരണഗതിയിൽ മിഷൻ സ്കൂളിന്റെ എതിരാളി കണ്ണൂർ ഹൈസ്കൂളും ബ്രണ്ണൻ കോളേജുമായിരുന്നു. പാരമ്പര്യ എതിരാളികളായിരുന്ന ഈ രണ്ട് സ്കൂളിലേയും ടീമംഗങ്ങൾ പിന്നീട് ബ്രണ്ണൻ കോളെജ് വിദ്യാർഥികളായി ബ്രണ്ണൻ ഫുട്ബാൾ ടീമിൽ തങ്ങളുടെ പഴയ സ്കൂളുകൾക്കെതിരെ കളിക്കുന്നത് അന്ന് ജനങ്ങളുടെ ശ്രദ്ധയാകർഷിച്ചിരുന്നു.

നിരവധി അധ്യാപക പ്രതിഭകൾ ബി ഇ എം പി സ്കൂളിനെ അലങ്കരിച്ചുവെന്ന് അന്യത്ര പ്രസ്താവിച്ചിരുന്നുവല്ലോ. ഹെർമൻ ഗുണ്ടർട്ടിനെ പോലുള്ള ഒരു ലോക പ്രതിഭയുടെ സേവനം ലഭ്യമായ ധന്യത ഈ സ്ഥാപനത്തിന് അവകാശപ്പെടാവുന്നതാണ്. മുകുന്ദമല്ലർ, അപ്പു നെടുങ്ങാടി, മെറ്റലർ ജിയിൽ പിന്നീട് ലോകപ്രശസ്തനായി തീർന്ന സി കെ മേനോൻ തുടങ്ങി നിരവധി അധ്യാപക പ്രതിഭകളുടെ നീണ്ടനിര തന്നെയുണ്ട് ഗതകാല മിഷൻ സ്കൂളിന്റെ ചരിത്രത്തിൽ.

ജാതി- മത സ്പർദ്ധകൾ പലപ്പോഴും തലശ്ശേരിയിൽ ഉണ്ടായിരുന്നു. തീയ്യരും നായന്മാരും മുക്കുവരും മുസ്ലിംകളുമൊക്കെ തലശ്ശേരിയിൽ പ്രബലസമുദായങ്ങളായിരുന്നു. എന്നാൽ ഈ സമുദായങ്ങളിലെല്ലാമുള്ള വിദ്യാർഥികൾ സൗഹാർദ്ദത്തോടെ പഠിച്ചുവളർന്ന സ്ഥാപനമായിരുന്നു ബി ഇ എം പി. കേയി കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളിൽ പലരും ഗതകാലത്ത് വിദ്യാഭ്യാസം നിർവ്വഹിച്ചത് ഈ സ്ഥാപനത്തിൽ നിന്നായിരുന്നു. സി പി കുഞ്ഞമ്മദ്, കോട്ടാൽ കുഞ്ഞഹമ്മദ്, കോട്ടാൽ അബൂബക്കർ (നല്ലൊരു ഫുട്ബാൾ കളിക്കാരൻ) എന്നിവരെല്ലാം ഗത കാല ബി ഇ എം പിയിലെ ശ്രദ്ധേയരായ വിദ്യാർഥികളായിരുന്നു ●

# 39

# തലശ്ശേരിയുടെ തലോടലേറ്റ്, എഡ്വേഡ്...

അറബിക്കടലിൽനിന്ന് വീശുന്ന മന്ദമാരുതൻ, കടൽതീരത്തുള്ള ഇംഗ്ലീഷ് പള്ളിയുടെ സിമിത്തേരിയിൽ ഉയർന്നു നിൽക്കുന്ന ചവോക്ക് മരങ്ങളെ തലോടി, താഴെ കുറ്റിക്കാട്ടിൽ ആരുടെ ശവക്കല്ലറയാണാവോ തേടുന്നത്? നൂറ്റി എൺപത്തിയെട്ടു വർഷം മുമ്പ് അറബിക്കടലിൽനിന്നു തന്നെയുള്ള പ്രക്ഷുബ്ധമായ കാറ്റ് തലശ്ശേരിയുടെ കരയെ ഏൽപ്പിച്ച ഇംഗ്ലീഷ് നാവികന്റെ ശവക്കല്ലറയായിരിക്കാം ഒരുപക്ഷേ സെമിത്തേരിയുടെ മധ്യത്തിലായി, അമ്പതുകൊല്ലം മുമ്പ് പുതുക്കിപ്പണിത ഒരു ശവക്കല്ലറയുണ്ട്. അതിലിങ്ങിനെ എഴുതിവെച്ചിട്ടുണ്ട്.

In Memory of Edward Brennen many years master attendant of Tellicherry died on 2nd october 1859, aged 75 he was one of God's noblest works in India, a sterling upright English man.

ഈ ശവക്കല്ലറയെ തേടി കടൽക്കാറ്റല്ലാതെ മറ്റാരും വരാനുണ്ടായിരുന്നില്ല. ഈ ശവക്കല്ലറയും അതിലെഴുതിവെച്ച സാക്ഷ്യരേഖകളുമൊക്കെ എന്നോ വിസ്മൃതിയിലായിരുന്നേനേ. എന്നാൽ ഈ ശവക്കല്ലറയ്ക്കുള്ളിൽ അന്ത്യവിശ്രമം കൊള്ളുന്ന ഇംഗ്ലീഷുകാരനെ തലശ്ശേരിക്കാർക്ക് അവിസ്മരണീയനാക്കിയത് അദ്ദേഹം മരണശാസനത്തിലൂടെ ഇന്നാട്ടുകാർക്ക് തന്നേച്ചുപോയ സമ്പന്നമായ ഒരു പൈതൃകമാണ്. വിസ്മയമായ ഒരു വിധിയാണത്. പിതൃരാജ്യത്തുനിന്ന് ഒരു പിന്തുടർച്ചക്കാരനും തേടി വരാത്ത വിധത്തിൽ അനാഥമായിരുന്നു ആ ഇംഗ്ലീഷുകാരന്റെ ജീവിതം. എന്നാൽ വാലറ്റവന്റെ വിഷമ സന്ധിയിൽ അദ്ദേഹമൊരിക്കലും

ഉൾപ്പെട്ടില്ല. ദാനത്തിന്റെ ഫലങ്ങൾ പൈതൃകമായി അവശേഷിപ്പിച്ചുകൊണ്ടായിരുന്നു അദ്ദേഹം വിടപറഞ്ഞത്. അതിന്നും നിലനിൽക്കുന്നു. അതിന്റെ ഗുണഭോക്താക്കൾ അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരായി ബ്രണ്ണൻ പൈതൃകം സംരക്ഷിച്ചുവരുന്നു. മഹാന്മാർക്ക് പോലും അസുലഭമായ ഒരു മഹത് പാരമ്പര്യമാണ് എഡ്വേഡ് ബ്രണ്ണന് ലഭിച്ചത്. കൃതജ്ഞതാപൂർവ്വം തലശ്ശേരി ആ പൈതൃകം സംരക്ഷിച്ചുവരുന്നു. ഓർമ്മ പുതുക്കിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ശേഷപത്രത്തിലെ നിർദ്ദേശം അനുസരിച്ച് ആരംഭിച്ച സൗജന്യ പാഠശാല ഇന്ന് തലയെടുപ്പുള്ള കലാലയമായി പരിണമിച്ചിരിക്കുന്നു. എഡ്വേഡ് ബ്രണ്ണൻ ഇന്ന് ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നത് അദ്ദേഹത്തിന്റെ ദാനത്തിലൂടെ സ്ഥാപിതമായ ഈ കലാലയത്തിന്റെ പേരിൽ മാത്രമാണ്. ഇംഗ്ലീഷ് പള്ളിയിലെ സിമിത്തേരിയിൽ മറ്റു പല ബ്രിട്ടീഷുകാരുടെയും ജഡങ്ങൾ അടക്കം ചെയ്തിട്ടുണ്ട്. അവരിൽ പലരുടേയും ശവക്കല്ലറകൾ തേടി അവരുടെ പിൻതലമുറക്കാർ വന്നത് കണ്ടിട്ടുണ്ട്. എന്നാൽ എഡ്വേഡ് ബ്രണ്ണന്റെ ശവക്കല്ലറ തേടി ആരും ഇതുവരെ വന്നിട്ടില്ല. എന്നാലും വർഷംതോറും ആ ശവക്കല്ലറയിൽ അദ്ദേഹത്തിന്റെ ചരമദിനത്തിൽ പുഷ്പാഞ്ജലി നടത്താൻ തലശ്ശേരിക്കാർ മറക്കാറില്ല. തലശ്ശേരിയാണ് അദ്ദേഹത്തിന് സംരക്ഷണം നൽകിയത്, തലശ്ശേരിയിൽ വെച്ചാണ് അദ്ദേഹം ചരിത്രപുരുഷനാകുന്നത്. അദ്ദേഹം തലശ്ശേരിക്ക് നല്കിയതിനുള്ള ആദരങ്ങൾ തലശ്ശേരിക്കാർ തിരിച്ചു നൽകിവരുന്നു.

ബ്രിട്ടണിലെ സാധാരണക്കാരാണ് കടൽ യാത്ര ചെയ്ത് വ്യാപാര സാമ്രാജ്യം സൃഷ്ടിച്ചത്. ഭരണ നേതൃത്വത്തിൽ ആഢ്യപ്രഭുക്കൾ വന്നെങ്കിലും നിരവധി ഉദ്യോഗസ്ഥർ സാധാരണ കുടുംബങ്ങളിൽനിന്നു വന്നവരായിരുന്നു. തലശ്ശേരിയിൽ ഉദ്യോഗസ്ഥനായിരുന്ന പിന്നീട് ലോകപ്രശസ്തനായ റോബർട്ട് ക്ലൈവ് പോലും ഒരു 'സ്കൂൾ ഡ്രോപ് ഔട്ട്' ആയിരുന്നു എന്നത് നമുക്ക് വിസ്മയമായിരിക്കും. അവരിൽ പലരും ഇന്ത്യയിലെ പല സിമിത്തേരികളിലുമായി അന്ത്യവിശ്രമംകൊണ്ടു. തോമസ് ഗ്രേയുടെ വിലാപകാവ്യ (എലിജി)ത്തിലെ സീമത്തേരിയിലെ അജ്ഞാതരായ മഹൽ വ്യക്തികളെപ്പോലെ! അത്തരമൊരു വിധിയായിരുന്നു. എഡ്വേഡ് ബ്രണ്ണന്റേതും. ആരുമറിയാതെ പോയ എഡ്വേഡ് ബ്രണ്ണന്റെ ജീവിതത്താളുകളുടെ ചുരുൾ നിവർത്തി നോക്കാനുള്ള ഒരു എളിയ ശ്രമമാണ് ഈ ലേഖനം.

1784ലാണ് എഡ്വേഡ് ബ്രണ്ണന്റെ ജനനം. തലശ്ശേരിയിലെ അദ്ദേഹത്തിന്റെ ശവക്കല്ലറയിൽ 1859 ഒക്ടോബർ രണ്ടിന് 75-ാമത്തെ വയസ്സിൽ അന്തരിച്ചു എന്ന് രേഖപ്പെടുത്തിയത് കാരണമാണ് ഈ ജനന വർഷത്തെക്കുറിച്ചുള്ള ഗണനയുണ്ടായത്. ദിവസവും തിയ്യ

തിയും സമയവുമൊന്നും വേണ്ട.

ലണ്ടനിലായിരുന്നു ജനനമെന്നാണ് സൂചന. എന്നാൽ ലണ്ട നിലെ ഏത് പള്ളിയിലാണ് ജ്ഞാനസ്നാനം ചെയ്യപ്പെട്ടതെന്ന തിന്റെ വിവരങ്ങൾ ലഭ്യമല്ല. ബ്രണ്ണന്റെ ബാല്യകാലത്തെക്കുറിച്ചും വിദ്യാഭ്യാസത്തെ കുറിച്ചുമൊക്കെയുള്ള വിവരങ്ങൾ അജ്ഞാതം. ഒരു സാധാരണ ഇംഗ്ലീഷുക്കാരൻപോലും തന്റെ കുടുംബ ചരിത്രം രേഖപ്പെടുത്തിവെക്കുമെന്ന പ്രചരണത്തിൽ എഡ്വേഡിന്റെ കാര്യ ത്തിൽ ഈ വിവരങ്ങൾ ലഭ്യമല്ല എന്നത് നമ്മെ വിസ്മയിപ്പിക്കു ന്നു. ലണ്ടനിലെ ഏതോ അനാഥാലയത്തിൽ ബാല്യകാലം കഴി ഞ്ഞിരിക്കാനാണ് സാധ്യത. കൗമാര പ്രായത്തിൽ ഇന്ത്യയിലെ ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ ഉപജീവനാർത്ഥം ജോലി തേടി എത്തി യെന്നും ഊഹിക്കാവുന്നതാണ്. തലശ്ശേരിയിലെ പാവങ്ങളോട് എഡ്വേഡ് ബ്രണ്ണന്റെ അനുകമ്പാപൂർണ്ണമായ പ്രവർത്തനങ്ങൾ ഒരു പക്ഷെ അദ്ദേഹത്തിന്റെ ആദ്യകാല അനാഥത്വത്തിന്റെ പ്രതിഫ ലനവുമായിരിക്കാം.

ബോംബെയിൽ മറൈൻ സർവ്വീസസിൽ കേബിൻ ബോയ് ആയിട്ടായിരുന്നു എഡ്വേഡ് ബ്രണ്ണൻ നിയമിതനായത്. ഇത് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സ്ഥാപനമായിരുന്നു. ബോംബെയിൽനിന്നും മലബാർ തീരത്തേക്കുള്ള ഒരു കപ്പൽ യാത്രയിൽ കടൽക്ഷോഭം നിമിത്തം അപകടമുണ്ടായി. തലശ്ശേരിക്കരയിൽ അഭയം തേടിയ വരിൽ എഡ്വേഡുമുണ്ടായിരുന്നു. 1823ന്റെ ഒടുവിലായിരിക്കാനാണ് ഈ കപ്പലപകട സാധ്യത. 1824 മുതൽ ബ്രണ്ണന്റെ തലശ്ശേരി ജീവി തത്തെക്കുറിച്ചുള്ള രേഖകളുണ്ട്.

തനിക്ക് രക്ഷകനായി വന്ന കരയോട് എഡ്വേഡിന് പ്രിയം തോന്നി. എവിടേയും തിരിച്ചു പോകാനില്ലാത്ത ആ അനാഥ യുവാ വിന് തലശ്ശേരിയെ സ്വന്തദേശമാക്കാൻ ആഗ്രഹമുണ്ടായി. അദ്ദേഹം മദ്രാസിലേക്ക് തന്റെ ആഗ്രഹം അറിയിച്ചുകൊണ്ടെഴു തി. 1824 മാർച്ച് നാലിന് മദ്രാസ് ഗവൺമെന്റ് സെക്രട്ടറി എഡ്വേഡ് ബ്രണ്ണന് മലബാറിൽ സ്ഥിരതാമസമാക്കാൻ അനുമതി നല്കി ക്കൊണ്ട് ഉത്തരവയച്ചു. 1824ൽ തന്നെ എഡ്വേഡ് ബ്രണ്ണനെ തല ശ്ശേരിയിലെ മാസ്റ്റർ അറ്റന്റന്റ് ആയി നിയമിച്ചുകൊണ്ട് ഉത്തരവാ യി. അദ്ദേഹം തന്നെയായിരുന്നു തലശ്ശേരി തുറമുഖത്തിന്റെ പോർട്ട് മാസ്റ്റർ. തലായിയിൽ വരുന്ന തോണികൾ മുതൽ തല ശ്ശേരിയിൽവരുന്ന വലിയ കച്ചവട മഞ്ചുക്കൾ വരെ രജിസ്റ്റർ ചെയ് തു കൊടുക്കേണ്ട ചുമതല മാസ്റ്റർ അറ്റന്റിനായിരുന്നു. ബ്രണ്ണൻ 35 വർഷം ഈ ജോലിയിൽ തുടർന്നു. ജോലി വിരാമാനന്തരം അദ്ദേഹം തലശ്ശേരിയിൽതന്നെ മരണം വരെ താമസിച്ചു.

എഡ്വേഡ് ബ്രണ്ണൻ ഔപചാരികമായി വിവാഹിതനായിരുന്നി ല്ല. എന്നാൽ അദ്ദേഹത്തിന് ഒരു തിയ്യ സ്ത്രീയുമായി അറിയപ്പെ

ട്ടിരുന്ന ബന്ധമുണ്ടായിരുന്നു. അതിൽ ഒരു മകളുമുണ്ടായിരുന്നു അദ്ദേഹത്തിന്. ഫ്ളോറ എന്നായിരുന്നു മകളുടെ പേര്. 1830 ജൂൺ ഒന്നിനായിരുന്നു ഫ്ളോറയുടെ ജനനം. ജൂലി ഗുണ്ടർട്ട് നടത്തിയിരുന്ന ഗേൾസ് സ്കൂളിലായിരുന്നു ഫ്ളോറയുടെ വിദ്യാഭ്യാസം. 1839 ആഗസ്ത് 18ന് ആയിരുന്നു ഫ്ളോറയുടെ സ്കൂൾ പ്രവേശനം. സ്കൂളിന് എഡ്വേഡ് ബ്രണ്ണന്റെ ഉദാരമായ സഹായമുണ്ടായിരുന്നെന്ന് ഗുണ്ടർട്ട് രേഖപ്പെടുത്തിയിരുന്നു. എന്നാൽ രണ്ടുവർഷം മാത്രമേ ഫ്ളോറ സ്കൂളിൽ പഠിച്ചിരുന്നുള്ളു. രോഗബാധിതയായ ഫ്ളോറയെ ഊട്ടിയിൽ ചികിത്സക്കയച്ചു. അവിടെ ഒരു മിസ് ഹെയ്ൽ ആയിരുന്നു ഫ്ളോറയുടെ കാര്യങ്ങൾ നോക്കി നടത്തിയിരുന്നത്. ഫ്ളോറ ഊട്ടിയിൽവെച്ച് അന്ത്യശ്വാസം വലിച്ചു. പിന്നീടദ്ദേഹം ഒരു ആൺകുട്ടിയെ ദത്തെടുത്തു. ജൂനിയർ ബ്രണ്ണൻ എന്നറിയപ്പെട്ടിരുന്ന കുട്ടി മാനസിക വൈകല്യമുള്ളവനായിരുന്നു. മംഗലാപുരത്തുള്ള ജർമൻ ആശുപത്രിയിൽ ഏറെക്കാലം അവൻ ചികിത്സയിലായിരുന്നു. ഉദ്യോഗ വിരാമാനന്തരം ബ്രണ്ണൻ തന്റെ ദത്തുപുത്രനായി ഒരുതുക നീക്കിവെച്ചിരുന്നു. ഇത്രയുമൊക്കെയായിരുന്നു ബ്രണ്ണന്റെ തലശ്ശേരിയിലെ കുടുംബ ബന്ധങ്ങൾ. അദ്ദേഹത്തിന്റെ ഏറ്റവും വലിയ സുഹൃത്ത് അഞ്ചരക്കണ്ടിയിൽ കറപ്പത്തോട്ടത്തിന്റെ ഉടമ മർഡക്ക് ബ്രൗണിന്റെ മകനായ ഫ്രാൻസിസ്കാർനാക്ക് ബ്രൗണായിരുന്നു.

1855ൽ എഡ്വേഡ് ബ്രണ്ണൻ ഉദ്യോഗത്തിൽനിന്ന് വിരമിക്കാൻ ആഗ്രഹിച്ചുകൊണ്ട് ഗവൺമെന്റ് സെക്രട്ടറിക്ക് കത്തെഴുതി. അന്നത്തെ മലബാർ കലക്ടർ എച്ച് വി കേണല്ലി ക്യാപ്റ്റൻ ബ്രണ്ണന്റെ കർമ്മ കുശലതയെ പ്രകീർത്തിച്ചുകൊണ്ട് മദിരാശിയിലെ മറൈൻ ബോസ് സെക്രട്ടറിക്ക് കത്തെഴുതിയിരുന്നു. അത് 1855 മാർച്ച് 19ന് ആയിരുന്നു. പിന്നീട് ബ്രണ്ണന്റെ ഉദ്യോഗ വിരാമം ശിപാർശ ചെയ്തുകൊണ്ടും കലക്ടർ കത്തെഴുതി. അപ്പോഴും ബ്രണ്ണന്റെ മഹത്തായ സേവനത്തെ പ്രശംസിച്ചുകൊണ്ട് അദ്ദേഹം എഴുതിയിരുന്നു.

ബ്രണ്ണന്റെ തലശ്ശേരി ജീവിതത്തിൽ അദ്ദേഹത്തിന്റെ സന്തോഷകരമായ പ്രവർത്തി, വൈകുന്നേരങ്ങളിൽ തന്റെ മുച്ചക്ര വാഹനത്തിൽ പട്ടണത്തിലൂടെ സഞ്ചരിച്ച് ചെറിയ നാണയങ്ങൾ പാവങ്ങളുടെ നേരെ വലിച്ചെറിയുക എന്നതായിരുന്നു. സാധുക്കളെ സഹായിക്കാൻ അദ്ദേഹം ആഭിമുഖ്യം കാണിച്ചു. തനിക്ക് അഭയംതന്ന പട്ടണത്തോട് അദ്ദേഹത്തിന് എന്നും കൃതജ്ഞതയുണ്ടായിരുന്നു. അതുകൊണ്ടായിരുന്നു മരണത്തിന് രണ്ടാഴ്ച മുമ്പ് (17 –08–1859) എഴുതിയ വിൽപത്ര പ്രകാരം തലശ്ശേരിയിൽ ഒരു സ്കൂൾ സ്ഥാപിക്കാൻ 8900 രൂപയുടെ എൻഡോമെന്റും ആംഗ്ലിക്കൻ ചർച്ചിന് 6700 രൂപയും നല്കിയത്. 1862ൽ സ്കൂൾ സ്ഥാപിതമാ

യി, 1867ൽ ചർച്ചും.

മരണ സമയത്ത് എഡ്വേഡ് ബ്രണ്ണന്റെ സമ്പാദ്യം ഒന്നര ലക്ഷം രൂപയായിരുന്നു. തലശ്ശേരിയിൽ സബ് കലക്ടർ ഓഫിസും ബംഗ്ലാവും അദ്ദേഹത്തിന്റെ സ്വന്തമായിരുന്നു. ഓഫിസിന് മാസത്തിൽ 40 രൂപയും ബംഗ്ലാവിന് 50 രൂപയും വാടക ലഭിച്ചിരുന്നു.

സ്കൂളിനും ചർച്ചിനും നൽകിയതിനു പുറമേ 3000 രൂപ ടെലിച്ചറി പുവർ ഫണ്ട് രൂപീകരിക്കാൻ അക്കൗണ്ടന്റ് ജനറലിൽ നിക്ഷേപിച്ചിരുന്നു. 60,000 രൂപ നാല് ശതമാനം പലിശയ്ക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ബോണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. ഇതിന്റെ പലിശ ദത്തുപുത്രന് നൽകാനായിരുന്നു നിർദ്ദേശിച്ചത്. ദത്തുപുത്രന്റെ മരണാനന്തരം തലശ്ശേരിയിലുള്ള സാധുക്കൾക്ക് ഉപകാരപ്രദമായ വിധത്തിൽ ഉപയോഗിക്കാനും നിർദ്ദേശിച്ചിരുന്നു. തലശ്ശേരിയിലെ സീനിയർ ജഡ്ജിനായിരിക്കും പലിശ അയച്ചു കിട്ടുക.

മരണാനന്തരം ശേഷപത്രിക പ്രകാരം പലർക്കുമായി എഡ്വഡ് ബ്രണ്ണന്റെ സ്വത്തിൽനിന്ന് പങ്കുകൾ ലഭിച്ചിരുന്നു.

എഡ്വഡ് ബ്രണ്ണന്റെ വിൽപത്രത്തെ കുറിച്ച് 1869ൽ പുനർവ്യാഖ്യാനമുണ്ടാവണമെന്ന നിർദ്ദേശമുണ്ടായി. അതനുസരിച്ച് ബ്രണ്ണന്റെ സ്വത്തുവകകൾ ഇംഗ്ലണ്ടിലെ ചാരിറ്റബിൾ ഫണ്ട്സിൽ നിക്ഷേപിക്കപ്പെടുകയും പലിശ തലശ്ശേരിയിലെ സീനിയർ ജഡ്ജിന് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. 1900ൽ തലശ്ശേരിയുടെ ആശുപത്രി വികസനത്തിന് ഈ ഫണ്ടിൽനിന്ന് ഒരു തുക ലഭിച്ചിരുന്നു. സ്വാതന്ത്ര്യാനന്തരം ഈ ഫണ്ടിന്റെ പ്രവർത്തനം എങ്ങനെ നടന്നുപോകുന്നു എന്നതിനെക്കുറിച്ച് വിവരമില്ല.

തനിക്കഭയം നൽകിയ പട്ടണത്തിന് നൽകാവുന്നതൊക്കെ നൽകിയിട്ടാണ് എഡ്വേഡ് ബണ്ണൻ യാത്ര പറഞ്ഞത്.തലശ്ശേരി പട്ടണവും അദ്ദേഹത്തിന്റെ ശാശ്വത ദാനത്തിന്റെ ഫലമനുഭവിക്കുകയും അദ്ദേഹത്തിന്റെ സ്മരണ നിതാന്തമായി നിലനിർത്തുകയും ചെയ്തുവരുന്നു ●

## 40

# തലശ്ശേരിയിലെ മൺമറഞ്ഞ മാപ്പിള പ്രതിഭകൾ

പതിനേഴാം ശതകത്തിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തലശ്ശേരിയിൽ പാണ്ടികശാല സ്ഥാപിച്ചതോടെയാണ് തലശ്ശേരി ചരിത്രത്തിൽ ഇടംപിടിക്കുന്നത്. തൊട്ടടുത്ത് കിടന്നിരുന്ന തിരുവങ്ങാട് ശ്രീരാമക്ഷേത്രവും ബ്രാഹ്മണവാസവും കൊണ്ട് മുമ്പേ പ്രസിദ്ധമായിരുന്നുവെങ്കിലും അറബിക്കടലിന്റെ ഓരത്തെ ചേരി പ്രദേശമായ തലശ്ശേരി തുലോം അപ്രശസ്തമായ പ്രദേശമായിരുന്നു. ധർമ്മപട്ടണമെന്ന പേരിൽ ധർമ്മടമായിരുന്നു ചരിത്ര പ്രസിദ്ധമായ സ്ഥലം. അതുകൊണ്ട് തലശ്ശേരിയുടെ പ്രശസ്തിക്ക് നാം ബ്രിട്ടീഷുകാരോട് കടപ്പെട്ടവരാണ്. ഈസ്റ്റിന്ത്യാ കമ്പനിയുടെ പാണ്ടികശാലകളുടെ സ്ഥാപനത്തോടെ തലശ്ശേരിയും വ്യാപാരപ്രാധാന്യമുള്ള കേന്ദ്രമായിത്തീർന്നു. തുടർന്ന് കണ്ണൂർ, ധർമ്മടം, പെരിങ്ങത്തൂർ തുടങ്ങിയ സ്ഥലങ്ങളിലെ മുസ്‌ലിം വ്യാപാരികൾ തലശ്ശേരിയുമായി ബന്ധം പുലർത്തി വരികയും തലശ്ശേരിയിൽ സ്ഥലം വാങ്ങി താമസം ആരംഭിക്കുകയും ചെയ്തു. ഇതായിരുന്നു തലശ്ശേരിയിലെ വ്യാപകമായ മുസ്‌ലിം സാന്നിധ്യത്തിന്റെ ഉൽപത്തി. എന്നാൽ ഈ വ്യാപാരികൾ തലശ്ശേരിയിൽ വരുന്നതിന് മുമ്പുതന്നെ ഇന്നത്തെ കസ്റ്റംസ് റോഡുമായി ബന്ധപ്പെട്ട് സ്ഥിതിചെയ്യുന്ന സ്ഥലം തുടങ്ങി മട്ടാമ്പുറത്തിനപ്പുറത്തുള്ള ചക്കര തെരുവ് വരെയുള്ള ചാലിൽ പ്രദേശത്ത് മുസ്‌ലിം സാന്നിധ്യമുണ്ടായിരുന്നു. വാണിയമ്പലം, മുലാമ്പത്ത്, വേലിക്കകത്ത്, പുത്തൻപുര തുടങ്ങിയവ പ്രസ്തുത പ്രദേശത്തെ പ്രബല കുടുംബങ്ങളായിരുന്നു. അവരുടെ കേന്ദ്രസ്ഥാനമായ പള്ളിയായിരുന്നു ചാലിൽ പള്ളി. പിന്നീട് വന്ന വ്യാപാരികളോട് നേരത്തെയുള്ള മുസ്‌ലിം കുടുംബങ്ങൾ തുടക്കത്തിൽ അസ്പൃശ്യത പ്രകടമാ

ക്കിയിരുന്നു. ചൊവ്വക്കാരൻ മൂസക്കാക്കാക്ക് വാണിയമ്പല കുടും ബക്കാർ പെണ്ണ് കൊടുത്തില്ലെന്നും അദ്ദേഹത്തിന്റെ ആൾക്കാർക്ക് പള്ളി പ്രവേശനം നിഷേധിച്ചുവെന്നതും തലശ്ശേരിയുടെ ഗത കാല മുസ്‌ലിം ഐതിഹ്യമാണ്. എന്നാൽ പുറമെനിന്ന് വന്ന മുസ്‌ലിം വ്യാപാരികളുടെ സാമ്പത്തിക പ്രഭാവം കാരണം അചി രേണ തലശ്ശേരി അവരുടെ അധീശത്വത്തിലേക്ക് ഇഴുകിചേർന്ന ചിത്രമാണ് നമുക്ക് കാണാനാവുക. ചൊവ്വക്കാര കുടംബങ്ങൾ തലശ്ശേരിയിലെ ജന്മികളായി. പ്രവേശനം നിഷേധിക്കപ്പെട്ട ചാലിൽ പള്ളിക്കെതിരായി അതിലും വിശാലമായൊരു പള്ളി തൊട്ട് താഴെയുള്ള സ്ഥലത്ത് സ്ഥാപിക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് തന്നെയാണ് അത് താഴെ പള്ളിയായതും.

വ്യാപാര സംസ്കാരത്തിന്നതീതമായി തലശ്ശേരിയിൽ മത-സാഹിത്യ സംസ്കാരത്തിന്റെ പാരമ്പര്യം സ്ഥാപിക്കപ്പെടുകയു ണ്ടായി. ചാലിലെ പുരാതന മുസ്‌ലിംകൾ ഖാദരിയ തരീഖത്തു മായി ബന്ധപ്പെട്ട സൂഫിസവുമായി അഭേദ്യ ബന്ധമുള്ളവരായി രുന്നു. സൂഫി തലത്തിലുള്ള ചിന്തകളും കൊട്ടുകളും പാട്ടുകളും അവരുടെ പതിവായിരുന്നു. രാത്രികാലങ്ങളിൽ ശബീനകളായി അവരത് കൂട്ടമായിരുന്നു പാടാറുണ്ടായിരുന്നു. തലമുറകളായി ഈ വായ്പാട്ടുകൾ കൈമാറപ്പെട്ടു. എന്നാൽ പുതിയ തലമുറക്ക്- തുട രെയുണ്ടായ സ്ഥാനഭ്രംശങ്ങൾ കൊണ്ടാണെന്ന് തോന്നുന്നു- ഇത് അന്യമാവുകയും ചെയ്തു. സൂഫികളുടെ ചടങ്ങുകളിലൊന്നായ റാതീബിനുള്ള തഖിയകൾ ഇന്നും ചാലിൽ പ്രദേശത്ത് നിലവി ലുണ്ട്.

മുസ്‌ലിം പ്രസിദ്ധീകരണത്തിന് വഴി തെളിയിച്ച് മുൻഗാമിയാ യത് തലശ്ശേരിയായിരുന്നു. 1868-ലാണ് തലശ്ശേരിയിലെ ഇല്ലി ക്കുന്നിൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ ഒരു പ്രസ്സ് സ്ഥാപി ക്കുന്നത്. കേരളത്തിലെ പ്രസിദ്ധീകരണ രംഗത്ത് തന്നെ വിപ്ലവ കരമായ സംഭവമായിരുന്നു ഇത്. തലശ്ശേരിയിലെ അന്നത്തെ വ്യാപാര കുടുംബമായിരുന്ന തീക്കുക്കിൽ അംഗമായ കുഞ്ഞഹ മ്മദിന് ഈ പുതിയ സാങ്കേതികതയോട് മമത തോന്നിയതും, അവിടെപോയി അച്ചടി പഠിച്ചതും തുടർന്ന് തന്റെ വീട്ടിൽതന്നെ ഒരു പ്രസ്സ് സ്ഥാപിച്ചതും മുസ്‌ലിം പ്രസിദ്ധീകരണ രംഗത്തെ വഴി ത്തിരിവായിരുന്നു. മുസ്ഹഫായിരുന്നു കുഞ്ഞഹമ്മദ് ആദ്യമായി പ്രസ്സിൽ അച്ചടിച്ചത്. തീക്കുക്കിൽ കുടുംബത്തിലെ പുതിയ തല മുറക്ക് ഈ പ്രസിദ്ധീകരണ പ്രതിഭയെക്കുറിച്ച് അജ്ഞതയാണു ള്ളതെന്നത് പൊതുവെ മുസ്‌ലിംകളുടെ ഇടയിൽ ചരിത്രബോധ ത്തിന്റെ അഭാവത്തിനുള്ള ഉദാഹരണമാണ്. തലശ്ശേരിക്കാരനായ അണിയാപുരത്ത് അമ്മുവാണ് പിന്നീട് പൊന്നാനിയിൽപോയി പ്രസ്സ് സ്ഥാപിച്ചത്. അരയാലിപ്പുറത്ത് കുഞ്ഞഹമ്മദ്, നീരാറ്റി പീടിക കുഞ്ഞഹമ്മദ്, മേലേക്കണ്ടി കോയാലിയുടെ മകൻ അബ്ദു

വളപ്പിച്ചിക്കണ്ടി മൂസ്സ, കണ്ണമ്പത്ത് ഹസ്സൻ, പാലിക്കണ്ടി കുഞ്ഞാമു, അരയാലിപ്പുറത്ത് പക്കി തുടങ്ങി നിരവധിപേർ തലശ്ശേരിയിൽ പ്രസിദ്ധീകരണ രംഗത്തുണ്ടായി. അതുകൊണ്ടുതന്നെ 1869 മുതൽ 1920 വരെയുള്ള തലശ്ശേരി എല്ലാ അർത്ഥത്തിലും മാപ്പിള സാഹിത്യത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. അരയാലിപുറത്ത് പക്കിയും ചാലിലകത്ത് അഹമ്മദും കൂടി നടത്തിവന്ന മൻബഹുൽ ഉലൂം പ്രസ്സ് അനേകം അറബിമലയാള സാഹിത്യകൃതികൾ അച്ചടിപ്പിച്ച സ്ഥാപനമായിരുന്നു. അച്ചടിയുടെ ഈ ചരിത്ര പാരമ്പര്യമായിരുന്നു 1934–ൽ തലശ്ശേരിയിൽ ചന്ദ്രിക പ്രസ്സ് സ്ഥാപിക്കാൻ പ്രേരകമായത്. പിന്നീട് ചന്ദ്രിക കോഴിക്കോട് മാറിയപ്പോൾ അതിന്റെ തലശ്ശേരിയിലെ പ്രധാന പ്രവർത്തകനായിരുന്ന എ പി മമ്മു സാഹിബ് തന്റെ യുണൈറ്റഡ് പ്രസ്സുമായി രംഗത്തുണ്ടായിരുന്നു. ഇയ്യടുത്ത കാലംവരെ നിലവിലുണ്ടായിരുന്ന മറ്റൊരു മുസ്ലിം സ്ഥാപനമായിരുന്നു സി പി പ്രിന്റേഴ്സ്. പ്രസ്സും അച്ചടിയും അഭിമാനകരമായ വൃത്തിയായി തലശ്ശേരിയിലെ ഗതകാല മുസ്ലിംകൾ കരുതിവന്നിരുന്നു.

തലശ്ശേരിയിലെ ആദ്യകാല മാപ്പിള പ്രതിഭകൾ തങ്ങളുടെ പേരുകൾ വെക്കാതെയായിരുന്നു കൃതികൾ പ്രസിദ്ധീകരിച്ചിരുന്നത്. തങ്ങളുടെ പ്രശസ്തിയെക്കാൾ സന്മാർഗ്ഗ പ്രബോധനത്തിന് പ്രാധാന്യം നൽകിയ മഹദ് വ്യക്തിത്വങ്ങളായിരുന്നു അവർ. മു്ജിസാത്ത് മാല, ഈസാ നബി ഖിസ്സപ്പാട്ട്, തൃക്കല്ല്യാണപ്പാട്ട്, മാലിക്ക് ബിൻ ദീനാർ ഖിസ്സപ്പാട്ട്, പഴയ ഇബ്റാഹിമിബിൻ അദ്ഹം ഖിസ്സപ്പാട്ട്, മദീനത്തുന്നജാർ ഖിസ്സപ്പാട്ട്, താജുൽ ഉമൂർ ഖിസ്സപ്പാട്ട്, വഫാത്ത് ഖിസ്സപ്പാട്ട് തുടങ്ങിയ പല പ്രശസ്ത കൃതികളും തലശ്ശേരിയിൽ രചിക്കപ്പെടുകയോ പ്രസിദ്ധീകരിക്കപ്പെടുകയോ ചെയ്തവയാണ്. അറബിമലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ കൃതികളുടെ രചയിതാക്കൾ അജ്ഞാതരാണ്. പുസ്തകരൂപത്തിൽ അച്ചടിച്ചവരുടെ പേരുവിവരങ്ങൾ മാത്രമാണ് ലഭ്യം.

അറബിമലയാള സാഹിത്യത്തിൽ പ്രഥമ പരിഗണനാർഹമായ കൃതിയാണല്ലോ കുഞ്ഞായൻ മുസ്ലിയാരുടെ "കപ്പപ്പാട്ട്". തലശ്ശേരി സ്വദേശിയായ കുഞ്ഞായൻ മുസ്ലിയാരുടെ ജീവിത ചരിത്ര വസ്തുതകൾ ലഭ്യമല്ല. അദ്ദേഹത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ മാത്രമാണ് പ്രചാരത്തിലുള്ളത്. തലശ്ശേരി പഴയ ജുമുഅത്ത് പള്ളിയിലാണ് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നെതന്നും കരുതപ്പെടുന്നു അദ്ദേഹത്തിന്റെ സുപ്രസിദ്ധമായ "കപ്പപ്പാട്ട്" കുഞ്ഞായൻ മുസ്ലിയാരുടെ നിതാന്ത സ്മാരകമായി നിലനിൽക്കുന്നു. ശാശ്വത പാരത്രിക ജീവിതത്തിലേക്ക് ആത്മാവിനെ ആനയിക്കുന്ന കപ്പലായി മനുഷ്യശരീരത്തെ ഉപമിക്കുകയാണ് കവി. മനുഷ്യനാകുന്ന കപ്പൽ കാറ്റിലും കോളിലും പെടാതെ രക്ഷാസ്ഥാനത്തെത്തിച്ചേരാൻ തഖ്‌വ എന്ന ചരക്ക് അതിൽ കയറ്റി യാത്ര തുടരണ

മെന്നാണ് കവിഭാവന.

ഗതകാലതലശ്ശേരിയിലെ അതുല്യ പ്രതിഭയായി വിളങ്ങിയിരുന്ന വ്യക്തിത്വമായിരുന്നു മായൻകുട്ടി എളയ. തലശ്ശേരിയിലെ പ്രാമാണിക കേയി കുടുംബത്തിലെ അബ്ദുൽ ഖാദർ കേയിയുടെ പുത്രൻ മായൻകേയി കണ്ണൂർ അറക്കൽ രാജകുടുംബത്തിൽ കല്ല്യാണം കഴിച്ചതുകൊണ്ടായിരുന്നു എളയ എന്ന സ്ഥാനപേരിൽ അറിയപ്പെട്ടുവന്നിരുന്നത്. അറബി, പേർഷ്യൻ, ഉറുദു ഭാഷകളിൽ അവഗാഹമുള്ള മായൻകുട്ടി എളയ കളരിപ്പയറ്റിൽ കൂടി പ്രാവീണ്യം നേടിയിരുന്നു. ശൈഖ് മഖ്ദൂം ഒന്നാമന്റെ 'ശുഅബുൽ ഈമാൻ' എന്ന പേർഷ്യൻ ഗ്രന്ഥം അറബി മലയാളത്തിൽ വിവർത്തനം ചെയ്തായിരുന്നു മായൻകുട്ടി എളയ തന്റെ സാഹിത്യസംരംഭത്തിന് തുടക്കമിട്ടത്. മമ്മദ് കുട്ടി മകൻ വീരാൻ എന്ന തലശ്ശേരിയിൽതന്നെ ഏറെ അറിയപ്പെടാത്ത ഒരു മാപ്പിള കവിയിൽ നിന്നായിരുന്നു മായിൻകുട്ടി എളയ മാപ്പിളപ്പാട്ട് രചന അഭ്യസിച്ചത്. ലിഖാമാലാ, തർഖീബത്ത് മാല, ദബീഹ് മാല, തശർറുഖുൽ ഖുർആൻ തുടങ്ങിയ രചനകൾക്ക് പുറമെ 'ഖിസ്സത്ത് സുലൈമാനുബിൻ ദാവൂദ്' എന്ന ചരിത്ര മഹാകാവ്യവും എളയയുടെ രചനകളിൽപെടുന്നു. അരയാലിപ്പുറത്ത് കുഞ്ഞഹമ്മദും നീരാറ്റിപ്പീടിക കുഞ്ഞഹമ്മദുമായിരുന്നു എളയയുടെ രചനകൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നവർ. എന്നാൽ മായൻകുട്ടി എളയുടെ ഏറ്റവും വലിയ സംഭാവന അദ്ദേഹത്തിന്റെ അറബീ- മലയാളത്തിലുള്ള വിശുദ്ധ ഖുർആൻ വിർത്തനമായിരുന്നു. 'തർജമത്തുൽ തഫ്സീറിൽ ഖുർആൻ' മലയാളത്തിലെ ഖുർആൻ വിവർത്തനത്തിലെ പ്രഥമ സംരംഭമായിരുന്നു. വിവർത്തനത്തിനെതിരെ അന്നത്തെ യാഥാസ്ഥിക വിഭാഗം ആഞ്ഞടിക്കുകയും അച്ചടിക്കപ്പെട്ട കോപ്പികൾ അറബിക്കടലിൽ കൊണ്ടു കളയുകയും ചെയ്തുവെന്നത് ഒരു ദുരന്ത ചരിത്ര സംഭവവുമായിരുന്നു. ഹിജ്റ 1272-ലാണ് തർജ്ജമ അറബി- മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. ഹിജ്റ 1292ൽ പത്നീസമേതം മായൻകുട്ടി എളയ ഹജ്ജ് തീർത്ഥാടനത്തിന് പോയപ്പോഴാണ് മക്കയിൽ കേയി റുബാത്ത് സ്ഥാപിക്കപ്പെട്ടതെന്ന് കരുതപ്പെടുന്നു. അതല്ല, കുഞ്ഞഹമ്മദ് കേയി എന്ന പ്രാമാണികനായിരുന്നു കേയി റുബാത്തിന്റെ സ്ഥാപകനെന്ന വാദവും നിലവിലുണ്ട്. ഹിജ്റ 1303 ലാണ് മായൻകുട്ടി എളയ അന്തരിച്ചത്.

മായൻകുട്ടി എളയുടെ അത്രതന്നെ ചരിത്രവസ്തുതകൾ തലശ്ശേരിയിലെ മൺമറഞ്ഞുപോയ മറ്റു സാഹിത്യ പ്രതിഭകളെക്കുറിച്ച് ലഭ്യമല്ല. എന്നാൽ അവരുടെ പ്രവർത്തനരംഗങ്ങളെക്കുറിച്ചും കൃതികളെക്കുറിച്ചുമുള്ള ഏകദേശ വിവരണങ്ങൾ മാത്രമാണ് ലഭ്യം.

ഇരുന്നൂറ്റിയമ്പത് വർഷങ്ങൾക്ക് മുമ്പ് തലശ്ശേരിയിൽ ജീവിച്ച മൊയ്തുബിൻ അബ്ദുറഹ്മാൻ ചരിത്രകാരനും കവിയും പണ്ഡി

തനുമായിരുന്നു. "തമാമുദ്ദാരി ഖിസപ്പാട്ട്' അദ്ദേഹത്തിന്റെ രചന യാണ്. ഫിഖ്ഹ് മസ്അലകൾ പരാമർശിക്കുന്ന ഒരു ദീർഘകാ വ്യമായിരുന്നു. അദ്ദേഹത്തിന്റെ "ആയിരം മസാലപ്പാട്ട്." ഖാദി രിയാ തരീഖത്തുമായി ബന്ധമുള്ള ഒരു സൂഫി കവിയായിരുന്നു ശൈഖ് അബ്ദുൽ ഖാദർ. 'ഇബ്റാഹീം ബിൻ അദ്ഹം ഖിസ്സപ്പാ ട്ട്' അദ്ദേഹത്തിന്റെ രചനയായിരുന്നു.

ഓടത്തിൽ പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഖാസി അബ്ദുള്ള തലശ്ശേരിയിലെ പണ്ഡിതനും മുഫ്ത്തിയുമായിരുന്നു. അദ്ദേഹം അനേക കാര്യങ്ങളിൽ ഫത്വകൾ നൽകിയിരുന്നു. ഗസ്സാ ലിയുടെ 'ഇഹ്യാഉൽ ഉലൂമുദ്ദീനി'ന്റെ ഏതാനും അധ്യായങ്ങൾ അദ്ദേഹം അറബിമലയാളത്തിൽ വിവർത്തനം ചെയ്തിരുന്നു. ശരീ അത്തിന് കടകവിരുദ്ധമായ തരീഖത്ത് അനാചാരങ്ങളെ അദ്ദേഹം വിമർശിക്കുകയും ജനങ്ങൾ അവയിൽ ആകൃഷ്ടരാവാതിരിക്കാ നുപദേശിക്കുകയും ചെയ്തിരുന്നു.

മഹാപണ്ഡിതനും മാപ്പിളക്കവിയുമായിരുന്ന പൊറാടത്തിൽ കുഞ്ഞിമൂസ്സ മുസ്‌ലിയാരും തലശ്ശേരി ഖാസിയായിരുന്നു. 'ഉംദ ത്തുൽ മുസല്ലീൻ' എന്ന പ്രശസ്ത കൃതി അറബിമലയാളത്തി ലേക്ക് വിവർത്തനം ചെയ്തത് അദ്ദേഹമായിരുന്നു. "ലഫ്ളിന്റെ ഒന്നാം തുതി' 'ലഫ്ളിന്റെ തനിൽകവി' ലഫ്ളിന്റെ മൂന്നാം തുതി, ലഫ്ളിന്റെ ഈമാൻ കവി, ലഫ്ളിന്റെ ഹഖാന മുതലായ പാദ ങ്ങൾ എന്ന പേരിലുള്ള അദ്ദേഹത്തിന്റെ പദ്യരചനകളായിരുന്നു. നീരാറ്റിൽ പീടിക കുഞ്ഞഹമ്മദായിരുന്നു അദ്ദേഹത്തിന്റെ രചന കളധികവും അച്ചടിച്ച് പ്രസിദ്ധീകരിച്ചത്.

മുഹയുദ്ദീൻ വൈദ്യരും അമീർ ഖുസ്റുവിന്റെ 'ഛാർ ദർവേശ്' എന്ന പാർസി നോവൽ അറബിമലയാളത്തിൽ മൊഴിമാറ്റം നിർവ ഹിച്ച മാഹിലിയുടെ മകൻ മുഹയുദ്ദീനും തലശ്ശേരി സ്വദേശിക ളായിരുന്നു. മേലേക്കണ്ടി അബ്ദുവും കണ്ണമ്പത്ത് ഹസ്സനുമായി രുന്നു യഥാക്രമം പ്രസ്തുത കൃതികൾ പ്രസിദ്ധീകരിച്ചത്. "അലിഫ് ലൈല വ ലൈല" എന്ന പ്രശസ്ത ആയിരത്തിയൊന്ന് രാവുകളുടെ കഥ അറബി മലയാളത്തിൽ വിവർത്തനം ചെയ്തു നൽകിയ കരിയാടൻ മൂസ്സയും ടി സി കുഞ്ഞായനും തലശ്ശേരി ക്കാർ തന്നെ.

അറബിമലയാളത്തിൽ ഇദംപ്രഥമമായി പ്രവാചക ചരിത്രം തയ്യാറാക്കിയത് തലശ്ശേരിക്കാരനായ മൂലാമ്പത്ത് കുഞ്ഞാമു ആയി രുന്നു. 'അഖ്ബാരുൽ അഹമ്മദിയ' എന്ന പ്രസ്തുത ഗ്രന്ഥം ബോംബെയിൽ നിന്നായിരുന്നു അച്ചടിക്കപ്പെട്ടത്. മുലാമ്പത്ത് കുഞ്ഞാമു ഒരു ഹിന്ദുസ്ഥാനി അധ്യാപകൻ കൂടിയായിരുന്നു. ഹിന്ദുസ്ഥാനിയിൽനിന്ന് അദ്ദേഹം പല കൃതികളും അറബിമല യാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിരുന്നു. 'തത്ത പറഞ്ഞ കഥ കൾ' അവയിൽ ഒന്നായിരുന്നു. ഹിജ്റ 1306-ൽ പാലിക്കണ്ടി

കുഞ്ഞാമു ആയിരുന്നു പ്രസ്തുത പുസ്തകം പ്രസിദ്ധീകരിച്ചത്.

തലശ്ശേരിയിലെ ഖാസിയായിരുന്ന, ഖാസി മുഹമ്മദ് മുസ്‌ലിയാരുടെ മകൻ ഖാസി കുഞ്ഞിമൂസ്സ മൗലവി, ഒരു അഗാധ പണ്ഡിതസ്രോതസ്സായിരുന്നു. നമസ്കാരത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സമഗ്ര പഠന ഗ്രന്ഥമായിരുന്നു "കിതാബു സ്വലാത്തുൽ കബീർ." ഹിജ്റ 1299-ൽ അരയാലിപ്പുറത്ത് കുഞ്ഞഹമ്മദാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. "ഇഹ്‌യ'യിലെ കിതാബു സൗമിന്റെ വിവർത്തനവും അദ്ദേഹം നിർവ്വഹിച്ചിരുന്നു. അറബി ഭാഷയിൽ അവഗാഹമുണ്ടായിരുന്ന കുഞ്ഞിമൂസ മൗലവി ഒരു അറിയപ്പെട്ട അറബി കവി കൂടിയായിരുന്നു. മായൻകുട്ടി എളയയെ അദ്ദേഹത്തിന്റെ ഖുർആൻ വിവർത്തനത്തിൽ സഹായിച്ചതും ഖാസി കുഞ്ഞിമൂസ മൗലവിയായിരുന്നു. അദ്ദേഹത്തിന്റെ അറബി കവിതകളിൽ പലതും അറക്കൽ കൊട്ടാരത്തിലെ ഗ്രന്ഥപ്പുരയിൽ കണ്ടേക്കും.

അബ്ദുല്ല കുട്ടികാക്ക എന്ന് വടക്കെ മലബാറിൽ സുപരിചിതനായ അബ്ദുല്ലക്കുട്ടി പ്രശസ്തനായ മാപ്പിളക്കവിയായിരുന്നു. 'കപ്പപ്പാട്ടി'ന്നും. നൂൽ മദഹിന്നും. മുഖമ്മസുകൾ എഴുതിയിരുന്നു. കപ്പപ്പാട്ടിന്റെ അനുബന്ധമായ അദ്ദേഹത്തിന്റെ കൃതിയായിരുന്നു അയ്യോലപ്പാട്ട്. നൂൽ മദഹിന്ന് സമാനമായി രചിച്ച ഹൈറാനിയക്കടൽ ഒരു സുദീർഘ കാവ്യമായിരുന്നു.

പത്തൊമ്പതാം ശതകത്തിന്റെ പിൻപകുതിയിൽ ജീവിച്ച കാരക്കൽ മുഹമ്മദ് അറബിമലയാള സാഹിത്യത്തെ സമ്പുഷ്ടമാക്കിയ തലശ്ശേരിക്കാരനായിരുന്നു. അറബിമലയാള ലിപി പരിഷ്ക്കരണത്തിന് ആദ്യശ്രമങ്ങൾ നടത്തിയ വ്യക്തിയായിരുന്നു അദ്ദേഹം അനേകം ഗദ്യ- പദ്യ രചനകൾ അദ്ദേഹത്തിന്റേതായുണ്ട്. 'പഞ്ചാലപത്രം ചെറുത്, വലുത്, മീൻപട, സകല പൂമാല, മൗജൂദ് മാല, നവരത്നമാല തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ പദ്യരചനകളായിരുന്നു. 'മഅ്രിഫത്തുൽ ഖൈർ വ ശർറ്' എന്ന ഗദ്യകൃതി ജ്യോത്സ്യപഠന പുസ്തകമായിരുന്നു. ഹിജ്റ 1321-ൽ തലശ്ശേരിയിൽ സിറാജുൽ ഉലൂം പ്രസ്സിലാണ് അത് പ്രസിദ്ധീകരിക്കപ്പെട്ടത്.

'മിന്നൂരി മാല' എഴുതിയ ഓലിയത്ത് ചൊക്രാനും 'സുഖസുന്ദരിമാല' രചിച്ച കുഞ്ഞബ്ദുല്ല മുൻഷിയും തലശ്ശേരിക്കാർ തന്നെയായിരുന്നു. തലശ്ശേരിയിലെ ചാലിൽ ദേശത്ത് പ്രമുഖനും, മഞ്ചു ഓടങ്ങളുടെ ഉടമയുമായിരുന്ന പുത്തൻ പുരയിൽ കുട്ട്യാലി ഒരു കവികൂടിയായിരുന്നു. സൂഫി വിശ്വാസ വൈകല്യങ്ങളിൽനിന്ന് നബിചര്യയിലേക്ക് തിരിയാനുപദേശിക്കുന്ന അദ്ദേഹത്തിന്റെ 'സ്വലാത്ത് മാല' പ്രസിദ്ധമായൊരു കൃതിയായിരുന്നു. ഹിജ്റ 1320 -ൽ എഴുതപ്പെട്ട ഈ കൃതി കുട്ട്യാലിയുടെ മകൻ മേജർ മമ്മുദർസർ ബർമയിൽനിന്ന് വന്നതിനു ശേഷമായിരുന്നു പ്രസിദ്ധീകരിച്ചത്. തലശ്ശേരിയിലെ പ്രഥമ മുസ്‌ലിം ഡോക്ടറായിരുന്ന

മേജർ മമ്മു ഒരെഴുത്തുകാരൻ കൂടിയായിരുന്നു. അദ്ദേഹം മലയാളത്തിൽ രചിച്ച 'ബദ്റുൽ മുനീർ, നൂർജഹാൻ, കൊടുവള്ളിയിലെ കൊലപാതകം, ഗുലാം ഖാദറിന്റെ ചരിത്രം എന്നിവ നഷ്ടപ്പെട്ടുപോയ ഗ്രന്ഥങ്ങളാണ്. മേജർ മമ്മു മല്ലർ റോഡിൽ താമസിച്ചിരുന്ന വീട് ഇന്നും 'ദർസറവിട' എന്ന പേരിൽ അറിയപ്പെടുന്നു. (ഈ ലേഖകന്റെ മാതാവിന്റെ അമ്മാവനായിരുന്നു ദർസർ മമ്മു). 1933–ൽ ബർമയിൽ വെച്ചായിരുന്നു മേജർ മമ്മുവിന്റെ നിര്യാണം. ബ്രിട്ടീഷ് ആർമി മെഡിക്കൽ കോറിലായിരുന്നു അദ്ദേഹം സേവനമനുഷ്ഠിച്ചത്.

തലശ്ശേരിക്കാരനായ മാപ്പിള കവി സർദാറകത്ത് ബാവയെക്കുറിച്ചുള്ള ജീവചരിത്ര വിവരണങ്ങൾ ലഭ്യമല്ല. എന്നാൽ അദ്ദേഹത്തിന്റെ 'രസകരമാല, കഞ്ചക സുന്ദരി, ഈമാൻ പദം, താലോലപ്പാട്ട്, യൂസ്ഫ് ഖിസ്സപ്പാട്ട് എന്നീ രചനകൾ പ്രചുരപ്രചാരം നേടിയവയായിരുന്നു.

കടവത്തൂർ സ്വദേശിയായിരുന്ന ഇ കെ മൗലവിയുടെ പ്രവർത്തനരംഗം തലശ്ശേരിയായിരുന്നു. 'ദർശിറവിടെ' തൈതോട്ടത്ത് പറമ്പത്ത്കണ്ടി മുതൽ പല കുടുംബങ്ങളുടെയും കുടുംബ സുഹൃത്തായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സേവന ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ തലശ്ശേരി ദാറുസ്സലാം യത്തീംഖാനയുടെ മാനേജറായും പ്രവർത്തിച്ചിരുന്നു. ധീരനായ ഇസ്‌ലാഹി പ്രവർത്തകനായ അദ്ദേഹം നല്ലൊരു മലയാളഭാഷാപണ്ഡിതൻ കൂടിയായിരുന്നു. അൽ ഇസ്‌ലാം, ശൈഖ് ജീലാനി, ഇസ്‌ലാം മതവിശ്വാസങ്ങൾ, കിതാബുന്നഹഖ്, കിതാബുൽ ഈമാൻ, ഇസ്‌ലാമും കമ്യൂണിസവും. ഇസ്‌ലാമും എച്ച് ജി വെൽസും തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളാണ്. 1974–ൽ കടവത്തൂരിൽ നിര്യാതനായി.

മാപ്പിള സാഹിത്യരംഗത്തെ പ്രതിഭാശാലിയായിരുന്നു ഒ അബു. മാപ്പിള സാഹിത്യത്തെ മലയാളഭാഷയിലേക്ക് പറിച്ചുനട്ട വ്യക്തിയായിരുന്നു അദ്ദേഹം. അറബിമലയാള സാഹിത്യത്തിന്റെ ചരിത്രമെഴുതി, പ്രസ്തുത സാഹിത്യശാഖക്ക് മലയാളത്തിൽ ലബ്ധപ്രതിഷ്ഠ നേടിക്കൊടുത്തത് ഒ അബുവായിരുന്നു. അനുപമമായ ഒരു സാഹിത്യരചനയായിരുന്നു അദ്ദേഹത്തിന്റെ 'അറബിമലയാള സാഹിത്യ ചരിത്രം.' വിദേശ ഗവേഷകന്മാർ പോലും റഫറൻസിനായി ഉപയോഗിച്ച അതിവിശിഷ്ട രചനയയിരുന്നു അത്. ഒ അബു എഴുതിയ മാപ്പിളപ്പാട്ടുകളായിരുന്നു മാപ്പിളപ്പാട്ടിന് നവോത്ഥാനം നൽകിയത്. വീടുകളിലെ കല്ല്യാണവേളയിൽ മാത്രം പാടി പിന്നീട് കൈമോശം വന്നുപോയിക്കൊണ്ടിരുന്ന മാപ്പിളപ്പാട്ടുകൾക്ക്, ആകാശവാണിയിലെ പരിപാടികളിലൂടെ ഒ അബു പുതുജീവൻ നൽകി. ഗഹനമായ ചിന്തകളെ പോലും അതിസരളമായി ആഖ്യാനം ചെയ്യുന്ന ഗദ്യശൈലിയുടെ ഉടമസ്ഥനായിരുന്നു അദ്ദേ

ഹം. 30–ൽപരം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. ഇസ്ലാമിലെ പല ഗഹനമായ പഠനഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ മലയാള വിവർത്തനത്തിലൂടെയാണ് മലയാളികൾക്ക് ലഭ്യമായത്. 'മുജാഹിദ്' എന്ന പ്രസിദ്ധീകരണം നടത്തിവന്ന ഒ മാഹിനലിയായിരുന്നു പഴയകാലത്ത് തലശ്ശേരിയിലെ വിസ്മരിക്കാനാവാത്ത വ്യക്തി. 'മുജാഹിദി'ന്റെ സഹപത്രാധിപർ, ഒ അബുവായിരുന്നു.

യുവതലമുറയെ സേവനപാതയിലേക്ക് വഴി തെളിയിച്ച ഒരു മഹൽവ്യക്തിയായിരുന്നു ടി പി കുട്ട്യാമു സാഹബ്. മദിരാശി സർക്കാറിൽ എഞ്ചിനീയറായിരുന്ന അദ്ദേഹം കേരള സംസ്ഥാന രൂപീകരണാനന്തരം കേരള സർവ്വീസിൽ പ്രവേശിക്കുകയും പതിനാല് വർഷക്കാലം കേരളത്തിന്റെ ചീഫ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കുകയും ചെയ്തിരുന്നു. താനുമായി ഇടപഴകുന്നവരെയെല്ലാം കർമ്മനിരതരാക്കാനുള്ള അസാമാന്യ കഴിവുണ്ടായിരുന്ന അദ്ദേഹം ജീവിതത്തിലുടനീളം അനേകം സേവന സംഘടനകളുടെ പ്രവർത്തനത്തിനുള്ള പ്രചോദനമായിരുന്നു. ഒരിക്കലും പ്രശസ്തി കാമിക്കാതിരുന്ന കുട്ട്യാമു സാഹബിന് നിരവധി പേരെ സേവന സന്നദ്ധരാക്കാൻ കഴിഞ്ഞിരുന്നു. പ്രശസ്തമായി പ്രവർത്തിക്കുന്ന മുസ്ലിം സ്ഥാപനങ്ങൾ, പ്രൗഢഗാംഭീര്യത്തോടെ തലയുയർത്തി നിൽക്കുന്ന മുസ്ലിം പള്ളികൾ എന്നിവയുടെയൊക്കെ സ്ഥാപനത്തിന് പിന്നിൽ കുട്ട്യാമു സാഹബിന്റെ തലച്ചോർ പ്രവർത്തിച്ചിരുന്നു. സർക്കാർ സേവനത്തിൽനിന്ന് വിരമിച്ചതിനു ശേഷം, സി എച്ച് മുഹമ്മദുകോയയുടെ നിർബന്ധത്താൽ നാല് വർഷക്കാലം അദ്ദേഹം ചന്ദ്രികയുടെ മാനേജിംഗ് എഡിറ്ററായി പ്രവർത്തിച്ചിരുന്നു. പ്രസംഗത്തെക്കാൾ പ്രവർത്തനത്തിന് പ്രാധാന്യം നൽകിയ വ്യക്തിയായിരുന്നു അദ്ദേഹം. തലശ്ശേരി മുസ്ലിം അസോസിയേഷനെ, തലശ്ശേരിയിലെ സജീവ സേവന സംഘടനയാക്കി തീർത്തതിൽ അദ്ദേഹത്തിന്റെ പങ്ക് വലുതായിരുന്നു. മലയാളത്തിൽ നല്ലൊരു എഴുത്തുകാരൻ കൂടിയായിരുന്നു കുട്ട്യാമു സാഹിബ്. "ഇസ്ലാമും പലിശയും, ഹജ്ജ് യാത്രയിലെ സാമൂഹ്യ ചിന്തകൾ, ഖുർആൻ പഠനത്തിലേക്ക് ഒരു തീർത്ഥയാത്ര എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

ബൗദ്ധിക– സാഹിത്യരംഗങ്ങളിൽ പ്രബുദ്ധമായിരുന്ന ഗതകാല ചരിത്രമാണ് തലശ്ശേരിയിലെ മാപ്പിളമാരുടേത്. മാപ്പിള സാഹിത്യോപാസകരും, സർഗപ്രതിഭകളും ഉയർത്തിപ്പിടിച്ച സാംസ്കാരിക ദീപശിഖ സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്ന വർത്തമാനകാലത്ത് ആ മഹൽ പ്രതിഭകളെക്കുറിച്ചുള്ള അനുസ്മരണം ഒരുണർവേകും

●

41

# അപൂർവ്വ സതീർഥ്യ സംഗമം

അനിതര സാധാരണവും ആനന്ദദായകവും അതിസാഹസിക വുമായ ഒരു സംഗമം എന്ന് വിശേഷിപ്പിക്കപ്പെട്ടത് 1958ൽ തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്ന് ബിരുദം നേടി പുറത്തുപോയവരുടെ ഒത്തുചേരലിനെ കുറിച്ചായിരുന്നു. 1958ലെ ബിരുദ ബാച്ചിന് ഒരു പ്രത്യേകതയുണ്ട്. അവർ മദിരാശി സർവ്വകലാശാലയുടെ ബ്രണ്ണ നിലെ അവസാന ബാച്ച് വിദ്യാർഥികളായിരുന്നു. 1958 വരെ ബ്രണ്ണ ൻ കോളേജ് തലശ്ശേരിയിലായിരുന്നു. പ്രസ്തുത വർഷമായിരുന്നു കോളെജ് തലശ്ശേരി നഗരത്തിൽ നിന്നും അഞ്ചു കിലോമീറ്റർ വടക്കുഭാഗത്ത് ധർമ്മടം പഞ്ചായത്തിലെ പ്രകൃതി മനോഹ രമായ കുന്നിൽ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്ക പ്പെട്ടത്. 1958ൽ ബിരുദ പഠനം പൂർത്തിയാക്കിയവർ തലശ്ശേരിയിൽ നിന്ന് ധർമ്മടത്ത് പോയിരുന്നില്ല. അമ്പത് വർഷം മുമ്പ് പഠനം പൂർത്തിയാക്കി പോയവരെയൊക്കെ ഒന്നിച്ചു ചേർക്കുക എന്നത് അതിസാഹസികം തന്നെയാണ്. പ്രസ്തുത ബാച്ചിലെ ഗോപി യുടെ ആശയമായിരുന്നു ഇത്തരമൊരു സംഗമം സംഘടിപ്പി ക്കണമെന്നത്. മാസങ്ങളോളം നീണ്ടുനിന്ന അതിസാഹസിക യത്നത്തിലൂടെ ബാച്ചിലുണ്ടായിരുന്നവരെയെല്ലാം തിരിച്ചറിഞ്ഞു. എക്കണോമിസ്കും മാത്തമാറ്റിക്സും ഹിസ്റ്ററിയും പഠിച്ച 113 പേർ അടങ്ങിയ ഒരു ബാച്ചായിരുന്നു അത്. ഇവരിൽ 28 പേർ കാല യവനിക ക്കുള്ളിൽ മറഞ്ഞു കഴിഞ്ഞിരുന്നു. ഒൻപത് പേരെ പല കാരണങ്ങളാലും ബന്ധപ്പെടാൻ കഴിഞ്ഞില്ല. ബാക്കിയുള്ള 76 പേരിൽ അസുഖങ്ങൾ കാരണം വരാൻ കഴിയാത്തവരൊഴിച്ച് 60ഓളം പേർ ഡിസംബർ 20ന് ഞായറാഴ്ച അവരുടെ പഴയ

കലാലയ കാമ്പസ് ആയിരുന്ന ബ്രണ്ണൻ ഹൈസ്കൂളിന്റെ അങ്കണത്തിൽ ഒത്തുകൂടി. എല്ലാവരും സപ്തതി കഴിഞ്ഞവർ. 12ഓളം സ്ത്രീകളും സംഗമ ത്തിൽ പങ്കെടുത്തു.

ആ ഞായറാഴ്ച അവരാരും എഴുപത് വയസ്സുകാരായിരുന്നില്ല. 1958ന്റെ യൗവ്വന ദശയിലേക്ക് അവരന്ന് തിരിച്ചു യാത്ര നടത്തി. അധ്യാപക ശ്രേഷ്ഠനായ എം പി ബാലകൃഷ്ണൻ തന്റെ പഴയ സതീർഥ്യരെ കണ്ടപ്പോൾ ആഹ്ലാദചിത്തനായി. അവരോരോരുത്തരുടെ പേര് പറഞ്ഞു വിളിച്ചുകൊണ്ട് ആശ്ലേഷിച്ചു. അക്കാലത്ത് കോളെജിൽ ചിലർക്കുണ്ടായിരുന്ന വിളിപ്പേരുകൾ പോലും എം പി മറന്നിരുന്നില്ല. അനാരോഗ്യം ശരീരത്തെ അവശമാക്കിയിട്ടുണ്ടെങ്കിലും സദാ പ്രവർത്തനോന്മുഖവും ആവേശഭരിതവുമായ മനസ്സുള്ള ആ അധ്യാപക പ്രതിഭയുടെ സാന്നിധ്യം അപൂർവ്വ സതീർഥ്യസംഗമത്തിന്റെ ചൈതന്യമായി.

പി കണ്ണൻ നായരും ഇ രാഘവവാര്യരുമായിരുന്നു അക്കാലത്തെ ബ്രണ്ണൻ കോളെജിന്റെ പ്രിൻസിപ്പളുമാർ. മാവിന് കല്ലെറിഞ്ഞ വിദ്യാർഥികളെ കയ്യോടെ പിടിച്ച കണ്ണൻ നായരെ സംഗമത്തിന്റെ സംഘാടക സമിതി ചെയർമാനായ കെ ടി ചന്ദ്രൻ അനുസ്മരിച്ചു.

ബ്രണ്ണൻ കോളെജ് കലോത്സവത്തിൽ നർത്തനമാടിയതിന്റെ ഊഷ്മള ഓർമ്മകളായിരുന്നു മുൻ എം.പി കൂടിയായിരുന്ന എ കെ പ്രേമജത്തിന് പങ്കുവെക്കാനുണ്ടായിരുന്നത്. പ്രേമജ പാമ്പായും സതീർഥ്യ സതി മയിലായും ആടിത്തിമർത്തത് ഒരിക്കലും മായാത്ത ഓർമ്മയായി അവർ രണ്ടുപേരും സൂക്ഷിക്കുന്നു. അന്ന് പിരിഞ്ഞതിൽ പിന്നെ ഇപ്പോഴാണ് ഈ പഴയ സതീർഥ്യർ വീണ്ടും ഒന്നിക്കുന്നതെന്നും ഈ സംഗമത്തെ അനിതര സാധാരണമാക്കുന്നു. കണ്ണൂരിൽ നിന്ന് തീവണ്ടിയിൽ വന്ന് തലശ്ശേരിയിൽ പഠിച്ച കാലത്ത് അറിയാത്ത തലശ്ശേരിയെ പ്രേമജ വടകര മണ്ഡലത്തിൽ എം പി സ്ഥാനാർഥിയായപ്പോഴാണ് മുക്കും മൂലയും സന്ദർശിച്ചത്.

ടി ബാലക്കുറുപ്പിനും ഒരുപാട് കാര്യങ്ങൾ പഴയ പഠന കാലത്തെ കുറിച്ച് പറയാനുണ്ടായിരുന്നു. ജീവിതത്തിൽ എന്തെങ്കിലും നേടാനും ചെയ്യാനും കഴിഞ്ഞെങ്കിൽ അത് ബ്രണ്ണൻ കോളെജിന്റെ മണ്ണിൽ നിന്ന് പഠിച്ച് നേടിയെടുത്തതാണെന്ന് അദ്ദേഹം പറഞ്ഞു. ഹോസ്റ്റലിൽ നടന്ന വികൃതികളും അദ്ദേഹം അനുസ്മരിച്ചു. ഇന്ത്യൻ ആർമിയിൽ ബ്രിഗേഡിയറായി വിരമിച്ച സി കെ ഭാഗ്യനാഥ് ഒരു കൊച്ചുകുട്ടിയുടെ ആവേശത്തോടെയാണ് തന്റെ ബ്രണ്ണൻ ജീവിതവും പട്ടാളജീവിതവും വിവരിച്ചത്.

ബ്രണ്ണൻ കോളെജ് ഇല്ലായിരുന്നുവെങ്കിൽ താനൊരു കൈക്കോട്ട് ജോലിക്കാരനായിതന്നെ കഴിയുമായിരുന്നുവെന്ന് പറ

ഞ്ഞത് കൈതേരി സ്വദേശി നാരായണ(നാണു)ക്കുറുപ്പായിരുന്നു. കുറുപ്പ് താനെഴുതിയ രണ്ട് കവിതകളുമായാണ് സംഗമത്തിനെത്തിച്ചേർന്നത്. തലശ്ശേരിയിലെ ബ്രണ്ണൻ കോളേജിന് അതിന്റെ പഴയകെട്ടിടം നഷ്ടപ്പെട്ടതറിഞ്ഞ് മനസ്താപം കൊള്ളുന്ന ബ്രണ്ണന്റെ ആത്മാവിനെ കുറിച്ചായിരുന്നു ഒരു കവിത.

"നട്ടംതിരിയുന്നു ബ്രണ്ണന്റെയാത്മാവ്
നഷ്ടബോധത്തിലായി ഇത്തലശ്ശേരിയിൽ
ഇഷ്ടമിട്ടു പണിത കലാശാല
നഷ്ടമായെന്നോർത്തു ആർത്തു വിതുമ്പുന്നു..."

എന്നിങ്ങനെ തുള്ളൽ വൃത്തത്തിലാണ് കുറുപ്പ് കവിത വായിച്ചത്. കുറുപ്പിന് ഒരു തെറ്റുപറ്റി. ബ്രണ്ണൻ കോളെജിന്റെ സ്ഥാപനം നഗരസഭ പിടിച്ചു വാങ്ങിയതായിരുന്നില്ല. മറിച്ച് ബിരുദ പഠനം വന്നപ്പോൾ നഗരസഭ സ്വന്തം കെട്ടിടം കോളേജിന് നൽകുകയായിരുന്നു. തലശ്ശേരിക്ക് എന്നും അഭിമാനിക്കാവുന്ന ഒരു സംഗതിയായിരുന്നു അത്. നഗരസഭയുടെ പ്രവർത്തനം ടൗൺ ഹാളിലേക്ക് മാറ്റുകയായിരുന്നു. കോളേജ് നടത്തിപ്പ് സൗകര്യത്തിന് വേണ്ടി സ്കൂളും നഗരസഭ ഏറ്റെടുത്ത് ചിറക്കരയിലേക്ക് മാറ്റി യിരുന്നു. ധർമ്മടത്ത് കോളെജിന് പുതിയ കെട്ടിടം വന്നപ്പോൾ മാത്രമാണ് നഗരസഭ സ്വന്തം കെട്ടിടത്തിലേക്ക് തിരിച്ചു വന്നത്.

അക്കാലത്ത് കോളേജിൽ മലയാളം അധ്യാപകനായിരുന്ന കരിമ്പുഴ രാമകൃഷ്ണനെ പലരും അനുസ്മരിച്ചു. എം എസ് മേനോൻ അക്കാലത്ത് സംസ്കൃത അധ്യാപകനായി വന്നുചേർന്നത് ഏക സംസ്കൃത വിദ്യാർഥിയായിരുന്നയാൾ അനുസ്മരിച്ചു. ഇന്ത്യൻ ബാങ്കിന്റെ റീജ്യണൽ മാനേജറായി വിരമിച്ച എൻ മൂസ തന്റെ പഴയ സുഹൃത്തുക്കളെ കാണാൻ കഴിഞ്ഞതിന്റെ ആഹ്ലാദം പങ്കുവെച്ചു. ഇന്റർമിഡിയറ്റിൽ ഇംഗ്ലീഷിൽ തോറ്റുപോയിരുന്ന ഗോപിനാഥന് ഇപ്പോൾ ഇംഗ്ലീഷ് മാത്രമാണ് നന്നായി സംസാരിക്കാൻ കഴിയുന്നത്. ബ്രണ്ണൻ കോളേജിൽ നിന്ന് ബിരുദം പൂർത്തിയാക്കിയ അദ്ദേഹം സർക്കാർ ജോലികൾ അന്വേഷിച്ചു പോയില്ല. സ്വയം കൃഷിക്കാരനായി. ലോകത്തിലെ ഏറ്റവും വലിയ ആന്തൂറിയം  കൃഷി അദ്ദേഹത്തിന്റേതാണത്രെ. കർണാടകയിൽ പഴം– പച്ചക്കറി കൃഷി നടത്തുന്ന അദ്ദേഹം താത്പര്യമുള്ളവർക്ക് സൗജന്യമായി കൃഷിപാഠം നടത്തിക്കൊടുക്കാൻ തയ്യാറായി. വിവിധ യൂണിവേഴ്സിറ്റികളിൽ അദ്ദേഹം കൃഷി സംബന്ധമായ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

ബ്രണ്ണന്റെ ആത്മാവ് നാണുക്കുറുപ്പ് പാടിയതുപോലെ ഇന്ന് നട്ടം തിരിയുകയോ നഷ്ടബോധത്തിലോ അല്ല എന്ന് നിശ്ചയം; കാരണം അദ്ദേഹം സ്ഥാപിച്ച സ്ഥാപനത്തിൽ നിന്നുണ്ടായ പ്രതിഭകളുടെ സംഗമം അദ്ദേഹത്തിന്റെ ആത്മാവിനെ സന്തുഷ്ടമാക്കുക

യേ ഉള്ളു. എഡ്വാഡ് ബ്രണ്ണൻ ഒരു സാധാരണ ഇംഗ്ലീഷുകാരൻ മാത്രമായിരുന്നു. അറിയപ്പെടാതിരുന്ന ഒരു നാവികൻ. കപ്പലപകടത്തിൽ തലശ്ശേരിയിൽ എത്തുകയും തന്റെ ജോലി വിരാമത്തിൽ കിട്ടിയ തുകകൊണ്ട് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് വേണ്ടി ഒരു സ്കൂൾ തുടങ്ങുകയും ചെയ്തതുകൊണ്ടു മാത്രമാണ് അദ്ദേഹം അനശ്വരനായിരിക്കുന്നത്. സ്കൂളും കോളേജുമാണ് അദ്ദേഹത്തിന്റെ നാമം നിലനിർത്തുന്നത്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയിൽ പോലും ബ്രണ്ണന്റെ പേര് പരാമർശിക്കുന്നത് അദ്ദേഹം സ്ഥാപിച്ച സ്കൂളിന്റെ പേരിലാണ്.

ഈ അപൂർവ്വ സംഗമം ഒരുക്കിയതിന്റെ എല്ലാ ബഹുമതികൾക്കും അർഹർ എം സി നാരായണനും എം പി ബാലകൃഷ്ണനും കെ ടി ചന്ദ്രനും കെ ടി നാരായണനുമായിരുന്നു. ഐക്യദാർഢ്യത്തോടെയുള്ള അവരുടെ പ്രവർത്തനം അത്യപൂർവ്വമായ അനുഭൂതി നൽകുന്ന ഒരു അനുഭവം പ്രദാനം ചെയ്തു.

1958 ബാച്ച് സംഗമത്തിൽ അനുസ്മരിക്കപ്പെട്ട ഏക ജൂനിയർ ഇ അഹമ്മദായിരുന്നു. ഗോപിനാഥനും പ്രേമജവുമൊക്കെയായിരുന്നു വിദേശകാര്യ സഹമന്ത്രി ഇ അഹമ്മദിന്റെ അന്നത്തെ വിളിപ്പേര് ഓർത്തത്. 'പ്രാണി' ജൂനിയറായിരുന്നെങ്കിലും എവിടേയും പ്രമാണി ചമയുക എന്നത് ഇ അഹമ്മദിന്റെ വിദ്യാർഥി കാലത്തു തന്നെയുള്ള സ്വഭാവമായിരുന്നത്രെ. പ്രമാണി ചുരുങ്ങിയായിരുന്നു 'പ്രാണി' ആയത് ●

# 42

# സിന്ധിൽ നിന്നൊരു സിദ്ധൻ

അറേബ്യയിൽ നിന്നും ഇറാനിൽ നിന്നും നിരവധി മുസ്ലിം സൂഫി വര്യന്മാർ കേരളക്കരയിൽ വന്ന് താമസിക്കുകയും തദ്ദേശീയരുമായി അവർ ബന്ധം സ്ഥാപിക്കുകയും ചെയ്യുകയുണ്ടായി. ഇതുനിമിത്തമാണ് ഇസ്ലാം മതം കേരളക്കരയിൽ വ്യാപിച്ചത്. പല സൂഫികളും ഇവിടെതന്നെ ജീവിക്കുകയും അവരുടെ ജീവിതാന്ത്യം ഇവിടെ തന്നെ ആവുകയും ചെയ്തിരുന്നു. നിര്യാണാനന്തരം അവരുടെ അന്ത്യവിശ്രമ സ്ഥാനങ്ങൾ (മഖ്ബറകൾ) ആരാധനാകേന്ദ്രങ്ങളായി തീരുകയും ചെയ്തു. കൂഫി, ഇറാനി എന്നിങ്ങനെ സൂഫി വര്യന്മാരുടെ പേരുകളോടൊപ്പമുള്ള അനുബന്ധങ്ങൾ അവരുടെ പ്രഭവസ്ഥാനത്തെ കുറിക്കുന്നവയാണ്. ഇന്ത്യയിൽ നിന്നുതന്നെ പഞ്ചാബിൽ നിന്നും സിന്ധിൽ നിന്നുമുള്ള സൂഫികൾ കേരളക്കരയിൽ വന്ന് താമസിച്ചിരുന്നു.

അങ്ങനെ തലശ്ശേരിയിൽ വന്ന് താമസിച്ചിരുന്ന സിന്ധുകാരനായ സൂഫിയായിരുന്നു ലാൽ ഷഹബാസ് കലന്തർ. ഇന്ത്യയിലൊട്ടുക്കും അനുചരന്മാരുള്ള ഒരു സൂഫി സംഘത്തിന്റെ സ്ഥാപകനായിരുന്നു ഷഹബാസ്. ചുവപ്പ് നിറത്തിലുള്ള അങ്കി അണിഞ്ഞിരുന്നത് കൊണ്ടായിരുന്നുവത്രെ 'ലാൽ' എന്ന ഉപസർഗ്ഗം പേരിനുണ്ടായത്. ലൗകികമായ കാര്യങ്ങളിൽ നിന്ന് മോചനം ലഭിച്ച് വ്യതിരിക്തമായ രീതിയിൽ ദൈവികസാമീപ്യം പ്രാപിക്കുന്ന പ്രത്യേകതരം സൂഫികളെയായിരുന്നു 'കലന്തർ' എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ഷഹബാസിന്റെ അനുചരന്മാരിൽ പലരും ഇന്നും ചുവപ്പങ്കി അണിയുന്നവരാണ്.

സിന്ധിലെ മങ്കപീർ എന്ന സ്ഥലത്ത് ഹിജ്റ വർഷം ആയിരാ

മാണ്ടാണ് ഷഹബാസ് ഭൂജാതനായതെന്ന് കരുതപ്പെടുന്നു. അതായത് 425 വർഷങ്ങൾക്ക് മുമ്പ് സിന്ധിലെ രാജകുടുംബമായിരുന്നു ഷഹബാസിന്റേത്. 10-ാം വയസ്സിൽ തന്നെ പിതാവ് മരണപ്പെട്ടത് കാരണം രാജഭരണ ചുമതല ഏറ്റെടുക്കേണ്ടി വന്നിരുന്നു. എന്നാൽ പ്രായപൂർത്തിയെത്താത്തത് കാരണം രാജപ്രതിനിധി (റീജന്റ്) ആയിരുന്നു ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്. പിന്നീട് യൗവ്വനപ്രായത്തിൽ തന്നെ രാജ്യഭരണം ഉപേക്ഷിച്ച് മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ പര്യടനം നടത്തി. സൂഫി ചിന്തകളുമായി താദാത്മ്യം വന്നു. ഷാ വലിയുല്ലാഹ് പരമ്പരയുടെ ശിഷ്യത്വം സ്വീകരിച്ചു. ഇന്ത്യയിൽ പലയിടങ്ങളിലും സഞ്ചരിക്കുകയും എല്ലായിടങ്ങളിലും ദീർഘമായി താമസിക്കുകയും ചെയ്തു. ദയരോത്ത് മല, പുളിങ്ങോത്ത് മല, വെള്ളിയാങ്കല്ല് എന്നിവിടങ്ങളിലെ താമസാനന്തരമാണ് ഷഹബാസ് തലശ്ശേരിയിലെത്തുന്നത്. പിന്നീട് മട്ടാമ്പ്രം എന്നറിയപ്പെടാൻ തുടങ്ങിയ ഒരു ചെറിയ കുന്നിൻ പ്രദേശത്താണ് ഷഹബാസ് ഏകാന്തവാസം ആരംഭിച്ചത്. കുന്നിൻപുറത്തെ കുറ്റിക്കാട്ടിനുള്ളിൽ തപസ്സിരുന്ന ഈ സന്യാസിവര്യന്, കുടിക്കാൻ തൊട്ടടുത്ത നീരാറ്റിൽ പീടിക എന്ന വീട്ടിലെ ഒരു സ്ത്രീ ദിവസവും ആട്ടിൻ പാൽ നൽകി വന്നിരുന്നു. ഇത്തരത്തിൽ ഷഹബാസിനെ ശുശ്രൂഷിക്ക നിമിത്തമാണ് പിന്നീട് ഷഹബാസിന്റെ മഖ്ബറയുടെ സംരക്ഷണാവകാശം നീരാറ്റിൽ പീടിക കുടുംബത്തിന് ലഭ്യമായത്. ഏറ്റവും ഒടുവിൽ പ്രസ്തുത കുടുംബത്തിൽ നിന്ന് ഈ അവകാശം വഹിച്ചത് പരേതനായ മൊയ്തു ഹാജി ആയിരുന്നു. ഇപ്പോൾ ഒരു കമ്മിറ്റിയാണ് ഇത് കൈകാര്യം ചെയ്തുവരുന്നത്.

ഷഹബാസിന്റെ അത്ഭുതകൃത്യങ്ങളെ കുറിച്ച് നിരവധി ഐതിഹ്യങ്ങൾ നിലവിലുണ്ട്. യമനിൽവെച്ച് അദ്ദേഹം നിർദ്ദേശിച്ച സ്ഥലത്ത് ഭൂമിക്കടിയിൽ നിന്ന് നിധി ലഭിച്ചതും അവിടെ പള്ളി നിർമിച്ചതും അവയിലൊന്നാണ്. തലശ്ശേരിയിൽ താമസിച്ചുവരവെ, ഒരു ബ്രാഹ്മണൻ ഷഹബാസിനെ കണ്ട് ഭിക്ഷ ചോദിച്ചപ്പോൾ ഷഹബാസ് ചൂണ്ടിക്കാണിച്ച സ്ഥലത്ത് ഒരു പശു ചത്തു കിടക്കുന്നതാണ് കണ്ടത്; ബ്രാഹ്മണൻ പശുവിനെ മുറിച്ചെടുത്തപ്പോൾ അത് സ്വർണ്ണമായിത്തീർന്നു എന്നതാണ് മറ്റൊരു ഐതി ഹ്യം. മണ്ണുവാരിയെറിഞ്ഞ് കോളറയെ പ്രതിരോധിച്ചതും ഷഹബാസിന്റെ അത്ഭുതകൃത്യങ്ങളിൽ ഒന്നായിരുന്നു.

ഇന്ത്യയിലെ സൂഫികളെ കുറിച്ച് വിവരിക്കുന്ന ഒരു ഇംഗ്ലീഷ് ഗ്രന്ഥത്തിൽ ലാൽ ഷഹബാസ് കലന്തറിന്റെ വിശേഷണങ്ങൾ വിവരിക്കുന്നുണ്ട്. കൗമാരകാലത്തു തന്നെ രാജകുമാരനായ ഷഹബാസ് മദ്യപാനിയും വിഷയലമ്പടനുമായി തീർന്നെന്നാണ് അതിൽ വിവരിക്കുന്നത്. പിന്നീടാണ് ഷഹബാസ് സൂഫിസ

ത്തിലേക്ക് തിരിഞ്ഞത്. സുഫിയായതിന് ശേഷവും അദ്ദേഹം വീഞ്ഞ് കുടിച്ചിരുന്നുവെന്നും ഇതേക്കുറിച്ചന്വേഷിക്കുമ്പോൾ ഷഹബാസ് വീഞ്ഞ് കയ്യിലെടുത്താൽ അത് വെള്ളമായി തീരുമെന്നായിരുന്നത്രെ അനുചരന്മാർ വിശദീകരിച്ചിരുന്നതെന്നും പ്രസ്തുത ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നുണ്ട്.

ലാൽ ഷഹബാസ് തപസ്സ് ചെയ്ത സ്ഥലത്താണ് പിന്നീട് ഒരു ആരാധനാലയം ഉയർന്നുവന്നത്. അതാണ് ഇന്ന് മട്ടാമ്പ്രം പള്ളിയായി വികസിച്ചത്. ലാൽ ഷഹബാസ് സിന്ധിൽ തിരിച്ചെത്തിയ ശേഷം അവിടെ നിര്യാതനായി. നീരാറ്റിൽ പീടിക യിലെ സ്ത്രീക്ക് ഷഹബാസിന്റെ മരണത്തെക്കുറിച്ച് ദർശനമുണ്ടാവുകയും അങ്ങനെ അവർ ഷഹബാസ് തപസ്സിരുന്ന സ്ഥലത്ത് ഒരു 'മീസാൻ' കല്ല് സ്ഥാപിക്കുകയും ചെയ്തു. ഇതാണ് ഷഹബാസിന്റെ മഖ്ബറയായി തീർന്നത്. യഥാർഥത്തിൽ ലാൽ ഷഹബാസ് തലശ്ശേരിയിലെ മട്ടാമ്പ്രത്ത് കുറച്ചുകാലം താമസിച്ചുവെന്നല്ലാതെ ഇവിടെയല്ല മരണമടഞ്ഞിരുന്നത്. ലാൽ ഷഹബാസ് താമസിച്ചയിടങ്ങളിലെല്ലാം അദ്ദേഹത്തെ പരിചരിച്ചവർക്ക് ഇത്തരത്തിൽ സ്വപ്ന ദർശനങ്ങൾ ഉണ്ടാവുകയും അവിടങ്ങളിലെല്ലാം മഖ്ബറകൾ സ്ഥാപിക്കുകയുമാണുണ്ടായതത്രെ. അങ്ങനെ ശരിയായി മറമാടപ്പെട്ടതടക്കം ഷഹബാസിന്റെ ഇരുപത്തിയൊന്ന് മഖ്ബറകൾ ഇന്ത്യയിലുണ്ട്.

തലശ്ശേരിയിലും പരിസരത്തിലും ഷഹബാസ് മട്ടാമ്പ്രം ഔലിയ എന്ന പേരിലാണ് അറിയപ്പെടുന്നത്. മഖ്ബറയിൽ ചെന്ന് പ്രാർഥിച്ചാൽ ഫലസിദ്ധിയുണ്ടെന്ന് അനേകംപേർ വിശ്വസിക്കുകയും ചെയ്യുന്നു. മഖ്ബറയിൽ തുണിയിടുകയാണ് പ്രധാന നേർച്ച. പള്ളിയുടെ വിളക്ക് കത്തിക്കാനുള്ള വെളിച്ചെണ്ണയും മുൻകാലങ്ങളിൽ നേർച്ചയായി ലഭിക്കാറുണ്ടായിരുന്നു.

ലാൽ ഷഹബാസ് കലന്തറിന്റെ ജീവചരിത്രവും അത്ഭുതങ്ങളും വിവരിക്കുന്ന മൗലീദ് ഗ്രന്ഥം അറബിയിൽ രചിക്കപ്പെട്ടിട്ടുണ്ട്. മുഹമ്മദ് മുസ്ല്യാരായിരുന്നു അതിന്റെ കർത്താവ്. ഷഹബാസിനെ സ്തുതിച്ചുകൊണ്ടുള്ള അറബി മലയാളത്തിലുള്ള ഷഹബാസ് മാലയുടെ കർത്താവ് മാഞ്ഞാപ്രത്ത് അബ്ദുൽ അസീസായിരുന്നു ●

## 43

# തലശ്ശേരിയിലെ 'തെക്യാവുകൾ'

തീരപ്രദേശങ്ങളിലെ മുസ്‌ലിംകളുടെ ഒരുതരം ആരാധനാ കേന്ദ്രങ്ങളാണ് തെക്യാവുകൾ. ഇവ യഥാർഥത്തിൽ പള്ളികളല്ല. ചില തെക്യാവുകൾ പള്ളികളായും ഉപയോഗിച്ച് വരാറുണ്ടെന്ന് മാത്രം. ഉൽപതിഷ്ണുക്കളായ മുസ്‌ലിം വിശ്വാസികൾ ഇത്തരം ആരാധനാ കേന്ദ്രങ്ങളെ അംഗീകരിക്കുന്നില്ലെന്ന് മാത്രല്ല, ഇവ മതത്തിന് പുറത്തുള്ള ആരാധനാ സമ്പ്രദായമാണെന്നും കരുതുന്നു. എന്നിരുന്നാലും തീരപ്രദേശങ്ങളിലെ മുസ്‌ലിംകൾ വിശിഷ്യാ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മുസ്‌ലിംകൾ തെക്യാവുകൾക്ക് പ്രാധാന്യം നല്കുന്നവരാണ്. തലശ്ശേരിയിൽ പ്രസിദ്ധമായ ചില തെക്യാവുകൾ ഉണ്ട്.

തകിയ എന്ന അറബി മൂലപദത്തിൽ നിന്നാണ് തെക്യാവ് എന്ന മലയാളത്തിലുള്ള പ്രയോഗമുണ്ടായത്. ആസ്ഥാനം എന്നു കൂടി അർഥമുള്ള അറബിപദം കൊണ്ടുദ്ദേശിക്കുന്ന ആസ്ഥാനം സൂഫി വര്യന്മാരുടേതാണ്. സൂഫിവര്യന്മാർ ധ്യാനനിരതരായിരുന്ന സ്ഥലങ്ങളെ തകിയ എന്ന് വിശേഷിപ്പിക്കാറുണ്ട്. ഈ അർഥത്തിൽ ഈ പദം അധികം ഉപയോഗിക്കപ്പെടുന്നത് പേർഷ്യൻ ഭാഷയിലാണ്. പേർഷ്യയിലെ സൂഫി പ്രസ്ഥാനവുമായി ബന്ധപ്പെട്ട ദർവേശുകൾ അവരുടെ തകിയകളിൽ ഹർഷോന്മത്ത രീതിയിൽ നൃത്തങ്ങളും അനുഷ്ഠാനങ്ങളും നടത്തിവരാറുണ്ട്.

അറേബ്യയിലെ യമനിന്റേയും ഒമാന്റേയും തീരപ്രദേശ

ങ്ങളിലുള്ള ജനങ്ങൾക്കിടയിൽ ഇത്തരം ദർവേശുകളും അവരുടെ മൂരീദന്മാരും (ശിഷ്യർ) തകിയകൾ നടത്തിവരാറുണ്ടായിരുന്നു. മിക്കവാറും ഇവരിൽ നിന്നാണ് മലബാറിന്റെ തീരത്ത് തകിയകളും അവയിലെ ആചാരമായ റാത്തീബുകളും വന്നെത്തിയത്. ചുറ്റുവട്ട മിരുന്ന് ദഫുകൾ തുടരെമുട്ടി അവർ പ്രാർഥനാ വചനങ്ങൾ ഉറക്കെ ച്ചൊല്ലിക്കൊണ്ടിരിക്കും. ഈ ചൊല്ലൽ ഉന്മത്താവസ്ഥയിൽ എത്തുമ്പോൾ ദർവേശ് തെരഞ്ഞെടുത്ത മുരീദുകളെ വിളിച്ച് അവിടെ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ആയുധങ്ങളെടുത്ത് കൊടു ക്കുന്നു. ദഫ് ശബ്ദത്തിന്റേയും പ്രാർഥനാ വചനങ്ങളുടേയും ഉന്മത്താവസ്ഥയിൽ ഈ മുരീദുകൾ ശരീരത്തിന്റെ നഗ്നമാക്കപ്പെട്ട മേൽഭാഗത്ത് മുറിവുകൾ ഏൽപ്പിക്കുന്നു. മൂർച്ചയുള്ള കത്തികളോ വാളുകളോ ഉപയോഗിച്ച് ശരീരത്തിൽ കുത്തിയിറക്കുന്നു. അങ്ങ നെ ചെയ്യുന്നവർക്ക് യാതൊരു വേദനയും അനുഭവപ്പെടുന്നില്ലെന്ന് മാത്രമല്ല രക്തച്ചൊരിച്ചലും ഉണ്ടാവുന്നില്ലത്രെ. സഊദി അറേബ്യ യുടേയും യമനിന്റേയും ഒമാന്റെയുമൊക്കെ ചരിത്രമെഴുതിയ ചില പാശ്ചാത്യ ഗ്രന്ഥകർത്താക്കൾ തങ്ങൾ ഇത്തരം അനുഷ്ഠാനം നേരിൽ കണ്ടതായി വിവരിച്ചത് കാണാം.

ഏറെക്കുറെ ഇതേരൂപത്തിലുള്ള അനുഷ്ഠാന കർമ്മങ്ങളാണ് റിഫാഈ വിഭാഗത്തിൽപ്പെടുന്ന തലശ്ശേരിയിലെ തൈക്യാവു കളിൽ കണ്ടുവരുന്നത്. ഇതിനെ കുത്തീറാത്തീബ് എന്നാണ് തലശ്ശേരിയിലെ മുസ്ലിംകൾ വിശേഷിപ്പിക്കാറുള്ളത്. നേർച്ച യായോ വിദേശയാത്ര പുറപ്പെടുന്നതിന് മുമ്പോ കല്ല്യാണത്തിന് മുമ്പോ ഇത്തരം റാത്തീബുകൾ ഗതകാലത്തിൽ തലശ്ശേരിയിലെ മുസ്ലിം വീടുകളിൽ നടത്തപ്പെട്ടിരുന്നു. കുത്തീറാത്തീബ് അനുഷ്ഠാന കർമ്മം നടത്താൻ തൈക്യാവുകളിൽ നിന്നുള്ള വിശേഷ സംഘം എത്തിച്ചേരാറുണ്ടായിരുന്നു. ഉൽപതിഷ്ണുക്കൾ ഇത്തരം അനാചാരങ്ങൾക്കെതിരെ തുടരെ മുസ്ലിംകളെ ബോധ വത്ക്കരണം നടത്തിയതിന്റെ ഫലമായി ഇത്തരം അനുഷ്ഠാ നങ്ങൾ കുറഞ്ഞുവരികയുണ്ടായി. എന്നിരുന്നാലും തൈക്യാ വുകളും കുത്തീറാത്തീബുകളും ഇപ്പോഴും മുസ്ലിംകളുടെ ഇട യിൽ നിലവിലുണ്ട്.

തലശ്ശേരിയിലെ ഏറ്റവും പ്രശസ്തമായ തൈക്യാവ് ചാലിൽ പ്രദേശത്തെ റിഫാഈ തൈക്യാവാണ്. അവിടെ ആണ്ടുതോറും മുസ്ലിം കലണ്ടറിലെ ജമാഅദുൽ അവ്വൽ മാസം വാർഷികാ ഘോഷ ചടങ്ങുകൾ നടന്നുവരുന്നു. റിഫാഈ വിഭാഗത്തിൽപ്പെട്ട മറ്റൊരു തൈക്യാവ് വാടിക്കൽ (ഒ വി റോഡിൽ) പ്രദേശത്തുണ്ട്. ഇവ രണ്ടും ദ്വീപ് സ്വദേശികളായ തങ്ങന്മാരുടെ നേതൃത്വ ത്തിലാണ് നടന്നുവരുന്നത്. അരനൂറ്റാണ്ടിന് മുമ്പ് ഈ തൈക്യാവുക ളുടെ ഉടമസ്ഥാവകാശത്തെ കുറിച്ച് ദ്വീപിൽ നിന്നുള്ള രണ്ട്

കുടുംബങ്ങൾ തർക്കമുണ്ടാവുകയും കേസുണ്ടാവുകയും ചെയ്തിരുന്നു. ചാലിലെ തെക്യാവ് ദ്വീപിൽ തന്നെ മൂലസ്ഥാന മുണ്ടായിരുന്ന തങ്ങൾ കുടുംബത്തിന്റെ നേതൃത്വത്തിലായിരുന്നു. എന്നാൽ വാടിക്കൽ തെക്ക്യാവ് മലബാറിൽ നിന്നുപോയി ദ്വീപിൽ വിവാഹബന്ധത്തിലുണ്ടായ കുടുംബത്തിന്റെ നേതൃത്വത്തിലാ യിരുന്നു. കാലാന്തരേണ ഈ രണ്ടുകുടുംബങ്ങളും വിവാഹ ബന്ധത്തിലൂടെ ഒന്നിച്ചത് കാരണം ഇപ്പോൾ രണ്ട് തെക്യാ വുകളും ഒരേ നേതൃത്വത്തിൽ തന്നെയാണ്.

ചാലിൽ തന്നെയുള്ള മറ്റൊരു പ്രശസ്ത തെക്യാവായിരുന്നു ഉമ്മാമയുടെ തെക്യാവ്. ഇപ്പോഴും ഈ തെക്യാവ് ചാലിലുണ്ട്. അത്യാവശ്യം നമസ്ക്കാരപ്പള്ളിയായും ഇതുപയോഗപ്പെടു ത്തുന്നുണ്ട്. ഈ തെക്യാവിനെ കുറിച്ച് തദ്ദേശീയരുടെ ഇടയിൽ ഒരു ഐതിഹ്യം ഉണ്ടായിരുന്നു. ഈ തെക്യാവിൽ ധ്യാനമിരുന്ന സൂഫി വര്യൻ തമിഴ്നാട്ടിലെ കിഴക്കൻ തീരപ്രദേശ പട്ടണമായ കീഴക്കരയിൽ നിന്നുവന്ന ലബ്ബ സാഹിബ് ആയിരുന്നു എന്ന്. മലബാ റിലെ മുസ്ലിംകളെ മാപ്പിളമാർ എന്ന് വിശേഷിപ്പിക്കുന്നതു പോലെ, തമിഴ് സംസാരിക്കുന്ന മുസ്ലിംങ്ങളെ ലബ്ബമാർ എന്നാണ് വിശേഷിപ്പിക്കപ്പെടാറുള്ളത്. സൂഫിവര്യന്റെ ശരിയായ പേര് വ്യക്തമല്ലെങ്കിലും ലബ്ബ സാഹിബ് എന്നറിയപ്പെട്ടു. അദ്ദേഹത്തെ തേടി അദ്ദേഹത്തിന്റെ മാതാവ് എത്തുകയും അദ്ദേഹത്തോടൊപ്പം തെക്യാവിൽ താമസിക്കവെ മൃതിയടയുകയും ചെയ്തതിൽ പിന്നെയാണ് ഇതിന് ഉമ്മാമയുടെ തെക്യാവ് എന്ന നാമം ലഭിച്ചത്.

റിഫാഈ വിഭാഗത്തിൽപ്പെട്ടുന്ന തെക്യാവുകളിൽ മാത്രമാണ് കുത്തീറാത്തീബുകൾ നടക്കുക. മറ്റ് തെക്യാവുകളിൽ ദഫ് സംഗീത ത്തിലുള്ള പ്രാർഥനാലാപനങ്ങൾ മാത്രമുള്ള റാത്തീബുകളാണ് നടക്കുക. മട്ടാമ്പ്രം പള്ളിയുടെ പാർശ്വത്തിൽ ശാദുലി വിഭാഗ ത്തിന്റെ ഒരു തെക്യാവ് ഉണ്ടായിരുന്നത് ഇന്നും നിലവിലുണ്ട്. അതേ കെട്ടിടത്തിൽ തന്നെ മീർഗനി തെക്യാവും ഉണ്ടായിരുന്നു. പേര് സൂചിപ്പിക്കുന്നതുപോലെ ഇത് ദഖ്നി മുസ്ലിംകളുമായി ബന്ധപ്പെട്ടതായിരുന്നു. തെക്യാവുകളെ കേന്ദ്രീകരിച്ച് റാത്തീബ് സംഘങ്ങളായിരുന്നു വീടുകളിൽ റാത്തീബ് ചടങ്ങുകൾ നിർവഹിച്ചു കൊടുത്തിരുന്നത്. എന്നാൽ ഇന്ന് റാത്തീബ് ഖാനക ളുമായി ബന്ധമില്ലാത്ത റാത്തീബ് സംഘങ്ങളും നിലവിലുണ്ട് ●

# 44

# ‘കഠോര കുഠാര’വും ‘രാമബാണ’വും

മലയാള പത്രപ്രസ്ഥാനത്തിന്റെ ഈറ്റില്ലം തലശ്ശേരിയാണല്ലോ. മലയാളത്തിലെ ആദ്യത്തെ പത്രം ഗുണ്ടർട്ടിന്റെ ‘രാജ്യസമാചാരം’ തലശ്ശേരിയിൽ നിന്നാണ് പ്രസിദ്ധീകരിച്ചിരുന്നതെന്ന് സുവിദിത മാണല്ലോ. അതിൽപരം തലശ്ശേരിയിൽ നിന്ന് എത്രയെത്ര പത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഇന്ന് കോഴിക്കോട് നിന്നും മറ്റും പ്രസിദ്ധീകരിക്കുന്ന ‘ചന്ദ്രിക’ ദിനപത്രം തലശ്ശേരിയിൽ നിന്നാരംഭിക്കപ്പെട്ടതായിരുന്നു. വിധി വൈപരീത്യം കൊണ്ടാ ണെന്ന് തോന്നുന്നു തലശ്ശേരിയിലെ പത്രങ്ങൾ ക്കെല്ലാം അൽ പായുസ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പല സായാഹ്നപത്ര ങ്ങളും അങ്ങനെ മിന്നി മറഞ്ഞത് തലശ്ശേരിയിലെ പത്രങ്ങളുടെ ചരിത്രത്തിന്റെ ഭാഗമാണ്. ഒരപവാദം ‘പടയണി’യാണ്. ഏറെ ക്കാലമായി മുടങ്ങാതെ പ്രസിദ്ധീകരിക്കപ്പെടുന്ന പടയണി തലശ്ശേരിയുടെ പത്രപാരമ്പര്യത്തെ കാത്തുസൂക്ഷിക്കുന്നു. പ്രചുര പ്രചാരമുള്ള പത്രങ്ങൾ പലയിടങ്ങളിൽ നിന്നും എഡി ഷനുകൾ ആരംഭിച്ചുവെങ്കിലും പത്രപ്രസ്ഥാനത്തിന്റെ ഈറ്റി ല്ലമായ തലശ്ശേരിയെ ആരും പരിഗണിക്കുകയുണ്ടായില്ല.

രണ്ടു വ്യക്തികൾ തമ്മിലുള്ള ആശയ സംഘട്ടനത്തിന് മാത്രം പത്രങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു എന്നതും തലശ്ശേരിയുടെ പ്രത്യേകതയായിരുന്നു. ഈ രണ്ടു വ്യക്തികൾ പ്രഗത്ഭഅഭിഭാ ഷകനായിരുന്ന കെ ടി ചന്തു നമ്പ്യാരും പ്രശസ്ത സാഹിത്യകാര നായിരുന്ന മൂർക്കോത്ത് കുമാരൻ മാസ്റ്ററുമായിരുന്നു. ഒരുകാലത്ത് അവർ ആത്മസുഹൃത്തുക്കളായിരുന്നു. എന്നാൽ അക്കാലത്തു

ണ്ടായ നായർ- തീയ്യ സമുദായങ്ങൾക്കിടയിലെ തർക്കങ്ങളിൽ അവർക്ക് നായകത്വം വന്നുചേർന്നിരുന്നു. ചന്തു നമ്പ്യാർ നായന്മാരുടേയും കുമാരൻ മാസ്റ്റർ തീയ്യന്മാരുടേയും നായകന്മാരായി. പക്ഷേ, അതിനുമുമ്പു തന്നെ അവർ തമ്മിൽ സാഹിത്യ കാര്യങ്ങളിൽ തർക്കമുണ്ടായിരുന്നു. കുമാരൻ മാസ്റ്റർ എഴുതിയ 'വസുമതി'.

എന്ന കൃതിയെ അതികഠിനമായി വിമർശിച്ചുകൊണ്ട് ചന്തുനമ്പ്യാർ ഇംഗ്ലീഷിൽ ഒരു കൃതി രചിച്ചിരുന്നുവത്രെ. ഇതിനു പുറമേ അവരുടെ സാഹിത്യ തർക്കങ്ങൾ പുറത്തു വന്നത് അവരുടെ പത്രാധിപത്യത്തിൽ വന്നിരുന്ന പത്രങ്ങളിലുമായിരുന്നു. 'ഗജകേസരി' എന്നൊരു പത്രം മൂർക്കോത്ത് കുമാരൻ മാസ്റ്ററുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ചന്തു നമ്പ്യാരുടെ പത്രാധിപത്യത്തിൽ **'സ്വാഭിമാനി'** എന്നൊരു പത്രവും. ഈ പത്രങ്ങളിൽ പരസ്പരം ആക്ഷേപിക്കുന്ന ലേഖനങ്ങൾ പല പേരിലും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

പ്രസ്തുത കാലയളവിലാണ് കുമാരൻ മാസ്റ്ററുടെ 'യാദവകൃഷ്ണൻ' എന്ന കൃതി പ്രസിദ്ധീകരിക്കപ്പെട്ടത്. ഈ കൃതിക്കെതിരെ ശക്തമായ ഖണ്ഡന വിമർശനം സ്വാഭിമാനിയിൽ പ്രത്യക്ഷപ്പെട്ടു. കല്ലൻ കേളൻ എന്ന പേരിലായിരുന്നു അത് പ്രസിദ്ധീകരിക്കപ്പെട്ടതെങ്കിലും അതിന്റെ പിതൃത്വം ചന്തു നമ്പ്യാരുടേതാണെന്നതിൽ സംശയമുണ്ടായിരുന്നില്ല. ഇതിനെ തുടർന്നാണ് പെട്ടെന്നൊരു ദിവസം 'കഠോര കുഠാരം' എന്ന കാലണ പത്രം പുറത്തിറങ്ങിയത്. ചന്തു നമ്പ്യാരെ കുറിച്ചുള്ള പുളിച്ച ശകാരമായിരുന്നു അതിലുണ്ടായിരുന്നത്. ഉരുളക്കുപ്പേരി എന്നതുപോലെ ഇതിനെതിരായി 'രാമബാണ'മെന്ന കാലണ പത്രവും പുറത്തിറങ്ങി. തെറിപ്പാട്ടുകളുടെ നിലവാരത്തിലേക്ക് താഴുന്ന വിധത്തിലായിരുന്നു ഇരു പത്രങ്ങളിലേയും ശകാര വർഷങ്ങൾ. പരസ്പരം കളിയാക്കുന്ന കളിത്തട്ടുകളായി 'കഠോര കുഠാര'വും 'രാമബാണ'വും മാറി.

'ഗജകേസരി'യിരിക്കെ എന്തിനായിരുന്നു 'കഠോര കുഠാരം' എന്നാരോ ചോദിച്ചപ്പോൾ കുമാരൻ മാസ്റ്റർ ഇങ്ങനെ പ്രതിവചിച്ചുവത്രെ. മറപ്പുര (കക്കൂസ്) ആവശ്യമാണ്. പക്ഷെ, അത് വീട്ടിൽ നിന്നകലെയല്ലെ നല്ലത്. (അന്നങ്ങനെയായിരുന്നു. അറ്റാച്ച്മെന്റുകളൊന്നുമില്ലാത്ത കാലം). പിന്നെ ഒന്നുകൂടിയുണ്ട്. കെട്ട പഴമാണ് ജനങ്ങൾക്ക് വേണ്ടതെങ്കിൽ അതും, കുമാരൻ മാസ്റ്ററെ സംബന്ധിച്ചിടത്തോളം കഠോര കുഠാരത്തിന്റെ പ്രസക്തി. അത്രമാത്രമേ ഉണ്ടായിരുന്നുള്ളു.

ബദ്ധവൈരികളായിരുന്നാലും ചന്തു നമ്പ്യാർക്ക് കുമാരൻ മാസ്റ്ററുടെ ഭാഷാപരിജ്ഞാനത്തെ കുറിച്ചും സാഹിത്യ പ്രതിഭയെ

കുറിച്ചും ആദരവുണ്ടായിരുന്നു എന്നതായിരുന്നു സത്യം. മാതൃഭൂമിയുടെ മുൻ പത്രാധിപരായിരുന്ന സി എച്ച് കുഞ്ഞപ്പ ഇക്കാര്യം അദ്ദേഹത്തിന്റെ 'സ്മരണകൾ മാത്രം' എന്ന ഗ്രന്ഥ ത്തിൽ അനുസ്മരിക്കുന്നുണ്ട്. ചന്തു നമ്പ്യാരുടെ കൂടെ താമസിച്ചു പഠിക്കുകയായിരുന്നു കുഞ്ഞപ്പ. മിഷൻ സ്കൂൾ ഹെഡ്മാസ്റ്ററായി പിരിഞ്ഞു പോകുന്ന കെ കെ സുബ്രഹ്മണ്യ അയ്യർക്ക് യാത്രയയപ്പ് വേളയിൽ നൽകാനുള്ള മംഗളപത്രം കുമാരൻ മാസ്റ്ററെ കൊണ്ടാ യിരുന്നു എഴുതിച്ചിരുന്നത്. ചന്തു നമ്പ്യാർ അത് വായിച്ചാസ്വദിക്കു കയുണ്ടായത്രെ. പിന്നീട് കുമാരൻ മാസ്റ്ററുടെ ചരമത്തിൽ അനു ശോചിച്ചുകൊണ്ട് ചന്തു നമ്പ്യാർ ചെയ്ത കണ്ണീരിൽ കുതിർന്ന പ്രസംഗം അനുസ്മരിച്ചുകൊണ്ട്, കുമാരൻ മാസ്റ്ററും ചന്തു നമ്പ്യാരും ഉള്ളാലെ പരസ്പരം ബഹുമാനിച്ചിരുന്നു എന്നു വിശ്വസിക്കാമെന്ന് കുഞ്ഞപ്പ എഴുതിയിരുന്നു ●

# 45

# തലശ്ശേരിയിലെ പ്രഥമ സ്വാതന്ത്ര്യദിനം

1947 ആഗസ്ത് 14ന് വ്യാഴാഴ്ച അർധരാത്രിയിൽ, കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലി ഭരണാധികാരം ഏറ്റെടുത്തുകൊണ്ട് ഇന്ത്യ ഒരു സ്വതന്ത്ര രാഷ്ട്രമായി തീർന്ന രാത്രിയിൽ തലശ്ശേരിയിൽ പലരും ഉറങ്ങിയിരുന്നില്ല. ജനങ്ങൾ ഉറങ്ങിക്കിടക്കുന്ന അർധരാത്രിയിലാണ് ഇന്ത്യ സ്വാതന്ത്ര്യം നേടിയതെന്ന് പലപ്പോഴും പരിഹാസപൂർവ്വം പരാമർശിക്കപ്പെടാറുണ്ട്. പക്ഷേ, അന്ന് രാത്രി അനേകമാളുകൾ ഉറക്കമൊഴിച്ച്, സ്വാതന്ത്ര്യ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് സാക്ഷ്യം വഹിക്കാൻ കാത്തിരുന്നിരുന്നു. ശ്രീമതി ഹേമ മേത്ത നൽകിയ ദേശീയ പതാക സ്വീകരിച്ച് അന്ന് രാത്രി അസംബ്ലി പിരിഞ്ഞ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും രാജേന്ദ്രപ്രസാദും മറ്റും പുറത്തുവന്നപ്പോൾ അമ്പതിനായിരത്തിലധികം വരുന്ന ജനങ്ങൾ അവരെ ജയാരവത്തോടെ എതിരേറ്റവെന്ന് 1947 ആഗസ്ത് 15ന് പ്രസിദ്ധീകരിച്ച ഹിന്ദു പത്രം റിപ്പോർട്ട് ചെയ്തി രുന്നു.

റേഡിയോ ഉണ്ടായിരുന്ന തലശ്ശേരിക്കാരൊക്കെ ആൾ ഇന്ത്യാ റേഡിയോ പ്രക്ഷേപണം ചെയ്ത വിവരണവും നെഹ്റുവിന്റെ ചരിത്രപ്രസിദ്ധമായ പ്രസംഗവും ശ്രവിച്ചിരുന്നു. അവർ സ്വാതന്ത്ര്യ പുലരിയിലേക്ക് ഉണർന്നെഴുന്നേൽക്കാനാണ് പിന്നീട് കിടന്നുറങ്ങിയത്.

1947 ആഗസ്ത് 15ന് വെള്ളിയാഴ്ച തലശ്ശേരി ഉണർന്നത് ധാരയായി പെയ്യുന്ന പെരുമഴയെ ദർശിച്ചുകൊണ്ടായിരുന്നു. ഈ

ഘോരമഴയിലും ജനങ്ങൾ കുടപിടിച്ച് പുറത്തിറങ്ങി ആഹ്ലാദം പ്രകടിപ്പിച്ചു. നവ്യസ്വാതന്ത്ര്യത്തിന്റെ സുഗന്ധം ശ്വസിക്കാനെന്നോണം ജനങ്ങൾ പൊതുനിരത്തുകളിൽ പ്രത്യക്ഷപ്പെട്ടു. പലരും തലേന്ന് രാത്രിയിൽ അവർ ശ്രവിച്ച നെഹ്റുവിന്റെ പ്രസംഗത്തെ കുറിച്ചായിരുന്നു സംസാരിച്ചത്. ഹോട്ടലുകളിലും ചായക്കട കളിലും കയറി ചായ മോന്തിക്കൊണ്ട് അവർ സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദം പരസ്പരം പങ്കിട്ടു. അനേകമാളുകൾ പട്ടണത്തിന്റെ മധ്യഭാഗത്തും മൈതാനത്തിലേക്കുമായി നടന്നു നീങ്ങുന്നു ണ്ടായിരുന്നു.

പൊലീസ് സ്റ്റേഷന് മുന്നിൽ ഒരാൾക്കൂട്ടത്തെ കണ്ടത് പല രേയും ആകർഷിച്ചു. സ്വാതന്ത്ര്യസമരകാലത്ത് തലശ്ശേരി മധ്യത്തിൽ സ്ഥിതി ചെയ്യുന്ന പൊലീസ് സ്റ്റേഷൻ പരിസ രത്ത് ആൾക്കൂട്ടം പതിവായിരുന്നു. സ്വാതന്ത്ര്യ സമര സേനാനി കളെ അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവരുമ്പോൾ അവരെ കാണുവാൻ ബന്ധുക്കളും പൊതുജനങ്ങളും പൊലീസ് സ്റ്റേഷന് മുന്നിൽ തിങ്ങിക്കൂടുമായിരുന്നു. പക്ഷേ ഈ സ്വാതന്ത്ര്യ ദിനത്തിലുമെന്തേ ആൾക്കൂട്ടമെന്ന് പലരും അതിശയിച്ചു. അവിടെ ചെന്ന് നോക്കിയവർ കണ്ടത്, ഏതാനും പൊലീസുകാർ, പൊലീസ് സ്റ്റേഷന്റെ ചുവരിൽ വരച്ചുവെച്ച ബ്രിട്ടീഷ് പതാക ചുരണ്ടിക്കളയുന്നതാണ്. ചുരണ്ടിക്കൊണ്ടിരിക്കെ അപ്രത്യക്ഷ മായിക്കൊണ്ടിരിക്കുന്ന ബ്രിട്ടീഷ് പതാകയുടെ വികലമായ ചിത്രം ജനങ്ങൾക്ക് കാഴ്ചവസ്തുവായി തീർന്നതായിരുന്നു സംഭവം. തലേന്ന് രാത്രിതന്നെ പൊലീസ് സ്റ്റേഷന്റെ കൊടി മരത്തിൽ ബ്രിട്ടീഷ് പതാകയിറക്കി സ്വതന്ത്ര ഭാരതത്തിന്റെ ത്രിവർണ്ണ ദേശീ യ പതാക ഉയർത്തിയിരുന്നു. പക്ഷേ താഴെ ചുവരിൽ പെയിന്റിൽ വരച്ച ബ്രിട്ടീഷ് പതാക മായ്ക്കപ്പെടാതെ കിടന്നത് പൊലീസുകാർ ശ്രദ്ധിച്ചിരുന്നു. അത് ശ്രദ്ധയിൽപ്പെടുത്തിയതും മായ്ച്ചു കളയാൻ ആജ്ഞ നല്കിയതും ബ്രിട്ടീഷുകാരനായ ഡപ്യൂട്ടി കലക്ടറാ യിരുന്നു എന്നതാണ് സംഭവത്തിന്റെ അതിശയകരമായ മറുവശം●

(സംഭവം ഓർമിച്ച് വിവരിച്ചുതന്ന യശ:ശരീരനായ മൂർക്കോത്ത് ശ്രീനിവാസൻ മാസ്റ്ററോട് കടപ്പാട്)

46

# തലശ്ശേരി സിവിൽ ആശുപത്രി

ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ മലബാറിലെ പ്രധാന കേന്ദ്രം തലശ്ശേരിയായിരുന്നു. മലബാറിന്റെ ഭരണപരമായ കാര്യങ്ങളുടെ കേന്ദ്രമായി തലശ്ശേരി വിളങ്ങിയിരുന്നു. ആതുര ശുശ്രൂഷാരംഗത്തും തലശ്ശേരി തന്നെയായിരുന്നു മുൻപന്തിയിലുണ്ടായിരുന്നത്. പൊതുജനങ്ങൾക്ക് വേണ്ടി മലബാറിൽ ആദ്യത്തെ സിവിൽ ആശുപത്രി സ്ഥാപിക്കപ്പെട്ടത് തലശ്ശേരിയിൽ തന്നെയായിരുന്നു. 1872 ഫെബ്രുവരി 22നും മാർച്ച് 18നും ഇംഗ്ലീഷുകാരും ടിപ്പുവും ശ്രീരംഗപട്ടണത്ത് വെച്ചുണ്ടാക്കിയ ഉടമ്പടികൾ പ്രകാരമാണ് ഇംഗ്ലീഷുകാർക്ക് മലബാറിന്റെ പൂർണ്ണ അധികാരം ലഭിച്ചത്. അന്ന് തലശ്ശേരിയിൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ സുപ്രവൈസർ ഫാർമറായിരുന്നു. തൊട്ടടുത്ത വർഷം 1793ലാണ് തലശ്ശേരിയിൽ ഫാർമറുടെ നേതൃത്വത്തിൽ ഒരു സിവിൽ ആശുപത്രിക്കുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. എന്നാൽ ഈ ആശുപത്രിയുടെ സ്ഥാപനം കമ്പനിയുടെ ചെലവിലായിരുന്നില്ല. കാരണം പ്രസ്തുത കാലഘട്ടത്തിൽ കമ്പനിയുടെ ചെലവുകൾ മലബാർ കമ്മീഷണർമാർ പ്രസിദ്ധീകരിച്ചതിൽ ആശുപത്രി ചെലവുകൾ ഉൾപ്പെട്ടിരുന്നില്ല. മലബാറിലെ പല പ്രദേശങ്ങളും പല രാജാക്കന്മാർക്ക് ചാർത്തിക്കൊടുത്ത ഫാർമർ അവരിൽ നിന്നും തലശ്ശേരിയിൽ കമ്പനിയുമായി ബന്ധപ്പെട്ട വ്യാപാരികളിൽ നിന്നും സംഭാവനകൾ പിരിച്ചുകൊണ്ടായിരുന്നു ആശുപത്രി സ്ഥാപിച്ചതെന്ന് ഊഹിക്കപ്പെടുന്നു. ഡോ. റോസ് എന്ന

ഇംഗ്ലീഷ് ഭിഷഗ്വരനായിരുന്നു ആശുപത്രിയിലെ ആദ്യ ഡോക്ടർ.

1708ൽ തന്നെ പണിപൂർത്തിയാക്കപ്പെട്ട ഈസ്റ്റിന്ത്യാ കമ്പനിയുടെ തലശ്ശേരി കോട്ടയ്ക്ക് തൊട്ടുതാഴെയായിരുന്നു ആശുപത്രി കെട്ടിടം നിർമിക്കപ്പെട്ടത്. ഇംഗ്ലീഷ് ബംഗ്ലാവ് ശിൽപ മാതൃകയിലുള്ള ഒരൊറ്റ കെട്ടിടമായിരുന്നു ആശുപത്രി. ആശുപത്രിയുടെ മുന്നിൽ മനോഹരമായൊരു പൂന്തോട്ടമുണ്ടായിരുന്നു. ഏറ്റവും വൃത്തിയിൽ സൂക്ഷിക്കപ്പെട്ട ആശുപത്രി കെട്ടിടവും മുഗൾ രീതിയിൽ സജ്ജീകരിക്കപ്പെട്ട ലഘുതോട്ടവും ആശുപത്രി സന്ദർശനത്തെ ആഹ്ലാദകരമാക്കുന്ന അനുഭവമായിരുന്നെന്ന് ഗതകാല വയോവൃദ്ധന്മാർ അയവിറക്കിയിരുന്നു. 1970കൾ വരെ ആശുപത്രിയുടെ തോട്ടം നിലവിലുണ്ടായിരുന്നു.

തലശ്ശേരിയുടെ പിന്നീടുള്ള ഒരു നൂറ്റാണ്ട് ചരിത്രത്തിൽ ആതുര ശുശ്രൂഷ ഇംഗ്ലീഷ് ജെന്റിൽമെൻമാരുടെ സേവനരംഗമായിരുന്നു. ആഢ്യകുടുംബത്തിലുള്ളവരായിരുന്നു ആതുരശുശ്രൂഷയ്ക്ക് ഇറങ്ങിത്തിരിച്ചിരുന്നത്. അവർ പ്രതിഫലങ്ങൾക്കായിരുന്നില്ല, സേവന വ്യഗ്രതയുമായും, മിഷനറിപ്രവർത്തനമായി വന്നവരുമായ ഇംഗ്ലീഷ് ഭിഷഗ്വരന്മാരുടെ സേവനം പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളിൽ തലശ്ശേരി ആശുപത്രിക്ക് ലഭ്യമായിട്ടുണ്ടാവാം. ആതുര ശുശ്രൂഷയും ആശുപത്രികളു മൊക്കെ പണം പിടുങ്ങുന്ന പിശാചുകളായി മാറിയത് ഈ രംഗത്ത് നിന്ന് ആഢ്യത്വം പിൻവാങ്ങിയപ്പോഴുണ്ടായ വർത്തമാനകാല സ്ഥിതിയാണ്.

ഡോ. ലഫർനിസ്, ഡോ. ജയിംസ്. ഡോ, പെരേര തുടങ്ങിയ ഭിഷഗ്വരന്മാർ തലശ്ശേരി സിവിൽ ആശുപത്രിയിൽ വിവിധ കാലഘട്ടങ്ങളിൽ സേവനമനുഷ്ഠിച്ച വിദേശ ഭിഷഗ്വരന്മാരായിരുന്നു. തലശ്ശേരി ആശുപത്രിയിലെ സിവിൽ സർജ്ജനായിരുന്ന ഡോ. പെരേര സ്ഥാപിച്ചതായിരുന്നു ചാലിൽ മുൻസിപ്പൽ ആശുപത്രി.

ഗതകാല സ്മരണയിലുള്ള തലശ്ശേരി ആശുപത്രിയുടെ ഔട്ട് പേഷ്യന്റ് വിഭാഗം മുമ്പ് പ്രസ്താവിച്ച ബംഗ്ലാവ് ബിൽഡിംഗിലായിരുന്നു. നടുവിലത്തെ മുറിയുടെ മധ്യത്തിലിരുന്നാണ് ഡോക്ടർമാർ പരിശോധന നിർവ്വഹിച്ചിരുന്നത്. തെക്ക് ഭാഗ ത്തുള്ള മുറി ഡ്രസ്സിംഗ്, ഇഞ്ചക്ഷൻ എന്നിവയ്ക്കുള്ള തായിരുന്നു. വടക്ക് ഭാഗത്ത് സ്ത്രീകളെ പരിശോധിക്കാനുള്ള സംവിധാന മുണ്ടായിരുന്നു. പിൻഭാഗത്തുള്ള നീണ്ട വിശാലമായ മുറി ഡിസ് പെൻസറിയായിരുന്നു. വലിയ കുപ്പികളിൽ വിവിധ നിറത്തിലുള്ള മിക്സ്ചറുകളായിരുന്നു പ്രധാന മരുന്ന്. മിക്സ്ചറുകൾ വാങ്ങാൻ രോഗികൾ കുപ്പികൾ കൊണ്ടുചെല്ലേണ്ടതുണ്ടായിരുന്നു. അളവ് രേഖപ്പെടുത്താൻ കടലാസ് നിശ്ചിത രൂപത്തിൽ മടക്കി നാല് മൂലകളും കത്രിച്ച് അത് നിവർത്തി കുപ്പികളിൽ ഒട്ടിച്ച് കൊടുക്കു

മായിരുന്നു. മിക്സചറുകൾക്ക് പുറമേ പൊടികളും ഗുളികകളും നൽകപ്പെട്ടിരുന്നു.

ഇൻ പേഷ്യന്റ് കെട്ടിടത്തിന്റെ മുൻവശത്ത് ലംബമായി ഒരു പാതയും അതിനിരുവശവും മനോഹരമായ പൂന്തോട്ടവും സ്ഥിതി ചെയ്തിരുന്നു. ഓടുമേഞ്ഞ കെട്ടിടം രോഗികളെ കിടത്തി ചികിത്സിക്കാനുള്ള വിഭാഗവും, ഓപറേഷൻ തിയേറ്റർ അടങ്ങിയതുമായിരുന്നു. ഒ പി കെട്ടിടത്തിൽ നിന്ന് ഈ വിഭാഗത്തിലേക്ക് ഒരു വിക്കറ്റ് ഗേറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളു. മെയിൻ ഗേറ്റ് റോഡിൽ നിന്നുള്ളതായിരുന്നു. സന്ദർശകർക്ക് നാല് മണി മുതൽ ആറ് മണി വരെയായിരുന്നു സന്ദർശന സമയം. സന്ദർശക സമയം കഴിഞ്ഞത് മണിമുട്ടി അറിയിക്കുമായിരുന്നു. ആശുപത്രിയുടെ ഭരണവിഭാഗം രണ്ടാമത്തെ കെട്ടിടത്തിൽ തന്നെയായിരുന്നു. ആശുപത്രിയുടെ പാതയുടെ ഒടുവിൽ സ്ത്രീകൾക്കുള്ള പ്രത്യേക വാർഡുണ്ടായിരുന്നു. അവിടെ നിന്ന് അകലെ പടിഞ്ഞാറ് ഭാഗത്ത് കോട്ടമതിലിന്റെ പാർശ്വത്തിലായി ക്ഷയരോഗികൾക്കുള്ള പ്രത്യേക വാർഡുമുണ്ടായിരുന്നു. കടപ്പുറ ഭാഗത്തായി പെരുച്ചാഴി ശല്യമുണ്ടായിരുന്ന മോർച്ചറിയും. വളരെക്കാലം തലശ്ശേരി ആശുപത്രി ഈ അവസ്ഥയിലായിരുന്നു. പിന്നീട് ആശുപത്രിയുടെ വികസനം നടന്ന 1963ൽ പുതിയ സർജിക്കൽ മെഡിക്കൽ വാർഡുകൾ നിലവിൽ വന്നതോടെയാണ് പുതുതായി നൂറു രോഗികളെ കൂടി കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയായി വികസിച്ചത്. മേജർ ഓപ്പറേഷന് ഉതകുന്ന ഓപ്പറേഷൻ തിയേറ്റർ സംവിധാനവും പുതിയ കെട്ടിടത്തിൽ ഉണ്ടായിരുന്നു.

പി കെ ഉമ്മർകുട്ടി ചെയർമാനായിരുന്ന അവസരത്തിൽ മുൻസിപ്പൽ ഭരണകൂടം ആശുപത്രി വികസനത്തിൽ താത്പര്യമെടുത്തതിന്റെ ഫലമായി പൊതുജനങ്ങളിൽ നിന്ന് സംഭാവന പിരിച്ച് നിർമിക്കപ്പെട്ട ശിശുവാർഡ് 1973ൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ആശുപത്രി വികസന സമിതിയുടെ ആഭിമുഖ്യത്തിലുള്ള പേ വാർഡും തുടർന്ന് തലശ്ശേരി കോ- ഓപറേറ്റീവ് ടൗൺ ബാങ്ക് നിർമിച്ച പാട്യം മെമ്മോറിയൽ പേ വാർഡും ആശുപത്രി വളപ്പിൽ തന്നെ നിലവിൽ വന്നു. തലശ്ശേരി ആശുപത്രി വികസനത്തിന് സ്ഥലം പോരെന്ന അഭിപ്രായത്തിൽ ആശുപത്രി കോണോർവയലിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള ഒരു നിർദ്ദേശമുണ്ടായിരുന്നു. പക്ഷേ, പ്രസ്തുത സ്ഥല നിർദ്ദേശം പല കാരണങ്ങളാലും സ്വീകാര്യമായില്ല. അതുകൊണ്ട് 1971ൽ ആശുപത്രിയിലെ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ച് പുതിയ കെട്ടിട സമുച്ചയം പണിയാനുള്ള പദ്ധതി ആവിഷ്ക്കരിക്കപ്പെട്ടു. വിവിധ ഘട്ടങ്ങളിലായി പൂർത്തിയായ കെട്ടിടങ്ങളിലാണ് ഇന്ന് തലശ്ശേരി ജനറൽ

ആശുപത്രിയുടെ പ്രധാന പ്രവർത്തനങ്ങൾ നടക്കുന്നത്. ആശുപത്രിയിൽ പ്രവർത്തന സജ്ജമായ ഒരു ബ്ലഡ് ബാങ്ക് ഉണ്ട്.

തലശ്ശേരി ആശുപത്രിയിൽ സേവനത്തിന് വന്ന പല ഡോക്ടർമാരും തലശ്ശേരി വിട്ടുപോകാൻ മനസ്സില്ലാതെ തലശ്ശേരിയിലെ സ്ഥിരവാസികളായി തീരുകയായിരുന്നു. ശസ്ത്രക്രിയ വിദഗ്ധന്മാരിൽ അഗ്രഗണ്യനായിരുന്നത് 1950കളിൽ തലശ്ശേരി ആശുപത്രിയിൽ സേവനം നടത്തിയ ഡോ. ആർ സുകുമാരനായിരുന്നു. പരിമിത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പ്രയാസകരങ്ങളായ പല ശസ്ത്രക്രിയകൾ നടത്തി ഡോ. സുകുമാരൻ ജനങ്ങൾക്കിടയിൽ പ്രിയങ്കരനായീത്തീരുകയുണ്ടായി. ലേഖകന്റെ മാതാവിന്റെ ഗർഭപാത്ര സംബന്ധമായൊരു ശസ്ത്രക്രിയ ഡോ. സുകുമാരനായിരുന്നു നിർവ്വഹിച്ചത്. അതിനുമുമ്പ് ഇത്തരം ശസ്ത്രക്രിയകൾക്ക് കോഴിക്കോട്ടേക്ക് അയക്കുകയായിരുന്നു പതിവ്. ഒരു സർജനെന്ന അദ്ദേഹത്തിന്റെ ഖ്യാതി നിലനിർത്താനായി പിന്നീട് ആശുപത്രിയിൽ സ്ഥാപിക്കപ്പെട്ട ശിശുവാർഡിന് അദ്ദേഹത്തിന്റെ പേരായിരുന്നു നൽകിയത്. യഥാർഥത്തിൽ പുതിയ ഓപ്പറേഷൻ തിയേറ്ററിനായിരുന്നു അദ്ദേഹത്തിന്റെ നാമം നൽകപ്പെടേണ്ടിയിരുന്നത്.

മൂന്ന് ശതകങ്ങളുടെ സേവന ചരിത്രവുമായാണ് തലശ്ശേരി ആശുപത്രി ഇന്നും പട്ടണത്തിലുള്ളവർക്കും പട്ടണത്തിന്റെ പുറത്തു നിന്നും വരുന്നവരുമായ രോഗികൾക്കും ആശ്വാസമരുളിക്കൊണ്ടിരിക്കുന്നത്. സ്വകാര്യ ആശുപത്രികൾ തലശ്ശേരിയിൽ ഏറെ ഉണ്ടായക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും നിർധനരുടെ പ്രത്യാശാ കേന്ദ്രമായി ആതുരസേവന രംഗത്ത് തലശ്ശേരി ജനറൽ ആശു പത്രി അഭിമാനപൂർവ്വം നിലകൊള്ളുന്നു ●

# 47

# അമ്മു– ആമിന കേസും ഭാഗ്യലക്ഷ്മിയും

പ്രേമം, ജാതി, മതങ്ങൾക്കെല്ലാം അതീതമാണെങ്കിലും മതത്തിന്റേയും ജാതിയുടേയും വരമ്പുകൾ ലംഘിക്കുന്ന പ്രേമങ്ങളും പ്രേമവിവാഹങ്ങളും കുടുംബങ്ങളിൽ മാത്രമല്ല, സമൂഹത്തിൽ തന്നെ സംഘർഷാവസ്ഥകൾ സൃഷ്ടിക്കാറുണ്ടെന്നാണ് അനുഭവം. അത്തരത്തിലുള്ള ഒരു സംഭവമായിരുന്നു അമ്മു– ആമിന കേസ്. 1920കളുടെ അവസാനമോ അല്ലെങ്കിൽ 1930കളുടെ ആദ്യകാലങ്ങളിലോ ആയിരുന്നു സംഭവം. തലശ്ശേരിയിൽ കോളിളക്കമുണ്ടാക്കിയ ഈ സംഭവം നടന്നത് സമീപ പ്രദേശത്തുള്ള എടക്കാട് വെച്ചായിരുന്നു. അമ്മു എന്ന ഹിന്ദു പെൺകുട്ടിയെ ഒരു മുസ്‌ലിം യുവാവ് സ്നേഹിച്ചു. അവളെ പൊന്നാനിയിൽ കൊണ്ടുപോയി 'കുപ്പായം ഇടീച്ചു' എന്നതായിരുന്നു കേസിന് ആസ്പദമായ സംഭവം. ഹിന്ദു സ്ത്രീകളെ ഇസ്‌ലാമിലേക്ക് മതപരിവർത്തനം ചെയ്യുന്നതിന് അന്ന് ഈ പ്രയോഗമാണുണ്ടായിരുന്നത്. അമ്മു അങ്ങനെ ആമിനയായി. സംഭവം അതോടെ കഴിയുമായിരുന്നു. പക്ഷെ മതപരിവർത്തനാനന്തരം മുസ്‌ലിം യുവാവ് ആമിനയുമായി അവളുടെ പഴയ വീട്ടിന്റെ അടുത്ത് തന്നെ താമസമാരംഭിച്ചു. ഇത് അവളുടെ വീട്ടുകാർക്ക് അഭിമാന പ്രശ്നമായി. അവർ നാട്ടുകാരുടെ ഇടയിൽ പരിഹാസ പാത്രങ്ങളായി. ഇത് കാരണം അവളുടെ വീട്ടുകാർ ആളുകളെ ഏർപ്പാട് ചെയ്ത് ആമിന എന്ന അമ്മുവിനെ ബലമായി പിടിച്ച് എങ്ങോട്ടോ കൊണ്ടുപോയി. ഈ സംഭവം മുസ്‌ലിംകളെ ക്ഷുഭിതരാക്കി. ആമിനയുടെ ഭർത്താവായ മുസ്‌ലിം യുവാവ് ആമിനയെ വിട്ടുകിട്ടാൻ കേസ് കൊടുത്തു.

തലശ്ശേരി കോടതിയിൽ ഇതൊരു പ്രമാദമായ കേസായി. കേസ് വിസ്താരം കേൾക്കാൻ ധാരാളം ആളുകൾ കോടതിയിൽ തടിച്ചുകൂടിയിരുന്നുവത്രെ.

ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കുമിടയിൽ ഈ സംഭവം സംഘർഷാവസ്ഥ സൃഷ്ടിച്ചുവെന്നത് സ്വാഭാവികം. ആമിനയെ എവിടെ പാർപ്പിച്ചാലും പിടിച്ചുകൊണ്ടുവരുമെന്ന് മുസ്‌ലിംകൾ. അമ്മുവെ വിട്ടുകൊടുക്കുന്ന പ്രശ്നമില്ലെന്ന് ഹിന്ദുക്കൾ. പൊലീസുകാർ ജാഗരൂകരായിരുന്നു. സംഘട്ടനങ്ങളൊന്നും നടന്നിട്ടില്ലെങ്കിലും കോടതിയിൽ കേസ് വിസ്താരം നടക്കുന്ന ദിവസങ്ങളിലെല്ലാം സംഘർഷാവസ്ഥ നിലനിന്നുവന്നു. മുസ്‌ലിം കൾ അമ്മുവെ തട്ടിക്കൊണ്ടു പോകാത്ത വിധത്തിൽ സുരക്ഷിത മായി കല്ല്യാട്ട് ചാത്തുക്കുട്ടി യജമാന്റെ അധീനതയിലായിരു ന്നുവത്രെ പാർപ്പിച്ചിരുന്നത്. ചന്തു നമ്പ്യാരായിരുന്നു ഹിന്ദുക്ക ളുടെ ഭാഗം കേസ് വാദിച്ചിരുന്നത്. അദ്ദേഹത്തിന് നിരവധി ഭീഷണിക്കത്തുകൾ ലഭിച്ചിരുന്നതുമൂലം തന്റെ ദേഹസുരക്ഷയ്ക്ക് വേണ്ടി യാത്ര ചെയ്യുമ്പോഴൊക്കെ അദ്ദേഹം റിവോൾവർ കരുതിയിരുന്നുവത്രെ. കേസ് ഒടുവിൽ അദ്ദേഹം തന്നെയാണ് ജയിച്ചത്. സാങ്കേതിക കാരണങ്ങളാൽ അമ്മുവെ അവളുടെ ബന്ധുക്കളെ ഏൽപ്പിക്കാനായിരുന്നു കോടതിവിധി. ക്രമേണ ഇതുമായി ബന്ധപ്പെട്ട സംഘർഷങ്ങൾക്ക് അയവ് വന്നു. ആളുകൾ സംഭവം മറക്കുകയും ചെയ്തു.

1950കളുടെ ഒടുവിൽ മറ്റൊരു പ്രേമ വിവാഹം തലശ്ശേരിയിൽ സംഘർഷാവസ്ഥ സൃഷ്ടിക്കുകയുണ്ടായി. മല്ലർ ഗാർഡനിൽ താമസിച്ചിരുന്ന ഒരു പ്രശസ്ത കേയി കുടുംബത്തിലെ യുവതി തൊട്ടടുത്തുള്ള ഒരു ഹിന്ദു യുവാവുമായി ഒളിച്ചോടി പോയതാ യിരുന്നു സംഭവം. മുസ്‌ലിം യുവതി മതംമാറി ഹിന്ദുവിനെ വിവാഹം കഴിക്കുകയും ഭാഗ്യലക്ഷ്മിയെന്ന പേര് സ്വീകരിക്കു കയും ചെയ്തു. യുവതിയുടെ ബന്ധുക്കൾ കേസ് കൊടുക്കുകയും മറ്റും ചെയ്തുവെങ്കിലും പ്രായപൂർത്തിയെത്തിയ യുവതിയുടെ പ്രവർത്തിക്കെതിരെ നിയമ നടപടികൾ സാധ്യമായിരുന്നില്ല.

പിന്നീട് മതംമാറ്റവുമായി ബന്ധപ്പെട്ട കല്ല്യാണം എടക്കണ്ടി വളപ്പിൽ ശാരദയുടെ മകൻ വാസു പട്ടാള ജീവിത കാലത്ത് ഒരു മുസ്‌ലിം യുവതിയെ വിവാഹം കഴിച്ച് വാസുവും മുസ്‌ലിമായി പരിവർത്തനം ചെയ്തുവന്നതായിരുന്നു. അവർ തിരിച്ചുവന്നത് വാസുവിന്റെ അയൽപക്കത്തെ മുസ്‌ലിം വീട്ടിലായിരുന്നു. അത് പ്രദേശത്ത് ചെറിയൊരു സംഘർഷാവസ്ഥയുണ്ടാക്കിയിരുന്നു.

ഇന്ന് മതത്തിന്റെ അതിർവരമ്പുകളെ തൃണവത്ഗണിച്ച് പല വിവാഹങ്ങളും നടന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും പഴയത് പോലെ പ്രത്യക്ഷത്തിലുള്ള സംഘർഷാവസ്ഥകൾ സൃഷ്ടി ക്കുന്നില്ല. സമുദായങ്ങൾക്കിടയിൽ ചൂടുപിടിച്ച ചർച്ചകൾക്കപ്പുറം ഇത്തരം സംഭവങ്ങൾ ഇന്ന് പ്രശ്നാധിഷ്ഠിതമല്ല ●

48

# തലശ്ശേരിയുടെ ആയുർവ്വേദ പാരമ്പര്യം

പഴയ കോട്ടയം താലൂക്കിലെ ഭാഗമായിരുന്നു തലശ്ശേരി. ഒരു നഗരമായി വികസിക്കുന്നതിന് മുമ്പ് കോട്ടയത്തങ്ങാടിയിലും കതിരൂരിലും മറ്റ് ഗ്രാമപ്രദേശങ്ങളിലുമായിരുന്നു പ്രസിദ്ധമായ ആയുർവ്വേദ വൈദ്യന്മാരുണ്ടായിരുന്നത്. അത്ഭുതസിദ്ധിയുള്ള വിഷഹാരികളാലും ഫലസിദ്ധിയുള്ള വൈദ്യന്മാരാലും പഴയ കോട്ടയം താലൂക്ക് സമ്പന്നമായിരുന്നു. തലശ്ശേരി നഗരവാസികൾ ചികിത്സക്കായി വൈദ്യന്മാരുടെ ഗ്രാമത്തിലെ വസതികൾ സന്ദർ ശിക്കുകയോ അല്ലെങ്കിൽ വണ്ടി അയച്ച് വൈദ്യന്മാരെ വരുത്തി ക്കുകയോ ആയിരുന്നു പതിവ്.

ആയുർവ്വേദ പാരമ്പര്യം തലശ്ശേരിക്ക് അവകാശപ്പെടാനുള്ളത് ഉപ്പോട്ട് വൈദ്യ കുടുംബമായിരുന്നു. തീയ്യ ജാതിയിൽപ്പെട്ട ഈ വൈദ്യകുടുംബം ഇപ്പോൾ തിരുവാണി ക്ഷേത്രം സ്ഥിതി ചെയ്യുന്ന തലശ്ശേരിയുടെ തീരപ്രദേശത്തായിരുന്നു വസിച്ചി രുന്നത്. കുടുംബത്തിൽ ഒരാൾ മാത്രം വൈദ്യരായി സേവനമനു ഷ്ഠിക്കുക എന്ന വൈദ്യനീതി പിന്തുടരുന്ന കുടുംബമായിരുന്നു അത്. ഉപ്പോട്ട് രാമൻ വൈദ്യരുടെ മകൻ കണ്ണൻ വൈദ്യർ അഷ്ടാംഗഹൃദയത്തിന് വ്യാഖ്യാനം നിർവഹിച്ച പ്രഗത്ഭനാ യിരുന്നു. വിഷം തീണ്ടി മരിക്കുമെന്നറിഞ്ഞപ്പോൾ അനുജനായ കണാരിയെ വൈദ്യംപഠിപ്പിച്ചു ഈ പരമ്പരയുടെ കണ്ണികളായി രാമദാസൻ വൈദ്യരും ഡോ. കൃഷ്ണനും നിലനിൽക്കുന്നു.

തിരുവങ്ങാട്ടിലെ കുഞ്ഞിരാമക്കുറുപ്പിന്റെ കുടുംബമായിരുന്നു

തലശ്ശേരിയുടെ മറ്റൊരു പരമ്പരാഗത വൈദ്യകുടുംബം. ഫലസിദ്ധിക്ക് കീർത്തിപെറ്റ കുഞ്ഞിരാമക്കുറുപ്പിന്റെ വൈദ്യചികിത്സ തേടി ദൂരദിക്കുകളിൽ നിന്നുപോലും തലശ്ശേരിയിലെത്തുമായിരുന്നു. ആയുർവ്വേദത്തിൽ അവഗാഹമുണ്ടായിരുന്ന അദ്ദേഹത്തിന്റെ പുത്രൻ അലോപ്പതിയിൽ വിദ്യാഭ്യാസം നേടിയതിന് ശേഷം വിദേശത്ത് ചികിത്സ നടത്തിവരുന്നു.

തലശ്ശേരിയുടെ ആര്യവൈദ്യശാല മുത്തേടത്ത് വൈദ്യകുടുംബത്തിന്റേതായിരുന്നു. തലശ്ശേരി പൊലീസ് സ്റ്റേഷൻ പരിസരത്തായിരുന്നു ആര്യവൈദ്യശാല സ്ഥാപിക്കപ്പെട്ടത്. 1913ൽ മുത്തേടത്ത് കുഞ്ഞിരാമൻ വൈദ്യരായിരുന്നു സ്ഥാപകൻ. തലശ്ശേരിയിലെ ആര്യവൈദ്യശാല റജിസ്ട്രേഡ് സ്ഥാപനമായിരുന്നതുകൊണ്ടായിരുന്നു കോട്ടക്കലിലെ പി വി എസ് വാര്യർക്ക് അവരുടെ സ്ഥാപനത്തിന് കോട്ടക്കൽ ആര്യവൈദ്യശാല എന്ന പേര് സ്വീകരിക്കേണ്ടി വന്നത്. ഈ സ്ഥാപനം ഇന്നും നിലവിലുണ്ട്. പക്ഷേ, മുത്തേടത്ത് കുടുംബമല്ല അത് നടത്തുന്നതെന്ന് മാത്രം. കുഞ്ഞിരാമൻ വൈദ്യരുടെ മകൻ വൈദ്യരംഗം വിട്ട് കലാരംഗത്തെ പ്രതിഭയായി മാറിയിരുന്നു. തലശ്ശേരിയുടെ പ്രശസ്ത ആർട്ടിസ്റ്റ് പി എസ് കരുണാകരൻ.

തിരുവങ്ങാട്, ജൂബിലി റോഡ് പരിസരത്ത് വസിച്ചിരുന്ന ഗോവി വൈദ്യരുടെ കുടുംബവും തലശ്ശേരിയിലെ പ്രശസ്ത ആയുർവ്വേദ വൈദ്യ കുടുംബമായിരുന്നു. പിലാക്കൂലിലായിരുന്നു ഗോവി വൈദ്യർ വൈദ്യസ്ഥാപനം നടത്തിവന്നിരുന്നത്. പിലാക്കൂൽ ആയുർവ്വേദ വൈദ്യന്മാരുടേയും തറിമരുന്ന് കടകളുടേയും കേന്ദ്രമായിരുന്നു. വൈദ്യന്മാർ എഴുതിക്കൊടുത്ത കഷായച്ചാർത്തുകളുമായി ആളുകൾ പിലാക്കൂലിലെ തറിമരുന്ന് കടകളിലായിരുന്നു എത്തിയിരുന്നത്. പിലാക്കൂലിൽ തന്നെയായിരുന്നു ഉപ്പോട്ട് കണാരി വൈദ്യരുടെ പേരുകേട്ട ധന്വന്തരോദ്യോദിനി വൈദ്യശാലയുമുണ്ടായിരുന്നത്. 1902ലായിരുന്നു ഇതിന്റെ സ്ഥാപനം. പിലാക്കൂലിൽ തന്നെ ഒന്നിലധികം ഗോവി വൈദ്യന്മാരും അപ്പു വൈദ്യന്മാരും ഉണ്ടായിരുന്നു.

മെയിൻ റോഡിൽ വാദ്ധ്യാർ പീടികക്കടുത്തുള്ള അപ്പു വൈദ്യർ വളരെ ഫലസിദ്ധിയുണ്ടായിരുന്ന ആളായിരുന്നു. അദ്ദേഹത്തിന്റെ തറി മരുന്ന് കടയും അവിടെ ഉണ്ടായിരുന്നു. മെയിൻ റോഡിൽ ഇന്നും പ്രശസ്തമായി നടന്നുവരുന്ന ധന്വന്തരി വൈദ്യശാല കളത്തിൽ വേലാണ്ടി കുഞ്ഞിരാമൻ വൈദ്യർ സ്ഥാപിച്ചതായിരുന്നു. മക്കളായ ഗീത, സജീവ്, സുജിത്ത്, ജയദീപ് എന്നിവരാണ് ഇപ്പോൾ സ്ഥാപനം നടത്തിവരുന്നത്.

തലശ്ശേരിയുമായി ബന്ധപ്പെട്ട് മറ്റനേകം ആയുർവ്വേദ വൈദ്യന്മാരുടെ പേരുകൾ സ്മരിക്കാനുണ്ട്. ചെമ്പോൻ നാണുവൈദ്യൻ,

തലക്കാണത്ത് അച്ചു വൈദ്യർ, കുട്ടൻ വൈദ്യർ, ഉദയോത്ത് ശങ്കരൻകുട്ടി വൈദ്യർ, വാസു വൈദ്യർ, കെ കെ രാമുണ്ണി വൈദ്യർ, അനുജൻ കെ കെ കുഞ്ഞിരാമൻ വൈദ്യർ, ദാസൻ വൈദ്യർ, മഞ്ഞോടി കൃഷ്ണൻ വൈദ്യർ, അപ്പുക്കുട്ടൻ വൈദ്യർ, കാടാച്ചിറ കണ്ണൻ വൈദ്യർ, കൊളമ്പ്രശ്ശേരി ആര്യ വൈദ്യൻ, എൻ എൻ കൃഷ്ണൻ, രാമുണ്ണി വൈദ്യർ, തോട്ടട ചാത്തുക്കുട്ടി വൈദ്യർ, കുട്ടൻ വൈദ്യർ, രാഘവൻ വൈദ്യർ തുടങ്ങി പല വൈദ്യന്മാരും ഗതകാല തലശ്ശേരിയിലെ ഭിഷഗ്വര രംഗത്ത് വിരാജിച്ചിരുന്നു. പാശ്ചാത്യ വൈദ്യ സമ്പ്രദായത്തിന്റെ തള്ളിക്കയറ്റവും, തങ്ങൾക്കറിയാവുന്ന ഔഷധികളെക്കുറിച്ചും പ്രത്യേക ചികിത്സാരീതികളെ കുറിച്ചും രഹസ്യ സ്വഭാവം പുലർത്തിയിരുന്ന പഴയ വൈദ്യന്മാരുടെ ശീലങ്ങളും കാരണം ആയുർവ്വേദ സമ്പ്രദായത്തിന് പൊതുവെ ക്ഷീണം സംഭവിച്ചു. എളുപ്പമായ മരുന്നുകളുമായി അലോപ്പതി രീതി രംഗപ്രവേശനം നടത്തിയതോടെ കഷായങ്ങൾ കാച്ചിയെടുക്കാനും പത്ഥ്യരീതികൾ അനുഷ്ഠിക്കാനുമുള്ള രോഗികളുടെ ക്ഷമ നഷ്ടപ്പെട്ടുതുടങ്ങി. ആയുർവ്വേദ വൈദ്യന്മാരെ വിട്ട് അവർ അലോപ്പതി ഡോക്ടർമാരെ തേടിപ്പോയി.

എന്നാൽ ആന്തരികാവയവങ്ങളുടെ അസുഖങ്ങളെ കുറിച്ചറിയാൻ ആധുനിക സ്കാനിംഗ് ഉപകരണങ്ങൾ വരുന്നതിന് മുമ്പ് തന്നെ രോഗിയുടെ ലക്ഷണങ്ങൾ നോക്കിയും നാഡി പരിശോധിച്ചും ശരിയായ രോഗനിർണ്ണയം നടത്തിയ ഒട്ടനവധി പ്രഗത്ഭമതികളായ ആയുർവ്വേദ വൈദ്യന്മാർ തലശ്ശേരിയിലുണ്ടായിരുന്നു. അലോപ്പതി ഔഷധങ്ങളുടെ പാർശ്വഫലങ്ങളെ കുറിച്ച് അവബോധമുണ്ടായതോടെ ജനങ്ങൾ വീണ്ടും പരമ്പരാഗത ആയുർവ്വേദ ചികിത്സയിലേക്ക് മടങ്ങാൻ തുടങ്ങിയിട്ടുണ്ട്. ആയുർവ്വേദ ചികിത്സാരീതികളും ആധുനിക പ്രകരണത്തിൽ നവീകരിച്ചിട്ടുണ്ട് ●

## 49

# തലശ്ശേരിയുടെ യൂനാനി പാരമ്പര്യം

യൂനാനി വൈദ്യം അറബി വൈദ്യ സമ്പ്രദായമാണ്. അറബികൾ അവരുടെ വൈദ്യ സമ്പ്രദായത്തിന് യൂനാനി എന്നായിരുന്നു നാമകരണം ചെയ്തത്. യൂനാനി എന്നാൽ യവനം (ഗ്രീക്ക്) എന്നർഥം. ഇങ്ങനെ നാമകരണം ചെയ്യാൻ കാരണം അവരുടെ വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് അവർ ആധാരമാക്കിയിരുന്നത് ഗ്രീക്ക് വൈദ്യവിജ്ഞാനങ്ങളെയായിരുന്നു. അതുകൊണ്ട് ഹിപ്പോക്രിറ്റും ഗാലനുമൊക്കെ യൂനാനി വൈദ്യത്തിന്റേയും പ്രപിതാക്കളായി. ഇസ്ലാം മതാവിർഭാവത്തിന് ശേഷമുണ്ടായ വിജ്ഞാന വിപ്ലവ കാലഘട്ടത്തിൽ അറബികളായ മുസ്ലിം വിജ്ഞാനികൾ ഏറെ ഉണ്ടായി. അക്കൂട്ടത്തിൽ ഇബ്നു സീനയും (അവിസെന്ന) ഇബ്നു റുഷ്ദുമൊക്കെ വൈദ്യ വിജ്ഞാനരംഗത്ത് ഏറെ സംഭാവനകൾ അർപ്പിച്ചവരായിരുന്നു. വ്യാപാരത്തിന് കേരള തീരത്ത് എത്തിച്ചേർന്ന അറബികളിലൂടെ അറബി വൈദ്യ സമ്പ്രദായം കേരളത്തിൽ എത്തിച്ചേർന്നുവെങ്കിലും ആയുർവ്വേദം അടക്കിവാണിരുന്ന കേരള തീരങ്ങളിൽ യൂനാനി അത്രതന്നെ പ്രശോഭിച്ചില്ല. ചില മുസ്ലിം ദിവ്യന്മാർക്കും അവരുടെ ശിഷ്യർക്കും മാത്രമറിയാവുന്ന സമ്പ്രദായമായിരുന്നു ഏറെക്കാലം യൂനാനി, കേരളത്തെ സംബന്ധിച്ചിടത്തോളം.

ഇന്ത്യൻ യൂനാനി വൈദ്യ സമ്പ്രദായം തഴച്ചു വളർന്നത് മുഗളരുടെ ആഗമനത്തോടെയായിരുന്നു. യൂനാനി ഹക്കീമുകളും യൂനാനി ചികിത്സാ കേന്ദ്രങ്ങളും വ്യാപകമായി മുഗള സാമ്രാജ്യത്തിലുണ്ടായിരുന്നു. സ്വാതന്ത്ര്യ സമര നേതാവ് കൂടിയായിരുന്ന ഹക്കീം അജ്മൽ ഖാനായിരുന്നു ആധുനിക ഇന്ത്യയിൽ യൂനാനി

വൈദ്യത്തിന്റെ പ്രാണേതാവ്. പാശ്ചാത്യ വൈദ്യശാസ്ത്രത്തിന്റെ ആഗമനത്തോടെ ഇന്ത്യയിലെ പരമ്പരാഗത വൈദ്യങ്ങൾ ക്ഷയിച്ചു പോവാതിരിക്കാൻ ഹക്കീം അജ്മൽ ഖാന്റെ നേതൃത്വത്തിലായിരുന്നു പരിശ്രമങ്ങൾ നടന്നത്.

ഈയ്യടുത്ത കാലംവരെ കേരളത്തിൽ യൂനാനി വൈദ്യത്തിന് വേരോട്ടമുണ്ടായിരുന്നില്ല. ഏതാനും വർഷങ്ങൾക്ക് മുമ്പ് ചന്ദ്രിക വാരികയിൽ യൂനാനി സംബന്ധമായ ഖണ്ഡശ ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടതോടെയാണ് മലയാളക്കരയിൽ യൂനാനി താത്പര്യം വളരാൻ തുടങ്ങിയത്. എന്നാൽ അതിനും ഏറെ മുമ്പുതന്നെ തലശ്ശേരിയിൽ യൂനാനി ചികിത്സ ലഭ്യമായിരുന്നു. ഉത്തരേന്ത്യയിലെ പ്രശസ്ത യൂനാനി മരുന്ന് സ്ഥാപനത്തിന്റെ മരുന്നുകളും ലഭ്യമായിരുന്നു. ഹക്കീം വി സി ഹുസൈൻ സാഹിബായിരുന്നു തലശ്ശേരിയിലെ പ്രഗത്ഭനായ യൂനാനി ചികിത്സകൻ.

തലശ്ശേരിക്കടുത്ത ഇരിക്കൂറിലെ വൈദ്യസിദ്ധിക്ക് പ്രശസ്തമായ കുടുംബത്തിലായിരുന്നു വി സി ഹുസൈന്റെ ജനനം. പരമ്പരാഗത രീതിയിൽ അദ്ദേഹം മൈസൂരിലെ ഒരു പ്രഗത്ഭ ഹക്കീമിന്റെ കീഴിൽ യൂനാനി വൈദ്യം പഠിക്കുകയും അവിടെതന്നെ ചികിത്സ ആരംഭിക്കുകയും ചെയ്തു. എന്നാൽ യൂനാനി ചികിത്സകരില്ലാത്ത മലയാളക്കരയിൽ ചെന്ന് ചികിത്സിക്കുകയാണ് ഏറ്റവും ഉത്തമമായ സേവനമെന്ന് ഗുരുമുഖത്ത് നിന്ന് ലഭിച്ച നിർദ്ദേശമനുസരിച്ച്, ഹുസൈൻ തനിക്ക് പരിചിതമായ തലശ്ശേരി പട്ടണത്തിൽ സേവനമാരംഭിച്ചു. തലശ്ശേരിയിൽ സൈദാർ പള്ളിക്ക് സമീപമുള്ള ഒരു കടയിലാണ് ചികിത്സയും യൂനാനി ഔഷധ വ്യാപാരവും ആരംഭിച്ചത്. പൊതുവെ ആയുർവ്വേദ ചികിത്സയും അതിലുപരി അലോപ്പതി ചികിത്സയും ജനപ്രീതിയാർജ്ജിച്ചിരുന്ന കാലഘട്ടത്തിൽ യൂനാനി ചികിത്സയ്ക്ക് മതിപ്പോ അംഗീകാരമോ ലഭിച്ചിരുന്നില്ല. എന്നാൽ ഹക്കീം ഹുസൈൻ സാഹിബിന്റെ ചികിത്സാ വൈദഗ്ധ്യം പലരേയും യൂനാനി വൈദ്യ ചികിത്സയിലേക്ക് ആകർഷിതരാക്കി. പിന്നീടദ്ദേഹം ചികിത്സാകേന്ദ്രം ഒ വി റോഡിലേക്ക് മാറ്റി സ്ഥാപിച്ചു.

യൂനാനി വൈദ്യ പ്രചരണത്തിന് ഹക്കീം വി സി ഹുസൈൻ സാഹിബിന്റെ സംഭാവനകൾ നിസ്സീമമാണ്. യൂനാനി വൈദ്യ ഗ്രന്ഥങ്ങൾ അറബിയിലും ഉർദുവിലുമാണുണ്ടായിരുന്നത്. അവ മലയാളത്തിൽ മൊഴിമാറ്റം ചെയ്തുകൊണ്ട് മലയാള വൈദ്യസാഹിത്യത്തെ സമ്പുഷ്ടമാക്കുകയുണ്ടായി. ആൾ ഇന്ത്യാ യൂനാനി തിബ്ബി കോൺഗ്രസിന്റെ സംസ്ഥാന പ്രസിഡന്റ് പദവിയും അദ്ദേഹം വഹിച്ചിരുന്നു. വടക്കെ മലബാറിൽ യൂനാനി വൈദ്യത്തിന്റെ മുൻഗാമിയായിരുന്നു അദ്ദേഹം. തലശ്ശേരിയിൽ തയ്യിലക്കണ്ടിയിലായിരുന്നു അദ്ദേഹം വിവാഹം കഴിച്ചിരുന്നത്. 1982ൽ

വി സി ഹുസൈൻ സാഹിബ് നിര്യാതനായി. അദ്ദേഹത്തിന്റെ ദേഹവിയോഗാനന്തരം അദ്ദേഹത്തിന്റെ സീമന്ത പുത്രൻ ഡോക്ടർ ടി ദാവൂദ് പിതാവിന്റെ പാരമ്പര്യം നിലനിർത്തിക്കൊണ്ട് യൂനാനി ചികിത്സ തുടർന്നുവരുന്നു. സർവ യൂനാനി മരുന്നുകളും ലഭ്യമാകുന്ന തലശ്ശേരി താലൂക്കിലെ ഏക സ്ഥാപനമാണ് ഡോക്ടർ ദാവൂദിന്റേത് ●

50

# തലശ്ശേരിയുടെ മുസ്‌ലിം വൈദ്യ പാരമ്പര്യം

എല്ലാ വ്യവസ്ഥകൾക്കുമതീതമായി ജനങ്ങളിലേക്കിറങ്ങിച്ചെന്ന വേദം ആയുർവേദം മാത്രമായിരുന്നു. മത- ജാതി വ്യതിരിക്തതകളില്ലാതെ ആയുർവ്വേദത്തിന്റെ തത്വങ്ങൾ വിവിധ സമൂഹങ്ങളിലും സ്വീകൃതമായിരുന്നു. അതുകൊണ്ടുതന്നെ ആയുർവ്വേദ ചികിത്സാരീതി അവലംബിച്ച നിരവധി മുസ്‌ലിം ഭിഷഗ്വരന്മാരെ നമുക്ക് ദർശിക്കാനാവുന്നു. ഇവരിൽ ചിലരെങ്കിലും പരമ്പരാഗത വൈദ്യ കുടുംബങ്ങളിൽ നിന്ന് മതപരിവർത്തനം ചെയ്ത് ഇസ്‌ലാം ആശ്ലേഷിച്ചവരായിരുന്നു. ഇസ്‌ലാമിന്റെ പ്രവാചകൻ ചില ചികിത്സാവിധികളെ കുറിച്ച് പരാമർശിച്ചിരുന്നു. മുസ്‌ലിംകൾ അവരുടെ മതപഠനത്തിന്റെ ഭാഗമായി 'തിബ്ബുന്നബവി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രവാചക വൈദ്യരീതിയും പഠിക്കാറുണ്ട്. അതുകൊണ്ടുതന്നെ മുസ്‌ലിംകൾ പൊതുവെ അത്തരത്തിലുള്ള വൈദ്യപരിജ്ഞാനമുള്ളവരുമാണ്. ആയുർവ്വേദം അറിയാനായി സംസ്കൃതം സ്വായത്തമാക്കിയ മുസ്‌ലിം വൈദ്യന്മാരുണ്ട്.

മുസ്‌ലിം വൈദ്യരീതിയും ആയുർവ്വേദവും സമ്മിശ്രപ്പെടുത്തി ചികിത്സ നടത്തിയ പ്രശസ്തരായ മുസ്‌ലിം വൈദ്യന്മാർ ഗതകാല തലശ്ശേരിയിലുണ്ടായിരുന്നു. അവരിൽ ഏറെ പ്രശസ്തരായവർ തോട്ടത്തിൽ സഹോദരന്മാരായിരുന്നു. തോട്ടത്തിൽ അബ്ദൂട്ടി വൈദ്യരും അനുജൻ തോട്ടത്തിൽ എറമൂട്ടി വൈദ്യരും. ജഗന്നാഥ ടെമ്പിൾ റോഡിൽ നിന്നിറങ്ങിപ്പോകുന്ന ഒരു ഇടവഴിയിലായിരുന്നു തോട്ടത്തിൽ എറമൂട്ടി വൈദ്യരുടെ വീട്. ജ്യേഷ്ഠാനുജന്മാർ പിലാക്കൂലിലായിരുന്നു ചികിത്സ നടത്തിയിരുന്നത്. അനുജൻ എറമൂട്ടി വൈദ്യരായിരുന്നു പിന്നീട് പ്രശസ്തമായ ഉസ്മാനിയ

വൈദ്യശാല സ്ഥാപിച്ചത്. എറമൂട്ടി വൈദ്യരുമായി ബന്ധപ്പെട്ട് തന്നെയായിരുന്നു പിന്നീട് പ്രശസ്തമായ ഹമീദിയ വൈദ്യ ശാലയും സ്ഥാപിക്കപ്പെട്ടത്. വടക്കാഞ്ചേരിയിൽ നിന്നുവന്ന അബൂബക്കർ എന്ന യുവവൈദ്യന്റെ കഴിവിനോട് മതിപ്പു തോന്നിയ എറമൂട്ടി വൈദ്യർ തന്റെ മൂത്ത മകളെ പ്രസ്തുത യുവാവിന് വിവാഹം കഴിച്ചു കൊടുക്കുകയും യുവാവ് ഹമീദിയ വൈദ്യശാല എന്നപേരിൽ പുതിയൊരു വൈദ്യസ്ഥാപനം ആരംഭിക്കുയും ചെയ്തു. വടക്കാഞ്ചേരിയിൽ നിന്നുവന്ന യുവാവ് യഥാർഥത്തിൽ തലശ്ശേരിയിലെ വേലിക്കകത്ത് തറ വാട്ടിലെ സന്തതിയായിരുന്നു. വടക്കാഞ്ചേരിക്കാരൻ ഹമീദ് വൈദ്യർ വേലിക്കകത്ത് വിവാഹം ചെയ്തതിലുണ്ടായ സന്താനമായിരുന്നു അദ്ദേഹം. വിവാഹാനന്തരം ഹമീദ് വൈദ്യരുടെ കുടുംബം വടക്കാ ഞ്ചേരിയിൽ തന്നെ താമസിച്ചുവന്നതുകൊണ്ടായിരുന്നു അബൂബ ക്കർ വൈദ്യർ വടക്കാഞ്ചേരിക്കാരനായത്. വടക്കാഞ്ചേരിയിൽ തന്നെ വിവാഹം ചെയ്ത് രണ്ട് സന്താനങ്ങളുടെ പിതാവായിരി ക്കെയാണ് അബൂബക്കർ വൈദ്യർ തലശ്ശേരിയിൽ വന്നതും, എറമൂട്ടി വൈദ്യരുടെ മകളെ വിവാഹം കഴിക്കാനിടയായതും. ഈ ചരിത്രമിവിടെ സവിസ്തരം പ്രതിപാദിക്കുന്നത്, തലശ്ശേരിയിൽ രണ്ട് വൈദ്യസ്ഥാപനങ്ങൾ തമ്മിലുണ്ടായിരുന്ന മത്സരത്തി ന്റേയും ചേരിപ്പോരിന്റേയും യഥാർഥ ചിത്രം ലഭ്യമാക്കാനാണ്.

വടക്കാഞ്ചേരിയിൽ തലശ്ശേരിയിലേക്ക് കുടിയേറിപ്പാർത്ത അബൂബക്കർ വൈദ്യരുടെ സന്താനങ്ങളായ എം വി അബൂവും എം വി മുഹമ്മദും തലശ്ശേരിയിൽ മലയാള ഫാർമസി എന്ന സ്ഥാപനം ആരംഭിച്ചു. അബൂബക്കർ വൈദ്യരുടെ ഹമീദിയ വൈദ്യശാലക്കടുത്ത് പിലാക്കൂലിൽ തന്നെയായിരുന്നു ഈ പുതിയ സ്ഥാപനം. പിന്നെയത് ഒറ്റ പിതാവിൽ പിറന്ന രണ്ട് കുടുംബങ്ങളിലെ സന്താനങ്ങൾ തമ്മിലുള്ള കിടമത്സരമായി മാറി. പരസ്പരം ഒളിയമ്പെയ്യുന്ന പരസ്യങ്ങളിലൂടെയായിരുന്നു മത്സരം അരങ്ങേറിയത്. മത്സരത്തിൽ തോട്ടത്തിൽ കുടുംബത്തിന്റെ എറമൂട്ടി വൈദ്യരുടെ മക്കളും ഹമീദിയ വൈദ്യശാലയോടൊപ്പം ചേർന്നുനിന്നു. മത്സരം ഒടുവിൽ ഹമീദിയ വൈദ്യശാലയുടെ ക്ഷീണത്തിലും മലയാള ഫാർമസിയുടെ പ്രശസ്തിയിലുമാ യിരുന്നു കലാശിച്ചത്. മലയാള ഫാർമസിയുടെ വാജീകരണ ഔഷധങ്ങൾക്ക് പരസ്യങ്ങളിലൂടെ ലോകപ്രശസ്തി നേടിയെടു ക്കാൻ കഴിഞ്ഞു. മലയാള ഫാർമസിയുടെ വിജയങ്ങൾക്കെല്ലാം പിന്നണിയിലുണ്ടായിരുന്നത് തലശ്ശേരിയുടെ പ്രശസ്ത മാപ്പിള സാഹിത്യകാരൻ ഒ അബുവായിരുന്നുവെന്നതും ഈ സന്ദർ ഭത്തിൽ സ്മരണീയമാണ്. ജവഹർലാൽ നെഹ്റു തലശ്ശേരി സന്ദർ ശിച്ചപ്പോൾ മലയാള ഫാർമസിക്കു മുമ്പിൽ എം വി അബുവും

മുഹമ്മദും സ്വീകരണം നല്കിയതും സ്ഥാപനത്തിന്റെ പ്രശസ്തി വർധിപ്പിക്കാനുതകി. പേരിന് മുമ്പിൽ പ്രധാന വൈദ്യൻ എന്ന ഉപസർഗ്ഗത്തോടെയായിരുന്നു എം വി മുഹമ്മദ് പരസ്യം നല്കിയിരുന്നത്. ജ്യേഷ്ഠാനുജന്മാർ വേർപിരിഞ്ഞപ്പോൾ മലയാള ഫാർമസി മുഹമ്മദിന്റേതായി. മുഹമ്മദ് കോഴിക്കോട്ടേക്ക് താമസം മാറ്റുകയും ചെയ്തു. എം വി അബു തലശ്ശേരിയിൽ ഹിമാലയ ഫാർമസി ആരംഭിച്ചു. അബുവിന്റെ മകൻ ഉസ്മാൻ ആയുർവ്വേദത്തിൽ ബിരുദ പഠനാനന്തരം വൈദ്യരംഗത്ത് സജീവമായി. അബുവിന്റെ മക്കളായ അബ്ദുല്ലയും ഹാരിസുമാണ് ഹിമാലയ ഫാർമസി ഇപ്പോൾ നടത്തിവരുന്നത്.

മലയാള ഫാർമസിയുടെ വൈദ്യസാഹിത്യ രംഗത്തുള്ള സംഭാവനയായിരുന്നു 'ആരോഗ്യബന്ധു' എന്ന ആയുർവ്വേദ മാസിക. ഫാർമസിയുടെ പബ്ലിഷിംഗ് വിഭാഗം ഏതാനും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിരുന്നു.

തോട്ടത്തിൽ എറമൂട്ടി വൈദ്യരുടെ മകൻ മുഹമ്മദലിയായിരുന്നു ഉസ്മാനിയ വൈദ്യശാല നടത്തിവന്നിരുന്നത്. തീരപ്രദേശത്തെ ദരിദ്രരായ രോഗികൾക്ക് വളരെയധികം ആശ്വാസം പകർന്നിരുന്ന സ്ഥാപനമായിരുന്നു ഉസ്മാനിയ വൈദ്യശാല. കുട്ടികളുടെ അപസ്മാരത്തിന്റെ ചികിത്സയ്ക്കുള്ള 'വെടക്കിൻ നെയ്യ്', കൊമ്പഞ്ചാദി ഗുളിക, ഗോരോജനാദി ഗുളിക എന്നിവക്ക് ഉസ്മാനിയ വൈദ്യശാല പ്രശസ്തമായിരുന്നു. പൊതുവെ ആയുർവ്വേദ മരുന്നുകൾ സസ്യാധിഷ്ഠിതമാണ്. എന്നാൽ മൃഗങ്ങളുടെ മാംസവും കൊമ്പുകളും ഗോരോജനം പോലുള്ള ചില മൃഗങ്ങളുടെ ആന്തരിക സ്രവങ്ങളും മരുന്നുകളായി ഉപയോഗപ്പെടുത്തിയിരുന്നത് മുസ്‌ലിം വൈദ്യന്മാരായിരുന്നു. അതുകൊണ്ടുതന്നെ മേൽപ്രസ്താവിച്ച സ്ഥാപനങ്ങളുടെ അജമാംസ രസായനം, പോത്തിൻ ദ്രാവകം എന്നിവ ജനപ്രിയങ്കരങ്ങളായ ഔഷധങ്ങളായിരുന്നു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മെമ്പർ കൂടിയായിരുന്ന മുഹമ്മദലി വൈദ്യർ ഒരു ജനകീയ വൈദ്യനായിരുന്നു. തീരപ്രദേശത്തുള്ള സാധു കുടുംബങ്ങളിലെ രോഗികൾക്ക് ആശ്വാസമായി അദ്ദേഹം അവരെ സന്ദർശിച്ചിരുന്നു. അബൂബക്കർ വൈദ്യരുടെ ജാമാതാവ് പയേരി അബൂബക്കർ വൈദ്യർ സൈദാർപള്ളിക്കടുത്ത് മാതൃകാ ഫാർമസി നടത്തിവന്നിരുന്നു.

തലശ്ശേരിയുമായി ബന്ധപ്പെട്ട പ്രശസ്തരായ മറ്റു പല മുസ്‌ലിം വൈദ്യന്മാരുമുണ്ടായിരുന്നു. കണ്ണൂരിലെ സൂഫി വര്യനെന്ന് അറിയപ്പെട്ടിരുന്ന ഇച്ച മസ്താന്റെ ശിഷ്യൻ മമ്മദ് വൈദ്യർ, പുളിയമ്പാറ അബൂബക്കർ വൈദ്യർ, എറമൂട്ടി വൈദ്യരുടെ

സമകാലികനായ ചെട്ടിയാങ്കണ്ടി മൊയ്തു വൈദ്യർ (ശുജായി ഔഷധശാല), വസൂരി രോഗ ചികിത്സയിൽ പ്രാഗത്ഭ്യം തെളിയിച്ച കൊട്ടക്ക അബൂബക്കർ വൈദ്യർ, നങ്ങത്താൻ അഹമ്മദ് വൈദ്യർ (കൂടാരപ്പുരക്ക് സമീപമുണ്ടായിരുന്ന ഓറിയന്റൽ ഔഷധ ശാലയുടെ സ്ഥാപകൻ), ഹക്കീം അബൂബക്കർ വൈദ്യർ, ഹക്കീം മമ്മു വൈദ്യർ, ജിന്നാബു എന്നറിയപ്പെട്ടിരുന്ന മൂലിക വൈദ്യൻ, ചങ്ങമ്പള്ളി മമ്മു ഗുരുക്കൾ, വടകരക്കാരൻ സൈത് വൈദ്യർ, എടക്കാട്ടുകാരൻ ഹംസ വൈദ്യർ എന്നിവരുടെ നാമങ്ങൾ ഗത കാല തലശ്ശേരിയുടെ മുസ്‌ലിം ആയുർവ്വേദവൈദ്യരംഗത്ത് സ്മരണീയങ്ങളാണ് ●

# 51

# തലശ്ശേരിയുടെ ഉർദു പാരമ്പര്യം

ഭാരതത്തിൽ പിറവികൊണ്ട ഒരു സങ്കര ഭാഷയാണ് ഉർദു. അറബിയുടെ ഗൗരവവും പേർഷ്യന്റെ (പാർസി) സംഗീതവും പ്രാകൃതിന്റെ ലാളിത്യവും ഒത്തുചേർന്നത് കൊണ്ടാണ് ഉർദു ഭാഷ മനോഹരമായതും, ആശയവിനിമയത്തിന് എളുപ്പമായതും. മേൽപ്പറഞ്ഞ ഭാഷകൾക്കു പുറമേ തുർക്കി, ഇംഗ്ലീഷ്, മറ്റ് പ്രാദേശിക ഭാഷകൾ എന്നിവയിലെ പദങ്ങളെല്ലാം ഉർദു സ്വാംശീകരിച്ചിട്ടുണ്ട്. ഉർദു എന്ന പദം തന്നെ തുർക്കി ഭാഷയിലേതാണ്. തമ്പ് എന്നാണ് പദത്തിന്റെ അർഥം. ജനക്കൂട്ടം എന്ന അർഥ വിന്യാസത്തിൽ ഇതേ പദം ഇംഗ്ലീഷ് ഭാഷ സ്വീകരിച്ചിട്ടുണ്ട്- horde. പട്ടാള തമ്പുകളിൽ സംസാരിച്ചിരുന്ന ഭാഷയായത് കൊണ്ടായിരിക്കാം ഈ ഭാഷയ്ക്ക് അങ്ങനെയൊരു നാമം ചൂടപ്പെട്ടതെന്ന നിഗമനവുമുണ്ട്.

യഥാർഥത്തിൽ ഭാരതം ഭരിക്കാനെത്തിയ മുഗളരുടെ ഭാഷയായ പാർസി (മുഗൾ ഭരണകാലത്ത് ഔദ്യോഗിക ഭാഷയായിരുന്നു അത്)യും ദൽഹിയിലെ ജനങ്ങൾ സംസാരിച്ചുകൊണ്ടിരുന്ന ഘടീ ബോലി (പ്രാകൃത്)യും തമ്മിലുണ്ടായ ഭാഷാ അനുരഞ്ജനത്തിൽ നിന്നാണ് ഉർദു ഭാഷയുടെ പിറവി. അതുകൊണ്ടുതന്നെയാണ് ഉർദു അങ്ങാടി ഭാഷയെന്ന് ആദ്യകാലത്ത് വിശേഷിപ്പിക്കപ്പെട്ടത്. ഹിന്ദിയുടെ പിറവിയുടെ ചരിത്രവും ഇതുതന്നെ. ഉർദു പേർഷ്യൻ ലിപി (അറബി ലിപിയുടെ വകഭേദം) ഉപയോഗിച്ചപ്പോൾ

ഹിന്ദി ദേവനാഗിരി ലിപി ഉപയോഗിച്ചുവെന്ന വ്യത്യാസം മാത്രം. പിന്നീട് പേർഷ്യൻ, അറബി പദങ്ങൾക്ക് പകരം സംസ്കൃത പദങ്ങൾക്ക് ഹിന്ദിയിൽ പ്രാധാന്യമുണ്ടായി. ഇത് ഹിന്ദിയുടെ ലിഖിത രൂപമാണെങ്കിലും ജനങ്ങൾ സംസാരിച്ചത് ഉർദുവായിരുന്നു. അത് മനസ്സിലാക്കിയ സിനിമ, ടി വി തുടങ്ങിയ മാധ്യമങ്ങൾ ഹിന്ദി എന്ന പേരിൽ ഉർദു തന്നെ ഉപയോഗിച്ചു വരുന്നു. തലശ്ശേരിയിൽ ഈയിടെ നടത്തിയ യു ജി സി ഉർദു ദേശീയ സെമിനാറിൽ ഈ വിഷയം സജീവമായി ചർച്ച ചെയ്യപ്പെട്ടിരുന്നു.

കേരളം മുഗൾ ഭരണത്തിന്റെ കീഴിൽ വരാത്തത് നിമിത്തം പേർഷ്യൻ ഭാഷയുടേയോ അതിൽ പിന്നീട് വന്ന ഉർദുവിന്റേയോ സ്വാധീനം ഇവിടെയുണ്ടായിരുന്നില്ല. പേർഷ്യനോ ഉർദുവോ സംസാരിച്ചിരുന്ന ഏതാനും മുസ്‌ലിം സൂഫിമാർ കേരളത്തിൽ വന്നപ്പോഴാണ് പ്രസ്തുത ഭാഷകളുമായി കേരളം പരിചയപ്പെടുന്നത്. അറേബ്യൻ രാജ്യങ്ങളുമായുള്ള ബന്ധം നിമിത്തം കേരളത്തിൽ സ്വാധീനം ചെലുത്തിയ വിദേശഭാഷ അറബിയായിരുന്നു. ഹൈദരാലിയുടേയും ടിപ്പുവിന്റേയും പടയോട്ട കാലാനന്തരമാണ് ഉർദു ഭാഷ സംസാരിക്കുന്നവർ കേരളത്തിലുണ്ടായത്. സുൽത്താന്മാരുടെ ഉദ്യോഗസ്ഥരും പട്ടാളക്കാരും ഇവിടെ അധിവസിക്കാൻ തുടങ്ങിയപ്പോഴാണ് അങ്ങനെ സംഭവിച്ചത്. ഡക്കാനിൽ നിന്ന് വന്നവരെന്ന നിലയിൽ ഇവർ ദഖ്നികൾ എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. അവർ സംസാരിച്ച ഭാഷ ദഖ്നി ഉർദുവായിരുന്നു. ഉർദു ഭാഷയുടെതന്നെ സവിശേഷമായ അവാന്തര വിഭാഗമായിരുന്നു ദഖ്നി.

അങ്ങനെ കേരളത്തിൽ ഉർദു സംസാരിക്കുന്ന ഒരു ന്യൂനപക്ഷമുണ്ടായി. ഇവർ മുസ്‌ലിംകളായതുകൊണ്ട് ഇതൊരു മുസ്‌ലിം ഭാഷയാണെന്ന തെറ്റിദ്ധാരണ ഉണ്ടാവുകയും ചെയ്തു. ഇത് കേരളത്തിലെ മാത്രം സ്ഥിതിയായിരുന്നില്ല. മുസ്‌ലിംകളുടെ ഭാഷയെന്ന തെറ്റിദ്ധാരണയായിരുന്നു പിന്നീട് ഉർദു അവഗണിക്കപ്പെടാൻ കാരണമായത്. മുഗളന്മാർക്ക് ശേഷം വന്ന ആംഗ്ലേയരും ഹിന്ദു വർഗ്ഗീയ വാദികളും ഇതിനു പിന്നിലുണ്ടായിരുന്നുവെങ്കിലും മുസ്‌ലിം നേതൃത്വത്തിന്റെ തീരുമാനവും ഉർദു ഭാഷയുടെ പുരോഗതിയെ ബാധിച്ചു. മുസ്‌ലിം ഐക്യത്തിന് എല്ലാ മുസ്‌ലിംകളും ഉർദു ഭാഷ പഠിക്കുകയും സംസാരിക്കുകയും ചെയ്യണമെന്നത് ഇരുപതാം ശതകത്തിന്റെ ആദ്യ ദശകത്തിൽ ആരംഭിച്ച അലീഗർ പ്രസ്ഥാനത്തിന്റെ തീരുമാനമായിരുന്നു. ഇത് ഉർദുവിന്റെ പാർശ്വവത്ക്കരണത്തിലേക്കായിരുന്നു നയിച്ചത്.

കേരളത്തിൽ ഉർദുവിന്റെ വളർച്ചയിൽ തലശ്ശേരിക്കാണ്

പാരമ്പര്യം അവകാശപ്പെടാനുള്ളത്. ദഖ്നികൾ കേരളത്തിലുട നീളമുണ്ടായെങ്കിലും അവർ ഉർദുവിൽ പരസ്പരം ആശയ വിനിമയം നടത്തിയെങ്കിലും ഉർദുവിന് അക്കാദമിക് അംഗീകാരം കിട്ടിയിരുന്നില്ല. ഉത്തരേന്ത്യയിൽ പ്രവാസികളായിപ്പോയ മലയാളികളായിരുന്നു ഉർദുവിനോട് കേരളത്തിൽ ആഭിമുഖ്യം പ്രകടിപ്പിച്ചവർ. ഹിന്ദി സിനിമകൾ എന്ന പേരിൽ വന്നവയിൽ ഉർദുവിന്റെ ആധിക്യവും മലയാളികളെ ഉർദുവുമായി ബന്ധപ്പെടുത്തി.

മുസ്‌ലിംകൾ ഉർദു ഭാഷ ഉപയോഗിക്കണമെന്ന അലീഗർ പ്രസ്ഥാനത്തിന്റെ ആഹ്വാനം കേരളത്തിൽ വലിയ പ്രതികരണമൊന്നുമുണ്ടാക്കിയില്ല. എന്നിരുന്നാലും തലശ്ശേരിയിൽ ഈ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ ചില ചലനങ്ങൾ ഉണ്ടായി. മദ്റസകളിൽ ഉർദു പഠനം ആരംഭിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ഉർദു താത്പര്യത്തിന് കാരണം ഉർദു ഭാഷ സംസാരിച്ചിരുന്ന വ്യാപാരി സമൂഹമായ കച്ച് മേമന്മാരുടെ സാന്നിധ്യമായിരുന്നു. അവർ ഉർദു പഠനത്തെ പ്രോത്സാഹിപ്പിക്കുകയുണ്ടായി. ഉർദു അധ്യാപകന്മാർക്ക് വേതനം നല്കാനുള്ള ഗ്രാന്റ് ഹൈദരാബാദ് നിസാമിൽ നിന്ന് ലഭ്യവുമായിരുന്നു. അങ്ങനെ രണ്ടുപേർ തലശ്ശേരിയിൽ നിസാമിന്റെ ശമ്പളംപറ്റി ഉർദു പഠിപ്പിച്ചിരുന്നു. അതിലൊരാൾ ഹൈദരബാദുകാരനായ അബ്ദുറഹ്മാൻ സാഹിബായിരുന്നു. മറ്റെയാൾ തലശ്ശേരിക്കാരനായ ടി യു കെ കുഞ്ഞുമുഹമ്മദ് മൗലവിയും. ഇവരെ മുബല്ലിഗുകൾ എന്നായിരുന്നു വിശേഷിപ്പിച്ചിരുന്നത്. വളരെ വ്യതിരിക്തവും ആധുനികവുമായ രീതിയിലായിരുന്നു ടി യു കെ മൗലവി ഉർദു പഠിപ്പിച്ചിരുന്നത്. ഇവരുടെ ശിഷ്യന്മാരായിരുന്നു സീതി സഹോദരന്മാർ. ഉസ്മാൻ സീതിയും അലി സീതിയുമായിരുന്നു പിന്നീട് തലശ്ശേരിയിൽ പ്രശസ്തരായ ഉർദു അധ്യാപകർ. ഐ എൻ എൽ നേതാവായിരുന്ന സുലൈമാൻ സേട്ടു, പരേതനായ ചീഫ് എൻജിനിയർ ടി പി കുട്ട്യാമു സാഹിബ് തുടങ്ങി നിരവധി പേർ സീതി സഹോദരന്മാരിൽ നിന്ന് ഉർദു പഠിച്ചിരുന്നു.

കേരളത്തിൽ സ്കൂൾ തലത്തിലും കോളെജ് തലത്തിലും ആദ്യമായി ഉർദു അധ്യാപനം ആരംഭിച്ചതും തലശ്ശേരിയിലായിരുന്നു– സെന്റ് ജോസഫ്സ് ഹൈസ്കൂളിലും ബി.ഇ.എം.പിയിലും ഗവൺമെന്റ് ബ്രണ്ണൻ കോളേജിലും.

കച്ച് മേമന്മാരുടെ സാന്നിധ്യമായിരുന്നു തലശ്ശേരിയിൽ ഉർദു പുഷ്ടിപ്പെടാൻ കാരണമായത്. അഞ്ചുമൻ ഇസ്‌ലാഹുലിസ്സാൻ എന്നൊരു സംഘടന 1931 സെപ്തംബറിൽ തലശ്ശേരിയിൽ സ്ഥാപിതമായി. ഉർദു ഭാഷയുടേയും സാഹിത്യത്തിന്റേയും പുരോ

ഗമനം ഉദ്ദേശിച്ചായിരുന്നു പ്രസ്തുത സംഘടന. റഹ്മത്തുല്ല സേട്ടു വായിരുന്നു സ്ഥാപക പ്രസിഡന്റ്. അബ്ദുൽ കരീം അക്തർ സേട്ടു വായിരുന്നു സെക്രട്ടറി. ജാനി എന്ന ഓമനപ്പേരുണ്ടായിരുന്ന ഇദ്ദേ ഹത്തിന്റെ പത്രാധിപത്യത്തിലാണ് കേരളത്തിലെ ആദ്യത്തെ ഉർദു മാസികയായ നാർജലിസ്ഥാൻ (കേരളനാട്) തലശ്ശേരിയിൽ പ്രസി ദ്ധീകരണം ആരംഭിച്ചത്. അഞ്ചുമൻ ഇസ്‌ലാഹുലിസ്സാന്റെ കീഴി ലുണ്ടായിരുന്ന വിദ്യാർഥി വിഭാഗം ചമൻ എന്ന പേരിൽ ഒരു കയ്യെഴുത്ത് മാസിക നടത്തിവന്നിരുന്നു. ആഴ്ചതോറും ഉർദു സാഹിത്യ സമാജങ്ങൾ സംഘടനയുടെ കീഴിൽ നടത്തിവന്നിരു ന്നു. പ്രസംഗം, ചർച്ച, കവിതാ പാരായണം എന്നിവയെല്ലാം ഈ സാഹിത്യ സമാജത്തിൽ നടത്തിവന്നിരുന്നു.

ഉർദു സംസാരിക്കുന്നവർക്ക് പുറമേ മലയാളികളായ പലരും ഉർദുവിൽ വ്യുൽപത്തി പ്രകടിപ്പിച്ചിരുന്നു. അതിൽ പ്രധാനിയാ യിരുന്നു മൂസാ നാസ്വിഅ്. സുന്ദരമായ ശൈലിയിൽ ഉർദു സംസാ രിക്കുകയും എഴുതുകയും ചെയ്തിരുന്ന മൂസ നാസ്വിഅ് മെയിൻ റോഡിൽ ഒരു ബുക്ക് ബൈന്ററായിരുന്നു. കച്ച് മേമൻ കുടുംബ ങ്ങളുമായുള്ള സുഹൃത്ബന്ധം കാരണം അദ്ദേഹത്തിന് ഉർദു സാഹിത്യവുമായും സാഹിത്യകാരന്മാരുമായും അടുത്ത ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിരുന്നു. അഞ്ചുമൻ ഇസ്‌ലാഹുലിസാന്റെ ജനറൽ സെക്രട്ടറിയായിരുന്ന ഫഖീർ സാഹിബ് എന്ന അപര നാമത്തിൽ അറിയപ്പെട്ടിരുന്ന മുഹമ്മദ് ഇസ്ഹാഖ് ആയിരുന്നു തലശ്ശേരിയിലെ മറ്റൊരു പ്രധാന ഉർദു പ്രചാരകൻ. അദ്ദേഹം തലശ്ശേരിയിൽ ഒരു ഉർദു കോളേജ് നടത്തിവന്നിരുന്നു.

മാതൃഭാഷയല്ലെങ്കിലും ബട്ക്കൽ മുസ്‌ലിംകളും ഉർദുവിന്റെ വക്താക്കളായിരുന്നു. മാതൃഭാഷയായ നവാത്തിയുടെ ലിപി ഉർദു വാണ്. നവാത്തിക്ക് പുറമേ ഉർദുവും അവർ സംസാരിച്ചുവരു ന്നു. 1970ൽ തലശ്ശേരിയിൽ നടന്ന ദേശീയ ഉർദു കോൺഫറൻസ് നടത്തിപ്പിൽ ബട്ക്കൽ വ്യാപാരി സമൂഹം മുൻപന്തിയിൽ ഉണ്ടാ യിരുന്നു. ഇന്ത്യയിലെ പ്രശസ്ത ഉർദു സാഹിത്യകാരന്മാരും ചിന്ത കരും പങ്കെടുത്ത പ്രസ്തുത കോൺഫറൻസ് കേരളത്തിൽ ഇദം പ്രഥമായിരുന്നു.

കേരളത്തിൽ വ്യാപകമായി ഉർദു അധ്യാപനം തുടങ്ങുന്നതിന് വളരെ മുമ്പുതന്നെ തലശ്ശേരിയിലെ സെന്റ് ജോസഫ്സിലും ബി ഇ എം പിയിലും മുബാറക്ക് ഹൈസ്കൂളിലും മുൻസിപ്പൽ ടൗൺ മാപ്പിള സ്കൂൾ പോലെയുള്ള പ്രൈമറി സ്കൂളിലും ബ്രണ്ണൻ കോളെജിലും ഉർദു അധ്യാപനം നടന്നിരുന്നുവെന്ന വസ്തുത യാണ് തലശ്ശേരിക്ക് അവകാശപ്പെടാനുള്ള ഉർദു പാരമ്പര്യങ്ങളി

ലൊന്ന്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റേയും കേന്ദ്ര മാനവ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ പ്രമോഷൻ ഉർദു ലാംഗ്വേജിന്റേയും സഹായത്തോടെ നടന്ന രണ്ട് ദേശീയ സെമിനാറുകൾ അരങ്ങേറിയതും തലശ്ശേരിയിൽ തന്നെയായിരുന്നു. തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളെജ് ഉർദു വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറുകളിൽ വിവിധ യൂണിവേഴ്സിറ്റികളിലെ പ്രശസ്ത പണ്ഡിതന്മാർ പങ്കെടുത്തിരുന്നു. കേരളത്തിലെ ഉർദു ഭാഷാ വികസനത്തിൽ തലശ്ശേരിയുടെ പങ്ക് അദ്വിതീയമാണ് ●

# 52

# ‘ഖന്തൂരി’ നേർച്ച

നേർച്ചകളൊന്നും ഇസ്‌ലാമിക വിശ്വാസവുമായി ബന്ധപ്പെട്ട തല്ലെങ്കിലും മുസ്‌ലിംകൾക്കടിയിൽ ഒരുപാട് നേർച്ചകൾ നടന്നു വന്നിരുന്നു. ഇന്നും പലതരത്തിലുള്ള നേർച്ചകൾ നടന്നുവരു ന്നുമുണ്ട്. പഴയകാല തലശ്ശേരിയിൽ മുസ്‌ലിം സ്ത്രീകൾക്കിട യിൽ പ്രചാരമുണ്ടായിരുന്ന ഒരു നേർച്ചയായിരുന്നു ‘ഖന്തൂരി.’ ഈ നേർച്ച ചില പ്രത്യേക വീടുകളിലായിരുന്നു നടത്തിപ്പോന്നിരു ന്നത്. നേർച്ച ദിവസം രാത്രി മുസ്‌ലിം സ്ത്രീകൾ നേർച്ച നടക്കുന്ന വീടുകൾ സന്ദർശിച്ചിരുന്നു.

‘ഖന്തൂരി’ നേർച്ച നടത്തിയിരുന്നത് തലശ്ശേരിയിലെ ദഖ്നി മുസ്‌ലിംകളുടെ വീടുകളിൽ വെച്ചായിരുന്നു. ഉർദു മാതൃഭാഷയായ മുസ്‌ലിംകളെയാണ് ദഖ്നി മുസ്‌ലിംകൾ എന്ന് വിശേഷിപ്പി ക്കുന്നത്. അവർ ഡക്കാനിൽ നിന്ന് വന്നവരായിരുന്നു എന്നതു കൊണ്ടായിരുന്നു ഈ വിശേഷണം. തലശ്ശേരിക്കാർ ഇവരെ പൊതുവെ പട്ടാണികൾ എന്നായിരുന്നു വിളിച്ചിരുന്നത്. തമിഴ്നാ ട്ടിലും കർണാടകത്തിലും ആന്ധ്രയിലുമൊക്കെയാണ് ദഖ്നി മുസ്‌ലിംകൾ തിങ്ങിത്താമസിക്കുന്നത്. ഇവരുടെ ഇടയിൽ പ്രചാര മുള്ള നേർച്ചയാണ് ‘ഖന്തൂരി.’ ഈ പദം പേർഷ്യനാണ്. ‘ഖന്ത്’ എന്നാൽ മധുരം എന്നാണർഥം. മധുരം വിളമ്പുന്ന നേർച്ച എന്നതു കൊണ്ടാണ് ഖന്തൂരി എന്ന പേരുണ്ടായത്. (കൽക്കണ്ട് ഖന്തിൽ നിന്ന് ഉത്ഭവിച്ചതാണ്. ‘ഗുൽഖന്താ’ണ് കൽക്കണ്ടായത്).

ഹിജ്റ കലണ്ടറിലെ റജബ് മാസത്തിലെ അവസാനത്തെ ആഴ്ചയാണ് സാധാരണഗതിയിൽ ഖന്തൂരി നേർച്ച നടക്കാ റുള്ളത്. പ്രവാചകനായ മുഹമ്മദിന്റെ മകൾ ഫാത്തിമയുടെ മകൻ

ഹുസൈന്റെ പേരമകനായ അബു അബ്ദുല്ല ജഅഫർ എന്നവരുടെ സ്മരണാർഥമാണ് പ്രസ്തുത നേർച്ച നടത്തപ്പെടുന്നത്. ഇദ്ദേഹം ജഅഫർ സാദിഖ് എന്ന പേരിലാണ് വിശ്രുതനായിരിക്കുന്നത്. പ്രവാചകന് ആൺ സന്താനങ്ങളില്ലാത്തതുകൊണ്ട് സന്താന പരമ്പരയില്ലെങ്കിലും മകളുടെ സന്താന പരമ്പരയിൽ വന്നവർ സയ്യിദുകൾ, സാദാത്തുക്കൾ എന്ന് വിശേഷിപ്പിക്കുകയും അവരുടെ പരമ്പര ജഅഫർ സാദിഖിൽ നിന്ന് ആരംഭിക്കുന്നുവെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. കേരളത്തിലും അത്തരം സാദാത്തുക്കൾ ഉണ്ടെങ്കിലും അവരാരെങ്കിലും ജഅഫർ സാദിഖിന്റെ സ്മരണാദിനം കൊണ്ടാടുന്നതായി അറിവില്ല. ദഖനി മുസ്‌ലിംകളാണ് ഇവ കൊണ്ടാടുന്നത്. ഇതുതന്നെയും ഷിയാ വിഭാഗത്തിലുള്ള മുസ്‌ലിംകളുടെ സ്വാധീനം മൂലമാണ് അവരുടെ ഇടയിൽ നടപ്പിൽ വന്നത്. ഷിയാ മുസ്‌ലിംകളുടെ പന്ത്രണ്ട് ഇമാമുകളിൽ ഒരാളാണ് ജഅഫർ സാദിഖ്. ദക്ഷിണേന്ത്യയിൽ മുഗള ഭരണ കാലത്ത് നിരവധി ഷിയാ ഉദ്യോഗസ്ഥന്മാരും പടയാളികളുമുണ്ടായിരുന്നു. ഇവരിൽ നിന്നായിരിക്കാം ദഖനി മുസ്‌ലിംകൾക്ക് ഖന്തൂരിയുടെ ആശയം ലഭിച്ചത്.

ഖന്തൂരി നടത്തുന്ന വീടുകളിൽ ഒരു പ്രത്യേക മുറി മേൽഭാഗം വെള്ളത്തുണികൊണ്ട് മറക്കുകയും മുല്ലമാലകൾ കൊണ്ട് അലങ്കരിക്കുകയും ചെയ്യുന്നു. സുഗന്ധ ഊതുബത്തികൾ കത്തിച്ചുവെക്കുന്നു. മധുരമുള്ള തേങ്ങാപ്പണ്ടം നിറച്ച അടകളും പഞ്ചസാരയും അരിനുറുക്കുകളും ചേർത്ത് പാചകം ചെയ്ത 'ഫീർനി'യും മൺചട്ടികളിൽ താഴെ വിരിച്ച വെള്ള വിരിപ്പിൽ വെച്ചിരിക്കും. നേർച്ച വൈകുന്നേരം ജഅഫർ സാദിഖ് മൗലീദ് പാരായണത്തോടെ ആരംഭിക്കുന്നു. അതുകഴിഞ്ഞ ഉടനെ സ്ത്രീകൾ വിരിപ്പിൽ വന്നിരുന്ന് നേർച്ച വിഭവങ്ങൾ തിന്നുകയും തങ്ങളുടെ നേർച്ചപ്പണം വിരിപ്പിലോ അതിനായി വെച്ചിരിക്കുന്ന പാത്രത്തിലോ നിക്ഷേപിക്കുകയും ചെയ്യുന്നു. വിരിപ്പിലിരുന്നവരുടെ ആഗ്രഹങ്ങൾ സഫലമാകുമെന്നായിരുന്നു വിശ്വാസം. നേർച്ച വിഭവങ്ങളായ അടയിലും 'ഫീർനി'യിലും ഉപ്പ് ചേർക്കുകയില്ല എന്നതും സവിശേഷതയായിരുന്നു. രാത്രി മുഴുവനും പിറ്റേന്ന് രാവിലെ വരെയും നേർച്ച നീണ്ടുനിൽക്കുന്നു. നേർച്ച വിഭവങ്ങൾ വീട്ടിലേക്ക് കൊണ്ടുപോകാൻ പാടില്ല എന്ന നിബന്ധനയുമുണ്ട്.

തലശ്ശേരിയിൽ കൂടാരപ്പുരക്കടുത്ത് റംസാൻ മാസ്റ്ററുടെ വീട്ടിലായിരുന്നു പ്രധാനമായും ഖന്തൂരി നേർച്ച നടന്നിരുന്നത്. മല്ലർ റോഡിൽ പഴയ യതീംഖാനയുടെ മുമ്പിൽ അക്കാലത്തുണ്ടായിരുന്ന മുറിവീടുകളിലൊന്നിൽ താമസിച്ചിരുന്ന ജില്ലു എന്ന സ്ത്രീയുടെ വീട്ടിലും വളരെക്കാലം ഖന്തൂരി നേർച്ച നടത്തപ്പെ

ട്ടിരുന്നു. പിന്നീട് മല്ലർ റോഡിൽ തന്നെ സൂപ്പി ഫാത്തിമ എന്ന മാപ്പിള സ്ത്രീയും ഖന്തൂരി നേർച്ച നടത്തിയിരുന്നു. ഇന്നും കൂടാരപ്പുര റോഡിലെ ചില പട്ടാണി വീടുകളിൽ റജബ് മാസം ഖന്തൂരി നടത്തപ്പെടുന്നുണ്ട്; പഴയ കാലത്തെ പോലെ ഈ നേർച്ചയ്ക്ക് പ്രചാരം ഇല്ലെങ്കിലും ●

# 53

# കബ്ജുവിന്റെ കല്ലുമ്മക്കായയും ബജിയ സൈനീത്തയും

പലഹാരങ്ങളുടെ പാചകത്തിന് ഏറെ പ്രശസ്തി നേടിയിട്ടുണ്ട് തലശ്ശേരി. തലശ്ശേരിയുടേതായ ചില സവിശേഷ പലഹാരങ്ങൾ ഉണ്ടായിരുന്നു. ഇന്ന് കല്ലുമ്മക്കായ കേരളത്തിൽ സർവ്വത്ര ഉപയോഗിക്കുന്നുണ്ടെങ്കിലും മുമ്പ് അത് തലശ്ശേരിക്കാരുടെ വിശേഷവിഭവമായിരുന്നു. ഒരു പ്രത്യേക തരത്തിൽ കല്ലുമ്മക്കായയിൽ അരിനിറച്ച് ആവിയിൽ വേവിച്ചതിന് ശേഷം എണ്ണയിൽ പൊരിച്ചെടുക്കുന്ന പലഹാരം ആവിർഭവിച്ചതു തലശ്ശേരിയിലായിരുന്നു. തലശ്ശേരിയിലേത് പോലെ കല്ലുമ്മക്കായ പൊരിച്ചത് രുചികരമായി തയ്യാറാക്കാൻ പലരും പ്രയാസപ്പെട്ടിരുന്നു.

കടലിൽ പാറകളിലുണ്ടാവുന്ന കക്കവർഗ്ഗമാണ് കല്ലുമ്മക്കായ. എല്ലാ കടൽതീരപ്രദേശങ്ങളിലും ഇവ ധാരാളമായി കണ്ടുവരാറുണ്ട്. എന്നാൽ കേരളത്തിൽ, വിശിഷ്യാ മലബാറിലാണ് ഇത് അധികമായി ആഹാരത്തിനായി ഉപയോഗിച്ചുവരുന്നത്. മറ്റു സ്ഥലങ്ങളിൽ കോളേജുകളിലെ സുവോളജി ലാബുകളിൽ കക്കാവർഗ്ഗപ്രാണികളെ പറ്റി പഠിക്കാനായി ഉപയോഗിക്കപ്പെട്ടിരുന്നു. പ്രോട്ടീനുകളാൽ സമ്പുഷ്ടമായ ഈ കക്കാവർഗ്ഗം സസ്യേതര ഭക്ഷണപ്രിയർക്ക് രുചിയേറിയ ഭക്ഷണപദാർഥമാണ്. പല വിധത്തിലും പാചകം ചെയ്തു കഴിച്ചുവരുന്നു. മേൽ പ്രസ്താവിച്ചതുപോലെ അരി നിറച്ച് എണ്ണയിൽ പാചകം ചെയ്ത കല്ലുമ്മക്കായ പൊരിച്ചത് തലശ്ശേരിയുടെതായ സവിശേഷ പലഹാര

മാണ്. ആരംഭത്തിൽ തലശ്ശേരിയിൽ തന്നെ ഇത് ഏവർക്കും പാചകം ചെയ്യുന്ന വിധത്തിൽ എളുപ്പമായിരുന്നില്ല. അതുകൊണ്ട് വീടുകളിൽ ഇത് ഇന്നത്തെപ്പോലെ സർവ്വസാധാരണവുമായിരുന്നില്ല. കല്ലുമ്മക്കായ പൊരിച്ചത് ലഭ്യമാകുന്ന ചില പ്രത്യേക കേന്ദ്രങ്ങൾ അന്ന് തലശ്ശേരിയിലുണ്ടായിരുന്നു. അവയിൽ ഒന്നായിരുന്നു, കുട്ടികൾ കബ്ജുത്ത എന്ന് വിളിക്കുന്ന കബ്ജുവിന്റെ കുടിൽ. മല്ലർ റോഡിൽ ദാറുസ്സലാം യതീംഖാനയുടെ പഴയ കെട്ടിടത്തിന്റെ മുൻവശമുള്ള നങ്ങത്താൻ വീട്ടിന്റെ പറമ്പിൽ (അന്നത് 'തൂപ്പർക്കാന്റെ വീട്' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്) ഒരു മൂലയിലായിരുന്നു കബ്ജുവിന്റെ കുടിൽ. അതിരാവിലെ മുതൽ ആ കുടിലിൽ നിന്ന് ചീനച്ചട്ടിയിൽ വെളിച്ചെണ്ണയിൽ വറുത്തെടുക്കുന്ന കല്ലുമ്മക്കായയുടെ പ്രലോഭിപ്പിക്കുന്ന മണമുയർന്നിരുന്നു. മട്ടാമ്പ്രം പ്രദേശത്തെ വീടുകളിലെ കുട്ടികൾ പാത്രങ്ങളുമായി കബ്ജൂത്താന്റെ വീട്ടിലെ കല്ലുമ്മക്കായ വാങ്ങാനായി അതിരാവിലെ തന്നെ എത്തുമായിരുന്നു. നന്നായി പൊരിഞ്ഞ് ചുവന്ന നിറത്തിൽ പ്രത്യക്ഷമാവുന്ന ചെറിയ വലുപ്പത്തിലുള്ള കല്ലുമ്മക്കായ നാവിൽ വെള്ളമൂറുന്ന രീതിയിൽ ആകർഷണീയവുമായിരുന്നു. കബ്ജൂത്ത കല്ലുമ്മക്കായയ്ക്ക് പുറമെ അരിപ്പുട്ടും വിറ്റിരുന്നു. പ്രസ്തുത പ്രദേശത്തെ മുസ്‌ലിം കുടുംബങ്ങളിൽ രാവിലത്തെ ചായക്കുള്ള 'കടി' കബ്ജൂത്താന്റെ കല്ലുമ്മക്കായയും പുട്ടുമായിരുന്നു. എന്നാൽ അരിപ്പുട്ടിന് ഏറെ പ്രശസ്തമായ സ്ഥലം ചാലിലെ മുസ്‌ലിം പള്ളിക്ക് സമീപത്തെ വളപ്പിൽ പുരയിലായിരുന്നു. കപ്പലിൽ നിന്ന് അരിയിറക്കുമ്പോൾ തോണികളിൽ വിതറിയ നനഞ്ഞ അരി ശേഖരിച്ച് ഉണക്കി യായിരുന്നു വത്രെ വളപ്പിലെ പുരയിൽ പുട്ടുണ്ടാക്കിയിരിന്നത്. അങ്ങനെ പാകപ്പെടുത്തിയ പുട്ടിന്റെ രുചി വേറെ തന്നെയായിരുന്നുവെന്ന് പഴയ തലമുറക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്.

കബ്ജുവിന് ശേഷം മട്ടാമ്പ്രത്തിനടുത്ത് മല്ലർ റോഡിൽ കല്ലുമ്മക്കായ പാചകം ചെയ്തുവന്നത് ബജിയ സൈനീത്തയായിരുന്നു. ബജിയ എന്നാൽ പരിപ്പുവട. തുടക്കത്തിൽ സൈനീത്ത പരിപ്പുവടയായിരുന്നു ഉണ്ടാക്കിയിരുന്നത്. അങ്ങനെയാണ് ബജിയ സൈനീത്ത എന്ന പേരുണ്ടായത്. പിന്നീട് കല്ലുമ്മക്ക പാചകത്തിൽ കേന്ദ്രീകരിച്ചപ്പോഴും സൈനീത്താക്ക് പഴയ പേരുതന്നെയായിരുന്നു. രാവിലെ ചായയുടെ കടിക്ക് അയൽപക്കക്കാർക്കൊക്കെ സൈനീത്തയുടെ കല്ലുമ്മക്കായ പൊരിച്ചത് നിർബന്ധമായിരുന്നു ●

# 54

# വീനസ് ടാക്കീസ്

കൊടുവള്ളി നദീ തീരത്ത് തലയുയർത്തി നിൽക്കുന്ന തലശ്ശേരി കോ-ഓപ്പറേറ്റീവ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് സമീപമുള്ള മൂന്ന് റോഡുകളുടെ സംഗമസ്ഥലം അറിയപ്പെടുന്നത് 'വീനസ് കോർണർ' അല്ലെങ്കിൽ വീനസ് മുക്ക് എന്ന പേരിലാണ്. എന്തുകൊണ്ടാണ് സ്ഥലം അങ്ങനെ അറിയപ്പെടുന്നതെന്ന് പുതിയ തലമുറയിലെ തലശ്ശേരിക്കാർക്ക് അറിയില്ലായിരിക്കാം. കഴിഞ്ഞ വർഷം പേൾവ്യൂ റസിഡൻസിയിലെ ഒരു ചരിത്ര സെമിനാറിന് ശേഷം എന്നോടൊപ്പം പുറത്തിറങ്ങി സ്ഥലവീക്ഷണം നടത്തിയ ചരിത്രാധ്യാപകനായ സുഹൃത്ത് പ്രസ്തുത സ്ഥലത്തിന് ആ പേര് വരാനുള്ള കാരണമാരാഞ്ഞു. റോമാക്കാരുടെ രതി ദേവതയായിരുന്നല്ലോ വീനസ്. ശുക്ര നക്ഷത്രത്തേയും വീനസ് എന്നുപറയുന്നു. ഇവ തമ്മിൽ എന്തുബന്ധമെന്നായിരിക്കാം പ്രസ്തുത ചരിത്രാധ്യാപകന്റെ മനസ്സിലുണ്ടായിരുന്ന സംശയം. എന്നാൽ അവിടെ നേരത്തെ ഉണ്ടായിരുന്ന ഒരു സിനിമാ ടാക്കീസിന്റെ പേരിൽ നിന്നായിരുന്നു സ്ഥലനാമോത്ഭവം.

1960കളിലും 70കളിലും തലശ്ശേരിയിൽ വളരെ പ്രസിദ്ധമായിരുന്ന ഒരു സിനിമാ തിയേറ്ററായിരുന്നു വീനസ് ടാക്കീസ്. അതിനെ ഒരു തിയേറ്റർ എന്ന് വിശേഷിപ്പിക്കാമോ എന്നറിയില്ല. ഓലമേഞ്ഞ ഒരു ഷെഡ്. ഒരു താത്ക്കാലിക സിനിമാ പ്രദർശനശാല. അന്നത്തെ വിശേഷണം ടൂറിംഗ് ടാക്കീസ് എന്നായിരുന്നു. മഴക്കാലം വരുമ്പോൾ മൂന്ന് മാസത്തേക്ക് പ്രദർശനം നീട്ടിവെ

ക്കുമായിരുന്നു. ഇങ്ങനെയുള്ള ഒരു ടാക്കീസിന് എങ്ങനെ പ്രശസ്തി ഉണ്ടായി എന്നത് ആശ്ചര്യകരമായിരിക്കാം. അത് വിവരിക്കുന്നതിന് മുമ്പ് ടാക്കീസിന്റെ പേരിനെക്കുറിച്ചൽപം.

റോമൻ രതി ദേവതയുടെ പേരൊന്നും ഉദ്ദേശിച്ചല്ല അങ്ങനെ നാമകരണം ചെയ്യപ്പെട്ടത്. ടാക്കീസിന്റെ ഉടമസ്ഥൻ കോഴിക്കോട്ടുള്ള പ്രശസ്ത സിനിമാ തിയേറ്ററുകൾ നടത്തുന്ന ആളുടെ മകനായിരുന്നു. അദ്ദേഹത്തിന്റെ പേരാണ് വേണു (മുഴുവൻ പേര് വേണുഗോപാൽ എന്നായിരുന്നെന്ന് തോന്നുന്നു). വേണുവിന്റെ ടാക്കീസ് എന്ന അർഥത്തിൽ വേണൂസ്, അത് ഇംഗ്ലീഷിൽ ചില്ലില്ലാതെ എഴുതിയപ്പോൾ വീനസ് ആയി എന്നുമാത്രം. വേണുവിന്റെ ടാക്കീസിന്റെ പേരിന് അങ്ങനെയൊരു റൊമാന്റിക് മാനം വന്നു.

വേണു ഒരു ഫിലിം ഡിസ്ട്രിബ്യൂട്ടർ കൂടിയായിരുന്നു. പിന്നീട് ഒന്നുരണ്ട് മലയാള പടങ്ങളുടെ നിർമാതാക്കളിൽ ഒരാളുമായിരുന്നു. വേണുവിന്റെ ഡിസ്ട്രിബ്യൂഷൻ അധികവും ഇംഗ്ലീഷ് സിനിമകളായിരുന്നു. അതുകൊണ്ടുതന്നെ താൻ ഡിസ്ട്രിബ്യൂട്ട് ചെയ്തിരുന്ന എല്ലാ ഇംഗ്ലീഷ് സിനിമകളും ഒരുദിവസമെങ്കിലും വീനസ് ടാക്കീസിൽ പ്രദർശിപ്പിച്ചിരുന്നു. അറുപതുകളിലും എഴുപതുകളിലുമൊക്കെ ഹോളിവുഡ്ഡിന്റെ സുവർണ കാലഘട്ടമായിരുന്നു. അക്കാലത്തെ ഏറ്റവും നല്ല ഇംഗ്ലീഷ് പടങ്ങൾ കാണാൻ അങ്ങനെ തലശ്ശേരിക്കാർക്ക് സന്ദർഭം ലഭിക്കുകയുണ്ടായി. വീനസ് ടാക്കീസ് തുടങ്ങുന്നതിന് മുമ്പ് അപൂർവ്വമായേ തലശ്ശേരിയിൽ ഇംഗ്ലീഷ് പടങ്ങൾ പ്രദർശിപ്പിക്കുകയുണ്ടായിരുന്നുള്ളു. ആൽഫ്രഡ് ഹിച്ച്കോക്കിന്റെ പ്രശസ്ത പടങ്ങളായ സൈക്കോ, ബേഡ്സ് തുടങ്ങിയവയും ടെൻ കമ്മണ്ട്മെന്റ്സും ഗൺസ് ഓഫ് നവറോൺ, ലോങ്ങസ്റ്റ് ഡേ, ക്ലിയോപാട്ര തുടങ്ങി എല്ലാവിധ പ്രശസ്ത പടങ്ങളും പ്രദർശിപ്പിക്കപ്പെട്ടത് ഈ ഓലമേഞ്ഞ വീനസ് ടാക്കീസിന്റെ ഷെഡ്ഡിലായിരുന്നു. എല്ലാ വ്യാഴാഴ്ചയും ഇംഗ്ലീഷ് പടങ്ങൾ അവിടെ പ്രദർശിപ്പിക്കു മായിരുന്നു. മിക്കവാറും പിറ്റേ ദിവസം കേരളത്തിൽ പ്രദർശനം തുടങ്ങുന്ന ഇംഗ്ലീഷ് പടങ്ങളായിരിക്കും അവ എന്നതുകൊണ്ട് കേരളത്തിൽ പ്രസ്തുത പടങ്ങൾ ആദ്യം കാണാനുള്ള ഭാഗ്യം തലശ്ശേരിയിലുള്ള സിനിമാ പ്രേമികൾക്ക് ലഭ്യമായിരുന്നു.

ബ്രണ്ണൻ കോളെജിലെ വിദ്യാർഥികൾക്ക് ഇംഗ്ലീഷ് സിനിമയുടെ സമയം സൗകര്യപ്രദവുമായിരുന്നു. വൈകുന്നേരം മൂന്നരയോടെ ക്ലാസുകൾ കഴിഞ്ഞിരുന്നു. ഉടനെ പുറപ്പെട്ടാൽ നാല് മണിക്ക് തുടങ്ങുന്ന മാറ്റിനി ഷോയ്ക്ക് വീനസിൽ എത്താൻ കഴിഞ്ഞിരുന്നു. ഈ ലേഖകൻ പലപ്പോഴും ഇംഗ്ലീഷ് പ്രൊഫസർ മധുക്കർ റാവുവിന്റെ സ്കൂട്ടറിന്റെ പിന്നിലായിരുന്നു വീനസിൽ എത്തിയിരുന്നത്. പ്രഫസറും സിനിമയ്ക്ക് തന്നെയായിരുന്നു

ധൃതിപിടിച്ച് പുറപ്പെട്ടിരുന്നത്. കോളെജ് വിദ്യാർഥികളായിരിക്കെ ഈ ലേഖകനും പരേതനായ പ്രഫ. ടി. കെ. അബ്ദുൽ മജീദും ഇംഗ്ലീഷിലുള്ള സിനിമയുടെ കഥാവിവരണം മലയാളത്തിൽ സംക്ഷിപ്തമായി എഴുതിക്കൊടുത്തും ചിലപ്പോൾ ഇംഗ്ലീഷിൽ വിശദമായ വിവരണങ്ങൾ ഇംഗ്ലീഷിൽ തന്നെ ചുരുക്കി എഴുതിയും തിയേറ്ററുടമയും ഡിസ്ട്രിബ്യൂട്ടറുമായ വേണുവിനെ സഹായിച്ചിരുന്നു. പ്രസ്തുത സഹായത്തിന് പകരമായി സൗജന്യമായി സിനിമ കാണാനുള്ള കോംപ്ലിമെന്ററി പാസുകൾ ഞങ്ങൾക്ക് ലഭിച്ചിരുന്നു. ഇന്ന് വീനസ് ടാക്കീസ് പൂർണ്ണമായും അപ്രത്യക്ഷമായെങ്കിലും പ്രസ്തുത സ്ഥലം വീനസ് കോർണറായി തന്നെ അറിയപ്പെടുന്നു ●

55

# തലച്ചേരിയിൽ നിന്ന് തലശ്ശേരി വരെ

ഗതകാലതലശ്ശേരിയുടെ ഭൂമിശാസ്ത്രവിവരണത്തിന്റെ അഭാവത്തിലുള്ള ഗതകാലാനുസ്മരണങ്ങൾക്ക് ന്യൂനത സംഭവിക്കുമെന്ന് ഭയപ്പെടുന്നു. തലച്ചേരിയാണ് ഇംഗ്ലീഷുകാരുടെ ടെലിച്ചറി ആയത്. ചേരി എന്ന ദ്രാവിഡ പദത്തിന്റെ അർത്ഥം ജനങ്ങൾ ചേർന്നു ജീവിക്കുന്ന സ്ഥലം എന്നാണ്. അങ്ങനെ ചേർന്നു ജീവിക്കുന്ന സ്ഥലങ്ങൾ ഗ്രാമങ്ങളായി. അപ്പോൾ ചേരി ഗ്രാമത്തിന്റെ പര്യായമായി. ഗ്രാമങ്ങൾ വികസിച്ച് പട്ടണങ്ങളും നഗരങ്ങളുമൊക്കെ ആയപ്പോൾ നിർധനർ തിങ്ങി താമസിക്കുന്ന പട്ടണപ്രാന്തപ്രദേശങ്ങൾ മാത്രമായി ചേരി. അങ്ങനെയാണ് ചേരിക്ക് ആധുനിക അർത്ഥം വന്നു ചേർന്നത്.

തലശ്ശേരിയോട് ചരിത്രം അധികം നീതി പുലർത്തിയതായി കാണുന്നില്ല. ഇംഗ്ലീഷുകാരുടെ ഈസ്റ്റിന്ത്യാകമ്പനി തലശ്ശേരിയിൽ അവരുടെ പാണ്ടികശാലകൾ സ്ഥാപിച്ചതിനുശേഷം മാത്രമാണ് തലശ്ശേരിക്ക് അവരുടെ പാഠാന്തരമായ ടെലിച്ചറി ചരിത്രത്തിൽ ഇടം പിടിക്കുന്നത്. എന്നാൽ അതിന്നുശേഷം ഏറെമുമ്പ് തന്നെ തലശ്ശേരി എന്ന ഗ്രാമപ്രദേശം ഉണ്ടായിരുന്നു. ഇംഗ്ലീഷുകാർക്കു മുമ്പ് ഡച്ചുകാരും ഫ്രഞ്ച്കാരുമൊക്കെ വന്നിരുന്നു. എന്തുകൊണ്ടോ അവർക്കൊന്നും തലശ്ശേരിയെ ധർമ്മപട്ടണ(ധർമ്മടം)ത്തെക്കാൾ പഥ്യമായില്ലെന്നാണ് തോന്നുന്നത്. ഫ്രഞ്ചുകാർ ഉപേക്ഷിച്ച സ്ഥലത്തായിരുന്നു ബ്രിട്ടീഷുകാർ തലശ്ശേരിയിൽ കോട്ടകെട്ടിയത്.

തലച്ചേരിയുടെ 'തല'യ്ക്ക് പ്രധാനം, മുഖ്യം എന്നീ അർത്ഥങ്ങൾ നൽകിയാൽ പഴയ കോട്ടയത്തിലെ മുഖ്യഗ്രാമമെന്ന സ്ഥാനം കുറിക്കുന്നുവെന്നനുമാനിക്കാം. കോട്ടയത്തിന്റെ താലൂക്ക് പദവി തലശ്ശേരി പിടിച്ചു പറ്റിയത് സ്വാതന്ത്ര്യാനന്തരം മാത്രമായിരുന്നല്ലോ. താലൂക്ക് എന്ന പേരിലല്ലെങ്കിലും, തഹസീൽദാറുടെ ആസ്ഥാനം തലശ്ശേരിയാക്കിയത് ബ്രിട്ടീഷുകാരായിരുന്നു. അതിനൊക്കെ മുമ്പ് തലച്ചേരിയായിരുന്ന തലശ്ശേരിയുടെ പ്രാധാന്യം എന്തായിരുന്നുവെന്നത് അവ്യക്തം. പഴയസംസാര ശൈലിയിൽ 'തല'യ്ക്ക് പ്രാന്തം. അരിക് എന്നൊക്കെ അർത്ഥങ്ങളുണ്ട്. കടലിന്റെ അരികിൽ സ്ഥിതിചെയ്യുന്ന ഗ്രാമം എന്നതു കൊണ്ടായിരിക്കാം തലച്ചേരി എന്ന നാമമുണ്ടായതെന്നനുമാനിക്കുന്നതിലും തെറ്റില്ല.

തലച്ചേരിയുടെ ഭൂമിശാസ്ത്ര വിവരണം 1893ൽ സി.ഡി.മാക്ളിൻ എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച മദ്രാസ് പ്രസിഡൻസിയുടെ ഗ്ലോസറിയിലുണ്ട്. തലശ്ശേരിക്ക് ശ്വേതാരണ്യപുരി എന്നൊരു സംസ്കൃതനാമമുണ്ടായിരുന്നു എന്ന് അതിൽ നിന്നറിയുന്നു. പക്ഷെ തിരുവങ്ങാട് എന്ന ഭാഗത്തിന്റെ പേര് മാത്രമായിരുന്നു അത്. ഗ്ലോസറി പഠനകാലത്ത് ടെലിച്ചറിയിൽ ജഡ്ജ്, സബ്ജഡ്ജ്, മുൻസിഫ്, സബ്കലക്ടർ, തഹസിൽദാർ എന്നിവരുടെ കേന്ദ്രകാര്യാലയങ്ങൾ സ്ഥിതിചെയ്തിരുന്നു. ജനസംഖ്യ 27196 ആയിരുന്നു. തുറമുഖത്ത് ആയിരം ഗജം അകലെ മാത്രമെ കപ്പലുകൾ നങ്കൂരമിട്ടിരുന്നുള്ളൂ.

ടെലിച്ചറി കോട്ട പണിതത് ഈസ്റ്റിന്ത്യാ കമ്പനിയായിരുന്നു. അതിനുമുമ്പ് ആ സ്ഥലത്ത് ഫ്രഞ്ചുകാർ എന്തോ പണിയാൻ ഉദ്ദേശിച്ചിരുന്നു. പ്രസ്തുത സ്ഥലം ചിറക്കൽ രാജാവിന്റേതായിരുന്നു. ഈസ്റ്റിന്ത്യാകമ്പനി 1708ലാണ് രാജാവിൽ നിന്ന് സ്ഥലം വാങ്ങിയത്. കമ്പനി 1683ൽ തന്നെ തലശ്ശേരിയിൽ പാണ്ടികശാല തുടങ്ങിയിരുന്നു. 1688ൽ അത് കൂടുതൽ സജ്ജമാക്കി. 1708 മുതൽ 1716 വരെയുള്ള കാലഘട്ടത്തിലാണ് തലച്ചേരിയിലെയും പരിസരത്തെയും സ്ഥലങ്ങൾ കമ്പനി കോലത്തിരിയിൽ നിന്നും വാങ്ങിയത്. തലച്ചേരിയുടെ തെക്കൻ പ്രാന്തം കുറുങ്ങോട്ട് നായരുടെ അധീനതയിലായിരുന്നു. അത് യുദ്ധം ചെയ്ത് കമ്പനി കൈവശമാക്കി. മൈസൂർ സുൽത്താന്മാരുടെ ആക്രമണങ്ങൾ ഈസ്റ്റിന്ത്യാ കമ്പനിക്ക് ഭീഷണിയായിരുന്നു. ചിറക്കൽ രാജാവിന്റെ സഹായത്തോടെയായിരുന്നു ഹൈദരാലിയുടെ ഫൗജിദാർ സർദാർ ഖാൻ 1708ൽ തലച്ചേരിയെ ഉപരോധിച്ചത്. തുടർന്ന് ടിപ്പുവിന്റെ പടയോട്ട കാലത്ത് അവരുടെ കൂട്ടുപിടിച്ച് ടിപ്പുവിനെതിരെയുള്ള യുദ്ധതന്ത്രങ്ങൾ മെനഞ്ഞതും തലശ്ശേരിയിൽ വെച്ചായിരുന്നു.

തലച്ചേരിയാണ് ആംഗ്ലവൽക്കരിക്കപ്പെട്ട് ടെലിച്ചറിയായി

ബ്രിട്ടീഷ് റിക്കാർഡുകളിൽ അറിയപ്പെട്ടത്. നാട്ടുകാർക്ക് തലച്ചേരി പരിഷ്ക്കരിച്ച് തലശ്ശേരിയുമായി. 'ടെലിച്ചറി ലറ്റേർസ്', 'ടെലിച്ചറി കൺസൽട്ടേഷൻ' എന്നിവയൊക്കെ ചെന്നൈയിലെ ആർക്കിവൈസിൽ മലബാർ ചരിത്രത്തിന്റെ പ്രഥമസ്രോതസ്സുകളായി ലഭ്യമാണ്. ഗുണ്ടർട്ടിന്റെ തലശ്ശേരി രേഖകളും, കേരളോൽപത്തിയും തലശ്ശേരിയുടെയും കേരളത്തിന്റെയും ഗതകാലത്തെക്കുറിച്ചറിയാനുതകുന്ന രചനകളാണ്. തലശ്ശേരിയിൽ വെച്ച് രചന നടന്ന കൃതികളുമാണ്.

താലൂക്കുകളുടെ പേരുകൾ മലയാളത്തിലാക്കണമെന്ന കേരളസർക്കാരിന്റെ ഉത്തരവിന്റെ ഫലമായാണ് ടെലിച്ചറി താലൂക്ക് ഔദ്യോഗികമായി തലശ്ശേരി താലൂക്കായി മാറിയത്. പക്ഷെ അതോടനുബന്ധമായി പട്ടണത്തിന്റെ പേരും ഇംഗ്ലീഷിൽ തലശ്ശേരി എന്നെഴുതാനാരംഭിച്ചു. മലയാളത്തിൽ തലശ്ശേരി എന്നു നേരത്തെ തന്നെ പ്രയോഗമുണ്ടായിരുന്നെങ്കിലും സംസ്ഥാന കേന്ദ്ര സർക്കാർ വിഭാഗങ്ങളിൽ ഇംഗ്ലീഷിലും ഹിന്ദിയിലും ഔദ്യോഗികമായി ടെലിച്ചറി എന്നായിരുന്നു. താലൂക്കിന്റെ പേരിനോടൊപ്പം പട്ടണത്തിന്റെ പേരും ഇംഗ്ലീഷിൽ തലശ്ശേരി ആയത് തുടക്കത്തിൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ അംഗീകരിച്ചിരുന്നില്ല. അതുകൊണ്ട് പോസ്റ്റാഫീസുകളിലും ടെലിഫോൺ വിഭാഗത്തിലും, റെയിൽവെയിലും ഏറെക്കാലം പട്ടണത്തിന്റെ പേര് ടെലിച്ചറിയായി തുടർന്നു. പിന്നീട് ക്രമേണ പോസ്റ്റാഫീസും റെയിൽവേയും തലശ്ശേരി എന്ന പേരിലേക്ക് പരിവർത്തനം ചെയ്തു. എന്നിട്ടും ഏറെക്കാലം ടെലിഫോൺ ഡയറക്ടറിയിൽ ടെലിച്ചറി എന്ന പേരു തുടർന്നിരുന്നു.

കേരളത്തിൽ രണ്ട് തലശ്ശേരികളുണ്ട് ഏറെയൊന്നും അറിയപ്പെടാത്ത ഗ്രാമമാണ് തൃശൂർ ജില്ലയിലെ തലശ്ശേരി. തലശ്ശേരിയുടെ ചരിത്രപ്രശസ്തി വിദേശരാജ്യങ്ങളുടെ സംഭാവനയാണ്. ഫ്രഞ്ചുകാരും ഡച്ചുകാരും ഒടുവിൽ ബ്രിട്ടീഷുകാരും അവരുടെ വ്യാപാരകേന്ദ്രം ഈ കൊച്ചുപട്ടണത്തിൽ സ്ഥാപിക്കാനുദ്യമിക്കുകയോ സ്ഥാപിക്കുകയോ ചെയ്തതു കൊണ്ടായിരുന്നു അത്. ബ്രണ്ണൻ കോളജ് സ്ഥാപിക്കുന്നതിന് കാരണക്കാരനായ ഇംഗ്ലീഷുകാരൻ എഡ്വേഡ് ബ്രണ്ണനും, ക്രിസ്തുമത പ്രചരണത്തിനു വേണ്ടി വന്ന് ഇവിടത്തെ വിദ്യാഭ്യാസസാഹിത്യവികാസത്തിനു കാരണക്കാരനായ ജർമ്മൻകാരൻ ഗുണ്ടർട്ടും തലശ്ശേരിയുടെ പ്രശസ്തിക്ക് കാരണക്കാരായിട്ടുണ്ട്. ●

## 56

# വേർഡ്സ്വർത്തും പി കെ ജിയും

പത്തൊമ്പതാം ശതകത്തിന്റെ ആരംഭത്തിൽ 'ലിറിക്കൽ ബലാഡ്സ്' പ്രസിദ്ധീകരിച്ചുകൊണ്ട് ആംഗലേയകവിതയിൽ കാൽപ്പനികവിപ്ലവം സൃഷ്ടിച്ച കവിയായിരുന്നു വില്യം വേർഡ്സ്വർത്ത്. ഈ കവി ഇന്ത്യയിലെ സ്കൂൾ, കോളെജ് സിലബസുകൾക്ക് പ്രിയങ്കരനായിരുന്നു. പഠിപ്പിക്കാൻ എളുപ്പമുള്ള ലളിതമായ പദാവലി മാത്രമല്ല വേഡ്സ്വർത്തിന്റെ കവിതകളെ പ്രിയതരമാക്കിയത്. കാൽപ്പനികത, പ്രകൃതിസ്നേഹം, പ്രകൃതിയാരാധന– ഇവയൊക്കെ ഇന്ത്യൻ മനസ്സുകളെ ആകർഷിക്കുന്നവയായിരുന്നു. വേർഡ്സ്വർത്തിന്റെ ഡാഫോഡിൽസോ സോളിറ്ററി റീപ്പറോ അല്ലെങ്കിൽ ഏതെങ്കിലും ഗീതകങ്ങളോ ഇല്ലാത്ത ഇംഗ്ലീഷ് ടെക്സ്റ്റ് പുസ്തകങ്ങൾ ഉണ്ടായിട്ടില്ല എന്നുവേണം പറയാൻ. വിശിഷ്യാ എസ് എസ് എൽ സി തലത്തിലെങ്കിലും "I wandered lonely as a cloud/ That floats on high o'er vales and hills/ When all at once I saw a crowd/ A host of golden daffodils..." തുടങ്ങിയ 'ഡാഫോഡിൽസ്' എന്ന കവിതയിലെ വരികൾ ഹൃദിസ്ഥമാക്കാത്ത ഹൈസ്കൂൾ വിദ്യാർഥികൾ അന്ന് അപൂർവ്വമായിരുന്നു. ഈ പദ്യം ഈയ്യിടെ ഒരു ഒരു വിദ്യാർഥി മലയാളത്തിൽ മൊഴിമാറ്റം ചെയ്തു കണ്ടപ്പോൾ ആഹ്ലാദം തോന്നുകയുണ്ടായി.

വേർഡ്സ്വർത്തിന്റെ മറ്റൊരു പ്രസിദ്ധ കവിതയായ സോളിറ്ററി റീപ്പറിന്റെ മലയാള മൊഴിമാറ്റം 1950ൽ നിർവ്വഹിക്കപ്പെട്ടിരുന്നു.

മൂർക്കോത്ത് കുമാരൻ മാസ്റ്ററുടെ വജ്രസൂചി മാസിക നടത്തിയ കവിതാ മത്സരത്തിൽ ഈ മൊഴിമാറ്റത്തിന് ഒന്നാം സമ്മാനം ലഭിക്കുകയുണ്ടായി. വേർഡ്സ്വർത്തിന്റെ ഈ കവിത കൊയ്ത്തുകാരി എന്ന ശീർഷകത്തിൽ മൊഴിമാറ്റം ചെയ്തിരുന്നത് അന്ന് വിദ്യാർഥിയായിരുന്ന പി കെ ജി വടക്കുമ്പാടായിരുന്നു. ആ കവിതയിലെ ഹിബ്രിഡു ദ്വീപുകളെ കുറിച്ചുള്ള പരമാർശമില്ലായിരുന്നുവെങ്കിൽ അതൊരു തനിമലയാള കവിതയാണെന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ള മലയാളത്തമുണ്ടായിരുന്നു പി കെ ജിയുടെ കൊയ്ത്തുകാരിക്ക്.

'കതിരണിക്കേദാര ഭൂമിലെങ്ങാ/ കർഷക വനിതയെ കാണ്മു ദൂരെ/ അവശുകയായ് കതിർ കൊയ്തിടുന്നു/ സ്വയമേവതൂകുന്ന മുഗ്ധ ഗീതം/ ഇവിടെയൊരിത്തിരി നിൽക്കുക നാം/ നിഭൃതം ചരിച്ചീടുകല്ലെന്നാകിൽ' എന്നു തുടങ്ങുന്ന ഈ കവിതാ മൊഴിമാറ്റം ആഹ്ലാദകരമായ വായനാനുഭവം നൽകുന്നു.

ജന്മസ്ഥലമായ വടക്കുമ്പാട് നിന്ന് തലശ്ശേരിയിലെ നങ്ങാറത്ത് പീടികയിലേക്ക് ചേക്കേറിയ ഈ കവി എൺപതുകൾ വരെ ശ്രദ്ധേയമായ കവിതാ രചനകളിലേർപ്പെട്ടിരുന്നു. ദേശമിത്രം, ചന്ദ്രികാ ആഴ്ചപ്പതിപ്പ് തുടങ്ങിയുള്ള ആനുകാലികങ്ങളിൽ കവിതകൾ എഴുതിയിരുന്നു. ഉദ്യോഗത്തിൽ നിന്ന് വിരമിച്ച അദ്ദേഹം ഇന്ന് പല സമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്.

'പാടുവാൻ വിശാലമീ പാരിന്റെയപദാനം/ പാരാതെൻ കവിചിത്തം പാഴ്ശ്രമം ചെയ്യുന്നേരം/ പൊൻ ചിലമ്പൊലിയോടെന്നരികത്തണഞ്ഞാലും/ ശിഞ്ജിത നൃത്തം ചെയ്യാൻ കവിതേ മടിയാതെ' എന്ന കവിതയോട് നമിച്ചഭ്യർഥിച്ചിരുന്ന പി കെ ജി എന്തുകൊണ്ടോ കവിതയിൽ നിന്നകലുന്നതായിരുന്നു കാണാൻ കഴിഞ്ഞത്. വേഡ്സ്വർത്തിന്റെ മൊഴിമാറ്റത്തിലൂടെ ശ്രദ്ധേയനായ കവിക്ക് വേഡ്സ്വർത്തിന്റെ തന്നെ വിധി വന്നു ഭവിച്ചോ എന്നാശങ്കിക്കുന്നു. ദീർഘകാലം ജീവിച്ചിരുന്ന വേർഡ്സ്വർത്ത് നാൽപതു വയസ്സിനു ശേഷം കവിതകളൊന്നും രചിച്ചിരുന്നില്ല.

പി കെ ജിയുടെ തെരഞ്ഞെടുത്ത കവിതകൾ 'അഗ്നിനിലാവ്' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. അഗ്നിനിലാവിലെ കവിതകളിൽ പി കെ ജിയുടെ പഴയ രചനാതന്ത്രം അവയ്ക്ക് ഗൃഹ്യത കൈവരുന്നുണ്ടെന്ന് പി കെ ജിയുടെ സഹപാഠി കൂടിയായിരുന്ന ഡോ. ടി പി സുകുമാരൻ അഭിപ്രായപ്പെട്ടിരുന്നു. 'തിരിഞ്ഞു നോക്കുമ്പോൾ' എന്നൊരു കഥാസമാഹാരം കൂടി പി കെ ജിക്ക് അവകാശപ്പെടാനുണ്ട്. 'കോക്കസിലെ തടവുകാർ' എന്നൊരു വിവർത്തനവും അണ്ടലൂർക്കാവിന്റെയും വടക്കുമ്പാടിന്റെയും ജഗന്നാഥക്ഷേത്രത്തിന്റെയും ചരിത്രങ്ങൾ പി കെ ജിയുടെ മറ്റു രചനകളാണ് ●

57

# തലശ്ശേരി മുസ്ലിംകളുടെ ബറാത്ത്

ഇസ്ലാം ഒരു സാർവ്വലൗകിക മതമാണെങ്കിലും ആചാരാനുഷ്ഠാനങ്ങളിലും സാംസ്ക്കാരിക തനിമകളിലും വ്യതിരിക്തമായി നിൽക്കുന്ന വൈവിധ്യമുള്ള മുസ്ലിം സമൂഹങ്ങളെ ലോകമെമ്പാടും ദർശിക്കാവുന്നതാണ്. ആചാരാനുഷ്ഠാനങ്ങളിൽ തലശ്ശേരിയുടേതായ തനിമ നിലനിർത്തുന്നവരാണ് തലശ്ശേരിയിലെ മുസ്ലിംകൾ. സർവ്വരും ആഘോഷിക്കുന്ന ചടങ്ങുകളിൽ തന്നെ ഒരു തലശ്ശേരി വ്യതിരിക്തത ദൃശ്യമാവാറുണ്ട്.

മുസ്ലിം കലണ്ടറിലെ എട്ടാം മാസമാണ് ശഅബാൻ. അതിലെ 15-ാം തിയ്യതി മുസ്ലിംകളുടെ ഇടയിൽ സവിശേഷ ദിവസമാണ്. ഈ ദിവസത്തെ ബറാത്ത് എന്ന പേരിലാണ് വിശേഷിപ്പിക്കപ്പെടാറുള്ളത്. ദിവസത്തെക്കാൾ, രാത്രിക്കാണ് പ്രാധാന്യം. സാധാരണഗതിയിൽ മുസ്ലിം കലണ്ടറിൽ ദിവസം ആരംഭിക്കുന്നത് സൂര്യാസ്തമയം തൊട്ടാണ്. അതങ്ങനെ അല്ലെങ്കിലും 14ന് അസ്തമനാന്തരം തുടങ്ങുന്ന രാത്രിയാണ് പ്രാധാന്യമർഹിക്കുന്ന രാത്രിയായി ഗണിക്കപ്പെടുന്നത്. ഇന്ത്യയിലെ മറ്റു സ്ഥലങ്ങളിലും ഇറാനിലും ഇത് ശബേ ബറാത്ത് എന്ന നാമത്തിലാണ് അറിയപ്പെടുന്നത്. ശബ് എന്ന പേർഷ്യൻ പദത്തിന് രാത്രി എന്നർഥം. ബറാത്ത് രാവ് എന്നാണ് ശബേ ബറാത്ത് പ്രയോഗംകൊണ്ടുദ്ദേശിക്കുന്നത്. ബറാത്തിന് പേർഷ്യൻ ഭാഷയിൽ കല്ല്യാണ ഘോഷയാത്ര എന്ന അർഥമുണ്ടെങ്കിലും മോചനം എന്ന അർഥത്തിലാണത്രെ ഇവിടെ ആ

പദം ഉപയോഗിക്കുന്നത്. പാപമോചനം ലഭിക്കുന്ന രാത്രിയെന്ന അർഥമായിരിക്കാമുദ്ദേശിക്കുന്നത്.

ഈ രാത്രിയുടെ സവിശേഷതകളെ കുറിച്ച് ചില വിശ്വാസങ്ങൾ പൊതുവെ മുസ്‌ലിംകൾക്കിടയിലുണ്ട്. അന്ന് രാത്രിയിൽ പ്രാർഥനയിൽ മുഴുകിയാൽ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടുമെന്നാണ് ഒരു വിശ്വാസം. ഖുർആനിലെ 36-മത്തെ അധ്യായമായ യാസീൻ സന്ധ്യമയങ്ങുന്ന നേരത്ത് മൂന്നാവർത്തി ഓതിയാൽ മരണപ്പെട്ടവർക്കും ജീവിച്ചിരിക്കുന്നവർക്കും ഒരു വർഷത്തേക്കുള്ള ഭക്ഷണവിഭവങ്ങൾ തീരുമാനിക്കപ്പെടുമെന്നുമുള്ള വിശ്വാസമുണ്ട്. ബറാത്ത് രാത്രി, ലോകത്തുള്ള മനുഷ്യരുടെ തൊട്ടടുത്ത വർഷത്തെ ഭക്ഷണ പദാർഥങ്ങളുടെ ഓഹരി നിശ്ചയിക്കപ്പെടുന്ന രാത്രിയാണെന്ന വിശ്വാസം പലരിലും രൂഢമൂലമാണ്. നന്ദിസൂചകമായി പിറ്റേദിവസം വിശ്വാസികൾ വ്രതമനുഷ്ഠിക്കുകയും ചെയ്യുന്നു. എന്നാൽ ആശ്ചര്യകരമായ വസ്തുത ഈ വിശ്വാസങ്ങൾക്കൊന്നും മതപരമായ അടിസ്ഥാനമില്ലെന്നതാണ്. ഉൽപതിഷ്ണു മുസ്‌ലിംകൾ ഈ ദിവസം ആഘോഷിക്കുന്നില്ലെന്ന് മാത്രമല്ല, അത് മതനിന്ദയായും കണക്കാക്കുന്നു. നിർദ്ദേശിച്ചതിനേക്കാൾ നിർദ്ദേശിക്കപ്പെടാത്തതിന് പ്രാധാന്യം ലഭിക്കുന്നത് എല്ലാ മതങ്ങളിലും ദർശിക്കാവുന്ന പ്രതിഭാസമാണല്ലോ.

കേരളത്തിന് പുറത്തുള്ള മുസ്‌ലിംകൾ ബറാത്ത് രാത്രി ഒരു പെരുന്നാളാഘോഷമാക്കാറുണ്ട്. വിശേഷ വിരുന്നൊരുക്കലും പുതുവസ്ത്രങ്ങൾ അണിയലും വെടിക്കെട്ടുകളും ആഘോഷത്തിന്റെ ഭാഗങ്ങളാണ്. അന്ന് രാത്രി നമസ്ക്കാരം വൈകി ആരംഭിച്ച് ദീർഘനേരം രാത്രി പ്രാർഥനകൾക്കായി ചെലവഴിക്കുകയും ചെയ്യുന്നു. ആഘോഷവും ആരാധനയും ഇടകലർന്ന ഒരു വേളയാണ് ശബേ ബറാത്ത്. കേരളത്തിൽ ഇതിന് മതപരിവേഷമാണുള്ളത്. രാത്രി ദീർഘിച്ച പ്രാർഥന, പിറ്റേദിവസം നോമ്പനുഷ്ഠിക്കൽ എന്നിവയിൽ പരിമിതമാണ്. എന്നാൽ തലശ്ശേരിയിൽ, ഗതകാലത്ത് ഇതൊരു വിശേഷ ദിവസം തന്നെയായിരുന്നു. പുതിയാപ്പിളമാരുടെ വീടുകളിൽ ബറാത്ത് അറിയിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. കല്ല്യാണം കഴിഞ്ഞ് ആദ്യത്തെ ബറാത്താണെങ്കിൽ പുതിയാപ്പിള ഭാര്യയ്ക്ക് പുതുവസ്ത്രങ്ങൾ വാങ്ങിച്ചുകൊടുക്കുന്ന പതിവുണ്ട്. സന്ധ്യയ്ക്ക് തന്നെ പലഹാരങ്ങൾ തയ്യാറാക്കുന്ന തിരക്കിലായിരിക്കും വീട്ടമ്മമാർ. ദ്വീപിൽ നിന്നിറക്കുമതി ചെയ്യപ്പെട്ടിരുന്ന പാടച്ചക്കര ഉപയോഗിച്ചുണ്ടാക്കുന്ന പുളിയാരൽ അന്നുണ്ടാക്കാറുള്ള വിശിഷ്ഠ മധുരപലഹാരമായിരുന്നു. പഴം പൊരിച്ചത്, നെയ്പ്പത്തിരി, നെയ്യപ്പം

എന്നിവയും അന്നത്തെ വിശേഷ പലഹാരങ്ങൾ തന്നെ. ഈത്തപ്പഴം മുക്കിപ്പൊരിച്ചതും കൂടെ കാണും. അതിന് ശേഷം നെയ്ച്ചോറും കോഴിക്കറിയുമായിരുന്നു പതിവ്. ആവശ്യത്തിലധികം ഉണ്ടാക്കുന്ന പലഹാരങ്ങളൊക്കെ ബാക്കിയാവുക പതിവായിരുന്നു. പിറ്റേന്ന് രാവിലെ തോട്ടികൾ ബറാത്ത് കോളിനായി വീടുകളിലെത്തുമ്പോൾ ബാക്കി പലഹാരങ്ങൾ അവർക്ക് നൽകാറാണ് പതിവ്. പുതിയാപ്പിളമാരില്ലാത്ത വീടുകളിലും പലഹാരങ്ങൾ അധികമുണ്ടാക്കുന്നതിന്റെ കാരണം മുത്തശ്ശിമാർക്ക് പറയാനുണ്ടാവുക, രാവിലെ തോട്ടികൾ വന്നാൽ കൊടുക്കേണ്ടേയെന്നായിരിക്കും.

പിറ്റേദിവസം ഉച്ചക്കത്തെ വിശേഷവിഭവം തേങ്ങാച്ചോറായിരുന്നു. കല്ലുമ്മക്കായ ചേർത്തുണ്ടാക്കുന്ന തേങ്ങാച്ചോറിന്റെ രുചി ഒരു ഗതകാലാനുഭവമാണ്. സ്ത്രീകൾ നോമ്പനുഷ്ഠിക്കാറുണ്ടെങ്കിലും പുരുഷന്മാർക്കും കുട്ടികൾക്കുമായിരുന്നു വിശേഷാൽ ഭക്ഷണം തയ്യാറാക്കിയിരുന്നത്. ബറാത്തിന്റെ ഭക്ഷണ സവിശേഷതകളെല്ലാം ഇന്ന് അസ്തമിച്ചുകൊണ്ടിരി ക്കുകയാണ്.

ബറാത്ത് രാത്രിയുടെ മറ്റൊരു തലശ്ശേരി സവിശേഷത, സന്ധ്യയ്ക്ക് ശേഷം കൊടികളുമായി ബറാത്ത് കുട്ടികളുടെ ആഗമനമാണ്. വർണ്ണക്കടലാസുകൾകൊണ്ട് കൊടികളുണ്ടാക്കി, അത് വാഴത്തണ്ടിലോ, ചേമ്പ് തണ്ടിലോ കുത്തി ഈ കുട്ടികൾ വീടുകൾ തോറും കയറിയിറങ്ങിയിരുന്നു. വീട്ടുകാർ നാണയങ്ങൾ നല്കി ഈ കുട്ടികളിൽ നിന്ന് കൊടികൾ വാങ്ങുന്നു. കൊടികളുമായി വീടുകൾ കയറിച്ചെല്ലുന്ന കുട്ടികൾ ഒരു നാടൻ പാട്ട് പാടാറുണ്ടായിരുന്നു.

'ബറാത്തോ ബർക്കത്തോ
സീയിന്റെ പള്ളിക്ക് സുന്നത്തോ
മായൻകുട്ടി എളയ, തന്നില്ലാ തിന്നില്ലാ'

അവസാന വരിയിൽ മായൻകുട്ടി എളയ എന്നതിന് പകരം മായൻകുട്ടിയാപ്ല എന്ന പാഠാന്തരവുമുണ്ടായിരുന്നു. ഇത് ഗതകാലത്തെ ഏതോ ഒരു സംഭവവുമായി ബന്ധപ്പെട്ടതായിരിക്കാനാണ് സാധ്യത. ഖുർആൻ ആദ്യമായി അറബി മലയാളത്തിൽ മൊഴിമാറ്റം നടത്തിയ പണ്ഡിതനും കേയി കുടുംബത്തിലെ അംഗവുമായിരുന്നു മായൻകുട്ടി എളയ. അദ്ദേഹത്തിന്റെ ഖുർആൻ വിവർത്തനത്തെ അന്നത്തെ പണ്ഡിതവർഗ്ഗം എതിർത്തിരുന്നു. ഒരു സാമൂഹിക പരിഷ്ക്കർത്താവ് കൂടിയായിരുന്ന മായൻകുട്ടി ഒരുപക്ഷേ ബറാത്ത് ആചാരത്തെ എതിർത്തിട്ടുണ്ടായിരിക്കാം. അതാണീ പാട്ടിൽ ദ്യോതിപ്പിക്കപ്പെടുന്നത്.

അങ്ങനെ ബറാത്ത് അതിന്റെ എല്ലാ സവിശേഷതകളോടുകൂടി തലശ്ശേരി മുസ്‌ലിംകളും ആചരിച്ചിരുന്നു. തനി നാടൻ ആചാരമായിരുന്നു ഗതകാലത്തിൽ.

പ്രവാചകൻ മുഹമ്മദ് ഏഴാം മാസമായ റജബ് മുതൽ ഖുർആൻ അവതീർണ്ണമായ, വ്രതാനുഷ്ഠാനത്തിന്റെ മാസമായ റമദാനെ പ്രതീക്ഷിക്കാറുണ്ടായിരുന്നു. റജബിലും ശഅബാനിലും ബർക്കത്തിനെ (അനുഗ്രഹങ്ങൾ) പ്രദാനം ചെയ്യേണമേ എന്ന് പ്രാർഥിക്കാറുമുണ്ടായിരുന്നു. പ്രവാചകൻ എല്ലാ മാസങ്ങളിലേയും മധ്യദിനങ്ങളിൽ നോമ്പ് അനുഷ്ഠിക്കുകയും പതിവായിരുന്നു. അങ്ങനെ ശഅബാൻ 15നും നോമ്പനുഷ്ഠിച്ചിരുന്നു. ഇതിലധികമായി ഈ ദിവസത്തിനോ രാത്രിക്കോ സവിശേഷതയില്ലെന്നാണ് പ്രബുദ്ധ മുസ്‌ലിംകളുടെ നിലപാട്. ഇസ്‌ലാമിലേക്ക് വരുന്നതിന് മുമ്പ് പേർഷ്യക്കാരുടെ ഇടയിലുണ്ടായിരുന്ന വിശ്വാസമായിരുന്നു ശബേ ബറാത്ത് എന്ന അഭിപ്രായവുമുണ്ട്. കഴിഞ്ഞ വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടുകയും അടുത്ത വർഷത്തെ ഭക്ഷണ ഓഹരി നിർണ്ണയിക്കപ്പെടുകയും ചെയ്യുന്ന ഒരു രാത്രിയുണ്ടെന്നായിരുന്നു പഴയ പേർഷ്യൻ വിശ്വാസം. വിശ്വാസം എന്തുതന്നെയായിരുന്നാലും പഴയ തലശ്ശേരി മുസ്‌ലിംകൾ അവരുടെ തനതുശൈലിയിൽ ഇതിനെ ഒരു ഫോക്ക് ആചാരമാക്കിയിരുന്നു●

58

# ‘തായലപ്പള്ളി’: കേയി പ്രാമാണിക പ്രതീകം

തലശ്ശേരിയിൽ കൊപ്പരയും കുരുമുളകും എത്തിച്ചാൽ കൂടുതൽ വില കിട്ടുമെന്നുറപ്പായപ്പോൾ ആലുപ്പി അതിന്റെ ശ്രമത്തിലായി. അചിരേണ അദ്ദേഹം തന്റെ വ്യാപാരസ്ഥലം തലശ്ശേരിയിലേക്ക് മാറ്റി. കോട്ടയം തമ്പുരാനിൽ നിന്ന് സ്ഥലം സമ്പാദിച്ച് തലശ്ശേരിയിൽ കൊപ്പരക്കളത്തോട് കൂടി എടുപ്പ് ഉണ്ടാക്കി വ്യാപാരാഭിവൃദ്ധി നേടി. കുരുമുളകിന് പുറമേ കാപ്പി, ഏലം, ചന്ദനം തുടങ്ങിയവും യൂറോപ്യൻ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാനാരംഭിച്ചു. യൂറോപ്യൻ സാധനങ്ങൾ ഇറക്കുമതി ചെയ്ത് വിൽപ്പന നടത്താനുള്ള സംരംഭവും തുടങ്ങി. വ്യാപാരം തലശ്ശേരിയിലേക്ക് മാറ്റിയതോടെ തന്റെ കച്ചവട സ്ഥലത്ത് തന്നെ സഹോദരി കയ്യ ഉമ്മയോടും അവരുടെ സന്താനങ്ങളായ ബപ്പൻ, മൂസ്സ എന്നിവരോടുമൊപ്പം താമസമായി. വ്യാപാരാഭിവൃദ്ധിയോടെ ആലപ്പി ബഹുമാനിതയാനെങ്കിലും നേരത്തെ തലശ്ശേരിയിൽ ഉണ്ടായിരുന്ന മുസ്‌ലിം കുടുംബങ്ങൾ ചൊവ്വയിൽ നിന്ന് കുടിയേറിയ ആലപ്പിയെ അവരുടെ സമൂഹത്തിലേക്ക് ഉൾക്കൊള്ളാൻ വിസമ്മതിച്ചു. മൂസ്സ ഇല്ലം എന്നുകൂടി അറിയപ്പെട്ടിരുന്ന വാണിയമ്പലത്ത് വധുവിന് വേണ്ടി അന്വേഷിച്ചപ്പോൾ ആലുപ്പി അപമാനിക്കപ്പെടുകയാണുണ്ടായത്. ആലുപ്പിയുടെ വ്യാപാര പ്രാമാണിത്വം അംഗീകരിക്കാൻ വാണിയമ്പലത്തുകാർ തയ്യാറുണ്ടായിരുന്നില്ല. ഒരുപക്ഷേ അസൂയയും അവരെ ഭരിച്ചിരിക്കാം. അതുകൊണ്ടാണ് ആലുപ്പിയെ സാമൂഹിക ബഹിഷ്ക്കരണം ചെയ്യാൻ അവരെ പ്രേരിപ്പിച്ചതും. വാണിയമ്പലത്തുകാരുടെ കുടുംബ പള്ളിയിൽ (ചാലിൽ പള്ളി)യിൽ ആലുപ്പി വരുന്നത് അവർ വിലക്കി.

ഈ വിലക്ക് ആലുപ്പിയെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമായി ഭവിച്ചു. താൻ സഹിച്ച അപമാനങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള സാമ്പത്തിക ശേഷി അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ട് ചാലിൽ പള്ളിയിൽ നിന്ന് അൽപദൂരം താഴെയുള്ള സ്ഥലം കോട്ടയം തമ്പുരാനിൽ നിന്ന് വിലയ്ക്ക് വാങ്ങി പള്ളിയുടെ നിർമ്മാണമാരംഭിച്ചു. പള്ളിയുടെ നിർമാണത്തോടെ ആലുപ്പിയുടെ പ്രഭാവം വർധിക്കുകയും ചെയ്തു. അന്ന് അത്രയൊന്നും പ്രസിദ്ധമല്ലാതിരുന്ന 'അച്ചാരത്ത്' വീട്ടിലെ പെൺകുട്ടിയെ ആലുപ്പി വിവാഹം ചെയ്തു. ആലുപ്പി കൂടുതൽ പാണ്ടികശാലകൾ പണിതു. വ്യാപാരം പൂർവ്വോപരി അഭിവൃദ്ധി പ്രാപിച്ചു. ആലുപ്പിയെ ജനങ്ങളും മറ്റ് വ്യാപാരികളും ബഹുമാനപൂർവ്വം ആലുപ്പിക്കാക്ക എന്ന് അഭിസംബോധന ചെയ്യാൻ ആരംഭിച്ചു. മരുമക്കത്തായം സ്വീകരിച്ച ആലുപ്പിക്കാക്കയുടെ കുടുംബത്തിൽ മരുമകൻ മൂസക്കാക്ക ആലുപ്പിക്കാക്കയുടെ മകളെ വിവാഹം ചെയത് മഹാനായ പിന്തുടർച്ചക്കാരനായി വന്നു.

കേയിമാർ എന്നറിയപ്പെടുന്നതിന് 340 വർഷം മുമ്പുള്ള പ്രാരംഭ ചരിത്രമാണിത്. ആലുപ്പിക്കാക്ക പുതിയ പള്ളി എടുത്തപ്പോൾ വാണിയമ്പലത്തുകാരുടെ വിദ്വേഷം വർധിക്കുകയാണുണ്ടായത്. ആലുപ്പിക്കാക്കയുടെ വിവാഹം നടത്തിക്കൊടുക്കാതിരിക്കാൻ അവർ ഖാദിയെ സ്വാധീനിച്ചു. തന്റെ കുടുംബത്തിന് വേണ്ടി ഒരു പ്രത്യേക ഖാദിയെ നിശ്ചയിച്ചുകൊണ്ട് ഈ എതിർപ്പിനേയും ആലപ്പിക്കാക്ക തരണം ചെയ്തു. കേയിമാരുടെ പ്രത്യേക ഖാദി എന്ന നിലയുണ്ടായതിന്റെ ആരംഭവും ഇതായിരുന്നു.

എതിർപ്പുകളെ തരണം ചെയ്ത് തന്റെ കുടിയേറ്റ കുടുംബത്തിന് സ്ഥാനം ഉറപ്പിക്കാൻ സാഹസപ്പെട്ട ആലുപ്പിക്കാക്ക അനുസ്മരണീയമായ വ്യക്തിത്വമാണ്. വ്യാപാര പ്രാമുഖ്യം നേടിയതോടെ തന്റെ സഹോദരിയേയും മരുമക്കളേയും വ്യാപാര സ്ഥലത്തുള്ള താമസസ്ഥലത്ത് നിന്ന് മാറ്റി പട്ടണത്തിന്റെ അൽപം ഉള്ളിലേക്ക് മാറി വീടെടുത്ത് താമസിപ്പിച്ചു. ഈ വീടിന് ഓർക്കാട്ടേരി എന്ന് നാമകരണം ചെയ്തു. കേയി കുടുംബങ്ങളുടെ പ്രഭവസ്ഥാനമായിരുന്നു ചൊവ്വക്കാരൻ ഓർക്കാട്ടേരി വീട്.

ഓർക്കാട്ടേരിയിൽ വെച്ചായിരുന്നു ആലപ്പിക്കാക്കയുടെ അന്ത്യം. അദ്ദേഹത്തിന്റെ മയ്യത്ത് അദ്ദേഹം സ്ഥാപിച്ച പള്ളിയുടെ അങ്കണത്തിലായിരുന്നു മറമാടപ്പെട്ടത്. പള്ളിയുടെ മുമ്പിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിനുള്ളിലാണ് അദ്ദേഹത്തിന്റേയും സഹോദരിയുടേയും മൂസക്കാക്ക ഒഴികെയുള്ള മരുമക്കളുടേയും ഖബറുകളുള്ളത്. കുടിയേറ്റക്കാരായി വന്നവരെ തലശ്ശേരിയുടെ കേയിമാർ എന്ന സ്ഥാനീയ ജന്മിമാരാക്കി പരിണമിപ്പിച്ചതിന്റെ പ്രഥമ ബഹുമതിക്ക് അർഹൻ ആലുപ്പിക്കാക്കയാണ് ●

# 59

# തലശ്ശേരി 'ഓടത്തിലപ്പള്ളി' ചരിത്രപശ്ചാത്തലം

'ചൊവ്വക്കാരൻ' വ്യാപാര കുടുംബത്തിന് തലശ്ശേരിയിൽ അടിത്തറ പാകിയത് ആലുപ്പിക്കാക്ക ആയിരുന്നുവെങ്കിലും, പ്രസ്തുത കുടുംബം പ്രതാപത്തിന്റെ ഉന്നതിയിൽ എത്തിച്ചേർന്നത്, ആലുപ്പിക്കാക്കയുടെ മരുമകൻ മൂസാക്കാക്കയുടെ കാലത്തായിരുന്നു. ചെറുപ്പം മുതൽ തന്നെ വ്യാപാരാവശ്യാർഥം മറുനാടുകളിൽ സഞ്ചരിച്ച് അനുഭവ സമ്പത്ത് നേടിയ മൂസക്കാക്ക കുശാഗ്ര ബുദ്ധിശാലിയും ഊർജ്ജസ്വലനും അതിലുമേറെ സത്യസന്ധനുമായിരുന്നു. സത്യസന്ധനായ വ്യാപാരിയെന്ന ഖ്യാതിയായിരുന്നു അദ്ദേഹത്തിന് തിരുവിതാംകൂർ രാജകുടുംബവുമായി ഗാഢബന്ധമുണ്ടാകുവാൻ കാരണമായത്. നയതന്ത്രകോവിദനെന്ന നിലയിൽ പിന്നീട് അറക്കൽ രാജവംശവുമായുള്ള ബ്രിട്ടീഷ് ഉടമ്പടികളിൽ അദ്ദേഹത്തിന് മുഖ്യപങ്ക് വഹിക്കുവാനും കഴിഞ്ഞിരുന്നു.

തന്റെ കാരണവരെ വെല്ലുന്ന വ്യാപാര സാമർഥ്യംമൂലം മൂസാക്കാക്ക തലശ്ശേരിയിലെ കയറ്റിറക്കുമതികളുടെ മേൽക്കോയ്മ നേടിയെടുത്തു. തലശ്ശേരിയിൽ പാണ്ടികശാലകൾ ആരംഭിച്ച ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് അനിവാര്യനായ വ്യാപാര കാര്യസ്ഥനായി തീരാൻ മൂസാക്കാക്ക് കഴിഞ്ഞിരുന്നു. അന്നത്തെ തദ്ദേശീയ മുസ്‌ലിം ആഢ്യകുടുംബത്തിൽ നിന്ന് അവഹേളനം ലഭിക്കുകയും പള്ളിവിലക്ക് നേരിടുകയും ചെയ്തപ്പോൾ സ്വാഭിമാനം സംരക്ഷിക്കാൻ സ്വന്തം പള്ളി നിർമ്മിക്കുകയും പ്രത്യേകം ഖാദിയെ നിയമിക്കുകയും ചെയ്ത കാരണവർ ആലുപ്പിക്കയുടെ

മരുമകന്, ചൊവ്വക്കാരന്മാർ തലശ്ശേരിയിലെ പ്രതാപികളായി തീർന്നപ്പോൾ അതിനനുയോജ്യമായ രീതിയിൽ വലിയൊരു പള്ളി സ്ഥാപിക്കണമെന്ന ശാഠ്യം ഉണ്ടായി. തത്ഫലമായാണ് ചൊവ്വക്കാരന്റെ പ്രതാപത്തിന്റെ നിത്യ ചിഹ്നമായി ഇന്നും ഓടത്തില പ്പള്ളി നിന്നുപോരുന്നത്.

തിരുവിതാംകൂർ രാജാവിൽ നിന്ന് ലഭിച്ച ധാരാളം തേക്കിൻ തടികളുടെ ഉടമയായിട്ടായിരുന്നു മൂസാക്ക തലശ്ശേരിയിൽ തിരിച്ചെത്തിയിരുന്നത്. അവ ഉപയോഗിച്ച് വിശാലമായൊരു പാണ്ടികശാല കണ്ണാടിയലങ്കാരങ്ങളോടെ നിർമ്മിച്ച് ബാക്കി ഉണ്ടായിരുന്ന മരം മുഴുവൻ പള്ളി പണിയാനായി മാറ്റിവെച്ചു. തലശ്ശേരിയിൽ വെച്ച് ടിപ്പു സുൽത്താനുമായുള്ള ഏറ്റുമുട്ടലിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സേനയുടെ വെടിയുണ്ടകൾ തീർന്നപ്പോൾ പകരം ഇരുപത് ലക്ഷം 'ഉണ്ടക്കാസ്' നാണയങ്ങൾ മൂസാക്ക കമ്പനിക്ക് നല്കി സഹായിച്ചിരുന്നുവെന്ന ഐതിഹ്യമുണ്ട്. പലതരത്തിലും കമ്പനിയുടെ സഹവർത്തകനായ മൂസാക്കാക്ക ചോദിച്ചത് ഡച്ചുകാരിൽ നിന്ന് കമ്പനി കൈവശമാക്കിയ 'ഓടം' ആയിരുന്നു. ഡച്ച് ഭാഷയിൽ തോട്ടം എന്നർഥമുള്ളതായിരുന്നു പ്രസ്തുത പദം. കരിമ്പിൻ കൃഷിത്തോട്ടവുമായിരുന്നുവത്രെ അത്. (മുളന്തോട്ടം (ഓടം= മുള) എന്നൊരു വകഭേദവുമുണ്ട്.) കമ്പനി അത് സൗജന്യമായി മൂസാക്കാക്ക് നല്കാൻ തയ്യാറായി. എന്നാൽ തനിക്കത് പള്ളി സ്ഥാപിക്കാനുദ്ദേശിച്ചാണ് ആവശ്യമെന്നും അതുകൊണ്ട് വില നിശ്ചയിച്ചുകൊണ്ടു തന്നെ തരണമെന്നും മൂസക്കാക്ക ധരിപ്പിച്ചതനുസരിച്ച് കമ്പനി മൂസക്കാക്കാക്ക് 'ഓടം' വിൽക്കുകയാണുണ്ടായത്. അഞ്ച് ഏക്കറോളം വിസ്തീർണ്ണമായ ഓടത്തിന്റെ മധ്യസ്ഥാനത്ത് പള്ളി നിർമ്മാണം ആരംഭിക്കുകയും ചെയ്തു. പള്ളിയോട് ചേർന്നുള്ള സ്ഥലങ്ങൾ പിന്നീട് അന്യാധീനപ്പെടുക നിമിത്തം ഇന്ന് അത്രയും സ്ഥലം പള്ളിയുടെ കൈവശമില്ല എന്നത് പിന്നീട് പള്ളി പരിപാലനത്തിൽ വന്ന വീഴ്ചയുടെ ഭാഗമാണ്.

കടപ്പുറത്തുള്ള മരത്തടികൾ ആനകളെകൊണ്ട് വലിപ്പിച്ചാണ് പള്ളി പണി സ്ഥലത്തേക്ക് എത്തിച്ചത്. അതിനായി തായലങ്ങാടിയിൽ നിന്ന് ഓടം ഭാഗത്ത് സ്ഥിതി ചെയ്യുന്ന നിരത്തിലേക്ക് (ഇപ്പോഴത്തെ ലോഗൻസ് റോഡ്) പുതിയൊരു നിരത്ത് വെട്ടുകയുണ്ടായത്രെ. പൂർണ്ണമായും തേക്ക് മരങ്ങൾ ഉപയോഗിച്ച് പണിത പള്ളിയുടെ മേൽക്കൂര മേഞ്ഞത് ചെമ്പ് തകിടുകൾ കൊണ്ടാണ്. കേരള ക്ഷേത്ര ശിൽപ ശൈലിയിൽ നിർമ്മിച്ച പള്ളിക്ക് തദനുസരണം പൊൻ– വെള്ളി താഴികക്കുടങ്ങളും നിർമ്മിച്ച് സ്ഥാപിക്കാനുദ്ദേശിച്ചു. എന്നാൽ താഴികക്കുടങ്ങൾ സ്ഥാപിക്കുന്നത് തർക്ക

ഹേതുവായി. നിർമ്മിക്കപ്പെട്ട താഴികക്കുടങ്ങൾ പള്ളിയുടെ മേൽക്കൂരയിൽ ചൂടപ്പെടാതെ മൂസക്കാക്കയുടെ കണ്ണാടി പാണ്ടികശാലയിൽ തന്നെ സൂക്ഷിക്കപ്പെട്ടു. ക്ഷേത്ര ശൈലിയിൽ നിർമ്മിക്കപ്പെട്ട പള്ളിയിൽ താഴികക്കുടങ്ങൾ കൂടി സ്ഥാപിക്കപ്പെടുമ്പോൾ തിരുവങ്ങാട് ശ്രീരാമ ക്ഷേത്രത്തിന്റെ ഗാംഭീര്യം നഷ്ടപ്പെട്ടുപോവുമോ എന്ന സന്ദേഹത്താൽ ചിലർ കോലത്തിരി രാജാവുമായി ബന്ധപ്പെട്ട് രാജാവിനെക്കൊണ്ട് പള്ളിക്ക് താഴികക്കുടങ്ങൾ സ്ഥാപിക്കുന്നതിനെ തടഞ്ഞു എന്നായിരുന്നു ഒരു അഭ്യൂഹം. പള്ളിക്ക് പൂർണ്ണമായി ക്ഷേത്രശൈലി വേണ്ട എന്ന അഭിപ്രായം ഉയർന്നതും താഴികക്കുടങ്ങൾ സ്ഥാപിക്കുന്നതിന് തടസ്സമായി എന്നും പറയപ്പെടുന്നു. പള്ളി പണി പൂർത്തിയായി നമസ്ക്കാരം ആരംഭിച്ച് ഏകദേശം 225 വർഷങ്ങളായെന്ന് കണക്കാക്കപ്പെടുന്നു. പള്ളിയുടെ ഉദ്ഘാടനത്തെക്കുറിച്ചും മറ്റുമുള്ള വിവരങ്ങൾ ലഭ്യമല്ല. 1806ൽ മൂസക്കാക്ക ചരമഗതി പ്രാപിച്ചു. ഹിജ്റ വർഷത്തിലെ ദുൽഹജ്ജ് മാസം ഒന്നാം തിയ്യതിയായിരുന്നു ചരമദിനം എന്നതിനാൽ വർഷംതോറും പ്രസ്തുത ദിനം മൂസക്കാക്കയുടെ ചരമ ദിന- ആണ്ട്-മായി ആചരിച്ചുവരാറുണ്ട്. മൂസക്കാക്കയുടെ ഭൗതിക ശരീരം പള്ളിയുടെ മുറ്റത്ത് തന്നെ മറമാടുകയാണുണ്ടായത്. മൂസക്കാക്കയുടെ നിര്യാണാനന്തരം ഏകദേശം 32 വർഷങ്ങൾക്ക് ശേഷം കേളോത്ത് താവഴിയിൽ കാരണവർ സ്ഥാനം അലങ്കരിച്ച കുഞ്ഞമ്മദ് കേയിയാണ് കണ്ണാടി പാണ്ടികശാലയിൽ സൂക്ഷിക്കപ്പെട്ട പൊൻ- വെള്ളി താഴികക്കുടങ്ങൾ പള്ളിയുടെ മേൽക്കൂരയിൽ സ്ഥാപിച്ചത്. മൂസക്കാക്കയുടെ രണ്ടാമത്തെ സഹോദരി ബീക്കുട്ടിയുടെ മകനായിരുന്ന കുഞ്ഞമ്മദ് കേയി അതിബുദ്ധിമാനും സമർഥനുമായിരുന്നു. ബോംബെയിലും കർണാടകത്തിലും തമിഴ്നാട്ടിലും തിരുവിതാംകൂറിലുമുള്ള വസ്തുക്കൾ തന്റെ താവഴിയുടെ അധീനത്തിലാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. അറബി സ്ത്രീയെ വിവാഹം കഴിച്ച ആൾ എന്ന നിലയിലും അദ്ദേഹത്തിന് കീർത്തിയുണ്ടായിരുന്നു. പ്രസ്തുത ഭാര്യയ്ക്കുവേണ്ടി പണിതതായിരുന്നു 'പുതിയ വളപ്പിൽ' എന്ന ഭവനം. 'ആച്ചുന്റവിട' എന്ന പേരിലും ഈ ഭവനം അറിയപ്പെട്ടിരുന്നു. കൊച്ചിയിൽ നിന്നും വിവാഹം കഴിച്ചുകൊണ്ടുവന്ന ഭാര്യയ്ക്ക് പണിയുകയായിരുന്നു 'പുതിയ പുര'. 'സാദിയന്റവിട' എന്നും ഇതിന് പേരുണ്ടായിരുന്നു.

ഓടത്തിലപ്പള്ളിയിലെ മേൽക്കൂരയിലെ ചെമ്പ് തകിടുകൾക്ക് ഇതിനകം കേടുപാടുകൾ സംഭവിച്ചിരുന്നു. ചെമ്പ് തകിടുകൾ മാറ്റി പണിയാൻ കുഞ്ഞമ്മദ് കേയി മറ്റു മൂന്ന് താവഴികളിലേയും കാരണവന്മാരെ വിളിച്ചുകൂട്ടി മരാമത്ത് ജോലികളെ കുറിച്ചും അതിനുള്ള ചിലവിനെ കുറിച്ചും ചർച്ച ചെയ്തു. നാല് താവഴികളും

ചേർന്ന് ചിലവ് വീതിക്കണമെന്ന് തീരുമാനമായെങ്കിലും അവസാനത്തിൽ മറ്റ് മൂന്നു താവഴികളും ഒഴിഞ്ഞു മാറുക നിമിത്തം കുഞ്ഞമ്മദ് കേയി തന്നെ സ്വന്തം ചെലവിൽ നിർവഹിക്കുകയാണുണ്ടായതത്രെ. എന്നാൽ പള്ളി പരിപാലനത്തിന് നാല് താവഴികൾക്കും കൂട്ടുത്തരവാദിത്വമാണുണ്ടാവുക എന്ന മുൻനിശ്ചയത്തിൽ നിന്ന് മാറ്റം വരുത്തി. മേൽനോട്ടത്തിന് അമാന്തമാണുണ്ടാക്കിയതെന്ന അനുഭവംകൊണ്ട് പണിയുടെ മേൽനോട്ട ഉത്തരവാദിത്വം വയ്യപ്രത്ത് കുന്നത്ത് ബാവുഹാജി എന്ന വ്യക്തിയെ കുഞ്ഞമ്മദ് കേയി ഏൽപ്പിച്ചു. ചെമ്പ് തകിടുകൾ മാറ്റുന്നതോടൊപ്പം, നേരത്തെ മൂസക്കാക്ക ഉണ്ടാക്കിവെച്ച മൂന്ന് താഴികക്കുടങ്ങളും അതോടൊപ്പം മൂന്ന് പൊൻ താഴികക്കുടങ്ങൾ കൂടി നിർമ്മിച്ച് അവ പള്ളിയുടെ മേൽക്കൂരക്ക് സ്ഥാപിക്കാൻ കുഞ്ഞമ്മദ് കേയി തീരുമാനിച്ചു. താഴികക്കുടങ്ങൾ സ്ഥാപിക്കുന്നത് തലശ്ശേരിയുടെ വർണ്ണ ശബളമായ ഒരാഘോഷമാക്കാൻ കുഞ്ഞമ്മദ് കേയിക്ക് കഴിഞ്ഞിരുന്നു. 1871ലായിരുന്നു ഈ ആഘോഷം നടന്നത്. രാജകീയ പ്രമുഖരും ജന്മികളും ഉന്നത ഉദ്യോഗസ്ഥരും മറ്റു പ്രമാണിമാരും വിശിഷ്ടാതിഥികളായി ക്ഷണിക്കപ്പെട്ടിരുന്നു. ദഫ്, കോൽക്കളി, പാട്ടുകാർ എന്നിവരുടെ അകമ്പടിയോടെ, ഗജവീരന്മാരുടെ പുറത്ത് ആലവട്ട വെൺചാമരം വീശിക്കൊണ്ട് പൊൻകുടങ്ങൾ നഗരപ്രദക്ഷിണമായി പള്ളിയിൽ എത്തിക്കുകയായിരുന്നു. നാല് താവഴികളിലുള്ള കേയി കുടുംബാംഗങ്ങൾ മുഴുവൻ ഇവിടെ സന്നിഹിതരായിരുന്നു. ആയിരക്കണക്കിനുള്ള ജനങ്ങളും ചടങ്ങുകൾ വീക്ഷിക്കാൻ എത്തിയിരുന്നു. കേയി കുടിയാന്മാർ നേന്ത്രപ്പഴക്കുലകൾ കാഴ്ചയായി കൊണ്ടുവന്നിരുന്നു. കുടിക്കാൻ തയ്യാറാക്കിയ പഞ്ചസാര വെള്ളം പോരാതെ വന്നപ്പോൾ കിണറ്റിൽ തന്നെ പഞ്ചസാര ചാക്കുകൾ ചെരിഞ്ഞ് ആളുകൾക്ക് വെള്ളം കോരിക്കൊടുത്തുവെന്നാണ് ഐതിഹ്യം. ഘോഷയാത്രയ്ക്ക് അകമ്പടി വഹിച്ച സേനാവ്യൂഹവും കണ്ണൂരിൽ നിന്നെത്തിയ സൈനിക ബേന്റും ഏറെക്കാലം തലശ്ശേരിക്കാരുടെ സ്മൃതികളിൽ മായാതെ പതിഞ്ഞു കിടന്നിരുന്നു. ഈ ആഘോഷത്തിന് ശേഷം ഏഴ് വർഷം കൂടി കുഞ്ഞമ്മദ് കേയി ജീവിച്ചിരുന്നു. 1879ൽ നിര്യാതനായ അദ്ദേഹത്തിന്റെ ഭൗതിക ശരീരവും പള്ളി മുറ്റത്ത് തന്നെയായിരുന്നു അടക്കം ചെയ്തിരുന്നത്. പിന്നീട് പള്ളി വികസിപ്പിക്കുമ്പോൾ ഇദ്ദേഹത്തിന്റെ ഖബർ നിരപ്പാക്കപ്പെടുകയാണുണ്ടായതെന്ന് തോന്നുന്നു. മൂസക്കാക്കയുടേയും അദ്ദേഹത്തിന്റെ രണ്ട് ഭാര്യമാരുടേയും ഖബർ മാത്രമാണ് പൂർവ്വ സ്ഥാനത്ത് അവശേഷിപ്പിച്ചിരിക്കുന്നത്.

പിൽക്കാലത്ത് പള്ളി വികസിപ്പിക്കുമ്പോൾ പള്ളിയുടെ പുരാതന ശിൽപ്പശൈലി പിന്തുടരാനുള്ള മനസ്സ് പള്ളി പരിപാലന

കമ്മിറ്റിക്കുണ്ടായില്ല എന്നത് ഖേദകരമാണ്. പുതിയ കോൺക്രീറ്റ് കെട്ടിടങ്ങൾ കൂടുതൽ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നുവെങ്കിലും പഴയ ശിൽപശൈലിയുമായി സമമാനം പാലിക്കപ്പെടാതെ അഭംഗിയായി സ്ഥിതി ചെയ്യുന്നു. മേൽക്കൂരയിൽ പാകിയ ചെമ്പ് തകിടുകളും ശരിയായ വിധത്തിലല്ല സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. വിശാലമായ പള്ളിക്കുളവും പരിപാലിക്കപ്പെടാതെ കാടുപിടിച്ച് കിടക്കുകയാണ്. ജലസംഭരണികളുടെ വർത്തമാന പ്രസക്തി മനസ്സിലാക്കി പള്ളിക്കുളം പുനരുദ്ധാരണം ചെയ്യേണ്ടതാണ്. ചരിത്ര ഗവേഷകരും വിദേശ സഞ്ചാരികളും ഏറെ താത്പര്യമെടുത്ത് സന്ദർശിക്കുന്ന പള്ളി അതിന്റെ പൂർവ്വ ശൈലീഗാംഭീര്യത്തിൽ തന്നെ സൂക്ഷിക്കാൻ പ്രതിബദ്ധത കാണിക്കേണ്ടതാണ്. മൂസക്കാക്ക ബോംബെയിലും ഒരു പള്ളി പണിതിരുന്നു. 'മാപ്പിള മസ്ജിദ്' എന്ന പേരിൽ അറിയപ്പെട്ടിരുന്ന പള്ളി പുനരുദ്ധാരണം നടത്തി കേരള മുസ്‌ലിം അസോസിയേഷനാണ് ഇപ്പോൾ പരിപാലിക്കുന്നത് ●

# 60
# തലശ്ശേരിയിലെ ഇന്തോ സാരസൻ നിർമിതി

തലശ്ശേരിയുടെ പൗരാണിക മുസ്ലിം പള്ളിയെന്നറിയപ്പെടുന്നതാണ് സ്റ്റേഡിയത്തെ അഭിമുഖീകരിച്ച് സ്ഥിതി ചെയ്യുന്ന പഴയ ജുമാഅത്ത് പള്ളി. ഏകദേശം ആയിരം വർഷം പഴക്കമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. കേരളക്കരയിൽ ഇസ്ലാമിക പ്രബോധനത്തിന് എത്തിച്ചേർന്ന മാലിക്ബിന് ദീനാറിന് ശേഷം തീരപ്രദേശത്ത് നിർമിക്കപ്പെട്ട പത്ത് പള്ളികളിൽ ഒൻപതാമത്തേതായിരുന്നുവത്രെ തലശ്ശേരിയിലെ പഴയ ജുമുഅത്ത് പള്ളി. തലശ്ശേരിയിലെ പ്രാചീന മുസ്ലിം അധിവാസകേന്ദ്രം ഈ പള്ളിയോടടുത്ത പാലിശ്ശേരി പ്രദേശത്തായിരുന്നു. പഴയ തലശ്ശേരി ലോപിച്ചാണ് പാലിശ്ശേരി ആയതെന്നും അഭിപ്രായമുണ്ട്. തലശ്ശേരി ഒരു വ്യാപാര കേന്ദ്രമായി അറിയപ്പെടുന്നത് 1683ൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി തലശ്ശേരിയിൽ അവരുടെ വ്യാപാര സ്ഥാപനം ആരംഭിച്ചതിന് ശേഷം മാത്രമായിരുന്നു. തലശ്ശേരിയിൽ മുസ്ലിം വ്യാപാരികളുടെ സാന്നിധ്യവും അതിന് ശേഷം മാത്രമായിരുന്നു. എന്നിരുന്നാലും അതിനുമുമ്പുതന്നെ മുസ്ലിം അധിവാസമുണ്ടായിരുന്നു എന്നതിന് തെളിവാണ് പഴയ ജുമുഅത്ത് പള്ളി.

ഒരു കൊച്ചുപള്ളി മാത്രമായിരുന്നത്. ഒരുപക്ഷേ മുസ്ലിം നാവികർക്ക് വിശ്രമിക്കാനും പ്രാർഥിക്കാനുമായി പണിതതായിരിക്കാം. അല്ലെങ്കിൽ ധർമടത്ത് വ്യാപാരികളായ മുസ്ലിംകളിൽ ചിലരെങ്കിലും പാലിശ്ശേരിയിൽ വസിച്ചിരുന്നത് കൊണ്ടായിരിക്കാം. മാലി

ക് ബിൻ ദീനാർ സ്ഥാപിച്ച പ്രസിദ്ധമായ പള്ളികളിൽ ഒന്ന് ധർമ ടത്തായിരുന്നു. കടൽത്തീരത്ത് സ്ഥിതി ചെയ്ത പള്ളി പലതവ ണകളിലായി പുതുക്കിപ്പണിതിരുന്നു. പാലിശ്ശേരിയിലെ മുസ്‌ലിം അധിവാസം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ആഗമനാനന്തരം അധികമായി. കാലക്രമത്തിൽ പ്രാർഥനയ്ക്ക് പോകാനുള്ള സൗക ര്യത്തിനായി പള്ളി, ഇപ്പോൾ എം ജി റോഡിൽ സി എസ് ഐ പള്ളിക്കും ബ്രണ്ണൻ ഹയർ സെക്കൻഡറി സ്കൂളിനും മധ്യേയുള്ള സ്ഥലത്ത് മാറ്റിപ്പണിയാൻ തീരുമാനിക്കുകയുണ്ടായി. പള്ളിക്കു വേണ്ട തറ പണിയുകയും ചെയ്തു. എന്നാൽ അവിടെ പള്ളി പണിയാൻ ഇംഗ്ലീഷുകാർ അനുമതി നൽകുകയുണ്ടായില്ല. അതു കൊണ്ട് പഴയ ജുമുഅത്ത് പള്ളി മരാമത്ത് പണികൾ ചെയ്ത് ഇപ്പോഴുള്ള സ്ഥലത്ത് തന്നെ നിലനിർത്തി. അന്യാധീനമായിപ്പോ യേക്കാവുന്ന എം ജി റോഡിലെ സ്ഥലം പിത്ക്കാലത്ത് മക്കിയാ ക്ക, പുതുവാച്ചേരി മൂസ എന്നിവരടങ്ങിയ പള്ളി പ്രവർത്തക സമിതി മുൻകൈയെടുത്ത് പള്ളിയുടെ വരുമാന സ്രോതസ്സാക്കി മാറ്റി.

1950കളുടെ ആദ്യത്തിൽ നവീകരണം ആവശ്യമാകുന്ന വിധ ത്തിൽ പള്ളിയുടെ കെട്ടിടത്തിന് ബലക്ഷയം സംഭവിച്ചിരുന്നു. സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ അധ്യക്ഷനായുള്ള ഒരു വിശാല സമിതി പള്ളി പുനർ നിർമാണത്തിനായി സംഘടി പ്പിക്കപ്പെട്ടു. എൻജിനിയർ ടി പി കുട്ട്യാമു കുറഞ്ഞ ചെലവിൽ പള്ളി പുനർ നിർമിക്കാനുള്ള പ്ലാനും എസ്റ്റിമേറ്റും നൽകി. അന്നത്തെ നിലയിൽ പതിമൂന്നായിരം രൂപയായിരുന്നു ചെലവ് പ്രതീക്ഷിച്ചിരുന്നത്. ഇന്നത്തെ ചുറ്റുപാടല്ല അന്നുണ്ടായിരുന്നത്. ഗൾഫ് മേഖലകളിൽ നിന്ന് വരുമാനങ്ങൾ കൊണ്ട് സമ്പന്നമായി തീർന്നിരുന്നില്ല. കൽക്കത്ത, ബോംബെ, മദിരാശി, പിന്നെ റങ്കൂൺ, കൊളംബ് എന്നിവിടങ്ങളിൽ നിന്നുമുള്ള മുസ്‌ലിം വ്യാപാരിക ളെയായിരുന്നു സാമ്പത്തിക സഹായത്തിന് ആശ്രയിച്ചിരുന്നത്. കൽക്കത്തയിലെ വ്യാപാരി പാച്ചൻ മൊയ്തു ഹാജി പള്ളി പുനർ നിർമാണത്തിന് നല്ലൊരു തുക വാഗ്ദാനം ചെയ്തു. പക്ഷേ അഞ്ചു വർഷം കഴിഞ്ഞിട്ടും നിർമാണ പ്രവൃത്തി എവിടേയും എത്തിയി ല്ല. വീണ്ടും പുതിയൊരു സമിതി രൂപവത്ക്കരിച്ചു. ഇത്തവണ സമിതിയിലെ പ്രധാന പ്രവർത്തകനായിരുന്ന മക്കി രജിസ്ട്രാർ (മക്കിയാക്ക) പള്ളിയുടെ ദുർബലമായ ഭാഗം പൊളിച്ചുകളഞ്ഞു. ഇത് അന്നത്തെ ഖാദി അടക്കമുള്ളവരെ ക്ഷോഭിപ്പിച്ചുവെങ്കിലും, പൊളിക്കാതെ പുനർ നിർമാണം നടക്കില്ലെന്ന് മക്കിയാക്ക വാദി ച്ചു. പള്ളിയുടെ പുനർനിർമാണത്തിന്റെ പ്രവർത്തനത്തിന് അദ്ദേഹം തന്നെ നേതൃത്വം കൊടുത്തു. പള്ളിയുടെ പുനർ നിർമാ

ണത്തിൽ ഏറെ ബദ്ധശ്രദ്ധനായിരുന്ന ടി പി കുട്ട്യാമു എൻജിനിയർ പള്ളി ഇന്തോ- സാരസൻ മാതൃകയിലാക്കണമെന്ന നിർദ്ദേശവുമായി മുമ്പോട്ടുവന്നു. അതിന് ആവശ്യമായ സാങ്കേതിക ജ്ഞാനത്തിന് അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ അലക്സാണ്ടറിന്റെ സഹായം തേടി. നിർമാണത്തിന്റെ സാങ്കേതിക ചുമതല ശങ്കരനാചാരിക്കും നൽകി. ഇത്തവണ നിർമാണ പ്രവർത്തനം ബഹുവേഗത്തിൽ പുരോഗമിച്ചു.

കേരളക്കരയിൽ അതുവരെയുള്ള പള്ളി നിർമാണങ്ങൾ കേരള ക്ഷേത്ര തച്ചുശാസ്ത്ര പ്രകാരമായിരുന്നു. മിനാരങ്ങൾ സ്ഥാപിച്ച ചില പള്ളികളുമുണ്ടായിരുന്നു. എന്നാൽ ഇന്തോ- സാരസൻ മാതൃകയിൽ മുഖപ്പ് ഉള്ള കേരളത്തിലെ ആദ്യത്തെ പള്ളി ടി പി കുട്ട്യാമ്മുവിന്റെ നേതൃത്വത്തിൽ രൂപകൽപന ചെയ്ത തലശ്ശേരി പഴയ ജുമുഅത്ത് പള്ളി ആയിരുന്നു. ഭാരതീയവും ഇസ്‌ലാമികവുമായ ശിൽപകലകളെ സമന്വയിപ്പിച്ച രീതിയാണ് ഇന്തോ- സാരസൻ ശിൽപം. മുഗൾ ഭരണകാലത്താണ് ഈ സമ്മിശ്ര ശിൽപ ചാതുര്യത്തിൽ നിർമിതകളുണ്ടായത്. ഹൈന്ദവ ക്ഷേത്രങ്ങൾ പോലും ഇന്തോ- സാരസൻ രീതി അവലംബിച്ച് നിർമിക്കപ്പെട്ടിരുന്നു.

കടലലകളുടെ പശ്ചാതലത്തിൽ പ്രവിശാലമായ പുൽത്തകിടി മൈതാനത്തെ അഭിമുഖീകരിച്ച മനോഹരമായ പള്ളി സൗധത്തിന്റെ പണി പൂർത്തിയായത് 1957ലായിരുന്നു. 1957 മാർച്ച് 26ന് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോഴിക്കോട് വലിയ ഖാദി സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളായിരുന്നു പള്ളിയുടെ ഉദ്ഘാടന കർമം നിർവ്വഹിച്ചത്. ഒരു പ്രാർഥനാലയത്തിനുപരി തലശ്ശേരിയിലെ സന്ദർശകരെയെല്ലാം ആകർഷിക്കുന്ന മനോഹരമായ സൗധമായി അത് നിലനിൽക്കുന്നു. മക്കിയാക്കയുടെ ഊർജ്ജസ്വലതയുടേയും ടി പി കുട്ട്യാമു എൻജിനിയറുടെ ഭാവനാ സമ്പന്നതയുടേയും നിത്യസ്മാരകമായി പള്ളി സൗധം അതിന്റെ മനോഹാരിത നഷ്ടപ്പെടാതെ നിലനിൽക്കുന്നു.

ഏതാനും വർഷങ്ങൾക്ക് മുമ്പാണ് പള്ളി വിശാലപ്പെടുത്താനുള്ള നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. വികസന പ്രവർത്തനങ്ങൾ പള്ളിയുടെ നിലവിലുള്ള ഇന്തോ- സാരസൻ ശൈലിയെ അലങ്കോലപ്പെടുത്തരുതെന്ന പ്രതിബദ്ധത പള്ളി സമിതിയംഗങ്ങൾ പ്രകടിപ്പിച്ചത് കാരണം ഇന്തോ- സാരസൻ പ്രൗഢഭംഗിയോടെ തന്നെ പള്ളിയുടെ മുഖപ്പ് സ്ഥിതി ചെയ്യുന്നു.

മുസ്‌ലിം സമുദായത്തിൽ വിഭാഗീയ പ്രവർത്തനങ്ങൾ ശക്തമായതോടെ ഓരോ പള്ളിയും അതാത് വിഭാഗത്തിന്റെ പള്ളിയാണെന്ന് വ്യതിരിക്തപ്പെട്ടുപോയിരിക്കുകയാണ്. അതിനൊരപവാ

ദമാണ് പഴയ ജുമുഅത്ത് പള്ളി. വെള്ളിയാഴ്ച മലയാളത്തിൽ ഉദ്ബോധന പ്രസംഗം നടത്തുന്ന പ്രസ്തുത പള്ളി വിഭാഗീയത കൾക്ക് അതീതമായി എല്ലാ മുസ്ലിംകൾക്കും സ്വീകാര്യമായ പള്ളി യാണ്. അവിടുത്തെ പ്രസംഗങ്ങളിൽ വിഭാഗീയതയ്ക്കല്ല മുസ്ലിം ഐക്യത്തിനാണ് ഊന്നൽ നൽകപ്പെട്ടുകൊണ്ടിരിക്കുന്നത്. എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പള്ളി ഭരണ സമിതിയിൽ പ്രാതിനി ധ്യമുണ്ട്. അവിടുത്തെ ഖബർസ്ഥാനിൽ ഏതെങ്കിലും വിഭാഗ ത്തിനോ അല്ലെങ്കിൽ പ്രത്യേക പ്രദേശത്തിനോ പരിമിതപ്പെടു ത്തിയ ഒന്നുമല്ല. അന്യദേശക്കാരുടേയും അനാഥരുടേയുമൊക്കെ മയ്യിത്തുകൾ മറമാടുന്നതിന് അവിടെ യാതൊരു വിലക്കുമില്ല. അതുകൊണ്ട് ബാഹ്യമായ ശിൽപ ഭംഗി മാത്രമല്ല ഈ പള്ളിക്ക് അവകാശപ്പെടാനുള്ളത്, ആന്തരികമായ വിശാലമനസ്ക്കതയുടെ സൗന്ദര്യം കൂടി ഉൾക്കൊള്ളുന്ന മഹത് ദൈവികസ്ഥാനമാണിത്.

അറബി മലയാള സാഹിത്യത്തിലെ മഹനീയ സംഭാവനയായ കപ്പപ്പാട്ടിന്റെ കർത്താവ് മർഹൂം കുഞ്ഞായൻ മുസ്ല്യാർ അന്ത്യ വിശ്രമം കൊള്ളുന്നത് പഴയ ജുമുഅത്ത് പള്ളി അങ്കണത്തിലാ ണെന്ന് മുഹമ്മദ് ഫലക്കിയും ഒ ആബു സാഹിബും അവരുടെ ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയൊരു പ്രാധാന്യവും ഈ പള്ളിക്കുണ്ടെന്ന കാര്യം വിസ്മരിക്കാവതല്ല ! ●

# 61

# സ്വാതന്ത്ര്യാനന്തര പ്രഥമ മുൻസിപ്പൽ ചെയർമാൻ ടി അബ്ദുൽ ശുക്കൂർ

സ്വാതന്ത്ര്യാനന്തരം തലശ്ശേരി മുൻസിപ്പാലിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രഥമ ചെയർമാനായിരുന്നു അഡ്വ. ടി അബ്ദുൽ ശുക്കൂർ. അദ്ദേഹത്തിന്റെ ജന്മശതാബ്ദി 2008 ജൂലായിലായിരുന്നു. സ്വാതന്ത്ര്യാനന്തര തലശ്ശേരിയുടെ പ്രഥമ ചെയർമാനെ അദ്ദേഹത്തിന്റെ ജന്മശതാബ്ദിയിൽ അനുസ്മരിക്കാനും ആദരിക്കാനും നഗരസഭ മറന്നു. ടി അബ്ദുൽ ശുക്കൂർ പ്രതിനിധാനം ചെയ്ത രാഷ്ട്രീയ കക്ഷി- മുസ്‌ലിം ലീഗ്- മറന്നു. എന്തിനേറെ പറയാൻ അദ്ദേഹത്തിന്റെ കുടുംബം പോലും മറന്നു. ശതാബ്ദി വർഷത്തിലായിരുന്നു ശുക്കൂർ വക്കീലിന്റെ സഹധർമ്മിണി സഫിയാ ബീവി നിര്യാതയായത്. അപ്പോൾ പോലും ജന്മശതാബ്ദിയെ കുറിച്ച് ആരും ഓർത്തില്ല. ടി അബ്ദുൽ ശുക്കൂറിനെ കുറിച്ച് ഒരു ഓർമ്മ പുസ്തകം പുറത്തിറക്കണമെന്ന് കോഴിക്കോട്ടും തലശ്ശേരിയിലും പ്രവർത്തിക്കുന്ന മൈത്രി ഫോറം തീരുമാനിച്ചു. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമ്പോഴായിരുന്നു യാദൃശ്ചികമായി അദ്ദേഹത്തിന്റെ ജന്മശതാബ്ദിയെ കുറിച്ച് അറിയാൻ കഴിയുന്നത്. ഒരു നിയോഗം പോലെ അദ്ദേഹത്തെ കുറിച്ച് ഓർക്കാൻ ഇടയായത് ജന്മശതാബ്ദി വർഷം ആയെന്നു മാത്രം. കർമ കുശലതയും പ്രവർത്തന പ്രതിബദ്ധതയും രാഷ്ട്രീയ സദാചാരവും തിളങ്ങി നിന്ന വ്യക്തിത്വത്തിന്റെ ഉടമയായ ഒരു മഹത് വ്യക്തിക്ക് സംഭവിച്ച ദുരന്തത്തെ കുറിച്ചോർത്ത്

ദുഃഖിക്കുക തന്നെ.

1908 ജൂലായ് 15നാണ് ടി അബ്ദുൽ ശുക്കൂർ തലശ്ശേരിയിലെ പ്രശസ്തമായ മുസ്‌ലിം തറവാടുകളിലൊന്നായ ‘തൈത്തോട്ടത്ത്’ ഭൂജാതനായത്. പ്രാഥമിക വിദ്യാഭ്യാസം ടൗൺ മാപ്പിള സ്കൂളിൽ വെച്ചായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം ബ്രണ്ണൻ കോളെജിൽ വെച്ചുമായിരുന്നു. ബിരുദപഠനം മദിരാശിയിലെ പ്രശസ്ത കോളെജായ മദ്രാസ് കൃസ്ത്യൻ കോളെജിൽ വെച്ചായിരുന്നു. തുടർന്ന് മദ്രാസ് ലോ കോളെജിൽ നിന്ന് നിയമ ബിരുദവും നേടി 1933ൽ അഡ്വ. ബി പോക്കർ സാഹിബിന്റെ കീഴിൽ അഭിഭാഷകനായി. 1935ൽ തലശ്ശേരി കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് തുടങ്ങി. പോക്കർ സാഹിബിന്റെ കൂടെ മദ്രാസ് ഹൈക്കോടതിയിൽ തുടർന്നുവെങ്കിൽ അദ്ദേഹത്തിന് ഹൈക്കോടതി ജഡ്ജിവരെ ഉയരാനുള്ള സാധ്യത ഉണ്ടായിരുന്നു. എന്നാൽ തലശ്ശേരിയോടുള്ള സ്നേഹം കാരണം മറ്റെവിടെയെങ്കിലും പോകാൻ അദ്ദേഹം സന്നദ്ധനായിരുന്നില്ല. വ്യത്യസ്തനായൊരു അഭിഭാഷകനായിരുന്നദ്ദേഹം. തനിക്ക് കേസുകൾ ലഭിക്കണമെന്ന് ഒരിക്കലും അഭിലഷിക്കാത്ത ഒരാൾ. കോടതിക്ക് പുറത്ത് ഒത്തുതീർപ്പിലാക്കാൻ കക്ഷികളെ ഉപദേശിച്ചിരുന്ന അഭിഭാഷകൻ. വർഷങ്ങളോളം കോടതിയിൽ ‘കേസും കുണ്ടാമണ്ടിയുമായി’ കെട്ടിമറിയുന്നത് എന്തിനാണെന്ന് കക്ഷികളോട് ചോദിച്ചിരുന്ന അഭിഭാഷകൻ.

വളരെ യാദൃശ്ചികമായാണ് ടി അബ്ദുൽ ശുക്കൂർ തലശ്ശേരി നഗരസഭയുടെ ചെയർമാനാകുന്നത്. സ്വാതന്ത്ര്യാനന്തരം നഗരസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിനായിരുന്നു ഭൂരിപക്ഷം. എന്നാൽ കോൺഗ്രസിന്റെ പതിവു പരിപാടിയായ തൊഴുത്തിൽ കുത്ത് കാരണം 24 അംഗങ്ങളുള്ള നഗരസഭയിൽ 14 അംഗങ്ങൾ ഉണ്ടായിരുന്നിട്ടും ഒരു ചെയർമാൻ സ്ഥാനാർഥിയെ കണ്ടുപിടിക്കാനുള്ള യോജിപ്പുണ്ടായില്ല. അക്കാരണത്താൽ അന്നത്തെ ടൗൺ കോൺഗ്രസ് പ്രസിഡന്റ് അഡ്വ. കെ പി രാഘവൻ നായർ മുസ്‌ലിം ലീഗിന് ചെയർമാൻ സ്ഥാനം നൽകാൻ സമ്മതിച്ചു. മുസ്‌ലിം ലീഗിന് ഒൻപത് അംഗങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ ഏറ്റവുമധികം ഭൂരിപക്ഷത്തോടെ ജയിച്ച സ്ഥാനാർഥി അഡ്വ. ടി അബ്ദുൽ ശുക്കൂറായിരുന്നു. എതിർ സ്ഥാനാർഥിക്ക് മൂന്ന് വോട്ടുകൾ മാത്രമായിരുന്നു ലഭിച്ചത്. ടി അബ്ദുൽ ശുക്കൂറിനെ മുസ്‌ലിം ലീഗ് ചെയർമാൻ സ്ഥാനാർഥിയായി പ്രഖ്യാപിച്ചു. അദ്ദേഹം ചെയർമാനായും മറ്റൊരു സ്ഥാനാർഥിയായ എം എ ഗോവിന്ദൻ വൈസ് ചെയർമാനായും

തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ രണ്ടുവർഷം സ്വാതന്ത്ര്യാനന്തര തലശ്ശേരിയിലെ പ്രഥമ ചെയർമാനായി വളരെ ശ്രദ്ധേയമായി ഭരണം നടത്തി. നഗരസഭ ഭരണം കമ്മീഷണർ തുടങ്ങിയ അധികാരികളിൽ നിന്ന് തികച്ചും ജനപ്രതിനിധികളിലേക്ക് മാറ്റാനുള്ള ബോധപൂർവ്വമായ പ്രവർത്തനം അദ്ദേഹം നടത്തി. നഗരസഭയുടെ എല്ലാവിധ പ്രവർത്തനങ്ങൾക്കും പുതിയ ചെയർ മാൻ വ്യക്തിപരമായി മേൽനോട്ടം വഹിച്ചു. ചെയർമാൻ സ്ഥാന ത്തിന്റെ അന്തസ്സ് നിലനിർത്തി. 1947 ഒക്ടോബർ മുതൽ 1949 നവംബർ വരെയായിരുന്നു അദ്ദേഹം മുൻസിപ്പൽ ചെയർമാനായി തുടർന്നത്.

മുസ്‌ലിം ലീഗിന് ചെയർമാൻ പദവി നൽകിയത് ഒരു നിബന്ധന യിലായിരുന്നു. കോൺഗ്രസ് അംഗങ്ങൾ യോജിച്ച് ഒരു ചെയർ മാൻ സ്ഥാനാർഥിയെ കണ്ടാൽ ചെയർമാൻ പദവി തിരിച്ച് കോൺ ഗ്രസ് കക്ഷിയിലെ പ്രസ്തുത വ്യക്തിക്ക് നൽകണമെന്നതാ യിരുന്നു അത്. കോൺഗ്രസിലെ തൊഴുത്തിൽ കുത്ത് കഴിഞ്ഞ് അവർ ഏകോപിച്ച് ശ്രീമതി ലളിതാ പ്രഭുവിനെ ചെയർമാൻ സ്ഥാനത്തേക്ക് കൊണ്ടു വന്നു. അങ്ങനെ തലശ്ശേരിക്ക് പ്രഥമമായി ഒരു വനിതാ ചെയർമാൻ ഉണ്ടായി. ശുക്കൂർ വക്കീൽ ചെയർമാൻ സ്ഥാനം രാജിവെച്ചു. അതിനിടയിൽ സ്വന്തം കക്ഷിയോടുതന്നെ അസ്വാരസ്യം ഉണ്ടായ അദ്ദേഹം കൗൺസിലർ സ്ഥാനവും രാജി വെച്ചു.

അഡ്വ. ശുക്കൂറിന്റെ സീനിയർ അഭിഭാഷകനും മുസ്‌ലിം ലീഗിന്റെ പ്രഗത്ഭ നേതാവുമായ ബി പോക്കർ സാഹിബായിരുന്നു അദ്ദേഹത്തെ മുസ്‌ലിം ലീഗ് രാഷ്ട്രീയത്തിലേക്ക് കൊണ്ടുവന്നത്. പഴയ കോട്ടയം താലൂക്കിൽ മുസ്‌ലിം ലീഗിന്റെ വളർച്ചയ്ക്ക് വേണ്ടി ശുക്കൂർ വക്കീൽ അനവരതം പ്രവർത്തിച്ചു. അഡ്വ. രാംദാസ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് മുസ്‌ലിം ലീഗിന്റെ 'വോട്ട് കാച്ചർ' എന്നാണ്. കർക്കശസ്വഭാവുമുള്ള അഡ്വ. ശുക്കൂർ പലപ്പോഴും ലീഗ് നേതൃത്വത്തോട് ഇടഞ്ഞുനിന്നു. ശുക്കൂറിന്റെ പ്രശസ്തി തമസ്കരിക്കപ്പെടാൻ ഇത് ഒരു കാരണമായിരുന്നു.

സാമൂഹിക വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ അഡ്വ. ശുക്കൂർ മുൻപന്തിയിലുണ്ടായിരുന്നു. കോട്ടയം താലൂക്കിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കാൻ അദ്ദേഹമുണ്ടായിരുന്നു. തലശ്ശേരിയിലെ പിലാക്കൂലിലുള്ള അൽ മദ്റസത്തുൽ ഇസ്‌ലാ മിയ്യ ഗേൾസ് സ്കൂളിന്റെ പ്രസിഡന്റ് ആയിരുന്ന അദ്ദേഹം പ്രസ് തുത സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. അതൊരു ഹൈസ്കൂൾ ആയി വികസിപ്പിക്കണമെന്ന അദ്ദേഹ

ത്തിന്റെ ആഗ്രഹം പൂവണിഞ്ഞില്ല. മുബാറക്ക് ഹൈസ്കൂ ളിന്റെ പ്രഗത്ഭനായ മാനേജരായിരുന്നു അദ്ദേഹം. മാനേജരായിരിക്കുന്ന കാലത്ത് അധ്യാപകർക്ക് ശമ്പളം കൊടുക്കാൻ പണമില്ലാതെ വരുമ്പോൾ സ്വന്തം ഭാര്യയുടെ ആഭരണങ്ങൾ പണയം വെച്ച് ശമ്പളം കൃത്യസമയത്ത് നൽകിവന്നിരുന്നു.

കേരളത്തിലെ പ്രമുഖ വ്യാപാരിയും ജന്മിയുമായിരുന്ന എ കെ കുഞ്ഞിമായൻ ഹാജിയുടെ പുത്രിയായ സഫിയാ ബീവിയായിരുന്നു അദ്ദേഹത്തിന്റെ സഹധർമ്മിണി. തന്റെ ഭാര്യാപിതാവ് മുഖേന ലഭ്യമായേക്കാവുന്ന പ്രശസ്തിയും സ്ഥാനമാനങ്ങളും അദ്ദേഹം നിരാകരിച്ചു. എന്നും സ്വാഭിമാനം കാത്തുസൂക്ഷിച്ചിരുന്ന കർമ്മ ധീരനായിരുന്നു ശുക്കൂർ ●

# 62

# തലശ്ശേരിയുടെ വി സി 'ചന്ദ്രിക'യുടേയും

തലശ്ശേരി അഭിമാനിച്ചിരുന്ന ഒരു പ്രതിഭകൂടി കാലയവനികക്കുള്ളിൽ മറഞ്ഞു. പത്രാധിപ പ്രതിഭയെന്ന് പ്രശസ്തി നേടിയ വി സി അബൂബക്കർ ഇനി മുതൽ തലശ്ശേരിയുടെ ഗതകാല സ്മരണയാവുകയാണ്. തലശ്ശേരിയെ അത്യധികം സ്നേഹിച്ച, എവിടെയായാലും തലശ്ശേരയിലേക്ക് തിരിച്ചുവരാനാഗ്രഹിച്ച വി സി തലശ്ശേരി മണ്ണിൽ, താൻ സ്നേഹിച്ച കടലിന്റെ ആരവങ്ങൾ ശ്രവിച്ചുകൊണ്ടായിരിക്കും അന്ത്യവിശ്രമം കൊള്ളുന്നത്. അദ്ദേഹം ശയ്യാവലംബിയാകുന്നതിന് ഏതാനും മാസങ്ങൾക്ക് മുമ്പുള്ള ഒരു ചിത്രം ലേഖകന്റെ മനോമുകുരത്തിൽ തിളങ്ങുന്നു. മുമ്പിൽ കുട പൂഴിയിൽ കുത്തി, തലശ്ശേരി കടപ്പുറത്ത് ഏകാന്തനായി അസ്തമയ സൂര്യനെ നോക്കിയിരിക്കുന്ന വി സി. തലശ്ശേരിയുടെ കടപ്പുറവും കടലും അദ്ദേഹത്തിന്റെ ദൗർബല്യമായിരുന്നു. പതിവുതെറ്റാതെ സായാഹ്നങ്ങളിൽ തലശ്ശേരി കടപ്പുറത്തെത്തുന്ന സന്ദർഭങ്ങൾ വി സിയുടെ ഗതകാല ജീവിതത്തിന്റെ അനിവാര്യതകളിലൊന്നായിരുന്നു. വി സിയുടെ വ്യക്തിത്വത്തെ കുറിച്ച് ആരെങ്കിലും എന്തെങ്കിലും ദൂഷ്യം പറഞ്ഞതായി അറിവില്ല. മാന്യത, ഔദാര്യം, കുലീനത, ആഢ്യത്വം ഇവയൊക്കെ സമ്മിശ്രമായ വ്യക്തിത്വത്തിന്റെ മേമ്പൊടി സരസ ഭാഷണവും, വേദനിപ്പിക്കാത്ത പരിഹാസവുമായിരുന്നു. ഇംഗ്ലീഷിലെ 'ജന്റിൽമാൻ' എന്ന പദത്തിന്റെ അസ്സൽ അർഥത്തിലുള്ള ആഢ്യത്വം മുഴുവൻ വി

സി എന്ന വ്യക്തിത്വം സ്വായത്തമാക്കിയിരുന്നു. ഒരു കാലത്ത് തലശ്ശേരിയുടെ അർധ ഭാഗത്തിന്റെ ജന്മിത്വം അവകാശപ്പെട്ടിരുന്ന കുന്നത്ത് തറവാട്ട് താവഴിയുടെ കണ്ണിയായ വി സിയുടെ വ്യക്തിത്വം അങ്ങനെയല്ലെങ്കിലേ അത്ഭുതപ്പെടാനുള്ളു. വിദ്യാഭ്യാസത്തിലും മുമ്പന്തിയിൽ നിന്നത് പ്രസ്തുത തറവാട്ടുകാർ തന്നെയായിരുന്നല്ലോ. വിദ്യാഭ്യാസം പൂർത്തിയാക്കിയാൽ ഉന്നത ഔദ്യോഗിക പദവികൾ കിട്ടാനുള്ള സാധ്യത നിരാകരിച്ച് ഒരു നിയോഗം പോലെ, തലശ്ശേരിയിൽ നിന്നാരംഭിച്ച ചന്ദ്രികയുടെ പത്രാധിപരായത്, സേവനത്തിന് മുൻഗണന നല്കിയ കുലീന വ്യക്തിത്വത്തിന്റെ പ്രകാശനമായിരുന്നു. തന്റെ കീഴിൽ പത്രാധിപ സമിതിയിലിരുന്ന ആൾ തനിക്ക് മേൽ ചീഫ് എഡിറ്ററായിരുന്നത് പോലും സന്തോഷത്തോടെ സ്വീകരിക്കാനായതും പ്രൗഢമായ കുലീന സ്വഭാവത്തിന്റെ പ്രകടഭാവമായിരുന്നു. താൻ വിശ്വസിക്കുന്ന ഒരാദർശത്തിന്റെ മുന്നണിപ്പോരാളിയാകേണ്ട വ്യക്തി ആരെന്ന് മുൻകൂട്ടി കാണുകയും, അദ്ദേഹത്തിന് വേണ്ടി വഴിയൊരുക്കുകയുമാണ് വി സി ചെയ്തത്. സി എച്ച് മുഹമ്മദ് കോയയായിരുന്നു പ്രസ്തുത വ്യക്തിയെന്നറിയുമ്പോൾ വി സിയുടെ ദൂരക്കാഴ്ചയുടെ ആഴം മനസ്സിലാകുന്നു. ഒരു കാരണവരെ പോലെ, മലയാളത്തിൽ പിന്നീട് പ്രശസ്തരും പ്രഗത്ഭരുമായ പത്രപ്രവർത്തകരേയും പത്രാധിപന്മാരേയും വാർത്തെടുക്കാൻ ചന്ദ്രികയുടെ പത്രാധിപത്യ സാരഥ്യത്തിലിരുന്നുകൊണ്ട് വി സിക്ക് കഴിഞ്ഞു. ശാസിക്കാനും പിന്നെ തലോടാനും ആ പത്രാധിപ കാരണവർക്ക് കഴിഞ്ഞിരുന്നു. ഒരിക്കൽ, ഏതോകാര്യത്തിന് വി സിയുമായി ഇടഞ്ഞ് മോശമായി പെരുമാറിയ പത്രാധിപ സമിതി അംഗമായിരുന്ന, പിന്നീട് പ്രശസ്ത കവിയും പത്രപ്രവർത്തകനുമായ കാനേഷ് പൂനൂർ, തന്നോട് യാതൊരു വെറുപ്പും പ്രകടിപ്പിക്കാതെ സാന്ത്വനത്തിന്റെ തൂവൽസ്പർശമുള്ള വാക്കുകൾ മാത്രം ഉപയോഗിച്ച് വി സി സംസാരിച്ചതും, വിദേശത്ത് പോകുമ്പോൾ, ആവശ്യമുള്ള ഒരു സർട്ടിഫിക്കറ്റ്, വി സി ബസ് സ്റ്റോപ്പിൽ നേരിൽ ചെന്ന് ഒപ്പിട്ട് കൊടുത്തതും അനുസ്മരിക്കുന്നു. കുലീനനായ ഒരു കാരണവരെ നമുക്കിവിടെ ദർശിക്കാനാവുന്നു.

തന്റെ കീഴിൽ ജോലി ചെയ്യുന്നവർ, പത്രപ്രവർത്തന ജോലിയോട് പ്രതിബദ്ധതയുള്ളവരും അതിന് സർവ്വദാ യോഗ്യരുമായിരിക്കണമെന്ന നിർബന്ധം വി സിക്കുണ്ടായിരുന്നു. അതുകൊണ്ടു തന്നെയായിരിക്കാം അവരെല്ലാം ഔന്നിത്യങ്ങളിലെത്തിച്ചേർന്നതും. ബാഫഖി തങ്ങൾ ചന്ദ്രികയുടെ അവസാന വാക്കായിരുന്ന അക്കാലത്തെ ഒരു സംഭവം  കേന്ദ്രമന്ത്രിയായിരുന്ന ഇ അഹമ്മ

ദ് അനുസ്മരിക്കുന്നത് വി സിയുടെ നിർവഹണ ശേഷിക്കും കുലീന വ്യക്തിത്വത്തിനും ഉദാഹരണമായി ഉദ്ധരിക്കാവുന്നതാണ്. അന്ന് ഇ അഹമ്മദും വി സിയുടെ കീഴിൽ ചന്ദ്രികയുടെ പത്രാധിപ സമിതിയിലുണ്ടായിരുന്നു. ബാഫഖി തങ്ങൾ ഒരു ചെറുപ്പക്കാരനെ പത്രാധിപ സമിതിയിലേക്ക് ശുപാർശ ചെയ്തു. സി എച്ചിനും മറ്റും ആളെ തൃപ്തിയായില്ല. പക്ഷേ, തങ്ങളോട് വേണ്ടെന്ന് പറയാനുള്ള ധൈര്യം അവർക്കില്ല. കാര്യം വി സിക്ക് വിട്ടു. ചെറുപ്പക്കാരനെ ഒരു ടെസ്റ്റിന് വിധേയമാക്കി. ടെലിപ്രിന്ററിൽ വന്ന സന്ദേശം മലയാളത്തിൽ വിവർത്തനം ചെയ്യുക. ടെസ്റ്റ് കഴിഞ്ഞു തങ്ങൾ വീണ്ടും വിളിച്ചപ്പോൾ വി സി തങ്ങളോട് ടെസ്റ്റിന്റെ ഫലം പറഞ്ഞു. 'അപ്പണിക്കൊന്നും അവൻ കൊള്ളുകയില്ല' എന്ന് തങ്ങൾ തന്നെ പറഞ്ഞു ശുപാർശയിൽ നിന്ന് പിന്മാറിയത്രെ. അയോഗ്യനായ ഒരാളെ ആരുപറഞ്ഞാലും എടുക്കില്ല എന്ന കൂസലില്ലായ്മ വി സിക്കുണ്ടായിരുന്നു. പക്ഷെ തുടർന്നുണ്ടായ പ്രതികരണമായിരുന്നു വി സിയിലെ പഴയ കുന്നത്ത് തറവാട്ടിന്റെ കുലീനതയെ വ്യക്തമാക്കിയത്. നിങ്ങൾക്ക് കഴിയാത്തത് എനിക്ക് കഴിഞ്ഞുവല്ലോ എന്ന് അഹംഭവിക്കുകയല്ല ചെയ്തത്. പകരം 'ബാഫഖി തങ്ങൾ എന്തൊരു മഹാനാണ്, കാര്യം മനസ്സിലായപ്പോൾ താൻ ഉന്നയിച്ച ആവശ്യം പോലും വേണ്ടെന്ന് വെച്ചില്ലേ. അദ്ദേഹം പറഞ്ഞാൽ ചെയ്യാൻ നാം ബാധ്യസ്ഥരല്ലേ, എന്നിട്ടു പോലും അദ്ദേഹം നിർബന്ധിച്ചില്ലല്ലോ. അങ്ങനെയുള്ള ആർജ്ജവം മാതൃകാപരമാണ്' എന്ന് പറയുകയാണുണ്ടായത്. അതെ, തങ്ങളുടേത് മാത്രമല്ല, വി സിയുടേയും. പിൽക്കാലത്ത് തന്റെ സന്തത സഹചാരിയായ കുട തനിക്ക് അറംപറ്റിയതാണെന്ന് വി സി വിശേഷിപ്പിക്കാറുണ്ട്. മലപ്പുറത്ത് കുഞ്ഞിപ്പക്കി സാഹിബിനെ കാണാൻ പോയപ്പോഴൊക്കെ സ്കൂളിൽ വെച്ച് കുഞ്ഞിപ്പക്കി സാഹിബിന്റെ സ്നേഹിതൻ സബ് റജിസ്ട്രാർ മൂസ സാഹിബിനെ കാണാറുണ്ടായിരുന്നു. അദ്ദേഹം നിത്യവും കുടയുമായാണ് വരാറ്. ഇതേക്കുറിച്ച് ചന്ദ്രികയിലെഴുതിയപ്പോൾ, ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ചാമ്പർലയിന്റെ പ്രസിദ്ധമായ കുട മൂസ സാഹിബിൽ ആവേശിച്ചതാണെന്ന് എഴുതി. പിന്നീട് വിദ്യാർഥികൾ മൂസാ സാഹബ് വരുമ്പോഴൊക്കെ 'ചാമ്പർലയിന്റെ കുട വരുന്നു' എന്ന് പരിഹസിക്കാനാരംഭിച്ചു. 'കുരുത്തംകെട്ടവന്റെ നശിച്ച നേരമ്പോക്ക് എന്നെ വഴി നടക്കാതാക്കി' എന്ന് പറഞ്ഞ് മൂസ സാഹിബ് സ്കൂൾ സന്ദർശനം അവസാനിപ്പിച്ചു. ഒരു ശീലമെന്നോണം കുട വി സിയിലാണ് പിന്നീട് ആവഹിച്ചത്.

പത്രപ്രവർത്തനത്തിൽ പ്രശസ്തരായ തലശ്ശേരിക്കാർ പലരും

കോഴിക്കോടും മറ്റും സ്ഥിരതാമസമാക്കിയപ്പോൾ വി സി അതേപ്പറ്റി ചിന്തിക്കുകപോലുമുണ്ടായില്ല. ആറ് ദിവസവും പത്രാഫീസിനകത്ത് തന്നെ ശരിയായ അർഥത്തിൽ 'റസിഡന്റ് എഡിറ്റർ' ആയി സേവനമനുഷ്ഠിച്ചു. ശനിയാഴ്ച തലശ്ശേരിയിലേക്ക് തിരിക്കുകയും ചെയ്തിരുന്നു. തന്റെ ശനിയാഴ്ചത്തെ തലശ്ശേരി യാത്രയെ കുറിച്ച് ഗോളാന്തര യാത്ര എന്ന് നർമ്മ രസത്തിൽ എഴുതാനും വി സി മറന്നില്ല. തലശ്ശേരിയിലെത്തുന്ന ദിവസം ബന്ധുക്കളേയും സുഹൃത്തുക്കളേയും സന്ദർശിച്ച് സൗഹൃദം ദൃഢപ്പെടുത്തി. വിവാഹാഘോഷങ്ങളിൽ പങ്കെടുക്കാനും മരിച്ചവരുടെ കുടുംബങ്ങളിൽ പോയി ദുഃഖം പങ്കിടുവാനും  അദ്ദേഹം മറക്കാറില്ല. തലശ്ശേരിയിലെ സംഭവങ്ങളും കഥാപാത്രങ്ങളും വി സിയുടെ എഴുത്തുകളിൽ മിന്നിമറയാറുണ്ട്.

അൻവാറുൽ ഇസ്‌ലാം സഭയുടെ പ്രസിഡന്റ് കുഞ്ഞോട്ടി തങ്ങൾ കുഞ്ഞായങ്ക എന്ന സഭാ മെമ്പറെ പുറത്താക്കിയപ്പോൾ, കുഞ്ഞായങ്ക സഭാ ഹാളിലെ വാതിലിലെത്തി നിങ്ങളെയെല്ലാവരേയും ഞാനും പുറത്താക്കിയിരിക്കുന്നുവെന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞ സംഭവം, രാഷ്ട്രീയക്കാർക്ക് മാതൃകാശൈലിയായാണ് വി സി ഉദ്ധരിച്ചത്. ഇന്നും പ്രസക്തമായി തോന്നുന്നതാണീ സംഭവം. വിളിക്കാതെ സദ്യ ഉണ്ണാൻ വരുന്ന കൊക്കപ്പുറത്ത് ഔലിയയെക്കുറിച്ചുള്ള പരാമർശവും പ്രസ്തുത ലേഖനത്തിൽ കാണാം. അതും രാഷ്ട്രീയക്കാരന് മാതൃകയാണത്രെ. നാല് ദശാബ്ദക്കാലം ചന്ദ്രികയുടെ പത്രാധിപരായി തലശ്ശേരിയിലും കോഴിക്കോട്ടും കഴിഞ്ഞപ്പോഴും വി സി ആദ്യാന്ത്യം തനി തലശ്ശേരിക്കാരനായി മാത്രം അറിയപ്പെടാനാഗ്രഹിച്ചു. വി സിയുടെ ചന്ദ്രികയിലെ പംക്തിക്ക് ലഘുചിന്തകൾ എന്നായിരുന്നു ശീർഷകം നൽകിയിരുന്നതെങ്കിലും അവയിൽ പ്രതിഫലിച്ചത് ഗഹനചിന്തകളായിരുന്നു. പരിഹാസ്യത്തിന്റെ മേമ്പൊടി ഉണ്ടെങ്കിലും കാര്യമാത്ര പ്രസക്തമായ വിശകലനങ്ങളായിരുന്നു അവ.  ലഘുചിന്തകൾ ഇന്ന് വായിച്ചു പോകുമ്പോൾ അത് ഇന്നത്തെ സാഹചര്യത്തിൽ എഴുതിയതാണോ എന്ന് സംശയിച്ചു പോകുന്ന തരത്തിൽ കാലാതീതമാണ്.

ലഘുചിന്തകൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിച്ചത് മൈത്രീ ബുക്സായിരുന്നു. അവശനായ വി സിക്ക് പുനർ ചൈതന്യം നല്കാൻ ഈ പ്രസിദ്ധീകരണ സംരംഭത്തിന് കഴിഞ്ഞു. പ്രസാധകനായ കെ പി കുഞ്ഞിമ്മൂസ ഇതിനെ ബിബ്ളിയോതെറാപ്പി (പുസ്തക ചികിത്സ) എന്നായിരുന്നു വിശേഷിപ്പിച്ചത്. തലശ്ശേരിയിൽ നടന്ന പുസ്തക പ്രകാശന വേളയിൽ വി സി ഊർജ്ജസ്വലത

യോടെ ചടങ്ങിൽ പങ്കെടുത്തത് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്ക് ഏറെ ചാരിതാർഥ്യം നൽകിയ ഒന്നായിരുന്നു.

വി സി എന്നാൽ ആരെങ്കിലും തന്നെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറാണെന്ന് കരുതേണ്ടെന്ന് വി സി നർമ്മരസത്തോടെ എഴുതിയിരുന്നു. അത് വയ്യപ്രത്ത് കുന്നത്താണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു. വയ്യപ്രത്ത് കുന്നത്ത് മൈമൂട്ടിയുടെ പ്രിയങ്കരനായ മകൻ. ഈ ലേഖകന്റെ മുത്തശ്ശിയും മൈമൂട്ടി ഉമ്മയുടെ എം ജി റോഡിലുള്ള വീട്ടിൽ സൗഹൃദം പുതുക്കാൻ പോകുമ്പോൾ വല്ലപ്പോഴും കാണാറുള്ള കൃശഗാത്രനെ കാണിച്ച് അത് 'അവ്വോക്കറാ' എന്ന് മുത്തശ്ശി പറഞ്ഞുതന്ന ഒരു ഗതകാല സ്മരണ കൂടി ഇവിടെ പുതുക്കുന്നു. മൈമൂട്ടി ഉമ്മയുടെ മകൻ അബൂബക്കറും മുത്തശ്ശിയുടെ മകൻ ഉമ്മറും ചന്ദ്രികയിലായിരുന്നു. പത്രാധിപരും കമ്പോസിറ്ററും. അതുമാത്രമായിരുന്നില്ല രണ്ടുമ്മമാരുടെ സൗഹൃദത്തിന് കാരണം. മൈമൂട്ടി ഉമ്മയുടെ വീട് ഈയ്യിടെ പൊളിക്കുന്നത് കണ്ടപ്പോൾ അവാച്യമായൊരു ദുഃഖം അനുഭവപ്പെട്ടു. ഗതകാല പ്രതാപങ്ങളെല്ലാം നാം തച്ചുടക്കുകയല്ലേ. പാരമ്പര്യം അവശേഷിപ്പിക്കാത്തതിന് ചരിത്രം നമുക്ക് മാപ്പ് തരുമോയെന്നറിയില്ല ●

## 63

# ജെന്റിൽമാൻ ചെയർമാൻ

'സുന്ദരനും സുശീലനും' എന്ന വിശേഷണത്തിന് സർവ്വഥാ യോഗ്യമായ അപൂർവ്വ വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു ടി എം സാവാൻകുട്ടി സാഹിബ്. ഇംഗ്ലീഷിലെ ജന്റിൽമാൻ എന്ന പദത്തിന്റെ പഴയ അർഥഭേദമായ കുലീനൻ എന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭൂഷണമായിരുന്നു. സർവ്വകാര്യങ്ങളിലും മാന്യതയോടെ പെരുമാറിയിരുന്ന സാവാൻകുട്ടി സാഹിബ് തന്റെ കുലമഹിമയെ കുറിച്ച് സർവ്വദാ സ്വയം ബോധവാനായിരുന്നു. അതിലുമുപരി താൻ തലശ്ശേരിക്കാരനാണെന്നും തലശ്ശേരിക്കാരന് വ്യതിരിക്തമായ ഒരു സംസ്ക്കാരമുണ്ടെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനും അദ്ദേഹം ബോധപൂർവ്വം ശ്രമിച്ചിരുന്നു. തലശ്ശേരി സംസ്ക്കാരത്തിന്റെ സവിശേഷതയെ കുറിച്ച് അദ്ദേഹം പരാമർശിക്കുന്നത് ഇങ്ങനെയാണ്- എവിടെ ചെന്നാലും, ഏത് കാര്യം ചർച്ച ചെയ്യുമ്പോഴും, ലോകസംഭവങ്ങളേയും ലോക നേതാക്കളേയും കുറിച്ച് സംസാരിക്കുമ്പോഴും അത്തരം സംഭവങ്ങളേയും ആളുകളേയും തലശ്ശേരിയിൽ നടന്ന സംഭവങ്ങളുമായും വ്യക്തികളുമായി ഉപമിക്കുക ഒരു പൊതുസ്വഭാവ സവിശേഷതയായി തലശ്ശേരി ക്കാരിൽ പലരിലും കാണാം- (തലശ്ശേരി സംസ്ക്കാരം- ടെലിച്ചറി കാർണിവൽ സുവനീർ 1986). ഈ സ്വഭാവത്തിന് സാവാൻ കുട്ടിയും അപവാദമായിരുന്നില്ല. ആതിഥ്യമര്യാദയാണ് തലശ്ശേരിക്കാരന്റെ മറ്റൊരു സവിശേഷതയായി അദ്ദേഹം ഗണിക്കുന്നത്. തന്റെ

ജീവിതത്തിലും അത് പകർത്താൻ അദ്ദേഹം മറന്നിരുന്നില്ല. “അവർ സംസ്കാരസമ്പന്നരാണ്, ഒരു കാര്യം സംഘടിപ്പിക്കേണ്ട തെങ്ങനെയെന്നും നടത്തേണ്ടതെങ്ങനെയെന്നും അവർക്കറിയാം. അതിഥികളോട് പെരുമാറേണ്ട രീതിയും അവർക്കറിയാം. എല്ലാറ്റിനും അവരുടെതായ ഒരു വ്യവസ്ഥയുണ്ട്” എന്ന് തലശ്ശേരി ക്കാരെ കുറിച്ച് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ പ്രസിഡ ന്റായിരുന്ന ഇസ്മാഈൽ സാഹിബിന് അഭിപ്രായമുണ്ടാക്കിയത് 1964ൽ അദ്ദേഹം തലശ്ശേരിയിൽ വന്ന അനുഭവത്തിന്റെ വെളിച്ച ത്തിലായിരുന്നു. സാവാൻ കുട്ടിയും ചെറിയ മമ്മുക്കേയിയു മടക്ക മുള്ള ആതിഥേയ സംഘം നൽകിയ സ്വീകരണാനുഭവമായിരുന്നു ഇസ്മാഈൽ സാഹിബിന്റെ പരാമർശത്തിന് പ്രചോദനം.

താനിച്ഛിക്കാതെ തന്നെ രാഷ്ട്രീയ രംഗത്തേക്ക് വരേണ്ടി വന്ന അനുഭവമായിരുന്നു ടി എം സാവാൻകുട്ടിയുടേത്. 1962ലെ മുൻസി പ്പൽ തെരഞ്ഞെടുപ്പിൽ മട്ടാമ്പ്രം വാർഡിനെ പ്രതിനിധീകരിച്ചായി രുന്നു അദ്ദേഹം തലശ്ശേരി മുൻസിപ്പൽ കൗൺസിലിൽ എത്തി യത്. എ വി കെ നായർ ചെയർമാനായിരുന്ന പ്രസ്തുത കൗൺസി ലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായി അദ്ദേഹം നിയുക്തനായി. മുൻകാല അനുഭവങ്ങളൊന്നുമില്ലാതെ സാവാൻകുട്ടി അവത രിപ്പിച്ച ബജറ്റ് ഒരെതിർപ്പുമില്ലാതെ പാസ്സാക്കപ്പെട്ടത് ചരിത്ര സംഭ വമായിരുന്നു. തൊട്ടടുത്ത തെരഞ്ഞെടുപ്പിൽ കായ്യത്ത് വാർഡിനെ പ്രതിനിധീകരിച്ച് കൗൺസിലിലെത്തിയ സാവാൻ കുട്ടി തലശ്ശേരി നഗരസഭയുടെ പിതാവായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. ഒരുപക്ഷേ ഏറ്റവും പ്രായംകുറഞ്ഞ തലശ്ശേരി നഗരസഭാപിതാ വായിരുന്നു അദ്ദേഹം. സാവാൻകുട്ടി ചെയർമാനായിരിക്കെ യായിരുന്നു തലശ്ശേരി നഗരസഭയുടെ ശതാബ്ദി ആഘോഷി ക്കപ്പെട്ടത്. സാവാൻകുട്ടിയിലെ സംഘാടകന്റെ കഴിവ് വ്യക്തമാ ക്കപ്പെട്ടതായിരുന്നു അത്.

ശതാബ്ദിയോടനുബന്ധിച്ച് നടന്ന എക്സിബിഷൻ ഏറ്റവും മികച്ച ഒന്നായിരുന്നു. തലശ്ശേരിയിൽ ഇത്രയേറെ മികവേറിയ സമ്മേളനം മുമ്പുണ്ടായിരുന്നില്ലായെന്ന് തലശ്ശേരിയുമായി അഭേദ്യ ബന്ധമുണ്ടായിരുന്ന, അന്നത്തെ മുഖ്യാതിഥിയായി എത്തിയ എ കെ ജി പ്രസ്താവിക്കുകയുണ്ടായി.

എന്നാൽ ചെയർമാൻ പദവിയിൽ സാവാൻകുട്ടിക്ക് കാലാവധി തികക്കാൻ കഴിഞ്ഞില്ല. 1971ൽ അദ്ദേഹം പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അംഗമായി നിയമിക്കപ്പെട്ടു. അവിടേയും അദ്ദേഹത്തിന് ചെയർമാൻ സ്ഥാനം കാത്തുനിൽക്കുകയായിരുന്നു. 1975ൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ചെയർമാനായി നിയമിക്കപ്പെടു മ്പോൾ അദ്ദേഹം അതിന്റെ ഏറ്റവും പ്രായം കുറഞ്ഞ ചെയർമാ നായിരുന്നു. സർവ്വീസ് കമ്മീഷനിലെ പത്ത് വർഷ സേവനകാലം

കറകളഞ്ഞതായിരുന്നു. മറ്റൊരു ചെയർമാൻ സ്ഥാനംകൂടി അദ്ദേഹം വഹിച്ചിരുന്നു. കണ്ണൂർ ജില്ലാ ലോക്കൽ ലൈബ്രറി അതോറിറ്റിയുടേത്.

കേരള സർക്കാർ നിയമിച്ച രണ്ട് കമ്മീഷനുകളിൽ അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. നെട്ടൂർ പി കമ്മീഷൻ, ജസ്റ്റിസ് നരേന്ദ്ര കമ്മീഷൻ. ആദ്യത്തെ കമ്മീഷനിൽ അദ്ദേഹത്തോടൊപ്പ മുണ്ടായിരുന്നത് കേരളത്തിലെ പ്രഗത്ഭ വ്യക്തിത്വങ്ങളായിരുന്ന സി അച്യുതമേനോൻ, അലക്സാണ്ടർ പറമ്പിത്തറ, പി കെ കുഞ്ഞച്ചൻ, പി കെ അപ്പനായർ തുടങ്ങിയവരായിരുന്നു. നരേന്ദ്ര കമ്മീഷനിൽ ചീഫ് സെക്രട്ടറിയായിരുന്ന രവീന്ദ്രൻ നായരോടൊ പ്പമായിരിന്നു സാവാൻകുട്ടി അംഗമായിരുന്നത്. രണ്ട് കമ്മീഷ നുകളും പിന്നോക്ക വിഭാഗങ്ങളുടെ സംവരണ കാര്യത്തിൽ അനുകൂല തീരുമാനങ്ങൾ കൈക്കൊള്ളാൻ സാവാൻകുട്ടിയുടെ സാന്നിധ്യം കാരണമായിരുന്നു.

1984 മുതൽ സാവാൻകുട്ടി ഇസ്ലാമിക് ഡവലപ്മെന്റ് ബാങ്കിന്റെ (സഊദി അറേബ്യ) സഹായ സംരംഭങ്ങളിൽ ഇന്ത്യയിലെ ഉപദേ ശകരിൽ ഒരാളായി നിയമിക്കപ്പെട്ടു. പി എം ഫൗണ്ടേഷന്റേയും ദയാപുരം സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങളിൽ അദ്ദേഹം സഹകരിച്ചു. മൗലാനാ ആസാദ് ഫൗണ്ടേഷൻ അംഗമായി നിയമിക്കപ്പെട്ടത് മൂലം അതിന്റെ സഹായങ്ങൾ കേരളത്തിലെ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ അദ്ദേഹം കാരണക്കാരനായി. തലശ്ശേരി മുസ്ലിം അസോസിയേഷന്റെ പ്രസിഡന്റായിരുന്നു. മുസ്ലിം സർവ്വീസ് സൊസൈറ്റിയുടെ ആരംഭകാലം മുതൽ അതിന്റെ സജീവ ഭാരവാഹിയായിരുന്നു. അതിന്റെ പ്രസിഡന്റ് സ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു. രാഷ്ട്രീയ, ഔദ്യോഗിക, സാമൂഹ്യ രംഗങ്ങളിലെല്ലാം സുതാര്യമായ ജീവിതം നയിച്ച അദ്ദേഹം സംതൃപ്തിയോടെയാണ് ലോകത്തോട് യാത്ര പറ ഞ്ഞത്.

1933ലായിരുന്നു സാവാൻകുട്ടിയുടെ ജനനം. തലശ്ശേരിയിലെ പ്രശസ്ത മുസ്ലിം കുടുംബമായ തയ്യിലക്കണ്ടി മുക്കാട്ടിൽ ബീച്ചുമ്മയുടേയും പ്രഗത്ഭ കേയി കുടുംബമായ ചൊവ്വക്കാരൻ പുതിയ പുരയിൽ അബ്ദുല്ലക്കേയിയുടേയും മകനായാണ് സാവാൻകുട്ടി ഭൂജാതനായത്. അദ്ദേഹത്തിന്റെ അമ്മാവന്മാർ ഏറെ പ്രശസ്തരായിരുന്നു. മദിരാശിയിൽ മരക്കമ്പനി നടത്തിയ ടി എം ഉസ്മാൻ ഹാജി, ചന്ദ്രികയുടെ ആദ്യകാല ഡയറക്ടറും അതിന്റെ എല്ലാവിധ സാമ്പത്തിക സഹായവും നൽകിയ ആളുമായിരുന്ന ധനാഢ്യനായ ടി എം മൂസ്സ സാഹിബ്, മദിരാശി നിയമ നിർമ്മാണ സഭയിലും കൗൺസിലിലും മരണംവരെ അംഗമായിരുന്ന ആളും എട്ട് വർഷത്തോളം മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗവു

മായിരുന്ന ഖാൻ ബഹദൂർ, ടി എം മൊയ്തു സാഹിബ് (അദ്ദേഹത്തിന്റെ പേരിലാണ് ധർമ്മടത്തെ മൊയ്തു പാലം പണിതത്) എന്നിവരായിരുന്നു അമ്മാവന്മാർ. അവരെ കുറിച്ച് അഭിമാനപൂർവ്വം അനുസ്മരിക്കുക സാവാൻകുട്ടിയുടെ പതിവായിരുന്നു. ആത്മശ്ലാഘനത്തിന് വേണ്ടിയായിരുന്നില്ല. മറിച്ച് അവരുടെ കുലീനത തന്റെ വ്യക്തിത്വ വികാസത്തിന് പ്രചോദനമായിരിക്കാനായിരുന്നു അത്. പിതാവിന്റെ സഹോദരി പുത്രിയായിരുന്ന മറിയം ആയിരുന്നു സാവാൻകുട്ടിയുടെ സഹധർമ്മിണി. നസീർ, സമീന, ഫാത്തിമ, നിയാസ്, നസ്റിൻ എന്നിവരാണ് മക്കൾ ●

# 64

# മുഹമ്മദ് മാസ്റ്റർ– ഒരനുസ്മരണം

ഏറ്റവും ജനകീയനായ ഒരു ജനപ്രതിനിധിയായിരുന്നു എം മുഹമ്മദ് മാസ്റ്റർ. തദ്ദേശീയരുടെ ഇടയിൽ 'സഭ' എന്നുമാത്രം അറിയപ്പെടുന്ന മദ്രസത്തുൽ അൻവാരിയ എൽ പി സ്കൂളിലെ അധ്യാപകനായിരുന്ന മുഹമ്മദ് മാസ്റ്റർ കൈവട്ടം, മുബാറക്ക് വാർഡുകളെ പ്രതിനിധീകരിച്ച് തലശ്ശേരി മുൻസിപ്പാലിറ്റി കൗൺസിലിൽ ഏറെക്കാലം അംഗമായിരുന്നു. കൗൺസിലിന്റെ വൈസ് ചെയർമാൻ പദവിയും അദ്ദേഹം അലങ്കരിച്ചിരുന്നു. നല്ലൊരു വായനക്കാരനായിരുന്ന മുഹമ്മദ് മാസ്റ്റർ ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ അംഗമായും പ്രവർത്തിച്ചിരുന്നു. ആത്മാർഥതയുള്ള രാഷ്ട്രീയ പ്രവർത്തകനായ അദ്ദേഹം ആജീവ നാന്തം അടിയുറച്ച മുസ്‌ലിം ലീഗ് പ്രവർത്തനകനായിരുന്നു.

മുഹമ്മദ് മാസ്റ്ററുടെ കുടുംബത്തിന്റെ വേരുകൾ പെരിങ്ങ ത്തൂരിലായിരുന്നു. തലശ്ശേരിയിലേക്ക് പറിച്ചു നടപ്പെട്ട ഒരു വിഷഹാരി കുടുംബമായിരുന്നു അത്. കോളറ ബാധിത സമയത്ത് മാസ്റ്ററുടെ ഉമ്മയൊഴികെ മറ്റെല്ലാവരേയും മരണം തട്ടിക്കൊണ്ടു പോയിരുന്നു. ചേരിക്കൽ അഹമ്മദ് കുട്ടിയായിരുന്നു മാസ്റ്ററുടെ പിതാവ്. തലശ്ശേരി കസ്റ്റംസ് ആഫീസുമായി ബന്ധപ്പെട്ട മൂപ്പൻ ജോലിയായിരുന്നു പിതാവിനും പിതാവിന്റെ സഹോദരനും. കസ്റ്റംസ് ആപ്പീസിലെ പതാക ഉയർത്തൽ, കടൽപ്പാലവും അതിലുള്ള റെയിൽ പാതയും നോക്കിനടത്തൽ, കള്ളക്കടത്ത്

കണ്ടുപിടിക്കുക എന്നിവയായിരുന്നു ഈ സഹോദരങ്ങളുടെ ജോലി. ടൗൺ മാപ്പിള സ്കൂളിലായിരുന്നു മാസ്റ്ററുടെ വിദ്യാ ഭ്യാസം. കോരച്ചൻകണ്ടി മറിയുവാണ് ഭാര്യ. നാല് സന്താന ങ്ങളുണ്ട്.

മട്ടാമ്പ്രം പ്രദേശത്തുള്ള വിദ്യാഭ്യാസ- സാമൂഹിക- രാഷ്ട്രീയ പ്രവർത്തനങ്ങളിലെല്ലാം മുഹമ്മദ് മാസ്റ്ററുടെ സജീവ സാന്നിധ്യ മുണ്ടായിരുന്നു. മട്ടാമ്പ്രം പള്ളിയുടേയും പരിസരപ്രദേശങ്ങ ളിലെ കുടുംബങ്ങളുടേയും ചരിത്രങ്ങൾ അറിയുന്ന ഏക വ്യക്തി യായിരുന്നു അദ്ദേഹം. പള്ളിയുടെ ചരിത്രം ഒരു പുസ്തകമായി പ്രസിദ്ധീകരിക്കണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം സഫലീക രിക്കപ്പെട്ടില്ല ●

## 65

# "കുമ്പളം" വിജയരാഘവൻ

തലശ്ശേരിയിൽ അനേകം ശിഷ്യ സമ്പത്തുള്ള ഒരു ഇംഗ്ലീഷ് പ്രൊഫസർ ഗതകാല സ്മൃതിയായിത്തീർന്നിരിക്കുന്നു. പഴയ മദിരാശി സംസ്ഥാനത്തിലെ കോളെജിയേറ്റ് സർവ്വീസിൽ പ്രവേശിച്ച പ്രഫ. എൻ പി വിജയരാഘവൻ, പ്രസ്തുത സംസ്ഥാനത്തിലെ നിരവധി കോളെജുകളിൽ അധ്യാപകനായിരുന്നു. എങ്കിലും അദ്ദേഹം പ്രശസ്തിയും പ്രതാപവും ആർജ്ജിച്ചത് തലശ്ശേരി ബ്രണ്ണൻ കോളെജിലെ സേവനകാലത്തായിരുന്നു. എല്ലാതരം കുസൃതികൾക്കും കുപ്രസിദ്ധിയാർജ്ജിച്ച ബ്രണ്ണൻ കോളെജ്, അധ്യാപകരെ സംബന്ധിച്ചിടത്തോളം അവരുടെ സേവന ജീവിതത്തിൽ ഏറ്റവും വെല്ലുവിളി നേരിടേണ്ട വേദിയാകാറുണ്ട്. പ്രഗത്ഭരായ അധ്യാപകരും സാഹിത്യ നായകരും ഇവിടെ അധ്യാപകരായി വിദ്യാർഥികളുടെ സ്നേഹബഹുമാനങ്ങൾ പിടിച്ചുപറ്റിയതും വിസ്മരിക്കാനാവില്ല. അധ്യാപകന്മാർക്ക് എന്തെങ്കിലും വട്ടപ്പേര് നല്കുന്നതിലും വിദ്യാർഥികൾ പിന്നാക്കമായിരുന്നില്ല. സ്ഥലം മാറ്റമായി അധ്യാപകർ എത്തുന്നതിന് മുമ്പ് തന്നെ മുൻ സ്ഥലത്ത് അവർക്കുണ്ടായിരുന്ന വട്ടപ്പേര് വിദ്യാർഥികളുടെ ഇടയിൽ പ്രചരിക്കാറുണ്ട്. പ്രഫസർ വിജയരാഘവന്റെ പേരിന്റെ മുമ്പിൽ കുമ്പളം എന്ന പേര് വന്നുചേർന്നത് അങ്ങനെയൊരു കുസൃതിയായിരുന്നു. അധ്യാപകരായ മറ്റു വിജയരാഘവന്മാരിൽ നിന്ന് വേർതിരിച്ചറിയാനും ഈ വട്ടപ്പേര് സഹായിച്ചിരുന്നു. തല വലുതായതുകൊണ്ട് കുമ്പളങ്ങ പോലുള്ള തലയുള്ള വിജയരാഘവൻ എന്ന അർഥത്തിലായിരുന്നു ഈ

പരിഹാസപ്പേര് വന്നതെന്ന് ലേഖകന്റെ പഴയൊരു ബ്രണ്ണൻ സുഹൃത്ത് അനുസ്മരിക്കുന്നു.

ഇംഗ്ലീഷ് ഭാഷയിലുള്ള വാക് വൈഭവമായിരുന്നു പ്രഫ. വിജയ രാഘവനെ വ്യതിരിക്തനാക്കിയിരുന്നത്. അനർഗളമായ അദ്ദേഹ ത്തിന്റെ ഇംഗ്ലീഷ് ശൈലി ആരേയും വശീകരിക്കുന്നതായിരിന്നു. തന്റെ ഉച്ചാരണ ശൈലിയും കുറ്റമറ്റതാണെന്ന് അദ്ദേഹം കരുതി യിരുന്നു. എന്നാൽ ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ വിദ്യാർഥി കളായിരുന്ന ഞങ്ങളിൽ ചിലർ അദ്ദേഹവുമായി ഇടയാറുണ്ട്. അദ്ദേഹം ഫോണറ്റിക്സ് (ഉച്ചാരണശാസ്ത്രം) ക്ലാസെടുക്കു മ്പോൾ ഫോണറ്റിക്സ് വിദഗ്ധനായ ഡാനിയൽ ജോൺസനെ ഉദ്ധരിച്ച് അദ്ദേഹത്തിന്റെ ഉച്ചാരണത്തെ ഞങ്ങളിൽ ചിലർ വിമർ ശിക്കാറുണ്ടായിരുന്നു. അതിലൊന്നും അദ്ദേഹത്തിന് യാതൊരു ദേഷ്യമോ കൂസലോ ഉണ്ടായിരുന്നില്ല. “പോടാ, നിന്റെയൊരു ഡാനിയൽ ജോൺസും ആർ പി (ഡാനിയൽ ജോൺസ് പരാമർ ശിച്ചിരിക്കുന്ന സ്വീകാര്യമായ ഉച്ചാരണം)യും. അതൊക്കെ പൊസ്തകത്തിൽ. എന്റെ ശൈലിയിൽ പറയാൻ പറ്റ്വോടാ നിനക്ക്?” എന്ന് ഘനഗംഭീരസ്വരത്തിൽ പറഞ്ഞിരുന്ന പ്രൊഫ സറുടെ ചിത്രം ഇന്നും മനോമുകുരത്തിലുണ്ട്. കോളെജിന് അകത്തും പുറത്തും വിദ്യാർഥികളോട് സൗഹൃദം പങ്കിടുന്ന വ്യക്തിത്വമായിരുന്നു പ്രഫ. വിജയരാഘവന്റേത്.

പരിഹാസപ്പേരുകളെ കുറിച്ച് ഒരിക്കൽ പരാമർശിച്ചു കൊണ്ടി രിക്കെ, പ്രഫസറുടെ പരിഹാസപ്പേര് കുമ്പളമാണെന്നും ബ്രണ്ണ നിൽ തന്നെ അധ്യാപികയായിരുന്ന പ്രഫസറുടെ പത്നിയെ കുമ്പളാക്ഷിയെന്നുമാണ് വിളിക്കാറുള്ളതെന്നും ഞങ്ങളിലൊ രാൾ ധൈര്യം സംഭരിച്ച് പറഞ്ഞപ്പോൾ ഹ, ഹ, ഹ എന്ന ഉച്ചത്തി ലുള്ള ചിരിയായിരുന്നു പ്രതികരണമായുണ്ടായത്.

ഏറ്റവുമധികം പ്രതിബദ്ധത ആവശ്യമുള്ള പ്രവർത്തിയാണ് അധ്യാപകന്റേത് എന്നദ്ദേഹം മനസ്സിലാക്കി. പലപ്പോഴും തന്റെ ഉറച്ച നിലപാടുകൾ കാരണം വിദ്യാർഥികളോട് ഇടയേണ്ടി വന്നിരുന്നുവെങ്കിലും ക്ലാസുകളിൽ അച്ചടക്കം പാലിക്കാനും അതേ സമയം വിദ്യാർഥികളോട് സൗഹൃദം പങ്കിടാനും അദ്ദേഹ ത്തിന് ഒരേപോലെ കഴിഞ്ഞിരുന്നു. ഏറെക്കാലം കഴിഞ്ഞു കണ്ടാലും വിദ്യാർഥികളുടെ പേരുകൾ അദ്ദേഹത്തിന് ഹൃദിസ്ഥ മായിരുന്നു. ഒരു വിവാഹ വിരുന്നിൽ പ്രഫ. വിജയരാഘവനോട് ഒരു മഹിള, അവർ വിദ്യാർഥിനിയായിരുന്നുവെന്ന് പരിചയ പ്പെടുത്തി. ‘സാറിന് എന്റെ പേരറിയുമല്ലേ?’ ‘ഓഹോ’ എന്ന് പ്രഫസറും മറുപടി പറഞ്ഞു. ‘എന്നാൽ പേരൊന്നു പറഞ്ഞാട്ടെ’, ആ മഹതി വെല്ലുവിളിയോടെ ചോദിച്ചു. എത്രയോ വർഷങ്ങൾക്ക് മുമ്പ് തന്റെ കീഴിൽ പഠിച്ചവൾ ആകാരത്തിലൊക്കെ വളരെ മാറ്റം

വന്ന ഒരു സ്ത്രീ. യഥാർഥത്തിൽ പേരോർക്കാൻ പ്രഫസർ വിഷമിച്ചു. പക്ഷേ, യാതൊരു സങ്കോചവുമില്ലാതെ ഒരു പേര് മൊഴിയുകയും ചെയ്തു. തന്റെ പേര് ഇത്രയും കാലം കഴിഞ്ഞും പ്രഫസർ ഓർക്കുന്നുവല്ലോ എന്നറിഞ്ഞ മഹിളയുടെ സന്തോഷം വലുതായിരുന്നു. 'ആ മുഖത്തിന്റെ ഓർമ്മ സ്മരണയിലെ വിടെയോ തട്ടിയപ്പോൾ താനേ ശരിയായിപ്പോയ ഊഹം' എന്നായിരുന്നു ഇതിനെ പ്രഫ. വിജയരാഘവൻ വിശേഷിപ്പിച്ചത്.

അധ്യാപന ജീവിതത്തിൽ അനേകം അനുഭവങ്ങളുള്ള പ്രഫ. വിജയരാഘവൻ രസകരമായൊരു സംഭവം പലപ്പോഴും അയവിറക്കാറുണ്ടായിരുന്നു. കേരളത്തിലെ കോളെജുകളെല്ലാം കേരള യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്ന കാലം. പ്രഗത്ഭനായ വൈസ് ചാൻസലർ സാമുവൽ മത്തായി തലശ്ശേരിയിലെ ബ്രണ്ണൻ കോളെജിൽ പരിശോധനാസന്ദർശനത്തിനെത്തിയ സന്ദർഭം. കോളെജ് എല്ലാ അർഥത്തിലും വൈസ് ചാൻസലറുടെ സന്ദർശനത്തിന് ഒരുങ്ങി. ക്ലാസുകൾ നിയന്ത്രിക്കാവുന്ന അധ്യാപകരുടെ ചുമതലയിലാക്കി. വൈസ് ചാൻസലർ പോർട്ടിക്കോവിലിറങ്ങി. പ്രിൻസിപ്പാളും മറ്റും അദ്ദേഹത്തെ സ്വീകരിച്ചു. പ്രിൻസിപ്പാളുടെ മുറിയിലേക്ക് പോകുന്നതിന് പകരം വൈസ് ചാൻസലർ ക്ലാസ്സുകൾ സന്ദർശിക്കാനൊരുങ്ങി. താഴത്തെ നിലയിൽ ക്ലാസെടുക്കുന്ന പ്രഫ. വിജയരാഘവന്റെ മുറിയിലേക്കാണ് വൈസ് ചാൻസലറും പരിവാരങ്ങളും കയറിച്ചെന്നത്. പ്രഫസർ, വില്യം വേഡ്സ് വർത്തിന്റെ കുക്കൂസ് എന്ന പദ്യം എടുക്കുകയായിരുന്നു. വൈസ് ചാൻസലർ, വിദ്യാർഥികൾക്ക് ഇംഗ്ലീഷ് പദ്യം ചൊല്ലാനറിയാമോ എന്ന് ക്ലാസിനെ നോക്കി ചോദിച്ചു. കുറേ കൈകൾ പൊങ്ങി. ഒരു വിഹഗ വീക്ഷണാനന്തരം, അവസാന ബെഞ്ചിൽ നിന്നും കൈ പൊക്കിയ വിദ്യാർഥിയോട് പഠിപ്പിക്കുന്ന പദ്യം ചൊല്ലാൻ പറഞ്ഞു. ക്ലാസിൽ ഏറ്റവും മണ്ടനായ ഈ വിദ്യാർഥി എങ്ങനെയാണ് കൈ പൊക്കിയതെന്ന് അതിശയിച്ച് നിൽക്കുകയായിരുന്നു പ്രഫസർ. പ്രസ്തുത വിദ്യാർഥി നിസ്തോഭനായി വായിക്കാൻ തുടങ്ങി: 'കക്കൂസ്'. തിരിഞ്ഞുനോക്കിയപ്പോൾ വൈസ്ചാൻസലറുടെ പൊടിപോലും കണ്ടിരുന്നില്ലയെന്ന് പ്രഫ. വിജയരാഘവൻ സ്വതസിദ്ധമായ ചിരിയോടെ പറഞ്ഞു. അന്ന് രാത്രി ക്ലബ്ബിലെ വിരുന്നിനെത്തിയ സാമുവൽ മത്തായിക്ക് പ്രഫ. വിജയരാഘവൻ സിഗരറ്റ് നല്കിയപ്പോൾ അത് മണപ്പിച്ച് നോക്കിയെന്നും 'കുമ്പള തമാശ'കളിൽ ഒന്നായിരുന്നു.

സ്പോർട്സിൽ വളരെ താത്പര്യമുണ്ടായിരുന്ന പ്രഫ. വിജയരാഘവൻ, തലശ്ശേരിയുടെ എല്ലാ സ്പോർട്സ് രംഗത്തും മുൻപന്തിയിലുണ്ടായിരുന്നു. തലശ്ശേരിയിൽ നടന്ന ഒരു രഞ്ജിട്രോഫി മത്സരത്തിൽ ഇംഗ്ലീഷിൽ ദൃക്സാക്ഷി വിവരണം നടത്തിയത്

പ്രഫ. വിജയരാഘവനായിരുന്നു. ആകാശവാണി നിലയങ്ങളിലൂടെ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ പ്രക്ഷേപണം ചെയ്യപ്പെട്ടിരുന്നു. ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച ശേഷം ഏറെക്കാലം കണ്ണൂരിലെ ചിന്മയ വിദ്യാലയത്തിന്റെ പ്രിൻസിപ്പളായിരുന്നു. പ്രസ്തുത വിദ്യാലയത്തിന് പ്രശസ്തിനേടിക്കൊടുക്കാൻ സഹായകമായിരുന്നത് അദ്ദേഹത്തിന്റെ പ്രവർത്തനഫലമായിരുന്നു. വിദ്യാർഥികളിലും സുഹൃത്തുക്കളിലും ഒരുപാട് സ്മരണകൾ വിട്ടേച്ചുകൊണ്ടാണ് പ്രഫ. വിജയരാഘവൻ ഈ ലോകത്തോട് യാത്ര പറഞ്ഞത് ●

66

# ഗുരോ പ്രണാമം!

ചെമ്പ്രയിലെ നാരായണൻ നായർ 94-ാം വയസ്സിൽ അന്ത സ്സിൽ അന്തരിച്ചു എന്ന വിവരം ചെന്നൈ എഡിഷൻ മലയാള പത്രത്തിലൂടെയാണ് അറിഞ്ഞത്. കാട്പാടിയിൽ ഗുഡ്സ് പാളം തെറ്റിയതിനാൽ ചെന്നൈയിൽ നിന്നും പുറപ്പെടുന്ന വണ്ടികളിൽ ചിലത് റദ്ദാക്കപ്പെട്ടതിനാൽ ശനിയാഴ്ചത്തെ പത്രം ഞായറാഴ്ചയേ കിട്ടിയുള്ളു. ചെന്നൈ എഡിഷൻ മലയാള പത്രങ്ങൾക്ക് ഒരു ഗുണമുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലേയും ചരമ വാർത്തകൾ അറിയാൻ കഴിയുമെന്നതാണത്. അങ്ങനെയാണ് നാരായണൻ മാസ്റ്ററുടെ നിര്യാണവാർത്ത ഒരൽപം വൈകിയാണെങ്കിലും അറിഞ്ഞത്. തലശ്ശേരി ടൗൺ മാപ്പിളസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നു അദ്ദേഹം. ടൗൺ മാപ്പിള സ്കൂളിനെ കുറിച്ച് എന്റെ ഗതകാല തലശ്ശേരി ലേഖന പരമ്പരയിൽ എഴുതിയിരുന്നു. ഞാൻ അവിടെ വിദ്യാർഥിയായിരിക്കുമ്പോൾ ഞങ്ങളുടെ ഹെഡ്മാസ്റ്ററായിരുന്നു നാരായണൻ നായർ. ഒരുപാട് സ്മരണകൾ ഈ ഗുരുവിനെ കുറിച്ചയവിറക്കാനുണ്ട്.

കറുത്ത കോട്ടും വെള്ള വേഷ്ടിയുമായിരുന്നു നാരായണൻ മാസ്റ്റർ എന്ന ഹെഡ്മാസ്റ്ററുടെ വേഷം. കുറേ കഴിഞ്ഞപ്പോൾ കോട്ടിന് അവിടവിടെയായി ചില തുന്നിക്കൂട്ടൽ കാരണം കണ്ടം വെച്ച കോട്ടായി തീർന്നിരുന്നു.  അക്കാരണത്താൽ അദ്ദേഹമറിയാതെ ദരിദ്രനാരായണനെന്നും വിളിച്ചിരുന്നു. വിദ്യാർഥികളുടെ കുസൃതിത്തരമായിരുന്നു അത്.

ആത്മാർഥതയും പ്രതിബദ്ധതയുമുള്ള ഒരധ്യാപകനായിരുന്നു നാരായണൻ മാസ്റ്റർ. ഞങ്ങൾ എട്ടാം ക്ലാസ്സിലായിരുന്നപ്പോൾ ഇംഗ്ലീഷ് പാഠങ്ങൾ അദ്ദേഹമായിരുന്നു നടത്തിയത്. എട്ടാം ക്ലാസ്സിൽ അന്ന് മദിരാശി ഗവൺമെന്റിന്റെ ഇ എസ് എൽ സി പൊതുപരീക്ഷയായിരുന്നു. ഇംഗ്ലീഷ് വ്യാകരണം മുഴുവനും പഠിച്ചു തീർക്കേണ്ടതുണ്ട്. വളരെ ഗൗരവത്തോടെയായിരുന്നു നാരായണൻ മാസ്റ്റർ വ്യാകരണ ക്ലാസുകളെടുക്കാറുള്ളത്. ക്ലാസിൽ കലപില സംസാരിച്ചിരിക്കുന്ന എനിക്ക് പലപ്പോഴും അദ്ദേഹത്തിന്റെ ശിക്ഷ ലഭിക്കുകയും ചെയ്തിരുന്നു. തടിച്ച വടി കൊണ്ടായിരുന്നു അടി. ഒരിക്കലും വേദനിക്കാത്ത അടി.

ഒരു ദിവസം പതിവ് വ്യാകരണക്ലാസായിരുന്നു. ക്ലാസിൽ വന്ന ഉടനെ മുമ്പത്തെ ക്ലാസിലെ പാഠത്തെക്കുറിച്ചുള്ള ചോദ്യങ്ങളായിരിക്കും ആദ്യം. അന്ന് നാരായണൻ മാസ്റ്ററുടെ ചോദ്യം എന്നോടായിരുന്നു. എത്ര കേസുകളുണ്ട്? അവ ഏവ? ഞാൻ കഴിഞ്ഞ ക്ലാസ് തീരെ ശ്രദ്ധിച്ചില്ല എന്ന് അപ്പോഴാണ് മനസ്സിലായത്. ഏതു കേസിനെ കുറിച്ചായിരിക്കും കഴിഞ്ഞ ക്ലാസിൽ മാസ്റ്റർ പഠിപ്പിച്ചതെന്ന് ഒട്ടും ഓർക്കാൻ കഴിഞ്ഞില്ല. സാമാന്യ ബുദ്ധി ചിലപ്പോൾ രക്ഷക്കെത്തുമല്ലോ എന്നുകരുതി ഞാൻ തട്ടിവിട്ടു. 'രണ്ട് കേസുകൾ.' അവ ഏവ? ഹെഡ്മാസ്റ്റർ വടിയുമായി എന്റെ അരികിലേക്ക് നടക്കുകയായിരുന്നു. ഞാൻ ധൈര്യം വിടാതെ പറഞ്ഞു: 'സിവിൽ കേസ്, ക്രിമിനൽ കേസ്'.. 'ങാഹാ! സിവിലും ക്രിമിനലും!' ഹെഡ്മാസ്റ്ററുടെ ചിരി ഭീതിപ്പെടുത്തുന്നതായിരുന്നു. 'ബെഞ്ചിൽ കയറി നിൽക്കെടാ' എന്നുപറഞ്ഞു കൊണ്ട് രണ്ടടി വീതം രണ്ടു തുടയിലും പതിഞ്ഞു കഴിഞ്ഞിരുന്നു. പിന്നെ ഹെഡ്മാസ്റ്റർ വിവരിച്ചു തന്നപ്പോഴാണ് ഇംഗ്ലീഷ് വ്യാകരണത്തിലെ വിഭക്തികളെയാണ് കേസ് എന്ന് പറയുന്നതെന്ന് മനസ്സിലായത്. പഴയ വ്യാകരണ പ്രകാരം അവ നാല് വിധമുണ്ടെന്ന് പറഞ്ഞു മനസ്സിലാക്കിത്തന്ന ശേഷം പറഞ്ഞു: 'ക്രിമിനലേ ഇപ്പം മനസ്സിലായോടാ!'. അതെ, പിന്നെ ജീവിതത്തിലൊരിക്കലും അത് മറക്കാൻ കഴിഞ്ഞിരുന്നില്ല. അക്കാലത്ത് നാരായണൻമാസ്റ്റർ പഠിപ്പിച്ചുതന്ന ഇംഗ്ലീഷ് വ്യാകരണമായിരുന്നു, എന്റെ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനത്തിന്റെ അടിത്തറയായത്. ഇക്കഴിഞ്ഞ വർഷങ്ങളിലെല്ലാം ഓരോ ബാച്ച് വിദ്യാർഥികളോടും ഒരിംഗ്ലീഷ് അധ്യാപകനെന്ന നിലയിൽ ഞാനീക്കഥ വിവരിച്ചു പറയാറുണ്ട്. എന്റെ വന്ദ്യഗുരുവിനോടുള്ള ആദരവ് അങ്ങനെയാണ് പ്രകടിപ്പിച്ചു വന്നിരുന്നത്.

നാരായണൻ മാസ്റ്റർ ടൗൺ മാപ്പിള സ്കൂളിൽ നിന്ന് വിരമിച്ചതിന് ശേഷം പിന്നീട് ഒരിക്കൽ മാത്രമായിരുന്നു ഞാൻ കണ്ടത്. ടൗൺ മാപ്പിളയിൽ ഉണ്ടായിരുന്നത് വരെ ഞാനിടക്കു പോയി

കാണാറുണ്ടായിരുന്നു. എന്റെ പഠന പുരോഗതിയെ കുറിച്ച് അദ്ദേഹത്തിന് അഭിമാനമായിരുന്നു. ഒടുവിൽ കണ്ടത് കുറേ വർഷങ്ങൾക്ക് മുമ്പായിരുന്നു. തലശ്ശേരി റജിസ്ട്രാഫീസിൽ വെച്ച്. വീടുവെക്കാൻ ഞാൻ തലശ്ശേരിയിൽ ഏഴ് സെന്റ് സ്ഥലം വാങ്ങിയത് റജിസ്റ്റർ ചെയ്തതിന്റെ രേഖകൾ വാങ്ങാൻ പോയ പ്പോഴാണ് ബെഞ്ചിൽ ഇരിക്കുന്ന നാരായണൻ മാസ്റ്ററെ കണ്ടത്. അദ്ദേഹത്തിന് എന്നെ മനസ്സിലായില്ല. പ്രായം ഏറെ ഉണ്ടാ യിരുന്നു. പിന്നെ പരിചയപ്പെടുത്തിയപ്പോൾ പഴയ ചില ഓർമ്മ കൾ അദ്ദേഹം തന്നെ അയവിറക്കി. ഞാൻ അദ്ദേഹത്തോട് യാത്ര പറഞ്ഞു. കോൺവെന്റിന്റെ ഇടവഴിയിലൂടെ ഓഫീസേഴ്സ് ക്ലബ്ബിന്റെ അടുത്തെത്തിയപ്പോഴാണ് എനിക്ക് ഒരു ബോധോദയമു ണ്ടായത്. നാരായണൻമാസ്റ്ററെ കണ്ടത് ആകസ്മികമല്ല. അതൊരു നിയോഗമാണ്. സ്ഥലം വാങ്ങിയെങ്കിലും വീട് വെക്കാൻ പണമില്ലായിരുന്നു. പതിനേഴ് വർഷത്തിലധികം ശമ്പള പരിഷ് ക്കരണം നടക്കാത്ത കോളെജ് അധ്യാപകരുടെ ദുർവിധിയുടെ കാലഘട്ടമായിരുന്നു അത്. പണക്കാരായ ബന്ധുക്കളാരും കടം തരാൻ പോലും തയ്യാറായിരുന്നില്ല. എങ്ങനെ വീടുവെക്കുമെന്ന ആശങ്കയോടെയാണ് സ്ഥലത്തിന്റെ രേഖകൾ വാങ്ങിയത്. ആ സന്ദർഭത്തിൽ ഞാനെന്നും മനസ്സിൽ കൊണ്ടുനടക്കുന്ന ഒരധ്യാ പകന്റെ സാന്നിധ്യം അവിടെ ഉണ്ടാവുക എന്നത് വെറും ആകസ് മികമായിരിക്കില്ല. അധ്യാപകരുടേയും രക്ഷിതാക്ക ളുടേയും അനുഗ്രഹങ്ങളുണ്ടായാലേ ഐശ്വര്യമുണ്ടാവുകയുള്ളു എന്ന് വിശ്വസിക്കുന്ന പഴയ തലമുറക്കാരനാണ് ഞാൻ. നാരായണൻ മാസ്റ്റർ അവിടെ ആ സന്ദർഭത്തിലുണ്ടായത് ഒരു ശുഭലക്ഷണമാ യിരുന്നു എന്നുകരുതി അദ്ദേഹത്തെ കണ്ട് അനുഗ്രഹങ്ങൾ വാങ്ങാനായി ഓടി റജിസ്ട്രാർ ഓഫിസിൽ എത്തിയപ്പോഴേക്കും അദ്ദേഹം പോയിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വിലാസം പോലും എനിക്കറിയില്ലായിരുന്നു. ഞാൻ പ്രതീക്ഷിച്ചതുപോലെ അതൊരു ശുഭലക്ഷണമായിരുന്നു. ബന്ധുക്കളുടെ സഹായം ലഭ്യമായില്ലെങ്കിലും സുഹൃത്തുക്കൾ ഞാൻ ചോദിക്കാതെ സഹായങ്ങളുമായി എത്തി. കാൻഫിൻ ഹോംസിന്റെ മാനേജർ രാമകൃഷ്ണൻ പതിവിന് വിരുദ്ധമായി ലോൺ തുക ഗഡുക്കളാ ക്കാതെ മുഴുവനും അനുവദിച്ചു തന്നു. വീടുപണി ഉദ്ദേശിച്ചതിലും നേരത്തെ കഴിഞ്ഞു. യു ജി സി നിരക്കിൽ ശമ്പളം കിട്ടിത്തുടങ്ങി. കടമെല്ലാം തിരിച്ചടക്കാൻ കഴിഞ്ഞു. എല്ലാം ഒരുപക്ഷേ ആ ഗുരുവിന്റെ അനുഗ്രഹം കൊണ്ടായിരിക്കാമെന്ന് തോന്നുകയും ചെയ്തു. ഇതൊരു അന്ധവിശ്വാസമാണെങ്കിൽ പോലും.

നാരായണൻ മാസ്റ്റർ ചെമ്പ്രക്കാരനാണെന്ന് ചരമ വാർത്ത യിൽ നിന്നാണറിയുന്നത്. മാസ്റ്റർ മരിക്കുന്നതിന്റെ ഒരാഴ്ച മുമ്പ്

മാത്രമാണ് ചെമ്പ്ര എന്ന സ്ഥലം കാണുന്നത്. റോഡ് റിപ്പയർ കാരണം വണ്ടി ചെമ്പ്ര എന്ന ഗ്രാമത്തിലൂടെ കടന്നു പോയപ്പോൾ എനിക്കാ സ്ഥലത്തോട് എന്തോ ഒരു മമത തോന്നി. വണ്ടി നിർത്തി, ഒരൽപനേരം അവിടെ നിന്ന് തിരിച്ചു വന്ന് സുഹൃത്തുക്കളോടൊപ്പം ചെമ്പ്രയെ കുറിച്ച് പറഞ്ഞു. അവർക്കൊന്നും വിശേഷിച്ചൊന്നും തോന്നിയില്ല. തിരിച്ചു ജോലി സ്ഥലത്തെത്തിയപ്പോഴും ചെമ്പ്ര മനസ്സിൽ പതിഞ്ഞു കിടന്നു. അതിന്റെ കാരണം മനസ്സിലായത് ചരമവാർത്ത വായിച്ചപ്പോഴാണ്. ഗുരുനാഥൻ താമസിക്കുന്ന, ഒരുപക്ഷേ അദ്ദേഹത്തിന്റെ നാളുകൾ അവസാനിക്കുന്ന വേളയിൽ ഈ വിനീത ശിഷ്യൻ അതിനരികെ, അറിയാതെ കടന്നുപോവുകയായിരുന്നു.

നാരായണൻ മാസ്റ്ററുടെ സന്താനങ്ങൾ എൻജിനിയർമാരും മറ്റുമാണെന്ന് ചരമ വാർത്തയിൽ കണ്ടു. ധന്യമായിരിക്കണം ആ ജീവിതം. പിന്നോക്കാവസ്ഥയിൽ കിടക്കുന്ന ഒരു പ്രദേശത്തിലെ വിദ്യാർഥികൾക്ക് വിദ്യയുടെ വെളിച്ചം കൊടുത്ത മഹാപുരുഷനായിരുന്നല്ലോ അദ്ദേഹം. ഗുരോ പ്രണാമം! ●

# 67
# ഉപ്പോട്ട് കണാരി വൈദ്യർ

പിലാക്കൂലിൽ വളരെക്കാലം അതിപ്രശസ്തരീതിയിൽ പ്രവർത്തിച്ചു വന്ന ഒരു വൈദ്യ സ്ഥാപനമായിരുന്നു ധന്വന്തരോദ്യോതിനി വൈദ്യശാല. ഉപ്പോട്ട് കണാരി വൈദ്യരായിരുന്നു അതിന്റെ സ്ഥാപകൻ. നാട്ടുവൈദ്യത്തിലും ആയുർവ്വേദ ചികിത്സയിലും പ്രാചീന പാരമ്പര്യമുള്ള ഉപ്പോട്ട് തറവാട്ടിലെ അംഗമായിരുന്നു കണാരി വൈദ്യർ. ഉപ്പോട്ട് രാമൻ വൈദ്യരുടെ ദ്വിതീയ പുത്രനായിരുന്നു അദ്ദേഹം. ജ്യേഷ്ഠൻ ഉപ്പോട്ട് കണ്ണൻ വൈദ്യർക്കായിരുന്നു സീമന്തപുത്രനെന്ന നിലയിൽ ഉപ്പോട്ട് തറവാട്ടിന്റെ വൈദ്യപാരമ്പര്യാവകാശം ലഭിച്ചിരുന്നത്. ഉപ്പോട്ട് തറവാട് നിലനിന്നിരുന്നത് ഗോപാലപ്പേട്ടയിലെ ശിരുവാണി ക്ഷേത്രത്തിനടുത്തായിരുന്നു. പിന്നീട് കണാരി വൈദ്യരായിരുന്നു ടെമ്പിൾ ഗേറ്റിനടുത്തുള്ള വാടിക്കലിലേക്ക് വീട് മാറിയത്. തീയ്യ സമുദായത്തിൽപ്പെട്ട ഈ വൈദ്യകുടുംബം അസൂയാർഹമായ രീതിയിൽ പ്രസിദ്ധമായിരുന്നു.

കുടുംബ പാരമ്പര്യമനുസരിച്ച് സീമന്ത പുത്രനാണ് വൈദ്യ പാരമ്പര്യമെന്ന് നേരത്തെ പ്രസ്താവിച്ചുവല്ലോ. അതുകൊണ്ട് ഉപ്പോട്ട് കണ്ണൻ വൈദ്യരുടെ അനുജൻ മറ്റു ജോലികൾ അന്വേഷിച്ചു. എന്നാൽ വിധി ഈ അനുജനെ കുടുംബത്തിന്റെ വൈദ്യ പാരമ്പര്യത്തിന്റെ കണ്ണിയാകാനായിരുന്നു നിശ്ചയിച്ചിരുന്നത്. കണാരി വൈദ്യർ, വൈദ്യത്തിലേക്ക് തിരിയാനുള്ള കാരണത്തെക്കുറിച്ച് ഒരു ഐതിഹ്യമുണ്ട്. കോട്ടയം തമ്പുരാന്റെ

അരമനയിൽ തമ്പുരാന്റെ ഒരു അടുത്ത ബന്ധു രോഗബാധിതനായി ഒരു ചികിത്സയും ഫലിക്കാതെ വന്നപ്പോഴാണ്, തമ്പുരാൻ തലശ്ശേരിയിലേക്ക് ആളുകളെ വിട്ട് ഉപ്പോട്ട് കണ്ണൻ വൈദ്യരെ വിളിപ്പിച്ചത്. രോഗിയെ പരിശോധിച്ച്, രോഗം മാറാതിരുന്നത് ശരിയായ രോഗ നിർണ്ണയം നടത്തപ്പെടാത്തത് കൊണ്ടാണെന്ന് പ്രസ്താവിക്കുകയും, ശരിയായ രോഗ നിർണ്ണയം ചെയ്ത് ഏതാനും ദിവസങ്ങൾകൊണ്ട് രോഗിക്ക് പൂർണ്ണ സുഖം പ്രദാനം ചെയ്തായിരുന്നു കണ്ണൻ വൈദ്യർ മടങ്ങിയത്. കണ്ണൻ വൈദ്യരുടെ പ്രസ്താവന കൊട്ടാരം ആസ്ഥാന വൈദ്യന്മാരെ ചൊടിപ്പിച്ചു. അസൂയ മൂത്ത അവർ കണ്ണൻ വൈദ്യരെ ആദരിക്കാനെന്ന പേരിൽ സദ്യ നല്കി സത്ക്കരിക്കുകയും, സത്ക്കാര വേളയിൽ ഭക്ഷണത്തിലൂടെ വിഷം നൽകുകയും ചെയ്തുവത്രെ. വീട്ടിൽ തിരിച്ചെത്തിയ ഉടനെ തന്നെ താൻ വിഷബാധിതനാണെന്ന് തിരിച്ചറഞ്ഞ കണ്ണൻ വൈദ്യൻ, അപ്പോൾ കള്ളുഷാപ്പിൽ ജോലി ചെയ്തിരുന്ന കണാരിയെ വിളിപ്പിച്ച് ഉടനെതന്നെ വൈദ്യം പഠിപ്പിക്കാൻ ആരംഭിക്കുകയും ചെയ്തു. 'അഷ്ടാംഗഹൃദയ'ത്തിന് വ്യാഖ്യാനമെഴുതിയ കണ്ണൻ വൈദ്യർക്ക് അനുജന് വൈദ്യം പഠിപ്പിച്ചു കൊടുക്കാനുള്ള ഇടവേള വരെ സ്വജീവിതം പിടിച്ചു നിർത്താനും കഴിഞ്ഞുവത്രെ. അങ്ങനെയാണ് ഉപ്പോട്ട് കണാരി, വൈദ്യരായിത്തീർന്നത്.

ഉപ്പോട്ട് കണാരി തലശ്ശേരിയിലെ പ്രഗത്ഭനും ജനകീയനുമായ വൈദ്യരായി. താൻ ചികിത്സിക്കുന്ന രോഗികളെ നേരിട്ട് പോയി സന്ദർശിക്കുന്ന പതിവായിരുന്നു അദ്ദേഹത്തിന്റേത്. സൂര്യോദയത്തിന് മുമ്പ് തന്നെ അദ്ദേഹം തന്റെ പദയാത്രാ സന്ദർശന പരിപാടി തുടങ്ങുമായിരുന്നു. പല വീട്ടുകാരും ഉറക്കമെഴുന്നേൽക്കുന്നതുതന്നെ കണാരി വൈദ്യരുടെ കതക് തട്ടൽ കേട്ടായിരുന്നുവത്രെ. വളരെ ദൂരെയുള്ള ഉൾപ്രദേശങ്ങളിൽ പോലും കണാരി വൈദ്യർ തന്റെ പതിവ് സന്ദർശനത്തിനെത്തിയിരുന്നു. അദ്ദേഹത്തിന്റെതന്നെ മേൽനോട്ടത്തിൽ തയ്യാറാക്കപ്പെട്ട മരുന്നുകൾ രോഗികൾക്ക് വളരെ ഫലപ്രദമായിരുന്നു. പിലാക്കൂലിൽ അദ്ദേഹം വൈദ്യശാല ആരംഭിച്ചത് 1902ൽ ആയിരുന്നു. കണാരി വൈദ്യരുടെ ദേഹവിയോഗാനന്തരം അദ്ദേഹത്തിന്റെ മകൻ രാമദാസ് വൈദ്യർ വളരെക്കാലം പ്രസ്തുത സ്ഥാപനം നടത്തിവന്നിരുന്നു. ഇന്ന് പ്രസ്തുതസ്ഥാപനം നിലവിലില്ല. ആര്യവൈദ്യൻ നാരായണൻ, ഗോപുവൈദ്യർ, ഡോ. രാമ കൃഷ്ണൻ എന്നിവർ കണാരി വൈദ്യരുടെ മറ്റു പുത്രന്മാരാണ്. കൃഷ്ണൻ വൈദ്യർ നേത്രചികിത്സാവിദഗ്ധനായിരുന്നു. രാമദാസൻ വൈദ്യരും ഡോ. രാമകൃഷ്ണനും ഇപ്പോഴും ടെമ്പിൾ ഗേറ്റിലെ വാടിക്കലിൽ താമസിച്ചു വരുന്നു.

കണാരി വൈദ്യർ സാമൂഹിക കാര്യങ്ങളിലും പ്രശോഭിച്ച വ്യക്തിയായിരുന്നു. ജഗന്നാഥ ക്ഷേത്ര പരിപാലനത്തിനായുള്ള ജ്ഞാനോദയ യോഗ സംഘത്തിന്റെ ഡയറക്ടറായിരുന്നു. തലശ്ശേരിയിൽ നടന്ന ആയുർവ്വേദ കോൺഗ്രസ് വളരെ വിജയകരമായതിന്റെ പിന്നിൽ അതിന്റെ സെക്രട്ടറി കണാരി വൈദ്യരുടെ ഉത്സാഹമായിരുന്നു. തലശ്ശേരി മുൻസിപ്പൽ കൗൺസിലറായും അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നു. ശ്രീനാരായണ ഗുരുഭക്തനായ കണാരി വൈദ്യർക്ക് ഗുരുവിൽ നിന്ന് നേരിട്ട് ആശിർവാദം ലഭിച്ചിരുന്നു ●

68

# കുഞ്ഞിക്കണ്ണൻ ടീച്ചറും പഞ്ചാബി ഫയൽവാനും

ഇന്ത്യൻ സർക്കസിന്റെ ഈറ്റില്ലം തലശ്ശേരിയായിരുന്നു. സർക്കസിനായി പ്രത്യേകം കളരികൾ തലശ്ശേരിയിലുണ്ടായിരുന്നു. സർക്കസ് രംഗത്തെ അവിസ്മരണീയ വ്യക്തിത്വമായിരുന്നു കീലേരി കുഞ്ഞിക്കണ്ണൻ ടീച്ചർ. മിഷ്യൻ സ്കൂളിലെ (ബി ഇ എം പി) ഡ്രിൽ അധ്യാപകനായിരുന്നു കുഞ്ഞിക്കണ്ണൻ ടീച്ചർ. 'പൊള്ളക്കണ്ണും തടിച്ച് ഉയരംകൂടിയ ദേഹവും കരടി രോമങ്ങളും കണ്ടാൽ പേടിയാകുമെങ്കിലും എന്തുമാത്രം സൗമ്യമായിരുന്നു ആ ഹൃദയം!' എന്നാണ് അക്കാലത്ത് മിഷ്യൻ സ്കൂളിൽ വിദ്യാർഥിയായിരുന്ന, ടീച്ചറിൽ നിന്ന് തല്ലുവാങ്ങിയിരുന്ന സി എച്ച് കുഞ്ഞപ്പ തന്റെ 'സ്മരണകൾ മാത്രം' എന്ന പുസ്തകത്തിൽ വിവരിക്കുന്നത്.

സർക്കസ് കളിക്കാരുടെ കുലഗുരുവായ കുഞ്ഞിക്കണ്ണൻ ടീച്ചർ സർക്കസ് വിദ്യകൾ പഠിപ്പിക്കാൻ എരഞ്ഞോളിയിൽ പ്രത്യേകം കളരികെട്ടിയിരുന്നു. ഏതുതരം അഭ്യാസങ്ങളും പഠിക്കാനിവിടെ സൗകര്യമുണ്ടായിരുന്നു. ടീച്ചറുടെ സാന്നിധ്യത്തിൽ ഏതപകട അഭ്യാസം ചെയ്യാനും വിദ്യാർഥികൾ ധൈര്യം കാണിച്ചിരുന്നു. വീണ് എല്ലൊടിഞ്ഞാലും ടീച്ചറുടെ കൈകൾകൊണ്ട് ഉഴിഞ്ഞാൽ ശരിയാകുമെന്ന വിശ്വാസവും അവർക്കുണ്ടായിരുന്നു. ട്രിപ്പീസിൽ നിന്നും ബാറിൽ നിന്നും കുട്ടികൾ വീഴുകയാണെങ്കിൽ അത് ടീച്ചറുടെ കൈകളിലേ വീഴുകയുള്ളുവത്രെ. തലശ്ശേരിയിൽ ഏത് സർക്കസ് വന്നാലും കുഞ്ഞിക്കണ്ണൻ ബഹുമാന്യനായ

അതിഥിയായിരുന്നു. ഏതുസമയവും പ്രവേശനം സൗജന്യം. ടീച്ചർ സർക്കസിന് വരുന്ന സമയം നോക്കി കുട്ടികൾ പലരും സർക്കസ് കൂടാരത്തിനടുത്ത് കാത്തുനിൽക്കുമായിരുന്നു. ടീച്ചറോടൊപ്പം പ്രവേശിക്കുന്ന അവരെ ആരും തടഞ്ഞുനിർത്തിയിരുന്നില്ല.

തീയ്യ സമുദായത്തിൽപ്പെട്ട കുഞ്ഞിക്കണ്ണൻ ടീച്ചർ ഒടുവിൽ കൃസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുകയായിരുന്നു. വിശ്വാസ കാര്യത്തിൽ ടീച്ചർ ബ്രഹ്മസമാജക്കാരനായിരുന്നു. ടീച്ചർ വിവാഹം ചെയ്തത് അന്യജാതിക്കാരിയെയായിരുന്നു- വണ്ണാത്തി. അന്നത്തെ തീയ്യ സമുദായം ആ വിവാഹത്തെ അംഗീകരിച്ചില്ലെന്നു മാത്രമല്ല സാമൂഹിക ബഹിഷ്ക്കരണവും നടപ്പിലാക്കി. അതുകൊണ്ട് കുട്ടികളുടെ ഭാവിയോർത്ത് ടീച്ചർ സകുടുംബം കൃസ്ത്യാനിയായി.

കുഞ്ഞിക്കണ്ണൻ ടീച്ചറിനെ കുറിച്ച് ഒട്ടനവധി കഥകൾ തലശ്ശേരിയിലും പരിസരങ്ങളിലും പ്രചാരണത്തിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മെയ്യഴകും അന്തസ്സും നടയുടെ ഗൗരവവും സർവ്വത്ര ചർച്ച ചെയ്യപ്പെട്ടിരുന്ന സവിശേഷതകളായിരുന്നു. അക്കാലത്ത് തലശ്ശേരിയിൽ വളരെ വാശിയേറിയ ഗുസ്തി മത്സരങ്ങൾ നടക്കാറുണ്ടായിരുന്നു. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലെ പ്രമുഖരായ ഫയൽവാന്മാർ തലശ്ശേരിയിലെ ഗുസ്തി മത്സരങ്ങളിൽ പങ്കെടുത്തിരുന്നു. മെയ്യഭ്യാസങ്ങളിലൂടെ പൗരുഷം പ്രകടമാക്കിയിരുന്ന തലശ്ശേരിക്കാർക്ക് അത്തരം പൗരുഷ വിനോദങ്ങളിലായിരുന്നു അന്ന് താത്പര്യം.

ഒരിക്കൽ പഞ്ചാബ്കാരനായ ഒരു ഫയൽവാൻ തലശ്ശേരിക്കാരെ മുഴുവൻ വെല്ലുവിളിച്ചു. സാധാരണഗതിയിൽ തലശ്ശേരിയിൽ വരുന്ന ഫയൽവാന്മാർ കുഞ്ഞിക്കണ്ണൻ ടീച്ചറെകണ്ട് ആശീർവാദം വാങ്ങാറുണ്ടായിരുന്നു. എന്നാൽ ധാർഷ്ട്യക്കാരനായ പഞ്ചാബി ഫയൽവാൻ അതൊന്നും ചെയ്തില്ല. തലശ്ശേരിക്കാരായ ഒന്നുരണ്ട് ഫയൽവാന്മാരെ അയാൾ തൂക്കിയെറിഞ്ഞപ്പോൾ പഞ്ചാബുകാരന്റെ ധാർഷ്ട്യം ഒന്നുകൂടി കൂടി. ജനങ്ങൾ വിവരം ടീച്ചറെ അറിയിച്ചു. ടീച്ചർ തന്റെ പ്രിയ ശിഷ്യനായ കുഞ്ഞിരാമനെ വിളിച്ചു പറഞ്ഞു: 'കുഞ്ഞിരാമാ, നീയൊന്നവിടെ ചെന്നുനിൽക്കൂ. നിന്നേടത്തു നിന്നും തെറ്റരുത്. അവനെന്ത് ചെയ്യുമെന്ന് കാണാമല്ലോ.' ടീച്ചർ എന്നിട്ട് ഫയൽവാനോട് പറഞ്ഞു: 'ഈ കുഞ്ഞിരാമനെ നിന്നേടത്തു നിന്ന് ഇളക്കിയാൽ എന്തുപിഴ ഒടുക്കാനും തയ്യാർ. തോറ്റു എന്നു സമ്മതിക്കുകയും ചെയ്യും.' പഞ്ചാബി ഫയൽവാൻ അരമണിക്കൂറിലധികം പഠിച്ചപണി പതിനെട്ട് പയറ്റി നോക്കിയിട്ടും കുഞ്ഞിരാമനെ നിന്നയിടത്ത് നിന്ന് ഒരൽപം പോലും നീക്കാനായില്ല.

ഫയൽവാൻ തോൽവി സമ്മതിച്ചെങ്കിലും ഇത് മലയാളി മന്ത്രംകൊണ്ട് കഴിഞ്ഞതാണെന്ന് അയാൾ ആക്ഷേപിച്ചു. പിറ്റേന്ന് പ്രതികാരബുദ്ധിയോടെ പഞ്ചാബി ഫയൽവാൻ ടീച്ചറുടെ ചിറക്കരയിലെ വീട്ടിലേക്ക് പുറപ്പെട്ടു. ടീച്ചർ സ്കൂളിലേക്ക് പുറപ്പെട്ടു വരികയായിരുന്നു. പഞ്ചാബി ഫയൽവാൻ ടീച്ചറെ വഴിയിൽ വെച്ച് തന്നെ ശകാരിച്ചു. ടീച്ചർ ക്ഷോഭിക്കുന്നത് കാണാത്തപ്പോൾ ഫയൽവാൻ മുഷ്ടിചുരുട്ടി. ടീച്ചർ ഒഴിഞ്ഞുമാറി തൊട്ടടുത്ത ചെന്തമരി മരത്തിന് ഒരു ചവിട്ടു കൊടുത്തു. ആ മരത്തിലെ ഇലകളും പൂക്കളും ഉതിർന്നുപോയി. മരത്തിന്റെ വിറനിൽക്കാൻ തന്നെ വളരെനേരം പിടിച്ചുവത്രെ. ഇതുകണ്ട ഫയൽവാൻ ജീവനുംകൊണ്ട് ഓടിയെന്നാണ് ഐതിഹ്യം. അങ്ങനെ വിഖ്യാതനായ കുഞ്ഞിക്കണ്ണൻ ടീച്ചറെ കുറിച്ച് എത്രയെത്ര കഥകൾ! ●

## 69

# ബാബർ തലശ്ശേരിയിൽ

മുഗൾ രാജവംശം ആരംഭിച്ച ബാബറെക്കുറിച്ചല്ല പരാമർശി ക്കുന്നത്. ഇംഗ്ലീഷ് ഉച്ചാരണത്തിൽ ബാബറായ തോമസ് ബാർവേ ബാബറെക്കുറിച്ചാണീ ലേഖനം. മലബാറിൽ പഴശ്ശി രാജാവിന്റെ ഒളിപ്പോരുകൾ നേരിടാനായി പ്രത്യേകം അയക്കപ്പെട്ടതായിരുന്നു ബാബർ. നെപ്പോളിയനെ പരാജയപ്പെടുത്തി ലോക പ്രശസ്ത നായ ഡ്യൂക്ക് ഓഫ് വെല്ലിംഗ്ടൺ, കേണൽ ആർതർ വെല്ലസ്ലി യായിരുന്നു ബാബറിന് മുമ്പേ മലബാറിൽ ഇംഗ്ലീഷ് സേനാ നായകൻ. ആർതർ വെല്ലസ്ലിയുടെ തലശ്ശേരിയിലെ അന്നത്തെ വാസസ്ഥലമായിരുന്നു ഇപ്പോഴത്തെ സബ് കലക്ടേഴ്സ് ബംഗ്ലാവ്. പ്രഗത്ഭനായ ആർതർ വെല്ലസ്ലി പോലും പരാജയപ്പെട്ട സ്ഥാനത്താണ് തോമസ് ബാർവേ ബാബറെ തലശ്ശേരിയിൽ സ്പെഷ്യൽ സബ് കലക്ടറായി അയച്ചത്.

ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി തലശ്ശേരിയിൽ പാണ്ടികശാ ലകൾ സ്ഥാപിച്ചപ്പോൾ ഏറെ സഹായ സഹകരണങ്ങൾ നൽകിയിരുന്ന രാജാവായിരുന്നു കേരളവർമ്മ പഴശ്ശി. 1780–82കളിൽ ഹൈദരാലിയുമായും 1791– 92ൽ ടിപ്പുവുമായും കമ്പനി നടത്തിയ യുദ്ധങ്ങളിലും കമ്പനിക്ക് ശക്തമായ സഹായം പഴശ്ശി രാജാവിൽ നിന്നുണ്ടായിരുന്നു. കമ്പനിയുടെ ആവശ്യങ്ങൾ കഴിഞ്ഞപ്പോൾ അവർ പിന്നീട് പഴശ്ശി രാജാവിനെതിരെ തിരിഞ്ഞു. രാജാവിന്റെ അധികാരങ്ങളിൽ ഇടപെടാനും നിയന്ത്രിക്കാനും ആരംഭിച്ചു. ഇംഗ്ലീഷുകാരുടെ വഞ്ചന മനസ്സി

ലായ സ്വാഭിമാനിയായ പഴശ്ശിരാജ ഇംഗ്ലീഷുകാർക്കെതിരെ, വയനാട് കേന്ദ്രീകരിച്ച് ഒളിപ്പോര് തുടങ്ങി. രാജാവിനെ നിയന്ത്രിക്കാനാവാതെ വന്നപ്പോഴാണ് ഗവർണർ ജനറൽ ആർതർ വെല്ലസ്ലിയെ തലശ്ശേരിയിലേക്ക് അയച്ചത്. പഴശ്ശിയെ നാമാവശേഷമാക്കാനുള്ള വെല്ലസ്ലിയുടെ തന്ത്രങ്ങൾ പൂർണ്ണമായി വിജയിച്ചില്ലെന്ന് മാത്രമല്ല ഇംഗ്ലീഷ് സേനക്ക് വമ്പിച്ച നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. ഇതേ കാലഘട്ടത്തിൽ നടപ്പാക്കിയ ഇംഗ്ലീഷുകാരുടെ പുതിയ ഭൂനികുതി നയം ബഹുജന പ്രക്ഷോഭങ്ങൾക്കിടയാക്കുകയും ചെയ്തു. ഈ സന്നിഗ്ധഘട്ടത്തിലാണ് 1804 നവംബർ ഒന്നാം തിയ്യതി ഇംഗ്ലീഷ് സൈനിക പ്രവർത്തനങ്ങളുടെ ചുമതല തലശ്ശേരി സബ് കലക്ടറായി എത്തിയ ബാബറെ ഏൽപ്പിച്ചത്. കുശാഗ്ര ബുദ്ധിയായിരുന്ന ബാബർ പഴശ്ശി രാജാവിന് ലഭിച്ചിരുന്ന സഹായ സഹകരണങ്ങളുടേയും ഭക്ഷണ സാധനങ്ങളുടെ സപ്ലേ എന്നിവയുടെ സ്രോതസ്സുകൾ കണ്ടുപിടിച്ചു അവയെ തടയുകയായിരുന്നു ആദ്യം ചെയ്തത്. പിന്നീട് 150ൽ മാത്രം ഒതുങ്ങിയ ഒരു സേനയുമായി ചെന്ന് പുൽപ്പള്ളിക്കടുത്ത പഴശ്ശി രാജാവിന്റെ ഒളിത്താവളം അക്രമിച്ചു. തുടർന്നുണ്ടായ സംഘട്ടനത്തിൽ രാജാവിന്റെ അംഗരക്ഷകർ ആകമാനം കൊല്ലപ്പെട്ടു. ഗത്യന്തരമില്ലാതെ രാജാവ് വൈരക്കല്ല് വിഴുങ്ങി ആത്മത്യാഗം ചെയ്തു. പഴശ്ശി രാജാവിന്റെ വയനാടൻ വീരഗാഥയ്ക്ക് അന്ത്യമായപ്പോൾ ബാബറുടെ തൊപ്പിയിൽ വിജയത്തിന്റെ പൊൻതൂവൽ അണിയപ്പെടുകയായിരുന്നു.

പ്രസ്തുത സംഭവം സൈനിക നീക്കത്തിന്റെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ ബാബർക്കുണ്ടായിരുന്ന വൈഭവത്തെ തെളിയിക്കുന്നതായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മഹത്വം കൂടി തെളിയിച്ചിരുന്നതായിരുന്നു പ്രസ്തുതസംഭവം. തന്റെ എതിരാളിയായിരുന്നുവെങ്കിലും പഴശ്ശി രാജാവിന്റെ ധീരതയെ അങ്ങേയറ്റം ബഹുമാനിക്കാൻ ബാബർ മടി കാണിച്ചിരുന്നില്ല. അസാമാന്യവും അതുല്യവുമായ വ്യക്തിത്വമുള്ള വിശിഷ്ടനാണ് പഴശ്ശി രാജാവെന്നും മരണാനന്തരം പോലും ജനങ്ങൾ രാജാവിന് സ്നേഹാദരങ്ങൾ പ്രകടിപ്പിച്ചത് തനിക്ക് കാണാനായെന്നും ബാബർ, തന്റെ മേലധികാരിക്കയച്ച റിപ്പോർട്ടിൽ പഴശ്ശി രാജാവിനെ കുറിച്ച് പരാമർശിച്ചിരുന്നു. ഇംഗ്ലീഷ് സൈന്യം പഴശ്ശി രാജാവിന് കീഴടങ്ങേണ്ടി വന്നിരുന്നുവെങ്കിൽ അത് ഇന്ത്യയിലെ ബ്രിട്ടീഷ് സർക്കാറിന്റെ മരണമണിയായിത്തീർന്നേനെ എന്നുകൂടി ബാബർ റിപ്പോർട്ടിൽ തുറന്നെഴുതിയിരുന്നു. ഒരു വീരയോദ്ധാവിനെ കുറിച്ചുള്ള തന്റെ മതിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ബാബർ ഇംഗ്ലീഷ് ആഢ്യതയുടെ ചിഹ്നമായിത്തീരുകയുണ്ടായി.

ആർതർ വെല്ലസ്ലി താമസിച്ച ബംഗ്ലാവിലായിരുന്നു ബാബർ

തലശ്ശേരിയിൽ താമസിച്ചത്. കോട്ടയിൽ നിന്ന് ഏകദേശം ഒരു കിലോമീറ്റർ അകലെയുള്ള പള്ളിക്കുന്നിലായിരുന്നു ബാബറുടെ വാസ സ്ഥലം. ഒരുപക്ഷെ ബാബർ തന്നെ തനിക്ക് വേണ്ടി പ്രകൃതി സുന്ദരമായ സ്ഥലം തെരഞ്ഞെടുത്തതായിരിക്കാം. തലശ്ശേരിയെ കുറിച്ച് സ്മരണക്കുറിപ്പുകൾ എഴുതിയിരുന്ന കേണൽ ജയിംസ് വെൽഷ്, തന്റെ പൂർവസന്ദർശനത്തിൽ ഈ ബംഗ്ലാവ് ഉണ്ടായിരു ന്നില്ലെന്നും 1817ൽ വീണ്ടും സന്ദർശിച്ചപ്പോഴാണ് പുതിയൊരു ബംഗ്ലാവ് നിർമിക്കപ്പെട്ടത് കാണാനിടയായതെന്നും പരാമർശിച്ചിരുന്നു. പൂർവപ്രദേശത്തെ ഏറ്റവും ആരോഗ്യ പ്രദമായ സ്ഥലം തലശ്ശേരിയാണെന്ന് രേഖപ്പെടുത്തിവെച്ചതും കേണൽ വെൽഷ് തന്നെയായിരുന്നു. ബാബറുടെ പള്ളിക്കുന്ന് ബംഗ്ലാവ് പിന്നീട് എ കെ കുഞ്ഞിമായൻ ഹാജിയുടെ സ്വത്തായി തീരുകയായിരുന്നു. അദ്ദേഹത്തിന്റെ മരുമകൻ വ്യവസായ പ്രമുഖനായിരുന്ന എ കെ കാദർകുട്ടിയായിരുന്നു പിന്നീട് ഈ ബംഗ്ലാവിലെ താമസക്കാരൻ. ●

## 70

# "പടച്ചോനില്ലാ ചെട്ടി"

തലശ്ശേരിയിലെ കൊങ്കിണികളെ കുറിച്ചുള്ള ലേഖനത്തിൽ പല പ്രമുഖ കൊങ്കിണികളേയും പരാമർശിച്ചിരുന്നില്ല. അവരിൽ ചുരുക്കം ചിലരെങ്കിലും പ്രത്യേക പരാമർശം അർഹിക്കുന്നവരാ യതുകൊണ്ട് മറ്റൊരു ലേഖനത്തിലേക്ക് മാറ്റിവെച്ചതായിരുന്നു. മെയിൻ റോഡിൽ മട്ടാമ്പ്രം പള്ളിക്കടുത്ത ആയുർവ്വേദ ഉണക്ക മരുന്നുകൾ ലഭ്യമാകുന്ന പ്രശസ്തസ്ഥാപനമുണ്ടായിരുന്നു. കൊങ്കിണിയായ കൃഷ്ണപൈ ആയിരുന്നു അത് നടത്തിവ ന്നിരുന്നത്. ത്രികടു, ചുണ്ണാമക്കി, കിരിയാത്ത, മെഴുക്, തേൻ തുടങ്ങി ആയുർവ്വേദ- യുനാനി മരുന്നുകൾക്ക് ആവശ്യമായ മൂലിക മരുന്നുകൾ മുഴുവനും അവിടെ ലഭ്യമായിരുന്നു. ലേഖകന്റെ പിതാവ് വീട്ടിൽ തയ്യാറാക്കുന്ന മരുന്നുകൾക്ക് ആവശ്യമായ സാധനങ്ങളെല്ലാം അവിടെ നിന്നാണ് വാങ്ങി യിരുന്നത്. എന്നത് ഈ വ്യാപാരസ്ഥാപനവുമായി ബന്ധപ്പെട്ട ഒരു സ്മരണയാണ്. സ്ഥാപനത്തെക്കാൾ ജനസമ്മതി നേടിയി രുന്നത് അതിന്റെ സ്ഥാപകനായ കൃഷ്ണപൈ ആയിരുന്നു. മട്ടാമ്പ്ര ത്തുള്ള മുസ്ലിംകൾ അദ്ദേഹത്തെ "പടച്ചോനില്ലാ ചെട്ടി" എന്നായിരുന്നു വിശേഷിപ്പിച്ചിരുന്നത്. ഇതിന് കാരണമുണ്ടാ യിരുന്നു. മല്ലർ റോഡിലുള്ള തന്റെ വാസസ്ഥലത്തുനിന്ന് വ്യാപാര സ്ഥാപനത്തിലേക്ക് വരുമ്പോഴും പോകുമ്പോഴുമൊക്കെ എല്ലാവരുമായി സംവാദം നടത്തുക എന്നത് കൃഷ്ണപൈയുടെ ശീലമായിരുന്നു. കച്ചവടത്തേക്കാൾ അദ്ദേഹം ഇഷ്ടപ്പെട്ടത് ഇതായിരുന്നുവെന്ന് തോന്നും. പലപ്പോഴും നിരീശ്വരവാദത്തെ

ക്കുറിച്ച് സംസാരിക്കാറുള്ളത് കൊണ്ടായിരിക്കും പടച്ചോനില്ലാ ചെട്ടി എന്ന ചൊൽപ്പേര് അദ്ദേഹത്തിന് ലഭിച്ചത് തന്നെ. അല്ല എന്നു പറഞ്ഞാൽ ഇല്ലാ എന്നാണ് അർഥമെന്നും അതുകൊണ്ട് അല്ലാ(ഹു) ഇല്ലെന്നുമൊക്കെ അദ്ദേഹം വാദിക്കുമായിരുന്നു. മുസ്ലിംകൾ, ഹിന്ദുക്കൾ മൃതിയടഞ്ഞാൽ ചത്തു എന്നും അവരുടെ കാര്യത്തിൽ മരിച്ചു എന്നും പ്രയോഗിക്കുന്നതിനെ അദ്ദേഹം വിമർശിച്ചു പറയുമായിരുന്നു. സത്തുള്ളവർ ചത്തു പോകുന്നു അല്ലാത്തവർ മരിച്ചുപോവുന്നു എന്നുമൊക്കെ പരിഹാസരൂപത്തിൽ പറയുമായിരുന്നു. നിരീശ്വരമൊക്കെ പ്രസ്താവിക്കുമെങ്കിലും അദ്ദേഹം തികഞ്ഞ ഭക്തനും മറ്റു മതങ്ങളോട് ബഹുമാനവുമുള്ള വ്യക്തി ആയിരുന്നു. അദ്ദേഹത്തിന്റെ പരിഹാസശരങ്ങളൊക്കെ മതത്തിന്റെ ബാഹ്യവൈകൃതങ്ങൾക്ക് നേരെയായിരുന്നു. കൃഷ്ണ പൈ സംവാദം നടത്തുന്നതെല്ലാം തദ്ദേശിയരായ മുസ്ലിംകളോടായിരുന്നു. അദ്ദേഹത്തിന്റെ പരിഹാസങ്ങളൊന്നും യാതൊരു തരത്തിലുള്ള പ്രകോപനവും സൃഷ്ടിച്ചിരുന്നില്ല എന്നത് അക്കാലത്തെ മതസംയമനത്തിനുദാഹരണം കൂടിയാണ്. കടയിൽ വരുന്നവരോടൊക്കെ എന്തെങ്കിലും തമാശ പറയുക കൂടി അദ്ദേഹത്തിന്റെ പതിവായിരുന്നു. ഒരിക്കൽ ഒരു മുസ്ലിം പെൺകുട്ടി ഒരു മരുന്നിനായി കൃഷ്ണപൈയുടെ കടയിൽ വന്നു. കുട്ടിക്ക് മരുന്നിന്റെ പേര് മറന്നുപോയി. കൃഷ്ണപൈ ഓരോ മരുന്നിന്റേയും പേര് പറഞ്ഞ് അതായിരുന്നുവോ എന്നന്വേഷിച്ചു. എല്ലാറ്റിനും കുട്ടി അല്ല എന്നുത്തരം. ഒടുവിൽ ദേഷ്യം പിടിച്ചതായി അഭിനയിച്ച് 'പിന്നെ നിന്റെ ഉമ്മാന്റെ കിരിയാത്തോ?' എന്ന് ചോദിച്ചുവത്രെ. 'ങ്ഹാ! അതുതന്നെ' എന്ന് പെൺകുട്ടി മറുപടിയും പറഞ്ഞു. കിരിയാത്തിന് വന്ന കുട്ടി ആ പേര് മറന്നുപോയതായിരുന്നു. കൃഷ്ണപൈയുടെ പൗത്രന്മാർ ഇന്നും മെയിൻ റോഡിൽ മരുന്നുകട നടത്തിവരുന്നുണ്ട്.

മല്ലർ റോഡിൽ നിന്ന് മെയിൻ റോഡിലേക്കുള്ള കുന്നത്ത് ഇടവഴിയിൽ നരസിംഹക്ഷേത്രത്തിന്റെ പാർശ്വത്തിലുള്ള ദിവാകര മല്ലറുടെ ചെറിയ കടയും തലശ്ശേരിക്കാർക്ക് അവിസ്മരണീയമായ ഒന്നാണ്. കൊങ്കിണി അച്ചാറിനും കൊങ്കിണി പപ്പടത്തിനും അവിടെ പലരും വന്നുചേരാറുണ്ടായിരുന്നു. നല്ലതരം പച്ചക്കറികളും അവിടെ ലഭ്യമായിരുന്നു. കുട്ടികൾ ഉപ്പിലിട്ട നെല്ലിക്കക്കും അമ്പഴങ്ങയ്ക്കും അവിടെ എത്തുമായിരുന്നു. അർധ നഗ്നനായി കുമ്പയുടെ മുകളിൽ പൂണൂലുമായി കടയിലിരുന്ന ദിവാകര മല്ലറെ അത്രവേഗത്തിൽ ആർക്കും മറക്കാനാവില്ലായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ പുത്രന്മാരായിരുന്നു പ്രസ്തുത കട നടത്തിവന്നത്. അദ്ദേഹത്തിന്റെ ബി കോം ബിരുദധാരിയായ മകൻ ഹരിദാസ് പിതാവിന്റെ പാരമ്പര്യം നിലനിർത്താൻ ഇന്നും കട നടത്തിവരുന്നു.

മല്ലർ റോഡിലെ ചെട്ടികുടിയിലെ മധുര പലഹാര കടകളും

പരാമർശമർഹിക്കുന്നവയാണ്. ലഡുവും ജിലേബിയും ഹലുവയും കൊങ്കിണി അരിയുണ്ടകളും എള്ളുണ്ടകളും കടലയുണ്ടകളും പലതരം മുറുക്കുകളും തേടി ജനങ്ങൾ ഈ കടകളിൽ എത്തിച്ചേരാറുണ്ടായിരുന്നു. പപ്പടമുണ്ടാക്കുന്ന കൊങ്കിണികളും മല്ലർ റോഡിൽ തന്നെയായിരുന്നു താമസിച്ചിരുന്നത്. അവിടെ തന്നെയുള്ള കൊങ്കിണികൾ നടത്തിയിരുന്ന ഹോട്ടലിലെ കിഴങ്ങു പൊരിച്ചതിനും കോഴിക്കാലിനും ഉഴുന്നുവടകൾക്കും പ്രത്യേക രുചിയായിരുന്നു. താഴലങ്ങാടി തലശ്ശേരിയുടെ വ്യാപാരത്തിന്റെ കേന്ദ്രമായിരുന്ന കാലത്ത് അവിടെ ഗൗഡ സാരസ്വത ബ്രാഹ്മണർ നടത്തിയിരുന്ന ഒരു ഹോട്ടലിലെ ഉഴുന്നുവട ജനപ്രീതിയാർജ്ജിച്ചതായിരുന്നു.

വാധ്യാർ ബീഡിയെ കുറിച്ച് മുമ്പത്തെ ലേഖനത്തിൽ പരാമർശിച്ചിരുന്നു. അതിന്റെ ഉടമസ്ഥൻ വാസുദേവ ഭട്ട് താമസിച്ചിരുന്നത് മല്ലർ റോഡിലായിരുന്നു. ഇന്നും അദ്ദേഹത്തിന്റെ പുത്രന്മാരും പൗത്രന്മാരും അവിടെ താമസിച്ചു വരുന്നു. മുസ്ലിമിൽ നിന്ന് വാങ്ങിയതായിരുന്നു പ്രസ്തുത ഗൃഹം. ഗൃഹാങ്കണത്തിലുള്ള അശോകമരം തലശ്ശേരിയിൽ ഒരേയൊരു അശോകമരമാണെന്ന് അവകാശപ്പെടാം. ആഡംബരത്തിന് വളർത്തുന്ന അശോക മരമല്ലയിത്. ഔഷധത്തിന് മരപ്പട്ട ഉപയോഗിക്കുന്നതും ആരാധനയ്ക്ക് പൂവുപയോഗിക്കുന്നതുമായ അശോക മരമാണിത്. ശീമചക്ക (ബമ്പുചക്ക)യുടെ മരവും ആ പറമ്പിലുണ്ട്. വാസുദേവഭട്ടിന്റെ പുത്രന്മാരായ ശേഷഗിരി ഭട്ടും നരഹരി ഭട്ടും ഗോപാലകൃഷ്ണഭട്ടുമായിരുന്നു നിപ്പാണിൽ നിന്ന് ബീഡിയില കൊണ്ടുവന്ന് വിതരണം ചെയ്യാൻ ആരംഭിച്ചത്. ഭട്ടിന്റെ സഹോദരപുത്രനായ നരഹരിക്കമ്മത്തും അവരുടെ വ്യാപാര രംഗത്ത് സജീവമായുണ്ടായിരുന്നു.

തലശ്ശേരിയിലെ പ്രഥമ ഹോമിയോ ചികിത്സകനായ എസ് വി പൈയായിരുന്നു മറ്റൊരു പ്രശസ്ത കൊങ്കിണി. വിദേശ സാധനവ്യാപാര സ്ഥാപനമായിരുന്ന എസ് കൃഷ്ണപൈ ബ്രദേഴ്സിന്റെ ഉടമസ്ഥനായിരുന്നു എസ് വി പൈ. സ്വാതന്ത്ര്യസമര സേനാനിയായിത്തീർന്ന അദ്ദേഹം വ്യാപാരം ഉപേക്ഷിച്ചു. ഉപ്പ് സത്യാഗ്രഹത്തിലും മറ്റും പങ്കെടുത്ത അദ്ദേഹം പിന്നീട് ഹോമിയോപ്പതി പഠിച്ച് തലശ്ശേരി മെയിൻ റോഡിൽ പ്രാക്ടീസ് ആരംഭിക്കുകയായിരുന്നു.

കൃസ്ത്യാനികളായ കൊങ്കിണികളെ കുറിക്കുമ്പോൾ, തലശ്ശേരിയിലെ പ്രധാന ബാന്റ് വാദ്യ സംഘങ്ങൾ അവരുടേതായിരുന്നു എന്ന കാര്യവും സ്മരണീയമാണ് ●

71

# സിറ്റി പ്രസ്സും സി പി ബ്രദേഴ്സും

കഴിഞ്ഞ ഒരു ദശകം മുമ്പ് വരെ തലശ്ശേരി മെയിൻ റോഡിൽ പഴയ പൊലീസ് സ്റ്റേഷന് സമീപമായി സ്ഥിതി ചെയ്തിരുന്ന സ്ഥാപനമായിരുന്നു സിറ്റി പ്രസ്. അതേ കെട്ടിടത്തിൽ തന്നെയായിരുന്നു സി പി ബ്രദേഴ്സ് എന്ന സ്ഥാപനവും. നിലവാരമുള്ള നോട്ടുപുസ്തകങ്ങൾ, പെൻ, പെൻസിൽ, മറ്റ് സ്റ്റേഷനറി സാധനങ്ങൾ എന്നിവക്ക് അക്കാലത്ത് ഈ സ്ഥാപനങ്ങളിൽ തന്നെ ചെല്ലണമായിരുന്നു. സ്ഥാപനങ്ങളുടെ ഉടമകളായ സി പി സഹോദരന്മാർ തലശ്ശേരിയിലെ ക്രിക്കറ്റ് ചരിത്രത്തിലെ അവിസ്മരണീയരായ സി പി പോക്കർ കേയിയും അനുജൻ സി പി കുഞ്ഞഹമ്മദും ആയിരുന്നു. സിക്സർ പോക്കർ എന്ന പ്രസിദ്ധനായ പോക്കർ കേയി നേരത്തെ തന്നെ അന്തരിച്ചു. അനുജൻ കുഞ്ഞഹമ്മദ് കുറച്ച് ദിവസം മുമ്പും.

പ്രൗഢിയും കണിശ സ്വഭാവവുമുള്ള സി പി കുഞ്ഞഹമ്മദിനെയാണ് ഈ ലേഖകന് പരിചയം. ബാലനായിരിക്കുമ്പോൾ തന്നെ ഈ ലേഖകൻ എഴുതാനുള്ള കടലാസുകൾ വാങ്ങാൻ പോയിരുന്നത് സിറ്റി പ്രസ്സിലായിരുന്നു. അടിക്കടി ഓരോ ക്വയർ വീതം കടലാസ് വാങ്ങി കൊണ്ടുപോയിരുന്ന എന്നോട് സി പി കുഞ്ഞഹമ്മദ് എന്തിനാണ് ഇത്രയധികം പേപ്പർ എന്ന് ചോദിച്ചതോർക്കുന്നു. അന്ന് ബാലപംക്തിയിലൊക്കെ എഴുതുമായിരുന്നുവെങ്കിലും അത്രയധികം പേപ്പറുകൾ ഞാനായിരുന്നില്ല ഉപയോഗിച്ചിരുന്നത്. എന്റെ അധ്യാപകനും പ്രസിദ്ധ ചരിത്രാ

ഖ്യായകനുമായ അബ്ദുൽ ഖാദർ ഖാരിക്ക് വേണ്ടിയായിരുന്നു ക്വയർ കണക്കിന് പേപ്പർ വാങ്ങിച്ചിരുന്നത്. എന്റെ പേര് പോലും ഒരുപക്ഷേ അദ്ദേഹത്തിന് അറിയുമായിരുന്നില്ല. പക്ഷേ, ഞാൻ പേപ്പർ വാങ്ങാൻ പോയാൽ എന്നെ അറിയുമെന്ന തരത്തിലുള്ള ഒരു പുഞ്ചിരി ആ മുഖത്തുണ്ടായിരിക്കും.

സിറ്റി പ്രസ്സിൽ പോകുമ്പോൾ അബു അബ്രഹാമിന്റെ കാർട്ടൂൺ കഥാപാത്രങ്ങളെ പോലെ മെലിഞ്ഞ കുഞ്ഞഹമ്മദും തടിച്ച എന്നും സുസ്മേരവദനനുമായിരുന്ന അദ്ദേഹത്തിന്റെ ബന്ധു മൊയ്തുവുമുണ്ടായിരിക്കും കടയിൽ. ഒരിക്കൽ എന്റെ ബന്ധുവിന്റെ ഒരു കല്ല്യാണ ക്ഷണപത്രിക അച്ചടിക്കാൻ പോയ പ്പോഴാണ് സി പി കുഞ്ഞഹമ്മദിനെ കുറച്ചുകൂടി അടുത്തറിയാൻ കഴിഞ്ഞത്. തന്റെ പ്രസ്സിൽ അച്ചടിക്കുന്നതിലൊന്നിലും തെറ്റുകളു ണ്ടാവരുതെന്ന കണിശത സി പി കുഞ്ഞഹമ്മദിനുണ്ടായിരുന്നു. കത്തിൽ ഞാനുപയോഗിച്ച ഒരു ഇംഗ്ലീഷ് വിഭക്തി പ്രയോഗം അദ്ദേഹം മാറ്റിയിരുന്നു. ഞാനെഴുതിയത് തെറ്റാണെന്ന് കരുതിയാ യിരുന്നു അദ്ദേഹം അങ്ങനെ ചെയ്തത്. ഞാനുപയോഗിച്ചത് തന്നെയാണ് ശരി എന്നായിരുന്നു എന്റെ വാദം. ഏതായാലും അദ്ദേഹം തെറ്റ് തിരുത്തിയ വിധത്തിൽ അച്ചടിച്ചു പോയതു കൊണ്ട് ഞാനത് തിരുത്താൻ മിനക്കെട്ടുമില്ല.

എന്റെ വാദത്തെ ഖണ്ഡിക്കുമ്പോഴാണ് അദ്ദേഹം തന്റെ ഇംഗ്ലീഷ് പരിചയത്തെക്കുറിച്ചും ക്രിക്കറ്റിനെ കുറിച്ചുമൊക്കെ പറയാൻ തുടങ്ങിയത്. ഇംഗ്ലീഷുകാരോട് ക്രിക്കറ്റ് കളിച്ചവനാണ് താനെന്ന് അദ്ദേഹം പറഞ്ഞപ്പോൾ, നിങ്ങൾക്ക് ഇംഗ്ലീഷ് ക്രിക്കറ്ററിയാമായിരിക്കാം അതുകൊണ്ട് ഇംഗ്ലീഷ് ഭാഷയെ കുറിച്ച് ആധികാരികമായി സംസാരിക്കാനാവകാശമുണ്ടെന്ന ധാരണ ശരിയല്ല എന്ന് ഞാൻ പ്രതികരിച്ചത് അദ്ദേഹത്തെ അൽപം ചൊടിപ്പിച്ചിരുന്നു. കൗഡ്രിയും സ്നോയും ജോൺസണുമൊക്കെ അടങ്ങിയ ഇംഗ്ലീഷ് ടീമിനെതിരെ കളിച്ച മികച്ച ക്രിക്കറ്റ് പാര മ്പര്യം ആ കടയുടെ ഉള്ളിലിരിക്കുന്ന മെലിഞ്ഞ മനുഷ്യനുണ്ടെ ന്നറിഞ്ഞത് ആ സംവാദ വേളയിലായിലായിരുന്നു. പിന്നീട് കുറേ കഴിഞ്ഞാണ് വീണ്ടും കുഞ്ഞഹമ്മദാക്കയെ കാണുന്നത്. കണ്ട ഉടനെ "നീ പറഞ്ഞ വിഭക്തി പ്രയോഗമാണ് കൂടുതൽ ശരിയെന്ന് മനസ്സിലാക്കി. നീ അന്ന് ശഠിച്ചിരുന്നുവെങ്കിൽ ക്ഷണക്കത്ത് ഞാൻ മാറ്റി അടിച്ചു തരുമായിരുന്നേനേ" എന്ന് പറഞ്ഞപ്പോൾ അദ്ദേഹ ത്തിന്റെ ജെന്റിൽമാൻ സ്പിരിറ്റിനോട് ഏറെ ബഹുമാനം തോന്നി പോയി !

സി പി കുഞ്ഞഹമ്മദിന്റെ ഭാര്യയുടെ സഹോദരിഭർത്താവ്, അറക്കൽ കുടുംബാംഗം മുഹമ്മദ്കോയമ്മ എന്റെ ക്ലാസ്മേ റ്റായിരുന്ന കാലത്തായിരുന്നു, അദ്ദേഹത്തിന് എന്നെ പേരറിഞ്ഞ്

പരിചയമായത്. പെരുമാറ്റ രീതിയിൽ ഏറെ ചിട്ടകൾ പാലിക്കുന്ന അദ്ദേഹത്തിന് കേയി ആഢ്യത്വത്തേക്കാൾ ഇംഗ്ലീഷ് മാന്യതയുടെ പാരമ്പര്യമാണ് ഉണ്ടായിരുന്നതെന്ന് തോന്നുന്നു. തികച്ചും അവിസ്മരണീയമായ വ്യക്തിത്വമായിരുന്നു. അദ്ദേഹം നേരത്തെ യുണ്ടായിരുന്ന സിറ്റി പ്രസ് നിൽക്കുന്ന കെട്ടിടം പൊളിച്ച് അവിടെ ഒരു ഹാർഡ്‌വെയർ സ്ഥാപനം ആരംഭിക്കുന്നതിന്റെ നിർമാണ പ്രവർത്തനങ്ങൾക്കിടയിൽ അവിടം സന്ദർശിച്ചപ്പോഴും എന്റെ മനസ്സിൽ സി പി കുഞ്ഞഹമ്മദിന്റേയും അദ്ദേഹത്തിന്റെ ബന്ധു വിന്റേയും പൂച്ചക്കണ്ണുകളുണ്ടായിരുന്ന അവിടത്തെ ജോലിക്കാര ന്റേയും ചിത്രമായിരുന്നു ഉണ്ടായിരുന്നത്.

മാർച്ച് ഒൻപത് ഞായറാഴ്ചയിലെ ചെന്നൈ എഡിഷൻ മലയാള പത്രം ഉച്ചയോടെ ലഭിച്ചപ്പോഴാണ് സി പി കുഞ്ഞഹ മ്മദിന്റെ നിര്യാണവാർത്ത അറിയാനിടയായത്. ബ്രണ്ണൻ കോളെ ജിൽ വിദ്യാർഥിയായിരിക്കെ കോളെജ് ക്രിക്കറ്റ് ടീമിന് വിജയങ്ങൾ നേടിക്കൊടുത്ത ക്യാപ്റ്റനായിരുന്നു കുഞ്ഞഹമ്മദ്. തലശ്ശേരിയിൽ സ്വന്തം സ്ഥാപനം ആരംഭിക്കുന്നതിന് മുമ്പ് അദ്ദേഹം ടെലിഫോ ൺസിലും പൊതുമരാമത്തിലും ഉദ്യോഗസ്ഥനായിരുന്നു. ചന്ദ്രിക പത്രത്തിന്റെ മാനേജരായും കുറച്ചുകാലം ജോലി നോക്കി യിരുന്നു ●

## 72

# സ്നേഹനിധിയായ സുഹൃത്ത്

ടി.പി മൂസക്കുട്ടിയെ അടുത്തറിയുന്നവർക്കെല്ലാം ഏക സ്വര ത്തിൽ പറയാനുള്ളത്, അദ്ദേഹം വാരിക്കോരി നൽകിയ സ്നേ ഹോഷ്മളതയാണ്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ വിര ഹം വളരെ ആഴത്തിലുള്ള വിടവും ദുഃഖവുമാണ് സൃഷ്ടിച്ചി രിക്കുന്നത്. പൊതുരംഗത്ത് ഏറെയൊന്നും അറിയപ്പെട്ടിരു ന്നില്ലെങ്കിലും, പ്രവർത്തിച്ച രംഗങ്ങളിലെ ആത്മാർത്ഥതയും, പ്രതിബദ്ധതയും എടുത്തുപറയത്തക്കതാണ്. തിരുവങ്ങാട് സ്പോർടിംഗ് യൂത്ത് വായനരംഗത്ത് വിപ്ലവം കൊണ്ടുവന്ന ഒരു സംഘമായിരുന്നു. ഊർജ്ജസ്വലരായ ഒരുപറ്റം യുവാക്കളാ യിരുന്നു അന്നതിന്റെ നേതൃത്വരംഗത്തുണ്ടായിരുന്നത്. ടി.പി മൂസക്കുട്ടി ആ നേതൃത്വനിരയിലുണ്ടായിരുന്നു.

തിരുവങ്ങാട് മുസ്ലീം അസോസിയേഷനായിരുന്നു പിന്നീട് മുസ്ലീം അസോസിയേഷനായി പരിണമിച്ചത്. അതിന്റെ ആരംഭകാലം മുതൽ അസോസിയേഷനെ പോഷിപ്പിക്കാൻ അശ്രാന്ത പരിശ്രമം നടത്തിയവ്യക്തികളിൽ മൂസക്കുട്ടി മുൻപന്തി യിൽ നിൽക്കുന്നു. അവസാനകാലം വരെ അതിന്റെ ഭാരവാ ഹിയായി തുടരുകയും ചെയ്തു.

ആർത്തിയോടെയുള്ള വായനയാണ് അദ്ദേഹത്തെ വ്യതിരി ക്തനാക്കിയ മറ്റൊരു സവിശേഷത. ഏറ്റവും പുതുതായി വരുന്ന പുസ്തകങ്ങൾ വാങ്ങി വായിക്കുക മാത്രമല്ല, വായിച്ചു കഴിഞ്ഞ

ഉടനെ പുസ്തകം തന്റെ സ്നേഹിതന്മാരെ വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. പലപ്പോഴും സ്നേഹിതരുടെ വീട്ടിൽ കൊണ്ടുപോയി കൊടുത്താണ് വായിപ്പിക്കാറുള്ളത്. പുസ്തകങ്ങളും, മറ്റു പ്രസിദ്ധീകരണങ്ങളും എനിക്കെത്തിച്ചു തന്ന് വായിപ്പിച്ചത് ഒരശ്രുകണത്തോടെ, നന്ദിയോടെ ഓർക്കുന്നു. കാലുകൾ കൊണ്ട് നടക്കാൻ കഴിയാത്ത അവസരത്തിൽ പോലും, ഓട്ടോറിക്ഷ ഏർപ്പാട് ചെയ്തു പഴയ ബസ് സ്റ്റാന്റിലേക്ക് പോകുന്നത്, അശോകന്റെ കട ലക്ഷ്യം വെച്ച് കൊണ്ടായിരുന്നു. അവിടെ കാണുന്ന നിലവാരമുള്ള എല്ലാ മാസികകളും വാരികകളും വാങ്ങിയിട്ടായിരുന്നു തിരിച്ചു വരവ്. പോകുമ്പോഴോ തിരിച്ചു വരുമ്പുഴോ, പഴയ വാരികകളും, മാസികകളും എന്റെ വീട്ടിൽ ഏൽപ്പിച്ചായിരുന്നു പോയിരുന്നത്. എന്റെ ലേഖനങ്ങളുടെ ആദ്യവായനക്കാരൻ അദ്ദേഹമായിരുന്നു. വായിച്ച ഉടനെ തന്നെ പ്രശംസയറിയിക്കാൻ എന്നെ ഫോണിൽ വിളിക്കുമായിരുന്നു. വീട്ടിലെ ഫോണിലായിരുന്നു വിളിക്കാറുള്ളത്. ഞാനില്ലെങ്കിൽ ഇടവിട്ടു വിളിച്ചു കൊണ്ടേയിരിക്കും, വീട്ടിൽ തിരിച്ചെത്തിയാൽ മൂസക്കുട്ടിക്ക അഞ്ചാറ് തവണ വിളിച്ചിരുന്നു. എന്തോ അത്യാവശ്യമായിരിക്കും, എന്ന് ഭാര്യ പറയും. ഉടനെ തിരിച്ച് വിളിച്ചാൽ അദ്ദേഹത്തിന് പറയാനുണ്ടാകുക, ചന്ദ്രികയിലെ ലേഖനം വായിച്ചു നന്നായിട്ടുണ്ട്. വായിച്ചു കഴിഞ്ഞാൽ അത് ലേഖകനെ അറിയിക്കാതെ അദ്ദേഹത്തിനു സമാധാനമുണ്ടായിരുന്നില്ല. അഗാധമായ സുഹൃദ്ബന്ധത്തിൽ നിന്നും സ്നേഹത്തിൽ നിന്നുമായിരുന്നു അത്തരത്തിലുള്ള പ്രതികരണം ഉണ്ടായത് എന്നതാണ് യാഥാർത്ഥ്യം.

അദ്ദേഹത്തിന്റെ ആതിഥ്യ മര്യാദയിലും നിറഞ്ഞ് നിന്നത് അദ്ദേഹത്തിന്റെ സ്നേഹം വിഴിഞ്ഞൊഴുകിയ ഹൃദയമായിരുന്നു. ഞാൻ മുസ്ലീം അസോസിയേഷന്റെ സെക്രട്ടറിയും, പ്രസിഡണ്ടുമായിരുന്നപ്പോൾ പലപ്പോഴും യോഗങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ വെച്ചായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. പങ്കെടുക്കുന്നവർക്ക് ഹൃദ്യമായ വിരുന്നൊരുക്കുന്നതിൽ ഏറെ സംതൃപ്തിയാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ കുടുംബവും അദ്ദേഹത്തിന്റെ സ്നേഹവലയത്തെ സ്വാഗതം ചെയ്യുന്ന സന്മനസ്സുള്ളവരായിരുന്നു. അദ്ദേഹത്തിന്റെ ഒരു പേരമകൻ എന്റെ വിദ്യാർത്ഥിയുമായിരുന്നു.

സ്കൂൾതലം മുതലെ എനിക്കദ്ദേഹത്തെ അറിയാമായിരുന്നു. ടൗൺ മാപ്പിള സ്കൂളിൽ അദ്ദേഹം എന്റെ വളരെ സീനിയറായിരുന്നു സാഹിത്യസമാജത്തിൽ പ്രസംഗിച്ചിരുന്ന അദ്ദേഹം

അന്നേ ശ്രദ്ധേയനായിരുന്നു. മുമ്പൊക്കെ ഹൈസ്കൂളിലും അദ്ദേഹം വാഗ്മീയായ വിദ്യാർത്ഥിയായിരുന്നു. എന്നെപോലെ തന്നെ, അദ്ദേഹത്തിന് ഏറെ പ്രിയമുള്ള സുഹൃത്തായിരുന്നു കെ.പി.കുഞ്ഞിമൂസ്സ. മെഡിക്കൽ ചെക്കപ്പിനു കോഴിക്കോട് പോയിരുന്ന അവസരത്തിൽ എല്ലാം കുഞ്ഞിമൂസ്സയെ സന്ദർശിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കാറുണ്ടായിരുന്നു. അദ്ദേഹവുമായി ബന്ധപ്പെട്ടവരെല്ലാം തന്നെ തങ്ങൾ ഓരോരുത്തരുമാണ് അദ്ദേഹത്തിന്റെ ആത്മസുഹൃത്ത് എന്ന് പ്രേരിപ്പിക്കുന്ന തരത്തിൽ സ്നേഹം പ്രസരിപ്പിച്ച സ്നേഹനിധിയായിരുന്നു ടി.പി.മൂസക്കുട്ടി. മരണം അനിവാര്യമായ യാഥാർത്ഥ്യമാണെന്ന ബോധമുണ്ടെങ്കിൽ തന്നെയും ചില മരണങ്ങൾ വളരെ ആഴത്തിലുള്ള വേർപാടുകളാണ് സൃഷ്ടിക്കാറുള്ളത്. അതാണ് മൂസ്സക്കുട്ടിയുടെ വിയോഗം അനുഭവപ്പെടുത്തിയത് ●

## 73

# എന്നും ഹെഡ്മാസ്റ്ററായ അധ്യാപകശ്രേഷ്ഠൻ

തലശ്ശേരി മുബാറക് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച് നീണ്ട 30 വർഷം അതേ സ്ഥാപനത്തിൽ സേവനമനുഷ്ഠിച്ച് സർവ്വീസിൽ നിന്നും വിരമിച്ച ഒ.മുഹമ്മദ് മാസ്റ്റർ തലശ്ശേരിയുടെ പൊതുസമൂഹത്തിന് ചിരപരിചിത വ്യക്തിത്വമാണ്.

മുബാറക് ഹൈസ്കൂളിന്റെ ഉയർച്ചയിൽ തന്റേതായ സംഭാവനകൾ അർപ്പിച്ച മുഹമ്മദ് മാസ്റ്റർ 1948ൽ കക്കാട് എൽ.പി.സ്കൂളിൽ നിന്ന് 5-ാംക്ലാസ്സ് പൂർത്തീകരിച്ചതിന് ശേഷം തിരൂരങ്ങാടി യു.പി.സ്കൂളിൽ നിന്ന് ഇ.എസ്.എൽ.സി പാസ്സാകുകയും കോട്ടക്കൽ രാജാസ് ഹൈസ്കൂളിൽ നിന്ന് 1948ൽ എസ്.എസ്.എൽ.സി പാസ്സാവുകയും ചെയ്തു. ഹൈസ്കൂളുകളുടെ എണ്ണം കുറവായിരുന്ന അക്കാലത്ത് വിദ്യ അഭ്യസിക്കുന്നതിന് വീട്ടിൽ നിന്നും ദിവസവും 20 കിലോമീറ്റർ നടന്ന് വിദ്യാഭ്യാസം നേടി എന്നത് ഇന്നത്തെ തലമുറക്ക് അന്യം തന്നെ. വിദ്യാഭ്യാസ കാലഘട്ടത്തിൽ എല്ലാ പരീക്ഷകളിലും ഉയർന്നമാർക്ക് കരസ്ഥമാക്കിയ അദ്ദേഹം തനിക്ക് ലഭിച്ചത് മറ്റുള്ളവർക്ക് പകർന്ന് നൽകുക, എന്ന ആപ്ത വാക്യത്തെ അന്വർത്ഥമാക്കുന്ന അധ്യാപനരീതിയാണ് അവലംബിച്ചത് എന്നത് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യതിരിക്തനാക്കുന്നു. രാജാസ് ഹൈസ്ക്കൂളിലെ പ്രഗൽഭനായ ഇംഗ്ലീഷ് അധ്യാപകൻ ടി.കൃഷ്ണദാസ്, നെടുങ്ങാടിയുടെ ശിഷ്യത്വവും, പ്രശസ്ത ഇംഗ്ലീഷ് അധ്യാപകരായ കെ.സി.ഉണ്ണി,

അനുജൻ രാജാ, കെ.സി.കുട്ടി ഏട്ടൻ രാജാ എന്നിവരുമായുള്ള സമ്പർക്കവും ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും അദ്ദേഹത്തിന്റെ താൽപര്യവും പ്രാവീണ്യവും വർദ്ധിപ്പിച്ചു. ഇംഗ്ലീഷ് അധ്യാപകർക്കിടയിൽ അദ്ദേഹത്തെ അനന്യവ്യക്തിത്വത്തിന്റെ ഉടമയാക്കി. 1948–ൽ ഫാറൂഖ് കോളജിലെ പ്രഥമബാച്ചിൽ പ്രവേശനം നേടി പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ഇന്റർ മീഡിയറ്റ് കോഴ്സ് 1950–ൽ പാസ്സായി. ഫാറൂഖ് കോളേജ് കമ്മിറ്റി മെമ്പറും പ്രൊഫസറുമായിരുന്ന വി.എം.മുഹമ്മദ് സാഹിബിന്റെയും പ്രിൻസിപ്പാൾ സയ്യിദ് മുഹിയദ്ധീൻ ഷാസാഹിബിന്റെയും നിർലോഭമായ പിന്തുണയും പ്രോൽസാഹനവും അദ്ദേഹത്തിന്റെ തുടർവിദ്യാഭ്യാസം പൂർത്തീകരിക്കാൻ സഹായിച്ചു. 1952ൽ മദ്രാസ് യൂണിവേഴ്സിറ്റിയുടെ ബി.എ. ഇസ്ലാമിക് ഹിസ്റ്ററി വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടാൻ സാധി ച്ചത് മൂലം ഹാജി എൻ.കെ.സീതി മുഹമ്മദ് പ്രൈസ് അദ്ദേഹത്തെ തേടിയെത്തി.

1953-54 അക്കാദമിക വർഷത്തിൽ കോഴിക്കോട് ഗവ:ട്രെയിനിംഗ് കോളജിൽ നിന്നും ബി.ടി.ബിരുദം പൂർത്തീകരിച്ച അദ്ദേഹം അടുത്തവർഷം തന്നെ ഫാറൂഖ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ ആയി ജോലിയിൽ പ്രവേശിച്ചു. തൊട്ടടുത്ത വർഷത്തിൽ തലശ്ശേരി മുബാറക് ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ തസ്തികയിൽ തന്നെ ജോലിയിൽ പ്രവേശിക്കുകയും 1983–ൽ അദ്ദേഹം വിരമിക്കുകയും ചെയ്തു. ഹെഡ്മാസ്റ്ററായി ജോലിയിൽ പ്രവേശിച്ച് ഹെഡ്മാസ്റ്ററായി വിരമിച്ച ചരിത്രം ഒരുപക്ഷേ ഒ.മുഹമ്മദ് മാസ്റ്റർക്ക് മാത്രം അവകാശപ്പെട്ടതാണ്. ഫാറൂഖ് ഹൈസ്ക്കൂളിലും മുബാറക്ക് ഹൈസ്ക്കൂളിലുമായി ഏകദേശം മുപ്പത് വർഷകാലം ഹെഡ്മാസ്റ്റർ തസ്തികയിൽ മാത്രം പ്രവർത്തിച്ചത് കൊണ്ടായിരിക്കാം തലശ്ശേരിക്കാർക്ക് ഒ.മുഹമ്മദ്മാസ്റ്റർ എന്നും ഹെഡ് മാസ്റ്റർ ആയിരുന്നത്.

മുബാറക് ഹൈസ്കൂളിലെ കെട്ടിടനിർമ്മാണധനശേഖരാണാർത്ഥം യശ്ശശരീരനായ മുഹമ്മദ് റാഫിയുടെ സംഗീതവിരുന്ന് ഒരുക്കുന്നതിന് പൂർവ്വവിദ്യാർത്ഥികൾക്കൊപ്പം തലശ്ശേരി പൗരാവലിയുടെ കൂടെ പ്രവർത്തിക്കാൻ കഴിഞ്ഞത് അദ്ദേഹം ഇന്നലെ എന്നപോലെ മനസ്സിൽ മായാതെ സൂക്ഷിക്കുന്നു. ഈ സംരംഭത്തിന് അഭൂതപൂർവ്വമായി വിജയം കൈവരിക്കാൻ കഴിഞ്ഞതിൽ ചീഫ് എഞ്ചിനീയർ കുട്ട്യാമു സാഹിബിന്റെ നിസ്തുലമായ സേവനവും സംഭാവനയും തലശ്ശേരിക്കാർ ഒരിക്കലും മറക്കാൻ ഇടയില്ല.

ബഹുമാനപ്പെട്ട സി.എച്ച്.മുഹമ്മദ്കോയ സാഹിബ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് നടപ്പാക്കിയ വിദ്യാഭ്യാസ

പരിഷ്കരണ നടപടികൾക്ക് രൂക്ഷമായ എതിർപ്പ് നേരിടേണ്ടി വന്നു. അധ്യാപകർ ഒന്നടങ്കം സമരത്തിലേക്ക് നീങ്ങിയതു കാരണം ഒട്ടുമിക്ക വിദ്യാലയങ്ങളും അടഞ്ഞുകിടന്നപ്പോൾ തലശ്ശേരി മുബാറക്ക ഹൈസ്കൂൾ മാത്രം തുറന്ന് പ്രവർത്തിച്ചത് വിദ്യാർത്ഥികളോടുള്ള അദ്ദേഹത്തിന്റെ അർപ്പണ മനോഭാവം പ്രകടമാക്കുന്ന ഉദാഹരണമായിരുന്നു. ഇത് സർക്കാരിന്റേയും വിശിഷ്യാവിദ്യാഭ്യാസമന്ത്രിയുടെയും പ്രശംസക്ക് പാത്രമായി. അതിനുള്ള അംഗീകാരം എന്ന നിലയ്ക്ക് ബഹുമാനപ്പെട്ട സി.എച്ച്.മുഹമ്മദ് കോയ സാഹിബ് അദ്ദേഹത്തെ, വിദ്യാഭ്യാസ പരിഷ്ക്കരണ പഠനത്തിന് നിയോഗിക്കപ്പെട്ട ദേവഗൗഡ കമ്മിറ്റി യിലേക്ക് ഗവൺമെന്റ് പ്രതിനിധിയായി നോമിനേറ്റ് ചെയ്യുകയും ചെയ്തു. മുബാറക്ക് സ്കൂളിലെ സേവനകാലത്ത് വിവിധ അവസ രങ്ങളിലായി രാജാജി, ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ്, കോൺഗ്രസ്സ് സെക്രട്ടറിയായിരുന്ന സുചേതകൃപാലിനി എന്നിവർ ഹെഡ്മാസ്റ്ററുടെ ക്ഷണം അനുസരിച്ച് സ്ഥാപനം സന്ദർശിക്കുകയും മതിപ്പ് പ്രകടിപ്പിക്കുകയും ചെയ്തു.

പ്രശസ്തരും പ്രഗത്ഭരുമായ ഒരുപാട് ശിഷ്യഗണങ്ങളെ വാർത്തെടുത്ത, തലശ്ശേരിക്കാർക്ക് എന്നും പ്രിയപ്പെട്ട ഹെഡ്മാ സ്റ്റർ തന്റെ അദ്ധ്യാപനകാലത്തെ പതിറ്റാണ്ടുകൾക്ക് ശേഷവും ഗൃഹാതുരത്വത്തോടെ ഓർക്കുകയാണ്. കഷ്ടപ്പാടുകളും വെല്ലു വിളികളും നിറഞ്ഞതെങ്കിലും ശുഭപ്രതീക്ഷയോടെ നിസ്വാർത്ഥ സേവനം തലമുറക്ക് സമ്മാനിച്ച ഈ അനുഗ്രഹീത വന്ദ്യഗുരു നാഥൻ തന്റെ ഗതകാലസ്മരണകൾ അയവിറക്കി മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി കക്കാട്ടുള്ള വസതിയിൽ ഇപ്പോൾ വിശ്രമ ജീവിതം നയിക്കുകയാണ് ●

74

# മാപ്പിളമാരുടെ ആചാരാനുഷ്ഠാനങ്ങളും ആഘോഷങ്ങളും

വിവിധതരത്തിലുള്ള മുസ്‌ലിം സമൂഹങ്ങളുടെ ഒരു സമ്മിശ്രമാണ് ഇന്നത്തെ കേരളത്തിലെ മുസ്‌ലിം സമൂഹം. കേരളത്തിലെ വിവിധ സമൂഹത്തിൽപെട്ടവർ വിവിധഘട്ടങ്ങളിൽ ഇസ്‌ലാം മതം പുൽകിയതുകൊണ്ടാണ് ഈ വൈവിധ്യസമ്മിശ്രത്തിന് കാരണം. ശാസ്ത്രീയ രീതിയിലുള്ള നരവംശ പഠനം നടത്തുകയാണെങ്കിൽ ഈ വിവിധ സമൂഹങ്ങളെ തരംതിരിച്ച് കാണാൻ കഴിയുന്നതാണ്. അത്തരത്തിലുള്ള ഒരു പഠനം കേരള മുസ്‌ലിം സമൂഹോൽപത്തിയെക്കുറിച്ചുണ്ടായിട്ടില്ല.

ഇസ്‌ലാംമത പ്രവാചകനായ മുഹമ്മദ് നബി(സ.അ)യുടെ ജീവിതകാലത്ത് തന്നെ കേരളത്തിലെ ചേരമാൻ പെരുമാക്കന്മാരിലൊരാൾ ഇസ്‌ലാം ആശ്ലേഷിക്കുകയും അറേബ്യ സന്ദർശിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് ഐതിഹ്യം. പെരുമാൾ മടക്കയാത്രയിൽ മരണപ്പെട്ടുവെങ്കിലും അദ്ദേഹത്തോടൊപ്പം ഇസ്‌ലാം മത വിശ്വാസികളായിത്തീർന്ന ബന്ധുക്കൾ കേരളത്തിലെ ധർമ്മടത്തും കണ്ണൂരും മറ്റും താമസിച്ച് ആദ്യത്തെ മുസ്‌ലിം സമൂഹമാവുകയാണുണ്ടായത് എന്ന് അനുമാനിക്കപ്പെടുന്നു. കേരളത്തിലെ ഒരേയൊരു മുസ്‌ലിം രാജവംശമായ ആലി(ആദി) രാജവംശ സ്ഥാപകനായ മുഹമ്മദലി പെരുമാൾ പരമ്പരയിൽ ചേർന്ന ആളായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടം 698 എ.ഡി ആണെങ്കിലും 12-ാം നൂറ്റാണ്ടു മുതലുള്ള രാജവംശപരമ്പര മാത്രമാണ് ചരിത്രത്തിൽ രേഖപ്പെടുത്തി കാണുന്നുള്ളൂ.

### 1. മാലിക്ബ്നു ദീനാറിന്റെ പ്രചാരണ സഞ്ചാരം

കേരളത്തിലെ മുസ്‌ലിം സമൂഹത്തിന്റെ വികാസത്തിന് മറ്റൊരു കാരണം മാലിക്ബിൻ ദീനാറിന്റെ പ്രചാരണ സഞ്ചാരമായിരുന്നു. അദ്ദേഹത്തിന് മുമ്പ് തന്നെ മുസ്‌ലിം സമൂഹങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പള്ളി സ്ഥാപനങ്ങൾ നടക്കുന്നത് അദ്ദേഹത്തിന്റെ ആഗമനത്തോടെയാണ്. മാലിക് ബിൻ ദീനാർ സ്ഥാപിച്ച പത്ത് പള്ളികളിൽ ആറെണ്ണവും വടക്കൻ കേരളത്തിലായിരുന്നുവെന്നത് അവിടെയുള്ള മുസ്‌ലിം സമൂഹസാന്നിദ്ധ്യത്തെ വ്യക്തമാക്കുന്നു. ചാലിയം, പന്തലായിനി, ധർമ്മടം, ശ്രീകണ്ഠാപുരം, മാടായി, കാസർഗോഡ് എന്നിവയായിരുന്നു ആറ് സ്ഥലങ്ങൾ. കേരള ത്തിലെ തന്നെ കൊല്ലം, കൊടുങ്ങല്ലൂർ, കർണാടകയിലെ മംഗലാ പുരം, ബർഗൂർ എന്നിവയായിരുന്നു മറ്റ് നാല് സ്ഥലങ്ങൾ.

ഇബ്ന് ബത്തൂത്തയുടെ ആഗമനം 1342-ലായിരുന്നു. മല ബാറിൽ അദ്ദേഹം സന്ദർശിച്ച എല്ലാ തീരങ്ങളിലും മുസ്‌ലിം സമൂഹങ്ങളുടെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള വിവരണം നൽകു ന്നുണ്ട്. എന്നാൽ അദ്ദേഹം വിവരിക്കുന്നവരധികവും വിദേശിക ളായിരുന്നു. ഇവരാകട്ടെ ദക്ഷിണ അറേബ്യ, പേർഷ്യൻ ഗൾഫ്, യമൻ, ഒമാൻ, ബഹ്റൈൻ, ബാഗ്ദാദ്, പേർഷ്യയിലെ കസറൂൻ, ഖസ്‌വീൻ എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു. കേരളത്തിലെ മുസ്‌ലിം ചരിത്രത്തിന്റെ പ്രധാന പ്രാമാണിക ഗ്രന്ഥമായ സൈനുദ്ദീന്റെ തുഹ്ഫയിലും കണ്ണൂർ, എടക്കാട്, ധർമ്മടം, നാദാപുരം, വളപട്ടണം, ഏഴിമല, ചെമ്മലോട്, പഴയങ്ങാടി എന്നിവിടങ്ങളിൽ 16-ാം ശതകത്തിൽ ഉണ്ടായിരുന്ന മുസ്‌ലിം വ്യാപാരി സമൂഹങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്.

പോർത്തുഗീസ് ദ്വിഭാഷയും വ്യാപാര പ്രതിനിധിയുമായി 1500 മുതൽ 1515 വരെ കണ്ണൂരിനും കോഴിക്കോടിനുമിടയിൽ പ്രവർ ത്തിച്ച പോർത്തുഗീസുകാരനായ ദൂരേത്ത് ബർബോസയുടെ വിവരണത്തിൽ 15-ാം നൂറ്റാണ്ട് വരെയുള്ള കേരള സമൂഹത്തിന്റെ വിശിഷ്യാ വടക്കെ മലബാറിന്റെ വസ്തുനിഷ്ഠമായ ചിത്രം നൽകുന്നുണ്ട്. വ്യാപാരകാര്യത്തിലുള്ള അസൂയയും മതവി ദ്വേഷവും കാരണം ബർബോസക്ക് മുസ്ലിംകൾക്കെതിരായ ഒരു മുൻധാരണയുണ്ട്. പോർത്തുഗീസുകാർ വന്നില്ലായിരുന്നുവെങ്കിൽ കേരളത്തിലെ ജനങ്ങൾ മുസ്‌ലിംകളായി തീർന്നേനെ എന്നുകൂടി ബർ ബോസ എഴുതുന്നുണ്ട്. കേരളസമൂഹത്തിലെ പതിനഞ്ചോളം അവാന്തര വിഭാഗങ്ങളെ വിവരിക്കുന്ന ബർബോസ മുസ്‌ലിംകളെ വ്യാപാരി സമൂഹത്തിലാണുൾപ്പെടുത്തിയത്. മുസ്‌ലിംകളും മലയാളികളുമല്ലാത്ത രണ്ട് വ്യാപാരി സമൂഹങ്ങൾ ചേരമണ്ഡ ലത്തിൽ നിന്നുള്ള ചെട്ടികളും ഗുജറാത്തിൽ നിന്നുള്ള വണിയർ

(ബനിയ)കളുമായിരുന്നു. മുസ്ലിം വ്യാപാരികളിൽ മലയാളികളായ മാപ്പിളമാരും പരദേശികളുമുണ്ടായിരുന്നു. പുരുഷന്മാർ കടൽ കടന്ന് വ്യാപാരം ചെയ്യാൻ പോകുന്നതുകൊണ്ട് വീട്ടിൽ ഉമ്മമാരുടെ പരിരക്ഷണത്തിൽ കുട്ടികൾ വളർന്നപ്പോൾ അവരെ 'ഉമ്മാപിള്ള'കൾ എന്ന് വിളിച്ചതുമൂലമാണ് മാപ്പിള എന്ന പേരു വരാനിടയായത് എന്നൊരു അനുമാനം കൂടിയുണ്ട്.

## സാമൂഹ്യാചാരങ്ങളെക്കുറിച്ച് ഒരു പരിചിന്തനം :

വ്യാപാരികളല്ലാത്ത പുയിസിലാന്മാർ (നവമുസ്ലിംകൾ) ഒസാന്മാർ, മീൻപിടുത്തക്കാർ, ഖസായി (ഇറച്ചിക്കാർ) എന്നിവർ കൂടി മുസ്ലിം സമൂഹത്തിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും നേരത്തെ തന്നെ ചേരമാൻ പെരുമാളിന്റെ പാരമ്പര്യത്തിലും നായർ തറവാടുകളിൽ നിന്നും ഇസ്ലാം ആശ്ലേഷിച്ച മാപ്പിള വ്യാപാരി സമൂഹമായിരുന്നു പ്രബലമായ മുസ്ലിം സമൂഹം. ബർബോസ വിവരിക്കുന്നതുപോലെ ഇവർ മലയാളം സംസാരിക്കുകയും അച്ഛന്മാരെ പോലെ വസ്ത്രം ധരിക്കുകയും മരുമക്കത്തായ സമ്പ്രദായം സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നിരുന്നാലും സമൂഹപരമായും സാംസ്കാരികമായും വിഭിന്നമായി നിലനിൽക്കുകയും ചെയ്തിരുന്നു. കേരളത്തിലെ സാമൂഹ്യാചാരങ്ങളെക്കുറിച്ച് പരിചിന്തനം ചെയ്യുമ്പോൾ ഈയൊരു ചരിത്ര പശ്ചാത്തലത്തിന്റെ അനിവാര്യതയുള്ളതുകൊണ്ടാണ് ആമുഖമായി ഇത്രയും എഴുതിയത്.

## സംസ്ക്കാരത്തിന്റെ നിദാനം

തലമുറകളായി പിന്തുടർന്നു വരുന്ന ആചാരങ്ങളാണ് ഒരു സമൂഹത്തിന്റെ സംസ്കാരത്തിന്റെ നിദാനം. ജനങ്ങൾ പുതിയ മതങ്ങൾ ആശ്ലേഷിച്ചാൽ പഴയ ആചാരങ്ങൾ അനുഷ്ഠിക്കുന്നത് ഉപേക്ഷിക്കാറില്ല. പുതിയ പരിവേഷങ്ങളോടെ പഴയ ആചാരങ്ങൾ അനുഷ്ഠിക്കുന്നത് സമൂഹത്തിൽ നിലനിന്നുകൊണ്ടേയിരിക്കുന്നു. ക്രിസ്തുമതം വരുന്നതിന് മുമ്പേ യൂറോപ്പിലുണ്ടായിരുന്ന അനുഷ്ഠാനങ്ങളായിരുന്നു പിന്നീട് ലോകമെമ്പാടും ക്രിസ്തുമതത്തിന്റെ ഭാഗമായിത്തീർന്ന ഈസ്റ്ററും ക്രിസ്തുമസ്സും. ഇസ്ലാം മതം അനാചാരങ്ങളെയെല്ലാം നിഷ്ക്കാസനം ചെയ്ത് ലളിതമായ ഒരു സമൂഹവ്യവസ്ഥിതി കൊണ്ടുവന്നെങ്കിലും വിവിധ സമൂഹങ്ങൾ അവരുടെ പ്രാക്തനസാംസ്ക്കാരിക പാരമ്പര്യങ്ങളിൽ നിന്ന് മോചിതരായില്ല. ഇസ്ലാമിക പരിവേഷത്തോടെ പഴയ ആചാരങ്ങൾ നിലനിർത്തിക്കൊണ്ടുപോന്നു. വടക്കൻ കേരളത്തിലെ മുസ്ലിം സമൂഹത്തിന്റെ സ്ഥിതിയും വ്യത്യ

സ്തമല്ല. ഇസ്ലാം മതവും പഴയ സമൂഹാചാരങ്ങളും സമ്മിശ്ര പ്പെടുത്തിയ ഒരു മാപ്പിള സംസ്ക്കാരമായിരുന്നു പരിണിത ഫലം.

കുടുംബം, വിവാഹം, ഗർഭം, പ്രസവം, മരണം, മതം എന്നിവയെ അടിസ്ഥാനമാക്കിയാണ് ആചാരങ്ങൾ നിലവിലുണ്ടായിരുന്നത്.

സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണല്ലോ കുടുംബം. വടക്കൻ കേരളത്തിന്റെ മുസ്ലിം സമൂഹത്തിൽ പഴയ നായർ രീതിയിലുള്ള മരുമക്കത്തായ സമ്പ്രദായമായിരുന്നു നിലവിലുണ്ടാ യിരുന്നത്. കണ്ണൂർ മുതൽ കോഴിക്കോട് വരെയും ഈ സമ്പ്രദായം തന്നെ സ്വീകരിച്ചു പോന്നിരുന്നു. പൊന്നാനിയിലും തെക്കൻ കേരളത്തിലെ പേരാവൂരിലും ഇടവയിലും മുസ്ലിംകളുടെ ഇടയിൽ മരുമക്കത്തായ സമ്പ്രദായമായിരുന്നു നിലവിലുണ്ടാ യിരുന്നത്. കൂട്ടുകുടുംബങ്ങളായ തറവാടുകളായിരുന്നു അവ. പുരുഷനായ കാരണവർ തറവാട് കാര്യങ്ങൾ നോക്കിനടത്തുന്നു. പക്ഷേ അദ്ദേഹത്തിനല്ല മറിച്ച് അദ്ദേഹത്തിന്റെ സഹോദരി കൾക്കും അവരുടെ സന്താനങ്ങൾക്കുമാണ് സ്വത്തവകാശമുണ്ടാ യിരിക്കുക. തറവാട്ടിലെ എല്ലാ കാര്യങ്ങളിലും കാരണവരുടെ സമ്മതത്തോടെ മാത്രമായിരിക്കും നിർവ്വഹിക്കപ്പെടുക. ഇന്ത്യൻ ശരീഅത്ത് നിയമം മലബാറിലും ബാധകമാക്കപ്പെട്ടതോടെ പഴയ താവഴി തറവാടുകളൊഴിച്ചുള്ള കുടുംബങ്ങൾക്ക് മരുമക്കത്തായ സമ്പ്രദായം ബാധകമല്ലാതെ വന്നു. കൂട്ടുകുടുംബങ്ങൾ ഇന്ന് അണുകുടുംബങ്ങളായി പരിണമിച്ചു.

## പാരമ്പര്യവും വിവാഹബന്ധങ്ങളും

വിവാഹബന്ധങ്ങൾക്ക് കുടുംബത്തിന്റെ പാരമ്പര്യമായിരുന്നു പ്രധാനമായി പരിഗണിച്ചിരുന്നത്. ഓരോ തറവാടിനും അനുയോ ജ്യമായ തറവാടുമായി മാത്രമായിരുന്നു ബന്ധം സ്ഥാപിച്ചിരുന്നത്. പഴയ പാരമ്പര്യം അവകാശപ്പെടുന്ന കുലീന കുടുംബങ്ങൾ പുതുതായി ആശ്ലേഷിച്ചവരെയും വ്യാപാരമല്ലാത്ത ജോലികളിൽ ഏർപ്പെട്ടവരെയും (ഉദാ: മീൻപിടുത്തം, ഇറച്ചി, തോൽക്കച്ചവടം) പുയിസിലന്മാരും സമ്പന്നരായപ്പോൾ അവരെയും പഴയ തറവാട്ടു കാർക്ക് സ്വീകാര്യരായി തുടങ്ങി. തൊള്ളായിരത്തി അമ്പതു കൾക്ക് ശേഷമുള്ള ഗൾഫ് പ്രതിഭാസം തറവാട് കാഴ്ചപ്പാടിന് വളരെ യധികം മാറ്റം വരുത്തുക തന്നെ ചെയ്തു.

വിവാഹ നിശ്ചയം, വിവാഹാഘോഷങ്ങൾ, വിവാഹാനന്തര ചടങ്ങുകൾ എന്നിവയുമായി ബന്ധപ്പെട്ട് ഒട്ടനവധി ആചാരങ്ങൾ വടക്കൻ കേരളത്തിലെ മുസ്ലിംകളുടെ ഇടയിൽ ഉണ്ട്. ചില വ്യത്യാസങ്ങളോടെയാണെങ്കിലും ഈ ആചാരങ്ങൾ ഇന്നും നിലനിൽക്കുന്നു. വിവാഹ നിശ്ചയത്തിന് മുമ്പ് വാക്കുകൊടുക്കൽ

എന്ന ചടങ്ങുണ്ടായിരുന്നു. വിവാഹത്തിന് വാക്കു കൊടുക്കുന്ന തിന്റെ സൂചകമായി വെറ്റില മാറ്റുക എന്ന സമ്പ്രദായമായിരുന്നു വടക്കെ മലബാറിൽ. വിവാഹ നാള് നിശ്ചയം വരന്റെ വീട്ടിൽ വെച്ചായിരുന്നു. രണ്ട് ഭാഗത്തുമുള്ള ബന്ധുക്കൾ ഒത്തുചേർന്നു വിവാഹ തീയതി നിശ്ചയിക്കുന്നു. അതിന് മുമ്പ് സ്ത്രീധനം, വധുവിന്ന് കൊടുക്കാനുള്ള സ്വർണ്ണം എന്നിവയെക്കുറിച്ചുള്ള ചർച്ച നടക്കുന്നു. ചിലപ്പോൾ ഇക്കാര്യത്തിൽ തീരുമാനമാകാതെ നിശ്ചയം നടക്കാതെയും പിരിഞ്ഞുപോയ സംഭവങ്ങളുണ്ടാ യിരുന്നു. എന്നാൽ ഇന്ന് നാള് നിശ്ചയത്തിന് മുമ്പുതന്നെ ഇക്കാര്യങ്ങളെക്കുറിച്ച് സ്വകാര്യമായി തീരുമാനിക്കപ്പെടുന്നതു കൊണ്ട് നാള് നിശ്ചയം ഒരു ചടങ്ങും വിരുന്നുമാത്രമായി. പഴയകാലത്ത് വിവാഹത്തിനുള്ള നല്ലനാള് നിശ്ചയിച്ചുകൊടു ക്കുന്നത് പള്ളി ഖതീബോ, ഖാസിയോ ആയിരുന്നു. 'നഅസ്' ഒഴിവാക്കികൊണ്ടുള്ള നാളുകൾ തീരുമാനിക്കുക അവരുടെ അവകാശമായിരുന്നു. ഇന്ന് ഇരുവീട്ടുകാരുടെ സൗകര്യപ്രകാ രമുള്ള തിയ്യതിയും നേരത്തെതന്നെ നിശ്ചയിക്കപ്പെടുന്നു. സദസ്സിലുള്ള ഖതീബോ മുസ്ല്യാരോ ദുആ ചെയ്യുക എന്ന കർ മ്മം മാത്രമാണ് നിർവഹിക്കുന്നത്.

പഴയ കാലങ്ങളിൽ വ്യാഴാഴ്ച അസ്തമിച്ച് വെള്ളിയാഴ്ച രാത്രിയാണ് വിവാഹങ്ങൾ നടത്തപ്പെടാറുള്ളത്. ഇന്നത് സൗക ര്യമുള്ള ഞായറാഴ്ചകളിലായി, ഗൾഫിലേക്ക് പെട്ടെന്ന് തിരിച്ചു പോകേണ്ട വരനാകുമ്പോൾ കല്യാണം ഏത് ദിവസവുമാകാ മെന്നുമായി. രാത്രി മുഴുവൻ നടന്ന കല്യാണാഘോഷങ്ങൾ ഇന്ന് പകൽ മാത്രമായി. പുതിയാപ്പിളയെ തേടിപ്പോകൽ, നിക്കാഹ്, അത് കഴിഞ്ഞുള്ള ആചാരങ്ങളെല്ലാം പഴയതുപോലെ ഇന്നും തുടരുന്നു. വരന്റെയും വധുവിന്റെയും വീടുകളിൽ ക്ഷണിക്ക പ്പെട്ടവർക്ക് പ്രത്യേകം പ്രത്യേകമായി വിരുന്നുകൾ നൽക പ്പെടുന്നു. വധുവിന്റെ വീട്ടിലെ വിരുന്നിന് ശേഷമാണ് അവിടെ നിന്ന് പുതിയാപ്ലയെ തേടിപോവുന്നത്. ബന്ധുക്കളുടെയും സ്നേഹിതന്മാരുടെയും അകമ്പടിയോടെ വധൂഗൃഹത്തിലെ ത്തുന്ന വരനെ സ്വീകരിച്ചിരുത്തുന്നു. പഴയകാലത്ത് വധുവിന്റെ സഹോദരൻ വരനെ കാൽ കഴുകിയായിരുന്നു സ്വീകരിച്ചിരുന്നത്. അപ്പോൾ വരൻ പാരിതോഷികമായി സ്വർണ്ണനാണയമോ സ്വർണ്ണാഭരണമോ കാൽ കഴുകാനുപയോഗിച്ച കിണ്ടിയിൽ നിക്ഷേപിച്ചിരുന്നു. ഈ സമ്പ്രദായം ഇന്നില്ല.

നിക്കാഹ് വധുഗൃഹത്തിൽ വെച്ചായിരുന്നു നടത്തിയിരുന്നത്. ഇന്ന് പലയിടങ്ങളിലും നിക്കാഹ് തലേ ദിവസം രാത്രി തന്നെ നിർവ്വഹിക്കുന്നു. അങ്ങനെ വരുമ്പോൾ നിക്കാഹ് വരന്റെ വീട്ടിൽ വെച്ചായിരിക്കും. വിവാഹാഘോഷ ദിവസമാണെങ്കിൽ നിക്കാഹ്

വധുവിന്റെ വീട്ടിൽ വെച്ചു തന്നെയായിരിക്കണമെന്ന് നിർബന്ധമുണ്ട്. ഇസ്‌ലാമിക രൂപത്തിലുള്ള മഹർ സമ്പ്രദായമല്ല പിന്തുടരപ്പെടാറുള്ളത്. വരന്റെ ഇഷ്ടപ്രകാരമുള്ള സ്വർണ്ണാഭരണമാണ് നൽകപ്പെടാറുള്ളത്. വടക്കെ മലബാറിൽ ഇവ രണ്ട് രൂപത്തിലായി കാണാം. നിക്കാഹ് വേളയിൽ നൽകുന്ന സ്വർണ്ണാഭരണത്തിന്ന് “പടത്തിൽ വെച്ചത്” എന്നും വധുവിന്റെ കയ്യിൽ കൊടുക്കുന്ന പണത്തിന്ന് “കയ്യിൽകെട്ടിയത്” എന്നും വിശേഷിപ്പിക്കുന്നു.

വിവാഹത്തിനുമുമ്പുള്ള പെണ്ണുകാണൽ ചടങ്ങ് പഴയ കാലങ്ങളിൽ ഉണ്ടായിരുന്നില്ല. കുടുംബ അനുയോജ്യതയാണ് പരിഗണിക്കപ്പെട്ടിരുന്നത്. ഇന്ന് പല തവണയായി പെണ്ണ് കാണാൻ പോകുന്നു. പെണ്ണിനെ തൃപ്തിയായെങ്കിൽ എന്തെങ്കിലും സ്വർണ്ണാഭരണം വരന്റെ വകയായി നൽകുന്ന സമ്പ്രദായവും പുത്തനാണ്.

വിവാഹത്തിന് മുമ്പുള്ള ‘അരികുത്തിച്ചേറൽ’ – കല്യാണ ദിവസത്തേക്കുള്ള അരി കുത്തി വൃത്തിയാക്കിവെക്കുന്ന ഔപചാരിക ചടങ്ങ് – മൈലാഞ്ചി എന്നിവ ഇന്നും തുടരുന്നു. വധുവിന്റെ പിതാവ് ആ വീട്ടിലെ തന്നെ പുതിയാപ്പിളയായിരിക്കുന്നതുകൊണ്ട് വധുവിന്റെ പിതാവിന്റെ വീട്ടിലേക്ക് കല്യാണത്തിന് മുമ്പ് “ചോറ് കെട്ടൽ” എന്ന പേരിൽ ചോറോ അപ്പത്തരങ്ങളോ കൊടുത്തയക്കുന്ന ആചാരം ഇന്നും നിലവിലുണ്ട്. വിവാഹം കഴിഞ്ഞ് ഒരാഴ്ചക്കുള്ളിൽ വരന്റെ വീട്ടിലേക്ക് “കാഴ്ച” എന്ന പേരിൽ ഹലുവയും പലഹാരങ്ങളും കൊണ്ടുപോവുക പതിവുണ്ടായിരുന്നു. വ്യത്യസ്ത രൂപത്തിൽ ഇന്ന് ബെയ്ക്കറി പലഹാരങ്ങളും പഴങ്ങളുമായി കാഴ്ച കൊണ്ടുപോവുന്ന രൂപമായി നിലനിൽക്കുന്നു.

വരൻ വധുവിന്റെ ബന്ധുക്കൾക്ക് വസ്ത്രങ്ങൾ പാരിതോഷികമായി നൽകുക എന്ന ആചാരവും ഇന്നും നിലവിലുണ്ട്. വിവാഹത്തിന് ശേഷം വധുവിന്റെ ചെലവിന് കൊടുക്കുന്ന സമ്പ്രദായമാണുള്ളത്. കല്യാണ ദിവസം പതിനൊന്ന്, നാൽപത് ദിവസങ്ങളിൽ നൽകുന്ന തുക ബന്ധുക്കളെയും വേണ്ടപ്പെട്ടവരേയും അറിയിക്കേണ്ടതായതുകൊണ്ട് വരന്റെ അന്തസ്സിന്നനുസരിച്ച് നല്ല തുക നൽകാൻ ശ്രദ്ധിക്കാറുണ്ട്. ഒരു പുസ്തകമെഴുതാനുള്ള ആചാരവിശേഷങ്ങൾ വിവാഹവുമായി ബന്ധപ്പെട്ടു പറയാനുണ്ടാവും. പുത്തനാശയങ്ങൾ വടക്കൻ മേഖലകളിലെ മുസ്‌ലിംകളുടെ ഇടയിൽ പ്രചരിച്ചിട്ടുണ്ടെങ്കിലും വിവാഹ സംബന്ധമായ ആചാരങ്ങളെ മാറ്റാനുള്ള പ്രേരകശക്തി ആർജ്ജിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല.

## ഗർഭവും പ്രസവവും

ഗർഭവും പ്രസവും സംബന്ധമായ നിരവധി ആചാരങ്ങളും ചടങ്ങുകളും അന്നത്തെപോലെതന്നെ ഇന്നും നിലവിലുണ്ട്. ഗർഭിണിയായതിന്റെ മൂന്നാം മാസം ഗർഭിണിയുടെ മാതാവോ, മൂത്തസഹോദരിയോ, 'പുതിയാപ്പിള'യുടെ വീട്ടിൽ ഔപചാരികമായി ഗർഭം അറിയിച്ചുപോകുന്നു. അതിന് ശേഷം 7-ാം മാസത്തിൽ ഗർഭിണിയെയും അവളുടെ ബന്ധുക്കളെയും അവളുടെ ഭർത്താവിന്റെ വീട്ടിലേക്ക് വിരുന്നിന്ന് ക്ഷണിക്കുന്നു. വിരുന്ന് കഴിഞ്ഞ് ഗർഭിണി ഭർത്താവിന്റെ വീട്ടിൽ ഏതാനും ദിവസങ്ങൾ തങ്ങുന്നു. അതിനിടയിൽ ഗർഭിണിയെ 'തിരിച്ചുകൊണ്ടാക്കുവാൻ' ഭർത്താവിന്റെ വീട്ടുകാരെയും ബന്ധുക്കളെയും പെൺവീട്ടുകാർ ക്ഷണിച്ച് വിരുന്ന് നൽകുന്നു. ഈ ചടങ്ങിന്ന് ഗർഭസൽക്കാര(തലശ്ശേരിയിലും പരിസരത്തിലും "കർപ്പത്തക്കാരം") മെന്ന് വിശേഷിപ്പിക്കുന്നു. പുങ്ങൻ നേർച്ച "ചീരണി" എന്നീ പേരുകളിൽ കണ്ണൂരിന്റെ വടക്ക് ഭാഗത്തും ഇത്തരം ചടങ്ങുകളുണ്ട്. ഗർഭത്തിന്റെ ഏഴാം മാസം മുതൽ ഒരു മുസ്ല്യാരെ ഏർപ്പെടുത്തി ഖുർആൻ ഓതിക്കുന്നത് - അൻഹാമോത്ത് - പിഞ്ഞാണ പാത്രത്തിൽ കടുക്കമഷി കൊണ്ട് ഖുർആൻ സൂറകൾക്ക് സമാനമായ അറബി അക്ഷരങ്ങൾ – "എഴുത്തീര്" – എഴുതി അത് ഗർഭിണികൾക്ക് കുടിക്കാൻ കൊടുക്കുന്നതും ഇപ്പോൾ ഏറെക്കുറെ അപ്രത്യക്ഷമായിരിക്കുന്നു. പൊതുവെ ഗർഭസൽക്കാരത്തിന് ഒരു കല്യാണത്തിന്റെ പ്രതീതി ഉണ്ടായിരുന്നു. ഇന്നും ആചാരങ്ങൾക്ക് മാറ്റമുണ്ടായിട്ടില്ല. ഗർഭവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഒരു പ്രധാന പലഹാരമാണ് "കുഞ്ഞിക്കലത്തപ്പം" (തലശ്ശേരി ഭാഗങ്ങളിൽ). ഗർഭിണിയുടെ വീട്ടിലേക്ക് ബന്ധുക്കൾ ഈ പലഹാരം കൊടുത്തയക്കുക പതിവുണ്ട്.

പ്രസവാനന്തരം പ്രധാനമായി നടത്തുന്ന ചടങ്ങാണ് നാൽപ്പത് കുളി. (നാൽപ്പോളി) ബന്ധുക്കളെയെല്ലാം വിളിച്ച് വിരുന്ന് നൽകുന്നു. ഗർഭിണിക്ക് ഭർത്താവിന്റെ വീട്ടിൽ നിന്ന് പുതുവസ്ത്രങ്ങൾ കൊണ്ടുവരും. നാൽപ്പതു കുളി വിരുന്നിന് വന്നവർ ശിശുവിന് ആഭരണങ്ങൾ സമ്മാനമായി നൽകുന്നു. പ്രസവത്തിന്ന് മുമ്പ് വിറകിന്, ഈറ്റിന്ന് എന്നീ ചെലവുകൾക്ക് ഭർത്താവിന്റെ വീട്ടുകാർ സംഖ്യ നൽകുന്നു. നാൽപതുകുളി ദിവസം 'ഈറ്റിച്ചി'യുടെ ശമ്പളവും ആഘോഷചിലവും കൂടി നൽകും. നാൽപതുകുളി ദിവസമോ അല്ലെങ്കിൽ അതിനുമുമ്പുള്ള ദിവ സമോ കുഞ്ഞിന്റെ മുടികളയുന്നു. മുടിയുടെ തൂക്കം സ്വർണ്ണമോ വെള്ളിയോ നൽകണമെന്ന സുന്നത്ത് ആരും പാലിക്കാറില്ല. കഴിവുള്ളവർ അന്തസ്സു കാണിക്കാനായി മൃഗബലി നടത്തി ഇറച്ചി

വിതരണം നടത്തുന്നു. ശിശുവിന്ന് നാമകരണത്തിനും ഒരു ചടങ്ങ് നിർവ്വഹിക്കപ്പെടാറുണ്ട്. നാൽപതുകുളി കഴിഞ്ഞതിന്നുശേഷം നവമാതാവിനെയും അവളുടെ ഉമ്മയെയും ഒരു ദിവസം ഭർത്താവിന്റെ വീട്ടിലേക്ക് ഔപചാരികമായി ക്ഷണിച്ചു സൽക്കരിക്കുന്നു. അങ്ങനെയൊരു ചടങ്ങ് കഴിഞ്ഞതിനുശേഷം മാത്രമേ ഭർത്താവിന്റെ വീട്ടിലേക്ക് പെണ്ണ് വീണ്ടും പോകാൻ തുടങ്ങുകയുള്ളൂ.

## ചാവടിയന്തരങ്ങൾ

മരണം അതോടനുബന്ധിച്ചു ദുഃഖം ആചരിക്കൽ ഇസ്ലാം നിരുത്സാഹപ്പെടുത്തുന്നുണ്ടെങ്കിലും വടക്കെ മലബാറിലെ മുസ്ലിംകൾ മരണവുമായി സംഭവിച്ചാൽ ബന്ധുക്കളെ അറിയിക്കുക എന്ന ചടങ്ങുണ്ട്. വിശിഷ്യ പുതിയാപ്പിളമാരുടെ വീടുകളിൽ ഔപചാരികമായി അറിയിക്കണം. അല്ലെങ്കിൽ അത് വഴക്കിന് വഴിവെക്കുന്നതാണ്. അറിയിച്ചു കഴിഞ്ഞാലെ മയ്യത്ത് കാണാനും മറ്റും വരികയുള്ളൂ. ഇന്ന് ഈ നിലപാടിന്ന് അൽപം മാറ്റമുണ്ടായിട്ടുണ്ട്. മയ്യത്ത് കുളിപ്പിക്കാൻ പുതിയാപ്പിളയോ പുതിയാപ്പിള വീട്ടുകാരോ വരുന്നതുവരെ കാത്തുനിൽക്കാറുണ്ട്. കബറടക്കം കഴിഞ്ഞു വരുന്നവരെ മരണവീട്ടിൽ ചായയും നേന്ത്രപ്പഴം പുഴുങ്ങിയതും ഈത്തപ്പഴവും നൽകി സൽക്കരിക്കാറുണ്ട്. മരണം കഴിഞ്ഞ് രണ്ടാമത്തെയും മൂന്നാമത്തെയും ദിവസം ബന്ധുക്കൾ മരണപ്പെട്ട വീട് സന്ദർശിക്കുന്നു. മൂന്നാം ദിവസം ബന്ധുക്കളെ വിളിച്ച് മൗലൂദും ദുആയും നടത്തി വിരുന്ന് നൽകുന്നു. ദുആഇരക്കൽ, ചാവടിയന്തരം എന്നീ പേരുകളിലാണിതറിയപ്പെടാറുള്ളത്. പിന്നീട് 7, 14, 40 എന്നീ ദിവസങ്ങൾ ആചരിക്കപ്പെടുന്നു. ബന്ധുക്കൾ മരിച്ച വ്യക്തിക്ക് ഇഷ്ടമുള്ള പലഹാരങ്ങൾ കാഴ്ചയായി കൊണ്ടുവരുന്നു. വീട്ടിലോ ഖബ്റങ്കിലോ 40 ദിവസവും ഖുർ ആൻ ഓതാൻ ഒന്നോ അതിലധികമോ മുസ്ല്യാക്കന്മാരെ ഏർപ്പാട് ചെയ്യാറുണ്ട്. ഇവയൊക്കെ ഇപ്പോൾ കുറഞ്ഞുവന്നിട്ടുണ്ട്. ആദ്യത്തെ ചരമവാർഷികം (ആണ്ട്) ബന്ധുജനങ്ങളെ ക്ഷണിച്ച് മൗലൂദ്, ദുആ ചടങ്ങുകളോടെ വിരുന്നൊരുക്കി ആചരിക്കുന്നു.

## ആചാരങ്ങളുടെ അതിപ്രസരം

മതപരമായ ആചാരങ്ങളിൽ ഇസ്ലാം അനുവദിച്ചതും അല്ലാത്തതുമായ ആചാരങ്ങളും, തദ്ദേശീയ ചായ്‌വുള്ള മതപരിവേഷമുള്ള ആചാരങ്ങളും വടക്കൻ കേരളത്തിലെ മുസ്ലിംകൾ ആചരിച്ചു വന്നിരുന്നു. ഇന്നും അവ ഏറെ മാറ്റങ്ങളില്ലാതെ

തുടർന്നുപോരുന്നു. അനുവാദനീയമായ രണ്ടാഘോഷങ്ങളാണല്ലോ ചെറിയ പെരുന്നാളും (ഈദുൽഫിത്തർ) വലിയ പെരുന്നാളും (ഈദുൽ അഷ). പുതിയാപ്പിളമാരുടെ വീടുകളിൽ പെരുന്നാൾ അറിയിച്ചുപോകുന്ന സമ്പ്രദായം ഇന്ന് ഏറെക്കുറെ അപ്രത്യക്ഷമായിട്ടുണ്ട്. പെരുന്നാൾ രാത്രി പലഹാരങ്ങളും നെയ്ച്ചോറും വിഭവങ്ങളായിരിക്കും. പടക്കങ്ങളും പുത്തിരിയും കത്തിച്ച് പെരുന്നാൾ ആഘോഷിക്കുന്നു. വീട്ടിലെ പുതിയാപ്പിളമാർ പടക്കങ്ങൾ വാങ്ങിച്ചുകൊണ്ടായിരിക്കും അന്നുരാത്രി വീട്ടിലെത്താറുള്ളത്. പെരുന്നാൾ നമസ്ക്കാരം പള്ളികളിലായിരുന്നു നടന്നിരുന്നത്. തലശ്ശേരിയിലാണ് ഈദ്ഗാഹ് എന്ന ആശയം ഉണ്ടായത്. അതിൽ പിന്നീട് ഇന്ന് എല്ലായിടങ്ങളിലും ഈദ്ഗാഹുകൾ ഉണ്ട്. സ്ത്രീകളും പെരുന്നാൾ നമസ്ക്കാരത്തിന് പങ്കെടുത്തുവരുന്നു. പള്ളികളിലെ നമസ്ക്കാരവും തുടർന്നുവരുന്നു.

വിവാഹം കഴിഞ്ഞുള്ള ആദ്യത്തെ റംസാനിൽ പുതിയാപ്പിളയെയും ബന്ധുക്കളേയും നോമ്പുതുറപ്പിക്കൽ ഒരു പ്രധാന ചടങ്ങാണ്. നോമ്പുകാലം നോമ്പു തുറക്കാനുള്ള പലഹാരങ്ങളുടെ ആർഭാടത്തിന്റേതാണ് വടക്കൻ മലബാറിലെ മുസ്ലിംകൾക്ക്.

നോമ്പിന് മുമ്പുള്ള ശഅ്ബാൻ 15. ബറാത്ത് ദിവസമായി ആചരിക്കുന്നു. ബറാത്തിന് അതിനുമുമ്പുള്ള മിഅ്റാജിനും സ്ത്രീകൾ നോമ്പനുഷ്ഠിക്കും. പുരുഷന്മാർ എല്ലാവരും നോമ്പനുഷ്ഠിക്കാറില്ല. ബറാത്ത് രാത്രി പലഹാരങ്ങൾ ഉണ്ടാക്കി ആഘോഷമാക്കുന്നു. തലശ്ശേരിയിലും പരിസരപ്രദേശങ്ങളിലും ചെറുബാലന്മാർ വർണ്ണക്കൊടി ഒരു വാഴത്തണ്ടിൽ കുത്തിനിറച്ച് വീടുവീടാന്തരം ബറാത്ത് പാട്ട് പാടി കൊടികൾ കൊടുത്ത് സംഭാവന സ്വീകരിക്കുന്ന പതിവുണ്ട്. ബറാത്ത് ദിവസം ഉച്ചക്ക് തേങ്ങാച്ചോറുണ്ടാക്കുന്ന പതിവുമുണ്ട്. സഫർ മാസത്തിലെ ഒടുക്കത്തെ ബുധനും തേങ്ങാച്ചോറ് പതിവായിരുന്നു. ഒടുക്കത്തെ ബുധന് തേച്ചുകുളിക്കുക എന്നതും പഴയ ഒരാചാരമായിരുന്നു.

മുഹറ മാസത്തിലെ പത്തു ദിവസങ്ങളും ആദരപൂർവ്വം ആചരിക്കപ്പെടാറുണ്ട്. ചില സ്ത്രീകൾ പത്തു ദിവസവും നോമ്പെടുക്കും. 7–ാം ദിവസം പാലും പഴവും വീട്ടിൽ വരുന്ന കുട്ടികൾക്ക് നൽകുന്ന സമ്പ്രദായം ചിലയിടങ്ങളിലുണ്ടായിരുന്നു. ഒമ്പത്, പത്ത് ദിവസങ്ങളിൽ 'ചക്കരച്ചോറു'ണ്ടാക്കി സൽക്കരിക്കുകയോ അയൽവീടുകളിലേക്ക് കൊടുത്തയക്കുകയോ ചെയ്യുന്നു. ദഖ്നി മുസ്ലിംകൾ കൂടാര(താസിയ)മുണ്ടാക്കി മുഹറം പത്തിന് ആഘോഷയാത്ര നടത്തിയിരുന്നു. ഇതോടനുബന്ധിച്ചുള്ള 'പഞ്ച'ഘോഷയാത്രയും പുലികളിയു മൊക്കെയും

നടന്നിരുന്നു. സഫർ മാസത്തിലെ ഒടുക്കത്തെ ബുധൻ രാത്രിയിലും കൂടാര ഘോഷയാത്ര ഉണ്ടായിരുന്നു. ഇപ്പോഴതൊക്കെ അപ്രത്യക്ഷമായി.

**ആണ്ടുനേർച്ചകൾ** :

മുസ്‌ലിംകൾക്ക് ആഘോഷിക്കാനനുവദനീയമായ രണ്ടാഘോഷങ്ങൾ – ഈദുൽ ഫിത്വറും ഈദുൽ ളുഹാ (ചെറിയ വലിയ പെരുന്നാളുകൾ) മാത്രമെയുള്ളുവെങ്കിലും മലബാറിലെ മാപ്പിളമാരുടെ ഇടയിൽ നേരത്തെ പ്രസ്താവിച്ച ആഘോഷങ്ങൾക്ക് പുറമെ ആണ്ടു നേർച്ചകൾ ഉത്സാഘോഷങ്ങളായി നടത്തിവരുന്നു. ഇവിടെയും കൃത്യമായ മതവിശ്വാസത്തിനുപരി പ്രാക്തന സംസ്കാരത്തിന്റെ പ്രകടനമാണ് ദർശിക്കാവുന്നത്. ജാറങ്ങളും അതോടനുബന്ധിച്ച് ആണ്ടുനേർച്ചകളും ചന്ദനകുടങ്ങളും ഇസ്ലാമിക വിരുദ്ധങ്ങളാണെങ്കിലും മുസ്‌ലിം സമുദായത്തിൽ സർവത്ര ആഘോഷിച്ചുവരുന്നവയാണ്. ഇസ്‌ലാം വിശ്വാസത്തിലേക്ക് വരുന്നതിനുമുമ്പ് ആചരിച്ചു വന്ന ആഘോഷങ്ങൾക്ക് മുസ്‌ലിം മാനം നൽകപ്പെടുകയാണുണ്ടായതെന്ന് അനുമാനിക്കാം. ക്ഷേത്രോത്സവങ്ങളോട് വളരെ സാമ്യത ഈ ആഘോഷങ്ങൾക്കും കാണാവുന്നതാണ്. കൊടികയറ്റം, ഓത്ത്, ദീപാലങ്കാരങ്ങൾ, ദേശം ചുറ്റിയുള്ള ഘോഷയാത്ര ഉത്സവത്തിന്ന് ഉത്സവം കൊട്ടിയറിയിക്കുന്ന വിധത്തിൽ മുട്ടുവിളി. ഇവകളെല്ലാം ഏതാണ്ട് ഒരേവിധത്തിൽ മുസ്‌ലിം ഉത്സവങ്ങളിലും കണ്ടുവരുന്നു. 18–ാം ശതകത്തിൽ അറേബ്യയിൽ നിന്നുവന്ന ജിഫ്രി തങ്ങന്മാർ തറമ്മൽ തങ്ങന്മാരെന്നറിയപ്പെടുകയും അവരുടെ വിയോഗാനന്തരം അവരുടെ ജാറങ്ങൾ പുണ്യസ്ഥാനം കൽപ്പിക്കപ്പെട്ടതിനോടനുബന്ധമായാണ് ചവാക്കാട്ടെ മണത്തല നേർച്ച ആരംഭിച്ചത്. 18–ാം നൂറ്റാണ്ടിൽ കൊണ്ടോട്ടിയിലെത്തിച്ചേർന്ന ഷിയാ സൂഫി വര്യനായ മുഹമ്മദ്ഷായുടെ അനുസ്മരണാർത്ഥമാണ് കൊണ്ടോട്ടി നേർച്ച കൊണ്ടാടപ്പെടുന്നത്. മലപ്പുറം കലാപത്തിലെ രക്തസാക്ഷികളെ അനുസ്മരിക്കുന്നതാണ് മലപ്പുറം ശുഹദാക്കളുടെ നേർച്ച. കോഴിക്കോട് ഇടിയങ്ങരയിലെ അപ്പ വാണിഭം നേർച്ചയാണ് മറ്റൊരു പ്രശസ്തമായ നേർച്ച. കാസർക്കോട് മാലിക് ബിൻദിനാർ പള്ളിയിലെ ഉറൂസും പ്രമുഖമായ ഉത്സവമാണ്. വെളിയംകോട്, കണ്ണവം തുടങ്ങി മലബാറിയിൽ പലയിടങ്ങളിലും ഇത്തരം ഉത്സവങ്ങൾ വർഷം തോറും അരങ്ങേരാറുണ്ട്.

**'കാതുകുത്തും' 'മാർക്ക'വും :**

മതപഠനവുമായി ബന്ധപ്പെട്ട ആചാരങ്ങളാണ് 'ഓതാൻ കൂട്ട്' ലും "കൈക്കെഴുത്തും" കുട്ടിക്ക് മൂന്നോ നാലോ വയസ്സാകുമ്പോൾ ഔപചാരികമായ ചടങ്ങോടെ ഖുർആൻ പഠനം ആരംഭിക്കുന്നു. ഇതോടനുബന്ധിച്ച് ചെറിയ വിരുന്നും നടക്കാറുണ്ട്. കൈക്കെഴുത്ത്, അല്ലെങ്കിൽ കയ്യിലെഴുത്ത്, മുദരിസ്സുകൾ വിദ്യാർത്ഥികളുടെ കയ്യിൽ ബിസ്മിയോ, അല്ലാഹുവിന്റെ നാമങ്ങളോ ഒരു എഴുത്തുകോലും കടുക്കമഷിയും ഉപയോഗിച്ച് എഴുതിക്കൊടുക്കുന്നു. വിദ്യാർത്ഥികൾ അത് നാവുകൊണ്ട് നക്കുന്നു. മുദരിസ്സുകൾക്ക് വിദ്യാർത്ഥികൾ തദവസരത്തിൽ പാരിതോഷികങ്ങൾ (പണമായി) നൽകുന്നു. പൂർവ്വവിദ്യാർത്ഥികളും തദവസരത്തിൽ ഉസ്താദന്മാരെ സന്ദർശിച്ച് പാരിതോഷികം നൽകാറുണ്ട്. കൈക്കെഴുത്തിന് പ്രത്യേകക്ഷണപത്രിക നൽകിയും, വരുന്നവർക്ക് ചായ സൽക്കാരം നടത്തിയും ഇത് ആചരിക്കാറുണ്ട്. ഇന്നും ഇത് നടന്നുവരുന്നു.

പെൺകുട്ടികളുടെ കാതുകുത്ത്, ആൺകുട്ടികളുടെ ഖത്ന (മാർക്കം ചെയ്യൽ) എന്നിവയും ആഢംബരത്തോടെ ആഘോഷിക്കാറുണ്ട്. എത്ര തന്നെ പുരോഗമനാശയങ്ങൾ ആവിർഭവിച്ചാലും സമൂഹത്തിന്റെ സംസ്ക്കാരവുമായി ഇണങ്ങിച്ചേർന്ന ആചാരങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് പൂർണ്ണമായ മോചനം സാദ്ധ്യമല്ല. വ്യതിരിക്തമായ ആചാരസമ്പ്രദായങ്ങളാണ് പ്രത്യേക സമൂഹമെന്ന സവിശേഷത നൽകുന്നതുതന്നെ. അതുകൊണ്ട് കാലംമാറിയാലും പഴയ ആചാരങ്ങൾ പുതിയ പരിവേഷങ്ങളോടെ നിലനിന്നു കൊണ്ടേയിരിക്കും ●

## 75

# കുഞ്ഞിക്കൃഷ്ണൻ മാസ്റ്ററുടെ ഹോണസ്റ്റിഷാപ്പ്

തലശ്ശേരിയുടെ തീരപ്രദേശത്തെ ഒരു ഹയർഎലിമന്ററി സ്കൂളായിരുന്നത്. തുടക്കത്തിലത് മുനിസിപ്പൽ ടൗൺ മാപ്പിള ഹയർ എലിമെന്ററി സ്കൂളായിരുന്നു. പിന്നീട് സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു. പേരിലെ മാപ്പിള അപ്രത്യക്ഷമായി. ഗവ.ടൗൺ യു.പി.സ്കൂളായി. എന്നാലും നാട്ടുകാർക്കത് ടൗൺ മാപ്പിള സ്കൂൾ തന്നെ. മുസ്ലിംകൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് അവർക്ക് വേണ്ടി ബ്രിട്ടീഷുകാർ ആരംഭിച്ച സ്കൂളായിരുന്നതുകൊണ്ടായിരിക്കാം പേരിൽ മാപ്പിള വന്നത്. എന്നാൽ സ്കൂളിന് ഒരു കോസ്മോ പൊളിറ്റൻ സ്വഭാവമുണ്ടായിരുന്നു. തലശ്ശേരിയിലെയും ചുറ്റുപാടുകളിലെയും സർവ്വവിധ വിദ്യാർത്ഥികളുള്ള സ്ഥാപനമായിരുന്നത്. തീരപ്രദേശത്തെ 'മീൻകാരുടെ' മക്കൾ മാത്രമായിരുന്നില്ല അവിടെ. ധനിക കുടുംബങ്ങളിലെയും, തൊട്ടടുത്ത അനാഥയത്തിലെയും, ഹരിജൻ ഹോസ്റ്റലിലെയും എല്ലാ വിഭാഗം കുട്ടികളുമുണ്ടായിരുന്നു. അതു തന്നെ നല്ലൊരു വിദ്യാഭ്യാസമായിരുന്നു. 'മീൻകാരു'ടെ മാപ്പിള കുട്ടികൾ ചാകരയുള്ള ദിവസങ്ങളിലൊന്നും ക്ലാസിൽ വരാറില്ലായിരുന്നു. അവൻ കടപ്പുറത്ത് ആ ദിവസങ്ങളിൽ മീൻ വാരാൻ പോവുമായിരുന്നു. തിരിച്ചു ക്ലാസിൽ വരുമ്പോൾ അവരുടെ കയ്യിൽ പൈസയുണ്ടാവും. ധനികമദ്ധ്യ വർഗ കുടുംബാംഗങ്ങളിൽ നിന്നു വരുന്ന കുട്ടികൾക്ക് പോലും അനുഭവിക്കാൻ കഴിയാതിരുന്ന ലക്ഷ്വറി'. കയ്യിൽ പണമുണ്ടാകുമ്പോൾ അവർ ഞങ്ങളെ കൂട്ടികൊണ്ടു പോയി ഐസ് മിട്ടായി വാങ്ങിത്തരും. ഞങ്ങളുടെ അത്തരം സഹപാഠികൾ ഞങ്ങളെക്കാൾ വയസ്സുള്ളവരായിരുന്നു. കാരണം

വ്യക്തം. ഓരോ ക്ലാസിലും രണ്ടും മൂന്നും വർഷമിരുന്നേ അവർക്ക് ക്ലാസ് കയറ്റം കിട്ടിയിരുന്നുള്ളൂ. പലരും കൊഴിഞ്ഞുപോയി. അങ്ങനെ കൊഴിഞ്ഞു പോയവരെ വർഷങ്ങൾക്കുശേഷം കണ്ടപ്പോൾ അവർ ബോട്ട് മുതലാളിമാരായിതീർന്നിട്ടുണ്ടായിരുന്നു. കാണുമ്പോൾ അതിയായ സ്നേഹപ്രകടനം. കടപ്പുറത്തെ ചായ മക്കാനിയിലെ ചായ സൽക്കാരം. പിന്നെ തോണിയുടെ അരികിലേക്ക് കൂട്ടികൊണ്ടു പോയി ഒരുകെട്ട് മീൻ സമ്മാനവും!

സാമ്പത്തിക നഷ്ടം പറഞ്ഞ് ഇന്നാ സ്കൂൾ നിറുത്തി. പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന കെട്ടിടത്തിൽ സുനാമി അഗതികൾ. പുസ്തകവായനക്ക് പ്രേരകമായ, പ്രാസംഗപരിശീലനം ലഭിച്ച, ജീവിതത്തിന്റെ സമ്പന്നമായ ബാല്യം രൂപം കൊണ്ട, തക്ലിയിൽ നൂൽ നൂൽക്കാനും, മഗ്ഗിൽ തുണിനെയ്യാനും പഠിച്ച, ആ സ്കൂളിന്റെ ഇന്നത്തെ അവസ്ഥ കണ്ട് നെടുവീർപ്പെടാനെ നിവൃത്തിയുള്ളൂ. ആ പൊട്ടിപ്പൊളിഞ്ഞ കെട്ടിടത്തിന്റെ മുമ്പിൽ നിന്നുകൊണ്ട് അവിടെയുള്ള ഗുരുശ്രേഷ്ഠന്മാരെ മനസ്സിൽ ധ്യാനിക്കുന്നു. (ഇപ്പോൾ അത് ഒരു എൻ.സി.സി.ആപ്പീസാണ്)

അത്തരം ശ്രേഷ്ഠ ഗുരുക്കന്മാരിലൊരാളായിരുന്നു കുഞ്ഞിക്കൃഷ്ണൻമാസ്റ്റർ. ഇടക്കാലത്തായിരുന്നു അദ്ദേഹം സ്കൂളിൽ വന്നത്. വെള്ള വസ്ത്രങ്ങൾ ധരിച്ചു വന്ന സ്നേഹസമ്പന്നനായ മാസ്റ്റർ. കറുത്ത ആകാരമെങ്കിലും വെളുക്കെ ചിരിക്കുന്ന ആൾ. അദ്ദേഹം ധരിച്ചിരുന്നത് ഖദർ ആയിരുന്നു എന്ന് പിന്നീടുള്ള ഓർമ്മകളിൽ നിന്ന് ഗണിച്ചെടുത്തതായിരുന്നു. ഖദറിനെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചു ഞങ്ങൾക്ക് അക്കാലത്ത് അറിഞ്ഞുകൂടായിരുന്നു. ഞങ്ങൾക്ക് സാമൂഹ്യപാഠമായിരുന്നു പഠിപ്പിച്ചിരുന്നത്. ക്ലാസിൽ ചൂരലുമായിരുന്നു പ്രവേശിക്കാറ്. ചൂരൽ മേശയിൽ അടിച്ച് ശബ്ദമുണ്ടാക്കി ഞങ്ങളെ നിശ്ബദരാക്കും. ചൂരലിന് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അത് മാത്രമായിരുന്നു ധർമ്മം. പാഠപുസ്തകത്തിന്നപ്പുറത്തുള്ള ലോകത്തേക്കായിരുന്നു ഞങ്ങളെ അദ്ദേഹം കൊണ്ടു പോയത്. ഞങ്ങൾ പഠിച്ചിരുന്ന തൊട്ടുമുമ്പുള്ള ദശകം രണ്ടാം ലോകമഹായുദ്ധത്തിന്റേതായിരുന്നു. അതെക്കുറിച്ച് ഞങ്ങൾക്കൊന്നുമറിയില്ലായിരുന്നു. കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർ അദ്ധ്യാപകനാകുന്നതിന് മുൻപ് പട്ടാളക്കാരനായിരുന്നു. അദ്ദേഹത്തിന്റെ യുദ്ധവിവരണങ്ങളെല്ലാം ഞാൻ പിന്നീട് കണ്ട ഹോളിവുഡ് യുദ്ധ സിനിമകളെക്കാൾ ഉൾപുളകമുണ്ടാക്കുന്നതായിരുന്നു.

കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർ സ്കൂളിലാരംഭിച്ച നൂതന സംരഭമാണീ ലേഖനത്തിന്റെ ഉദ്ദേശ്യം. അദ്ദേഹം സ്വന്തം പണമെടുത്ത് സ്കൂളിൽ ഒരു “ഹോണസ്റ്റിഷാപ്പ്” തുടങ്ങി. സ്കൂളിൽ ഹെഡ്മാസ്റ്ററുടെയും മാസ്റ്റർമാരുടെയും മുറികൾക്ക് തൊട്ടടുത്ത് ഒരു സ്ഥലത്തായിരുന്നു ഷാപ്പ്. കുട്ടികൾക്കാവശ്യമായ നോട്ട്പുസ്തകം, സ്ലേറ്റ്, പെൻസിലുകൾ, റബർ, പിന്നെ വില കുറഞ്ഞ

മിഠായികളും അവിടെ ലഭിക്കുമായിരുന്നു. അവയുടെയൊക്കെ വില അവിടെ കുറിച്ചുവെച്ചിരുന്നു. ആവശ്യക്കാർ അവിടെ തുറന്നുവെച്ച ഒരു പാത്രത്തിൽ വില നിക്ഷേപിച്ച് സാധന ങ്ങളെടുക്കാം. ഒന്നിനും മേൽനോട്ടമില്ല. വിദ്യാർത്ഥികൾ സത്യസ ന്ധരാണ് അല്ലെങ്കിൽ സത്യസന്ധരായിരിക്കണം എന്നതിന്റെ പ്രായോഗിക പരിശീലനമായിരുന്നത്. സഹപ്രവർത്തകരൊക്കെ കുഞ്ഞിക്കൃഷ്ണൻ മാസ്റ്ററുടെ ഈ സാഹസികതയെ എതിർത്തിരുന്നു. നഷ്ടം വരുന്നത് അദ്ദേഹത്തിന് മാത്രമായിരി ക്കുമല്ലോ എന്നതുകൊണ്ട് അവർ മൗനം പാലിച്ചു. തീരപ്രദേ ശത്തുള്ള ദരിദ്രകുടുംബങ്ങളിൽ നിന്നു വരുന്ന കുട്ടികളിൽ സത്യസന്ധത പ്രതീക്ഷിക്കരുതെന്നായിരുന്നു അവരുടെ നില പാട്. നേരെ മറിച്ച് അവരിൽ സത്യസന്ധത വളർത്തിയെടു ക്കാനുള്ള സാഹസികതയാണ് കുഞ്ഞിക്കൃഷ്ണൻ മാസ്റ്റർ കാണിച്ചത്. അദ്ദേഹം സ്കൂൾ വിട്ടുപോകുന്നതുവരെ ഹോണ സ്റ്റിഷാപ്പ് തുടർന്നു നടന്നിരുന്നു. അതു ലാഭമായിരുന്നോ നഷ്ട മായിരുന്നോ എന്ന് ആരും അറിഞ്ഞിരുന്നില്ല. അതിന്റെ ലാഭകണക്കുകൾ മറ്റൊരു വിധത്തിലായിരുന്നു. അതിങ്ങനെ.

ഒരു ദിവസം സ്കൂളിൽ എത്തിയപ്പോൾ പെൻസിൽ എടുക്കാൻ മറന്നുപോയിരുന്നു. വീണ്ടും വീട്ടിൽ പോയി കൊണ്ടുവരാൻ സമയവുമില്ലായിരുന്നു. ഞാൻ ഹോണസ്റ്റിഷാപ്പിൽ കയറി ഒരു പെൻസിൽ എടുത്തു. അതിന്റെ പൈസ നിക്ഷേപിക്കാൻ എന്റെ വശം പൈസയുണ്ടായിരുന്നില്ല. എടുത്തതും പൈസ നിക്ഷേപി ക്കുന്നതും ആരും കാണുന്നുമില്ലായിരുന്നുവല്ലോ. അന്നു വൈകുന്നേരം വീട്ടിലെത്തി പെൻസിൽ തൊട്ടപ്പോൾ അത് വല്ലാതെ പൊള്ളുന്നതായി തോന്നി. ഉമ്മയോട് പറഞ്ഞു പെൻസിലിന്റെ വില വാങ്ങി പിറ്റേ ദിവസം സ്കൂളിലെത്തിയ ഉടനെ തന്നെ ഹോണസ്റ്റിഷാപ്പിന്റെ പണപ്പെട്ടിയിൽ നിക്ഷേ പിച്ചു. പിന്നീട് ജീവിതത്തിൽ മുഴുവൻ സത്യസന്ധമല്ലാത്ത വല്ലതിനും മുതിരുമ്പോൾ ഈ പൊള്ളൽ അനുഭവപ്പെട്ടു കൊണ്ടേയിരുന്നു. കുഞ്ഞിക്കൃഷ്ണൻ മാസ്റ്ററുടെ ഒരു അദൃശ്യ ചൂരൽപോലെ.

കുറേ വർഷങ്ങൾക്കുശേഷമായിരുന്നു പിന്നീട് കുഞ്ഞി ക്കൃഷ്ണൻ മാസ്റ്ററെ യാദൃശ്ചികമായി കണ്ടത്. ആദ്യം ചോദിച്ചത് ഹോണസ്റ്റി ഷാപ്പിന്റെ അനുഭവത്തെക്കുറിച്ചായിരുന്നു. മാസ്റ്റർക്കത് നഷ്ടമായിരുന്നില്ലേ? ഇല്ല എന്നായിരുന്നു അദ്ദേഹ ത്തിന്റെ മറുപടി. ധനനഷ്ടമുണ്ടായെങ്കിൽ പോലും അത് വലിയ പ്രയോജനം ചെയ്തിരുന്നു. പക്ഷെ ധനനഷ്ടവും ഉണ്ടായില്ല എന്നതായിരുന്നത്രെ അത്ഭുതകരം. ചില ദിവസങ്ങൾ പണം കുറഞ്ഞുകണ്ടിരുന്നത്രെ. എന്നാൽ തുടർന്നുള്ള ദിവസങ്ങളിൽ അധികവും. കുട്ടികൾ സത്യസന്ധരാണെന്ന തന്റെ വിശ്വാസം ശരിയായിരുന്നുവെന്ന് തെളിയിക്കുന്നതായിരുന്നു അത് എന്ന ദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ഞാനനുഭവിച്ച പൊള്ളലിനെക്കുറിച്ച്

ഞാൻ പറഞ്ഞില്ല. ഓരോ കുട്ടിയും ആ പൊള്ളൽ അനുഭവിച്ചിരിക്കാം. ഒരു അദൃശ്യചൂരലിന്റെ ശിക്ഷ!

ഹോണസ്റ്റിഷാപ്പിന്റെ ആശയം ഞാൻ കോളജിൽ നടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. ഏവരും പരിഹസിക്കുക കാരണം നടപ്പിലായില്ല. ശ്രേഷ്ഠ അദ്ധ്യാപകന്റെ ശിഷ്യൻ മാത്രമായതുകൊണ്ടായില്ലല്ലോ ●

# 76

# മധുക്കർ റാവു: അദ്ധ്യാപകശ്രേഷ്ഠൻ

കേരളത്തിലെ പ്രഗത്ഭനായ ഇംഗ്ലീഷ് അദ്ധ്യാപകൻ എൻ.മധുക്കർറാവു തന്റെ 89–മത്തെ വയസ്സിൽ ഏറണാകുളത്തെ വസതിയിൽ വെച്ച് അന്തരിച്ചു. ഏറെക്കാലം അദ്ദേഹം തലശ്ശേരി ബ്രണ്ണൻ കോളജിൽ ഇംഗ്ലീഷദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്നു. അക്കാലത്ത് അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നവർ ഒരുപാട് ബഹുമാനത്തോടെയും സ്നേഹത്തോടെയുമാണ് അദ്ദേഹത്തെ ഓർക്കുന്നത്. വിദ്യാർത്ഥികളിൽ ഇംഗ്ലീഷ് പ്രചോദിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് അനിതര സാധാരണമായിരുന്നു. അദ്ദേഹത്തിന്റെ ഷെയ്ക്സ്പിയർ ക്ലാസുകളിൽ മാത്രം ആകർഷിതരായി തങ്ങളുടെ ഇഷ്ടബിരുദ വിഷയങ്ങൾ ഉപേക്ഷിച്ച് ബിരുദാനന്തരപഠനത്തിന് ഇംഗ്ലീഷ് സാഹിത്യം തെരഞ്ഞെടുത്തവർ അനേകമുണ്ട്.

പ്രൊഫ.മധുക്കർ റാവുവിനെ ഓർക്കുമ്പോൾ ഒരുപാട് വ്യക്തിപരമായ അനുഭവങ്ങൾ അയവിറക്കാനുണ്ട്. നാലുവർഷം ഞാനദ്ദേഹത്തിന്റെ വിദ്യാർത്ഥിയായിരുന്നു. ഇംഗ്ലീഷ് സാഹിത്യം പ്രത്യേകവിഷയമായി ബിരുദം പഠിക്കാനെത്തിയ ഞങ്ങൾക്ക് ആദ്യം നൽകിയത് ഒരു നോട്ട്ബുക്കും ഏതാനും സംഗ്രഹിച്ച ഇംഗ്ലീഷ് ക്ലാസിക് കൃതികളുമായിരുന്നു. ഈ കൃതികൾ വായിച്ച് ആസ്വാദനം എഴുതി അദ്ദേഹത്തെ കാണിക്കണമായിരുന്നു. ഇംഗ്ലീഷ് സാഹിത്യകൃതികൾ പരിചയപ്പെടുക, ഇംഗ്ലീഷിൽ എഴുതി ശീലിക്കുക എന്നിങ്ങനെ രണ്ടു കാര്യങ്ങളായിരുന്നു ഇതുമൂലം സാദ്ധ്യമായത്. ഇംഗ്ലീഷ് സാഹിത്യകൃതികൾ അവയുടെ

ഒറിജിനൽ തന്നെ വായിക്കാൻ പ്രേരകമായത് ഇങ്ങനെയായിരുന്നു ഇംഗ്ലീഷിൽ എഴുതി ശീലിച്ചതും ഇതുമൂലമായിരുന്നു. ഞങ്ങളുടെയെല്ലാം ഇംഗ്ലീഷ് സാഹിത്യപഠനത്തിന് പ്രൊഫസർ നിദാനമായി.

മറ്റു ക്ലാസുകൾ കട്ട് ചെയ്ത് മധുക്കർ റാവു ഷെയ്ക്സ്പിയർ എടുക്കുന്ന ക്ലാസിലേക്ക് എത്തിച്ചേരുന്ന വിദ്യാർത്ഥികളുമുണ്ടായിരുന്നു. ഒരിക്കൽ മധുക്കർറാവുവിന്റെ ഷെയ്ക്സ്പിയർ ക്ലാസിലിരുന്നാൽ പിന്നെ മറ്റാരും ഷെയ്ക്സ്പിയർ ക്ലാസ് കൈകാര്യം ചെയ്യുന്നത് തൃപ്തിയുണ്ടാക്കില്ല. ഞങ്ങൾ ബിരുദാനന്തരപഠനത്തിന് മറ്റൊരു കോളജിൽ പോയപ്പോൾ അത് അനുഭവിച്ചിരുന്നു.

കൃത്യമായി സിലബസനുസരിച്ചുള്ള ടെകസ്റ്റ് പുസ്തകം മുഴുവനായി എടുക്കുന്ന രീതിയൊന്നുമായിരുന്നില്ല അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്നിഷ്ടമായ എന്നാൽ പ്രധാനമായ സീനുകൾ മാത്രമായിരുന്നു അദ്ദേഹം ക്ലാസിൽ അവതരിപ്പിച്ചിരുന്നത്. അതെ, അവതരിപ്പിച്ചു എന്നു തന്നെയാണ് പറയേണ്ടത്. ആ സീനുകൾ നടിച്ചായിരുന്നു അവതരിപ്പിച്ചത്. നാടകത്തിന്റെ ശ്രദ്ധേയമായ ഭാഗങ്ങളായിരുന്നവ. ഷെയ്ക്സ്പിയറുടെ ഉള്ളറകളിലേക്ക് ആസ്വാദനത്തിലൂടെ വിദ്യാർത്ഥികളെ കൊണ്ടുപോകുന്നവയായിരുന്നു ക്ലാസുകൾ.

ദക്ഷിണ കാനഡയിലെ ഒരു ശ്രേഷ്ഠ ബ്രാഹ്മണ കുടുംബാംഗമായിരുന്നു മധുക്കർ റാവു. എന്നാൽ ഏറ്റവും ആധുനികനായിരുന്നദ്ദേഹം. വീട്ടിൽ സസ്യാഹാരമാത്രമായിരുന്നെങ്കിലും പുറത്ത് മാംസാഹാരം കഴിക്കുമായിരുന്നു. ഒരിക്കൽ ഷെയ്ക്സ്പിയർ ക്ലാസിൽ ഒരു നാടകത്തിൽ പശുവിന്റെ നാവിന്റെ രുചിയെക്കുറിച്ച് പരമാർശമുണ്ടായപ്പോൾ ഏറ്റവും രുചികരമായത് നാവ് തന്നെയാണ് തെളിയിക്കാൻ ഞാൻ വീട്ടിൽ നാവ് പാചകം ചെയ്ത് ക്ഷണിച്ചത് ഓർക്കുന്നു.

വിദ്യാർത്ഥികളെ സാഹിത്യത്തിൽ മാത്രമല്ല ക്രിക്കറ്റിലും തൽപരരാക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. അദ്ദേഹം നല്ലൊരു ക്രിക്കറ്റ് കളിക്കാരനുമായിരുന്നു. ക്രിക്കറ്റിലെ സാങ്കേതിക പദങ്ങളെല്ലാം ഞങ്ങൾക്ക് വിവരിച്ചുതരുമായിരുന്നു. ടി.വിയിൽ ക്രിക്കറ്റ് കളി കണ്ടുകൊണ്ടിരിക്കേയായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

എന്റെ ബിരുദപഠനം കഴിഞ്ഞപ്പോൾ തുടർന്നു പഠിക്കാനുള്ള സാമ്പത്തിക പ്രയാസമറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ജേഷ്ഠ്യനോട് പറഞ്ഞ് സ്റ്റേറ്റ് ബാങ്കിൽ ഒരുജോലി തരപ്പെടുത്താൻ ശ്രമിച്ചുകൊണ്ട് എന്നോടു കാരുണ്യം കാട്ടിയിരുന്നു. അതുവേണ്ടി വന്നില്ലെന്നുമാത്രം.

തന്റെ മരണശേഷം ദേഹം മെഡിക്കൽ കോളേജിന് നൽകാൻ സന്നദ്ധത എഴുതികൊടുത്തുകൊണ്ട് മറ്റൊരുമഹനീയ മാതൃകയാണ് മധുക്കർ റാവു കാഴ്ചവെച്ചത്. ശ്രേഷ്ഠനായ ഗുരോ അങ്ങേക്ക് പ്രണാമം ! ●

# 77

# വലിയ മൊയിലാർക്കയും വലിയ മദ്രസ്സയും

ഒരു പ്രദേശത്തിന്റെ മത ഭൗതിക സാംസ്കാരിക ഉയർച്ചക്ക് കാരണഭൂതമായ ഒരു സ്ഥാപനമായിരുന്നു തഅ്ലിമുൽ അവാം മദ്രസ്സയും സ്കൂളും. സ്ഥാപനം എന്നതുകൊണ്ട് കേവലം കെട്ടിടമല്ല ഉദ്ദേശിക്കപ്പെടുന്നത്; പ്രദേശത്ത് സ്ഥാപിച്ച് വളർത്തപ്പെട്ട മൂല്യങ്ങളെയാണ്. തഅ്ലീമുൽ അവാം മദ്രസ്സയും സ്കൂളും നിലവാരത്തിൽ വിശാലമായ കെട്ടിടത്തിൽ സ്ഥാപിക്കപ്പെട്ടപ്പോഴും തലശ്ശേരിക്കാർക്ക് അത് വലിയ മൊയിലാർക്കയുടെ മദ്രസ്സയായിരുന്നു.' വലിയ മൊയിലാർക്ക' എന്ന് ആദരപൂർവ്വം വിളിക്കപ്പെട്ടിരുന്ന അഹമ്മദ് മുസ്ല്യാർ കസ്റ്റംസ് റോഡിലെ ഒരു മാളിക മുകളിൽ നടത്തിയ മദ്രസയായിരുന്നു തഅ്ലീമുൽ അവാം എന്ന സ്ഥാപനമായി ഉയർന്നു വന്നത്. അഹമ്മദ് മുസ്ല്യാരുടെ അശ്രാന്തപരിശ്രമഫലമായി തലശ്ശേരിക്കാരായ അന്നത്തെ ഏതാനും ധർമ്മിഷ്ഠരുടെ സഹായത്തോടെയാണ് മദ്രസ്സ കെട്ടിടമുണ്ടാക്കിയത്. അഹമ്മദ് മുസ് ല്യാർ ദീർഘവീക്ഷണമുള്ള പണ്ഡിതനായിരുന്നു. ഏതാനും മണിക്കൂറുകൾ നടക്കുന്ന മദ്രസ്സയുടെ കെട്ടിടത്തിൽ ഒരു സ്കൂൾ കൂടി ആരംഭിക്കാനുള്ള പാണ്ഡിത്യ വിശാലവീക്ഷണം അദ്ദേഹത്തിനുണ്ടായി. തന്റെ സഹോദരീപുത്രന്മാരെ തന്നെ അവിടെ അദ്ധ്യാപകരായ അവരോധിക്കാൻ കാരണം സ്വജനപക്ഷപാതമായിരുന്നില്ല. തന്റെ ആശയമനുസരിച്ചുള്ള വിദ്യാഭ്യാസം നൽകാൻ പറ്റിയ ആളുകൾ തന്നെ അവിടെ ഉണ്ടായിരിക്കണമെന്ന നിർബ്ബന്ധമായിരുന്നു അതിന്റെ പിന്നിൽ. അങ്ങിനെയാണ് വലിയ മൊയിലാർക്കയുടെ മരുമകൻ (രണ്ടർത്ഥത്തിലും – സഹോദരീ

പുത്രനും, പുത്രി ഭർത്താവും) 'കാവൂക്ക' എന്ന് ജനപ്രിയ നാമത്തിലറിഞ്ഞ കാദർ മുസ്ല്യാർ മദ്രസ്സയുടെയും സ്കൂളിന്റെ പ്രധാനാദ്ധ്യാപകനാവുന്നത്. മറ്റൊരു മകനായ അസീസും സ്കൂളിൽ അദ്ധ്യാപകനായി. മമ്മു മുസ്ല്യാർ മദ്രസയിലെ അദ്ധ്യാപകനുമായിരുന്നു. 'വലിയ മൊയിലാർക്ക'യുടെയും കുടുംബത്തിന്റെയും ആദരണീയത മദ്രസ്സക്കും സ്കൂളിനും ഒരു തരത്തിലുള്ള ആത്മീയപരിവേഷം നൽകിയിരുന്നു. അതുകൊണ്ട് തദ്ദേശവാസികൾക്ക് പുറമെ തലശ്ശേരിയിലെ മറ്റു ദേശങ്ങളിലെ മുസ്ലിംകൾപോലും തങ്ങളുടെ കുട്ടികളെ 'തഅ്ലിമുൽ അവാമിൽ' പഠനത്തിനുവേണ്ടി ചേർക്കാൻ ശുഷ്കാന്തി പ്രകടിപ്പിച്ചു. 'തഅ്ലീമുൽ അവാം' പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന വേളയിൽ നാമാദ്യമായി അനുസ്മരിക്കേണ്ട വ്യക്തിത്വങ്ങൾ ഇവരായിരിക്കണം.

തഅ്ലിമുൽ അവാം സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികൾ മനസ്സിൽ കൊണ്ടുനടക്കുന്ന സ്കൂളിലെ പ്രഗത്ഭ അദ്ധ്യാപകരിൽ ചിലരാണ് അബൂബക്കർ മാസ്റ്റർ, നാരായണി ടീച്ചർ, കൃഷ്ണൻ മാസ്റ്റർ, ഉസ്മാൻ മാസ്റ്റർ, അബ്ദുല്ല മാസ്റ്റർ തുടങ്ങിയവർ. ആ കണ്ണിയുടെ ഇങ്ങേത്തലയിൽ 'കവൂക്ക'യുടെ തന്നെ മകനായ മുസ്തഫ മാസ്റ്ററും ഉൾപ്പെടുന്നു. അവരൊക്കെ സ്കൂളിന് നേടിക്കൊടുത്ത സൽപ്പേരുകൊണ്ടായിരിക്കാം, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ കൊണ്ട് പഴയ സ്കൂളുകൾ ഇല്ലാതാവുന്ന വർത്തമാനകാലത്തും തഅ്ലീമുൽ അവാം പ്രൗഢിയോടെ നിലനിൽക്കുന്നത്.

മുൻ അദ്ധ്യാപകരുടെ പട്ടികയിൽ ബോധപൂർവ്വം ഒഴിവാക്കപ്പെട്ട പേര് മമ്മുമാസ്റ്ററുടെതാണ്. പ്രത്യേക പരാമർശം അർഹിക്കുന്നതുകൊണ്ടാണത്. അദ്ധ്യാപകനും പ്രധാനാദ്ധ്യാപകനുമൊക്കെ ആയ പെരിങ്ങത്തൂർ സ്വദേശി എൻ.എ.മമ്മുമാസ്റ്റർ എൻ.എ.എം. പെരിങ്ങത്തൂർ എന്ന പേരിലാണ് മത-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെല്ലാം അറിയപ്പെട്ടിരുന്നത്. സ്കൂളിൽ അദ്ദേഹം വിദ്യാർത്ഥികളുടെ പ്രിയങ്കരനായ മമ്മുമാസ്റ്റർ മാത്രം. സ്കൂൾ സ്ഥാപകനായ വലീയ മൊയിലാർക്കയുടെ ആശയങ്ങൾക്കനുസൃതമായി സ്കൂൾ നടത്തിപ്പിന് യോഗ്യനായ ഒരു വ്യക്തിയായിരുന്നു മമ്മുമാസ്റ്റർ. പൊതുവെ രാഷ്ട്രീയക്കാരനെന്ന് പിന്നീടറിയപ്പെട്ടിരുന്നുവെങ്കിലും ആഗാധമായ മതപരമായ ജ്ഞാനമുൾകൊണ്ട വ്യക്തിത്വമായിരുന്നു മമ്മു മാസ്റ്ററുടേത്. പള്ളി, മദ്രസ്സ, സ്ഥാപനങ്ങൾ ഒരു കാലത്ത് വരുമാനമുണ്ടാക്കിയിരുന്നത് വഅള് പരമ്പരകളിലൂടെയായിരുന്നു. പുല്ലൂക്കരയും, പാറക്കടവും, കടവത്തൂരുമൊക്കെ മമ്മു മാസ്റ്റർ വഅള് പരമ്പരകൾ നടത്തിയിരുന്ന കാര്യം ഒരു പക്ഷെ അദ്ദേഹത്തിന്റെ രാഷ്ട്രീയ സഹചാരികൾ പോലും അറിഞ്ഞിരിക്കില്ല. സ്കൂൾ വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിൽ സൗമ്യവും മൃദുലവുമായ അദ്ദേഹത്തിന്റെ സമീപനം ഏറെ ഫലവത്തായിരുന്നു. മമ്മു

മാസ്റ്ററെ തലശ്ശേരിക്കാർ അവരുടെ നാട്ടുകാരനായി അംഗീകരിച്ചു. അദ്ദേഹത്തെ നഗരപിതാവായി വാഴിച്ചുകൊണ്ട് അവരുടെ ആദരവ് പ്രകടിപ്പിച്ചു. തഅ്ലീമുൽ അവാമിന്റെ ശ്രേഷ്ഠതകൾക്കുള്ള ഒരംഗീകാരം കൂടിയായിരുന്നു അത്. മറ്റു പല സ്ഥാനങ്ങളും മമ്മു മാസ്റ്ററെ തേടി വന്നിരുന്നു. സി.എച്ച് മുഹമ്മദ്കോയ വിദ്യാഭ്യാസമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നത് മമ്മു മാസ്റ്ററായിരുന്നു. നല്ലൊരു എഴുത്തുകാരൻ കൂടിയായിരുന്നു. സി.എച്ചിന്റെ ഹജ് യാത്രാ വിവരണത്തിന് ശേഷം മലയാളത്തിൽ ഹജ് യാത്രാ വിവരണമെഴുതിയത് മമ്മു മാസ്റ്ററായിരുന്നു. ഒരു പക്ഷെ മറ്റാരും അറിയാതെ അദ്ദേഹം നിർവ്വഹിച്ച ഒരു കാര്യമുണ്ടായിരുന്നു – മിടുക്കന്മാരായ, ദരിദ്രരായ വിദ്യാർത്ഥികൾക്ക് അദ്ദേഹം വ്യക്തിപരമായി നൽകി വന്ന സ്കോളർഷിപ്പ്. അർഹരായ വിദ്യാർത്ഥികളെ അദ്ദേഹം തന്നെ കണ്ടെത്തുകയും സഹായധനം എത്തിച്ചുകൊടുക്കുകയുമായിരുന്നു പതിവ്. ഇതിന് യാതൊരുവിധ പ്രസിദ്ധീകരണവും നൽകിയിരുന്നില്ല. വിദ്യാഭ്യാസകാര്യത്തിലുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതക്ക് ഇത്തരത്തിലുള്ള അനേകം ഉദാഹരണങ്ങളുണ്ട്. ഒരു ദശാസന്ധിയിൽ അദ്ദേഹത്തെ പോലുള്ള വിചക്ഷണനെ സ്കൂളിനെ നയിക്കാൻ ലഭിച്ചത് ഭാഗ്യമായി കണക്കാക്കാവുന്നത്.

തഅ്ലീമുൽ അവാമിന്റെ നടത്തിപ്പും ഭരണവും സകൗശലം നിർവ്വഹിച്ച രണ്ടു വ്യക്തികളെ കൂടി പരാമർശിക്കാതെ ഈ ലേഖനം അവസാനിപ്പിക്കാനാവില്ല. തലശ്ശേരിയിലെ മുസ്ലിംകളുടെ എല്ലാ കാര്യങ്ങളിലും ഒരു കാലത്ത് നേതൃത്വസ്ഥാനമലങ്കരിച്ച സി.കെ.പി ചെറിയ മമ്മുക്കേയി തഅ്ലീമുൽ അവാം മദ്രസ്സയുടെയും സ്കൂളിന്റെയും മാനേജിങ്ങ് കമ്മിറ്റി പ്രസിഡണ്ടായിരുന്നു. നേതൃസ്ഥാനത്ത് കേയി സാഹിബ് ഉണ്ടാകുമ്പോൾ കമ്മിറ്റിയൊക്കെ നാമമാത്രമായിരുന്നു. എല്ലാറ്റിന്റെയും ചുക്കാൻ അദ്ദേഹത്തിന്റെ കയ്യിലായിരുന്നു. അക്കാലത്ത് തലശ്ശേരിയുടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളുടെയെല്ലാം ചുക്കാൻ അദ്ദേഹത്തിന്റെ കയ്യിലായിരുന്നു.

രാഷട്രീയരംഗത്ത് കേരളമൊട്ടാകെ യശസ്സ് നിലനിന്നിരുന്നു. അധികാരത്തിലേറാൻ മോഹിക്കാതെ എന്നാൽ എല്ലാ അധികാരത്തിന്റെയും പിന്നിലെ ശക്തിയായി നിൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. തലശ്ശേരിയിലെ മിക്കവാറും പള്ളികളുടെയും, ജുമാഅത്ത് കമ്മിറ്റികളുടെയും സാംസ്കാരിക സംഘടനകളുടെയും നേതൃസ്ഥാനം വഹിച്ചിരുന്ന അദ്ദേഹം കേവലം ഔപചാരികമായി മാത്രമല്ല നേതൃസ്ഥാനത്തുണ്ടായിരുന്നതെന്ന് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അടുത്തറിഞ്ഞ് വിശകലനം ചെയ്യുന്ന ആർക്കും മനസ്സിലാവുന്നതായിരുന്നു. തലശ്ശേരിയിലെ മുസ്ലിംകളുടെ ശക്തി സ്രോതസ്സായിരുന്ന കേയി സാഹിബ് തഅ്ലീമുൽ അവാമിന്റെ ഭരണം കയ്യാളിയിരുന്നത് കൊണ്ടുള്ള

ഗുണങ്ങൾ ഏറെയായിരുന്നു.

സി.കെ.പി ചെറിയ മമ്മുകേയിയുടെ വിശ്വസ്തരായ ടീമംഗങ്ങളിലെ സുപ്രധാന വ്യക്തിയായിരുന്നു പി.കെ.ഉമ്മർ കുട്ടി. 'പദ്ധതി വിദഗ്ധൻ' എന്ന് പ്രശസ്തി നേടിയ പി.കെ. യായിരുന്നു ഏറെക്കാലം തഅ്ലവീമുൽ അവാം സ്കൂളിന്റെ മാനേജർ പദവി അലങ്കരിച്ചതെന്നതും സ്കൂളിന്റെ ഭാഗ്യങ്ങ ളിലൊന്നായിരുന്നു. ഏറെക്കാലം തലശ്ശേരിയുടെ സാമൂഹിക രാഷ്ട്രീയരംഗത്തും ജനസേവനത്തിലും തിളങ്ങി നിന്ന വ്യക്തി ത്വമായിരുന്നു പി.കെയുടേത്. ഊർജ്ജസ്വലത അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു. ആറ് വർഷത്തോളം തലശ്ശേരിയുടെ നഗരപിതാവായിരുന്നു പി.കെ. തലശ്ശേരി നഗരവികസനത്തിന് നൽകിയ സംഭാവനകൾ ഏറെ പ്രകീർത്തിപ്പെട്ടിരുന്നു. യോഗ്യ രായ അദ്ധ്യാപികാദ്ധ്യാപകരെ കണ്ടെത്താനും നിയമിക്കാനും, വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനുമൊക്കെ അദ്ദേഹം കാണിച്ച ശുഷ്കാന്തി ഏറെ ശ്ലാഘനീയമായിരുന്നു. സ്കൂൾ വികസനത്തിന്റെ സുവർണദശയായിരുന്നു അദ്ദേഹം മാനേജ റായിരുന്ന കാലം.

ആത്മാർത്ഥതയും പ്രതിബദ്ധതയുമുള്ള അദ്ധ്യാപകരാണ് ഇന്നും തഅ്ലീമുൽ അവാമിന്റെ തിലകക്കുറികളായി വിരാജി ക്കുന്നത്. ഭരണത്തിന്റെയും നിർവ്വഹണത്തിന്റെയും ദീപശിഖ അർഹ മായ കൈകളിലാണ് എത്തിച്ചേർന്നിരിക്കുന്നതെന്നതും സ്കൂ ളിന്റെ ഭാഗ്യകടാക്ഷങ്ങളാണ്. സി.മഹമ്മൂദ് ഹാജി കേയിസാ ഹിബിന്റെ വിശ്വസ്തനായ സന്തത സഹചാരികളിലൊരാളാ യിരുന്നുവെന്നതും അഡ്വ.പി.വി.സൈനുദ്ദീൻ കേയി സാഹി ബിന്റെ സ്വഭാവ വൈശിഷ്ഠ്യങ്ങൾ പാരമ്പര്യമായി ലഭിച്ച അദ്ദേ ഹത്തിന്റെ ദ്വിതീയ പുത്രനാണെന്നതും സ്കൂളിന്റെ പാരമ്പര്യവും മൂല്യങ്ങളും കാത്തുസൂക്ഷിക്കപ്പെടുമെന്നതിന്റെ സാക്ഷ്യപത്ര ങ്ങളാണ് ●

# 78

# പാവങ്ങളുടെ പി.കെ

ഏറെ വർഷങ്ങൾ മുൻസിപ്പൽ കൗൺസലറും, ആറ് വർഷം മുനിസിപ്പൽ ചെയർമാനുമായ പി.കെ.ഉമ്മർകുട്ടി പാവങ്ങളുടെ പി.കെ ആയിരുന്നു. വായിൽ വെള്ളിക്കരണ്ടിയുമായല്ല ജനിച്ചതെങ്കിലും പിതാവിന്റെ സാമാന്യം തരക്കേടില്ലാത്ത കച്ചവടത്തിലൂടെ വലിയ അല്ലലും അലട്ടും ഇല്ലാതെ ജനിച്ചു വളർന്ന ആളാണ്. സാമാന്യം കാര്യബോധവും വകതിരിവും വന്ന് തുടങ്ങിയ കാലം മുതലേ വിഷമിക്കുന്നവരെ സഹായിക്കുകയെന്ന ചിന്താഗതി ഉമ്മർകുട്ടി സാഹിബിൽ വളർന്നുവന്നു.

'തലായി യംഗ്മെന്റസ് മുസ്‌ലിം ലീഗ്' എന്ന പ്രാദേശിക സംഘടനയുടെ പ്രവർത്തകകേന്ദ്രം സൈദാർ പള്ളിക്കടുത്തുള്ള മാളികമുകളിലേക്ക് മാറിയതോടെ ഉമ്മർകുട്ടി സാഹിബും അതിന്റെ സജീവപ്രവർത്തകരിൽ ഒരാളായിരുന്നു. പി.കെയുടെ നിർദ്ദേശമനുസരിച്ച് സംഘത്തിന്റെ കീഴിൽ ഒരു സാധുസംരക്ഷണ ഫണ്ട് രൂപം കൊണ്ടു. അതിന്റെ തലപ്പത്ത് പി.കെ. ആയിരുന്നു. വർഷംപ്രതി ഓലമേഞ്ഞ് വീട് സംരക്ഷിക്കേണ്ടുന്ന പാവപ്പെട്ടവരുടെ വീടുകൾ ഓലമാറ്റി ഓടാക്കിക്കൊടുക്കുക, സാമ്പത്തിക പരാധീനത കാരണം ചെറിയ വീട് പണി പൂർത്തിയാക്കാൻ കഴിയാത്ത പാവങ്ങളെ പരമാവധി സഹായിക്കുക, വിവാഹപ്രായമെത്തിയ നിർധനരായ പെൺകുട്ടികളുടെ വിവാഹകാര്യത്തിൽ കഴിവനുസരിച്ച് സഹായം നൽകുക മുതലായവരായിരുന്നു ഫണ്ടിന്റെ പ്രവർത്തനങ്ങൾ.

കാലവർഷം തുടങ്ങുന്നതോടെ വീട് ഓല പൊതിയാൻ വിഷമിക്കുന്ന പാവപ്പെട്ട കുടുംബങ്ങളെ സഹായിക്കുകയെന്നതിനാണ് പ്രഥമപരിഗണന നൽകിയത്. കട്ടപ്പുരയുടെ നാല്

മൂലകൾ മാത്രം കുത്തിമാറ്റി കല്ല് ഘടിപ്പിച്ച് ബലപ്പെടുത്തി ഓല മാറ്റി ഓട് ഇട്ട് കൊടുക്കുകയെന്നത് ഉമ്മർകുട്ടി സാഹിബിന്റെ ബുദ്ധിയിൽ ഉടലെടുത്ത ആശയമായിരുന്നു. സൈദാർപള്ളി ദേശത്തും പരിസരത്തും കുറേയേറെ വീടുകൾ ഈ പരിപാടി പ്രകാരം ഓടാക്കി കൊടുക്കുകയുണ്ടായി. ഒരു വീട്ടിനുള്ള ഏകദേശ ചെലവ് കണക്കുകൂട്ടി എന്തെങ്കിലും ഒരു വിഹിതം ആകുമെങ്കിൽ കക്ഷിയിൽ നിന്ന് ശേഖരിക്കുകയും ബാക്കി "ഫണ്ട്" മുഖേന ചെലവഴിക്കുകയുമാണ് ചെയ്തിരുന്നത്. നാട്ടിലും ഇന്ത്യയിലെ പ്രധാനപട്ടണങ്ങളിലും ഉള്ള ഈ നാട്ടുകാരായ കച്ചവടക്കാർക്ക് എഴുത്തുകൾ അയച്ചും ചിലപ്പോൾ പെരുന്നാളിനും മറ്റും പാട്ടുകച്ചേരികൾ സംഘടിപ്പിച്ചുമാണ് ഫണ്ട് ശേഖരിച്ചിരുന്നത്. അത്തരം പരിപാടി കഴിഞ്ഞാൽ മുനിസിപ്പൽ അധികൃതരിൽ നിന്ന് വിനോദനികുതി ഒഴിവാക്കി കിട്ടാൻ കണക്ക് ശരിപ്പെടുത്താനായി ദിവസങ്ങളോളം മെനക്കെടാറുണ്ടായിരുന്നു.

ഒരു വീടിന്റെ പണി തുടങ്ങിയാൽ ദിവസത്തിൽ ചുരുങ്ങിയത് ഒരിക്കലെങ്കിലും പി.കെ.വീട് സന്ദർശിക്കുകയും ബന്ധപ്പെട്ട പണിക്കാരുമായി, ഈ പ്രവൃത്തിയിൽ താൻ വളരെ വിദഗ്ധനാണ് എന്ന് അവർക്ക് തോന്നിക്കത്തക്കവണ്ണം, അവരുമായി സംസാരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുമായിരുന്നു. ചിലപ്പോൾ ഫണ്ടിന്റെ അഭാവവും ദൗർലഭ്യവും കാരണം നിശ്ചിത അവധിക്ക് പണി പൂർത്തിയാവാതെ വരുമ്പോൾ കക്ഷികളിൽ നിന്ന് ആക്ഷേപം കേൾക്കേണ്ടതായും വന്നിട്ടുണ്ട്. അതിൽ മുഖ്യപങ്കാളി എന്ന നിലക്ക് ഉമ്മർകുട്ടി സാഹിബാണ് കൂടുതൽ ശരവ്യനായത്.

എന്തിനെപ്പറ്റിയും സഹപ്രവർത്തകരിൽ നിന്ന് പലപ്പോഴും ഭിന്നമായി പി.കെക്ക് പ്രത്യേകം അഭിപ്രായങ്ങൾ ഉണ്ടാകാറുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പ്രായോഗികമാകുമോ എന്ന് സംശയം ഉണ്ടായപ്പോഴും തന്റെ അഭിപ്രായത്തിൽ അദ്ദേഹം ഉറച്ച് നിൽക്കുകയും അത് എങ്ങിനെയെങ്കിലും വിജയിപ്പിക്കുന്നതിൽ അദ്ദേഹം തീവ്രയത്നം നടത്തുകയും ചെയ്തിരുന്നു. ആശയങ്ങൾ അടിച്ചേൽപ്പിക്കുകയല്ല അവ പ്രാവർത്തികമാക്കുന്നതിൽ പരമാവധി പരിശ്രമിക്കുക, അതായിരുന്നു 'പി.കെ.' യുടെ ശൈലി.●

79

# ഓർമകളിൽ പ്രകാശമായ് പൂക്ക

വ്യക്തിപരമായ താൽപര്യങ്ങൾ ഉപേക്ഷിച്ച് പൊതുതാൽപര്യങ്ങൾക്ക് മുൻഗണന നൽകുന്നവരുടെ എണ്ണം ചുരുങ്ങിവരുന്ന ഇക്കാലത്ത് പ്രതിബദ്ധതക്കും ആത്മാർത്ഥതക്കും അർത്ഥം നഷ്ടപ്പെട്ടില്ലെന്നു തെളിയിക്കുന്ന രീതിയിൽ ജീവിതം നയിച്ച വ്യക്തിയായിരുന്നു പി.എ.അബ്ദു റഹിമാൻ. കുബുദ്ധിയും കുറുക്കുവഴികളും സ്വീകരിക്കാതെ സേവനം ജീവിതവ്രതമാക്കിയ ആളായിരുന്നു അദ്ദേഹം. തലശ്ശേരിക്കാരുടെ പ്രിയപ്പെട്ടവനായ അദ്ദേഹം അവരുടെ പൂക്കയായിരുന്നു. സൗമ്യഭാവവും സംസ്കൃതവുമായ പെരുമാറ്റവും വഴി അനേകം ദേശക്കാരുടെ സ്നേഹാദരവുകൾ കൂടി അദ്ദേഹം നേടിയെടുത്തു.

അധികാര രാഷ്ട്രീയത്തിന്റെയും തീവ്രവാദത്തിന്റെയും മലീമസമായ വാക്കുകൾ വിട്ട് സേവനത്തിന്റെയും പരസ്പര സഹകരണത്തിന്റെയും സൗഹൃദത്തിന്റെയും മൈത്രിയുടെയും വിശാലപാതയിലൂടെ മുന്നേറാൻ പൂക്ക പ്രചോദനം നൽകി. സംസ്കാരത്തിന്റെയും സാക്ഷരതയുടെയും പൈതൃകത്തിന്റെയും ആദർശത്തിന്റെയും പ്രകാശഗോപുരമായിരുന്ന ഒരു പട്ടണത്തിൽ വെളിച്ചം കൂടുതൽ വെളിച്ചം എന്ന നിയന്ത്രണത്തോടെയായിരുന്നു പി.എ.അബ്ദു റഹ്മാൻ എന്ന പൂക്ക പൊതുപ്രവർത്തന നടത്തിയത്. മുസ്ലിം വിദ്യാർത്ഥി ഫെഡറേഷനിലൂടെ രൂപപ്പെടുത്തിയെടുത്ത സംഘടനാപാടവം വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ പൂക്ക പ്രയോജനപ്പെടുത്തി. സീതിസാഹിബിന്റെ കരലാളനയേറ്റു വളർന്ന മദ്രസത്തുൽ മുബാറക്ക് ഹൈസ്കൂളിന്റെ പുരോഗതി മുതൽ അനാഥമക്കളുടെ ആശാകേ

ന്ദ്രമായ മദ്രസാ ദാറുസ്സലാം യത്തിം ഖാനയുടെ വളർച്ചവരെ പൂക്കയുടെ വിയർപ്പിന്റെ ഗന്ധമുണ്ട്. കരുണയുടെയും സ്നേഹത്തിന്റെയും അഭയമന്ദിരത്തിൽ കാൽനൂറ്റാണ്ടിലേറെക്കാലം സഹവസിച്ച പൂക്ക വിസ്മരിക്കാനാവാത്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. പുതിയ പ്രസിദ്ധീകരണം വന്നാൽ പുസ്തകം പ്രകാശനം ചെയ്താൽ അത് യത്തീം ഖാനയിലെ മക്കൾക്ക് കിട്ടാനാവും പൂക്കയുടെ പ്രഥമ ശ്രമം. അറിവിന്റെ അമൃതധാര പകരുകയെന്ന ഉദാത്തമായ നിയോഗമാണ് പൂക്ക ഏറ്റെടുത്തത്.

കലാപങ്ങളും സംഘർഷങ്ങളും പട്ടണത്തെ ഗ്രസിച്ചപ്പോഴും അനിശ്ചിതത്വത്തിന്റെയും പ്രതിസന്ധിയുടെയും അപകടമുഹൂർത്തങ്ങൾ വന്നപ്പോഴും മുള്ളുവേലികളിട്ട് അതിരുകളുണ്ടാക്കാനല്ല, ശത്രുതയുടെ മതിലുകൾ പൊളിച്ചുകളയാനാണ് പൂക്ക രംഗത്തിറങ്ങിയത്. ശത്രുസമാനമായ പെരുമാറ്റമോ നിഷേധാത്മതമായ സമീപനമോ ഒരു കാര്യത്തിലും അദ്ദേഹം കാണിച്ചില്ല. ലളിതവും വിശുദ്ധവുമായിരുന്നു ആ ജീവിതരീതി. അഴിയൂരിലെ ആരാമം ഒരു റഫറൻസ് ലൈബ്രറിയാക്കി മാറ്റാനായിരുന്നു പൂക്കയുടെ അവസാനശ്രമം.

അജയ്യമായ ഒരു സത്യം! തലമുറകൾക്ക പൂക്ക പകർന്നു നൽകി. എത്രയോ മഹത്തുക്കളുടെ ജീവിതം വർണ്ണോജ്വലമാക്കിയത് വായനയാണെന്ന സത്യം. ഇസ്ലാമിക സെമിനാറുകളിലും ചർച്ചയോഗങ്ങളിലും പൂക്ക സജീവ സാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയനായി.

വർഷങ്ങൾക്ക് മുമ്പ് യാസീൻ പരിഭാഷയും നമസ്കാര ക്രമങ്ങളും സൗജന്യമായി വൈക്കം മുഹമ്മദ് ബഷീറിനയച്ചു കൊടുത്തപ്പോൾ പൂക്കാക്കയച്ച മറുപടി അദ്ദേഹം ഫോട്ടോസ്റ്റാറ്റെടുത്ത് പലർക്കും നൽകി. വീട്ടിലെ കുട്ടികളും അയൽവാസികളും നിസ്കാരം പഠിച്ച് യാസീൻ ഓതിക്കഴിയുകയാണെന്ന ആ മറുപടി മരണം വരെ ഒരു സ്മരണയ്ക്കായി പൂക്ക സൂക്ഷിച്ചു.●

# 80

# "ഞാള് തലശ്ശേരിയാ"

മറുനാടുകളിലെ തലശ്ശേരിക്കാരെ അവരുടെ സംസാര രീതികൊണ്ട് തിരിച്ചറിയാൻ കഴിയുമെന്ന് കരുതപ്പെടുന്നുണ്ട്. 'ഓനും' 'ഓളും' 'ഞാളു'മൊക്കെ തലശ്ശേരിക്കാരുടെ മാത്രം വിശേഷതയല്ല. പൊതുവായ വടക്കൻ മലബാറിന്റെ ശൈലി വിശേഷമാണ്. തലശ്ശേരി നഗരത്തിൽ പെടാത്തവർ പോലും 'ഞാള് തലശ്ശേരിയാ' എന്നായിരുന്നു പരിചയപ്പെടുത്തുന്നത്. തലശ്ശേരി റയിൽവേസ്റ്റേഷൻ വഴിയാണല്ലോ ഇവർ മറുനാടുകളിൽ എത്തിച്ചേരുന്നത്. പഴയ കോട്ടയം താലൂക്ക് ഇന്ന് തലശ്ശേരി താലൂക്കാണല്ലോ. അപ്പോൾ അവർക്കൊക്കെ തലശ്ശേരിക്കാരാണെന്ന് കരുതാൻ അവകാശമുണ്ടല്ലോ. പഴയ കോട്ടയം താലൂക്കുകാർ മാത്രമല്ല, പഴയചിറക്കൽ താലൂക്കിലുള്ളവരും പല കാരണത്താലും തലശ്ശേരിക്കാരായി തങ്ങളെ പരിചയപ്പെടുത്താറുണ്ട്. ഏതാനും മാസങ്ങൾക്ക് മുമ്പ് ബൊക്കാറോ ടാറ്റാ സിറ്റി എക്സ്പ്രസിലെ യാത്രാവേളയിൽ മൂന്ന് പേരെ പരിചയപ്പെടാനായി. സാധാരണയായി എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലുള്ളവരാണ് പ്രസ്തുത എക്സ്പ്രസിലെ അധിക യാത്രക്കാരും. ഈ മൂന്ന് പേരുടെ സംസാരശൈലി കേട്ടപ്പോഴേ അവർ കണ്ണൂർ ജില്ലക്കാരായിരിക്കാനാണ് സാധ്യതയെന്ന് മനസ്സിൽ കരുതി. അന്വേഷിച്ചപ്പോൾ "ഞാള് തലശ്ശേരിയാ" എന്നായിരുന്നു ഉത്തരം. തലശ്ശേരിയിൽ എവിടെ എന്നുവീണ്ടും അന്വേഷിച്ചപ്പോഴാണ്

തലശ്ശേരിയിൽ അല്ല പിണറായിയിൽ ആണെന്ന് പറഞ്ഞത്. പിണറായിയിൽ തന്നെ പാറപ്രത്ത്. പിണറായി എന്നത് പെട്ടെന്ന് മനസ്സിലാകുമല്ലോ. കാരണം ഇപ്പോൾ പിണറായി പറഞ്ഞാൽ മാർക്സിസ്റ്റുപാർട്ടിയുടെ സെക്രട്ടറി വിജയനെയാണല്ലോ സൂചിപ്പിക്കുന്നത്. 1960കളുടെ മധ്യത്തിൽ ഈ ലേഖകൻ ബ്രണ്ണൻ കോളെജിൽ വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ വിജയൻ സജീവമായി വിദ്യാർഥി രാഷ്ട്രീയത്തിലുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ചറിയുന്നവർക്ക് പാറപ്രവും അപരിചിതമായിരിക്കുകയില്ല. വടക്കൻ മലബാറിൽ കമ്മ്യൂണിസത്തിന്റെ ഈറ്റില്ലമായിരുന്നുവല്ലോ പാറപ്രം. പിണറായിയെ കുറിച്ച് പറയുമ്പോൾ പഴയ തലമുറയ്ക്ക് അവിടത്തെ വിശാലമായ പാടങ്ങളെയായിരുന്നു ഓർക്കാനുണ്ടായിരുന്നത്. ആ വയലുകളൊക്കെ എന്നോ ചുരുങ്ങിപ്പോയിരിക്കുന്നു. മനുഷ്യരുടെ മനസ്സുകൾ പോലെ.

പെരളശ്ശേരിക്കാരും തലശ്ശേരിയുമായി അഭേദ്യ ബന്ധം പുലർത്തിയവരായിരുന്നു. കല്ല്യാട്ടേയും കൂടാളിയിലേയും അനന്തരവന്മാരുടെ വിദ്യാഭ്യാസം തലശ്ശേരിയിലായിരുന്നു, അവരുടെ പ്രവർത്തന രംഗങ്ങളും. സഖാവ് എ കെ ജി എന്ന പേരിൽ വിശ്വപ്രസിദ്ധനായ കമ്മ്യൂണിസ്റ്റ് നേതാവ് പെരളശ്ശേരിക്കാരനായിരുന്നെങ്കിലും കലാലയ വിദ്യാഭ്യാസം നിർവ്വഹിച്ചതും ആദ്യകാല രാഷ്ട്രീയ പ്രവർത്തനം നടത്തിയതും തലശ്ശേരിയിൽ വെച്ചായതുകൊണ്ട് അദ്ദേഹവും തലശ്ശേരിക്ക് അവകാശപ്പെട്ട വ്യക്തി തന്നെയാണ്.

പെരളശ്ശേരിക്കാരനായ പ്രഗത്ഭ വക്കീൽ കെ ടി ചന്തുനമ്പ്യാർ താമസിച്ചത് തലശ്ശേരിയിലെ ചേറ്റംകുന്നിലായിരുന്നു. വക്കീൽ രംഗത്തെ പ്രാഗത്ഭ്യങ്ങൾ തെളിയിച്ചതെല്ലാം തലശ്ശേരി കോടതിയിലുമായിരുന്നു. മട്ടന്നൂരിലെ മധുസൂദനൻ തങ്ങൾ വിരാചിച്ചിരുന്നത് തലശ്ശേരിയിലെ തിരുവങ്ങാട്ടായിരുന്നു. തലശ്ശേരിയുടെ പ്രാന്തപ്രദേശത്തുകാരനായ വി ആർ നായനാരും പ്രഗത്ഭരായ തലശ്ശേരിക്കാരുടെ പട്ടികയിൽ സ്ഥലം പിടിക്കുന്നു. അതുപോലെതന്നെ സർദാർ ചന്ദ്രോത്തും.

തലശ്ശേരി ഒരു നഗരമായി വികസിച്ചപ്പോൾ പഴയ കോട്ടയം താലൂക്കിലെ ഗ്രാമങ്ങളെല്ലാം തലശ്ശേരിയുമായി ബന്ധപ്പെടാൻ ആരംഭിച്ചു. തലശ്ശേരിയിൽ റയിൽവേ സ്റ്റേഷൻ വന്നതോടു കൂടി അവരുടെ യാത്രയും ഇതുവഴിയായി. ഇന്നും വടക്കേ മലബാറിൽ ഏറ്റവുമധികം റയിൽവേ യാത്രക്കാരുള്ള സ്റ്റേഷനാണ് തലശ്ശേരി. കതിരൂർ, പൊന്ന്യം, പാനൂർ, കോട്ടയം, കൂത്തുപറമ്പ്, ചാവശ്ശേരി,

കൊട്ടിയൂർ, ഇരിട്ടി, മട്ടന്നൂര്, പഴശ്ശി, മെരുവെമ്പായി, മണത്തണ, കണ്ണവം, തലായി, പുന്നോൽ തുടങ്ങിയ പഴയ കോട്ടയം താലൂക്കിലെ ഗ്രാമങ്ങളെല്ലാം തലശ്ശേരിയുമായി ബന്ധപ്പെട്ടവയാണ്. അതുപോലെ തന്നെ പഴയ കുറുമ്പ്രനാട്ടിലെ മയ്യഴി, നാദാപുരം, ചൊക്ലി, ചോമ്പാൽ, കുറ്റ്യാടി, പെരിങ്ങത്തൂർ, കടവത്തൂർ എന്നീ ഗ്രാമങ്ങളും തലശ്ശേരിയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടന്നിരുന്നു. അവരുടെ ഉത്പന്നങ്ങളെല്ലാം തലശ്ശേരിയിൽ കൊണ്ടുവന്നായിരുന്നു വ്യാപാരം ചെയ്തിരുന്നത്. മറുനാടുകളിൽ പോയാൽ ഇവരൊക്കെ തലശ്ശേരിക്കാരായാണ് പരിചയപ്പെടുത്തുക. അങ്ങനെ വൈവിധ്യമുള്ള തലശ്ശേരിക്കാർ തലശ്ശേരിയുടെ ഒരു സവിശേഷത തന്നെയാണ്.

തലശ്ശേരിയുടെ പ്രാന്തപ്രദേശങ്ങളിൽ നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ ദുഷ്പേരും തലശ്ശേരി തന്നെയാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിലുള്ള ലേഖകന്റെ സുഹൃത്തുക്കൾ തലശ്ശേരിയെ മേൽക്കാരണംകൊണ്ട് ഭയപ്പെടുന്നവരായിരുന്നു. എന്നാൽ എന്റെ ഉറപ്പിൽ തലശ്ശേരിയിലും പ്രാന്തപ്രദേശങ്ങളിലും സന്ദർശിച്ച സുഹൃത്തുക്കൾ ഇത്രയും സുന്ദരവും ശാന്തവുമായ പ്രദേശത്താണോ കൊലപാതകങ്ങൾ അരങ്ങേറുന്നതെന്ന് അതിശയിക്കുകയുണ്ടായി. അതാണ് തലശ്ശേരിയുടെ എന്നത്തേയും സവിശേഷത, വൈരുദ്ധ്യവും.

തലശ്ശേരിയുടെ മണ്ണിൽ വ്യാപാരം ചെയ്യാനും താമസിക്കാനും വന്ന വിദേശികളേയും പരദേശികളേയുമൊക്കെ സ്വന്തം പുത്രന്മാരായി കരുതാനുള്ള ഹൃദയ വിശാലത തലശ്ശേരിക്കെന്നുമുണ്ട്. അതുകൊണ്ടുതന്നെ പുറത്തുനിന്നു വരുന്നവരൊക്കെ തലശ്ശേരിക്കാരായി ഇവിടെ സ്ഥിരതാമസമാക്കുകയാണ് പതിവ് ●